# മതം
# ശാസ്ത്രം
# മനുഷ്യരാശിയുടെ ഭാവി

(Malayalam)

**Matham Sasthram Manushyarashiyude Bhaavi**
**(Sampoorna Malayala Rajanakal Vol. 3)**

**Dr. Paulos Mar Gregorios**

Compiled and Published by Joice Thottackad on behalf of Gregory of India Study Centre for the glory of God and for the benefit of humankind.

First Edition: November 24, 2014

Distributors: **Sophia Books**, Thirunakkara, Kottayam Mob: 99471 20697

Typesetting & Printing : Sophia Print House, Kottayam

**Rs. 200/-**

സമ്പൂർണ്ണ മലയാള രചനകൾ: വാല്യം 3

# മതം
# ശാസ്ത്രം
# മനുഷ്യരാശിയുടെ ഭാവി

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

SOPHIA BOOKS

സോഫിയാ ബുക്സ്
കോട്ടയം

## ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

ലോകപ്രശസ്ത വേദശാസ്ത്രജ്ഞനും, ദാർശനികനും, ചിന്തകനും, ഗ്രന്ഥകാരനും. 1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവ്: പൈലി, മാതാവ്: ഏലി. 1937-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അതുകഴിഞ്ഞ് പത്രലേഖകൻ (1937-'42), ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, പി. ആൻഡ് ടി. വകുപ്പിൽ ഗുമസ്തനും പോസ്റ്റ്മാസ്റ്ററും (1942-'47). അക്കാലത്ത് പി. ആൻഡ് ടി. യൂണിയൻ തിരുവിതാംകൂർ - കൊച്ചി അസ്സോസിയേറ്റ് സെക്രട്ടറി. പിന്നീട് എത്യോപ്യയിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകൻ (1947-'50). അമേരിക്കൻ സർവ്വകലാശാലകളിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടി (1950-'54). ആലുവാ ഫെലോഷിപ്പ് ഹൗസ് ബർസാർ ആയി പ്രവർത്തിച്ചു (1954-'56). എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപദേശകനും (1956-'59). 1959 ജനുവരിയിൽ ശെമ്മാശനായി. യേൽ സർവ്വകലാശാലയിലും ഓക്സ്ഫഡിലും ഉപരിപഠനം നടത്തി (1959-'61). 1961-ൽ വൈദികനായി. ക്രൈസ്തവസഭകളുടെ അഖിലലോക കൗൺസിലിന്റെ (W.C.C.) അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു (1962-'67). സോവിയറ്റ് യൂണിയനിലേക്കു പോയ W.C.C.യുടെ ഡെലിഗേഷന്റെയും (1962), യുനെസ്കോ ഡെലിഗേഷന്റെയും (1967) നേതാവ്. 1967 മുതൽ 1996 വരെ ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പൽ. 1975-ൽ മെത്രാപ്പോലീത്തായായി. 1976 മുതൽ 1996 വരെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ. ക്രൈസ്തവസഭകളുടെ ലോകകൗൺസിൽ (W.C.C.) പ്രസിഡന്റുമാരിലൊരാളായി പ്രവർത്തിച്ചു (1983-'91). ലോകസമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവുമായി ആഗോളതലത്തിൽ സഞ്ചരിച്ചു. ഒട്ടധികം അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഓട്ടോ നുഷ്കെ പ്രൈസ് ഫോർ ദി പീസ് (ജർമ്മനി) തുടങ്ങി ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി ഓഫ് നിസ്സായെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് 1975-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. കൂടാതെ റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്. ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക്മാൻ, ഹ്യൂമൻ പ്രസൻസ്, എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, എ ലൈറ്റ് റ്റൂ ബ്രൈറ്റ്, എ ഹ്യൂമൻ ഗോഡ് തുടങ്ങി 31 ഇംഗ്ലീഷ് ഗ്രന്ഥങ്ങളും 16 മലയാളഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള പ്രബന്ധങ്ങൾ അറുനൂറോളമുണ്ട്. 1996 നവംബർ 24-നു കാലം ചെയ്തു. കോട്ടയം ഓർത്തഡോക്സ് സെമിനാരി ചാപ്പലിൽ അന്ത്യവിശ്രമംകൊള്ളുന്നു.



# ഉള്ളടക്കം

## ഭാഗം 1 സഭ, വിശ്വാസം, വേദശാസ്ത്രം


1. ക്രിസ്തീയ ആരാധന 10
2. കൂദാശകൾ 22
3. ശിശുസ്നാനം ദൈവഹിതമോ? 28
4. പരിശുദ്ധാത്മദാനങ്ങളും വിടുതൽ പ്രസ്ഥാനങ്ങളും 35
5. തിരുശേഷിപ്പുകൾ: ആദിമസഭയുടെ ദർശനം 48
6. നിശബ്ദതാ സന്യാസപ്രസ്ഥാനം 50
7. എങ്ങിനെ പ്രാർത്ഥിക്കണം? 57
8. പാപമോചന പ്രക്രിയ 61
9. പൗരസ്ത്യ ക്രിസ്തീയാരാധനക്രമങ്ങൾ; ഒരു താരതമ്യ പഠനം 63
10. റോമാസഭ കാതോലിക വിശ്വാസത്തോട് കൂട്ടിച്ചേർത്തിട്ടുള്ള സംഗതികൾ 69


## ഭാഗം 2 വേദപുസ്തകപരം


1. വി. വേദപുസ്തകം 74
2. എഫേസ്യർക്ക് എഴുതിയ ലേഖനം 82
3. വചനസംഗ്രഹം 111
4. സങ്കീർത്തനപ്പുസ്തകം ഒരു ലഘു മുഖവുര 118
5. വെളിപാടു പുസ്തകം കാനോനികമാണോ? 122
6. മാർത്തോമ്മാ എഴുതിയ സുവിശേഷം 130


## ഭാഗം 3 മലങ്കരസഭ: ചരിത്രവും ജീവിതവും


1. മൈലപ്ര മാത്യൂസ് റമ്പാൻ 136
2. സഭയും സമാധാനവും; സമാധാനത്തെപ്പറ്റി ചില ചിന്തകൾ 140
3. സുപ്രീംകോടതിവിധിയും സഭാ സമാധാന സാധ്യതകളും 145
4. ഭാരതീയമായ ഒരു സഭ 155
5. കാതോലിക്കാസ്ഥാനം: ചില വസ്തുതകൾ 158
6. കാതോലിക്കേറ്റ്: സപ്തതി ആഘോഷം 163
7. അന്ത്യോഖ്യാ-മലങ്കരബന്ധം; ചില ചരിത്ര വസ്തുതകൾ 168
8. മുളന്തുരുത്തി സുന്നഹദോസ് 174
9. ഡൽഹിയിലെ ഓർത്തഡോക്സ് പള്ളി 184
10. വിജ്ഞാനകോശം: ആമുഖം 187
11. ഭാരതീയ ക്രൈസ്തവസഭ അപകടത്തിലാകുമോ? 189
12. വൈദികസെമിനാരി സഭയുടെ ജീവനാഡി 192
13. വൈദികരുടെ വേതനം 193

**ഭാഗം 4 എക്യുമെനിസം**


1. എക്യുമെനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ 196
2. എക്യുമെനിക്കൽ പ്രസ്ഥാനവും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും: ഒരു വിലയിരുത്തൽ 201
3. ലോകസഭാ കൗൺസിൽ: പരിമിതികളും പ്രതീക്ഷകളും 206
4. എത്യോപ്യയിലെ ക്രൈസ്തവസഭ 211
5. ബൈസന്റീൻ ആകമാന സുന്നഹദോസ് 220
6. ക്രിസ്മസ് ശാന്തിയുടെ ഉത്സവം 222
7. ഇന്നത്തെ ചിന്താവിഷയത്തിന് ഒരു ആശംസ 225
8. ആ മറഞ്ഞുപോയ പുഞ്ചിരി: ജോൺ പോൾ ഒന്നാമൻ മാർപാപ്പാ ഒരനുസ്മരണം 227


**ഭാഗം 5 ശാസ്ത്രം ദർശനം സാഹിത്യം സമാധാനം**


1. മതമോ ശാസ്ത്രമോ കൂടുതൽ വിശ്വസനീയം? 232
2. ജീവപ്രഭയുടെ ഛായാചിത്രം 236
3. ഹൃദയത്തിൽ നിന്ന് 239
4. നാം എങ്ങോട്ട് 243
5. ഭാരതവർഷവും യൂറോപ്യൻ പ്രബോധോദയവും 251
6. ഗർഭഛിദ്രം സാധൂകരിക്കാമോ? 261
7. അശ്ലീലത്തിനും മതാധിക്ഷേപത്തിനും സാഹിത്യത്തിൽ പരിധിയോ? 265
8. നിരായുധീകരണം സാധ്യമോ? 269
9. മോസ്കോയിൽ ഒരു സമാധാന സമ്മേളനം 275
10. ബാക്ടീരിയയ്ക്കും പേറ്റന്റ് 277
11. സാഹിത്യവും സാമൂഹ്യ മൂല്യങ്ങളും 280


**ഭാഗം 6 പ്രഭാഷണങ്ങൾ**


1. നല്ല ഇടയൻ 284
2. നല്ല ഇടയന്റെ മൂന്നു ഗുണങ്ങൾ 289
3. നമ്മുടെ കാതുകളെ തുറക്കുക 291
4. കുരിശിന്റെ വഴി 295
4. പൗരസ്ത്യ പാരമ്പര്യം ഉയർത്തിക്കൊണ്ടുവരിക 299
5. പത്മഭൂഷൻ കെ. എം. ചെറിയാൻ 304
6. നാഗരികതയും പാശ്ചാത്യ പ്രബുദ്ധതയും 308
7. കെ. പി. എസ്. മേനോന് ആദരാഞ്ജലി 312
8. ഭഗവത്ഗീതയും ഭീകരമനുഷ്യനും 314


**ഭാഗം 7 അഭിമുഖം**


1. ക്രിസ്ത്യാനികൾ ക്രിസ്തുവിൽ നിന്ന് അകലുന്നു 317



## ഭാഗം 1

# സഭ, വിശ്വാസം, വേദശാസ്ത്രം

# 1

# ക്രിസ്തീയ ആരാധന

ക്രിസ്തീയാരാധന മൂന്നു വിധത്തിലാവാം. ഒന്നാമത് ഒരു സ്ഥലത്തുള്ള സഭ മുഴുവൻ ഒരുമിച്ചുകൂടി കുർബ്ബാനയാകുന്ന സ്തോത്രബലിയർപ്പിക്കുന്ന പരസ്യാരാധന; രണ്ടാമത് സന്യാസമഠങ്ങളിലും കുടുംബങ്ങളിലും മറ്റും നടക്കുന്ന പൊതു പ്രാർത്ഥന; മൂന്നാമത് വ്യക്തിപരമായ പ്രാർത്ഥന. മൂന്നും പരസ്പരാപേക്ഷിതങ്ങളാണ്. മൂന്നും ഒരുമിച്ചു കൂടിയാലേ ക്രിസ്തീയാരാധന പൂർണ്ണമാകയുള്ളു.

### ആരാധന പഴയനിയമത്തിൽ

ക്രിസ്തീയാരാധനയ്ക്ക് അതിന്റേതായ ഒരനുസ്യൂതതയുണ്ട്. സ്ഥലകാലങ്ങളിലുള്ള ക്രൈസ്തവസഭ ഒന്നായിരിക്കുന്നതുകൊണ്ട് എല്ലാ സ്ഥലങ്ങളിലും എല്ലാ കാലങ്ങളിലുമുള്ള ആരാധനയ്ക്കും പരസ്പരബന്ധമുണ്ടാകണം. അതായത് ഓരോ കാലത്തും ഒരു സംഘം ക്രിസ്തീയാരാധകന്മാർ, വേദപുസ്തകമോ മറ്റു വല്ല നിർദ്ദേശകഗ്രന്ഥങ്ങളോ നോക്കി പുതുതായി സൃഷ്ടിക്കുന്ന ഒന്നല്ല ക്രിസ്തീയാരാധന. ക്രിസ്തുവിന്റെ ആരാധനയിൽ ക്രിസ്തുശരീരത്തിലെ അംഗങ്ങൾ എല്ലാവരും പങ്കെടുക്കുക എന്നതാണ് ക്രിസ്തീയാരാധനയുടെ അടിസ്ഥാനം.

അതുകൊണ്ടാണ് ക്രിസ്തീയാരാധനയുടെ രൂപവും ഉള്ളടക്കവും പുസ്തകം നോക്കി പഠിക്കാൻ സാധിക്കാത്തത്. എങ്കിലും ആദിമ ക്രൈസ്തവരെങ്ങനെ ആരാധിച്ചിരുന്നുവെന്നതിനെക്കുറിച്ച് പുതിയനിയമത്തിൽ ചില സൂചനകളൊക്കെയുണ്ട്. അവയിലേയ്ക്കൊന്നെത്തിനോക്കുവാൻ മാത്രമേ ഇവിടെ സ്ഥലമുള്ളു. പുതിയനിയമത്തിലെ ആരാധന ശരിയ്ക്ക് മനസ്സിലാകണമെങ്കിൽ, രണ്ടു കാര്യങ്ങളാവശ്യമാണ്. ഒന്നാമത് അതിന്റെ പഴയനിയമ പശ്ചാത്തലമറിയണം. രണ്ടാമത് ക്രൈസ്തവസഭയുടെ പരമ്പരാഗതങ്ങളായ ആരാധനക്രമങ്ങളിലൊന്നിലെങ്കിലും തഴച്ചു വളർന്നിട്ടുള്ളവർക്കേ ഈ സൂചനകൾ അർത്ഥവത്താകയുള്ളു.

പഴയനിയമത്തിൽ ആരാധനയ്ക്ക് പല പദങ്ങളാണുപയോഗിക്കുന്നത്. പ്രധാനമായത് അബോദാ (പുറ. 12:25; 13:5) എന്ന പദമാണ്. വേല, സേവനം എന്നൊക്കെയാണ് മൂല്യാർത്ഥം. ഈശ്വരനെ നാഥനായി സ്വീകരിച്ച് ഈശ്വരന്നിഷ്ടമായത് പ്രവർത്തിക്കുകയാണ് ആരാധനയുടെ അടിസ്ഥാനം. പഴയനിയമ ചിന്താഗതിയിൽ, ഒരു ദാസൻ തന്റെ യജമാനനെ പരിചരിക്കുന്നതുപോലെ യഹൂദന്മാർ ഈശ്വരസന്നിധിയിലെത്തി അവന്റെ ആജ്ഞയും കാത്ത് അണിനിരക്കുമായിരുന്നു. ഈശ്വരന്നാവശ്യ (!) മായ

തൊക്കെ കൊണ്ടുപോയി കൊടുക്കുകയെന്നതിനേക്കാൾ ആദരവോടെ ആ സന്നിധിയിൽ പോയി സാഷ്ടാംഗ പ്രണാമം ചെയ്യുകയെന്നതാണ് ആരാധനയുടെ ആദ്യ വശം. ഈ പ്രണാമം ദിവസേന ഈശ്വരാലയ മായ യറുശലേം ദേവാലയത്തിൽ പോയി യഹൂദന്മാർക്കു വേണ്ടി നട ത്തിപ്പോന്നത് പുരോഹിതന്മാരായിരുന്നു. അങ്ങിനെയുള്ള പൊതു ആരാ ധനയ്ക്ക് 'ഷെറെത്' (പുറപ്പാട് 28:35, 43) എന്നാണ് പേർ. ഗ്രീക്കു പഴയ നിയമത്തിൽ ഈ പദങ്ങളെ പരിഭാഷപ്പെടുത്തിയത് ലാറ്ററിയാ, ലെയ് റ്റൂർഗിയാ എന്നീ പദങ്ങൾ കൊണ്ടാണ്.

പഴയനിയമത്തിൽ രണ്ടു നിർബന്ധങ്ങളുണ്ടായിരുന്നു. ഒന്നാമത് യാഹ്‌വേ എന്ന ഏകദൈവത്തെയല്ലാതെ മറ്റാരേയും ആരാധിച്ചു കൂടാ. രണ്ടാമത്, ആ ദൈവത്തിന്റെ പ്രതിരൂപങ്ങളേതെങ്കിലും ഉണ്ടാക്കി അവ യെയും ആരാധിപ്പാനധികാരമില്ല (പുറ. 20:2–5, ആവർത്തന പുസ്തകം 5:2–10). ഈ രണ്ടു കാര്യങ്ങൾ യഹൂദാരാധനയെ അന്യ ശേമ്യ വർഗ്ഗ ങ്ങളുടെ ആരാധനയിൽ നിന്നും വ്യത്യസ്തമാക്കിത്തീർത്തു.

ഏതാണ്ട് ക്രിസ്തുവിന് മുമ്പ് ഏഴാം ശതകത്തിൽ മാത്രമാണ് യഹൂ ദാരാധന പൂർണ്ണമായും കേന്ദ്രീകൃതവും ക്രമീകൃതവുമായി തീർന്നതെന്ന് തോന്നുന്നു. പക്ഷേ, യഹൂദാരാധനയുടെ പ്രധാന പാരമ്പര്യം മോശയുടെ കാലത്ത് (ക്രി. മു. പതിനഞ്ചാം ശതകത്തിൽ) തന്നെ ആരംഭിച്ചതാണ്. മോശയുടെ കാലത്തെ ആരാധനയുടെ ചില ഘടകങ്ങളിവിടെ കുറിക്കാം. (1) ഈശ്വര സന്നിധാനം പവിത്രമാണ്, സാധാരണ സ്ഥലമല്ല; ചെരിപ്പൂ രണം (പുറ. 3:5). (2) യാഹ്‌വേയുടെ ആരാധനയ്ക്ക് ബലിയും സദ്യയും ആവശ്യമാണ് (5:1, 3). (3) ഈശ്വരൻ ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള കൃതജ്ഞതാനിർഭരമായ സ്തോത്രാർപ്പണവും വിശ്വാസ പ്രഖ്യാപനവും (18:10–12) വേണം. (4) യാഹ്‌വേയുടെ കല്പനകളെ പഠി യ്ക്കലും അവയെ അനുസരിക്കാമെന്നുള്ള ഉടമ്പടിയും (19, 20, 24:7) ഉണ്ടാ കണം. (5) ആരാധനയിൽ ഈശ്വരസന്നിധിയിലടുത്തു വരുവാനും ജനത്തെ പ്രതിനിധീകരിയ്ക്കാനുമുള്ള ഒരു പുരോഹിതഗണം (24:1 ff) വേണം.

എന്നാൽ ക്രിസ്തുവിന് മുമ്പ് എട്ടാം ശതകത്തിലെ പ്രവാചകന്മാർ യഹൂദന്മാരുടെ ആരാധനയിലെ ബഹുവിധങ്ങളായ അപഭ്രംശങ്ങൾക്ക് അവരെ കുറ്റപ്പെടുത്തുന്നുണ്ട്. അയൽപക്കത്തുള്ള മതങ്ങളിൽ നിന്നൊക്കെ വായ്പ വാങ്ങിയ പല ദുഷിച്ച ക്രമങ്ങളും യാഹ്‌വേയുടെ ശുദ്ധമായ ആരാധനയോട് കലർന്നു. ഏഴാം ശതാബ്ദത്തിൽ യോശാ യാഹ് എന്ന രാജാവ് യെരുശലേമിന്ന് വെളിയിലുള്ള കാവുകളെല്ലാം തകർത്ത് പുതിയതായി കണ്ടുകിട്ടിയ മോശയുടെ ന്യായപ്രമാണഗ്രന്ഥ മനുസരിച്ച് ആരാധനയെ ശുദ്ധീകരിച്ചു (2 രാജാക്കന്മാർ 23:4–25). മന്ത്ര

വാദികളേയും വിഗ്രഹങ്ങളേയും നശിപ്പിച്ചു. ഇങ്ങനെ യഹൂദാരാധന യരുശലേമിൽ കേന്ദ്രീകൃതമായി. ദേവാലയം ഒന്നായി, പുരോഹിതഗണം ഒന്നായി, ബലികളുടെ ക്രമവും പെരുന്നാളുകളുടെ ക്രമവും ഏകീകരിക്കപ്പെട്ടു. ദേവാലയത്തിൽ ഗായകസംഘങ്ങൾ രൂപവൽക്കരിക്കപ്പെട്ടു. ഓരോ ഗായകസംഘവും തങ്ങളുടേതായ ഒരു ഗാനമാലയും ആവിഷ്ക്കരിപ്പാനാരംഭിച്ചു.

ഇക്കാലത്തു തന്നെ വ്യക്തികളുടെ രഹസ്യാരാധനയിലും കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചു. പലരും തങ്ങളുടെ അപേക്ഷകളും പരാതികളും ദേവാലയത്തിൽ കൊണ്ടുവന്ന് അവിടെയിരുന്ന് അനുസ്യൂതമായി നിലവിളിക്കുകയെന്നത് പണ്ടേ പതിവായിരുന്നു (1 ശമുവേൽ 1). ദാവീദു രാജാവ് രചിച്ചവയാണ് സങ്കീർത്തനങ്ങളിൽ ചിലതൊക്കെയെങ്കിലും അവയിലൊക്കെ അഗാധമായ ഭക്തിയുള്ള ഒരു വ്യക്തിയുടെ ആത്മാവാണ് നാം കാണുന്നത്. 'ഞാൻ' എന്ന പദം സങ്കീർത്തനങ്ങളിൽ പലപ്പോഴും കാണുന്നുണ്ടല്ലോ. വ്യക്തികൾ ദേവാലയത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തും കൈ രണ്ടുമുയർത്തി നിന്നും കൈ കൂപ്പിയും കണ്ണുയർത്തിയും കണ്ണു താഴ്ത്തിയും ഒക്കെ തങ്ങളുടെ വ്യക്തിപരമായ ആരാധനാ മനോഭാവം കാണിക്കുമായിരുന്നു. ചിലരൊക്കെ ബലിപീഠത്തെ തൊട്ടു വന്ദിക്കും. മറ്റു ചിലർ കൈ കൊണ്ട് ചുണ്ടു തൊട്ട് ഈശ്വരനെ സലാം ചെയ്യും (ഈയോബ് 31:27). പ്രത്യേകിച്ച് ഊർശ്ലേം ദേവാലയം നശിച്ച് യഹൂദന്മാർ ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടപ്പോൾ വ്യക്തിപരമായ ആരാധനയ്ക്ക് പ്രത്യേകത കൂടിക്കാണണം.

പഴയനിയമ കാലത്തെ ആരാധനയ്ക്ക് നാല് സവിശേഷതകളുണ്ടായിരുന്നു. ഒന്നാമത്, ആ ആരാധന ആത്മാവും വചനവും മാത്രം കൊണ്ടുള്ളതല്ലായിരുന്നു; പ്രത്യുത ചില പ്രത്യേക അനുഷ്ഠാനമുറകളിലധിഷ്ഠിതമായിരുന്നു ഇസ്രായേലിന്റെ പരസ്യാരാധന. മോശയുടെ കാലത്തിന് വളരെ മുമ്പ് അബ്രഹാമിന് യാഹ്വേ പ്രത്യക്ഷനായപ്പോൾ ദൈവത്തിന്റെ വാഗ്ദാനങ്ങൾ ആ പിതാവിന് നൽകുന്നതിനു മുമ്പായി ചില അനുഷ്ഠാനക്രമങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്നതായി നാം കാണുന്നു (ഉല്പ. 15:8–21). മോശയ്ക്കും ന്യായപ്രമാണം കിട്ടുന്നതിന് മുമ്പ് ഈ അനുഷ്ഠാനങ്ങൾ ആവശ്യമായിരുന്നു (പുറ. 25 തുടർച്ച).

രണ്ടാമത്, ഇസ്രായേലിന്റെ ആരാധന യാഹ്വേ അവർക്കുവേണ്ടി ചെയ്തിട്ടുള്ള മഹദ്കാര്യങ്ങളെ അനുസ്മരിച്ചുകൊണ്ടുള്ളതായിരുന്നു. പ്രത്യേകിച്ചും ഈജിപ്തിൽ നിന്നും ഈ അടിമജനതയെ വിമോചിപ്പിച്ച് അവരെ ദൈവത്തിന്റെ പ്രത്യേക ജനമാക്കിത്തീർത്ത അത്ഭുത കഥ ആരാധനയിൽ അവരെപ്പോഴും അനുസ്മരിക്കുമായിരുന്നു.

മൂന്നാമത്, ഇസ്രായേലിന്റെ ആരാധന പൊതു ആരാധനയായിരുന്നു. അതായത് ഇസ്രായേൽ ജനത മുഴുവൻ ഒരുമിച്ച് ഒരു സ്ഥലത്ത് ഒറ്റ സമൂഹമായിട്ടായിരുന്നു ആരാധന. ദൈവ വാഗ്ദത്തങ്ങൾ അവർക്കൊരുമിച്ചാണ് നല്കപ്പെട്ടിട്ടുള്ളത്. അവരുടെ മാമോദീസാ പോലും ചെങ്കടലിൽ വെച്ച് ഒരിക്കലായിട്ടായിരുന്നു നടന്നത്. ആരാധനയിൽ പിതാക്കന്മാരെ ഓർക്കുകയെന്നത് അവർക്ക് എപ്പോഴും പതിവായിരുന്നു. സ്ഥലകാലങ്ങളിലെങ്ങുമുള്ള ഇസ്രായേൽ ഒറ്റ ജനതയായി അവർ കണക്കാക്കിയിരുന്നതാണതിന്റെ പ്രധാന കാരണം. മോശയ്ക്ക് പ്രത്യക്ഷപ്പെടുന്ന ദൈവം അബ്രഹാമിന്റേയും ഇസഹാക്കിന്റേയും യാക്കോബിന്റേയും ദൈവമാണ്.

നാലാമത്, ദൈവാരാധനയും ദൈവാനുസരണവും തമ്മിൽ ഒരു ദ്വിത്വഭാവമവർക്കില്ലായിരുന്നു. പതിനഞ്ചാം സങ്കീർത്തനം പറയുന്നതുപോലെ ആരാണ് ദൈവത്തിന്റെ കൂടാരത്തിലധിവസിക്കുവാനോ, ദേവഗിരിയിലേയ്ക്കാരോഹണം ചെയ്വാനോ അർഹതയുള്ളവൻ? കുറ്റമില്ലാതെ ജീവിക്കുന്നവൻ, നന്മ പ്രവർത്തിക്കുന്നവൻ, ഹൃദയത്തിൽ നിന്ന് സത്യം സംസാരിക്കുന്നവൻ തന്നെ. ഏശായാ പ്രവാചകൻ പറയുന്നു: ദുഷ്ടതയുടെ കെട്ടുകളഴിക്കുക, അടിമത്വനുകത്തിന്റെ ചരടഴിക്കുക, ചൂഷിതനെ സ്വാതന്ത്ര്യപ്പെടുത്തുക, സകല ബാന്ധവത്തേയും നശിപ്പിക്കുക, വിശക്കുന്നവനുമായി അപ്പം പങ്കിടുക, വീടില്ലാത്തവനെ സ്വന്ത വീട്ടിൽ കയറ്റുക, നഗ്നന് വസ്ത്രമുണ്ടാക്കിക്കൊടുക്കുക, ഇതാണ് യാഹ്വേയ്ക്ക് പ്രസാദകരമായ ഉപവാസമെന്ന് (ഏശായാ 58:7 മുതൽ); അങ്ങിനെ ചെയ്യുമ്പോൾ നമ്മുടെ ആരാധനയിൽ ദൈവം ശ്രദ്ധിക്കുമെന്ന്. ആരാധനയും പ്രായോഗികജീവിതത്തിൽ സാമൂഹ്യനീതിയ്ക്കായുള്ള പ്രവർത്തനങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമാണുണ്ടായിരിക്കേണ്ടത്.

**ആരാധന പുതിയനിയമത്തിൽ**

അപ്പോസ്തലന്മാരുടെ കാലത്തുണ്ടായിരുന്ന ആരാധനയെക്കുറിച്ച് അപ്പോസ്തല പ്രവൃത്തികൾ 2:44–47 ഇങ്ങനെ പറയുന്നു: "വിശ്വാസികളേവരും ഒറ്റക്കെട്ടായി സർവ്വസ്വത്തും പൊതു സ്വത്താക്കി, വസ്തുക്കളും സ്വത്തുക്കളുമൊക്കെ വിറ്റ് ആവശ്യക്കാരന്റെ ആവശ്യങ്ങളൊക്കെ നിറവേറ്റുവാൻ തക്കവണ്ണം ഓരോരുത്തനും കൊടുത്തുകൊണ്ടിരുന്നു. മാത്രമല്ല അനുദിനം ഏകസമൂഹമായി അവർ ദൈവാലയത്തിൽ പ്രവേശിച്ചാരാധിക്കുകയും, സ്വഭവനങ്ങളിൽ ഒരുമിച്ച് അപ്പം മുറിച്ച് അനുഭവിക്കുകയും, ആഹ്ലാദത്തോടും ഹൃദയാനന്ദത്തോടും കൂടെ ഭക്ഷണം കഴിക്കുകയും, ഈശ്വരനെ സ്തുതിക്കുകയും മനുഷ്യരോട് സന്മനോഭാവം പ്രകടിപ്പിക്കുകയും ചെയ്തു."

ക്രിസ്തീയാരാധനയുടെ പ്രധാന ഭാഗങ്ങളൊക്കെ ഇവിടെയുണ്ട്.

1. ഭൗതികാവശ്യങ്ങളിൽ നിന്നും ആശങ്കകളിൽ നിന്നും വസ്തു ഉടമ മൂലമുണ്ടാകുന്ന ഭാരങ്ങളിൽ നിന്നുമൊക്കെ വിമുക്തമായ ഒരു സമൂഹത്തിലേ യഥാർത്ഥമായ ആനന്ദമുള്ള ക്രിസ്തീയാരാധന ഉണ്ടാകുവാൻ സാദ്ധ്യമാകൂ.

2. സകല മനുഷ്യരും സ്നേഹബന്ധത്തിൽ ഒറ്റക്കെട്ടായിത്തീർന്ന് വിദ്വേഷവും വൈരാഗ്യവും ബഹിഷ്കൃതമായ ഒരു സമുദായത്തിലേ യഥാർത്ഥ ക്രിസ്തീയാരാധന സാദ്ധ്യമാകൂ. വ്യക്തിയുടെ ആരാധന, സമൂഹത്തിന്റെ ആരാധനയിൽ അധിഷ്ഠിതമാണ്.

3. അപ്പം മുറിക്കൽ എന്നുള്ളത് ആദിമസഭയിൽ സ്തോത്രബലിയായ വിശുദ്ധ കുർബ്ബാനയ്ക്കുള്ള പ്രത്യേക പേരായിരുന്നു. പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ എഴുതപ്പെടുന്നതിന് വളരെ മുമ്പു തന്നെ യേശുനാഥന്റെ കല്പനാനുസരണം ആദിമക്രിസ്ത്യാനികൾ ഈ ദിവ്യ ശുശ്രൂഷയനുഷ്ഠിച്ചു വന്നിരുന്നു. ക്രിസ്തീയാരാധനയുടെ കേന്ദ്രവും മർമ്മവുമാണ് സ്തോത്രബലി.

4. ക്രിസ്തീയാരാധനയുടെ പ്രധാന ലക്ഷണം ആനന്ദമാണ്, സങ്കടവും സന്താപവുമല്ല. ഇന്ന് പല ക്രൈസ്തവരും ഇത് മറന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ പാപങ്ങളെക്കുറിച്ചോർത്ത് നാം വിലപിക്കുന്നത് നല്ലതു തന്നെ. പക്ഷേ, ഈശ്വരസന്നിധിയിൽ നാം പ്രവേശിക്കുമ്പോൾ സർവ്വേശ്വരൻ സർവ്വവും ക്ഷമിച്ച് നമ്മെ ദത്തെടുത്തിരിക്കുന്നു എന്ന ബോധത്തോടെ സർവ്വവിധമായ ആശങ്കയിൽ നിന്നും ഭയത്തിൽ നിന്നും വിമുക്തരായി ദൈവസ്നേഹമാസ്വദിച്ച് ഒരു സമൂഹമായി ഒരുമിച്ചാനന്ദിക്കുവാൻ നമുക്ക് സാധിച്ചെങ്കിലേ യഥാർത്ഥ ക്രിസ്തീയാരാധന സാദ്ധ്യമാകൂ.

5. ഈശ്വരസ്തോത്രം ആരാധനയുടെ മർമ്മമാണ്. അതോടനുബന്ധിച്ചുള്ളതാണ് മനുഷ്യരോടുള്ള സന്മനോഭാവവും. ഇതു രണ്ടും ഒരുമിച്ച് വാർത്തെടുക്കുന്നതാണ് ക്രിസ്തീയ ജീവിതവും ക്രിസ്തീയ ആരാധനയും. സർവ്വേശ്വരന്റെ നിർവ്വചനാതീതമായ നന്മയിൽ നാം ഉല്ലസിക്കണം. ആ നന്മയെ മറ്റു മനുഷ്യരോടുള്ള പെരുമാറ്റത്തിൽ നാം പ്രകടിപ്പിക്കണം. അങ്ങിനെയേ യഥാർത്ഥ ആരാധന നടക്കുകയുള്ളു.

### ആദിമ സഭയുടെ ആരാധനാരൂപം

ക്രൈസ്തവ സഭയുടെ ആരംഭകാലമാകുമ്പോഴേക്ക് യഹൂദർ ചിന്നിച്ചിതറി റോമ്മാസാമ്രാജ്യത്തിന്റെ പല പട്ടണങ്ങളിലുമായി വസിക്കുകയാണ്. അവരിൽ ചിലർക്ക് മാത്രമേ ആയുസ്സിൽ വല്ലപ്പോഴുമെങ്കിലും ഊർശ്ലേ

മിൽ പോയി പൊതു ആരാധനയിൽ സംബന്ധിക്കാൻ സാധിക്കൂ. അതുകൊണ്ട് ഓരോ സ്ഥലത്തുമുള്ള യഹൂദർ ഒരുമിച്ചുകൂടി ഓരോ സിനഗോഗ് സംഘടിപ്പിക്കാൻ തുടങ്ങി. ക്രിസ്തുവിനു ശേഷം 70–ാമാണ്ടിൽ ഊർശ്ലേം ദേവാലയം തീർത്തും നശിച്ചതോടെ സിനഗോഗുകളായി യഹൂദാരാധനയുടെ കേന്ദ്രങ്ങൾ. ആദിമ ക്രിസ്ത്യാനികൾ മിക്കവരും യഹൂദരായിരുന്നതുകൊണ്ട് ആദിമ ക്രിസ്തീയസഭയുടെ ആരാധന ഭാഗികമായിട്ടെങ്കിലും സിനഗോഗിലെ പഠനത്തിന്റേയും പ്രാർത്ഥനയുടേയും രൂപം സ്വീകരിച്ചു.

സിനഗോഗിൽ മോശയുടെ ന്യായപ്രമാണം വായിക്കും, അതിന്റെ അർത്ഥം വ്യാഖ്യാനിക്കും, സങ്കീർത്തനങ്ങൾ പാടും, ദൈവത്തെ സ്തുതിക്കുന്ന പ്രാർത്ഥനകൾ ചൊല്ലും. യഹൂദൻ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ ദൈവത്തെ സ്തുതിച്ചിട്ടേ ഭക്ഷണം കഴിക്കയുള്ളു. അത് ക്രിസ്ത്യാനികൾക്കും പതിവായി. ക്രിസ്തു തന്നെ വ്യക്തിപരമായ പ്രാർത്ഥന പരിശീലിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ആദിമക്രിസ്ത്യാനികൾക്കും രഹസ്യപ്രാർത്ഥനയുടെ അഭ്യാസം സുപ്രധാനമായിരുന്നു.

ഇവയിൽ നിന്നൊക്കെ രൂപമെടുത്ത, പരസ്യ ക്രിസ്തീയാരാധനയ്ക്ക് രണ്ടു ഘടകങ്ങളുണ്ടായിരുന്നു. ഒന്നാമത്തേതിന് വചനശുശ്രൂഷയെന്ന് പേർ പറയാം. രണ്ടാമത്തേതിന് ബലിയർപ്പണമെന്നും.

### വചനശുശ്രൂഷ

രണ്ടാം ശതാബ്ദത്തിൽ നിന്നുള്ള ജസ്റ്റിൻ സഹദായുടെ തെളിവാണ് നമുക്കാധികാരികമായുള്ളത്. ഞായറാഴ്ച, അതായത് ക്രിസ്തു ഉയിർത്തെഴുന്നേറ്റ ദിവസം, സൂര്യനുദിക്കും മുമ്പേ ക്രിസ്ത്യാനികൾ ഒരു വീട്ടിലോ സൗകര്യമുള്ള മറ്റു സ്ഥലങ്ങളിലോ ഒരുമിച്ചുകൂടും. ഒരഭിവാദനത്തിന് (ശ്ലോാം ല്കുൽഹൂൻ: “നിങ്ങൾക്കൊക്കെ സമാധാനം”) ശേഷം ഗ്രീക്കുഭാഷയിലുള്ള പഴയനിയമത്തിൽ നിന്ന് ക്രിസ്തുവിനെക്കുറിച്ചു പ്രവചിക്കുന്ന ഭാഗങ്ങളും അതിനുശേഷം സുവിശേഷങ്ങളും വായിക്കുന്നു. അതേതുടർന്ന് സഭാദ്ധ്യക്ഷനായ ബിഷപ്പിന്റെ വേദവ്യാഖ്യാനമാണ്. കസേര (cathedra) യിലിരുന്നുകൊണ്ടാണ് പഠിപ്പിക്കുന്നത് (അക്കാലത്തെ ഗുരുക്കന്മാരുടെ അധികാരചിഹ്നം ഗുരുപീഠമാണ്. കത്തീഡ്ര എന്ന പദത്തിന് ഗുരുപീഠം എന്ന് അർത്ഥം. കത്തീഡ്രൽ എന്നു പറയുന്നത് ബിഷപ്പിന്റെ ഗുരുപീഠമുള്ള പള്ളിയെയാണ്.). അതിനുശേഷം എല്ലാവരും എഴുന്നേറ്റു നിന്ന് പൊതു പ്രാർത്ഥനകളിൽ സംബന്ധിക്കും. നിന്നുകൊണ്ട് കൈ നീട്ടിപ്പിടിച്ചുകൊണ്ടാണ് എല്ലാവരും പ്രാർത്ഥിക്കുന്നത്. ഒരു ശെമ്മാശൻ നടുവിൽ നിന്നുകൊണ്ട് ഇന്ന കാര്യത്തിനുവേണ്ടി

പ്രാർത്ഥിക്കാം എന്നു പറയുമ്പോൾ അല്പസമയത്തെ നിശ്ശബ്ദതയുണ്ടാകും. ഓരോരുത്തരും തങ്ങളുടെ ഹൃദയങ്ങളിൽ പ്രാർത്ഥിക്കുകയാണ്. എല്ലാവരുടേയും പ്രാർത്ഥനകളെ സമാഹരിച്ചുകൊണ്ട് ബിഷപ്പ് ഒരു ഉപസംഹാര പ്രാർത്ഥന (collect) ചൊല്ലും. ജനങ്ങളെല്ലാവരും ഒരുമിച്ച് ഉറച്ചശബ്ദത്തിൽ ആമേൻ പറയും. പ്രാർത്ഥനകൾ ചൊല്ലുന്നത് ശെമ്മാശ്ശനായാലും ബിഷപ്പായാലും ഒരു ഈണത്തോടു കൂടിയാണ്. വെറും ഗദ്യത്തിലുള്ള പരസ്യ പ്രാർത്ഥന അനേക ശതാബ്ദങ്ങൾക്ക് ശേഷമേ ആരംഭിച്ചുള്ളു. പക്ഷേ, പ്രാർത്ഥനകൾക്ക് ആദിയിൽ നിർദ്ദിഷ്ട രൂപമൊന്നുമുണ്ടായിരുന്നില്ല. ബിഷപ്പിന്റെ ആവേശംപോലെ അദ്ദേഹം പ്രാർത്ഥിക്കും. മൂന്നാം ശതാബ്ദത്തിനു ശേഷമേ പ്രാർത്ഥനാരൂപങ്ങൾ ക്രമീകൃതമായുള്ളു. പ്രാർത്ഥന അവസാനിച്ചാൽ പരസ്പരാലിംഗനം മൂലമുള്ള ശാന്തിദാനമാണ്. പുരുഷന്മാർ പരസ്പരവും സ്ത്രീകൾ അവർ തമ്മിലും കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്യും. ക്രിസ്തീയ സമൂഹത്തിൽ യാതൊരുവിധമായ വൈരാഗ്യവും അവശേഷിക്കരുതെന്നും എല്ലാവരും യഥാർത്ഥ സ്നേഹത്തിൽ പരസ്പരം ഐക്യപ്പെടണമെന്നും ആദിമ ക്രിസ്ത്യാനികൾക്ക് നിർബന്ധമായിരുന്നു.

ഈ വചന ശുശ്രൂഷയിൽ ക്രിസ്ത്യാനികളല്ലാത്തവർക്കും സംബന്ധിക്കാമായിരുന്നു. എന്നാൽ സമാധാന ചുംബനത്തിന്റെ സമയം വരുമ്പോഴേക്ക് അവരെല്ലാം ഇറങ്ങിപ്പോയി ക്രിസ്ത്യാനികൾ മാത്രം അവശേഷിക്കും.

### സ്തോത്രബലി

സമാധാനദാനം സ്തോത്രബലിയുടെ ആരംഭമാണ്. മനുഷ്യർ പരസ്പരം അനുരഞ്ജിതരായിട്ടേ ദൈവസന്നിധിയിൽ പ്രവേശിക്കാവൂ.

വിശ്വാസികളായ ജനങ്ങൾ തങ്ങളുടെ സാധാരണ ഭക്ഷണസാധനങ്ങളായ അപ്പവീഞ്ഞുകളെ കാഴ്ചയായി കൊണ്ടുവന്നിട്ടുള്ളത് സംഭരിച്ച് ശെമ്മാശ്ശന്മാർ അദ്ധ്യക്ഷനായ ബിഷപ്പിന്റെ മുമ്പിൽ വിരിച്ചൊരുക്കിയിട്ടുള്ള മേശയിങ്കലേക്ക് ഘോഷയാത്രയായി കൊണ്ടുപോകും. ഈ അപ്പവീഞ്ഞുകളാണ് പിന്നീട് വാഴ്ത്തപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ട് കർത്താവിന്റെ തിരുശരീര രക്തങ്ങളായി ജനങ്ങൾക്ക് നല്കപ്പെടുന്നത്.

അപ്പവീഞ്ഞുകളുടെ സമർപ്പണ (offertory) കഴിഞ്ഞാൽ ബിഷപ്പും ജനങ്ങളും തമ്മിൽ ഒരു സംഭാഷണം (dialogue) ആരംഭിക്കുകയായി. ഒരഭിവാദനവും പ്രതിവാദനവും കഴിഞ്ഞ്, ബിഷപ്പ് 'ഹൃദയങ്ങളുയർത്തുക' എന്ന് പറയുമ്പോൾ ജനങ്ങളേവരും 'ഞങ്ങൾ ഹൃദയങ്ങളെ ദൈവത്തിങ്കലേക്കുയർത്തുന്നു' എന്ന് പറയും. അതു കഴിഞ്ഞാൽ സൃഷ്ടിക്ക് മുഴുവൻ വേണ്ടിയും ഈശ്വരന്റെ അനേക കാരുണ്യങ്ങൾക്ക് വേണ്ടിയുമുള്ള

നന്ദി പ്രകടനവും സ്വർഗ്ഗത്തിലെ മാലാഖമാരോടൊരുമിച്ചുള്ള ത്രിവിശുദ്ധ സ്തോത്രവുമാണ്.

ഇത് കഴിഞ്ഞാൽ കർത്താവ് തിരുവത്താഴം സ്ഥാപിച്ച ആ രാത്രിയിലെ സംഭവം വിവരിക്കുകയും (words of Institution) കിഴക്കൻ സഭകളിൽ മാത്രമെങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തി അപ്പവീഞ്ഞുകളിന്മേലും ജനങ്ങളിന്മേലും വസിച്ച് അവയെ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കിത്തീർക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലുകയും ചെയ്യും.

ഇതിനുശേഷം ഒരു സങ്കീർത്തനം പാടുമ്പോൾ ശെമ്മാശന്മാർ ശരീരരക്തങ്ങളെ ജനങ്ങൾക്കു വിതരണം ചെയ്യുകയും വന്നുചേരാൻ നിവർത്തിയില്ലാത്തവർക്ക് വീട്ടിൽ കൊണ്ടുപോയി കൊടുക്കുകയും ചെയ്യും.

ഇതു കഴിഞ്ഞാൽ ചിലയിടങ്ങളിലെങ്കിലും ഒരു കൃതജ്ഞതാ പ്രാർത്ഥനയും ഒരു അനുഗ്രഹവചനവും കാണും. അതോടെ ആരാധന അവസാനിക്കുന്നു. സാധുക്കൾക്ക് വിതരണം ചെയ്യാനുള്ള പണം ബിഷപ്പിനെ ഏല്പിച്ചിട്ട് ജനങ്ങൾ പിരിയുന്നു.

## നാലാം ശതാബ്ദത്തിൽ

പീഡനങ്ങളുടെ കാലം അവസാനിച്ച് റോമ്മാസാമ്രാജ്യത്തിലെ ജനങ്ങളുടെ ഒരു വലിയഭാഗം (ചക്രവർത്തിയുൾപ്പെടെ) ക്രിസ്ത്യാനികളായിത്തീർന്നപ്പോൾ ആരാധനയിലും പല മാറ്റങ്ങൾ വന്നു. പള്ളികളൊക്കെ ഉത്തുംഗസൗധങ്ങളായി ഉയർന്നു. ആരാധനാലയം സ്വർണ്ണവും വെള്ളിയും കൊണ്ടു നിറഞ്ഞു. മെത്രാന്മാരുടെ വസ്ത്രങ്ങളൊക്കെ രത്നഖചിതങ്ങളാകാൻ തുടങ്ങി. ആരാധനയുടെ രൂപത്തിനും പ്രാർത്ഥനകൾക്കും ഗാനങ്ങൾക്കും ഒക്കെ നിശ്ചിതക്രമമുണ്ടായി. സംസ്ക്കാരവ്യത്യാസമനുസരിച്ച് നാലു തരം ക്രമങ്ങൾ സഭയിലുണ്ടായി. ഒന്നാമത്തേത് യറുശലേം, അന്ത്യോഖ്യാ തുടങ്ങി പശ്ചിമേഷ്യയിൽ മുഴുവൻ ഉപയോഗിച്ചിരുന്ന സുറിയാനി ആരാധനാക്രമം. രണ്ടാമത്, ഈജിപ്ത്, ലിബിയാ, ന്യൂസിയാ, എത്യോപ്യാ മുതലായ ഉത്തരാഫ്രിക്കൻ രാജ്യങ്ങളിൽ ഉപയോഗിച്ചിരുന്ന അലക്സാന്ത്രിയൻ ക്രമം; മൂന്നാമത് അലക്സാന്ത്രിയൻ ക്രമത്തെ ആധാരമാക്കിയുണ്ടാക്കിയ റോമൻ ക്രമം; നാലാമത് ഊർശ്ലേമിലെയും സിറിയയിലേയും ക്രമത്തെ ആധാരമാക്കി ഉണ്ടാക്കിയ കുസ്തന്തീനോപോലീസിലെ ഗ്രീക്കു ക്രമം.

## വിശേഷദിവസങ്ങൾ

ക്രിസ്തുവിന്റെ ഉയിർപ്പു ദിവസം ക്രിസ്തീയസഭ രണ്ടുവിധത്തിൽ ആഘോഷിച്ചിരുന്നു. ആണ്ടിലൊരിക്കൽ ക്രൂശാരോഹണവും ഉയിർത്തെഴുന്നേല്പും ഒരുമിച്ച് ഒരു പെസഹാപ്പെരുന്നാളായി ആഘോഷിക്കും.

ആഴ്ചയിലൊരിക്കൽ ഞായറാഴ്ചയും. അതു കൂടാതെ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവാസദിവസങ്ങളാണ്. നാലാം ശതാബ്ദത്തിൽ ഊർശ്ലേമിൽ ആഴ്ചയിൽ നാലു വട്ടം കുർബ്ബാനയുണ്ടായിരുന്നു. ശനിയാഴ്ചയും ഞായറാഴ്ചയും രാവിലെ; ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉച്ച കഴിഞ്ഞ് മൂന്നു മണിക്കു ശേഷം.

ഇതു കൂടാതെ രക്തസാക്ഷികളായി മരിച്ച ക്രിസ്ത്യാനികളുടെ മരണദിനങ്ങളും ആദിമക്രിസ്ത്യാനികൾ ഘോഷിച്ചിരുന്നു. അവരുടെ ശ്മശാനത്തിൽ പോയി സ്തോത്രബലിയർപ്പിക്കുകയെന്നതും ആദ്യം മുതലേ പതിവായിരുന്നു.

കർത്താവിന്റെ യോർദ്ദാൻ നദിയിലെ മാമോദീസായുടെ ഓർമ്മയും സഭ ആദിമുതലേ അനുഷ്ഠിച്ചിരുന്നു. അന്നാണല്ലോ തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചതും, പിതാവിന്റെ ശബ്ദവും പ്രാവുരൂപത്തിലുള്ള പരിശുദ്ധാത്മാവും പുത്രന്റെ പുത്രത്വവുമാകുന്ന ത്രിത്വം വെളിപ്പെട്ടതും (മത്തായി 3:16–17). ജനുവരി 6–നു ആയിരുന്നു ഈ പെരുനാൾ.

കർത്താവിന്റെ ജന്മദിനമായി ഡിസംബർ 25 ആഘോഷിക്കപ്പെടാൻ തുടങ്ങിയത് നാലാം ശതാബ്ദത്തിൽ മാത്രമായിരുന്നു.

## പാശ്ചാത്യാരാധനയുടെ വഴിതെറ്റലും നവീകരണവും

അഞ്ചാം ശതാബ്ദം മുതലേ പാശ്ചാത്യ ക്രിസ്ത്യാനികളും പൗരസ്ത്യ ക്രിസ്ത്യാനികളും തമ്മിൽ അകൽച്ച തുടങ്ങി. പതിനൊന്നും പന്ത്രണ്ടും ശതാബ്ദങ്ങളാകുമ്പോഴേക്ക് പാശ്ചാത്യസഭയ്ക്ക് ക്രൈസ്തവ വിശ്വാസത്തിന്റെ ഉത്ഭവകേന്ദ്രങ്ങളുമായുള്ള ബന്ധം ഏറെക്കുറെ നഷ്ടപ്പെട്ടതിന്റെ ഫലമായി ആരാധനയിലും വിശ്വാസ പഠനത്തിലുമൊക്കെ വഴിതെറ്റിയ വികസനങ്ങളാണുണ്ടായത്. സ്തോത്രബലി പുരോഹിതൻ മാത്രം അനുഷ്ഠിക്കുന്ന ഒന്നായിത്തീർന്നു. ക്രിസ്തു വീണ്ടും, വീണ്ടും പള്ളിയിലെ അൾത്താരയിൽ ബലികഴിക്കപ്പെടുന്നുവെന്നായി വിവക്ഷ. സ്തോത്രബലി കൊണ്ട് കിട്ടുന്ന പുണ്യം അളന്നു കണക്കു കൂട്ടാനാരംഭിച്ചതിന്റെ ഫലമായി ഒരു ദിവസം ഒരു പള്ളിയിൽ എത്ര കുർബ്ബാന ചൊല്ലാമോ അത്രയും ചൊല്ലണമെന്നായി. അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാകുന്നതിന്റെ രഹസ്യം ശാസ്ത്രീയമായി വിശകലനം ചെയ്യുവാൻ തുടങ്ങി. ജനങ്ങൾക്ക് കുർബ്ബാനയിലെ അപ്പം മാത്രമേ കൊടുക്കൂ. വീഞ്ഞു പുരോഹിതന്മാർക്ക് മാത്രമാണെന്നായി.

ഇതിനെതിരായി 16–ാം ശതാബ്ദത്തിൽ നവീകരണ നേതാക്കന്മാരായ ലൂഥറും കാൽവിനും സ്വിംഗ്ളിയുമൊക്കെ ശബ്ദമുയർത്തുക മാത്രമല്ല, അവരുടേതായ പുതിയ ആരാധനക്രമങ്ങൾ ആവിഷ്ക്കരിക്കയും ചെയ്തു.

## ആറ് നവീകരണാരാധനക്രമങ്ങൾ

പതിനാറും പതിനേഴും ശതാബ്ദങ്ങളിൽ പാശ്ചാത്യ സഭയിലുണ്ടായ പുതിയ ആരാധനക്രമങ്ങളെ ആറായി തരംതിരിക്കാം. 1. ഒന്നാമത് മാർട്ടിൻ ലൂഥർ ഉണ്ടാക്കിയ ക്രമങ്ങൾ – 1523 മുതലുള്ള കാലങ്ങളിലായി ഒരു പുതിയ മാമ്മോദീസാക്രമവും ഒരു ജെർമ്മൻ കുർബാനയും (1526) ഒരു പുതിയ വിവാഹ ശുശ്രൂഷാക്രമവും (1534) തികച്ചും പാരമ്പര്യത്തിൽ നിന്നു വ്യത്യസ്തമായ പട്ടത്വശുശ്രൂഷയും (1537) അദ്ദേഹം ആവിഷ്ക്കരിച്ചു. ആദ്യം വിറ്റൻബർഗിലെ പ്രോട്ടസ്റ്റന്റ് പള്ളിയിൽ മാത്രം ഉപയോഗിച്ചിരുന്ന ഈ ക്രമങ്ങൾ പിന്നീട് ജർമ്മനിയിലെ പ്രോട്ടസ്റ്റന്റ് വിഭാഗങ്ങളെല്ലാവരും ഉപയോഗിക്കുവാൻ തുടങ്ങി.

### 2. ജോൺ കാൽവിൻ

1524-ൽ സ്ട്രാസ്ബൂർഗ് നഗരത്തിൽ ഒരു പുതിയ ആരാധനക്രമമാരംഭിച്ചു. ഒരു വർഷത്തിനു ശേഷം ഈ ക്രമം വീണ്ടും പാടേ പുതുക്കി. 1538-ൽ കാൽവിനെ ജനീവാ നഗരത്തിൽ നിന്നും ബഹിഷ്ക്കരിച്ചപ്പോൾ അദ്ദേഹം വീണ്ടും സ്ട്രാസ്ബൂർഗിൽ വന്ന് അവിടത്തെ ആരാധന വീണ്ടും പരിഷ്ക്കരിച്ചു. കുർബ്ബാന മാസത്തിലൊരിക്കൽ മതിയെന്ന് വച്ചു. വിശ്വാസപ്രമാണത്തിന് പകരം ഒരു സങ്കീർത്തനം ചൊല്ലിയാൽ മതിയെന്ന് തീരുമാനിച്ചു. അങ്ങിനെ കുർബ്ബാനയില്ലാത്ത ഞായറാഴ്ചയാരാധന ആരംഭിച്ചത് കാൽവിനാണ്. ഈ കുർബ്ബാനയില്ലാത്ത ആരാധന അദ്ദേഹം 1541-ൽ വീണ്ടും ജനീവയിലേക്ക് വിളിക്കപ്പെട്ടപ്പോൾ അങ്ങോട്ട് കൊണ്ടുപോകയും അവിടെനിന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പരക്കുകയും ചെയ്തു.

### 3. ഉൾറിഖ് സ്വിംഗ്ലി (Ulrich Zwingli)

1523-ൽ സൂറിക്ക് (സ്വിറ്റ്സർലൻഡ്) നഗരത്തിൽ ഒരു പുതിയ ആരാധനക്രമമുണ്ടാക്കി. രണ്ടു വർഷത്തിന് ശേഷം വീണ്ടും പരിഷ്ക്കരിച്ചു. കുർബ്ബാന ആണ്ടിൽ നാലു പ്രാവശ്യം മതിയെന്നായി. ഒരു പാട്ടും ചില പ്രാർത്ഥനകളും, ഒരു വായനയും പ്രസംഗവും പാപമേറ്റു പറച്ചിലും പാപമോചന പ്രഖ്യാപനവുമായിരുന്നു ഞായറാഴ്ച ആരാധനയുടെ പ്രധാന ഭാഗങ്ങൾ.

### 4. മാർട്ടിൻ ബൂസർ (Bucer)

കൊളോൺ നഗരത്തിൽ 1545-ൽ ഒരു പുതിയ ആരാധനക്രമമുണ്ടാക്കി. പല ലൂഥറൻ ക്രമങ്ങളിൽ നിന്നും വെട്ടിച്ചേർത്തെടുത്തതായിരുന്നു ഈ ക്രമം. ഉൽബോധനങ്ങളും ഉപദേശങ്ങളുമാണധികവുമുള്ളത്. ആരാധനാഭാഗങ്ങൾ നന്നേ കുറയും.

### 5. ആംഗ്ലിക്കൻ ക്രമം

1534-ൽ ഹെൻറി എട്ടാമൻ ഇത് ആരംഭിച്ചു. 1536-ൽ വീണ്ടും പരിഷ്ക്കരിച്ചു. 1543-ൽ മെത്രാന്മാരുടെ ഒരു കമ്മീഷൻ ഒരു പുതിയ ക്രമം ആവിഷ്ക്കരിച്ചു. ആർച്ച് ബിഷപ്പ് ക്രാൻമെർ പൗരസ്ത്യ പാശ്ചാത്യ ആരാധനക്രമങ്ങളൊക്കെ നോക്കി ഒരു പുതിയ ക്രമമുണ്ടാക്കിയത് 1547-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1549-ൽ ഒരു പുതിയ ആരാധനക്രമം (Book of Common Prayer) പാർലമെന്റ് പാസ്സാക്കി. 1552-ൽ അത് വീണ്ടും പരിഷ്ക്കരിച്ചു. 1604-ൽ വീണ്ടും. 1662-ൽ ആംഗ്ലിക്കൻ സഭ ഔദ്യോഗികമായി ഒരു പുതിയ ക്രമം പ്രസിദ്ധീകരിച്ചു. അതിനുശേഷം ആംഗ്ലിക്കൻ സഭയുടെ പല ഭാഗങ്ങളിലുമായി പല രൂപങ്ങളുണ്ടായിട്ടുണ്ട്.

### 6. പ്രെസ്ബിറ്റീരിയൻ ക്രമം

1559-ൽ സ്കോട്ട്ലൻഡിൽ ഒരു പുതിയ ക്രമമുണ്ടായി. 1619-ൽ അത് പരിഷ്ക്കരിച്ചു. 1637-ൽ വീണ്ടും. 1644-ൽ അത് നിരോധിച്ചിട്ട് പ്രെസ്ബിറ്റീരിയൻ രീതിയിലുള്ള (ജെനീവാ മോഡൽ) ഒരു ആരാധനക്രമമുണ്ടാക്കി. 1556-ൽ ജെനീവായിലുള്ള ഇംഗ്ലീഷുകാർക്കു വേണ്ടി ജോൺ നോക്സ് ഉണ്ടാക്കിയ ആരാധനക്രമമായിരുന്നു അവർ ഉപയോഗിച്ചു വന്നിരുന്നത്. ഇന്ന് സ്കോട്ടിഷ് പ്രെസ്ബിറ്റീരിയൻസ് ഉപയോഗിക്കുന്നത് 1940-ൽ ഉണ്ടാക്കിയ ക്രമമാണ്.

ഇങ്ങനെ പതിനാറും പതിനേഴും ശതാബ്ദങ്ങളിലുണ്ടായ നവീകരണ ശ്രമങ്ങളുടെയെല്ലാം പിറകിൽ, ആരാധന മനുഷ്യർക്ക് മനസ്സിലാകുന്ന രീതിയിലും ഭാഷയിലുമായിരിക്കണമെന്നും, അത് വേദപുസ്തകാധിഷ്ഠിതമായിരിക്കണമെന്നുമുള്ള തത്വങ്ങളാണുണ്ടായിരുന്നത്. മാത്രമല്ല കുർബ്ബാന ബലിയല്ലെന്നും, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും തെറ്റാണെന്നും നവീകരണ നേതാക്കൾ വാദിച്ചു.

ഏതായാലും ഒരിക്കൽ നവീകരണമാരംഭിച്ചാൽ പിന്നെ നിർത്തുവാൻ പ്രയാസം. ഓരോരുത്തരും അവരവരുടെ പുതിയ പുതിയ ആശയങ്ങളനുസരിച്ച് പുതിയ പുതിയ രൂപങ്ങളാവിഷ്ക്കരിച്ചുകൊണ്ടിരിക്കും.

### രൂപമില്ലാത്ത ആരാധന

ക്രമീകൃതരൂപത്തിലുള്ള ആരാധനയ്ക്കെതിരായ പ്രക്ഷോഭണം 16-ാം ശതാബ്ദത്തിലേ ആരംഭിച്ചു. പ്യൂരിറ്റൻസ് ആണ് ഈ പ്രതിഷേധത്തിന് നേതൃത്വം നല്കിയത്. 1603-ൽ ആയിരം പുരോഹിതന്മാരുടേതായ ഒരു അപേക്ഷ ഇംഗ്ലണ്ടിലെ ജേംസ് രാജാവിനോട് "മാനുഷിക ക്രമങ്ങളു

ടെയും ആചരണങ്ങളുടേയും പൊതു ഭാര”ത്തിൽ നിന്ന് തങ്ങളെ മോചിയ്ക്കണമെന്നർത്ഥിച്ചു. അതിന് മുമ്പു തന്നെ യൂറോപ്പിലെ കർഷകത്തൊഴിലാളികളുടെ മതപ്രസ്ഥാനമായ ആനബാപ്റ്റിസ്റ്റ് മൂവ്മെന്റ്, ക്രമങ്ങളും രൂപങ്ങളും കൂടാതുള്ള ആരാധനയാരംഭിച്ചു. ഈ രൂപമില്ലാത്ത രൂപത്തിനു തന്നെ ചില പ്രത്യേകതകളുണ്ടാകാൻ തുടങ്ങി. പാട്ട്, വായന, പ്രസംഗം, പ്രാർത്ഥന ഇത്രയുമെങ്കിലും ക്രമമായിട്ട് മിക്കവാറും എല്ലാ രൂപമില്ലാത്ത ആരാധനയിലും കാണും. ക്വേക്കർമാർ സകലവിധമായ കൂദാശകളേയും അനുഷ്ഠാനങ്ങളേയും ആരാധനക്രമങ്ങളേയും പൗരോഹിത്യത്തേയും നിഷേധിക്കുന്നുണ്ടെങ്കിലും കാലപ്പഴക്കംകൊണ്ട് അവരുടെ ആരാധനയ്ക്കും ക്രമവും രൂപവുമുണ്ടായിത്തീരുന്നതായി കാണാം.

## ആരാധന ഇന്ന്

ആധുനിക മനുഷ്യന് ഈശ്വരനുണ്ടോ എന്നു തന്നെ സംശയമാണ്. അതുകൊണ്ട് പൊതുവെ പറഞ്ഞാൽ, പ്രത്യേകിച്ചും പാശ്ചാത്യ സംസ്കാരത്തിന്റെ വേരൂന്നിയിട്ടുള്ളിടത്തൊക്കെ ദൈവാരാധന കൂടുതൽ കൂടുതൽ പ്രശ്നാവഹമായിത്തീർന്നുകൊണ്ടിരിക്കുകയാണ്.

കത്തോലിക്കാസഭയുടെ രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനയിൽ പല പുതിയ പരിഷ്ക്കാരങ്ങളും വരുത്തിയതിന് പിറകിൽ പത്തൊമ്പതാം ശതാബ്ദത്തിലാരംഭിച്ച ലിറ്റർജിയ്ക്കൽ പ്രസ്ഥാനത്തിന്റെ നൂറു വർഷത്തെ പ്രവർത്തനങ്ങളാണ് കിടക്കുന്നത്. ആരാധന ജനങ്ങളുടേതാണ്, പുരോഹിതന്റേതു മാത്രമല്ല; ജനങ്ങൾ ഭാഗഭാക്കുകളാകണം, സന്ദർശകരായിരുന്നാൽ പോരാ, ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിലായിരിക്കണം എന്നിങ്ങനെയുള്ള തത്വങ്ങളൊക്കെ ഇന്ന് കത്തോലിക്കാസഭ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

പ്രോട്ടസ്റ്റന്റ് സഭകളിലാകട്ടെ പാട്ടും പ്രസംഗവും കൊണ്ടുള്ള ആരാധനയെപ്പറ്റി അല്പമൊക്കെ വിരക്തി തോന്നിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യ രൂപങ്ങളെ മാറ്റിയിട്ട് തദ്ദേശ സംസ്ക്കാരത്തിനൊത്ത രൂപങ്ങളുണ്ടാക്കാനും, ആധുനിക കലാരൂപങ്ങളെ ആരാധനയിലുപയോഗിക്കാനും ഒക്കെ പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ഇപ്പോഴും പഴയ രീതി തന്നെ തുടരുന്നു. എന്നാൽ ആരാധനയോടുള്ള വിരക്തി പൗരസ്ത്യസഭകളിൽ അത്ര തന്നെ കാണുന്നില്ല താനും.

*(മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒരു ഒരു വിജ്ഞാനകോശത്തിനു വേണ്ടി എഴുതിയത്)*

# 2

# കൂദാശകൾ

## നിർവ്വചനം

കൂദാശ എന്ന മലയാളപദം പൗരസ്ത്യ സുറിയാനിയിൽ നിന്ന് വായ്പ വാങ്ങിയതാണ്. ശുദ്ധീകരണം എന്നതാണ് അനുപദാർത്ഥം. ലത്തീനിലെ Sacramentum എന്ന പദത്തിൽനിന്നുണ്ടായ ഇംഗ്ലീഷ് വാക്കായ Sacrament ന്റെ പരിഭാഷയായി ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും അർത്ഥ വ്യാപ്തിയിൽ വ്യത്യാസമുണ്ട്.

വേദശാസ്ത്രത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിക്കുന്നത് mysterion എന്ന പദമാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരം ദൈവം മനുഷ്യരക്ഷയ്ക്കായി ചെയ്തിട്ടുള്ള പ്രവർത്തനത്തിന്റെ മർമ്മമത്രേ. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ മറ്റു മനുഷ്യരെ പങ്കാളികളാക്കുക എന്നതാണ് കൂദാശകളുടെ പ്രധാനോദ്ദേശ്യം. അതെങ്ങനെ സംഭവിക്കുന്നുവെന്ന് യുക്തിയുക്തമായി പ്രതിപാദിക്കുവാൻ സാദ്ധ്യമല്ല. സ്ഥലകാല ലോകത്തിന്റേതു മാത്രമാണ് നമ്മുടെ യുക്തി. അതിന്നതീതമായിട്ടുള്ളതാണ് ഈശ്വരപ്രവർത്തനത്തിന്റെ വ്യാപ്തി. അതുകൊണ്ടാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ മറ്റു മനുഷ്യർ ഭാഗഭാക്കുകളാകുകയെന്നത് യുക്ത്യതീതമായ ഒരു രഹസ്യമായി നിലകൊള്ളുന്നത്.

കൂദാശയ്ക്കൊരു ഔദ്യോഗിക നിർവ്വചനം കത്തോലിക്കാ സഭ പോലും നൽകിയിട്ടില്ല. “മനുഷ്യരെ വിശുദ്ധീകരിക്കുന്ന ഒരു ദിവ്യ യാഥാർത്ഥ്യത്തിന്റെ പ്രത്യക്ഷ അടയാളമാണ് കൂദാശ' എന്ന് തോമസ് അക്വിനാസ് പറയുന്നു. സെന്റ് വിക്റ്ററിലെ ഹ്യൂഗോയുടെ നിർവ്വചനം കുറെക്കൂടെ സങ്കീർണ്ണമാണ്.

“അദൃശ്യവും ആത്മികവുമായ ഏതെങ്കിലും കൃപയെ സാരൂപ്യം മൂലം സാക്ഷ്യപ്പെടുത്തുകയും സ്ഥാപനം മൂലം സാർത്ഥമാക്കുകയും, വിശുദ്ധീകരണം മൂലം ഉൾക്കൊള്ളുകയും ഇന്ദ്രിയഗോചരമായും സ്പഷ്ടമായും നല്കപ്പെടുകയും ചെയ്യുന്ന ശാരീരികമോ വസ്തുനിഷ്ഠമോ ആയ ധാതുവാണ് കൂദാശ.”

പാശ്ചാത്യസഭയുടെ നിർവചനങ്ങളിൽ ഏറ്റവും നൂതനമായിട്ടുള്ളത് വത്തിക്കാൻ കൗൺസിലിന്റെ ‘വിശുദ്ധ ശുശ്രൂഷയെക്കുറിച്ചുള്ള പ്രമാണം” എന്ന രേഖയിലുള്ളതാണ്.

“കൂദാശകളുടെ ഉദ്ദേശ്യം മനുഷ്യരെ വിശുദ്ധീകരിക്കുകയും, ക്രിസ്തു

വിന്റെ ശരീരത്തെ (സഭയെ) കെട്ടിപ്പടുക്കുകയും, ദൈവത്തിന്നാരാധന സമർപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ്. അവ സംജ്ഞകളായതു കൊണ്ട് പഠിപ്പിക്കുക കൂടെ ചെയ്യുന്നു. അവ വിശ്വാസത്തെ അടിസ്ഥാന മാക്കുക മാത്രമല്ല, അതിനെ പോഷിപ്പിക്കുകയും ശക്തീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നു. തന്മൂലമാണവ വിശ്വാസകൂദാശകളെന്ന് വിളിയ്ക്കപ്പെടുന്നത്. അവ കൃപയെ തീർച്ചയായും നൽകുന്നതിനു പുറമെ അവയുടെ അനുഷ്ഠാനം തന്നെ വിശ്വാസികളെ ഫലപ്രാപ്തിയുള്ള കൃപാസ്വീകരണത്തിനും യഥാവിധമായ ഈശ്വരാരാധനയ്ക്കും സ്നേഹ പ്രവൃത്തികളുടെ പരിശീലനത്തിനും അത്യധികം യോഗ്യരാക്കുന്നു."

ആംഗ്ലിക്കൻ സഭയിലെ ആരാധനക്രമത്തിൽ കാണുന്ന നിർവ്വചനം ഇങ്ങനെയാണ്. "നമുക്ക് നൽകപ്പെടുന്ന ആന്തരികവും ആത്മികവുമായ കൃപയെ സ്വീകരിക്കുന്നതിനുള്ള ഉപാധിയും ആ കൃപയെക്കുറിച്ച് നമുക്ക് ഉറപ്പു നൽകുന്ന പ്രതീകവുമായി ക്രിസ്തുവിനാൽ തന്നെ സ്ഥാപിത മായ ബാഹ്യവും ദൃശ്യവുമായ സംജ്ഞയാണ് കൂദാശ."

### അർത്ഥവ്യാപ്തി

പൗരസ്ത്യ ക്രിസ്തീയ ചിന്താഗതികൾ കൂദാശകളെ രഹസ്യങ്ങ ളെന്നാണ് വിളിക്കുന്നത് (റോസാ). ഈശ്വരസന്നിധാനമായ സ്വർഗ്ഗീയ ലോകത്തിൽ നിതാന്തമായി നിലകൊള്ളുന്ന മഹാരഹസ്യങ്ങളിൽ മനു ഷ്യരെ പ്രവേശിപ്പിക്കുകയാണ് കൂദാശകളുടെ ലക്ഷ്യം. സ്വർഗ്ഗത്തിലും ഭൂമിയിലും മാലാഖമാരും മനുഷ്യരും ഒരുമിച്ചുള്ള ഒരു ദിവ്യസമൂഹമുണ്ട്. അവിടെയാണ് ഈശ്വരനെ അറിയുവാനും ഈശ്വരന്റെ പ്രവർത്തനങ്ങളെ വിവേചിച്ച് അറിയുവാനും സാധിയ്ക്കുന്നത്. ആ ദിവ്യസമൂഹത്തിന്റെ ഭൗമിക പ്രത്യക്ഷീകരണമാണ് ഇവിടെയുള്ള സഭ. ക്രിസ്തു ക്രൂശിൽ അനുഷ്ഠിച്ച ദിവ്യബലി ഇന്നും മനുഷ്യർക്കുവേണ്ടി സ്വർഗ്ഗത്തിൽ നില കൊള്ളുന്ന ഒരു നിതാന്ത രഹസ്യമാണ്. അതിന്റെ ഭാഗഭാക്കുകളാകു വാൻ നമ്മെ സഹായിക്കുന്ന സഭയുടെ ഒരു ആരാധനാരൂപമാണ് കൂദാശ.

### എണ്ണം

കൂദാശകളെത്രയാണെന്ന് പാശ്ചാത്യസഭ മാത്രമേ ഔദ്യോഗികമായി ക്ലിപ്തപ്പെടുത്തിയിട്ടുള്ളു. അതും പതിനാറാം ശതാബ്ദത്തിൽ തന്നെ കൂദാശകൾ ഏഴു മാത്രമേയുള്ളുയെന്ന അഭിപ്രായമുണ്ടായെങ്കിലും ഏവ യെല്ലാമാണ് കൂദാശകൾ എന്ന കാര്യത്തിൽ അഭിപ്രായൈക്യമുണ്ടായില്ല. സെന്റ് വിക്ടറിലെ ഹ്യൂഗോ (1141-ൽ അന്തരിച്ചു) മുപ്പതു കൂദാശകളുടെ പേർ പറയുന്നു. പീറ്റർ ലൊംബാർഡിന്റെ (1100-1160) ലിസ്റ്റിലാണ് ഏഴു കൂദാശകൾ ആദ്യമായി കാണുന്നത്. അവ ദിവ്യസ്നാനം (ബാപ്റ്റിസം), സ്ഥൈര്യലേപനം (കൺഫർമേഷൻ), സ്തോത്രബലി (കുർബ്ബാന),

കുമ്പസാരം, അന്ത്യകൂദാശ, ആചാര്യത്വം, വിവാഹം എന്നിവയത്രേ. തോമസ് അക്വിനാസ് ഈ ലിസ്റ്റ് അതേപടി സ്വീകരിച്ചു. ഫ്ളോറൻസിലെ സുന്നഹദോസ് (1439) ഇത് "അർമ്മേനിയാക്കാർക്കുള്ള വ്യവസ്ഥ"യിൽ സ്വീകരിച്ചു. ത്രെന്ത് സുന്നഹദോസ് (1545–63) ഔദ്യോഗികമായംഗീകരിച്ചു. ഏഴും ക്രിസ്തു തന്നെ സ്ഥാപിച്ചതാണെന്നും തീരുമാനിച്ചു. എപ്പോൾ എവിടെ വെച്ചു സ്ഥാപിച്ചു എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഇപ്പോഴുമുണ്ട്.

പൗരസ്ത്യസഭകൾ കൂദാശകളുടെ സംഖ്യ ഏഴെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ഏറെക്കുറെ അങ്ങിനെയാണ് പഠിപ്പിക്കുന്നത്. സ്ഥൈര്യലേപനത്തിന്റെ സ്ഥാനത്ത് മൂറോനും അന്ത്യകൂദാശയുടെ സ്ഥാനത്ത് രോഗികളുടെ തൈലാഭിഷേകവുമാണ് കിഴക്കർക്കുള്ളത്.

ആംഗ്ലിക്കൻ സഭയുടെ ഔദ്യോഗിക വിശ്വാസത്തിൽ "സുവിശേഷത്തിൽ നമ്മുടെ നാഥനായ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട രണ്ടു കൂദാശകൾ" ദിവ്യസ്നാനവും വിശുദ്ധ സ്തോത്രബലിയുമാണ്. കൂദാശകളെന്ന് വിളിക്കപ്പെടുന്ന മറ്റഞ്ചും ദൈവസ്ഥാപിതങ്ങളല്ലെന്ന് "39 നിബന്ധനകൾ" പഠിപ്പിക്കുന്നു.

പ്രോട്ടസ്റ്റന്റ് സഭകളുടെയിടയിൽ ക്വേക്കർമാരും രക്ഷാസൈന്യവും കൂദാശകളേയനുഷ്ഠിക്കുന്നില്ല. മറ്റുള്ളവർ മിക്കവരും തന്നെ "ദിവ്യസ്നാനവും തിരുവത്താഴവും" അനുഷ്ഠിക്കുന്നവരാണ്.

## വസ്തുവും രൂപവും

കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച് ഒരു കൂദാശയിലെ അവശ്യഘടകങ്ങൾ വസ്തുവും രൂപവുമാണ് (materia et forma). ദിവ്യസ്നാനത്തിലെ വസ്തു ജലം, രൂപം വിശുദ്ധ ത്രിത്വനാമത്തിലുള്ള സ്നാനവാചകം. സ്തോത്രബലിയിലെ വസ്തു അപ്പവും വീഞ്ഞും; രൂപം "ഇതെന്റെ ശരീരമാകുന്നു; ഇതെന്റെ രക്തമാകുന്നു" എന്ന പുരോഹിത വചനം.

വസ്തുവിനും രൂപത്തിനും പുറമെ അവശ്യമായുള്ള മൂന്നാം ഘടകമാണ് സഭ അനുഷ്ഠിയ്ക്കുവാനുള്ള പുരോഹിതന്റെ ഉദ്ദേശ്യം (intention). ഇത് മൂന്നും കൂടിയായാൽ കൂദാശ സാധുവായി; സാധാരണഗതിയിൽ അതിൽക്കൂടെ ദൈവകൃപ ലഭിച്ചുകൊള്ളും. എന്നാൽ സ്വീകരിക്കുന്നവന്റെ അനുതാപരാഹിത്യവും വിശ്വാസരാഹിത്യവും കൊണ്ട് കൃപാസ്വീകരണത്തിന് പ്രതിബന്ധമുണ്ടാക്കുവാൻ അവന് സാധിക്കും. അങ്ങിനെയെങ്കിൽ കൂദാശ 'സാധു' (Valid) ആണെങ്കിലും 'പ്രബലം' (efficacious) ആകയില്ല.

ഈ മേൽപ്പറഞ്ഞ ചിന്താരീതി അകത്തോലിക്കർക്ക്, പൊതുവെ സ്വീകാര്യമല്ല. വസ്തു, രൂപം, സാധുത, പ്രബലത ഇതൊക്കെ പാശ്ചാത്യ തത്വശാസ്ത്രത്തിന്റെയും നിയമസംഹിതയിലേയും തത്വങ്ങളാണ്. പൗരസ്ത്യവേദശാസ്ത്രത്തിൽ കൂദാശയെന്നത്, സഭയാകുന്ന സമൂഹത്തിൽ കൂടെ ക്രിസ്തുവാകുന്ന മഹാപുരോഹിതനും ക്രിസ്തുവിന്റെ ശരീരാംഗങ്ങളായ വിശ്വാസികളും ഒരുമിച്ചനുഷ്ഠിക്കുന്ന ഒരു കർമ്മമാണ്. വസ്തുവും രൂപവും ഉദ്ദേശ്യവും അനുതാപ വിശ്വാസ മനഃസ്ഥിതിയുമൊക്കെ അവശ്യം ആവശ്യം തന്നെ. പരിശുദ്ധാത്മ പ്രവർത്തനമാണ് കൂദാശശക്തിയുടെ രഹസ്യം. അതുണ്ടാകുന്നത് സഭയിലാണ്. സഭയ്ക്ക് ചില പ്രത്യേക അനുഷ്ഠാനക്രമങ്ങളുണ്ട്. അവയനുസരിച്ച് സഭ കൂദാശയനുഷ്ഠിക്കുമ്പോൾ ദൈവശക്തിയാൽ ഫലപ്രാപ്തിയുണ്ടാകുന്നുവെന്ന് പൗരസ്ത്യ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. വസ്തുവും, രൂപവും ഉദ്ദേശ്യവും കൊണ്ട് ഫലമുണ്ടാകണമെങ്കിൽ സഭയിൽ ദൈവാരാധനയുടെ അന്തരീക്ഷത്തിൽ പരിശുദ്ധാത്മ പ്രവർത്തനമുണ്ടാകണമെന്ന ചിന്താഗതിയിലേക്ക് കത്തോലിക്കാസഭയും നീങ്ങിക്കൊണ്ടിരിക്കുന്നു. കാറൾ റാനർ, ഇ. സ്ഖില്ല ബീക്സ് എന്നീ കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരാണ് ഈ ചിന്താപ്രസ്ഥാനത്തെ നയിക്കുന്നത്. ഈ പൗരസ്ത്യ ചിന്താഗതിയുടെ പാഠകന്മാരിൽ ഇന്ന് പ്രധാന സ്ഥാനമർഹിക്കുന്നത് അലക്സാണ്ടർ ഷ്മേമാൻ എന്ന റഷ്യൻ ഓർത്തഡോക്സ് സഭയിലെ പുരോഹിതനാണ്.

### പ്രതീകാർത്ഥം

ഓരോ കൂദാശയ്ക്കും ഓരോ പ്രത്യേക സംജ്ഞാർത്ഥമുണ്ട്. ദിവ്യസ്നാനം അല്ലെങ്കിൽ മാമോദീസ, മനുഷ്യൻ പൈശാചിക ശക്തികളുടെ മണ്ഡലത്തിൽ നിന്നും ദൈവരാജ്യത്തിലേക്ക് പ്രവേശിയ്ക്കുന്നതിന്റെയും, മരിച്ചുയിർത്തെഴുന്നേറ്റവനായ ക്രിസ്തുവിന്റെ മരണത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയാവുന്നതു മൂലം ആ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗമാകുന്നതിനേയും കുറിക്കുന്നു. ദൈവം നമ്മെ സ്വപുത്രീപുത്രന്മാരായി ദത്തെടുക്കുന്നുവെന്നും, നമ്മുടെ മൃത്യുന്മുഖമായ ജീവനുപകരം അമർത്യമായ ദൈവജീവൻ ദൈവം നമുക്ക് നൽകുന്നുവെന്നും, ലോകത്തിനു മുഴുവൻ വേണ്ടിയുള്ള സ്തോത്രബലിയാകുന്ന കുർബ്ബാനയിൽ ക്രിസ്തുവിനോടൊപ്പം പങ്കുചേരുന്നതിന് പരിശുദ്ധാത്മാവ് നമ്മെ അഭിഷേകം ചെയ്യുന്നുവെന്നും, വിശുദ്ധിയുടെയും അമർത്യതയുടേയും നിർമ്മലവസ്ത്രം ദൈവം നമ്മെ ധരിപ്പിയ്ക്കുന്നുവെന്നും, ദൈവം സൃഷ്ടിച്ചിട്ടുള്ള സർവ്വത്തിന്മേലും അധിപതിയായി തീരുവാൻ മനുഷ്യനെ ദൈവം കിരീടം ധരിപ്പിയ്ക്കുന്നുവെന്നും മാമ്മോദീസായ്ക്കർത്ഥമുണ്ട്. മറ്റു സർവ്വ കൂദാശകളുടേയും പ്രഥമപടിയും അടിസ്ഥാനവുമാണ് ദിവ്യസ്നാനം.

പരിശുദ്ധ സ്തോത്രബലി അഥവാ കുർബ്ബാന (പൗരസ്ത്യ സുറിയാനിയിൽ ഈ പദത്തിന് അർപ്പണം എന്നാണർത്ഥം) ലോകത്തിന്റേയും സർവ്വമനുഷ്യരുടേയും രക്ഷയ്ക്കുവേണ്ടി ക്രിസ്തുനാഥൻ കാൽവറിയിലർപ്പിച്ച നിത്യബലിയുടെ സ്ഥലകാലിക പ്രത്യക്ഷീകരണമാണ്. ഈ ബലി അർപ്പിക്കുന്നതിൽ ക്രിസ്ത്യാനികൾ മാത്രമേ പങ്കെടുക്കുന്നുള്ളുവെങ്കിലും സർവ്വമനുഷ്യരാശിയ്ക്കും വേണ്ടിയാണർപ്പിക്കപ്പെടുന്നത്. ഈ കൂദാശയിൽ മൺമയനായ മനുഷ്യൻ മണ്ണിൽനിന്നുണ്ടാകുന്ന അപ്പവീഞ്ഞുകളെ ദൈവത്തിന്നർപ്പിക്കുന്നതോടെ ആ അപ്പവീഞ്ഞുകളാൽ പരിപോഷിയ്ക്കപ്പെടുന്ന മനുഷ്യശരീരത്തേയും മനുഷ്യജീവനെയും മാത്രമല്ല, സൃഷ്ടി മുഴുവനേയും തന്നെ ദൈവത്തിന്നർപ്പിയ്ക്കുന്നു. കുർബ്ബാനയിൽ ദൈവം തന്റെ ശക്തിയാൽ അപ്പവീഞ്ഞുകളെ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കിതീർക്കുന്നു; ഈ ശരീരരക്തങ്ങളിൽ കൂടെ ദൈവം തന്നെത്തന്നെ മനുഷ്യന് സ്നേഹപൂർവ്വം നൽകുകയും മനുഷ്യനിൽ ദൈവം എഴുന്നെള്ളി വസിയ്ക്കുകയും ചെയ്യുന്നു.

പ്രോട്ടസ്റ്റന്റ് ക്രിസ്ത്യാനികൾ കുർബ്ബാന ബലിയാണെന്നോ അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായിത്തീരുന്നുവെന്നോ വിശ്വസിയ്ക്കുവാൻ സാധാരണയായി വിമുഖത കാണിയ്ക്കുന്നു.

പൗരസ്ത്യക്രിസ്ത്യാനികൾക്ക് സൈഥര്യലേപനം അല്ലെങ്കിൽ കൺഫർമേഷൻ എന്നൊരു ശുശ്രൂഷയില്ല. മാമോദീസായുടെ അവിഭാജ്യഘടകമായി അവർ മൂറോൻ അഭിഷേകം ചെയ്യുന്നു. യഥാർത്ഥത്തിൽ മൂറോൻ അഭിഷേകം ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും നമ്മെ പങ്കാളികളാക്കുന്നുവെന്നവർ വിശ്വസിക്കുന്നു.

മാമോദീസായ്ക്കു ശേഷമുണ്ടാകുന്ന ചെറിയ പാപങ്ങളിൽ നിന്ന് കഴുകപ്പെടുന്നതിനായി അനുതാപ പ്രകടനമെന്നർത്ഥമുള്ള കുമ്പസാരം എന്ന കൂദാശയുണ്ട്. രോഗം മനുഷ്യപാപത്തിന്റെ ഫലമാണെന്നും പരിശുദ്ധാത്മാവിന്റെ ശക്തി മൂലം സർവ്വരോഗങ്ങളിൽനിന്നും സ്വസ്ഥത നേടാൻ കഴിയുമെന്ന വിശ്വാസം മൂലം രോഗികളെ പ്രത്യേകം തൈലം കൊണ്ട് അഭിഷേകം ചെയ്ത് രോഗശാന്തിയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ഇതിനെ അന്ത്യകൂദാശയെന്ന് നിർവ്വചിയ്ക്കുന്നത് തീർച്ചയായും തെറ്റാണ്.

മേല്പറഞ്ഞ അഞ്ചു കൂദാശകളും എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമായി കരുതുന്നു. എന്നാൽ പ്രത്യേക വിളിയുള്ളവർക്ക് മാത്രമാണ് അവശേഷിയ്ക്കുന്ന രണ്ടു കൂദാശകൾ - വിവാഹവും, പൗരോഹിത്യവും. ക്രിസ്തുവും ക്രിസ്തുവിന്റെ മണവാട്ടിയായ സഭയും തമ്മിലുള്ള അഭേദ്യബന്ധം മൂലം പരസ്പരബദ്ധരായി ഒരു ശരീരമായിത്തീരുന്നുവെന്ന് സഭ പഠിപ്പിക്കുന്നു. സഭയിൽ സദാ മഹാപുരോഹിതനായും നല്ല ഇടയ

നായും നിലകൊള്ളുന്ന ക്രിസ്തുവിന്റെ ദൃശ്യപ്രതീകമായി പുരോഹിതനും ഇടയനുമായ എപ്പിസ്കോപ്പാ നിലകൊള്ളുന്നു. ആ എപ്പിസ്കോപ്പായോടനുബന്ധിച്ച് കശ്ശീശന്മാരുടെ സംഘവും ശെമ്മാശന്മാരുടെ (ശുശ്രൂഷകരുടെ) സംഘവും വർത്തിയ്ക്കുന്നു.

*(മലയാളത്തിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാനകോശത്തിനു വേണ്ടി എഴുതിയത്)*



# 3

# ശിശുസ്നാനം ദൈവഹിതമോ?

“വിശ്വസിക്കുകയും മാമ്മോദീസാ ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവനോ ശിക്ഷാവിധിക്കർഹനാകും” എന്ന് മർക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായം 16-ാം വാകൃത്തിൽ കാണുന്നു. അങ്ങിനെയെങ്കിൽ വിശ്വസിക്കുവാൻ പ്രായമില്ലാത്ത ശിശുക്കളെ മാമ്മോദീസാ മുക്കുന്നത് എങ്ങനെ ദൈവഹിതത്തിന് അനുരൂപമാകുവാൻ കഴിയും? വേദപുസ്തകത്തിൽ പറയുന്നത് മാത്രമേ വിശ്വസിക്കുവാൻ പാടുള്ളു എന്ന് വാദിക്കുന്ന ചില പുതിയ അമേരിക്കൻ മതക്കാരാണ് ഈ പ്രശ്നം വളരെയേറെ വാഗ്വൈഭവത്തോടെ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നത്തിന് സമാധാനമായി 12 ചെറിയ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1) മർക്കോസിന്റെ സുവിശേഷത്തിന്റെ ഏറ്റവും പുരാതനമായ കയ്യെഴുത്തുപ്രതികളിൽ മിക്കതിലും ഈ അവസാനഭാഗം കാണുന്നില്ലെന്നുള്ളത് വേദശാസ്ത്ര പണ്ഡിതന്മാർക്കറിയാവുന്ന ഒരു സംഗതിയാണ്. അതുകൊണ്ടാണ് പല വേദപുസ്തകങ്ങളിലും ഈ ഭാഗം ബ്രായ്ക്കറ്റിൽ ചേർക്കുകയോ വ്യത്യസ്തമായ ലിപിയിൽ മുദ്രണം ചെയ്യുകയോ ചെയ്തിട്ടുള്ളത്.

2) വി. വേദപുസ്തകത്തിൽ ശിശുസ്നാനത്തെ കുറിക്കുന്ന വേദഭാഗങ്ങളുണ്ട്. എന്നാൽ അവ ഒരു അവസാന തീരുമാനത്തിലേക്ക് നമ്മെ നയിക്കുവാൻ മതിയാകുന്നവയല്ല. പ്രത്യേകമായും അപ്പോസ്തോലപ്രവൃത്തികൾ 16-ാം അദ്ധ്യായത്തിൽ രണ്ടു കുടുംബങ്ങളിലുള്ള എല്ലാവരും മാമ്മോദീസാ മുങ്ങിയതായി എടുത്ത് പറയുന്നുണ്ട്. 16:15-ൽ ലിഡിയായും അവളുടെ കുടുംബം മുഴുവനും മാമ്മോദീസാ ഏറ്റതായി പറയുന്നു. ലിഡിയായ്ക്ക് എന്തു പ്രായമുണ്ടായിരുന്നെന്നോ അവൾക്കെത്ര കുട്ടികളുണ്ടായിരുന്നെന്നോ അവരിൽ എത്ര പേർ ശിശുക്കളായിരുന്നെന്നോ നമുക്ക് തീർച്ച പറയുവാൻ സാദ്ധ്യമല്ല. എന്നാൽ അവളും അവളുടെ ഭർത്താവും മാത്രമേ മാമ്മോദീസാ മുങ്ങിയുള്ളുവെങ്കിൽ കുടുംബം മുഴുവൻ എന്ന് പറയുവാൻ സാധാരണഗതിയിൽ സാധ്യതയില്ല. അതുപോലെ തന്നെ 16:33-ൽ ഫിലിപ്പിയയിലെ കാരാഗൃഹപാലകനും അവന്റെ കുടുംബം മുഴുവനും മാമ്മോദീസാ ഏറ്റതായി പറയുന്നു. സാധാരണഗതിയിൽ ചിന്തിച്ചാൽ ആ കൂട്ടത്തിൽ ശിശുക്കളും ഉണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. കാരണം അക്കാലത്ത്

"കുടുംബം മുഴുവൻ" എന്ന് പറഞ്ഞാൽ ഇന്നത്തെപ്പോലെ മാതാപിതാക്കളും പുത്രീപുത്രന്മാരും എന്നല്ല അർത്ഥം. മൂന്ന് തലമുറയിലെങ്കിലുമുള്ളവർ മുഴുവനും വീട്ടിലുള്ള അടിമകളും കൂടെ മൊത്തത്തിലാണ് സാധാരണയായി കുടുംബമെന്ന് പറഞ്ഞിരുന്നത്.

എന്നാൽ ഈ രണ്ടു കുടുംബങ്ങളിലും ശിശുക്കളില്ലായിരുന്നുവെന്ന് വരിക തീർത്തും അസാദ്ധ്യമല്ലാത്തതുകൊണ്ടാണ്, ഒരവസാന തീരുമാനത്തിലേക്ക് ഈ വാക്യങ്ങൾ നമ്മെ നയിക്കുന്നില്ല എന്ന് മുകളിൽ അഭിപ്രായപ്പെട്ടത്.

3) അപ്പസ്തോലപ്രവൃത്തികളിൽ വിവരിക്കുന്ന മാമ്മോദീസാകൾ എല്ലാംതന്നെ അക്രൈസ്തവർ പുതിയതായി ക്രൈസ്തവ സഭയിലേക്ക് വരുന്ന അവസരങ്ങളിലാണ്. അല്ലാതെ ക്രൈസ്തവ വിശ്വാസികളുടെ ശിശുക്കളെ മാമ്മോദീസാ മുക്കുന്ന കാര്യത്തെപ്പറ്റി അതിൽ വളരെയൊന്നും പ്രസ്താവിച്ചിട്ടില്ല. അതുകൊണ്ട് സഭ ഒരു സ്ഥലത്ത് ആദ്യമായി സ്ഥാപിക്കുമ്പോൾ, അല്ലെങ്കിൽ ക്രിസ്തേതരായ മനുഷ്യൻ (യഹൂദരും പുറജാതികളും) ആദ്യമായി വിശ്വസിക്കുമ്പോൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ; സഭ സ്ഥാപിതമായി ക്രിസ്തീയ വിശ്വാസികളായ മാതാപിതാക്കന്മാരുടെ ശിശുക്കൾ സഭയിലേയ്ക്ക് പ്രവേശിക്കുന്ന കാര്യത്തിന് നിർണ്ണായകമായ മാനദണ്ഡമാക്കുന്നത് ശരിയല്ല.

4) ഏതായാലും ആദിമസഭയിൽ ശിശുസ്നാനം നടന്നിരുന്നുവെന്ന് തീരുമാനിക്കുന്നതിൽ ആവശ്യമായ തെളിവ് വേദപുസ്തകത്തിലില്ലെങ്കിൽ, ആദിമസഭയിൽ വിശ്വാസികളുടെ കുട്ടികളെ പ്രായമായതിനുശേഷം മാത്രമേ മാമ്മോദീസാ മുക്കിയിരുന്നുവെന്നുള്ളതിന് വേദപുസ്തകത്തിൽ തെളിവ് അതിനേക്കാളും കുറവാണെന്നുള്ളത് നിസ്സംശയമാണ്.

5) എന്നാൽ വിശ്വാസികളുടെ കുട്ടികളും അവിശ്വാസികളുടെ കുട്ടികളും തമ്മിൽ എന്താണ് വ്യത്യാസം എന്ന് സംശയം തോന്നിയേക്കാം. 1 കൊരി. 7:14-ൽ പറയുന്നു. "അവിശ്വാസിയായ ഭർത്താവ് (വിശ്വാസിനിയായ) ഭാര്യായാൽ ശുദ്ധീകൃതനാകുന്നു. അവിശ്വാസിയായ ഭാര്യ (വിശ്വാസിയായ) ഭർത്താവ് മുഖാന്തിരം ശുദ്ധീകൃതയാകുന്നു. അങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ശിശുക്കൾ അശുദ്ധരായിരിക്കുമായിരുന്നല്ലോ. ഇപ്പോഴോ നിങ്ങളുടെ ശിശുക്കൾ വിശുദ്ധരാകുന്നു."

കൊരിന്ത്യ ലേഖനത്തിൽ "വിശുദ്ധൻ" എന്ന പദം ഉപയോഗിക്കുന്നത് മാമ്മോദീസാ മുങ്ങിയിട്ടുള്ള എല്ലാവരെയും കുറിച്ചാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ (1 കോരി. 1:2, 2 കൊരി. 1:1). ഈ മേലുദ്ധരിച്ച വാക്യത്തിൽ "നിങ്ങളുടെ ശിശുക്കൾ" എന്ന് പറയുന്നത് മാതാവോ പിതാവോ ഒരാൾ മാത്രം വിശ്വാസിയായിട്ടുള്ള കുടുംബത്തിലെ

ശിശുക്കളെക്കുറിച്ചാകാം. അല്ലെങ്കിൽ മാതാപിതാക്കൾ ഇരുവരും വിശ്വാസികളായിട്ടുള്ളവരുടെ ശിശുക്കളെക്കുറിച്ചുമാകാം. ഏതായാലും ആ ശിശുക്കളെ 'വിശുദ്ധർ' എന്ന് പൗലോസ് ശ്ലീഹാ വിളിക്കുന്നത് അവർ മാമ്മോദീസാ മുങ്ങിയിട്ടുള്ളതുകൊണ്ടാണെന്ന് അനുമാനിക്കുന്നതിൽ വലിയ തെറ്റൊന്നുമില്ല.

6) യഹൂദന്മാരുടെ പാരമ്പര്യമനുസരിച്ച് ഒരു യഹൂദ കുടുംബത്തിൽ ജനിച്ചവനു മാമ്മോദീസാ ആവശ്യമേയില്ലായിരുന്നു. പരിഛേദന മാത്രമേ വേണ്ടൂ. പുറജാതിക്കാരിൽ നിന്നും യഹൂദനാകുന്നവനു മാമ്മോദീസായും പരിഛേദനയും രണ്ടും വേണം. അതിനു കാരണം മാമ്മോദീസാ എന്നുള്ളത് യഹൂദവർഗ്ഗം മുഴുവൻ കൂടെ ഒരിക്കലായി ഈജിപ്റ്റിൽ നിന്നും പുറപ്പെട്ടു വന്ന് ചെങ്കടൽ കടന്നയവസരത്തിൽ ഏറ്റുകഴിഞ്ഞു എന്നുള്ളതാണ്. 'ചെങ്കടൽ മാമ്മോദീസാ' മൂലം ശുദ്ധീകരിക്കപ്പെട്ടിട്ടുള്ള യഹൂദ സമുദായത്തിൽ ജനിച്ചു വളർന്നവൻ തന്റെ ജനനം കൊണ്ടു തന്നെ ആ പൊതുശുദ്ധീകരണത്തിൽ പങ്കാളിയാകുന്നു. എന്നാൽ പുറജാതിക്കാരനാകട്ടെ ഇപ്പോഴും ലോകായതികനാണ്. അവനെ ലോകമാകുന്ന മിസ്രയീമിൽ നിന്നും മാമ്മോദീസായാകുന്ന ചെങ്കടലിൽ കൂടെ കടത്തിക്കൊണ്ട് വന്നെങ്കിൽ മാത്രമേ അവന് യഹൂദനാകുവാൻ കഴിയുകയുള്ളു.

എന്നാൽ അതേസമയം തന്നെ ഒരു പുറജാതി ദമ്പതികൾ മാമ്മോദീസായേറ്റു യഹൂദരായതിന് ശേഷം അവർക്ക് ജനിക്കുന്ന ശിശുക്കൾ യഹൂദന്മാരായി ജനനം മുതൽ തന്നെ എണ്ണപ്പെടുന്നതുകൊണ്ട് അവരെ എട്ടാംദിവസം പരിഛേദനം ചെയ്ത് പൂർണ്ണ യഹൂദരാക്കുന്നു. ഒരു യഹൂദകുടുംബത്തിൽ ജനിക്കുന്നതു മൂലം അവർ ശുദ്ധീകൃതരായി കരുതപ്പെടുന്നതു മൂലമാണ് അവരെ ജനനം മുതലേ യഹൂദരായി എണ്ണുന്നത്. ഈ തത്വം ക്രൈസ്തവരേയും ബാധിക്കും. ക്രിസ്തീയ മാതാപിതാക്കന്മാർക്ക് ജനിച്ച ശിശു, ജനനം മൂലം തന്നെ ശുദ്ധീകൃതനാണ്.

7) പരിഛേദനയും മാമ്മോദീസായും തമ്മിൽ കുറെ ബന്ധമുണ്ട്. രണ്ടും പൈശാചിക ബാന്ധവത്തെ വിട്ട് ദൈവത്തിന്റെ ജനങ്ങളായിത്തീരുന്നതിന്റെ പ്രതീകങ്ങളാണ്. അബ്രഹാമും ഇസ്ഹാക്കും യാക്കോബും പരിഛേദനയേറ്റതുകൊണ്ട് മാത്രം അവരുടെ മക്കളെല്ലാം വാഗ്ദത്തപുത്രരാകുന്നില്ല. ഓരോ വ്യക്തിയും പരിഛേദന മൂലം വ്യക്തിപരമായി ഈ ദൈവനിയമത്തിന്റെ (Covenant) പുത്രന്മാരായിത്തീരേണ്ടുന്നത് ആവശ്യമായിരുന്നു.

അതുപോലെയാണ് നമ്മുടെ മാമ്മോദീസായും. യഹൂദന്മാരുടെ പരിഛേദനത്തിന്റെയും മാമ്മോദീസായുടെയും അടിസ്ഥാനം ചെങ്കടൽ മാമ്മോദീസായാണെങ്കിൽ (1 കൊരി. 10:1 മുതൽ) ക്രിസ്തീയ മാമ്മോ

ദീസായുടെ അടിസ്ഥാനം ക്രിസ്തു നമുക്കുവേണ്ടിയേറ്റ മാമ്മോദീസാ യാണ്. ക്രിസ്തുവിന് പാപമില്ലായിരുന്നു. അവൻ മാമ്മോദീസായേറ്റത് സ്വന്തപാപങ്ങൾക്ക് വേണ്ടിയല്ല, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപങ്ങ ൾക്ക് വേണ്ടിയാണെന്നത് വ്യക്തമാണ്.

അങ്ങിനെ ക്രിസ്തുവിന്റെ മാമ്മോദീസായിലേക്ക് നമ്മെ കൂട്ടിച്ചേർക്കു ന്നതാണ് നമ്മുടെ മാമ്മോദീസാ. പക്ഷേ, അങ്ങിനെ കൂട്ടിച്ചേർക്കണ മെങ്കിൽ വ്യക്തികളുടെ സമ്മതവും വിശ്വാസവും ആവശ്യമല്ലേയെന്നാണ് ചോദ്യം. എന്നാൽ ഇസ്രായേൽ ജാതിയിൽ ജനിച്ചുവളർന്ന ഒരാൾ ദൈവ നിയമത്തിന്റെ പുത്രനായിത്തീരുന്നത് ജനിച്ച് എട്ടാം ദിവസമുള്ള പരി ഛേദന മൂലമായിരുന്നെങ്കിൽ ആ ശിശുവിന്റെ സമ്മതമോ വിശ്വാസമോ അവിടെ ആവശ്യപ്പെട്ടു കാണുകയില്ലല്ലോ. ഒരു യഹൂദ ശിശുവിനെ എട്ടാം ദിവസം പരിഛേദന ചെയ്യുന്നത് ആ ശിശുവിന്റെ വിശ്വാസം മൂലമല്ല, പിന്നെയോ മാതാപിതാക്കന്മാർ ദൈവനിയമത്തിന്റെ (അഥവാ ഉഭയ സമ്മതത്തിന്റെ) പുത്രന്മാരായതുകൊണ്ടും, ആ ബന്ധത്തിൽ തങ്ങളുടെ ശിശുക്കളെ വളർത്തിക്കൊണ്ടു വരാമെന്ന് അവർ ഉറപ്പു നൽകുന്നതി നാലുമാണ്.

ക്രിസ്തീയ മാമ്മോദീസായിൽ മാതാപിതാക്കന്മാരും, ശിശുവിന്റെ സ്നാനപിതാവോ മാതാവോ ആയി ശിശുവിനുവേണ്ടി വിശ്വാസ പ്രഖ്യാ പനം ചെയ്യുന്നയാളും നൽകുന്ന ഉറപ്പിന്മേലാണ്, സഭ ഒരു ക്രിസ്തീയ ശിശുവിനെ സഭയുടെ അംഗമായി സ്വീകരിക്കുന്നത്. മാതാപിതാക്കന്മാർ അക്രൈസ്തവരാണെങ്കിൽ, അല്ലെങ്കിൽ ആ ശിശുവിനെ സഭാസമ്പർക്ക ത്തിൽ വളർത്തിക്കൊണ്ടു വരാമെന്നു ഉറപ്പുനൽകുന്ന ക്രിസ്തീയ വിശ്വാ സിയല്ലെങ്കിൽ ഒരു ശിശുവിനെ മാമ്മോദീസാ മുക്കുവാൻ സാധാരണഗ തിയിൽ സഭയനുവദിക്കുന്നില്ല.

8) മാമ്മോദീസാ ഏൽക്കുന്നതും മാമ്മോദീസാ മുങ്ങിയ അവസ്ഥയിൽ ജീവിക്കുന്നതും പരസ്പരബന്ധിതമായ കാര്യങ്ങളാണെങ്കിലും രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. മാമ്മോദീസാ മുങ്ങിയ എല്ലാവരും രക്ഷിക്ക പ്പെട്ടുകൊള്ളുമെന്ന് സഭ പഠിപ്പിക്കുന്നില്ല. എബ്രായ ലേഖനം 6-ാം അദ്ധ്യായത്തിലും (6:1-6) 10-ാം അദ്ധ്യായത്തിലും (10:22-31) മാമ്മോദീസാ മുങ്ങിയതിന് ശേഷം അവിശ്വാസത്തിലേക്ക് തിരിയുന്നവരുടെ അവസ്ഥ യെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. 1 കൊരി. 10-ാം അദ്ധ്യായ ത്തിൽ പൗലോസ് ശ്ലീഹാ കൊരിന്തിലെ ക്രിസ്തീയർക്ക് വളരെ കർശ നമായ ഒരു താക്കീതാണ് നൽകുന്നത്. അതായത്, മിസ്രയീമിൽ നിന്നും ചെങ്കടൽ മാമ്മോദീസായേറ്റ് അനേകർ കടന്നുപോന്നുവെങ്കിലും അവരിൽ പലരും ദൈവകോപത്തിനർഹരായി മരുഭൂമിയിൽ വച്ച് നശി

ച്ചുപോയതുപോലെ, കൊരിന്തിലെ മാമ്മോദീസാ മുങ്ങിയ ക്രിസ്ത്യാനികളും നശിച്ചുപോകാതെ സൂക്ഷിച്ചുകൊള്ളണമെന്നുള്ളതാണ് അപ്പോസ്തോല ശാസനം.

അതായത്, മാമ്മോദീസാ ഏറ്റതുകൊണ്ട് മാത്രമായില്ല. മാമ്മോദീസായ്ക്ക് ശേഷം വിശ്വാസജീവിതം തുടർന്നെങ്കിൽ മാത്രമേ രക്ഷിക്കപ്പെടുകയുള്ളുവെന്ന് ചുരുക്കം. രക്ഷയുടെ കാര്യത്തിൽ നിർണ്ണായകമായിട്ടുള്ളത് മാമ്മോദീസാ മുങ്ങുന്ന അവസരത്തിൽ സ്നാനാർത്ഥിക്കുള്ള വിശ്വാസമല്ല, മാമ്മോദീസാ മുങ്ങിയതിന് ശേഷം പ്രായപൂർത്തി വരുമ്പോൾ ഉണ്ടാകുന്ന വിശ്വാസമോ അവിശ്വാസമോ ആണെന്നാണ് ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നത്. ശിശുസ്നാനം കൊണ്ടോ പ്രായപൂർത്തിയായതിനു ശേഷമുള്ള സ്നാനം കൊണ്ടോ മാത്രം കാര്യം തീരുന്നില്ല. സ്നാനത്തിന് ശേഷമുള്ള ഐഹിക ജീവിതമാണ് വിശ്വാസ പ്രകടനത്തിനുള്ള അവസരം.

9) ഒരാളുടെ വിശ്വാസം കൊണ്ടു മാത്രമേ അയാൾക്ക് രക്ഷയുണ്ടാവുകയുള്ളുവെന്ന് വേദപുസ്തകം പഠിപ്പിക്കുന്നില്ല. വി. മർക്കോസിന്റെ സുവിശേഷം 2-ാം അദ്ധ്യായത്തിൽ തളർവ്വാതക്കാരനെ സൗഖ്യമാക്കുന്നത് അയാളുടെ വിശ്വാസം കൊണ്ടായിരുന്നില്ലല്ലോ. “യേശു അവരുടെ” (തളർവ്വാതക്കാരനെ കട്ടിലിന്മേൽ കിടത്തി ചുമന്നുകൊണ്ടുവന്ന നാലു പേരുടെ) വിശ്വാസം കണ്ടിട്ട് തളർവാതരോഗിയോട് മകനെ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു” (വി. മർക്കോസ് 2:5). അതുപോലെ തന്നെ വി. മത്തായിയുടെ സുവിശേഷം 8:5 മുതലുള്ള വാക്യങ്ങളിൽ ശതാധിപന്റെ വിശ്വാസം കൊണ്ടാണ് അവന്റെ ഭൃത്യൻ സൗഖ്യപ്പെടുന്നത് (8:10). ആ ഭൃത്യൻ കർത്താവിനെ കണ്ടതായിപ്പോലും പറയുന്നില്ല. ശതാധിപൻ വിശ്വാസം പ്രകടിപ്പിച്ച ആ നിമിഷത്തിൽ ഭൃത്യന് സൗഖ്യമായതായിട്ടാണ് കാണുന്നത് (8:13).

10) വി. മത്തായിയുടെ സുവിശേഷം 17:14 മുതലുള്ള വാക്യങ്ങളിൽ ഒരു മനുഷ്യൻ പിശാചുബാധിതനായ തന്റെ മകനെ ശിഷ്യന്മാരുടെ അടുത്ത് കൊണ്ടുവന്നിട്ട് അവർക്ക് അവനെ സൗഖ്യമാക്കാൻ സാധിക്കാത്തതായി കാണുന്നു. ആ ബാലന്റെ പിതാവിന്റെയോ (മർക്കോ. 9:24) ആ ബാലന്റെയോ അവിശ്വാസമല്ല അതിന് കാരണം. പിന്നെയോ ശ്ലീഹന്മാരുടെ വിശ്വാസരാഹിത്യമായിരുന്നു. അതുപോലെ തന്നെ ഇന്നും മാമ്മോദീസായിൽ മാതാപിതാക്കന്മാരുടേയോ സ്നാനപിതാവിന്റെയോ വിശ്വാസമുണ്ടായാൽ മാത്രം പോരാ. വിശ്വാസമുള്ള ഒരു സഭയ്ക്ക് മാത്രമേ യഥാർത്ഥ മാമ്മോദീസാ നൽകുവാൻ കഴിയുകയുള്ളു.

മേൽപറഞ്ഞ കാര്യങ്ങളെ ഇങ്ങനെ സമാഹരിക്കാം.

a) മാമ്മോദീസായിൽ സഭയുടെ പൊതുവേയുള്ള വിശ്വാസവും സ്നാനാർത്ഥിയുടേയോ അല്ലെങ്കിൽ സ്നാനാർത്ഥിക്കുവേണ്ടി പ്രത്യേകം ചിലരുടേയോ വിശ്വാസവും എല്ലായ്പ്പോഴും ആവശ്യമാണ്.

b) പ്രായപൂർത്തിയായ പുറജാതിക്കാരന്റെ മാമ്മോദീസായിൽ സ്നാനാർത്ഥിയുടെ വിശ്വാസം മാമ്മോദീസായ്ക്ക് മുമ്പുതന്നെ ഉണ്ടായിരിക്കണം.

c) മാമ്മോദീസാ മുങ്ങിയതിന് ശേഷമുള്ള വിശ്വാസം, ക്രിസ്തീയ ശിശുവായാലും പുറജാതിക്കാരനായാലും എല്ലാവർക്കും ആവശ്യമാണ്.

11) ക്രിസ്തീയ ശിശുക്കളെ മാമ്മോദീസായിൽ നിന്ന് വിലക്കുന്നത് ദൈവഹിതമല്ലെന്ന് വേദപുസ്തകത്തിൽ വളരെ വ്യക്തമായി കാണുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷം 10:13–16 –ലും വി. മത്തായിയുടെ സുവിശേഷം 19:13–15 –ലും കാണുന്ന സംഭവം, ശിശുസ്നാനത്തെപ്പറ്റി ആദിമസഭയിലുണ്ടായ ചില സംശയങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു വേണ്ടിയാണ് സുവിശേഷകന്മാർ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ശിശുക്കൾ കർത്താവിന്റെയടുക്കൽ വരുന്നതിൽനിന്നു വിലക്കിയവരെ താൻ കർശനമായി ശാസിക്കുന്നു. ദൈവരാജ്യം ശിശുക്കളുടേതാണെന്ന് താൻ വ്യക്തമായിപ്പറയുന്നു. ശിശുക്കളെ താൻ സ്വന്ത കൈയിൽ എടുത്ത് അവരുടെ മേൽ കൈ വച്ച് അവരെ അനുഗ്രഹിക്കുന്നു (മർക്കോസ് 10:16). പിന്നെ ശിശുക്കളെ മാമ്മോദീസാ മുക്കരുതെന്നും അവരെ ദൈവരാജ്യത്തിൽ പ്രവേശിപ്പിക്കരുതെന്നും ദൈവരാജ്യം പ്രായപൂർത്തിയായവർക്ക് മാത്രമുള്ളതാണെന്നും വാദിക്കുന്നവരെ ദൈവം കർശനമായി ശാസിക്കാതിരിക്കുമോ?

12) വിശുദ്ധ മാമ്മോദീസായുടെ ക്രമത്തെക്കുറിച്ച് നമുക്കുള്ള ഏറ്റവും ആദ്യത്തെ തെളിവ് പാശ്ചാത്യസഭയുടെ ഹിപ്പോലിറ്റസ് (Hippolytus) ക്രിസ്താബ്ദം 215–ൽ രചിച്ച "ശ്ലൈഹികപാരമ്പര്യം" (Apostolio Tradition) എന്ന ഗ്രീക്കു പുസ്തകമാണ്. അപ്പോസ്തോലന്മാരുടെ കാലം മുതൽ സഭയിലുള്ള പാരമ്പര്യത്തെയാണ് അവിടെ വിവരിക്കുന്നത്. അതിന്റെ 21–ാം അദ്ധ്യായം നാലും അഞ്ചും വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു:

"അവർ ചെറിയ കുട്ടികളെ ആദ്യം മാമ്മോദീസാ മുക്കട്ടെ. അവർക്കു മറുപടി പറയുവാൻ പ്രായമുണ്ടെങ്കിൽ അവർ തന്നെ പറയട്ടെ. ഇല്ലെങ്കിൽ അവരുടെ മാതാപിതാക്കന്മാരോ അവരുടെ കുടുംബത്തിൽപ്പെട്ട ആരെങ്കിലുമോ മറുപടി പറയട്ടെ.

അതിനുശേഷം പ്രായപൂർത്തിയായ പുരുഷന്മാരെ മാമ്മോദീസാ മുക്കുക. മൂന്നാമതായി പ്രായപൂർത്തിയായ സ്ത്രീകൾ അവരുടെ തല മുടി അഴിച്ചിട്ട്, ആഭരണങ്ങൾ ഊരിവച്ചതിനു ശേഷം അവരെയും മാമ്മോദീസാ മുക്കുക.”

ചുരുക്കിപ്പറഞ്ഞാൽ അവിശ്വാസികളുടെയിടയിൽ ആദ്യമായി സഭ സ്ഥാപിക്കപ്പെടുമ്പോഴും, പുറജാതികൾ വിശ്വസിച്ച് സഭയിലേയ്ക്ക് വരുമ്പോഴും പ്രായപൂർത്തിയായവരുടെ മാമ്മോദീസായാണ് ആവശ്യം. ക്രിസ്തീയ സഭയിൽ ക്രിസ്തീയ മാതാപിതാക്കന്മാരുടെ പുത്രീപുത്രന്മാർക്ക് ശൈശവത്തിൽത്തന്നെയുള്ള മാമ്മോദീസായാണ് സ്വാഭാവികമായും, സഭാവിശ്വാസാനുസൃതമായും ദൈവഹിതമായിട്ടും ഉള്ളത്.



# 4

# പരിശുദ്ധാത്മ ദാനങ്ങളും വിടുതൽ പ്രസ്ഥാനങ്ങളും

വിടുതൽ പ്രസ്ഥാനം ഇന്ന് ലോകവ്യാപകമായിത്തീർന്നിരിക്കുകയാണ്. കത്തോലിക്കാസഭയിലും ആംഗ്ലിക്കൻ സഭയിലും ബാപ്റ്റിസ്റ്റ് സംഘങ്ങളിലും മാത്രമല്ല, അമേരിക്കയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ പോലും 'കരിസ്മാറ്റിക് മൂവ്മെന്റ്'' അല്ലെങ്കിൽ 'പരിശുദ്ധാത്മദാന പ്രസ്ഥാനം' നടപ്പിലുണ്ട്. തെക്കേ അമേരിക്കയിലെ പെന്തിക്കോസ്തൽ സഭകളിൽ ഈ പ്രസ്ഥാനം ഇരുപത് വർഷങ്ങൾക്കു മുമ്പ് വ്യാപിച്ച് വികസിച്ച് ഇന്ന് ആ സഭകൾ ലോകത്തിലെ പ്രധാന സഭാവിഭാഗങ്ങളിലൊന്നായി വളർന്നിരിക്കുകയാണ്.

പക്ഷേ, ഓരോ സ്ഥലത്തും ഓരോ സഭയിലും ഉള്ള വിടുതൽ പ്രസ്ഥാനത്തിന് അതതിന്റേതായ പ്രത്യേകതകളുണ്ട്. കേരളത്തിലെ കത്തോലിക്കാസഭയിൽ വിടുതൽ പ്രസ്ഥാനം ശക്തിയായി പ്രവർത്തിക്കുന്നുണ്ട്. സാധാരണയായി ഒരു പുരോഹിതന്റെയും ഒരു കന്യാസ്ത്രീയുടേയും നേതൃത്വത്തിലാണ് കത്തോലിക്കാ സഭയിലെ വിടുതൽ ഗ്രൂപ്പുകൾ. അത്മായനേതൃത്വത്തിന് അതിന്റെ സ്ഥാനമുണ്ടെങ്കിലും പൗരോഹിത്യ നൽവരമോ സഭയിൽ ഔദ്യോഗികമായ സ്ഥാനമോ ഉള്ളവരുടെ നേതൃത്വത്തിൽ വേണം ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ. അതല്ലെങ്കിൽ വഴിതെറ്റിപ്പോകുവാൻ ധാരാളം സാദ്ധ്യതയുണ്ട് എന്ന് അവർ വിശ്വസിക്കുന്നു.

കുർബ്ബാനയിലുള്ള സംബന്ധവും പള്ളിയിലുള്ള ആരാധനയുമാണ് കത്തോലിക്കാ സഭയിലെ വിടുതൽ പ്രസ്ഥാനത്തിൽ പ്രധാനമായിട്ടുള്ളത്. ഇടദിവസങ്ങളിലും, ഞായറാഴ്ച ഉച്ച കഴിഞ്ഞും അവർ പള്ളിയിൽ കൂടി കുർബാനയിൽ സംബന്ധിക്കുകയും അനുഭവിക്കുകയും ചെയ്യുകയും പിന്നീട് ധ്യാനയോഗങ്ങൾ പോലെ നടത്തുകയും ചെയ്യുന്നു. ചിലപ്പോഴൊക്കെ വീടുകളിലും കൂടി പ്രാർത്ഥിക്കും. പ്രത്യേകിച്ച് രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. മറുഭാഷകളുടെ നൽവരവും അവർക്ക് ചിലപ്പോഴൊക്കെ അനുഭവപ്പെടാറുണ്ടെങ്കിൽ മറുഭാഷ സംസാരിച്ചെങ്കിലേ പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെ ഉറപ്പുണ്ടാകുകയുള്ളു എന്ന് അവർ വിശ്വസിക്കുന്നില്ല.

അമേരിക്കയിലെ ഓർത്തഡോക്സ് സഭയിലെ പരിശുദ്ധാത്മദാന പ്രസ്ഥാനത്തിലും പൗരോഹിത്യ നേതൃത്വത്തിനും വി. കുർബാനയിൽ

കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരാധനയ്ക്കും പ്രധാന സ്ഥാനമാണ് കൊടുക്കുന്നത്.

നമ്മുടെ നാട്ടിലെ ഓർത്തഡോക്സ് സഭയിലെ വിടുതൽ പ്രസ്ഥാനത്തിലും മൂന്നോ നാലോ പുരോഹിതന്മാർ ഉണ്ടെങ്കിലും അൽമായ നേതൃത്വത്തിനാണ് മുൻതൂക്കം. കുർബ്ബാനയിൽ സംബന്ധിക്കുന്നതും അനുഭവിക്കുന്നതും മറ്റുള്ളവരേക്കാൾ കൂടുതലുണ്ടെങ്കിലും അതിന് കേന്ദ്രികമായ സ്ഥാനം കൊടുക്കുന്നുണ്ടോ എന്ന് സംശയമാണ്.

ഈ പരിതഃസ്ഥിതിയിൽ പരിശുദ്ധാത്മ പ്രവർത്തനങ്ങളെക്കുറിച്ചും ദാനങ്ങളെക്കുറിച്ചും സഭയുടെ വിശ്വാസം എന്താണെന്ന് അറിയുന്നത് പ്രയോജനപ്രദമായിരിക്കുമെന്ന് തോന്നുന്നു.

### പരിശുദ്ധാത്മാവിന്റെ ആളത്വം

പരിശുദ്ധാത്മാവിന്റെ ആളത്വത്തിന് നാം നൽകുന്ന അതിപ്രാധാന്യം പാശ്ചാത്യസഭകളിൽ നഷ്ടപ്പെട്ടു പോയിട്ട് നൂറ്റാണ്ടുകൾ പലതായി. പൗരസ്ത്യ സഭകളിൽ പരിശുദ്ധാത്മാവിന്റെ ആളത്വത്തേയും പ്രവർത്തനത്തേയുംപറ്റിയുള്ള വിശ്വാസം വ്യക്തമായി കാണുന്നതു പെന്തിക്കോസ്തി പെരുന്നാളിലെ നമ്മുടെ ആരാധനക്രമത്തിലാണ്. പരിശുദ്ധനായ മാർ ബസേലിയോസ് നാലാം ശതാബ്ദത്തിൽ പരിശുദ്ധ റൂഹായെപ്പറ്റി വേദാധിഷ്ഠിതമായി എഴുതിയ കൃതിയിലെ ആശയങ്ങളാണ് ഈ പ്രാർത്ഥനകളിൽ അധികമായി കാണുന്നത്. അതിന്റെ ചുരുക്കം ഇങ്ങനെ ആണ്.

1. പിതാവും പുത്രനും പരിശുദ്ധ റൂഹായും തമ്മിൽ വേർതിരിപ്പാൻ സാദ്ധ്യമല്ല. പിതാവും പുത്രനും പരിശുദ്ധ റൂഹായും ഏകദൈവമാകുന്നു. പിതാവിനോടൊപ്പം പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ സകല മാനുഷിക ചിന്തകൾക്കും നിരൂപണങ്ങൾക്കും അതീതനായി, സ്വയംഭൂവും, സ്വയം അറിയുന്നവനും സ്വയം ശക്തനുമായി നിലകൊള്ളുന്നു. ഒരു ക്നൂമാ മറ്റൊന്നിനേക്കാൾ പ്രായം കൂടിയതോ, ഒന്ന് മറ്റൊന്നിൽ നിന്ന് അകന്നു നിൽക്കുന്നതോ, വലിപ്പച്ചെറുപ്പമുള്ളതോ അല്ല.

2. പരിശുദ്ധ റൂഹാ പിതാവിൽ നിന്ന് വ്യാഖ്യാനാതീതമായ രീതിയിൽ നിത്യമായി പുറപ്പെടുന്നു. റൂഹാ സത്യത്തിന്റെ ആത്മാവാകയാൽ വ്യാജത്തേയും, കപടത്തേയും ദൂരീകരിച്ച് സത്യം വെളിപ്പെടുത്തുന്നു. റൂഹാ ശക്തിയുടെ റൂഹായാകയാൽ ബലമില്ലാത്തവരെ താങ്ങിയെഴുന്നേല്പിച്ച് വലിയ ശക്തി നൽകുന്നവനാകുന്നു. ആത്മീയശക്തിയും ശാരീരിക ശക്തിയും ബുദ്ധിശക്തിയും എല്ലാം പരിശുദ്ധ റൂഹായിൽ നിന്നുള്ളതാകുന്നു. റൂഹാ രാജകീയാത്മാവാകുന്നു (റൂഹോ മൽകോയോ); ദാസ

നല്ല; ആർക്കും പരിശുദ്ധറൂഹാ എന്റെയോ ഞങ്ങളുടെയോ കുത്തകയാണെന്ന് പറയാൻ സാദ്ധ്യമല്ല. അവന് ഞാൻ വിധേയനാവുകയല്ലാതെ അവനെ എന്റേതാക്കുവാൻ സാദ്ധ്യമല്ല. കാപട്യവും മറച്ചുവയ്ക്കലും എവിടെയുണ്ടോ അവിടെ റൂഹായുടെ പ്രവർത്തനത്തിന്റെ പൂർണ്ണതയില്ല.

3. റൂഹാ സ്നേഹത്തിന്റെയും മദ്ധ്യസ്ഥ പ്രാർത്ഥനയുടെയും റൂഹായാകുന്നു (റൂഹോ റോഹെംബ്നായ്നോഷോ, റൂഹോമ്ബായോനോ). എല്ലാ സമയത്തും എല്ലാ മനുഷ്യരോടും സ്നേഹമുള്ളവരും എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നവരുമായിട്ടുള്ളവരിലുമാണ് റൂഹായുടെ പ്രവർത്തനം ഏറ്റവും പൂർണ്ണമായി കാണുന്നത്. മറ്റുള്ളവരെ ദ്വേഷിക്കുകയോ നിന്ദിക്കുകയോ പുച്ഛിക്കുകയോ അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വൈമനസ്യം കാണിക്കുകയോ ചെയ്യുന്നവരിൽ റൂഹായുടെ പ്രവർത്തനത്തിന്റെ പൂർണ്ണതയില്ലെന്ന് സുവ്യക്തമാണ്.

4. റൂഹാ നന്മയുടെയും വിജ്ഞാനത്തിന്റെയും വീര്യത്തിന്റെയും റൂഹായാകുന്നു (റൂഹോതോബോ, റൂഹോദ്ഹേകുംതോ, റൂഹോദ് ഗാബോറൂഥോ). നന്മയും വിജ്ഞാനവും ഭയമില്ലാത്ത സത്യസന്ധതയും എവിടെ കാണുന്നുവോ അവിടെ റൂഹായുടെ പ്രവർത്തനമുണ്ട്. പാവപ്പെട്ടവനെ സഹായിക്കാൻ വൈമുഖ്യം കാണിക്കുന്നവനും കള്ളന്മാരുടെയിടയിൽ വീണ് പരുക്കു പറ്റിയവന് ശുശ്രൂഷ ചെയ്യാത്തവനും, കുഴിയിൽ വീണവനെ വലിച്ചുകയറ്റാൻ മടി കാണിക്കുന്നവനും റൂഹായ്ക്കുള്ളവരല്ല. മനുഷ്യരുടെ ആത്മാവിനെപ്പറ്റി മാത്രമേ എനിക്ക് താൽപര്യമുള്ളു; അവരുടെ മാനുഷികാവശ്യങ്ങളെക്കുറിച്ച് എനിക്ക് ചുമതലയൊന്നുമില്ല എന്നു പറയുന്നവർ യഥാർത്ഥത്തിൽ ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും അറിയാത്തവരാണ്. ദൈവം മനുഷ്യന്റെ ആദ്ധ്യാത്മികാവശ്യങ്ങളെ മാത്രമല്ല മാനുഷികാവശ്യങ്ങളെയും നടത്തിക്കൊടുക്കുന്നവനാണല്ലോ. ഭക്ഷണമില്ലാത്തവർക്ക് ഭക്ഷണം കൊടുക്കാത്തവനും, ദാഹിക്കുന്നവന് വെള്ളം കൊടുക്കാത്തവനും, ഉടുപ്പില്ലാത്തവനെ ഉടുപ്പിക്കാത്തവനും, 'പോകുവിൻ നിങ്ങളെ ഞാൻ അറിയുന്നില്ല, ശപിക്കപ്പെട്ടവരേ, നിത്യാഗ്നിയിലേക്ക് പോകുവിൻ' എന്നുള്ള നിർദ്ദയശബ്ദം കേൾക്കേണ്ടി വരുമെന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു (വി. മത്തായി 25:31–46). പരിശുദ്ധാത്മാവുള്ളിടത്ത് പാവപ്പെട്ടവരോടും കഷ്ടപ്പെടുന്നവരോടും ഉള്ള നന്മപ്രവർത്തികൾ ധാരാളമായിക്കാണും. മറുഭാഷ സംസാരിക്കാത്തവൻ നരകാഗ്നിയിൽ പ്രവേശിക്കുമെന്ന് നമ്മുടെ കർത്താവ് പഠിപ്പിച്ചില്ല. എന്നാൽ പാവപ്പെട്ടവനോട് നന്മ പ്രവർത്തിക്കാത്തവരെ ശപിക്കപ്പെട്ടവരായി കർത്താവ് കണക്കാക്കുന്നു. പരിശുദ്ധാത്മാവ് മനുഷ്യസ്നേഹി (റൂഹോ റോഹെംബ്നായ് നോഷോ) യും നന്മകൾ പ്രവർത്തിക്കുന്നവനും (റൂഹോസോ ആർ നോബോഥോ) ആകയാൽ അങ്ങനെയുള്ള പ്രവൃത്തി

കളും മനുഷ്യരോടുള്ള സ്നേഹവും ഇല്ലാത്ത ഏത് പ്രസ്ഥാനവും പരിശുദ്ധാത്മാവിന്റേതല്ലെന്ന് സുവ്യക്തമാണ്.

**പരിശുദ്ധാത്മാഭിഷേകം**

പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്നതും പരിശുദ്ധാത്മ ദാനങ്ങൾ ലഭിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

പരിശുദ്ധാത്മാവിന്റെ അഭിഷേകം മാമോദീസായും മൂറോനഭിഷേകവും മൂലം എല്ലാ വിശ്വാസികൾക്കും ലഭിക്കുന്നു. ഇവിടെ പുരുഷനെന്നോ, സ്ത്രീയെന്നോ, പട്ടക്കാരനെന്നോ, അത്മായക്കാരനെന്നോ, വൃദ്ധനെന്നോ, ശിശുവെന്നോ, ഒക്കെയുള്ള വ്യത്യാസങ്ങൾക്കൊന്നും പ്രസക്തിയില്ല. ഗ്രീക്കു ഭാഷയിൽ ഖ്റീസ്മാ (Chrisma) എന്നു പറയുന്ന ഈ പരിശുദ്ധാത്മാഭിഷേകം നമുക്കെല്ലാമുണ്ട് എന്ന് 1 യോഹ. 2:20-ലും 27-ലും 2 കൊരി. 1:21-ലും കാണുന്നു. ഈ ഖ്റീസ്മ അല്ലെങ്കിൽ അഭിഷേകം (മെശ്ഹോ സുറിയാനിയിൽ) പ്രധാനമായി ലഭിച്ചിട്ടുള്ളത് ദൈവത്തിന്റെ അഭിഷിക്തനായ മിശിഹാതമ്പുരാന് തന്നെയാണ്. 'മ്ഷീഹോ' (Messiah) എന്നു വച്ചാലും ഖ്റീസ്തോസ് (christos) എന്നുവച്ചാലും അഭിഷിക്തൻ എന്നാണല്ലോ അർത്ഥം. ദൈവം തന്റെ പുത്രനെ അഭിഷേകം ചെയ്തതു മൂലം അവൻ അഭിഷിക്തൻ, അല്ലെങ്കിൽ ക്രിസ്തു, അല്ലെങ്കിൽ മശിഹായായി (അ.പ്ര. 4:27, 10:38).

നാമും മാമോദീസായിൽ ചേർത്ത വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ച്, മൂറോനഭിഷേകം പ്രാപിച്ച് പരിശുദ്ധാത്മാലയങ്ങളും ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളും ആയിത്തീരുന്നു. ഇത് എല്ലാ വിശ്വാസികൾക്കും ഒരുപോലെയാണ് (1 കൊരി. 12:27).

എല്ലാ വിശ്വാസികൾക്കും പൊതുവെയുള്ള ഈ അഭിഷേകം മൂലം അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും തങ്ങളുടെ പാപത്തിൽ നിന്ന് കഴുകപ്പെട്ട, ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളായിത്തീർന്ന് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും പ്രവാചകത്വത്തിലും പങ്കാളികളായിത്തീരുകയും ചെയ്യുന്നു.

ഈ പരിശുദ്ധാത്മാഭിഷേകത്തിന്റെ ദൃശ്യഫലങ്ങൾ പ്രധാനമായുള്ളത് പൂർണ്ണമായ സത്യസന്ധത, തിന്മയെ ഭയമില്ലായ്മ, വിശുദ്ധ ജീവിതം, മനുഷ്യരോടുള്ള സ്നേഹം, കാര്യങ്ങൾ വിവേചിച്ചറിയുവാനുള്ള കഴിവ് എന്നിവയാണ്. ഇത് നമ്മുടെ പലയാളുകളിലും കാണുന്നില്ല എന്നതിന്റെ അർത്ഥം നമുക്ക് മാമോദീസായിൽ മൂറോൻ മൂലം ലഭിച്ച പരിശുദ്ധാത്മാഭിഷേകത്തെ നാം വിലമതിക്കാതെ, നമ്മുടെ പാപങ്ങൾ മൂലം അതിനെ മൂടിവച്ചിരിക്കുന്നു എന്നതാണ്. സഭയിലെ കൂദാശകളുടെയും

ആരാധനയുടെയും പ്രസംഗത്തിന്റെയും പഠിപ്പിക്കലിന്റെയും പ്രധാന ഉദ്ദേശ്യം, ഈ മറഞ്ഞിരിക്കുന്ന പരിശുദ്ധാത്മാഭിഷേകത്തെ, നമ്മുടെ പാപങ്ങളിൽ നിന്നുള്ള വേർപെടൽ മൂലവും, ദൈവത്തിങ്കലേക്കുള്ള നമ്മുടെ അനുതാപവും സ്നേഹവും മൂലവും ദൈവകരുണയാൽ അനാവരണം ചെയ്യുകയെന്നതാണ്. അങ്ങനെ അനാവരണം ചെയ്യപ്പെടുമ്പോൾ പ്രത്യക്ഷമാകുന്ന പ്രധാന ഗുണം സ്നേഹമാണ് – എല്ലാ മനുഷ്യരോടും ഉള്ള സ്നേഹം. കുടുംബാംഗങ്ങളോടും വേലക്കാരോടും ജാതിമതഭേദമെന്യേ നാം ആരുമായി ഇടപെടുന്നുവോ ആരെപ്പറ്റി ചിന്തിക്കുന്നുവോ അവരോടെല്ലാമുള്ള നിഷ്കളങ്കമായ സ്നേഹം. ആ സ്നേഹത്തിനു പരിധിയില്ല. അത് നാം സ്നേഹിക്കുന്നവരുടെ ആത്മാക്കൾ രക്ഷിക്കപ്പെടുന്നതിനു വേണ്ടിയുള്ള സ്നേഹമല്ല. യഥാർത്ഥവും, നിഷ്കളങ്കവും, സ്വയപരിത്യാഗ സന്നദ്ധതയുള്ളതും, മറ്റുള്ളവരുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും എല്ലാ യഥാർത്ഥ ആവശ്യങ്ങളേയും കണക്കിലെടുത്ത് അവർക്ക് നിസ്വാർത്ഥ സേവനം നൽകി, നമ്മെത്തന്നെ മറ്റുള്ളവർക്കു ചൊരിഞ്ഞുകൊടുത്ത്, മറ്റുള്ളവരുടെ ഉൽക്കർഷത്തിൽ മാത്രം ആനന്ദം കൊള്ളുന്ന ക്രിസ്തുവിന്റെ സ്നേഹമാണ് പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ കോരിച്ചൊരിയുന്നത്.

ഈ സ്നേഹമില്ലെങ്കിൽ, പരിശുദ്ധ പൗലോസ് അപ്പോസ്തോലൻ പറയുന്നതുപോലെ, മനുഷ്യരുടേയും മാലാഖമാരുടേയും ഭാഷകളിൽ സംസാരിച്ചാലും, വലിയ പ്രവചന നൽവരവും, ദർശന നൽവരവും ഉണ്ടായാലും, അത്ഭുതങ്ങൾ പ്രവർത്തിപ്പാൻ കഴിവുള്ള ഉറച്ച വിശ്വാസമുണ്ടായിരുന്നാൽപ്പോലും, എത്ര തന്നെ ത്യാഗം ചെയ്താലും, അനേക മണിക്കൂറുകൾ പ്രാർത്ഥനയിൽ കഴിച്ചാലും പ്രയോജനമില്ല (1 കൊരി. 13:1–3). സ്വന്തം ഇഷ്ടം നടക്കണമെന്ന് നിർബന്ധിക്കാത്തതാണ് യഥാർത്ഥ സ്നേഹം (1 കൊരി. 13:5). കർത്താവിന്റെ ഇഷ്ടമാണെന്നു പറഞ്ഞാണ് നാം പലപ്പോഴും സ്വന്തം ഇഷ്ടത്തെപ്പറ്റി ശാഠ്യം പിടിക്കുന്നത്. സ്നേഹത്തിന് അഹങ്കാരമില്ല. അത് മറ്റുള്ളവരെ പുച്ഛിച്ചു പുറന്തള്ളുന്നില്ല.

പ്രവചന നൽവരം നീങ്ങിപ്പോകും; മറുഭാഷകളും നീങ്ങിപ്പോകും; അറിവും നീങ്ങിപ്പോകും (1 കൊരി. 13:8–9). സ്നേഹം മാത്രമേ നിലനിൽക്കുന്നതായുള്ളു. ഇന്ന് നമ്മുടെ സഭയിലെ വിടുതൽ പ്രസ്ഥാനത്തെപ്പറ്റിയുള്ള ഏറ്റവും വലിയ വിമർശനം ഈ സ്നേഹത്തിന്റെ അഭാവത്തെപ്പറ്റിയുള്ളതാണ്. തങ്ങളുടെ കൂട്ടായ്മയ്ക്ക് പുറത്തുള്ളവരോടു കാണിക്കുന്ന സ്നേഹരാഹിത്യവും പുച്ഛവും, രണ്ടാം തരക്കാരായി മറ്റുള്ളവരെ കാണുന്ന സ്വഭാവവും ക്രിസ്തുവിന്റേതല്ല. മറ്റേതോ ദുഃശക്തിയുടേതാണെന്നാണ് എന്റെ വിശ്വാസം. യഥാർത്ഥ സ്നേഹം, ക്രിസ്തു നമ്മോടു കാണിച്ചതുപോലുള്ള തുറന്ന സ്നേഹം ഇല്ലാത്തിടത്ത് പരി

ശുദ്ധാത്മാവിന്റെ അടിസ്ഥാനപരമായ അഭിഷേകം ഇപ്പോഴും പാപം മൂലം മറഞ്ഞിരിക്കുന്നുവെന്നു തന്നെയാണ് എന്റെ ഉറച്ച വിശ്വാസം.

പക്ഷേ, വിശ്വാസികളായ നാം നമ്മുടെ സഭയിലെ അംഗങ്ങളായ വിടുതൽ പ്രസ്ഥാനക്കാരോട് അതുപോലുള്ള സ്നേഹം കാണിച്ചില്ലെങ്കിൽ നമ്മിലും പരിശുദ്ധാത്മ പ്രവർത്തനമില്ലെന്നതിന്റെ ലക്ഷണമായിരിക്കും. യഥാർത്ഥ സേവന മനഃസ്ഥിതിയും വിശുദ്ധ ജീവിതവും പ്രാർത്ഥനാശീലവും നിറഞ്ഞ അനേകംപേർ വിടുതൽ പ്രസ്ഥാനത്തിൽ ഉണ്ടെന്നു മാത്രമല്ല, പേരിനു മാത്രം സഭാംഗങ്ങളായിരുന്ന് അശുദ്ധാത്മാലയങ്ങളായിത്തീർന്നിരുന്ന പലരേയും ദൈവത്തിന്റെ വഴിയിലേക്കു തിരിപ്പാൻ വിടുതൽ പ്രസ്ഥാനത്തിനു സാധിച്ചിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. വിടുതൽ പ്രസ്ഥാനക്കാരെ നാം പുച്ഛിച്ചു പുറന്തള്ളുന്നെങ്കിൽ അത് ഒരിക്കലും ക്രിസ്തീയമായിരിക്കയില്ല. അവർ സഭയോട് യഥാർത്ഥ സ്നേഹമുള്ളവരായിത്തീർന്ന് സഭയുടെ കെട്ടുപണിക്കു വേണ്ടി ഉത്സാഹിക്കുന്നവരും എല്ലാ മനുഷ്യരോടും പ്രത്യേകിച്ച് സ്വന്തം കുടുംബാംഗങ്ങളോടും വേലക്കാരോടും, കൂടെ ജോലി ചെയ്യുന്നവരോടും യഥാർത്ഥ സ്നേഹമുള്ളവരുമായി തീരുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയെന്നുള്ളതാണ് നമുക്കിന്നു ചെയ്യാവുന്ന വലിയ കാര്യം. അവർക്കുള്ള ആത്മശിക്ഷണത്തിന്റെയും പ്രാർത്ഥനാശീലത്തിന്റെയും ഒരു ചെറിയ പങ്കെങ്കിലും നമുക്കും ഉണ്ടാകാതെ ഇതു സാദ്ധ്യമല്ല.

അടിസ്ഥാനപരമായ പരിശുദ്ധാത്മാഭിഷേകം വി. മാമോദീസാ മൂലവും വി. മൂറോൻ മൂലവും ക്രിസ്തുശരീരത്തിലെ അംഗങ്ങളായി തീർന്നിട്ടുള്ള എല്ലാവർക്കും ഒരുപോലെ നൽകപെട്ടിട്ടുള്ളതാണ്. പക്ഷേ, അതിന്റെ ദൃശ്യഫലങ്ങൾ വിടുതൽ പ്രസ്ഥാനത്തിൽപ്പെട്ടവരും പെടാത്തവരുമായ മിക്കവാറും പേരിൽ കാണുന്നില്ലായെന്നുള്ളത് പാപത്തിന്റെയും തിന്മയുടെയും ശക്തി അതിനെ ആവരണം ചെയ്തിരിക്കുന്നു എന്നതിന്റെ ലക്ഷണമാണ്. ഇതു നമ്മിലും നമ്മുടെ വിടുതൽ സഹോദരങ്ങളിലും ഒരുപോലെ മറഞ്ഞിരിക്കയാണെന്നു തോന്നുന്നു. സ്നേഹത്തിന്റെ അഭാവവും സഭയുടെ കെട്ടുപണിയെപ്പറ്റി ശുഷ്കാന്തിയില്ലായ്മയും വിശുദ്ധ ജീവിതമില്ലായ്മയും എവിടെ കാണുന്നുവോ അവിടെ പരിശുദ്ധാത്മ പ്രവർത്തനം പാപതമസ്സുകൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാണ്. നമുക്ക് വിടുതൽ പ്രസ്ഥാനക്കാരോടു സ്നേഹമില്ലെങ്കിൽ നാം എങ്ങനെ പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളായിത്തീരുവാൻ സാധിക്കും?

### പരിശുദ്ധാത്മദാനങ്ങൾ

എല്ലാ ക്രിസ്ത്യാനികൾക്കും നൽകപ്പെടുന്ന പരിശുദ്ധാത്മാഭിഷേ

കവും ഓരോരുത്തർക്കും വേറെ വേറെ നൽകപ്പെടുന്ന പരിശുദ്ധാത്മ ദാനങ്ങളും തമ്മിൽ വ്യത്യാസം ഉണ്ട്.

പരിശുദ്ധാത്മദാനങ്ങൾ പരിശുദ്ധാത്മാവ്, സഭയുടെ കെട്ടുപണിക്കു വേണ്ടി, സഭാംഗങ്ങൾക്ക് ഓരോരുത്തർക്കും അവരവരുടെ വിശ്വാസ ത്തിന്റെ പരിമാണമനുസരിച്ച് പങ്കിട്ടു കൊടുക്കുന്നവയാണ്. പരിശുദ്ധാ ത്മാവിന്റെ അഭിഷേകം ലഭിച്ചിട്ടുള്ളവർക്കാണ് പരിശുദ്ധാത്മ ദാനങ്ങൾ നൽകപ്പെടുന്നത്. റോമാ ലേഖനം 5:5-ൽ പറയുന്നപോലെ, ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പകരുന്നത്, ദൈവം നമുക്കു നൽകിയിട്ടുള്ള പരിശുദ്ധാത്മാവിലാകുന്നു. പുത്രത്വത്തിന്റെ ആത്മാവാണ് (റോമ്മർ 8:15) നമുക്കു നൽകപ്പെട്ടിട്ടുള്ളത്. എല്ലാ വിശ്വാസികൾക്കുമുള്ള ആ അടിസ്ഥാനദാനത്തിന്റെ മുകളിലാണു മറ്റു ദാനങ്ങൾ പലർക്കും പല വിധത്തിലായി നൽകപ്പെടുന്നത്.

നൽകപ്പെടുന്ന ദാനം, ദാനം സ്വീകരിക്കുന്നയാളിന്റെ ആത്മീയ വളർച്ച യ്ക്കെന്നതിനേക്കാളുപരി, സഭയുടെ കെട്ടുപണിക്കും വളർച്ചയ്ക്കും വേണ്ടിയാകുന്നു, പൊതു നന്മയ്ക്കു വേണ്ടിയാകുന്നു (1 കൊരി. 12:7). ഓരോ ദാനപ്രാപകനും സഭയുടെ കെട്ടുപണിക്കുവേണ്ടി പ്രവർത്തി ക്കുന്നു; അതു മൂലം സഭ വളരുന്നു (1 കൊരി. 2:12-27). വിടുതൽ പ്രസ്ഥാ നത്തിന്റെ പ്രധാന പരീക്ഷ ഇതു തന്നെയാണ്. അതു സഭയുടെ കെട്ടു പണിക്കുതകുന്നില്ലെങ്കിൽ, അതു പരിശുദ്ധാത്മാവിന്റേതല്ല, ക്രിസ്തീയ മല്ല എന്നു തീർത്തു പറയുവാൻ സാധിക്കും. ക്രിസ്തുവാണ് ദാനദാതാവ്. പരിശുദ്ധാത്മദാനങ്ങളുമാണ്. അവ എന്തിനുവേണ്ടി? എഫേസ്യലേഖനം 4:11 മുതലുള്ളതു വായിച്ചു നോക്കുക.

'മനുഷ്യവർഗ്ഗത്തിന് നൽവരങ്ങൾ നൽകിയതും കർത്താവു തന്നെ. ചിലരെ അപ്പോസ്തോലന്മാരാക്കി; മറ്റു ചിലരെ പ്രവാചകരും, ചിലരെ സുവിശേഷകരും, മറ്റു ചിലരെ ഇടയന്മാരും ഗുരുക്കന്മാരുമാക്കി. സേവന പ്രവൃത്തിയുടെ പൂർത്തീകരണത്തിനുള്ള എല്ലാ കഴിവുകളും ഉപകര ണങ്ങളും വിദഗ്ധന്മാരായ സഭാംഗങ്ങൾക്കു നൽകി. ക്രിസ്തുവിന്റെ ശരീ രമാകുന്ന സഭയുടെ കെട്ടുപണിക്കുവേണ്ടിത്തന്നെ. ഈ ദാനങ്ങളുടെ ഉദ്ദിഷ്ട ലക്ഷ്യമോ സഭാംഗങ്ങളായ നാമെല്ലാവരും വിശ്വാസൈക്യത്തി ലേക്ക് ഒരുമിച്ച് വളർന്ന്, ഒരുമിച്ചു ദൈവപുത്രനെ അറിഞ്ഞ് ഒരു പൂർണ്ണ മനുഷ്യനായി വളരുന്നതിനുവേണ്ടി, ക്രിസ്തുവിന്റെ പൂർണ്ണതയാകുന്ന പ്രായപൂർത്തി പ്രാപിക്കുന്നതിനു വേണ്ടിത്തന്നെ. അങ്ങനെ പ്രായ പൂർത്തി പ്രാപിച്ചില്ലെങ്കിൽ, നാം അറിവില്ലാത്ത കുഞ്ഞുങ്ങളെപ്പോലെ, മനുഷ്യരുടെ വേലത്തരം കൊണ്ടുണ്ടാക്കുന്ന ഓരോ പുതിയ ഉപദേശ ക്കാറ്റിലും ഊതിപ്പറപ്പിക്കപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടുമലഞ്ഞ് വഞ്ചനയുടെ

കുതന്ത്രങ്ങളിൽപ്പെട്ട് നശിച്ചുപോകും. സ്നേഹത്തിന്റെ സത്യസന്ധതയിൽ, എല്ലാവിധത്തിലും നമുക്കൊരുമിച്ച്, ക്രിസ്തുവാകുന്ന തലയിങ്കലേക്കു വളരാം. ആ തലയിൽ നിന്നാണല്ലോ ശരീരത്തെ മുഴുവൻ പരസ്പര ബന്ധങ്ങളിൽക്കൂടെ നിയാമനം ചെയ്തത്, ഓരോ നല്ല ഉപദേശങ്ങളുടേയും സന്ധിബന്ധങ്ങളിൽ കൂടെ ഒരുമിപ്പിക്കുന്നത്. ഓരോ ഭാഗവും ഓരോ അവയവം, അതിനുള്ള പ്രവൃത്തി ശരിയായി ചെയ്യുമ്പോൾ ശരീരം മുഴുവൻ വളർച്ച പ്രാപിക്കുന്നു, സ്നേഹത്തിലൂടെ പടുത്തുയർത്തപ്പെടുന്നു' (എഫേ. ലേഖനം 4:11–16).

ഈ വേദാധിഷ്ഠിതമായ ലക്ഷ്യപ്രയാണത്തിലേക്ക് വിടുതൽ പ്രസ്ഥാനം വരുന്നതുവരെ അതേക്കുറിച്ചുള്ള ക്രിസ്തീയ വിമർശനവും നിലനിൽക്കും. തങ്ങളെത്തന്നെ പരിശുദ്ധാത്മാവിന്റെ ആളുകളായി എണ്ണി മറ്റുള്ളവരെപ്പറ്റി സ്നേഹമില്ലാതെയും സഭയുടെ മുഴുവൻ കെട്ടുപണിക്കുവേണ്ടി താഴ്മയോടും സ്നേഹത്തോടും കൂടി പ്രവർത്തിക്കാതെയും, സ്വന്ത കൂട്ടായ്മയുടെ ഉന്നമനത്തിനുവേണ്ടി മാത്രം ജീവിക്കുന്ന ഒരു വിടുതൽ പ്രസ്ഥാനം യഥാർത്ഥത്തിൽ പരിശുദ്ധാത്മ നിശ്വസിതമാണെന്ന് വിശ്വസിക്കുവാൻ പ്രയാസമാണ്.

പക്ഷേ, വിടുതൽ പ്രസ്ഥാനത്തെ വിമർശിക്കുന്നവർ, തങ്ങളിൽ പരിശുദ്ധാത്മപ്രവർത്തനം പ്രതിബന്ധമില്ലാതെയുണ്ടാകുന്നതിനുവേണ്ടി എന്തു ചെയ്യുന്നു എന്നു ചോദിക്കാതിരിക്കാൻ നിവർത്തിയില്ല. എന്തുകൊണ്ട് പൊതുവായ പരിശുദ്ധാത്മാഭിഷേകത്തിന്റെയും പ്രത്യേക നൽവരദാനങ്ങളുടേയും പ്രത്യക്ഷ ലക്ഷണങ്ങൾ സഭയിൽ കാണുന്നില്ല? എന്തുകൊണ്ട് പണത്തിനും കെട്ടിടത്തിനും വേണ്ടിയുള്ള കേസ്സുകൾക്കും അടിപിടികൾക്കുമായി മാത്രം സഭാംഗങ്ങൾ വെമ്പൽകൊള്ളുകയും പണം ചെലവഴിക്കുകയും ചെയ്യുന്നു? എന്തുകൊണ്ട് സഭയുടെ കെട്ടുപണിക്കുവേണ്ടി ത്യാഗം ചെയ്യുവാൻ സഭാംഗങ്ങൾ തയ്യാറാകുന്നില്ല? എന്തുകൊണ്ട് തങ്ങളുടെ മിടുക്കന്മാരായ മക്കളെ പൗരോഹിത്യവേലയ്ക്കായി നമ്മുടെ ആളുകൾ വിടുന്നില്ല? പരിശുദ്ധാത്മാഭിഷേകത്തിന്റെയും പരിശുദ്ധാത്മ ദാനങ്ങളുടേയും പ്രവർത്തനത്തെ തടയുന്ന പാപം നമ്മിൽ കിടക്കുന്നു എന്നല്ലേ അതു കാണിക്കുന്നത്?

### പരിശുദ്ധാത്മദാനങ്ങളേവ?

പരിശുദ്ധാത്മദാനങ്ങൾ ഇന്നവയാണെന്നു വ്യക്തമായ ഒരു ലിസ്റ്റ് വേദപുസ്തകം നൽകുന്നില്ല. പൗലോസ് ശ്ലീഹാ മൂന്നു പ്രാവശ്യവും പത്രോസ് ശ്ലീഹാ ഒരു പ്രാവശ്യവും ലിസ്റ്റുകൾ നൽകുന്നുണ്ട്. അവ താഴെ പറയുംപ്രകാരമാണ്.

1 കോരി 11:8, 10: 1) വിജ്ഞാനത്തിന്റെ വചനം 2) അറിവിന്റെ വചനം

3) വിശ്വാസ നൽവരം 4) രോഗശാന്തിയുടെ നൽവരങ്ങൾ 5) പിശാചുക്കളെ പുറത്താക്കുവാനുള്ള ശക്തി 6) പ്രവചന നൽവരം 7) ആത്മാക്കളെ വിവേചിച്ചറിയുവാനുള്ള നൽവരം 8) മറുഭാഷാ നൽവരം 9) മറുഭാഷാ വ്യാഖ്യാന നൽവരം.

റോമ്മാ 12:6–8: 1) പ്രവചനം 2) ശുശ്രൂഷാ നൽവരം 3) ആചാര്യത്വ നൽവരം 4) ആശ്വാസപ്രബോധന നൽവരം 5) വിതരണ നൽവരം 6) അദ്ധ്യക്ഷസ്ഥാന നൽവരം 7) ജീവകാരുണ്യ പ്രവൃത്തികളുടെ നൽവരം.

എഫേസ്യ 4:11: 1) അപ്പോസ്തലത്വം 2) പ്രവാചകത്വം 3) സുവിശേഷകത്വം 4) ഇടയത്വവും ഗുരുത്വവും.

1 പത്രോ. 4:11: 1) പ്രഭാഷണ നൽവരം 2) ശുശ്രൂഷാ നൽവരം.

ഈ ലിസ്റ്റുകൾ തമ്മിൽ വലിയ സരൂപ്യമില്ലെന്നു മാത്രമല്ല, നാലു ലിസ്റ്റിലും ഒരുപോലെ കാണുന്ന ഒരു ദാനവുമില്ല. എല്ലാ ദാനങ്ങളും പൊതുവെ സഭയുയെ ഉദ്ബോധനത്തിനും ഭരണത്തിനും, ജീവകാരുണ്യ പ്രവൃത്തികൾക്കും വേണ്ടിയുള്ളവയാണ്. ഒരാൾക്ക് ഒരു ദാനമേ ഉണ്ടായിക്കൊള്ളു എന്നില്ല. വി. പൗലോസ് അപ്പോസ്തോലൻ (ഗലാ. 1:1) മറുഭാഷാ നൽവരമുള്ളവനും (1 കൊരി. 14:18) അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും (കൊലോ 1:29) ആയിരുന്നു. എന്നാൽ സ്നേഹമല്ലാതെ മറ്റേതെങ്കിലും ഒരു പരിശുദ്ധാത്മ നൽവരം എല്ലാവർക്കും വേണമെന്ന് അപ്പോസ്തോലൻ പറയുന്നില്ല. സഭയുടെ ഭരണകാര്യങ്ങളിലും ഉപദേശപ്രവൃത്തികളിലും കൂദാശാനുഷ്ഠാനങ്ങളിലും, സേവനരംഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കെല്ലാം അതതിനാവശ്യമായ കൃപാവരം പരിശുദ്ധാത്മാവ് കൊടുത്തുകൊണ്ടാണിരിക്കുന്നത് (റോമ്മാ. 12:6–8). അങ്ങനെ പ്രത്യേകമായി എടുത്തു കാണിക്കുന്നതും ആത്മീയ അഹങ്കാരം ഉളവാക്കുന്നവയുമല്ല ഈ പരിശുദ്ധാത്മദാനങ്ങൾ. അഹങ്കാരം ഉളവാക്കുന്ന ദാനങ്ങൾ മറുഭാഷയും രോഗശാന്തിയുടെ നൽവരവും, മറ്റ് അത്ഭുതങ്ങൾ പ്രവൃത്തിക്കുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനും മറ്റും ശക്തി നൽകുന്ന പ്രത്യേക ദാനങ്ങളുമാണ്. അവയെ പലപ്പോഴും മനുഷ്യർ കൂടുതലായി ആഗ്രഹിക്കുന്നത് തങ്ങൾക്കു ലഭിക്കുന്ന പരിശുദ്ധാത്മദാനം മറ്റുള്ളവരും കൂടി കാണണമെന്നുള്ള പാപകരവും സ്വാർത്ഥമയവുമായ ആഗ്രഹംകൊണ്ടായിരിക്കണം.

അതുകൊണ്ട് ഈ പ്രത്യേക ദാനങ്ങൾക്കു വേണ്ടി അധികം ആഗ്രഹിക്കാതിരിക്കുന്നതാണു നല്ലത്. അല്ലെങ്കിൽ നമ്മുടെ പാപാസക്തി മൂലം പരിശുദ്ധ റൂഹായുടെ നല്ല ദാനങ്ങൾ നമ്മെ ആത്മീയ അഹങ്കാരത്തിലേക്കും പാപവീഴ്ചയിലേക്കും നയിക്കുവാൻ സാദ്ധ്യതയുണ്ട്. 'ഉയർന്ന നൽവരങ്ങൾക്കായി നിങ്ങൾ ഉണർന്നു പ്രവർത്തിക്കുക' എന്ന് വി.

പൗലോസ് ശ്ലീഹാ കൊരിന്ത്യരോടു പറയുന്നു (1 കൊരി. 12:31). എന്നാൽ തുടർന്നു പറയുന്നത് 'ഏറ്റവും ഉയർന്ന നൽവരം ഞാൻ നിങ്ങൾക്കു കാണിച്ചു തരാം' എന്നാണ്. അതു കഴിഞ്ഞു വരുന്നത് സ്നേഹത്തെ പ്പറ്റിയുള്ള 13-ാം അദ്ധ്യായമാണ്. പരിശുദ്ധാത്മ നൽവരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് സ്നേഹമാണ്. അതിനായി നാം വാഞ്ചിക്കുകയും ദൈവസ്നേഹത്തിന്റെ അനുഭവത്തിൽ ജീവിച്ച് അതിൽ നിന്നുത്ഭവി ക്കുന്ന മനുഷ്യസ്നേഹത്തെ നാം പ്രാവർത്തികമാക്കുകയും ചെയ്യു മ്പോൾ നമ്മുടെ പ്രവർത്തിക്കാവശ്യമായ മറ്റെല്ലാ നൽവരങ്ങളും പരിശു ദ്ധാത്മാവ് നൽകിക്കൊള്ളും. വിടുതൽ പ്രസ്ഥാനത്തിലും ഈ മനുഷ്യ സ്നേഹവും എല്ലാ നൽവരങ്ങളുടേയും നിർദ്ദിഷ്ടോദ്ദേശ്യമായ സഭയുടെ കെട്ടുപണിക്കായിട്ടുള്ള ശ്രദ്ധയും, ധാരാളമായി വളർന്നു കഴിയുമ്പോൾ, വിടുതൽ പ്രസ്ഥാനം യഥാർത്ഥത്തിൽ പരിശുദ്ധാത്മ പ്രസ്ഥാനമായി പരി വർത്തനം ചെയ്യപ്പെടും.

പരിശുദ്ധാത്മദാനങ്ങൾ എല്ലാ വിശ്വാസികൾക്കുമുള്ളവയാണ്. 'വിടു തൽ' എന്നൊരു പുതിയ പ്രസ്ഥാനമുണ്ടാക്കുന്നവർക്കു മാത്രമുള്ളതല്ല. സഭയിലെ എല്ലാ അംഗങ്ങളിലും വ്യാപരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠ ദാനങ്ങൾ കൂടുതൽ സമൃദ്ധിയായി ഉണ്ടാകുന്നതിനു വേണ്ടി നാമെല്ലാവരും ഉപവാസത്തിലും പ്രാർത്ഥനയിലും അനുതാപത്തിലും കണ്ണുനീരിലും കാത്തിരിക്കുമ്പോൾ വിടുതൽ പ്രസ്ഥാനത്തിലുള്ളവ രേയും ഇല്ലാത്തവരേയും ഒരുമിച്ച് പരിശുദ്ധാത്മാവ് കർത്തൃമഹത്വത്തി നായി ഉപയോഗിച്ചുകൊള്ളും. സഭയിലിന്നാവശ്യമായിട്ടുള്ളത് മനുഷ്യ സ്നേഹത്തോടും സഭയുടെ കെട്ടുപണിക്കായിട്ടുള്ള ശ്രദ്ധയോടുംകൂടെ നാമും ജീവിതവിശുദ്ധിയും പ്രാർത്ഥനാശീലവും ആത്മശിക്ഷണവുമു ള്ളവരായിത്തീരുകയെന്നതാണ്.

## പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ വ്യാപ്തി

പരിശുദ്ധ റൂഹാ സഭയിൽ മാത്രം പ്രവർത്തിക്കുന്നവനോ, സഭയുടെ പരിധിക്കുള്ളിൽ ഒതുക്കി നിർത്താവുന്നവനോ അല്ല. സൃഷ്ടിയുടെ ആരംഭം മുതലേ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. ഉല്പത്തി പുസ്തകം 1:2-ൽ "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർ ത്തിച്ചുകൊണ്ടിരുന്നു'' എന്നു കാണുന്നു. ആത്മാവിന്റെ ശക്തി കൊണ്ടാണു സൃഷ്ടിയുണ്ടായത്. വെളിപാട് പുസ്തകത്തിന്റെ അവസാ നത്തിലും ആത്മാവും സഭയാകുന്ന മണവാട്ടിയും ഒരുമിച്ചു നിന്ന് കർ ത്താവേ വരിക (മാറാനാഥാ) എന്നു പറഞ്ഞു കർത്താവിനെ ക്ഷണി ക്കുന്നു (വെളിപാട് 22:17). അങ്ങനെ വേദപുസ്തകത്തിലാദ്യന്തം കാണുന്ന പരിശുദ്ധാത്മാവ് പഴയനിയമത്തിലും പുതിയനിയമത്തിലും

ഇസ്രായേലിലും ക്രിസ്തുസഭയിലും മാത്രമല്ല, സൃഷ്ടി മുഴുവനിലും പ്രവർത്തിക്കുന്നു. "ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലത്തെയും പൂർത്തിയാക്കി തികയ്ക്കുന്നവനായ പരിശുദ്ധ റൂഹാ നമ്മോടുകൂടെ' എന്ന് നാം വിശുദ്ധ ബലിയുടെ ആരാധനയിൽ പറയുന്നു. നമ്മോട് കൂടെയുള്ളവനായ പരിശുദ്ധ റൂഹാ സൃഷ്ടി മുഴുവനിലും പ്രവർത്തിക്കുന്നവനാണ്. എവിടെ നന്മയും സ്നേഹവും സത്യവും വിശുദ്ധിയും കാണുന്നുവോ അവിടെയെല്ലാം പരിശുദ്ധാത്മാവുണ്ട്.

സഭയ്ക്ക് പരിശുദ്ധാത്മാവ് കൊടുക്കുന്ന ദാനങ്ങൾക്കു പുറമെ, സഭേതരലോകത്തിലും ബുദ്ധിശക്തിയും ഭരണസാമർത്ഥ്യവും കലാപരമായ സർഗ്ഗാത്മകതയും പുതിയ നന്മകളുടേയും സത്യങ്ങളുടേയും ആവിഷ്ക്കരണവും നടക്കുന്നതും പരിശുദ്ധാത്മശക്തിയാലാണ്.

പരിശുദ്ധനായ മാർ ബസ്സേലിയോസിന്റെ (329-379 എ.ഡി.) ചിന്തയിൽ അഞ്ച് പ്രത്യേക പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മ ശക്തി വ്യാപരിക്കുന്നതായി പറയുന്നു.

1) വിശ്വത്തിലെ വിവിധ ഗോളങ്ങളുടെ പരസ്പര ക്രമീകരണത്തിലും അവയുടെ രമ്യതയിലും പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്.

2) വളർച്ചയുള്ള എല്ലാറ്റിന്റെയും വളർച്ചയുടെ പിറകിലുള്ളത് പരിശുദ്ധാത്മാവാണ്.

3) ദൈവസന്നിധിയിൽ നിൽക്കുന്ന ക്രൂബേന്മാരുടേയും സ്രോഫേന്മാരുടേയും പ്രധാന മാലാഖമാരുടെയും വൃന്ദങ്ങളെ ക്രമീകരിക്കുന്നതും പരിശുദ്ധാത്മാവ് തന്നെ.

4) ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും അതിന്റെ മുൻകുറിയായ പ്രവാചകന്മാരുടെ പ്രവർത്തനങ്ങളിലും വചനങ്ങളിലും കൂടെ പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. കന്യകമറിയാമിനോടുള്ള അറിയിപ്പിലും ഗർഭധാരണത്തിലും പ്രസവത്തിലും ദൈവാലയ പ്രവേശനത്തിലും, മരുഭൂമിയിലെ പരീക്ഷണങ്ങളിലും യോർദാനിലെ മാമ്മോദീസായിലും ക്രിസ്തുവിന്റെ ഉപദേശങ്ങളിലും അത്ഭുതപ്രവൃത്തികളിലും എല്ലാം പരിശുദ്ധാത്മ വ്യാപാരമുണ്ടായിരുന്നുയെന്ന് വിശുദ്ധ വേദപുസ്തകം സാക്ഷിക്കുന്നു.

5) അവസാന ന്യായവിധിയിങ്കലും പരിശുദ്ധാത്മാവിന് പ്രധാന സ്ഥാനമുണ്ട്. യഥാർത്ഥത്തിൽ ന്യായവിധിയിങ്കൽ തീരുമാനിക്കപ്പെടുന്നത് ഓരോരുത്തനും എത്രമാത്രം പരിശുദ്ധാത്മ ശക്തിയും ജീവനും നൽകപ്പെടണം അല്ലെങ്കിൽ പൂർണ്ണമായും പരിശുദ്ധാത്മ ശക്തിയിൽ നിന്ന് വേർപെടുത്തപ്പെട്ട് ഇല്ലായ്മയിലേക്ക് പോകണം എന്നുള്ളതാണെന്ന് പരിശുദ്ധ ബസ്സേലിയോസ് പറയുന്നു.

ഈ അഞ്ചു കാര്യങ്ങളോടു കൂടെ മനുഷ്യനിലുള്ള സകല കലാശക്തികളിലും പരിശുദ്ധാത്മാവാണ് വ്യാപരിക്കുന്നത്. നേതൃത്വശക്തി, വിവേചനശക്തി, കഴിവുകൾ, വീര്യം, ധൈര്യം മുതലായവയെല്ലാം സഭയ്ക്കകത്തും പുറത്തും പരിശുദ്ധാത്മാവിൽ നിന്നാണ് വരുന്നത്. ശിംശോന് ശക്തി കൊടുക്കുന്നതും (ന്യായാധി: 13:25, 14:6, 14:19, 15:14) ദേവാലയത്തിന്റെ ശില്പകലയ്ക്കും അലങ്കരണത്തിനും ഉള്ള കഴിവ് ബെസാലേലിന് കൊടുക്കുന്നതും (പുറപ്പാട് 3:3, 35:31) മറഞ്ഞിരിക്കുന്ന നിഗൂഢ കാര്യങ്ങളെ വെളിവാക്കുന്നതും (ഉല്പത്തി 41:38; ദാനിയേൽ 5:14) യഥാർത്ഥ വിജ്ഞാനം നൽകുന്നതും (സദൃ. 1:23, ബാറാസീറാ 39:6, സൂസന്നാ 45, ശ്ളേമോന്റെ വിജ്ഞാനം 1:5, 7:7, 22, 9:17), ഭരണത്തിനും നീതിയുടെ പരിപാലനത്തിനുമുള്ള ശക്തി നൽകുന്നതും (സംഖ്യാ 11:25; ആവർത്തനം 34:9, 1 ശമു. 16:13, 14, ഏശായാ 28:6, 42:1, 11:2), പ്രവചന ശക്തി നൽകുന്നതും (ഹോശേയ 9:7, മീഖാ 3:8, 1 രാജാ. 18:12, 2 രാജാ. 2:16, യെഹെസ്കേൽ 3:14) എല്ലാം ദൈവത്തിന്റെ ആത്മാവു തന്നെ.

സൃഷ്ടി മുഴുവനിലും വ്യാപരിക്കുകയും രാഷ്ട്രീയത്തിലും, സാമൂഹ്യത്തിലും സാമ്പത്തികത്തിലും ഭൂമിയുടെ ചലനങ്ങളിലും രസതന്ത്രത്തിലും, ശാസ്ത്രത്തിന്റെയും സാങ്കേതിക വിജ്ഞാനത്തിന്റെയും കലാസൃഷ്ടിയുടേയും എല്ലാ നല്ല പരിപാടികളിലും പ്രവർത്തിക്കുന്ന ദൈവത്തിന്റെ ആത്മാവിനെ നമുക്കാർക്കും നമ്മുടെ കൊച്ച് വലയങ്ങളിൽ ഒതുക്കിനിർത്താൻ സാദ്ധ്യമല്ലെന്നുള്ളത് വിടുതൽ പ്രസ്ഥാനക്കാരും അല്ലാത്തവരും ഒരുപോലെ ഓർമ്മിച്ചിരിക്കുന്നത് നല്ലതാണ് (യോഹ. 3:8).

## പരിശുദ്ധാത്മാവിന്റെ അജ്ഞാതത്വം

പരിശുദ്ധാത്മാവ് തന്നെത്തന്നെ പരസ്യം ചെയ്യുന്നവനല്ല. എപ്പോഴും ഒതുങ്ങിനിന്നുകൊണ്ട് മറ്റുള്ളവരിൽകൂടെ പ്രവർത്തിക്കുന്നവനും ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുമ്പോഴും സ്വയം ഉയർത്തിക്കാണിക്കാതിരിക്കുന്നവനുമാണ്. ഇപ്പോഴും പരിശുദ്ധാത്മാവിനെപ്പറ്റി കൂടുതൽ സംസാരിക്കുന്നതു കൊണ്ടോ പരിശുദ്ധാത്മ ശക്തികളുടെ പരസ്യപ്രകടനം കൊണ്ടോ പരിശുദ്ധാത്മാവിനെ പ്രസാദിപ്പിപ്പാൻ സാദ്ധ്യമല്ല. താഴ്മയും സ്നേഹവും സത്യസന്ധതയും സേവനമനഃസ്ഥിതിയും ജീവിത വിശുദ്ധിയും പ്രാർത്ഥനാശീലവും ആത്മശിക്ഷണവുമുള്ളിടത്ത് പരിശുദ്ധാത്മാവ് ശാന്തമായും ബഹളം കൂടാതെയും പ്രവർത്തിച്ചുകൊണ്ടിരിക്കും. ആരുടേയും കുത്തകയായിത്തീരുകയില്ല. സഭയ്ക്കുപോലും പരിശുദ്ധാത്മാവിന്മേൽ നിയന്ത്രണാധികാരമില്ല. പരിശുദ്ധാത്മാവ് രാജകീയനാകുന്നു; ദാസനല്ല; ആരുടേയും. അതു വിടുതൽകാരനായാലും അല്ലാത്ത മെത്രാപ്പോലീത്തായായാലും ആരുടെയും പിടിയിൽ നിൽ

ക്കാത്ത സർവ്വാധിപതിയായ റൂഹാ, നമ്മിലും മറ്റുള്ളവരിലും പ്രവർത്തിച്ച് ദൈവത്തിന് മഹത്വവും മനുഷ്യന് ജീവനും സ്നേഹവും നന്മയുമുണ്ടാകുവാനും തക്കവിധം പ്രസാദിക്കുമാറാകട്ടെ.

(*ഓർത്തഡോക്സ് യൂത്ത്*, 1985 സെപ്റ്റംബർ)



# 5

# തിരുശേഷിപ്പുകൾ: ആദിമ സഭയുടെ ദർശനം

പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത ക്രിസ്തുവിന്റെ ഏകമദ്ധ്യസ്ഥതയെ അവഗണിക്കുന്നതോ ലാഘവപ്പെടുത്തുന്നതോ ആണെന്നു ചില ആധുനിക സമുദായവിഭാഗങ്ങൾ പറയുന്നുണ്ട്. എന്നാൽ അത് അർത്ഥ ശൂന്യമായ ഒരു അഭിപ്രായമാണ്. പരിശുദ്ധന്മാരെ ആദരിക്കുകയും അവ രുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്ക എന്നത് ആദിമസഭ യിൽ, വി. സ്തേപ്പാനോസിന്റെ രക്തസാക്ഷിത്വത്തോടു കൂടിത്തന്നെ ആരംഭിച്ചതാണ്. വി. സ്തേപ്പാനോസിന്റെ ആത്മാവിനെ സ്വീകരിക്കാൻ കർത്താവായ യേശു പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതായിട്ടാണ് കണ്ടത്. സ്തേപ്പാനോസിന്റെ പ്രാർത്ഥന കർത്താ വിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയാണുണ്ടായത്. സ്തേപ്പാനോസിന്റെ മൃതശരീരം ഭക്തിപൂർവ്വം അടക്കം ചെയ്യപ്പെട്ടു. 2-ാം നൂറ്റാണ്ടായപ്പോഴേക്കും രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങൾ സമ്പൂജ്യങ്ങളായി സമാദരിക്കപ്പെട്ടിരുന്നു. അവരുടെ കബർ ത്രോണോ സായി ഉപയോഗിച്ചു വി. കുർബ്ബാന അർപ്പിച്ചു വന്നു. മാത്രമല്ല, ആണ്ടിൽ ഒരിക്കൽ സിമിറ്ററിയിൽ ബലി അർപ്പിക്കുന്ന ഒരു പതിവുകൂടെയുണ്ടായി. 4-ഉം, 5-ഉം നൂറ്റാണ്ടുകളിൽ ത്രോണോസിന്റെയും തബ്ലൈത്തായു ടെയും കൂദാശയ്ക്ക്, കടന്നുപോയ ഒരു പരിശുദ്ധന്റെ അസ്ഥി കൂടി അവശ്യം വേണമെന്നായി. ബലിപീഠങ്ങൾ സ്ഥാപിക്കുന്നതിന് തിരുശേ ഷിപ്പ് ഒരു അനുപേക്ഷണീയ വസ്തുവായിത്തീർന്നു. പിന്നീടു പള്ളി കൾ വർദ്ധിച്ചുവന്നപ്പോൾ അസ്ഥികൾ കിട്ടാനില്ലാതായി. അപ്പോൾ അവരെ അടക്കിയിട്ടുള്ള സ്ഥലത്തെ മണ്ണു മതി എന്നുവച്ചു. അതും കിട്ടാ നില്ലാതായപ്പോൾ അവരുടെ കബറിങ്കൽ കൊളുത്തിയിട്ടുള്ള നിലവിള ക്കിലെ എണ്ണയായാലും മതിയാകും എന്നു സഭ നിശ്ചയിച്ചു.

ജീവിച്ചിരിക്കുന്നവർ തമ്മിൽ തമ്മിൽ 'എനിക്കുവേണ്ടി പ്രാർത്ഥിക്ക ണമേ' എന്നു പറയുക ആധുനിക സഭാവിഭാഗങ്ങളിലും സാധാരണമാണ്. ഇതു ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അനാദരിക്കുന്ന ഒന്നാണെന്ന് അവർ പറയുന്നില്ല. അങ്ങനെയെങ്കിൽ ശരീരം വിട്ടു ക്രിസ്തുവിനോട് ഏറെ അടുത്തുജീവിക്കുന്ന പരിശുദ്ധന്മാരോട് 'ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി ക്കണമേ' എന്നു പറയുന്നതും ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ അവഗ ണിക്കുന്നതാകയില്ല.

നമ്മുടെ സഭയിൽ സംഭവിച്ചിട്ടുള്ള വൻകാര്യങ്ങളെല്ലാം തന്നെ നമ്മുടെ ബുദ്ധിശക്തികൊണ്ടോ ഭരണവൈഭവംകൊണ്ടോ ആണെന്നു നമുക്ക് അവകാശപ്പെടാൻ നിവൃത്തിയില്ല. നമ്മുടെ നിലനില്പിനുതന്നെയും പരി ശുദ്ധന്മാരുടെ മദ്ധ്യസ്ഥത ഈടുറ്റ സഹായമാണ്. അവർ എല്ലായ്പോഴും നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ശാരീരിക പരാധീനത കൾക്ക് അവർ വശംവദരല്ല. ബലഹീനരായ നാം കുറെ സമയം അടു പ്പിച്ചു പ്രാർത്ഥിക്കുമ്പോഴേക്കും ക്ഷീണിക്കുന്നു. എന്നാൽ കടന്നുപോ യവർ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ആത്മവർദ്ധന പ്രാർത്ഥനയിലാണ്. ആകയാൽ പ്രാർത്ഥിക്കുന്നതിന് അവർക്കുള്ള കഴിവ്, ജീവിച്ചിരിക്കുന്നവരുടേതിനേക്കാൾ വളരെ മടങ്ങു കൂടുതലാണ്. പരിശുദ്ധ പരുമലതിരുമേനി നമുക്കുവേണ്ടി നടത്തുന്ന മദ്ധ്യസ്ഥത നമ്മുടെ കർത്താ വിന്റെ മദ്ധ്യസ്ഥതയോടു സംയോജിപ്പിക്കപ്പെടുകയും അങ്ങനെ നമുക്ക് അനുഗ്രഹത്തിനും വാഴ്വിനും ഹേതുവായിത്തീരുകയും ചെയ്യുന്നു.

*(മലങ്കരസഭ മാസിക, 1969 നവംബർ)*



# 6

# നിശ്ശബ്ദതാ സന്ന്യാസ പ്രസ്ഥാനം

നല്ലതിനെ സ്നേഹിക്കുക! മനുഷ്യനെ സംബന്ധിച്ചിടത്തോളം അതിനേക്കാൾ പ്രധാനമായി മറ്റൊന്നും തന്നെയില്ല.

പക്ഷേ, പ്രാരംഭത്തിൽ തോന്നുന്നതുപോലെ അത്ര എളുപ്പമല്ല അത്. ഒന്നാമത് നല്ലതേതാണെന്നു വിവേചിച്ചറിയാൻ കഴിയണം. മനുഷ്യന് ഈശ്വരദത്തമായ ഒരു പ്രത്യേകശക്തിയാണത്. പക്ഷേ, അഭ്യാസം കൊണ്ടും നിദിധ്യാസം കൊണ്ടും വളർത്തിയെടുത്തെങ്കിലേ ഈ കഴിവ് ആവശ്യത്തിനുപകരിക്കൂ. നല്ലതാണെന്നു തോന്നുന്ന പലതും യഥാർത്ഥത്തിൽ നല്ലതല്ലെന്നു പലപ്പോഴും അനുഭവം കൊണ്ടേ മനുഷ്യർ പഠിക്കുന്നുള്ളു. അനുഭവം കൊണ്ടു പോലും പഠിക്കാത്തവരാണ് അധികവും. പണം നല്ലതാണെന്നു തോന്നുന്നതും സ്വാദുള്ള ഭക്ഷണം നല്ലതാണെന്നു തോന്നുന്നതും ലഹരി പിടിപ്പിക്കുന്ന മദ്യം നല്ലതാണെന്നു തോന്നുന്നതും നിലനില്ക്കുന്ന തോന്നലുകളല്ലല്ലോ.

പക്ഷേ, നല്ലതേതാണെന്ന് അറിഞ്ഞാലും തിന്മയെ പ്രേമിക്കാനുള്ള ഒരു പ്രവണതയാണ് പല മനുഷ്യരിലും കണ്ടുവരുന്നത്. അറിയുന്ന നന്മയെ അനുധാവനം ചെയ്യാനുള്ള മനഃശക്തി കൂടി ഉണ്ടാകുമ്പോഴേ യഥാർത്ഥ സത്പ്രേമിയായി ഒരാൾ തീരുന്നുള്ളു. അങ്ങനെയുള്ളവരെയാണു നാം സിദ്ധന്മാരും പരിശുദ്ധന്മാരുമായി പരിഗണിക്കുന്നത്.

തിന്മയെ കൈവെടിഞ്ഞു നന്മയെ പ്രേമിക്കാനുള്ള ശക്തി മനുഷ്യനെങ്ങനെ ലഭിക്കുമെന്നതായിരുന്നു പുരാതന ക്രൈസ്തവ പിതാക്കന്മാരുടെ ചിന്തയിലെ പ്രധാന ഭാഗം. അതേക്കുറിച്ചുള്ള ആ സിദ്ധ സൂക്തങ്ങളെ സമാഹരിച്ച് എഴുതിവച്ചു ധ്യാനിക്കുവാൻ പല സത്പ്രേമികളും ഉദ്യമിച്ചു. നാലാം ശതാബ്ദത്തിൽ സ്യയിൽ ജീവിച്ചിരുന്ന പരിശുദ്ധനായ മാർ ബസേലിയോസ് ഇങ്ങനെയൊരു സമാഹാരമുണ്ടാക്കിയതിന്റെ പേരു തന്നെ 'സത്പ്രേമം' എന്നായിരുന്നു. ഗ്രീക്കിൽ ഫിലോക്കാലിയ (philokalia) എന്നു പറഞ്ഞാൽ നന്മയോടുള്ള സ്നേഹം എന്നുതന്നെയാണർത്ഥം. താപസവര്യന്മാരായ അന്തോനിയോസിന്റെയും മറ്റും സൂക്തങ്ങളെ സമാഹരിച്ചു ധ്യാനിക്കുകയെന്നത് ആദിമ ക്രൈസ്തവ സന്യാസികളുടെ നിരന്തരപ്രവർത്തനങ്ങളിൽ ഒന്നായിരുന്നു.

എന്നാൽ ഗ്രീസിലെ ആഥോസ് ഗിരിയിലുള്ള സന്ന്യാസാശ്രമങ്ങളിൽ ഈ പ്രവർത്തനം പത്താം ശതാബ്ദത്തിനു ശേഷം വളരെ ശക്തി പ്രാപിച്ചു. ആഥോസ് ഗിരിയിലെ സന്ന്യാസാശ്രമങ്ങളിൽ ഗ്രീക്കുകാരേ

ക്കാൾ ഭക്തിപ്രിയന്മാരായ സ്ലാവ് വർഗ്ഗക്കാർ (ഇന്നത്തെ റഷ്യാക്കാർ, യുഗോസ്ലാവിയാക്കാർ, ബൾഗേറിയർ മുതലായവർ) ഇങ്ങനെയുള്ള അനേകം സത്സൂക്ത സമാഹാരങ്ങൾ രചിച്ചു. പ്രാചീന സ്ലാവോണിക് ഭാഷയിൽ 'ദോബ്റതെലൂബിയേ' (Dobrotolubiye) എന്നുള്ളത് ഗ്രീക്കിലെ ഫിലോക്കാലിയായുടെ പരിഭാഷയാണ്. ഇന്ന് ഈ വിധത്തിലുള്ള രണ്ടു സത്സൂക്ത സമാഹാരങ്ങൾ റഷ്യൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഗ്രീക്കു ഫിലോക്കാലിയാ സമ്പാദിച്ചതു താപസരായ കോരിന്തിലെ മക്കാറിയോസും ആഥോസിലെ നിക്കോദീമോസും ആയിരുന്നു. 1792-ലാണ് ആ സമാഹാരമുണ്ടായത്. റഷ്യൻ ദോബ്റതലൂബിയേ 1877-ൽ ഏകാന്തവാസിയായ തെയോഫാൻ എന്ന റഷ്യൻ സന്ന്യാസി സമാഹരിച്ചു. രണ്ടു സമാഹാരങ്ങളും തമ്മിൽ കുറെയേറെ വ്യത്യാസങ്ങളുണ്ട്.

രണ്ടിലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമാണു മുഖ്യസ്ഥാനം. രണ്ടിലും നാലാം ശതാബ്ദം മുതൽ ഏതാണ്ടു പതിനൊന്നാം ശതാബ്ദം വരെയുള്ള ക്രൈസ്തവ സന്യാസികളുടെ വചനങ്ങളാണു സമാഹരിച്ചിരിക്കുന്നതെങ്കിലും ഉള്ളടക്കത്തിൽ കാര്യമായ അന്തരം ഉണ്ട്. ഇപ്പോൾ ഇവിടെ നമ്മുടെ സിദ്ധിനാഥാനന്ദജി തന്മയത്വത്തോടുകൂടി ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്തവതരിപ്പിക്കുന്നത് തെയോഫാന്റെ റഷ്യൻ ദോബ്റതലൂബിയയിലെ പ്രധാന ഭാഗങ്ങളാണ്.

ക്രൈസ്തവ താപസരുടെ ഉപദേശങ്ങളുടെ സിംഹഭാഗവും ഹൈന്ദവ താപസർക്കു സ്വീകാര്യമായി അനുഭവപ്പെടുന്നു എന്നുള്ളതു നമ്മുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിക്കേണ്ടുന്ന കാര്യമാണ്. ഈശ്വര സാക്ഷാത്ക്കാരം അല്ലെങ്കിൽ ഭഗവാനോട് ഭഗവത്കൃപ മൂലവും മനുഷ്യന്റെ ഭക്തി മൂലവും ഉണ്ടാകുന്ന ഐക്യം ആണ് എല്ലാ താപസരും തേടുന്നത്. അതുകൊണ്ടാണ് ഗ്രീക്കിൽ നിന്നു റഷ്യൻ ഭാഷയിലേക്കും റഷ്യനിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കുമുള്ള മൂന്നു വിവർത്തനങ്ങൾ കഴിഞ്ഞിട്ടും ഹൈന്ദവരും ക്രൈസ്തവരുമായ ഭാരതീയർക്കും ഈ സൂക്തങ്ങൾ ഇന്നും അതിഹൃദ്യമായി അനുഭവപ്പെടുന്നത്. നമ്മുടെ മലയാളത്തിലെ ആദ്ധ്യാത്മിക പാരമ്പര്യത്തിന് സുപ്രധാനമായ ഒരു സംഭാവനയാണു സിദ്ധിനാഥാനന്ദജി ഇപ്പോൾ കാഴ്ചവെയ്ക്കുന്നത്.

1792-ൽ രണ്ടു ഗ്രീക്കു താപസർ സമാഹരിച്ച ഈ സത്പ്രേമ സൂക്തങ്ങളുടെ പിറകിലുള്ളത് പതിന്നാലാം ശതകത്തിൽ ആഥോസിലെ സന്ന്യാസാശ്രമങ്ങളിലൊന്നിൽ വസിച്ചിരുന്ന നിക്കേഫോറസ് എന്ന ഗ്രീക്ക് സന്ന്യാസി ഉണ്ടാക്കിയ സൂക്തശൃംഖലയായിരുന്നു. നിക്കോഫോറസ് ആയുസ്സിന്റെ സിംഹഭാഗവും ആഥോസ് ക്രമമനുസരിച്ചുള്ള നിശബ്ദ

താപസവൃത്തി നിർവഹിച്ച് സിദ്ധനായിത്തീർന്നു. ഈശ്വരനുമായി മനസ്സും ഹൃദയവും ഒരുമിച്ചുള്ള പ്രാർത്ഥനകൊണ്ട് ഉറ്റ ഐക്യത്തിൽ വരുന്നതിനുള്ള മാർഗമാണു നിക്കോഫോറസ് തന്റെ ശിഷ്യരെ പഠിപ്പിച്ചത്.

ക്രൈസ്തവശൈലിയിലെ പല പ്രയോഗങ്ങളും ഹൈന്ദവ സുഹൃത്തുക്കൾക്കു പുത്തരിയായിരിക്കാൻ വഴിയുണ്ട്. ക്രൈസ്തവ താപസരുടെ ചിന്തയിലെ രണ്ടു പ്രധാന ആശയങ്ങൾ - ഒന്ന് നന്മയുടെ ശത്രുവാണു സാത്താനെന്നുള്ളത്. രണ്ടാമത്തേത് ഈശ്വര സാക്ഷാത്കാര മാർഗങ്ങളായ മാമ്മോദീസാ, കുർബാന മുതലായ സത്കർമ്മങ്ങളെക്കുറിച്ചുള്ള വിചിന്തനം - ഈ രണ്ട് ആശയങ്ങളും ക്രൈസ്തവ താപസരുടെ ചിന്തയിൽ മൗലികവും കേന്ദ്രഭൂതവുമായി കണ്ടുവരുന്നു. ഈ ഫിലോക്കാലിയായിൽ അങ്ങനെയുള്ള ആശയങ്ങൾ പൊന്തിവരുന്ന സന്ദർഭങ്ങളിൽ സിദ്ധിനാഥാനന്ദജി, അവയെ ചുരുക്കുകയോ ഒഴിവാക്കുകയോ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഒരു ഹൈന്ദവ താപസനെ സംബന്ധിച്ചിടത്തോളം അതു തികച്ചും സ്വാഭാവികമാണ്. അടുത്ത പതിപ്പിൽ ഇങ്ങനെയുള്ള ഭാഗങ്ങൾ വിശദമായിത്തന്നെ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നതു മൂലകൃതിയുടെ സ്വഭാവം മനസ്സിലാക്കുന്നതിനു സഹായിക്കും.

സിദ്ധിനാഥാനന്ദജി നൽകിയിട്ടുള്ള ഈ അമൂല്യ സംഭാവനയ്ക്ക് അദ്ദേഹത്തോടു വളരെയധികം കടപ്പെട്ടവരാണു മലയാളത്തുള്ള സത്പ്രേമികൾ. മുമ്പ് അദ്ദേഹം നമുക്ക് 'സാധകന്റെ സഞ്ചാരം' (The Way of a Pilgrim) ഇംഗ്ലീഷിൽ നിന്നു വിവർത്തനം ചെയ്തു നൽകി. ഇപ്പോഴിതാ അതിനേക്കാൾ ഉദാത്തമായ ഒരു ഉത്തമ ഗ്രന്ഥം ക്രൈസ്തവരുടെ ആദ്ധ്യാത്മിക ഭണ്ഡാഗാരങ്ങളിൽ നിന്നു പൊടി കുടഞ്ഞെടുത്തു നമുക്കു സംഭാവന ചെയ്തിരിക്കുന്നു. ഇതുപോലുള്ള അനേക സേവനങ്ങൾ ഭാവിയിലും മലയാളത്തിലുള്ള ആദ്ധ്യാത്മിക സാഹിത്യത്തിനു കാഴ്ച വെയ്ക്കുവാനുള്ള ആരോഗ്യവും ആദ്ധ്യാത്മിക ചൈതന്യവും ഈശ്വരൻ അദ്ദേഹത്തിനു നൽകട്ടെ.

കേരളത്തിലെ ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം ഈ പിതാക്കന്മാരിൽ പലരും പാരമ്പര്യത്തിലുള്ളവരല്ല. ഇതിന്റെ ആദ്യഭാഗത്തു കാണുന്ന അന്തോനിയോസ്, മക്കാറിയോസ്, മർക്കോസ്, എവാഗ്രിയസ് മുതലായ താപസവര്യന്മാർ ഏഷ്യൻ ആഫ്രിക്കൻ സഭയും യൂറോപ്യൻ സഭയും തമ്മിൽ അഞ്ചാം ശതാബ്ദത്തിലുണ്ടായ പിരിയലിനു മുമ്പു ജീവിച്ചിരുന്നവരും ഏഷ്യയിലും ആഫ്രിക്കയിലും യൂറോപ്പിലും ഒരുപോലെ അംഗീകരിക്കപ്പെട്ടവരുമാണ്. നിക്കേഫോറസും (14-ാം

ശതാബ്ദം) സീനായിലെ ഗ്രീഗോറിയോസും (14-ാം ശതാബ്ദം) നവ വേദശാസ്ത്രി ശിമെയോനും (10-ാം ശതാബ്ദം) കാലിസ്തോസും (14-ാം ശതാബ്ദം) മറ്റു പലരും പൗരസ്ത്യ സഭ (അർമ്മേനിയൻ, ഈജിപ്ഷ്യൻ, എത്യോപ്യൻ, സിറിയൻ, ഇന്ത്യൻ സഭകൾ) അംഗീകരിക്കുന്ന പിതാക്കന്മാരല്ല. അതുകൊണ്ട് അവരുടെ ഉപദേശം നിഷിദ്ധമാണെന്നർത്ഥമില്ല. പുരാതന പൗരസ്ത്യ സഭയിലെ ഒരു പ്രത്യേക താപസ പാരമ്പര്യം വളർത്തിയെടുത്തു പുഷ്ടിപ്പെടുത്തിയ താപസവര്യന്മാരുടെ ഈ ഉപദേശം ഇന്നത്തെ ഭഗവദ് ഭക്തന്മാർക്കു വളരെയധികം പ്രയോജനം ചെയ്യാവുന്നവയാണ്. ഈ പ്രത്യേക പാരമ്പര്യത്തിന്റെ സവിശേഷത ആന്തരിക നിശബ്ദത എന്നുള്ളതാണ്. സെൻ (zen) ബുദ്ധമത ദർശനത്തിലുള്ള ജ്ഞാനാന്വേഷണം തന്നെയാണ് ഇവിടെയും കേന്ദ്രമായിട്ടുള്ളത്. നമ്മുടെ ഉള്ളിലലയ്ക്കുന്ന വികാരവിചാരങ്ങളുടെ ഓളംതള്ളൽ നിർത്തിയിട്ട്, നിശ്ചല ജലപരപ്പു പോലുള്ള കണ്ണാടിപോലുള്ള വിശുദ്ധത ആന്തരികമായി നേടുമ്പോൾ ഈശ്വര സന്നിധാനത്തിൽ മനുഷ്യർ എത്തുന്നു എന്ന ചിന്തയാണ് നിശ്ശബ്ദ സന്യാസത്തിന്റെ (hesychia) അടിസ്ഥാനം. 'നിശ്ശബ്ദതയാണ് ആത്മശുദ്ധീകരണത്തിന്റെ നാന്ദി; നിശ്ശബ്ദതയുടെ നിശ്ചിത ലക്ഷ്യം എല്ലാ അലട്ടിൽ നിന്നുമുള്ള ശാന്തതയും.' ഇതാണു പ്രമാണം. എല്ലാ വസ്തുക്കളിൽ നിന്നുമുള്ള സ്വാതന്ത്ര്യം, അലസതയില്ലാത്ത അനുസ്യൂത ധ്യാനാർച്ചന, ആരും കവർന്നുകൊണ്ടു പോകാത്ത ആന്തരിക ചൈതന്യം ഈ മൂന്നുമാണ് ഈ നിശ്ശബ്ദതാ ധ്യാനശൈലിയിലെ പ്രധാന ഘടകങ്ങൾ.

വായ്കൊണ്ടു സംസാരിക്കുകയില്ലെന്നു മാത്രമല്ല, വിചാരംകൊണ്ടുള്ള ആന്തരികമായ ചിലയ്ക്കലും നിൽക്കണം. മനസ്സ് അച്ഛസ്ഫടികസമാനം നിഷ്കളങ്കവും ഹൃദയം മുകുരസമാനം കറയില്ലാത്തതുമായിത്തീരണം. അന്തരംഗം സദാ പ്രാങ് - മന്ത്രം ജപിച്ചുകൊണ്ടിരിക്കണം. യാതൊന്നിനെക്കുറിച്ചും ആകാംക്ഷയോ ഉത്കണ്ഠയോ അരുത്. ആവശ്യങ്ങൾ ഒന്നും ഉണ്ടാകരുത്. വികാരങ്ങളെല്ലാം ആത്മനിയന്ത്രണത്തിൽ ഒതുങ്ങണം. ശാന്തി, സ്നേഹം, പ്രാർത്ഥന ഇവ മൂന്നും തമ്മിലിണങ്ങി സന്ന്യാസിയിൽ കാണണം. പതിന്നാലും പതിനഞ്ചും ശതകങ്ങളിൽ യൂറോപ്യൻ സഭയിലെ ഗ്രീക്കുകാരും ലത്തീൻകാരും തമ്മിൽ വികാരക്ഷുഭിതമായ വാഗ്‌വാദത്തിനു വഴിതെളിച്ച ഒന്നായിരുന്നു ഈ നിശബ്ദതാ സന്ന്യാസപ്രസ്ഥാനം (hesychast movement). പിന്നീട് 'ചുമ്മായിരുപ്പ്' (quietism) എന്നു പറഞ്ഞു ലത്തീൻകാർ ഈ സന്ന്യാസപ്രസ്ഥാനത്തെ കളിയാക്കി. മനുഷ്യൻ പൂർണത പ്രാപിക്കണമെങ്കിൽ ഇച്ഛാശക്തിയെ ഇല്ലാതാക്കി, പൂർണ നിഷ്ക്രിയത്വം പ്രാപിച്ചു സ്വത്വത്തെ മുഴുവനായി പരിത്യജിച്ച്, സർവത്തെയും ഈശ്വരന്നധീനമാക്കി, സ്വർഗ്ഗ

ത്തേയോ നരകത്തേയോ കാംക്ഷിക്കാതെ, നന്മയ്ക്കായോ തിന്മയ്ക്കായോ ദാഹിക്കാതെ, നിഷ്കാമത മാത്രമല്ല നിഷ്കർമ്മതയും പ്രാപിച്ച് ഈശ്വരസ്നേഹത്തിലും ഈശ്വരസാന്നിദ്ധ്യത്തിലും ഈശ്വരപ്രവൃത്തിയിലും ലയിച്ചിരിക്കണമെന്നുള്ള തത്ത്വത്തിനാണ് ക്വയറ്റിസം (quietism) എന്നു പേർ പറയുന്നത്. 1687-ൽ റോമ്മായിലെ ഇന്നസെന്റ് പതിനൊന്നാമൻ പാപ്പാ ഈ പ്രസ്ഥാനത്തെ കത്തോലിക്കാ സഭയിൽ ഔദ്യോഗിക പ്രഖ്യാപനം മൂലം നിരോധിച്ചു.

ആദ്ധ്യാത്മികതയെ സംബന്ധിച്ചിടത്തോളം കിഴക്കായാലും പടിഞ്ഞാറായാലും ഹിന്ദുവോ, മുസ്ലീമോ, ബൗദ്ധനോ, ക്രിസ്ത്യനോ ആരായാലും ഈശ്വരസേവനം വാഞ്ഛിക്കുന്നവർ പ്രത്യേകം ചിന്തിക്കേണ്ടുന്ന ഒരു പ്രശ്നം ഇതിൽ അന്തർഗതമായിരിക്കുന്നു. ഞാൻ പൂർണതയെ പ്രാപിച്ചാൽ മറ്റു പ്രശ്നങ്ങൾ താനേ പരിഹരിക്കപ്പെട്ടുകൊള്ളും എന്ന ചിന്താഗതി ഹൈന്ദവചിന്തയിൽ ശ്രീ ശങ്കരാചാര്യരുടെ വ്യാഖ്യാനപ്രകാരമുള്ള വേദാന്തത്തിൽ കാണുന്നുണ്ട്.

ഓം പൂർണ്ണമദഃ പൂർണമിദം
പൂർണാത്, പൂർണമുദച്യതേ
പൂർണസ്യ, പൂർണമാദായ
പൂർണമേവാവശിഷ്യതേ.

എല്ലാവരും ഒരുമിച്ചു ശ്രേയസ്സിലേയ്ക്കുയരുന്നതാണു നല്ലതെന്ന സർവോദയചിന്തയും അന്ത്യോദയചിന്തയും ഒരു വശത്തും, സകല പ്രശ്നങ്ങളുടെയും മൂലം നാനാത്വബോധമായതുകൊണ്ടു ബോധതലത്തിൽ മാത്രമേ പ്രശ്നമുള്ളുവെന്നും ബോധത്തിൽ 'അഹം ബ്രഹ്മാസ്മി' എന്ന പ്രജ്ഞയുയരുമ്പോൾ അന്യപ്രശ്നങ്ങൾ സിദ്ധനെ സംബന്ധിച്ചിടത്തോളം താനേ തിരോധാനം, ചെയ്തുകൊള്ളുമെന്നുള്ള ശാങ്കരചിന്ത മറുവശത്തും ഉള്ളതു രണ്ടും തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടു പോകുവാൻ പ്രയാസമാണ്.

ക്രിസ്തീയ പാരമ്പര്യത്തിലുള്ള സമീപനം ഇവ രണ്ടും ഒരുപോലെ ആവശ്യമാണെന്നുള്ളതാണ്. രാത്രി മുഴുവൻ നിശ്ശബ്ദനായിരുന്നു പ്രാർത്ഥിക്കുകയും പകൽ ഉദയം മുതൽ അസ്തമയം വരെ അദ്ധ്വാനിച്ച് ദരിദ്രരെ പോഷിപ്പിക്കുകയും രോഗികളെ രോഗമുക്തരാക്കുകയും അറിവില്ലാത്തവരെ പഠിപ്പിക്കുകയുമാണു ക്രിസ്തുഭഗവാൻ ചെയ്തത്. തന്റെ ശിഷ്യന്മാരെയും അതു തന്നെയാണു പഠിപ്പിച്ചത്.

സഭ എന്ന ക്രിസ്തുവിന്റെ ശരീരത്തിൽ ഇതു രണ്ടും നടക്കണം. നിശ്ശബ്ദധ്യാനവും നിരന്തരപ്രാർത്ഥനയും ഒരു വശത്തും തളർച്ചയില്ലാത്ത മനുഷ്യസേവനം മറുവശത്തും ഉണ്ടായിരിക്കണം. സഭ എന്ന ക്രിസ്തു

ശരീരത്തിൽ ചിലർ പ്രാർത്ഥനയുടെ സേവനത്തിനായി പ്രത്യേകം വിളിക്കപ്പെട്ടവരും മറ്റു ചിലർ മനുഷ്യാവശ്യങ്ങളെ സേവിക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടവരുമാണ്. പക്ഷേ തികച്ചും വ്യതിരിക്തമായ ഒരു 'ജോലി തിരിക്കൽ' (division of labour) അല്ലിത്. പ്രാർത്ഥനയ്ക്കു പ്രാധാന്യം കൊടുക്കുന്നവൻ മനുഷ്യസേവനം ചെയ്യേണ്ട എന്നില്ല. മനുഷ്യസേവനത്തിനു പ്രാധാന്യം കൊടുക്കുന്നവൻ പ്രാർത്ഥിക്കേണ്ടയാവശ്യമില്ല എന്നു പഠിപ്പിക്കുന്നില്ലല്ലോ.

ക്രിസ്തുഭഗവാൻ തന്നെയാണു ക്രൈസ്തവർക്കു മാർഗദർശകമായ ഉദാഹരണം. പ്രാർത്ഥനയും പ്രവൃത്തിയും ഒരാളുടെ രണ്ടു കൈകൾ പോലെ പ്രവർത്തിക്കണം. സ്നേഹമില്ലെങ്കിൽ പ്രാർത്ഥനകൊണ്ടും പ്രവർത്തനം കൊണ്ടും ഫലമൊന്നുമില്ലെന്നു പൗലോസ് അപ്പൊസ്തോലൻ പറയുന്നു.

ഹെസിക്കാസ പ്രസ്ഥാനത്തിൽ സ്നേഹത്തിനു വലിയ സ്ഥാനം തന്നെ കൊടുക്കുന്നുണ്ടെന്ന് ഈ പുസ്തകത്തിൽ നിന്നു വ്യക്തമാകും. ലോകത്തെ പിറകിൽ തള്ളിയിട്ട ആഥോസിലെ വിശുദ്ധ ഗിരിയിലെ താപസവര്യന്മാർ കരുപ്പിടിപ്പിച്ച ഈ ഹെസിക്കാസ പ്രസ്ഥാനം അനേകരെ ഭഗവദ്ദർശനത്തിലേയ്ക്കു വഴി കാണിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈ പ്രസ്ഥാനത്തിന്റെ അന്തരാത്മാവു ശാങ്കരവേദാന്തത്തിന്റെ ആത്മാവിനോടു വളരെയടുത്തതാണ്. പക്ഷേ ഇന്നത്തെ ഭാരതത്തിൽ എട്ടാം ശതാബ്ദത്തിലെ ആദിശങ്കരന്റെയും പതിന്നാലാം ശതകത്തിലെ ആഥോസ് സന്യാസികളുടെയും ആദ്ധ്യാത്മികത അതേപടി പകർത്താനൊക്കുമോ എന്നു സംശയമാണ്.


ഈ സംശയത്തിന്റെ പിറകിൽക്കിടക്കുന്നത് 'സത്യമെന്താണ്' എന്നു പീലാത്തോസ് ചോദിച്ച ചോദ്യം തന്നെയാണ്. പിന്നീടുണ്ടാകുന്ന അനുഭവം കൊണ്ടു പരിവർത്തനം ഭവിക്കാത്തതേതൊ അതാണു സത്യം എന്നാണു ശാങ്കരവേദാന്തത്തിലെ നിർവചനം. പരിവർത്തനമുള്ളതു സത്യമല്ലെങ്കിൽ പ്രപഞ്ചവും ചരിത്രവും മുഴുവൻ അസത്യമാണെന്നു വരും.

പാരമാർഥികസത്തയും വ്യാവഹാരികസത്തയും തമ്മിൽ വേർതിരിക്കുന്നതുമൂലം ശാങ്കരവേദാന്തം ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു. പക്ഷേ, പാരമാർഥികസത്തയാകുന്ന ബ്രഹ്മം മായാവിക്ഷേപവും അവിദ്യാവരണവുംകൊണ്ടു വ്യാവഹാരികസത്തയായി കാണപ്പെടുന്നതു മാത്രമേയുള്ളുവെങ്കിൽ, ചരിത്രം, കാലം, ലോകം മുഴുവൻ അസത്യമാണെന്നു വരും. കാരണം മായയും അവിദ്യയും നീങ്ങിക്കഴിയുമ്പോൾ ഈവകയൊന്നും പിന്നെ കാണുകയില്ലല്ലോ.

ഏറെക്കുറെ ആ ചിന്ത തന്നെയാണു ഹെസിക്കാസത്തിന്റെ (നിശ്ശബ്ദതാ സന്യാസപ്രസ്ഥാനത്തിന്റെ) അടിത്തറയെന്നു തോന്നുന്നു. ഇന്ന് ഏതു മതത്തിലായാലും ആദ്ധ്യാത്മികതയെ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം പാരമാർഥിക സത്തയേയും വ്യാവഹാരികസത്തയേയും സത്യത്തോടു ഘടിപ്പിച്ച്, കാലികവും കാലാതീതവുമായ സത്യങ്ങളെ പരസ്പരം ബന്ധപ്പെടുത്തുകയെന്നതാണ്. ഈ പരസ്പരബന്ധം ഒട്ടും ഇല്ലാത്ത മതം മനുഷ്യരെ വഴിതെറ്റിക്കുന്നതാകാൻ വഴിയുണ്ട്.

ഇതു സംബന്ധമായ ഒരു നല്ല ചർച്ചയിലേയ്ക്കും ധ്യാനത്തിലേയ്ക്കും നയിക്കുവാൻ ഈ ഉത്തമഗ്രന്ഥം സഹായിക്കട്ടെ.

*(ഫിലോക്കാലിയയിലെ പ്രസക്തഭാഗങ്ങളുടെ പ്രഥമ മലയാള തർജ്ജമയായ 'ആദ്ധ്യാത്മപ്രേമം' എന്ന കുരിശുമല ആശ്രമം പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന് എഴുതിയ അവതാരിക. മേയ് 10, 1983. ഫിലോക്കാലിയയുടെ സമ്പൂർണ്ണ മലയാള പരിഭാഷ ചെറിയാൻ ഈപ്പൻ പ്രസിദ്ധീകരിച്ചതിലും ഈ അവതാരിക ചേർത്തിട്ടുണ്ട്.)*



## 7

# എങ്ങിനെ പ്രാർത്ഥിക്കണം?

പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. അത് നീന്തൽ പോലെയാണ്. ആദ്യ പ്രാവശ്യം വെള്ളത്തിൽ വീഴുമ്പോൾ നിങ്ങൾ മുങ്ങിപ്പോയേക്കാം. ഭൂമിയുടെ ആകർഷണശക്തി എന്ന തത്വം വ്യത്യാസം വരുത്തുവാൻ നിവൃത്തിയില്ലാത്തവിധം അന്തിമമാണെന്ന് അപ്പോൾ നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ ചലനത്തിന്റെയും പൊങ്ങിക്കിടക്കുവാൻ സാധിക്കുക എന്നതിന്റെയുമായ മറ്റു തത്വങ്ങളുമുണ്ടെന്നതാണ് സത്യം. ഈ തത്വങ്ങളുടെയെല്ലാം വെറും അറിവിനു മാത്രം നിങ്ങളെ നീന്തൽ പഠിപ്പിക്കുവാൻ സാധിക്കുകയുമില്ല. ഒരുവൻ വെള്ളത്തിൽ ഇറങ്ങുകയും ആവർത്തിച്ചുള്ള പരിശീലനംകൊണ്ട് വെള്ളത്തിൽ പൊങ്ങിക്കിടക്കുവാനും വെള്ളത്തിനുപരിതലത്തിലൂടെയോ അടിയിലൂടെയോ ചലിക്കുവാനുമുള്ള കഴിവ് സമ്പാദിക്കുകയുമാണ് ചെയ്യുന്നത്. മാത്രമല്ല ചില യാളുകൾ നീന്തുന്ന കാര്യത്തിൽ മറ്റുള്ളവരേക്കാൾ സമർത്ഥന്മാരാണ്, എന്തുകൊണ്ടെന്നാൽ അവർ തുടർച്ചയായുള്ള, പരിശീലനത്താൽ നീന്തൽ നിയമങ്ങൾ പഠിച്ച് നിപുണത നേടിയിരിക്കുന്നു.

പ്രാർത്ഥനയിലെ ആദ്യത്തെ തത്വം, നീന്തലിന്റേതുപോലെ, ആദ്യത്തെ മൂന്നുനാലു ശ്രമങ്ങളിൽ പരാജയപ്പെട്ടു എന്നതുകൊണ്ട് പരിശ്രമം ഉപേക്ഷിക്കരുത് എന്നുള്ളതാണ്. തുടർച്ചയായുള്ള പരിശീലനത്താൽ സംപ്രാപിക്കേണ്ട ഒരു ആത്മീയനൈപുണ്യമത്രെ പ്രാർത്ഥന.

രണ്ടാമത്തെ തത്വവും നീന്തലിന്റേതുപോലെ തന്നെ. അയച്ചുവിട്ടുകൊടുക്കുക എന്നു പറയാം. വെള്ളം നിങ്ങളെ താങ്ങുവാൻ അനുവദിക്കുക. ആകുല ചിന്താരഹിതരും ആശ്വസിക്കുന്നവരും ആയിത്തീരുക. പ്രാർത്ഥനയിൽ നമ്മെത്തന്നെ അങ്ങനെ വിട്ടുകൊടുക്കുവാൻ അനുവദിക്കേണ്ടതുണ്ട്, നാം സ്വസ്ഥരാകേണ്ടതുണ്ട്, ദൈവം നമ്മെ താങ്ങിക്കൊള്ളുമെന്നും നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചുകൊള്ളുമെന്നും നാം പരിപൂർണ്ണമായും വിശ്വസിക്കേണ്ടതുണ്ട്.

പ്രാർത്ഥിക്കണമെന്ന് തോന്നുന്നില്ലെങ്കിലും പ്രാർത്ഥനയിൽ യാതൊരു സന്തോഷവും കിട്ടുന്നില്ലെങ്കിലും പ്രാർത്ഥനാശീലം തുടർന്നുകൊണ്ടേയിരിക്കണം. എന്നാൽ ഇന്ദ്രിയമോഹങ്ങളോടുള്ള നമ്മുടെ സ്വതഃസിദ്ധ സ്നേഹവും, സുഖത്തോടും മടിയോടുമുള്ള നമ്മുടെ സ്വാർത്ഥ സ്നേഹവും, പ്രാർത്ഥിക്കേണ്ടതില്ല എന്നതിന് അനേക ന്യായീകരണങ്ങൾ കണ്ടുപിടിച്ചുകൊണ്ട്, പ്രാർത്ഥനാശീലത്തെ നാം തടസ്സപ്പെടുത്തു

വാൻ തക്കവണ്ണം കടന്നുവരും. "എനിക്ക് പ്രാർത്ഥിക്കുവാൻ തോന്നുന്നില്ല" എന്നോ, "പ്രാർത്ഥന കൊണ്ട് എനിക്ക് യാതൊരു പ്രയോജനവും കിട്ടുന്നില്ല" എന്നോ പറയുന്നതിൽ കാര്യമൊന്നുമില്ല. നിങ്ങൾക്ക് പ്രാർത്ഥനാസ്വഭാവം സമ്പാദിക്കുവാനും പ്രാർത്ഥനയിൽ യഥാർത്ഥത്തിൽ സന്തോഷം തോന്നിത്തുടങ്ങുവാനും വർഷങ്ങൾ തന്നെ വേണ്ടിവരും. പ്രാർത്ഥനയുടെ കലയിലും നൈപുണ്യത്തിലും ഒരുവന് പുരോഗതിയുണ്ടാകണമെങ്കിൽ, ശരീരത്തിന്റെ മടിയേയും ജഢമോഹങ്ങളെയും നിയന്ത്രിക്കുവാൻ തക്കവണ്ണം അവൻ തന്റെ ഇച്ഛാശക്തിയെ ബലപ്പെടുത്തേണ്ടിയിരിക്കുന്നു. നിത്യവുമുള്ള പരിശീലനം എന്നതിനുപരി നിങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്ന മറ്റൊരു കാര്യമില്ല.

നാലാമത്തെ തത്വം മൂന്നാമത്തേതിനോട് ബന്ധപ്പെട്ടതു തന്നെയാണ്: ഉപവാസത്താലും സ്വയസംയമനത്താലും പ്രാർത്ഥനാശിക്ഷണത്തെ പരിപുഷ്ടിപ്പെടുത്തിക്കൊണ്ടുവരുക. തന്റെ ആന്തരിക പാച്ചിലുകളെയും മോഹങ്ങളെയും നിയന്ത്രിക്കുവാൻ പഠിക്കുന്നതുവരെ മനുഷ്യൻ ദൈവത്തെപ്പോലെ സ്വതന്ത്രനും നല്ലവനുമായിത്തീരുന്നില്ല. വിശപ്പിൽനിന്നും ദാഹത്തിൽനിന്നും കോപത്തിൽനിന്നും അസൂയയിൽനിന്നും ലൈംഗികാസക്തിയിൽനിന്നും, മനുഷ്യപ്രശംസയ്ക്കും മുഖസ്തുതിക്കുമുള്ള വാഞ്ചയിൽ നിന്നും ശാരീരിക വിക്ഷോഭത്തിനും ഇന്ദ്രിയ ഉദ്ദീപനത്തിനുമുള്ള ആഗ്രഹത്തിൽനിന്നും നമ്മുടെ സ്വതന്ത്ര ഇച്ഛക്കെതിരായി കാര്യങ്ങൾ നമ്മെക്കൊണ്ട് ചെയ്യിക്കുന്ന മറ്റെല്ലാ ആന്തരീയ കലക്കത്തിൽനിന്നും വിമോചിതനായിരിക്കുക എന്നത് പ്രാർത്ഥനയ്ക്കുവേണ്ടിയുള്ള ഒരുക്കത്തിന് അത്യന്താപേക്ഷിതമാണ്. തങ്ങളുടെ ശരീരവും മാംസപേശികളും സിരകളും നല്ല നിലയിൽ സൂക്ഷിക്കുവാൻ വേണ്ടി ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന നല്ല കായികാഭ്യാസികൾ വളരെ കർശനമായ സ്വയശിക്ഷണം പാലിക്കുന്നതുപോലെ പ്രാർത്ഥനാമനുഷ്യൻ അവന്റെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നല്ല നിലയിലും ബോധപൂർവ്വമായ നിയന്ത്രണത്തിലും നിലനിർത്തേണ്ടിയിരിക്കുന്നു.

നമ്മുടെ ശരീരം മുഴുവനും, മാത്രമല്ല മൂർത്തവസ്തുക്കൾ തന്നെയും പ്രാർത്ഥനാ നടത്തിപ്പിൽ ഉപയോഗപ്പെടുത്തുക എന്നതാണ് അഞ്ചാമത്തെ തത്വം. പ്രാർത്ഥന സമ്പൂർണ്ണ മനുഷ്യനാണ് നിർവ്വഹിക്കുന്നത്, അതായത് ശരീരവും ആത്മാവും അരൂപിയും – അല്ലാതെ മനസ്സിന്റെ മാത്രമുള്ളൊരു ക്രിയയല്ല. അംഗവിന്യാസം, ഉച്ചാരണം, ക്രിയകൾ എന്നിവവഴി ശരീരത്തിന് പ്രാർത്ഥനയിൽ പങ്കുചേരുവാൻ സാധിക്കുന്നു.

**a. അംഗവിന്യാസം:–** കൈകൾ മേൽപ്പോട്ടുയർത്തിയോ അല്ലെങ്കിൽ നമസ്കാരത്തിന്റെയും ആരാധനയുടെയും ഭാവത്തിൽ കൈകൾ

കെട്ടിയോ കിഴക്കോട്ടഭിമുഖമായി നിൽക്കുക എന്നതാണ് പൗരസ്ത്യ പാരമ്പര്യത്തിൽ പ്രാർത്ഥനയ്ക്കായുള്ള അംഗവിന്യാസം.

**b. ശ്രദ്ധാകേന്ദ്രം:–** ഒരു ബാഹ്യകേന്ദ്രം ഉണ്ടായിരിക്കുക എന്നതു നല്ലതാണ് – രണ്ടുവശത്തും മെഴുകുതിരികളോടുകൂടെ ഒരു കുരിശ്, ക്രിസ്തുവിന്റെയും വിശുദ്ധ കന്യകമറിയാമിന്റെയും വിശുദ്ധന്മാരുടെയും പടങ്ങളോ ഐക്കണുകളോ അല്ലെങ്കിൽ കുടുംബം മുഴുവനായി പാർത്ഥിക്കുവാൻ കൂടുന്ന മുറിയിൽ സ്ഥാപിക്കാവുന്ന വിപുലമായ ഒരു പ്രാർത്ഥനാപീഠം തന്നെയോ ആവാം. ക്രിസ്തുവിന്റെ ക്രൂശിതരൂപം തൂങ്ങുന്ന കുരിശുകൾ പാശ്ചാത്യപാരമ്പര്യത്തിൽപ്പെട്ടവയാണ്; അത് നമ്മുടെ പാരമ്പര്യത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. പടങ്ങളുടെ കാര്യത്തിൽ തന്നെ പൗരസ്ത്യ ഐക്കണുകൾ ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. ക്രിസ്തുവിന്റെയും കന്യകമാതാവിന്റെയും 'തിരുഹൃദയചിത്രങ്ങൾ' ഒഴിവാക്കേണ്ടതാണ്; കാരണം ഇവ ലത്തീൻ മതഭക്തിയിലെ ഒരു പ്രത്യേക കാലഘട്ടത്തിന്റേതാണ്, ഒരു സമതുലിത ഭക്തിശീലത്തിന് സഹായകമായിരിക്കുന്നില്ല.

**c. വായും അധരങ്ങളും:–** ശരീരം പ്രാർത്ഥിക്കണം – മനസ്സു മാത്രം പോരാ. മനസ്സ് സദാസമയവും കേന്ദ്രീകരിക്കപ്പെടുന്നില്ലെങ്കിൽ തന്നെ നിങ്ങളുടെ വായും ചുണ്ടുകളും ദൈവസ്തുതികൾ പാടട്ടെ. ഏകാഗ്രത കൂടാതെ തന്നെയുള്ള വായുടെയും അധരങ്ങളുടെയും ചലനം തന്നെ ഒരു പ്രാർത്ഥനാക്രിയയാണ്. പ്രാർത്ഥന ഉരുവിടുന്നതിനേക്കാൾ പാടുന്നതാണ് നല്ലത്, എന്തെന്നാൽ കേവലം സംഗീതത്തിൽ തന്നെ ചില മാനുഷിക ചായ്വുകളും വാഞ്ചകളും പ്രകാശിതങ്ങളാണ്.

**d. മനഃപതർച്ച:–** മനഃപതർച്ചയുണ്ടാകുന്നതിനെ പറ്റി വേവലാതിപ്പെടേണ്ടതില്ല. മനസ്സ് അതിലെയും ഇതിലെയും ചുറ്റിതിരിയുകയാണ് എന്ന് ബോധവാനാകുന്ന നിമിഷത്തിൽ ആ പതറിയ മനസ്സുകൂടി ദൈവത്തിന് കാഴ്ച വെക്കുന്നതു വഴി അതിനെ തിരിച്ചുകൊണ്ടുവരിക. നമ്മെക്കുറിച്ചുള്ള നമ്മുടെ ഏറ്റുപറച്ചിലിന്റെ ഒരു ഭാഗമാണത്. "ഇതാണ് കർത്താവേ ഞാൻ; തടസ്സപ്പെടുത്തപ്പെട്ടവനും ഏകാഗ്രതയ്ക്ക് കഴിവില്ലാത്തവനും! എന്നെ ഞാനായിരിക്കുന്നവിധം ഇതാ നിനക്ക് ഞാൻ അർപ്പിക്കുന്നു. ശ്രദ്ധതെറ്റിക്കപ്പെട്ട് അലയുന്ന എന്റെ മനസ്സിനെ കൈക്കൊണ്ട് നിന്റെ കൃപയാൽ അതിനെ സൗഖ്യപ്പെടുത്തേണമേ." ദൈവം നമ്മോട് ക്ഷമിക്കുകയും നമ്മെ പടിപടിയായി രൂപാന്തരപ്പെടുത്തുകയും ചെയ്യും.

**e. ചേഷ്ടകൾ:–** കുമ്പിടുക, തലകുനിക്കുക, കുരിശുവരയ്ക്കുക, സമാധാനം കൊടുക്കുക എന്നീ ഹസ്താദി ചലനങ്ങൾ ഉപയോഗിക്കുക. ഭാഷ എന്ന ഒരു മാധ്യമം മാത്രമല്ല നമുക്ക് ആശയവിനിമയത്തിനുള്ളത്.

കൈ കെട്ടുക, തല കുനിക്കുക എന്നിവ നമസ്ക്കാരത്തിന്റെയും; അനുഗ്രഹത്തിനായി കാത്തുനില്ക്കുക എന്നതിന്റെയും ഒരു അടയാളമാണ്. കൈകൾ മേലോട്ടുയർത്തുക എന്നതിന് അപേക്ഷ, അനുതാപം, മദ്ധ്യസ്ഥപ്രാർത്ഥന എന്നീ അർത്ഥങ്ങളാകാം. കുമ്പിടൽ സാഷ്ടാംഗ പ്രണാമ സദൃശമാണ്, സമ്പൂർണ്ണ കീഴടങ്ങലിന്റെ അടയാളവും; പൂർണ്ണ വിശ്വാസത്തോടെ തങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കുക എന്നതു തന്നെ. കുരിശുവരയ്ക്കുക എന്നത്, നാം ക്രിസ്തുവിന്റെ ക്രൂശിനാൽ രക്ഷ പ്രാപിച്ചിരിക്കുന്നുവെന്നും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുക തന്നെയാണെന്നും നമ്മെ സ്വയം ഓർപ്പിക്കുവാനുള്ള ഒരു മാർഗ്ഗമാണ്. മൂന്നു വിരലുകൾ (തള്ളവിരൽ, ചൂണ്ടുവിരൽ, നടുവിരൽ) ഒന്നിച്ചുകൂട്ടി നെറ്റിയിൽ തൊടുവിച്ചിട്ട് (സർവ്വ ജീവന്റെയും നന്മയുടെയും ഉറവയായ ത്രിത്വത്തെ ദൃഷ്ടാന്തീകരിച്ചുകൊണ്ട്) നമ്മുടെ രക്ഷയ്ക്കു വേണ്ടി ദൈവപുത്രൻ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്കു അവരോഹണം ചെയ്തതിനെ കുറിക്കുവാൻ തക്കവണ്ണം നെഞ്ചിന്റെ താഴ്‌വശത്തേക്കു കൊണ്ടുവരിക, എന്നിട്ട് കുരിശിന്റെ ദിഗന്തസമാന്തരദണ്ഡിനെയും, ഇടത്തുഭാഗത്ത് അന്ധകാര സന്താനങ്ങളായിരുന്ന നാം ദൈവത്തിന്റെ വലത്തുഭാഗത്തെ പ്രകാശ സന്താനങ്ങളാംവിധം ഇപ്പോൾ കൊണ്ടുവരപ്പെട്ടിരിക്കുന്നു എന്നതിനേയും സൂചിപ്പിക്കുവാൻ തക്കവണ്ണം വിരലുകളെ ഇടത്തു തോളിൽ നിന്നും വലത്തുതോളിലേക്കു കൊണ്ടുവരുക. സമാധാനം കൊടുക്കുക എന്നത് പരസ്പര മാപ്പപേക്ഷയുടെയും സ്നേഹത്തിന്റെയും സൂചകമാണ്, കുടുംബാംഗങ്ങളുമായോ മറ്റു പുറത്തുള്ളവരുമായോ വന്നുപോയ മത്സരത്തിന്റെയും കോപത്തിന്റെയുമായ എല്ലാ അനുഭവങ്ങളെയും തുടച്ചുനീക്കുവാനുള്ളൊരു അവസരമാണത്.

വാക്കുകളേക്കാൾ വളരെ ആഴത്തിലേക്ക് ചെന്നെത്തുകയും വാക്കുകൾ അപൂർവ്വമായി മാത്രമേ ചെന്നെത്തൂ എന്ന ഉപബോധമനസ്സിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒരു ഭാഷയുടെ ഭാഗമാണ് ഈ എല്ലാ ഹസ്താദിചലനങ്ങളും.

*(പ്രാർത്ഥന എന്ത്? എന്തിന്? എങ്ങനെ?' എന്ന ഇംഗ്ലീഷ് ലേഖനത്തിലെ പ്രസക്ത ഭാഗങ്ങളുടെ തർജ്ജമ. സഭാചന്ദ്രികയിൽ പ്രസിദ്ധീകരിച്ചത്. ഇംഗ്ലീഷ് ലേഖനം വായിക്കുവാൻ Worship in a Secular Age എന്ന ഗ്രന്ഥം കാണുക.)*

# 8

# പാപമോചന പ്രക്രിയ

പാപത്തിന്റെ ശക്തി പണ്ടത്തേക്കാൾ ക്രമാധികം വർദ്ധിച്ചിരിക്കുന്നു വെന്നു തോന്നുന്നു. പിശാചിനു ദൈവം പ്രത്യേക ലൈസൻസ് കൊടുത്തിരിക്കുകയാണെന്നു ചിലർക്ക് തോന്നുന്നതിൽ അത്ഭുതമില്ല. ദ്രവ്യാഗ്രഹം, ശിക്ഷണരാഹിത്യം, സ്വാർത്ഥത, ക്രൂരത, മോഹപൂരണവ്യഗ്രത, മദ്യപാനം, പ്രാർത്ഥനയില്ലായ്മ ഇവയൊക്കെ പണക്കാരിലും, പാവപ്പെട്ടവരിലും ഇടത്തരക്കാരിലും ഒരുപോലെ പടരുന്നു.

ഇടവകകളിലാണെങ്കിലും അൽപം പണമുണ്ടായിത്തുടങ്ങിയതോടെയാണെന്നു തോന്നുന്നു, അധികാരമോഹവും മഹത്വമോഹവും മൂലമുള്ള കൊച്ചുകലഹങ്ങൾ വർദ്ധിച്ചു വരുന്നു. പള്ളിയുടെ പണം അപഹരിക്കുന്നതിൽ നിന്നു പോലും പലരുടെയും മനഃസാക്ഷി അവരെ പിടിച്ചുനിർത്തുന്നില്ല.

രാഷ്ട്രത്തിൽ പൊതുവെ ധാർമികതയുടെ അധഃപതനലക്ഷണങ്ങൾ ഉടനീളം കാണുന്നു. പാർട്ടിയിലായാലും പള്ളിയിലായാലും ധാർമ്മികതയേക്കാൾ ആദായമോഹമാണു കളിയാടിക്കാണുന്നത്.

ദ്രവിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ മാരകമൂല്യങ്ങൾ നമ്മുടെയിടയിലേക്കും കടന്നുവരാൻ തുടങ്ങിയിട്ട് നാളേറെയായി. ഭാരത സംസ്കാരത്തിന് സ്ഥാവരമായ എന്തെങ്കിലും മഹത്വമുണ്ടെങ്കിൽ അതു ധാർമ്മികതയിലും ആദ്ധ്യാത്മികതയിലും അധിഷ്ഠിതമാണ്. ആ ധാർമ്മികതയും ആദ്ധ്യാത്മികതയുമാണ് നമുക്ക് ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഒരു കാലത്തു നമ്മുടെ നാട്ടിൽ ക്രിസ്തീയ സ്ഥാപനങ്ങളും സമൂഹങ്ങളും ധാർമ്മികതയെ ഉയർത്തിപ്പിടിക്കുന്നവരായിരുന്നു. ഇന്നാകട്ടെ അവിടെത്തന്നെയാണു ധാർമ്മികതയുടെ അധഃപതനം കൂടുതലായി കാണുന്നത്. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സ്ഥാപനങ്ങൾ ക്രിസ്തീയ സ്ഥാപനങ്ങളേക്കാൾ ഉദാത്തമായ നിലവാരം പരിപാലിക്കുന്നു എന്നു വാദിക്കുന്നില്ല. പക്ഷേ മറ്റു മതങ്ങൾക്കുപോലും മാതൃകയാകേണ്ടുന്ന ക്രിസ്തുമതം ധാർമികാധഃപതനത്തിൽ കൂടെ കടന്നു പോകുമ്പോൾ അന്യമതങ്ങളിലും അതേ പ്രതിഭാസം ഉണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല.

ക്രിസ്തീയ ധാർമികതയേയും ആദ്ധ്യാത്മികതയേയും ഉയർത്തിപ്പി

ടിക്കുന്നതിൽ ഒരു പ്രധാന പങ്കാണു മെത്രാന്മാർക്കും വൈദികർക്കുമു ള്ളത്. സ്വാർത്ഥതയും സ്ഥാനമോഹവും സ്വന്ത താൽപര്യങ്ങളെക്കുറി ച്ചുള്ള വ്യഗ്രതയും അവരിൽ അധികമായി കാണുമ്പോൾ പൊതുവേ യുള്ള ധാർമിക നിലവാരം ഇടിഞ്ഞുപോകുന്നു. ക്രൈസ്തവ വൈദി കർ സേവന തൽപരരായും പ്രാർത്ഥനാനിരതരായും നിസ്വാർത്ഥരായും കാണുകയെന്നുള്ളതു സമൂഹത്തിന്റെ തന്നെ ഒരാവശ്യമാണ്.

പാപത്തോടുള്ള പോരാട്ടമാണു സഭയുടെ പ്രധാന കർത്തവ്യം. പാപ ത്തോടു പോരാടുന്നതിന്റെ ഒരു പ്രധാന ഉപാധിയാണു വി. കുമ്പസാരം. മനുഷ്യനെ പാപഭാരത്തിൽനിന്നു വിമുക്തനാക്കി ദൈവത്തോട് അനുര ഞ്ജിപ്പിക്കുന്നതിനേക്കാൾ ഉദാത്തമായ സൽക്രിയ മറ്റേതുണ്ട്? അതു കൊണ്ടാണ് പുരോഹിതന്റെ ഈ ലക്കം വി. കുമ്പസാരം എന്ന വിഷയ ത്തിനു പ്രത്യേക പ്രാധാന്യം കൊടുത്തിട്ടുള്ളത്. എന്നാൽ വൈദിക രിൽകൂടെ സഭ ചെയ്യുന്ന പാപമോചന പ്രക്രിയ കൂടുതൽ കാര്യക്ഷമമാ കണമെങ്കിൽ വളരെയധികം പരിഷ്കരണം അതിനാവശ്യമാണെന്നു തോന്നുന്നു.

*(പുരോഹിതൻ, ഏപ്രിൽ-ജൂൺ 1989)*



# 9

# പൗരസ്ത്യ ക്രിസ്തീയാരാധനക്രമങ്ങൾ ഒരു താരതമ്യ പഠനം

പരിശുദ്ധ കുർബ്ബാനയിലെ പ്രധാന ഘടകങ്ങളേവയെന്ന് പ്രത്യേകം തിരിച്ചറിയണമെങ്കിൽ നൂറുകണക്കിനുള്ള വിവിധ പൗരസ്ത്യാരാധന ക്രമങ്ങളുടെ ഒരു താരതമ്യ പഠനം കൊണ്ടേ സാധിക്കൂ.

പാശ്ചാത്യാരാധനക്രമങ്ങൾ നാലും പൗരസ്ത്യരാധനക്രമങ്ങൾ എട്ടും പ്രധാന ഗ്രൂപ്പുകളായി തരംതിരിക്കാം.

## പാശ്ചാത്യാരാധനക്രമങ്ങൾ

കത്തോലിക്കാസഭയിലെ റോമൻ ആരാധനക്രമം പാശ്ചാത്യസഭയിൽ പ്രായേണ എല്ലായിടത്തും നടപ്പിലായത് ചാർലിമേയ്ൻ ചക്രവർത്തിയുടെ (742–814 എ.ഡി.) കല്പനപ്രകാരം ഒമ്പതാം ശതാബ്ദത്തിന്റെ ആരംഭ ത്തിൽ മാത്രമാണ്. അതുവരെ നാലിൽ കുറയാതെ വിവിധ രീതിയി ലുള്ള ആരാധനക്രമങ്ങൾ യൂറോപ്പിൽ നിലവിലുണ്ടായിരുന്നു. ഇവയിൽ ഉത്തര ഇറ്റലിയിൽ ഉപയോഗിച്ചുവന്നിരുന്ന അംബ്രോസിയൻ ആരാധ നക്രമവും അന്ന് 'ഗാൾ' എന്ന് പറഞ്ഞുവന്നിരുന്ന ഇന്നത്തെ ഫ്രഞ്ച് പ്രദേശങ്ങളിൽ നിലവിലിരുന്ന ഗാലിക്കൻ ക്രമവും പൗരസ്ത്യരീതിയി ലുള്ളവയും പൗരസ്ത്യ സഭയിൽ നിന്ന് പാശ്ചാത്യ സഭ എടുത്തുപയോ ഗിച്ചവയുമായിരുന്നു. ഇതു കൂടാതെ, സ്പെയിൻ, പോർത്തുഗൽ ഈ രാജ്യങ്ങളിൽ മൊസറാബിക്ക് (MOZARABIC) രീതിയിലുള്ള ആരാധന ക്രമവും നടപ്പിലുണ്ടായിരുന്നു. ഇത് 11–ാം ശതാബ്ദത്തിൽ നിർത്തലാ ക്കിയെങ്കിലും 16–ാം ശതാബ്ദത്തിൽ ടൊലീഡോ (Toledo) കത്തീഡ്ര ലിൽ അവിടുത്തെ മെത്രാപ്പോലീത്താ ഇതിനെ പുനഃസ്ഥാപിച്ച് ഇന്നു വരെ ആ നഗരത്തിൽ മാത്രം ഈ ആരാധനക്രമം ഉപയോഗിച്ചുവരുന്നു.

ഇന്ന് കത്തോലിക്കാ സഭയിൽ പൗരസ്ത്യ റീത്തുകളിലൊഴികെ പ്രായേണ എല്ലായിടത്തും ഉപയോഗിച്ചുവരുന്നത് പണ്ടു റോമാനഗര ത്തിൽ മാത്രം ഉപയോഗിച്ചുവന്നിരുന്നതും വളരെയധികം അർത്ഥപുഷ്ടി യൊന്നുമില്ലാത്തതെന്ന് പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതുമായ റോമൻ ക്രമമാണ്.

യൂറോപ്പിൽ നിലവിലുണ്ടായിരുന്ന നാലു ക്രമങ്ങളിൽ അംബ്രോസി യൻ, ഗാലിക്കൻ, മോസറാബിക്ക് ഇവ മൂന്നും പൗരസ്ത്യ രൂപത്തിലു ള്ളവയായിരുന്നതുകൊണ്ടായിരിക്കാം അവയ്ക്ക് പാശ്ചാത്യസഭയിൽ

അധികം പ്രോത്സാഹനം ലഭിയ്ക്കാതിരുന്നതെന്നു വേണം അനുമാനിപ്പാൻ.

### പൗരസ്ത്യക്രമങ്ങൾ

കിഴക്കൻ സഭകളിലെ ക്രമങ്ങൾ എട്ടുവിധത്തിലുള്ളവയാണെന്നു പറഞ്ഞല്ലോ. അവയുടെ ഒരു ചുരുക്കവിവരം താഴെ കുറിക്കുന്നു.

**1) പശ്ചിമ സിറിയൻ ആരാധനക്രമം**

നമ്മുടെ സഭയിലും സിറിയായിലെ സഭയിലും ഇന്നു നിലവിലിരിക്കുന്ന ഈ ക്രമം മറ്റേതു ക്രമത്തെയുംകാൾ വൈവിധ്യത്തിലും അർത്ഥപുഷ്ടിയിലും മുന്നിട്ടുനിൽക്കുന്നു. കുർബ്ബാന തക്സാകൾ തന്നെ എഴുപതിലധികമുണ്ട്.

**2) കോപ്റ്റിക് ആരാധനക്രമം**

സാധാരണയായി മൂന്നു ക്രമങ്ങളാണ് ഈഗുപ്തായസഭയിൽ ഉപയോഗിക്കുന്നത് (ബസേലിയോസ്, ഗ്രീഗോറിയോസ്, കൂറിലോസ്).

**3) പൗരസ്ത്യ സിറിയൻ (കൽദായ) ക്രമം**

ഇവർക്കു മൂന്നു ക്രമങ്ങളാണുള്ളത് (ശ്ലീഹന്മാരുടെ ക്രമം, തേവോദോറോസിന്റെ ക്രമം, നെസ്തോറിന്റെ ക്രമം).

**4) മലബാർ ക്രമം**

പോർത്തുഗീസുകാർ പതിനഞ്ചാം ശതാബ്ദത്തിൽ ഇവിടെ വരുന്ന കാലത്ത് നമ്മുടെ സഭയിൽ നടപ്പിലുണ്ടായിരുന്ന ക്രമം കൽദായക്രമത്തിൽ നിന്നും അല്പം വ്യത്യസ്തമായിരുന്നു. 1599–ൽ ഉദയമ്പേരൂർ സുന്നഹദോസ് ഇതു നിർത്തലാക്കി പുസ്തകങ്ങളെല്ലാം ചുട്ടുകളഞ്ഞെങ്കിലും കേരളത്തിലെ സുറിയാനിക്കത്തോലിക്കർ ഇന്ന് ഈ പഴയ മലബാർ ക്രമത്തെ പുതിയ രൂപത്തിൽ പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

**5) ബൈസാന്റെൻ ക്രമം**

ഗ്രീസ്, റഷ്യാ, റുമേനിയ, ബുൾഗേറിയ, യൂഗോസ്ലാവിയ മുതലായ രാജ്യങ്ങളിലുപയോഗിക്കുന്ന ഈ ക്രമം കുസ്തന്തീനോപോലീസിലെ ആരാധനക്രമങ്ങളെ പിന്തുടരുന്നു. പശ്ചാത്തലത്തിലുള്ളത് അന്ത്യോഖ്യായിലെ സിറിയൻ ക്രമമാണ്. രണ്ടു വിവിധ കുർബാന തക്സാകളാണിവർക്കുള്ളത് (ബാസേലിയോസ്, ഈവാനിയോസ്).

**6) അർമ്മേനിയൻ ക്രമം**

ഏറെക്കുറെ ബൈസന്റെൻ ക്രമത്തോട് ചേർന്നുനില്ക്കുന്നതും സുറിയാനി സഭയിലെ ആരാധനാരീതിയിൽ നിന്നുൽഭൂതമായതുമാണ്. ഒരു ക്രമമേയുള്ളു.

**7) എത്യോപ്യൻ ക്രമം**

ഈഗുപ്തായസഭയുടെ പുത്രിയാണ് എത്യോപ്യൻ സഭയെങ്കിലും അവരുടെ ആരാധനക്രമത്തിന് രൂപംകൊടുക്കുന്നതിൽ സിറിയൻ സന്യാസിമാർക്ക് വലിയൊരു പങ്കുണ്ട്. മുപ്പതോളം വിവിധ തക്സാകൾ എത്യോപ്യൻ സഭയ്ക്കുണ്ട്. 14 എണ്ണം മാത്രമേ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളു.

**8) മാറോനായക്കാരുടെ ക്രമം**

അതിസമ്പന്നമായ സുറിയാനി ആരാധനയുടെ മറ്റൊരു രൂപമാണ് മാറോനായക്കാരുടെ ആരാധനയിൽ ഇന്നു കാണുന്നത്. നമ്മിൽ നിന്ന് വേർപിരിഞ്ഞ് പന്ത്രണ്ടാം ശതാബ്ദത്തിൽ റോമാസഭയിൽ ചേർന്ന ഇക്കൂട്ടർക്കുള്ള എഴു കുർബ്വാന തക്സാകൾ പഴയ അന്ത്യോഖ്യൻ ക്രമത്തോട് വളരെ സാമ്യമുള്ളവയാണ്.

## താരതമ്യപഠനം

ഈ എട്ട് വിവിധക്രമങ്ങളിലും പൊതുവായി കാണാവുന്ന കാര്യങ്ങൾ, സഭകൾ തമ്മിൽ വേർപിരിയുന്നതിനു മുമ്പുണ്ടായിരുന്ന പ്രാചീനസഭയുടെ പാരമ്പര്യത്തിന് സാക്ഷ്യം വഹിക്കുന്നു. ഏഴു ഭാഗങ്ങൾ എല്ലാ വിവിധ ക്രമങ്ങളിലും കാണുന്നതിനെ ഇവിടെ ചുരുക്കമായി എടുത്തു പ്രതിപാദിച്ചുകൊള്ളട്ടെ.

കുർബ്വാനയെന്നു പറയുന്നത് ഇപ്പോഴത്തെ നമ്മുടെ ഞായറാഴ്ച ശുശ്രൂഷയിലെ അവസാന ഭാഗത്തിനു മാത്രം പറയുന്ന പേരാകുന്നു. അതായത് നമ്മുടെ ക്രമത്തിൽ, വിശ്വാസപ്രമാണത്തിന്റെ ശേഷം, സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്ന ശുശ്രൂഷയ്ക്കാണ് അർപ്പണം എന്നർത്ഥമുള്ള കുർബ്വാന അല്ലെങ്കിൽ അനാഫോറാ എന്ന് പേർ പറയുന്നത്. എന്നാൽ ഈ ഞായറാഴ്ച ശുശ്രൂഷയ്ക്ക് മുഴുവനായും കുർബ്വാനയെന്ന് ചിലപ്പോൾ പറയാറുണ്ട്. ഈ രണ്ടാം അർത്ഥത്തിലാണ് ഇവിടെ പ്രതിപാദിക്കുന്നത്.

**1) തൂയോബോ അല്ലെങ്കിൽ ഒരുക്ക ശുശ്രൂഷ**

തൂയോബോ ശുശ്രൂഷയ്ക്ക് എട്ടു ഭാഗങ്ങളുള്ളത് എല്ലാ ക്രമങ്ങളിലും ഒരുപോലെ കാണുന്നില്ല. എങ്കിലും അവയുടെ ഒരു ലിസ്റ്റ് ഇങ്ങനെ സമാഹരിക്കാം:

(a) മദ്ബഹായിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള പ്രാരംഭ പ്രാർത്ഥന. (b) മദ്ബഹായിൽ പ്രവേശിച്ച് ത്രോണോസ് മുമ്പാകെയുള്ള വന്ദനയും അനുതാപപ്രാർത്ഥനയും (c) അപ്പവീഞ്ഞുകളെ ഒരുക്കിവെയ്ക്കൽ (d) സ്ഥാന വസ്ത്രധാരണം. (e) കാസായും പീലാസായും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ. (f) ധൂപനവും അർപ്പണ പ്രാർത്ഥനയും. (g) സമാപന പ്രാർത്ഥന. ഈ ഏഴു ഭാഗങ്ങൾ ഏറെക്കുറെ മുൻപറഞ്ഞ എട്ടു വിധ പൗരസ്ത്യാരാധനകളിലും കാണുന്നുണ്ടെങ്കിൽ ചില വ്യത്യാസങ്ങളും ഇല്ലാതില്ല. അർമ്മേനിയൻ, സിറിയൻ, എത്യോപ്യൻ ക്രമങ്ങളിലൊഴികെ മറ്റഞ്ചു ക്രമങ്ങളിലും പുരോഹിതന്റെ സ്ഥാന വസ്ത്രധാരണം നടക്കുന്നതു പ്രഥമഭാഗത്താണ്. അതായത് മദ്ബഹായിലേയ്ക്ക് പ്രവേശിക്കുന്നതിനു മുമ്പുതന്നെ. എത്യോപ്യൻ സഭയിൽ സ്ഥാനവസ്ത്രധാരണം നടക്കുന്നതു (b) എന്നു പറയുന്ന രണ്ടാം ഭാഗത്താണ്, അതായത് മദ്ബഹായിൽ പ്രവേശിച്ചാൽ ഉടനെ. അർമ്മേനിയൻ സഭയിൽ സ്ഥാനവസ്ത്രധാരണം സാക്രിസ്റ്റി അതായത് വസ്ത്രങ്ങൾ സൂക്ഷിക്കുന്ന മുറിയിൽ വച്ചാണ് നടക്കുന്നത്. അതിനുശേഷമേ പ്രാരംഭപ്രാർത്ഥന പോലും ആരംഭിക്കുന്നുള്ളു.

സുറിയാനിസഭയിലാണ് സ്ഥാനവസ്ത്രധാരണം ഇത്ര വൈകി നടക്കുന്നത്. എന്നാൽ ആരംഭകാലങ്ങളിൽ വചനശുശ്രൂഷ അതായതു ഏവൻഗേല്യോൻ വായനയും പ്രസംഗവും കഴിഞ്ഞിട്ട് മാത്രമായിരുന്നു പുരോഹിതന്റെ സ്ഥാനവസ്ത്രധാരണം നടന്നിരുന്നത് എന്നു നാം ഓർക്കണം.

### (2) വചനശുശ്രൂഷ അല്ലെങ്കിൽ സ്നാനാർത്ഥികളുടെ ക്രമം

വിശുദ്ധ സുവിശേഷം പഠിപ്പിക്കുന്നതിനുള്ള അവസരമാണ് കുർബ്ബാനയുടെ പരസ്യശുശ്രൂഷയിലെ ആദ്യഭാഗം. ഈ സമയത്ത് ക്രിസ്ത്യാനികളല്ലാത്തവർ ധാരാളമായി സന്നിഹിതരായിരുന്നിരിക്കണം. അവരോടും മാമോദീസാ മുങ്ങിയിട്ടുള്ള ക്രിസ്ത്യാനികളോടും ഒരുമിച്ച് ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിപ്പാനും പഠിപ്പിക്കുവാനുമുള്ള ഒരവസരമാണിത്. മാമോദീസാ മുങ്ങുവാൻ ആഗ്രഹിക്കുന്നവരെ കൂടെ ഉദ്ദേശിച്ചുകൊണ്ടുള്ള ക്രമമായതുകൊണ്ട് സ്നാനാർത്ഥിക്രമം അഥവാ Liturgy of the catechumens എന്ന് പേർ പറയുന്നു. ആറ് ഭാഗങ്ങളാണ് പ്രധാനം:-

a) ഏവൻഗേലിയോൻ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര.

b) വേദവായനകൾ.

c) വായനകളുടെ ഇടവിട്ടുള്ള ഗീതാലാപങ്ങൾ.

d) പ്രസംഗം അല്ലെങ്കിൽ പഠിപ്പിക്കൽ.

e) ലോകത്തിലുള്ള എല്ലാവരുടേയും ആവശ്യങ്ങൾക്കായുള്ള മദ്ധ്യസ്ഥപ്രാർത്ഥന.

f) സ്നാനാർത്ഥികളെ അനുഗ്രഹിച്ചു പിരിച്ചുവിടൽ.

a) ഏവൻഗേല്യോൻ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര അതിന്റെ വികസിതരൂപത്തിൽ ഇന്നു കാണുന്നത് ബൈസന്റൈൻ ക്രമത്തിൽ മാത്ര മാണ്. സുറിയാനി ആരാധനക്രമത്തിൽ പ്രാരംഭഘോഷയാത്രയിൽ ഏവൻഗേല്യോൻ കാണുന്നില്ല. എന്നാൽ പരസ്യശുശ്രൂഷയുടെ ആരംഭ ത്തിലെ ഘോഷയാത്രയിൽ മെഴുകുതിരി കത്തിച്ചുപിടിച്ചുകൊണ്ട് മുന്നോ ടിയായി നടക്കുന്ന യോഹന്നാൻ സ്നാപകനെ അനുഗമിച്ചുകൊണ്ട് പുരോഹിതരൂപത്തിൽ നാം കാണുന്നത് ഗുരുവായി പഠിപ്പിക്കുവാനും പരസ്യശുശ്രൂഷയ്ക്കുമായി വരുന്ന ക്രിസ്തുവിനെയാണ്. ക്രിസ്തു തന്നെയാണല്ലോ യഥാർത്ഥ ഏവൻഗേല്യോൻ.

**b) വായനകൾ.** ആദിമുതലേ അഞ്ചല്ലെങ്കിൽ ആറായിരുന്നു മിക്ക വാറും എല്ലാ പൗരസ്ത്യക്രമങ്ങളിലും. അതായത് ഏവൻഗേല്യോൻ കൂടാതെ അതിന് മുമ്പായി പഴയനിയമത്തിൽനിന്ന് രണ്ടോ, മൂന്നോ, പുതിയ നിയമത്തിൽനിന്ന് രണ്ടും. ഈ അഞ്ചു വായനകളും നടത്തുന്ന പള്ളികൾ ഇന്നു നമ്മുടെ സഭയിലുണ്ടെങ്കിലും മിക്ക പള്ളികളിലും ഒന്നോ രണ്ടോ പുതിയനിയമ വായനകൾ മാത്രമേ കേൾക്കുന്നുള്ളു. പഴയനിയ മത്തിൽ മോശയുടെ ന്യായപ്രമാണത്തിൽനിന്ന് ഒന്നും, പ്രവാചകന്മാ രുടെ പുസ്തകങ്ങളിൽനിന്ന് ഒന്നും, മറ്റു പുസ്തകങ്ങളിൽ നിന്ന് ഒന്നു മാണ് ക്രമമനുസരിച്ച് വായിക്കുക പതിവ്.

**c) ഗാനാലാപങ്ങൾ.** നമ്മുടെ സുറിയാനി കുർബ്ബാനക്രമത്തിൽ ഇന്നും വായനകൾക്കിടയിൽ ആറു പാട്ടുകളുണ്ട്. അതായത് (1) തിര ശ്ശീല നീക്കുന്നതിനു മുമ്പുള്ള ഗീതം. (2) നിന്മാതാവ് വിശുദ്ധന്മാർ (സ്വ ഭാവപ്രകാരം മരണമില്ലാത്തവനും) എന്നാരംഭിക്കുന്ന പാട്ട്; (3) കാദീ ശാത്താലോഹോ എന്ന പാട്ട് (ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു എന്നു ള്ളത് ഒരു പാട്ടാണെന്നുള്ളത് പലരും മറന്നുപോകുന്നു); (4) ഭൂവില ശേഷം; (5) പൗലോസ് ശ്ലീഹാ; (6) ഏവൻഗേല്യോന്ന് ശേഷമുള്ള ഗീതം.

കാദീശാത്താലോഹോ (Trisagion) എന്നുള്ള പാട്ട് എട്ട് പൗരസ്ത്യ ക്രമങ്ങളിൽ ഏഴിലും കാണുന്നുണ്ട്. ഇല്ലാത്തത് ഇന്ത്യയിലെ സുറിയാ നിക്കത്തോലിക്കരുടെ പുതിയ ക്രമത്തിൽ മാത്രമേയുള്ളു. ഇത് ഇവി ടുത്തെ ക്രമം ആവിഷ്ക്കരിച്ചവരുടെ ഒരു തെറ്റ് എന്നു മാത്രം വെച്ചാൽ മതി.

ആരംഭകാലത്ത് പാട്ടുകൾക്കു പകരം മസുമൂറാകളായിരുന്നു പാടാറുള്ളത്. അതിന്റെ അനുപല്ലവിയുടെ ഒരവശിഷ്ടമാണ് ഇന്നും ഏവൻഗേല്യോനു മുമ്പ് ചൊല്ലുന്ന "ഹാലേലുയ്യാ" എന്നു തുടങ്ങുന്ന പാട്ട്. ഈ ഹാലേലുയ്യാ എട്ട് പൗരസ്ത്യക്രമങ്ങളിലും കാണപ്പെടുന്നു.

**d) പ്രസംഗം.** ഇത് സാധാരണയായി കശീശ്ശന്മാരും മെത്രാപ്പോലീത്തായും കൂടി അനുഷ്ഠിക്കുന്നു. മാമോദീസാ മുങ്ങിയിട്ടുള്ളവരേയും മുങ്ങിയിട്ടില്ലാത്തവരേയും ഈ സമയത്ത് സുവിശേഷം പഠിപ്പിക്കുകയെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. എന്നാൽ മിക്കവാറും എല്ലാ പൗരസ്ത്യക്രമങ്ങളിലും ഇത് ഇന്ന് ഇല്ലാതായിത്തീർന്നിരിക്കുന്നു.

**e) മദ്ധ്യസ്ഥപ്രാർത്ഥന.** ഇത് ലുത്തിനിയാ രൂപത്തിലുള്ള ഒരു പ്രാർത്ഥനയായിരുന്നു. സുറിയാനിക്രമത്തിലും എത്യോപ്യൻ ക്രമത്തിലും മാത്രം ഇത് ഇന്ന് കാണപ്പെടുന്നില്ല. സുറിയാനിക്രമത്തിൽ തൽസ്ഥാനത്ത് പ്രുമിയോനും സെദ്റായും ചൊല്ലുന്ന ഒരു മദ്ധ്യസ്ഥ പ്രാർത്ഥന പോലെയാണ്; എന്നാൽ ആദിമകാലത്ത് ഇതു മാമോദീസാ സ്നാനാർത്ഥികൾക്കു വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയായിരുന്നു.

**f) സ്നാനാർത്ഥികളെ പിരിച്ചുവിടൽ.** ഇത് സുറിയാനിക്രമത്തിലൊഴികെ മറ്റ് പൗരസ്ത്യക്രമങ്ങളിലെല്ലാം കാണുന്നുണ്ട്. സുറിയാനിക്രമത്തിൽ ഈ പിരിച്ചുവിടലിനെ അനുസ്മരിപ്പിക്കുന്ന ഗീതങ്ങൾ ചിലതുണ്ടെങ്കിലും നമ്മുടെ നാട്ടിൽ അവ ചൊല്ലാറില്ലെന്ന് തോന്നുന്നു.

### 3) ധൂപാർപ്പണ ശുശ്രൂഷ

ഈ ശുശ്രൂഷയ്ക്ക് പൊതുവെ മൂന്ന് ഭാഗങ്ങളാണുള്ളത്. a) ധൂപാർച്ചന b) ബലിപീഠാരോഹണം c) സമാധാന ശുശ്രൂഷ. ധൂപാർച്ചനയിൽ പ്രൊമിയോൻ, മഹസ്യോനോ ഹോക്കീൽ, സെദ്റാ എന്നീ പ്രാർത്ഥനകളും ധൂപക്കുറ്റി വാഴ്ത്തലും ഉൾപ്പെടുന്നു. എത്യോപ്യൻ കോപ്റ്റിക് ക്രമങ്ങളിൽ ഇവയൊന്നും കാണപ്പെടുന്നില്ല. ബലിപീഠാരോഹണത്തിനു മുമ്പുള്ള പുരോഹിതന്റെ കൈ കഴുകൽ എല്ലാ ക്രമങ്ങളിലും കാണപ്പെടുന്നു. വിശ്വാസപ്രമാണവും അഞ്ചാം ശതാബ്ദം മുതൽ എല്ലാ പൗരസ്ത്യ ക്രമങ്ങളിലും കാണപ്പെടുന്നു. അർമ്മേനിയക്കാരും മലബാർ കത്തോലിക്കരും ഏവൻഗേല്യോൻ കഴിഞ്ഞ ഉടനെയാണ് ചൊല്ലുന്നത്. ശോശപ്പാ ആഘോഷം അർമ്മേനിയൻ ക്രമത്തിൽ മാത്രം കാണുന്നില്ല. മറ്റ് ഏഴു ക്രമങ്ങളിലും ഉണ്ട്. സമാധാന ശുശ്രൂഷ എല്ലാ ക്രമങ്ങളിലും കാണപ്പെടുന്നു. എന്നാൽ രൂപത്തിൽ വ്യത്യാസങ്ങളുണ്ട്.

# 10

# റോമാസഭ കാതോലിക വിശ്വാസത്തോട് കൂട്ടിച്ചേർത്തിട്ടുള്ള സംഗതികൾ

സഭൈക്യത്തിന് വിലങ്ങുതടിയായി നിലകൊള്ളുന്ന രണ്ടാമത്തെ പ്രധാന കാര്യം റോമ്മാ സഭ അന്യ സഭകളിൽ നിന്നും വേർപെട്ടതിന്റെ ശേഷം, പ്രോട്ടസ്റ്റന്റുകാരും അവരുടെയിടയിൽ നിന്നിറങ്ങിപ്പോയതിന് ശേഷം കാതോലിക വിശ്വാസത്തിൽ അവർ കൂട്ടിച്ചേർത്തിട്ടുള്ള സംഗതികളാണ്. ഇവയിൽ നാലഞ്ചെണ്ണത്തെ മാത്രം ഇവിടെ എടുത്തുചേർക്കുന്നു.

**(a) ബെസ്പുർക്കാനാ (purgatory):** മരിച്ചുപോയിട്ടുള്ള വിശ്വാസികളെ നമ്മുടെ പ്രാർത്ഥനകൾ കൊണ്ടും കുർബാന മൂലവും സഹായിക്കാമെന്നുള്ള വിശ്വാസം കാതോലിക സഭകൾക്കെല്ലാമുള്ളതാണ്. എന്നാൽ ബെസ്പുർക്കാനാ എന്നൊരു "സ്ഥലം" നമ്മുടെ മനോധർമ്മത്തിൽ നിന്നും സൃഷ്ടിക്കേണ്ടുന്നയാവശ്യമൊന്നും കിഴക്കൻ സഭകൾ കാണുന്നില്ല. പരമാർത്ഥം പറഞ്ഞാൽ ഇക്കാര്യത്തിൽ റോമ്മാസഭയുടെ പഠിപ്പിയ്ക്കൽ കുറെ അസംസ്കൃതം (crude) ആണെന്നല്ലാതെ തത്വത്തിൽ നമുക്ക് യോജിക്കുവാൻ വളരെ പ്രയാസമുണ്ടാകേണ്ടുന്നയാവശ്യമില്ല. 1563-ൽ ആണ് ബെസ്പുർക്കാനാ വിശ്വാസം റോമ്മാസഭയിൽ ഔദ്യോഗികമായംഗീകരിക്കപ്പെട്ടത്.

**b. പാപമോചനച്ചീട്ടുകൾ (Indulgences):** ഇതും 1563-ൽ ത്രെന്ത് സുന്നഹദോസിലാണ് ഔദ്യോഗികമായംഗീകരിക്കപ്പെട്ടത്. പ്രോട്ടസ്റ്റന്റുകാരെ വെറുപ്പിച്ച പ്രധാന കാരണം ഇതായിരുന്നു. സഭയ്ക്ക് പാപമോചന നൽവരം ദൈവം കൊടുത്തിട്ടുണ്ടെന്ന് കാതോലിക സഭകളെല്ലാം വിശ്വസിയ്ക്കുന്നു. പക്ഷെ അതെന്തിന് കടലാസിലെഴുതി കച്ചവടം ചെയ്യുന്നുവെന്നേ നമുക്ക് ചോദ്യമുള്ളു. ഇതും യഥാർത്ഥത്തിൽ വളരെ സാരമായ ഒരു പ്രശ്നമാണെന്നെനിയ്ക്കഭിപ്രായമില്ല.

**c. അമലോത്ഭവ വാദം (Immaculate Conception):** 1854-ൽ ആണ് ഈ വിശ്വാസം ഔദ്യോഗികമായംഗീകരിക്കപ്പെട്ടത്. തോമസ് അക്വിനാസിന്റെയും വി. ബെർനാഡിന്റെയും അഭിപ്രായത്തേപ്പോലും വിഗണിച്ചാണ് ഈ വിചിത്രവാദത്തെ അവർ സ്വീകരിച്ചത്. യാതൊരു പ്രശ്നവും ഇതുകൊണ്ട് പരിഹരിക്കപ്പെടുന്നില്ല, മറ്റുള്ളവരിൽ നിന്നും തങ്ങളെത്തന്നെ

യകറ്റാനല്ലാതെ കാതോലിക സഭകളിൽ മാദ്ധ്യമിക കാലങ്ങളിലെ യൂറോപ്യൻ സഭകളൊഴിച്ച് മറ്റാരും ഇങ്ങനെയൊരു സംഗതിയെപ്പറ്റി ചിന്തിച്ചിട്ടേയില്ല. കാതോലിക വിശ്വാസത്തിന് കടകവിരുദ്ധമാണിത്.

**d. പരസത്തവാദം (Transubstantiation):** കുർബാനയിലെ അപ്പത്തിന്റെയും വീഞ്ഞിന്റെയും ബാഹ്യഗുണങ്ങൾ (accidents) മാറുന്നില്ലെന്നും എന്നാൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും 'സത്ത' (Substance) നിശ്ശേഷം ഇല്ലാതായിട്ട് കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും "സത്ത" വന്നുചേരുന്നുവെന്നുമുള്ള വാദം തോമസ് അക്വിനാസാണ് ആദ്യമായി പ്രചരിപ്പിക്കുന്നത്. "സത്ത"യും ബാഹ്യഗുണങ്ങളുമൊക്കെ ഇന്ന് തത്വശാസ്ത്രജ്ഞന്മാരെ ചിരിപ്പിക്കുന്ന വാക്കുകളാണ്. അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രം വേദശാസ്ത്രത്തിൽ കുത്തിക്കയറ്റി പാവപ്പെട്ട മനുഷ്യരുടെ ബുദ്ധിയെ വേദനിപ്പിക്കുന്നതെന്തിനോ? ഇക്കാര്യത്തിൽ റോമാസഭ ഓർത്തഡോക്സ് സഭകളിൽ നിന്നും വളരെയധികം പഠിയ്ക്കാനുണ്ട്. അതിനുള്ള വിനയം ദൈവം തന്നെ അവർക്ക് നല്കട്ടെ.

**e. പാപ്പായുടെ അപ്രമാദിത്വവാദം (1870):** തലയുള്ള കത്തോലിക്കർക്ക് വഹിക്കാൻ പ്രയാസമുള്ള ഒരു വിചിത്ര വാദമാണിത്. എന്തെല്ലാം പരമാബദ്ധങ്ങൾ ഇതിന് മുമ്പുള്ള പാപ്പാമാർ പറഞ്ഞുപിടിപ്പിച്ചിട്ടുണ്ട്. ദൈവത്തിനുള്ള അപ്രമാദിത്വം മനുഷ്യനു നൽകുന്നത് പ്രോട്ടസ്റ്റന്റുകാരെക്കൊണ്ടു ''പാപ്പാ അന്തിക്രിസ്തുവാണ്'' എന്നു പറയിക്കാൻ വേണ്ടിയോ?

ഈ അഞ്ചു കാര്യങ്ങളിൽ ഒരു പുതിയ മനോഭാവം റോമാസഭയ്ക്കുണ്ടാകാതെ സഭൈക്യം മുന്നോട്ടു നീങ്ങുകയില്ല.

### പ്രോട്ടസ്റ്റന്റു വിഭാഗങ്ങളുമായുള്ള ബന്ധം

പരമാർത്ഥത്തിൽ വിശ്വാസപരമായി നമുക്ക് ഏറ്റവും അകൽച്ചയുള്ളത് പ്രോട്ടസ്റ്റന്റുകാരോടാണ്. എന്തെല്ലാം കാര്യങ്ങളിലാണ് വ്യത്യാസമുള്ളതെന്നു പറയുന്നതു തന്നെ ബുദ്ധിമുട്ടുള്ള കാര്യമായി തോന്നുന്നു. അടിസ്ഥാനം തന്നെ വ്യത്യസ്തമാണ്.

ലൂഥറൻ നവീകരണപ്രസ്ഥാനത്തിന്റെ രണ്ടു തൂണുകൾ വിശ്വാസത്താൽ മാത്രം (Sola fide) എന്നും "വേദപുസ്തകം മാത്രം" (Sola Scriphere) എന്നും ഉള്ള മുദ്രാവാക്യങ്ങളാണ്. ഇവ രണ്ടും അബദ്ധാധിഷ്ഠിതമാണെന്നു കാതോലിക സഭകൾ വിശ്വസിക്കുന്നു. വിശ്വാസത്തിന്റെയർത്ഥം പ്രമുഖ വേദശാസ്ത്രജ്ഞനായ ലൂഥർ പോലും മനസ്സിലാക്കിയിരുന്നോയെന്ന് സംശയിക്കുന്നവരുണ്ട്. വിശ്വാസത്താലുള്ള നീതീകരണം എന്ന വിശുദ്ധ പൗലൂസിന്റെ ശൈലി പ്രോട്ടസ്റ്റന്റുകാർ വളരെയധികം തെറ്റി

ദ്ധരിച്ചിരിക്കുന്നതായിട്ടാണ് കാതോലിക പക്ഷക്കാരുടെ നില. ഈ അടുത്ത കാലത്തു പ്രോട്ടസ്റ്റന്റു പണ്ഡിതന്മാർ എഴുതുന്ന പുസ്തകങ്ങൾ കുറെയൊക്കെ വിശ്വാസ ഐക്യത്തിനുള്ള പ്രത്യാശയ്ക്ക് വഴിതരുന്നവ യാണ്. വിശ്വാസവും കർതൃശരീരവും തമ്മിലുള്ള ബന്ധവും, 'നീതീക രണം' ഒരു ആത്മീയ തല്പരമാണെന്നും സങ്കല്പിതാവസ്ഥയല്ലെന്നു മുള്ള പരമാർത്ഥവും അവരും അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്.

"വേദപുസ്തകം മാത്രം" എന്നുള്ളതിന്റെ അപര്യാപ്തത പ്രോട്ടസ്റ്റന്റു വേദശാസ്ത്രജ്ഞന്മാരൊക്കെ ഇന്നു സമ്മതിക്കുന്നുണ്ട്. സഭാപാരമ്പര്യ ത്തിന് ഒരു സ്ഥാനം കൊടുപ്പാനുള്ള മനസ്ഥിതിയും അവർക്കുണ്ടായി ത്തുടങ്ങിയിട്ടുണ്ട്. പക്ഷെ വലിയ ഒരു വിഭാഗം പ്രോട്ടസ്റ്റന്റുകാർ ഓർത്ത ഡോക്സുകാരും കത്തോലിക്കരും ക്രിസ്ത്യാനികളേയല്ല എന്ന മനോ ഭാവക്കാരാണ്. ഇതിനുള്ള ഉത്തരവാദിത്വത്തിൽ ഗണ്യമായ ഒരു ഭാഗം നമ്മുടേതാണ്. അവരുടെ ഈ വിശ്വാസത്തെപ്പറ്റി പഠിക്കാതെ അവഗ ണിക്കാനാണ് നമ്മുടെ ജന്മവാസന. എന്നാൽ അവരുടേത് പഠിച്ചവർക്കേ നമ്മുടേതവർക്കു പറഞ്ഞുകൊടുക്കാൻ കഴിയൂ. എന്നാൽ നമ്മുടേതിൽ അടിസ്ഥാനപ്പെടാതെ അവരുടേത് പഠിച്ചാൽ പിന്നെ നമ്മുടേത് പഠിയ്ക്കാ നുള്ള കഴിവുപോലും നമ്മുടെ ചെറുപ്പക്കാർക്കില്ലാതായിത്തീരുന്നതാ യിട്ടും കാണുന്നുണ്ട്.


ഇതിന്നൊരു പരിഹാരമുണ്ടാകണമെങ്കിൽ നമുക്ക് ഒന്നാന്തരം വൈദി കസെമിനാരികളും ഉയർന്ന കഴിവുകളും സ്വഭാവ സംസ്ക്കാരവുമുള്ള വേദശാസ്ത്ര പണ്ഡിതന്മാരുമുണ്ടാകേണ്ടിയിരിക്കുന്നു. ഇതിന് ദൈവം നമ്മെ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

പ്രോട്ടസ്റ്റന്റുകാർ കത്തോലിക്കരേക്കാൾ പഠിക്കാൻ സന്നദ്ധതയുള്ള വരാണ്. പൊതുവെ പറഞ്ഞാൽ താഴ്മയും കൂടുതലുണ്ട്. അവർ ചെവി തരുവാൻ തക്ക പാണ്ഡിത്യവും, കഴിവും, സ്വഭാവമഹിമയും നമ്മിലുണ്ടാ കണമെന്നു മാത്രം. സ്നേഹത്തോടും വിനയത്തോടും കൂടെ പഠിപ്പിക്കാൻ കഴിയുന്നവർ ഉണ്ടാകണം. വിശ്വാസപരമല്ലെങ്കിലും സാമൂഹ്യമായി റോമൻ കത്തോലിക്കരെക്കാൾ നമ്മോടു അടുപ്പമുള്ള പ്രോട്ടസ്റ്റന്റു വിശ്വാ സികളും ഇൻഡ്യയിൽ ഉണ്ടെന്നുള്ളത് നമ്മെ സംബന്ധിച്ചു ഒരു ഉത്തര വാദിത്വമാണ്.

നമുക്ക് സഭയിൽ സമാധാനം ഉണ്ടായിയെന്ന് പയാൻ സാധിക്കുന്നത്, ക്രൈസ്തവരെയെല്ലാം യഥാർത്ഥത്തിൽ ഒരു ശരീരത്തിലെ അംഗങ്ങ ളായിത്തീർന്നു സ്നേഹത്തിലും വിശ്വാസത്തിലും ഐക്യപ്പെട്ട് ലോകത്തെ സേവിപ്പാനും ലോകത്തിനു സുവിശേഷം പ്രഖ്യാപിക്കു വാനും സാധിക്കുന്ന കാലത്താണ്. വളരെയധികം ഇനിയും പ്രവർത്തി

പ്പാനുണ്ട്. നാം മാത്രമാണ് പ്രവർത്തിക്കുന്നതെങ്കിൽ ആശയ്ക്കു വഴിയൊന്നുമില്ല. എന്നാൽ നാം ഉദ്ദേശിക്കുന്നതിലും ആഗ്രഹിക്കുന്നതിലും കൂടുതലായി പ്രവർത്തിപ്പാൻ കഴിവുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവു പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. നമ്മെയും തന്റെ ഉപകരണങ്ങളാക്കിത്തീർക്കുവാൻ തനിക്ക് നമ്മുടെ മേൽ കൃപ തോന്നുമാറാകട്ടെ.

*(ചർച്ച് വീക്കിലി, 1959 മെയ് 31)*



# ഭാഗം 2

# വേദപുസ്തകം

# 1

# വി. വേദപുസ്തകം

(വി. വേദപുസ്തകത്തെ സംബന്ധിച്ചും, അതിനു സഭയിലുള്ള സ്ഥാന ത്തെപ്പറ്റിയും വളരെ തെറ്റിദ്ധാരണകൾ ഇന്നുണ്ട്. അവ ദൂരീകരിക്കുവാൻ ചോദ്യോത്തരരൂപേണ ഈ വിഷയത്തെ സംബന്ധിച്ച് പ്രതിപാദിക്കുക യാണ്.)

ചോദ്യം 1. വി. വേദപുസ്തകമാണോ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം?

ഉത്തരം: അല്ല. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം മനുഷ്യാ വതാരം ചെയ്ത ക്രിസ്തുവാണ്. ആ വിശ്വാസത്തിന്റെ പ്രധാന സാക്ഷി കൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്ന അപ്പോസ്തലരും അദ്ദേഹം സ്ഥാപിച്ച സഭയുമാണ്. സഭയിലെ ഓരോ ആവശ്യങ്ങൾക്കായി ഈ അപ്പോസ്തലരും ആദിമ ശിഷ്യരും രചിച്ച ചില രേഖകളുടെ ഒരു സമാ ഹാരമാണ് പുതിയനിയമം. സഭ പുതിയനിയമത്തെ അടിസ്ഥാനമാക്കി സ്ഥാപിച്ചതല്ല. പുതിയനിയമം സഭാംഗങ്ങളാൽ വിരചിതമായതും സഭ യിലുണ്ടായതുമാണ്.

ചോദ്യം 2. പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ എങ്ങനെ യുണ്ടായി?

ഉത്തരം: പെന്തിക്കോസ്തു ദിവസം സഭ ജനിച്ചു. ആ സഭയിലെ പ്രസംഗം മൂന്നു കാര്യങ്ങളെക്കുറിച്ചായിരുന്നു. ക്രിസ്തു ആര്? ക്രിസ്തു എന്തു ചെയ്തു? ക്രിസ്തു എന്തു പഠിപ്പിച്ചു? അപ്പോസ്തലന്മാർ ആദ്യം പ്രസംഗരൂപേണ ആവിഷ്കരിച്ച പാഠങ്ങളെ അവരിലൊരാളായ വി. മത്തായി യഹൂദ ക്രിസ്ത്യാനികളുടെ ആവശ്യത്തിനുവേണ്ടി ക്രിസ്തു വിന്റെയും അപ്പോസ്തലന്മാരുടെയും മാതൃഭാഷയായ അറമായ ഭാഷ (സുറിയാനി) യിൽ എഴുതിയുണ്ടാക്കി. പിന്നീടാരോ അതിനെ ഗ്രീക്കിൽ വിവർത്തനം ചെയ്തു. അതിന്റെ ഒരു സമാഹാരം വി. പത്രോസ് ശ്ലീഹാ യുടെ അന്തേവാസികളിൽ ഒരാളായ വി. മർക്കോസ് റോമാനഗരത്തിൽ പ്രസിദ്ധം ചെയ്തു. ഇവയെ രണ്ടിനെയും ആധാരമാക്കിയും, നേരിട്ടറിഞ്ഞ മറ്റു ചില വിവരങ്ങൾ കൂട്ടിയും പൗലോസ് അപ്പോസ്തലന്റെ അന്തേവാ സികളിൽ ഒരാളായ വി. ലൂക്കോസ് സുഭഗമായ യവന ഭാഷയിൽ വേറൊന്ന് എഴുതിയുണ്ടാക്കി.

ഈ മൂന്നു സുവിശേഷങ്ങളും എഴുതപ്പെട്ടത് ക്രിസ്തുവിന്റെ ക്രൂശു

മരണത്തിനു ശേഷം 20 മുതൽ 40 വരെ വർഷങ്ങൾക്കിടയിലായിരുന്നു. പിന്നീട് 12 ശ്ലീഹന്മാരിൽ ഒരുവനായിരുന്ന വി. യോഹന്നാൻ തന്റെ ശിഷ്യ ന്മാരുടെ ആവശ്യപ്രകാരം തന്റെ മരണത്തിന് മുമ്പായി കർത്താവിനെ ക്കുറിച്ച് തനിക്ക് പ്രത്യേകം അറിയാമായിരുന്ന ചില കാര്യങ്ങൾ കൂടെ ചേർത്ത് നാലാമതൊരു സുവിശേഷം എഴുതിവച്ചു. ക്രിസ്തുവിന്റെ ക്രൂശു മരണത്തിന് ഏകദേശം 65 വർഷങ്ങൾക്കുശേഷമായിരിക്കണം അദ്ദേഹം അത് എഴുതിയത് (A.D. 95).

ചോദ്യം 3. ഈ നാലു സുവിശേഷങ്ങളും തമ്മിൽ എല്ലാ കാര്യങ്ങ ളിലും യോജിക്കുന്നുണ്ടോ?

ഉത്തരം: യോജിക്കുവാനുള്ള പല ശ്രമങ്ങളും രണ്ടാം നൂറ്റാണ്ടു മുതൽ നടന്നിട്ടുണ്ട്. 160-ാമാണ്ടോടടുത്ത് താത്തിയാനോസ് എന്ന സുറിയാനി ക്കാരൻ നാലു സുവിശേഷവും കൂടി ഒരുമിച്ച് കൂട്ടിച്ചേർത്ത് ഒറ്റ സുവി ശേഷമാക്കിയത്, അഞ്ചാം ശതാബ്ദം വരെ സുറിയാനി സഭയിൽ ഉപ യോഗത്തിലിരുന്നു. പിന്നീട് അതു മാറ്റിയിട്ട് നാലു വെവ്വേറെ സുവിശേ ഷങ്ങളിലേക്ക് (ഏവൻഗേലിയോൻ ഹാമെഫറാഷേ) തിരികെപ്പോകയാ ണുണ്ടായത്. നാലു സുവിശേഷങ്ങളും തമ്മിൽ ചില ചില്ലറ പരസ്പര വൈരുദ്ധ്യങ്ങളില്ലാതില്ല. എന്നാൽ പ്രധാന കാര്യങ്ങളിൽ നാലു സുവി ശേഷവും ഒന്നു തന്നെ.

ചോദ്യം 4. പുതിയനിയമം ഇപ്പോഴത്തെ രീതിയിൽ കൂട്ടിച്ചേർത്തത് ആര്? എന്ന്?

ഉത്തരം: ഇന്നത്തെ മലയാള വേദപുസ്തകത്തിൽ കാണുന്ന 27 പുസ്തകങ്ങളുടെ ലിസ്റ്റ് ആദ്യമായി കാണുന്നത്, A.D. 369-ാമാണ്ട് മാർ അത്താനാസ്യോസ് എഴുതിയ ഒരു ലേഖനത്തിലാണ്. 382-ാമാണ്ടിൽ റോമാസഭ അംഗീകരിച്ചു.

അതിനു മുമ്പ് നാലു സുവിശേഷങ്ങളും അപ്പോസ്തല പ്രവൃത്തി കളും വി. പൗലോസിന്റെ 13 ലേഖനങ്ങളും വി. പത്രോസിന്റെയും വി. യാക്കോബിന്റെയും, വി. യോഹന്നാന്റെയും ഓരോ ലേഖനങ്ങളും എന്നി ങ്ങനെ 21 പുസ്തകങ്ങൾ മൂന്നാം ശതാബ്ദത്തിന്റെ ആരംഭത്തിൽ തന്നെ പുതിയനിയമത്തിൽ സ്വീകരിക്കപ്പെട്ടിരുന്നു. വി. പത്രോസിന്റെ രണ്ടാം ലേഖനം, വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, വി. യൂദാ യുടെ ലേഖനം, യോഹന്നാന്റെ വെളിപാട് എന്നീ ആറു പുസ്തകങ്ങളെ പ്പറ്റി മൂന്നാം ശതാബ്ദത്തിൽപ്പോലും സംശയങ്ങളുണ്ടായിരുന്നതായി എവുസേബിയസ് എന്ന ചരിത്രകാരൻ നാലാം ശതാബ്ദത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്.

ചോദ്യം 5. എവുസേബിയസിന്റെ സഭാചരിത്രത്തിൽ അവിതർക്കിതങ്ങളായ പുതിയനിയമ പുസ്തകങ്ങളേവയെന്ന് പറയുന്നുണ്ടോ?

ഉത്തരം: ഉവ്വ്. മൂന്നാം പുസ്തകം 25-ാം അദ്ധ്യായത്തിൽ. അദ്ദേഹത്തിന്റെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

സുവിശേഷങ്ങൾ 4
അപ്പോസ്തല പ്രവൃത്തികൾ 1
വി. പൗലൂസിന്റെ ലേഖനങ്ങൾ 13
വി. യോഹന്നാന്റെ 1-ാം ലേഖനം 1
വി. പത്രോസിന്റെ 1-ാം ലേഖനം 1
ആകെ 20 പുസ്തകങ്ങൾ

ചോദ്യം 6. അക്കാലത്തുണ്ടായിരുന്ന മറ്റു ചില പുസ്തകങ്ങൾ സംശയാസ്പദങ്ങളായിരുന്നുവെന്നു എവുസേബിയസ് പറയുന്നുണ്ടോ?

ഉത്തരം: ഉവ്വ്.

ഹെബ്രായ ലേഖനം 1
വി. യാക്കോബിന്റെ ലേഖനം 1
വി. യൂദായുടെ ലേഖനം 1
വി. പത്രോസിന്റെ രണ്ടാം ലേഖനം 1
വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ 2
വി. യോഹന്നാന്റെ വെളിപാട് 1

ആകെ ഏഴ്

ഇവ കുറെപ്പേർ സ്വീകരിക്കുന്നു. കുറേപ്പേർ നിരാകരിക്കുന്നു എന്നാണദ്ദേഹം പറയുന്നത്.

ചോദ്യം 7. ചില പുസ്തകങ്ങളെ സഭ തീർത്തും നിരാകരിക്കുന്നതായി പറയുന്നുണ്ടോ?

ഉത്തരം: ഉവ്വ്. താഴെപ്പറയുന്ന പുസ്തകങ്ങൾ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിക്കൂടാ എന്ന് എവുസേബിയസ് പറയുന്നു.

പൗലോസ് അപ്പോസ്തലന്റെ പ്രവൃത്തികൾ (Acts of Paul), അജപാലകൻ (Shephered of Hermas), വി. പത്രോസിന്റെ വെളിപാട് (Apocalypse of Peter), ബർണബാസിന്റെ ലേഖനം, അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ (Teaching of the Apostles), ഹെബ്രായക്കാരുടെ സുവിശേഷം (Gospel according to Hebrews), പത്രോസിന്റെ സുവിശേഷം, തോമായുടെ സുവിശേഷം, മത്തിയാസിന്റെ സുവിശേഷം, അന്ത്രയാസിന്റെ പ്രവൃത്തികൾ, യോഹന്നാന്റെ പ്രവൃത്തികൾ.

ചോദ്യം 8. എന്തടിസ്ഥാനത്തിലാണ് സഭ ചില പുസ്തകങ്ങളെ സ്വീകരിക്കുകയും ചിലവയെ നിരാകരിക്കുകയും ചെയ്തത്?

ഉത്തരം: രണ്ടടിസ്ഥാനങ്ങളാണുണ്ടായിരുന്നത്. ഒന്നാമത് അപ്പോസ്തോലിക ഗ്രന്ഥകർത്തൃത്വം. അപ്പോസ്തലന്മാരിൽ ഒരാൾ നേരിട്ടോ ശിഷ്യന്മാരിൽ ഒരാൾ മുഖാന്തിരമോ എഴുതിയിട്ടുള്ള പുസ്തകങ്ങളെ സഭ സ്വീകരിച്ചു. മറ്റുള്ളവയെ നിരാകരിച്ചു. രണ്ടാമത്, അപ്പോസ്തലന്മാർ പഠിപ്പിച്ച വിശ്വാസമെന്തെന്ന് വേദപുസ്തകം കൂടാതെ തന്നെ സഭാപിതാക്കന്മാർക്ക് പരമ്പരാഗതമായി അറിയാമായിരുന്നു. ആ വിശ്വാസത്തിനെതിരായ ഗ്രന്ഥങ്ങളെ അവർ നിരാകരിക്കുകയാണുണ്ടായത്. പ്രത്യേകിച്ചും വെളിപാടു പുസ്തകത്തിന്റെ കാര്യത്തിലുണ്ടായിരുന്ന പ്രധാന പ്രയാസം സഭാവിശ്വാസത്തിനെതിരായ സഹസ്രാബ്ദ വാഴ്ചയെപ്പറ്റി അതിൽ കാണുന്നുവെന്നതായിരുന്നു.

ചോദ്യം 9. പഴയനിയമ ഗ്രന്ഥങ്ങളെക്കുറിച്ചും ഇങ്ങനെയുള്ള സംശയങ്ങളുണ്ടായിരുന്നോ?

ഉത്തരം. അപ്പോസ്തോലിക കാലത്തു (37-100 A.D.) ജീവിച്ചിരുന്ന ജോസിഫസ് എന്ന യഹൂദ ഗ്രന്ഥകാരൻ തന്റെ പുസ്തകത്തിൽ പറയുന്നത് പഴയനിയമത്തിൽ 22 പുസ്തകങ്ങൾ മാത്രമേയുള്ളുവെന്നാണ്.

മോശയുടെ 5, പ്രവാചകന്മാർ 13, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ 4 ആകെ 22.

ഇവ കൂടാതെ മറ്റ് ചരിത്ര പുസ്തകങ്ങളുണ്ടെന്നും അവയൊന്നും മേൽപറഞ്ഞവ പോലെ വിശ്വാസയോഗ്യങ്ങളല്ലെന്നും ജോസിഫസ് പറയുന്നു. ഈ 22 പുസ്തകങ്ങൾ യഥാർത്ഥത്തിൽ താഴെ പറയുംപ്രകാരമായിരുന്നിരിക്കണമെന്നാണ് പണ്ഡിതാഭിപ്രായം

മോശയുടെ അഞ്ചു പുസ്തകങ്ങൾ, യഹോശുവാ, ന്യായാധിപന്മാരും രൂത്തും, ശമുവേൽ, രാജാക്കന്മാർ, ദിനവൃത്താന്തങ്ങൾ, എസ്റാ-നെഹമിയാ, എസ്ഥേർ, ഏശായ, യെരമ്യാ - വിലാപ വാക്യങ്ങൾ.

ചോദ്യം 10. വേദപുസ്തക ഗ്രന്ഥങ്ങളുടെ ആദിമ കൈയെഴുത്തു പ്രതികൾ നമുക്ക് ലഭിച്ചിട്ടുണ്ടോ?

ഉത്തരം: ഇല്ല. ഒന്നുപോലുമില്ല. പഴയനിയമത്തിന്റെ കൈയെഴുത്തു പ്രതികൾ എഴുതിയത് തുകൽ ചുരുളുകളിലോ കടലാസു (പപ്പൈറസ്) ചുരുളുകളിലോ ആയിരുന്നിരിക്കണം. ഇന്നത്തെ പഴയനിയമങ്ങളിലധികവും പരിഭാഷപ്പെടുത്തിയിട്ടുള്ളത് ക്രിസ്തുവിനു ശേഷം 1008-ാമാണ്ടു മുതൽ 1010-മാണ്ടു വരെയുള്ള കാലത്ത്, കെയിറോയിൽ പകർത്തിയതും

ഇന്നു ലെനിൻഗ്രാഡിൽ ഉള്ളതുമായ ഒരു കൈയെഴുത്തുപ്രതിയെ ആധാരമാക്കിയുള്ളതാണ്. പുതിയനിയമത്തിന്റെ കൈയെഴുത്തുപ്രതികളും ക്രിസ്തുവിനുശേഷം 300 മുതൽ 500 വരെ വർഷങ്ങൾക്കു ശേഷം എഴുതപ്പെട്ടവയാണധികവും നാം ഉപയോഗിക്കുന്നത്.

ചോദ്യം 11. വേദപുസ്തകത്തിൽ തെറ്റുകളുണ്ടോ?

ഉത്തരം. രണ്ടു മൂന്നു തരത്തിലുള്ള തെറ്റുകൾ കാണാം. ഒന്നാമത് പകർത്തിയെഴുതിയതിലെ തെറ്റ്. രണ്ടാമത് അറിഞ്ഞുകൊണ്ടു വരുത്തിയ തിരുത്തലുകൾ (ഉദാഹരണം: പരസ്യവായനയിൽ പ്രയാസമുള്ള വാക്കുകൾ മാറിയെഴുതുക: ബാലിന്റെയോ മറ്റു വാർക്കപ്പെട്ട വിഗ്രഹങ്ങളുടെ നാമത്തിന്റെയോ സ്ഥാനത്തു ലജ്ജയെന്ന അർത്ഥമുള്ള 'ബോഷത്ത്' എന്നു ചേർക്കുക).

മൂന്നാമത്, രണ്ടു രേഖകൾ പരസ്പര വ്യത്യസ്തങ്ങളായിക്കാണുമ്പോൾ രണ്ടിനെയും ഉൾപ്പെടുത്തി ഗ്രന്ഥരചന നടത്തുന്നതു മൂലമുള്ള പരസ്പര വൈരുദ്ധ്യങ്ങൾ.

ഈ മൂന്നാമത്തെ തരത്തിലുള്ള തെറ്റ് വളരെ കൂടുതലായി കാണുന്നത് മോശയുടെ പുസ്തകങ്ങളിലാണ്: ഉദാഹരണം:- ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ സകല ചരാചരങ്ങളേയും സൃഷ്ടിച്ച ശേഷമാണ് മനുഷ്യനെ സൃഷ്ടിക്കുന്നത്; രണ്ടാമദ്ധ്യായത്തിലാകട്ടെ, പുല്ലുകളും വൃക്ഷങ്ങളും വളരുന്നതിനു മുമ്പെ ദൈവം മനുഷ്യനെ സൃഷ്ടിച്ചുവെന്നും (2:4-7) മനുഷ്യനെ സൃഷ്ടിച്ചശേഷം, അവന് കൂട്ടില്ലാഞ്ഞിട്ടാണ് പിന്നീട് മൃഗങ്ങളെ സൃഷ്ടിച്ചതെന്നും (2:18-19) പറയുന്നു. വേറൊരുദാഹരണം:- നോഹയുടെ പെട്ടകത്തിൽ ഏഴു വീതം ശുദ്ധ മൃഗങ്ങളും ഈരണ്ടു വീതം അശുദ്ധ മൃഗങ്ങളും കയറി എന്ന് ഉല്പത്തി 7:2-5-ൽ കാണുന്നു. എന്നാൽ ശുദ്ധമൃഗങ്ങളിൽ നിന്നും അശുദ്ധ മൃഗങ്ങളിൽ നിന്നും ഈരണ്ടു വീതമായിരുന്നുവെന്ന് 7:8-ൽ കാണുന്നു.

ചോദ്യം 12. വേദപുസ്തകത്തിൽ തെറ്റുണ്ടെങ്കിൽ പിന്നെയെങ്ങനെയാണ് അതിനെ ആധാരമാക്കിയുള്ള സത്യവിശ്വാസം സാദ്ധ്യമാവുക?

ഉത്തരം: വേദപുസ്തകത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള സത്യവിശ്വാസം ആർക്കും സാദ്ധ്യമല്ല. വേദപുസ്തകത്തിൽ ഉള്ളതെല്ലാം വിശ്വാസത്തിന് ആധികാരികമായി നാം എടുക്കുന്നപക്ഷം അവ തമ്മിൽ പരസ്പര വൈരുദ്ധ്യമുള്ളതായി കാണാം. ഉദാഹരണം: വേദപുസ്തകത്തിലെ ആദ്യത്തെ രണ്ടു അദ്ധ്യായങ്ങളിൽ നിന്ന് നമുക്ക് എന്താണ് പഠിക്കാവുന്നത്? ദൈവം 24 മണിക്കൂർ വീതമുള്ള ആറു ദിവസങ്ങൾ കൊണ്ടു പ്രപഞ്ച സൃഷ്ടി നടത്തിയെന്നും ജോലിയുടെ ക്ഷീണം

കൊണ്ട് 7-ാം ദിവസം വിശ്രമിച്ചുവെന്നും വേണമെങ്കിൽ അർത്ഥമാക്കാം. പക്ഷേ ദൈവം നമ്മെപ്പോലെ കായികാദ്ധ്വാനം മൂലം ക്ഷീണിക്കുന്നവനും തന്റെ ശക്തി വീണ്ടെടുക്കാൻ വേണ്ടി വിശ്രമം ആവശ്യമുള്ളവനുമാണോ? മാത്രമല്ല, സൂര്യനെ സൃഷ്ടിച്ചതു നാലാം ദിവസമാണെങ്കിൽ, സൂര്യനാൽ അളക്കപ്പെടുന്ന ഇരുപത്തിനാലു മണിക്കൂർ വീതമുള്ള ദിവസങ്ങളിതിനു മുമ്പുണ്ടായിരുന്നതെങ്ങിനെ? ഈ 6 ദിവസങ്ങളെ 24 മണിക്കൂർ വീത മുള്ള ദിവസങ്ങളായി കണക്കാക്കേണ്ടതില്ലെന്നും അവയെ കാലഘട്ടങ്ങ ളായി കരുതാമെന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു.

ആദാമിനെ പറുദീസയിലാക്കിയപ്പോൾ അവനു സസ്യഭോജനം മാത്രമേ അനുവദിച്ചിരുന്നുള്ളു (ഉല്പത്തി 1:29, 2:16). അതുകൊണ്ട് പാപ മോചനം പ്രാപിച്ച് നിത്യജീവനിലേക്ക് വീണ്ടും കൊണ്ടുപോകപ്പെട്ടിട്ടു ള്ളവരായ നമുക്കും സസ്യഭോജനം മാത്രമേ പാടുള്ളുവെന്ന് വേണമെ ങ്കിൽ വാദിക്കാം. ശാബതു ദിവസം, അതായതു ശനിയാഴ്ച സർവ്വ പ്രവൃ ത്തികളിൽ നിന്നും പിൻവാങ്ങി വിശ്രമിക്കണമെന്ന് ദൈവകല്പനയാ ണെന്ന് വേദപുസ്തകം അടിസ്ഥാനമാക്കി വാദിക്കാം. ഇന്നു സസ്യഭോജ നവും ശാബതാചരണവും നമുക്ക് ദൈവകല്പനകളല്ലെന്നുള്ളത് സഭ യുടെ പഠിപ്പിക്കലാണ്. അതിന് കുറെ വേദാടിസ്ഥാനങ്ങൾ വേണമെങ്കിൽ നല്കാൻ സാധിക്കും. പക്ഷേ സഭയുടെ പഠിപ്പിക്കൽ അങ്ങനെയായതു കൊണ്ടാണ് ശാബതാചരണം എന്നെ സംബന്ധിച്ചിടത്തോളം ദൈവ കല്പനയല്ലെന്ന് എനിക്കറിയാവുന്നത്. അല്ലാതെ വേദപുസ്തകത്തിലെ ഏതെങ്കിലും വാക്യങ്ങളെ അടിസ്ഥാനമാക്കി അങ്ങനെ പഠിപ്പിക്കുവാൻ സാധ്യമല്ല. പത്തു കല്പനകളിലൊന്നിനെ ലംഘിക്കുവാൻ കുറെ വേദ വാക്യങ്ങൾ മാത്രം പോരാ. ദൈവസ്ഥാപിതമായ സഭയുടെ അപ്പോസ്തോ ലിക പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലാണ് എനിയ്ക്കതിനു ധൈര്യം വരുന്നത്.

ചോദ്യം 13. ദൈവവചനമായ വേദപുസ്തകവും ദൈവദത്തമായ മനു ഷ്യബുദ്ധിയും ഉപയോഗിച്ചാൽ സത്യവിശ്വാസം അറിയുവാൻ സാദ്ധ്യ മല്ലേ?

ഉത്തരം: തീർച്ചയായും അല്ല. മാത്രമല്ല, വേദപുസ്തകവും മനുഷ്യ ശക്തിയും കൂടെ ഒരുമിച്ച് ചേർത്താൽ ലഭിക്കുന്നത് തീർച്ചയായും വേദ വിപരീതമാണെന്നുള്ളതിന് സഭാചരിത്രം സാക്ഷിയാണ്. പാഷണ്ഡ വിശ്വാസങ്ങളിൽ ഏറ്റവും നികൃഷ്ടരായ അറിയൂസിന്റെ വേദവിപരീതം ഉണ്ടായത് മുഴുവൻ, വേദപുസ്തകവും മനുഷ്യന്റെ യുക്തിയും ചേർ ത്തുള്ള ചില സംഭവങ്ങളുടെ അടിസ്ഥാനത്തിലാണ്. സഭയിലെ സത്യ വിശ്വാസം അറിയുവാൻ സഭയിലെ ആരാധനയിലും വിശ്വാസത്തിലും

ഉറച്ചുനില്ക്കുന്നവനേ സാധിക്കൂ. സഭയ്ക്ക് പുറത്തുള്ളവർക്ക് വേദ പുസ്തകം തെറ്റിദ്ധരിക്കാനാണ് അധികം സാദ്ധ്യതയുള്ളത്.

ചോദ്യം 14. വേദപുസ്തകമല്ലാതെ സഭയുടെ പാരമ്പര്യമനുസരിച്ചാണ് സത്യവിശ്വാസം അറിയേണ്ടതെന്ന് പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ടോ?

ഉത്തരം: പഠിപ്പിച്ചിട്ടുണ്ട്. പരിശുദ്ധനായ മാർ ബസ്സേലിയോസ് (നാലാം ശതാബ്ദം) പരിശുദ്ധാത്മാവിനെക്കുറിച്ചെഴുതിയ കൃതിയിലെ ചില ഉദ്ധ രണികൾ താഴെ നൽകുന്നു:

"തിരുവെഴുത്തിൽ ആധാരമില്ലാത്ത ആചാരങ്ങളെല്ലാം അപ്രധാനങ്ങ ളെന്ന് കരുതി നാം നിരാകരിക്കുവാൻ തുടങ്ങിയാൽ, സുവിശേഷത്തെ അതിന്റെ ജീവസത്തയിൽ മുറിപ്പെടുത്തുകയായിരിക്കും നാം ചെയ്യുന്നത്; പോരാ, നമ്മുടെ വിശ്വാസപ്രമാണം തന്നെ വെറുമൊരു പദസമുച്ചയം മാത്രമായിത്തീരും. ഒരു പൊതു ഉദാഹരണമെടുക്കുക. കർത്താവേശു മിശിഹായുടെ നാമത്തിൽ വിശ്വസിക്കുന്നവരുടെമേൽ ക്രൂശുരൂപത്തിൽ റൂശ്മാ കുത്തുവാൻ ആരാണ് നമ്മെ തിരുവെഴുത്തിൽ പഠിപ്പിക്കുന്നത്? പ്രാർത്ഥനയ്ക്ക് കിഴക്കോട്ടു തിരിഞ്ഞു നില്ക്കണമെന്ന് ഏതു തിരുവെ ഴുത്താണ് നമ്മെ പഠിപ്പിക്കുന്നത്? വിശുദ്ധ കുർബ്ബാനയിൽ തിരുവപ്പ ത്തേയും അനുഗ്രഹക്കാസായേയും വാഴ്ത്തുന്ന സമയത്ത് ചൊല്ലേണ്ടുന്ന വചനങ്ങൾ ഏതു തിരുവെഴുത്തിലാണു കാണുക? കാരണം നാം ആ സമയത്ത് ഉപയോഗിക്കുന്ന വാക്കുകൾ അപ്പോസ്തോലനോ സുവിശേ ഷങ്ങളോ രേഖപ്പെടുത്തിയിട്ടുള്ളവ മാത്രമല്ല; ആമുഖമായും ഉപസംഹാ രമായും കൂദാശാനുഷ്ഠാനത്തിന് അതിപ്രധാനങ്ങളായ ചില വാക്കുകൾ നാം കൂട്ടിച്ചേർക്കുന്നത്, ലിഖിതേതര പാരമ്പര്യത്തിൽ നിന്നു നമുക്ക് ലഭി ച്ചിട്ടുള്ളതാണ്. മാമോദീസാജലത്തേയും മൂറോനേയും നാം വാഴ്ത്തുന്നു. സ്നാനാർത്ഥിയെ നാം റൂശ്മാ ചെയ്തനുഗ്രഹിക്കുന്നു. ഇതിനു തിരു വെഴുത്തിലെവിടെയാണാധാരം? അല്ല മൂറോൻ കൂദാശ തന്നെ വേണ മെന്ന് തിരുവെഴുത്തുകൾ പറയുന്നുണ്ടോ? മൂന്ന് പ്രാവശ്യം തളിച്ച് മാമ്മോ ദീസാ മുക്കുകയെന്ന ക്രമം ഏതു തിരുവെഴുത്തിനെ ആസ്പദമാക്കിയാ ണുണ്ടായത്? സാത്താനെയും അവന്റെ ദൂതന്മാരെയും മാമ്മോദീസയിൽ ഉപേക്ഷിച്ചു പറയണമെന്ന് ഏതു തിരുവെഴുത്ത് നിഷ്കർഷിക്കുന്നു? ഇതെല്ലാം നമുക്ക് ലഭിച്ചത്, ജിജ്ഞാസുക്കളുടേയും ദൈവിക കാര്യങ്ങ ളിൽ അനാധികാരികമായി ഇടപെടുന്നവരുടെയും നീരിക്ഷണത്തിൽ നിന്ന കറ്റി, പ്രസിദ്ധം ചെയ്യാതെ രഹസ്യത്തിൽ നമ്മുടെ പിതാക്കന്മാർ നമു ക്കേല്പിച്ചുതന്ന പാരമ്പര്യത്തിൽ നിന്നല്ലേ?"

പരിശുദ്ധനായ മാർ ബസ്സേലിയോസ് ഈ കൃതിയിൽ അലിഖിത പാര മ്പര്യത്തെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ഈ പാരമ്പര്യം അറി

ഞ്ഞുകൂടാത്തവർക്ക് സുവിശേഷം തന്നെ സുഗ്രാഹ്യമാകയില്ലെന്നാണ് ആ പിതാവ് പറയുന്നത്.

ചോദ്യം 15. അങ്ങനെയെങ്കിൽ വേദപുസ്തകവും അലിഖിത പാരമ്പ ര്യവും എന്നിങ്ങനെ രണ്ട് ആധികാരിക പ്രമാണങ്ങളാണ് ക്രൈസ്തവ വിശ്വാസത്തിനുള്ളതെന്ന് പറയാമോ?

ഉത്തരം: പറഞ്ഞുകൂടാ. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണം മനുഷ്യാവതാരം ചെയ്ത് മരിച്ചുയിർത്തെഴുന്നേറ്റ ക്രിസ്തുവും, പെന്തക്കോസ്തു ദിവസം ശ്ലീഹന്മാരുടേയും സഭയുടെ മുഴുവൻമേലും ഇറങ്ങിവന്നാവസിച്ച് ഇന്നും സഭയെ അധിവാസം ചെയ്യുന്ന പരിശുദ്ധാ ത്മാവുമാണ്. ഈ പരിശുദ്ധാത്മാവാണ് ക്രിസ്തുവിനെ കുറിച്ചുള്ള സത്യത്തെ കൂദാശകൾ വഴിയായും ആചാരങ്ങൾ വഴിയായും വി. വേദ പുസ്തകം വഴിയായും, വി. ജീവിതം വഴിയായും സഭയിൽ പുലർത്തി ക്കൊണ്ടു പോകുന്നത്. വേദപുസ്തകങ്ങളും സഭാചാരങ്ങളും ഉപദേ ശവും കൂദാശകളും എല്ലാം ഉൾപ്പെടെ പരിശുദ്ധാത്മാവ് സഭയിൽ തുടർച്ച യായി ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും കൂടെ ഒന്നായി സഭ നൽകുന്ന പേരാണ് പാരമ്പര്യം എന്നത്.

ചോദ്യം 16. അപ്പോൾ വേദപുസ്തകവും സുന്നഹദോസുകളിലെ തീരു മാനങ്ങളും പിതാക്കന്മാരുടെ ഗ്രന്ഥങ്ങളും ഒക്കെ തമ്മിൽ വ്യത്യാസമൊ ന്നുമില്ലേ?

ഉത്തരം: ഉണ്ട്, തീർച്ചയായും ഉണ്ട്.

*(ഓർത്തഡോക്സ് യൂത്ത്, 1969 നവം.-ഡിസം.)*

# 2

# എഫെസ്യർക്ക് എഴുതിയ ലേഖനം

## ആമുഖം

എഫേസ്യ ലേഖനത്തിന്റെ പൊതുസ്വഭാവം, ഗ്രന്ഥകർതൃത്വം, എഴുതിയ സാഹചര്യം, കാലഘട്ടം എന്നിവ സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ പണ്ഡിതന്മാർ ഉന്നയിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായതു ഗ്രന്ഥകർത്താവിനെ സംബന്ധിച്ചുള്ളതാണ്. പൗലോസിന്റെ ഗ്രന്ഥകർതൃത്വം ചോദ്യം ചെയ്യപ്പെടുന്നതിനു ഉപോത്ബലകമായ ചില വസ്തുതകൾ താഴെ ചൂണ്ടിക്കാണിക്കട്ടെ.

1. ഏതെങ്കിലും ഒരു പ്രത്യേക സാഹചര്യമോ, ഏതെങ്കിലും ഒരു സഭയോ ഈ ലേഖനത്തിന്റെ രൂപരേഖയിൽ സ്ഥാനം പിടിച്ചിട്ടില്ല. പൗലോസിന്റെ മറ്റു ലേഖനങ്ങളിൽ നിന്നും തുലോം വ്യത്യസ്തമായ രീതിയാണ് ഈ ലേഖനത്തിന്റെ രചനയിൽ കാണുന്നത്. 'എഫെസൊസിലുള്ള' വിശുദ്ധന്മാർക്ക് എഴുതുന്നത് എന്ന വാചകം ഏറ്റവും പുരാതനമായ ചില കൈയെഴുത്തു രേഖകളിൽ കാണുന്നില്ല. ഇതും പ്രശ്നത്തിന്റെ സങ്കീർണ്ണത വർദ്ധിപ്പിക്കുന്നു. (2) ലേഖനത്തിന്റെ ഭാഷാരീതി പൗലോസ് അപ്പൊസ്തോലന്റെ മറ്റു ലേഖനങ്ങളുടേതിൽ നിന്നും വളരെ വ്യത്യസ്തമാണ്. വാചകഘടനയിൽ പല പ്രത്യേകതകളും ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ആദ്യത്തെ മൂന്നു അധ്യായങ്ങളുടെ ഘടന ചില ഗ്രീക്കു ലിറ്റർജിയിലെ ഭാഷാശൈലിയുമായി സാമ്യം ഉള്ളതായി ചിലർ ചൂണ്ടിക്കാണിക്കുന്നു. (3) പൗലോസിന്റെ മറ്റു ലേഖനങ്ങളിൽ നിന്നു വിഭിന്നമായ ദൈവശാസ്ത്ര ചിന്തകളും, ശൈലികളും എഫെസ്യ ലേഖനത്തിൽ കാണാം. (a) റോമ. 3-ാം അദ്ധ്യായത്തിൽ വീണ്ടെടുപ്പിനെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളത്രയും ശക്തീകരണം എഫെസ്യ ലേഖനത്തിൽ കാണുന്നില്ല. പുനരുത്ഥാനം ചെയ്ത ക്രിസ്തുവാണിവിടുത്തെ മുഖ്യ ചിന്താവിഷയം. (b) രണ്ടാമത്തെ വരവിനെക്കുറിച്ച് യാതൊന്നും ലേഖനത്തിൽ പരാമർശിക്കുന്നില്ല. എന്നാൽ 2:21; 4:13 എന്നീ ഭാഗങ്ങളിൽ ചരിത്രത്തിന്റെ പൂർത്തീകരണത്തെ ഗ്രന്ഥകാരൻ വിവരിക്കുന്നു. സഭയെക്കുറിച്ചുള്ള വിശ്വദർശനത്തിൽ യുഗാന്തശാസ്ത്ര സംബന്ധമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. (c) 5:21-23-ൽ വിവാഹത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര സംബന്ധമായ കാഴ്ചപ്പാടിൽ നിന്നു തുലോം വ്യത്യസ്തമായൊരു നിലപാടാണ് 1 കൊരി. 7-ാം അദ്ധ്യായത്തിൽ കാണുന്നത്. (4) സഭയെക്കുറിച്ചുള്ള ഒരു വിശ്വ വീക്ഷണം എഫേസ്യ ലേഖനത്തിന്റെ

പ്രത്യേകതയാണ്. കൊരിന്ത്യ ലേഖനത്തിൽ സഭയുടെ അടിസ്ഥാനം ക്രിസ്തുവും അപ്പൊസ്തലന്മാർ ശുശ്രൂഷകരുമാണ് (1 കൊരി. 3:5–17). എന്നാൽ എഫെസ്യ ലേഖനത്തിലാകട്ടെ, സഭയുടെ അടിസ്ഥാനം അപ്പൊസ്തലന്മാരും പ്രവാചകന്മാരുമാണ് (എഫെ. 2:20–22). പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പഠിപ്പിക്കലിലും വ്യത്യാസം കാണാം. കൊരിന്ത്യ ലേഖനത്തിൽ (1 കൊരി. 12:7 മു.) പരിശുദ്ധാത്മാവാണു ദാനങ്ങളെ നൽകുന്നതെങ്കിൽ എഫെസ്യ ലേഖനത്തിൽ ക്രിസ്തുവാണു (14) ദാതാവ്. (6) പരിച്ഛേദനയെക്കുറിച്ച് വച്ചുപുലർത്തിയിരുന്ന ആശയത്തിലും വ്യത്യാസം കാണുവാൻ കഴിയും. ഗലാത്യ ലേഖനത്തിൽ നിന്നു വിഭിന്നമായൊരന്തരീക്ഷമാണ് ഇവിടെ കാണുന്നത്. എഫെ. 2:11–3:21 വരെയുള്ള ഭാഗത്തുനിന്ന് ഈ വ്യതിയാനം പഠിക്കുവാൻ കഴിയും. (6) കൊലോസ്യ ലേഖനവും എഫെസ്യ ലേഖനവും തമ്മിലുള്ള ബന്ധം പണ്ഡിതന്മാർക്കു പൗലോസിന്റെ ഗ്രന്ഥകർതൃത്വത്തെ പിൻതാങ്ങുന്നതിനും, ഉറപ്പിക്കുന്നതിനും സഹായകരമായ നിഗമനങ്ങൾ നല്കുന്നു. റോമരും ഗലാത്യരും തമ്മിലുള്ള ബന്ധത്തെക്കാളും അടുത്ത ബന്ധമാണ് ഈ രണ്ടു ലേഖനങ്ങൾ തമ്മിൽ കാണുന്നത്. എന്നാൽ ഒരേ ആശയത്തിനു വിഭിന്നമായ ഭാഷ്യങ്ങൾ കല്പിച്ചിരിക്കുന്നതായി കാണാം. എഫെ. 4:15–16 വരെയുള്ള വാക്യങ്ങളിൽ സഭയാകുന്ന ശരീരത്തിന്റെ തല ക്രിസ്തുവാണ്. എന്നാൽ കൊലോ. 2:10, 19 എന്നീ ഭാഗങ്ങളിൽ ക്രിസ്തു സകല വാഴ്ചകളും അധികാരങ്ങളും ഉൾപ്പെട്ട ശരീരത്തിന്റെ തലയാകുന്നു. എഫെ. 1:9; 3:3 മു. ഈ ഭാഗങ്ങളിൽ മർമ്മത്തിനു നല്കിയിരിക്കുന്ന വ്യാഖ്യാനം ദൈവത്തിന്റെ രക്ഷികമായ പദ്ധതിയിൽ വിജാതീയരെ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന ചിന്തയാണ്. എന്നാൽ കൊലോസ്സ്യ ലേഖനത്തിൽ ഈ മർമ്മം ക്രിസ്തുവായാണ് അവതരിപ്പിച്ചിരിക്കുന്നത് (കൊലോ. 1:26 മു.).

ഗ്രന്ഥകാരൻ പൗലൊസ് തന്നെയാണെന്നുള്ളതിന് ഉപോത്ബലകമായ പല കാരണങ്ങളും പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. അവയിൽ പ്രദാനമായവ താഴെപ്പറയുന്നു. (1) 3:1–13 വരെയുള്ള ഭാഗത്തു പൗലോസിന്റെ പ്രത്യേക വിളിയെക്കുറിച്ചും, ദൈവത്താലുള്ള നിയോഗത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ലേഖനത്തിലുള്ള വ്യക്തിപരമായ പരാമർശം അത്ര നിസ്സാരമായി തള്ളിക്കളഞ്ഞു കൂടാ. (2) ലേഖനത്തിലെ ഈടുറ്റ ആശയങ്ങൾ അപ്പൊസ്തലന്റെ ജീവിത സായാഹ്നത്തിൽ ഒരു ശിഷ്യനു പറഞ്ഞു കൊടുത്തു ശിഷ്യന്റെ ഭാഷയിൽ എഴുതിയ ഒരു ചാക്രിക ലേഖനമായി കരുതുന്നതിൽ തെറ്റില്ല എന്നു ഗണിക്കുന്നവരും ഉണ്ട്. ആശയങ്ങളിൽ കാണുന്ന വ്യത്യാസം അപ്പൊസ്തോലന്റെ ചിന്താഗതിയിൽ ഉണ്ടായ വികസനത്തിന്റെ ഫലമാണെന്നു ചിന്തിക്കാമല്ലോ. വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞു (2:14) എന്ന പരാമർശം ഒരു പ്രവചനമായി

കരുതുമെങ്കിൽ അപ്പൊസ്തോലിക ഗ്രന്ഥകർതൃത്വത്തിനു ശക്തീകരണം കൂടുകയാണ്. (3) കൊലോസ്സ്യ ലേഖനവും എഫെസ്യ ലേഖനവും തമ്മിലുള്ള ബന്ധം അപ്പോസ്തോലിക കർതൃത്വത്തെ കൂടുതൽ ശക്തീകരിക്കുകയാണു ചെയ്യുന്നത്. കൊലോസ്സ്യ ലേഖനം എഴുതിയതിനു ശേഷം ആ ലേഖനത്തിലെ ആശയങ്ങളെ കുറേക്കൂടി തത്ത്വചിന്താപരമായ അടിസ്ഥാനത്തിൽ പുനരാവിഷ്ക്കരിച്ച് എഴുതിയ ഒരു കൃതിയാണിതെന്ന് അനുമാനിക്കാം.

മുകളിൽ ചൂണ്ടിക്കാണിച്ച വാദഗതികളുടെ അടിസ്ഥാനത്തിൽ ഒരു അന്തിമ തീരുമാനം എടുക്കുക പ്രയാസമാണ്. ചില നിഗമനങ്ങളിൽ മാത്രം എത്തിച്ചേരുന്നതായിരിക്കും ഉത്തമം. അപ്പൊസ്തോലന്മാരുടെ കാലശേഷം പൗലോസിന്റെ ശിഷ്യന്മാരിൽ ഒരാൾ തന്റെ ഗുരുവിന്റെ പ്രധാനാശയങ്ങളെ തനിക്ക് അറിയാവുന്നവിധത്തിൽ തന്റേതായ ഭാഷയിൽ ഗുരുവിനോടുള്ള ബഹുമാനസൂചകമായി പൗലോസിന്റെ പേരിൽ എഴുതി പ്രസിദ്ധപ്പെടുത്തിയിരിക്കാമെന്ന് അനുമാനിക്കുന്നതിൽ യാതൊരു അപാകതയുമില്ല.

**ഉള്ളടക്കം**

I. 1:1–3:21 ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു?

a. 1:1–2 അഭിവാദനം.

b. 1:3–14 കൃതജ്ഞതാർപ്പണം.

c. 1:15–2:2–10 വായനക്കാരുടെ ഹൃദയപ്രകാശത്തിനായുള്ള പ്രാർത്ഥന.

d. 2:11–22 പഴയ ദേവാലയം പൊളിച്ചു തൽസ്ഥാനത്തു സഭയെ അവരോധിച്ചിരിക്കുന്നു.

e. 3:1–13 പുറജാതികളോടു ദിവ്യരഹസ്യം അറിയിപ്പാനുള്ള അപ്പൊസ്തോലന്റെ കർത്തവ്യം.

f. 3:14–21 വായനക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ സമാഹാരവും ഈശ്വരസ്തോത്രവും.

II. 4:1–6:24 നാം ചെയ്യുവാനുള്ളത് എന്ത്?

a. 4:1–16 ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം, സഭയിലുള്ള ഐക്യവും പരിശുദ്ധാത്മ ദാനങ്ങളും വളർച്ചയും.

b. 4:17–5:20 പഴയ മനുഷ്യനും പുതിയ മനുഷ്യനും.

c. 5:21–6:9 സാമൂഹ്യ ജീവിതത്തിലെ മൂന്നു മൗലിക ബന്ധങ്ങൾ: സ്ത്രീപുരുഷ ബന്ധം, പിതൃപുത്രബന്ധം, യജമാനഭൃത്യബന്ധം.

d. 6:10–20 ആത്മിക കവചം ധരിച്ച് അന്ധകാര ശക്തികളോടു പോരാടുവാനുള്ള ആഹ്വാനം.

e. 6:21-24 ഉപസംഹാരവും ആശീർവാദവും.

**ആശയസമാഹാരം**

പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രിയേക ദൈവം, ക്രിസ്തുവിൽ മനുഷ്യനുവേണ്ടി ദൈവത്തിനു നൽകാവുന്ന ഏറ്റവും ഉന്നതസ്ഥാനമായ പുത്രസ്ഥാനം നൽകി മരണപാശത്തിൽ നിന്നു മോചിപ്പിച്ചു മനുഷ്യനെ ക്രിസ്തുവിൽ നിത്യജീവനുള്ളവനാക്കിത്തീർത്തു ക്രിസ്തുവിനോടൊരുമിച്ചു സമസ്ത പ്രപഞ്ചത്തിന്റെയും കിരീടാവകാശിയായി അവരോധിച്ചിരിക്കുന്നു. ക്രിസ്തുവിനോടു സംയോജിപ്പിക്കപ്പെടുന്ന മനുഷ്യൻ യെഹൂദനായിരുന്നാലും, പുറജാതിയായിരുന്നാലും ക്രിസ്തുവിൽ ഏകശരീരമായിത്തീർന്നു പരിശുദ്ധാത്മ ദാനങ്ങൾ മൂലം വളർച്ചയും, നീളവും, വീതിയും, ഉയരവും, ആഴവും നിറച്ചുകൊണ്ടു വളരുന്നു. ഈ സഭയിൽ ജീവിക്കുന്നവൻ നാശോന്മുഖമായ പുറജാതി ജീവിതത്തിന്റെ വഞ്ചനാത്മകങ്ങളായ ആദർശങ്ങളെയും ലക്ഷ്യങ്ങളെയും പരിത്യജിച്ചു സത്യത്തിലും സ്നേഹത്തിലും വളരുകയും കൈ കൊണ്ട് അധ്വാനിച്ച് ഉത്പാദിപ്പിക്കുന്ന ഫലത്തെ മറ്റുള്ളവർക്ക് ദാനം ചെയ്യുകയും ആരാധനയിൽ ഹൃദയം പുളകണിഞ്ഞു ദൈവാനുരൂപ്യം പ്രാപിക്കുകയും ചെയ്തുകൊണ്ടു പുതിയ മനുഷ്യനായി ജീവിക്കണം. ഭാര്യാഭർത്തൃബന്ധം ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം പോലെയാകണം. പിതൃപുത്രബന്ധം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം പോലെയാകണം. യജമാനന്മാരും ഭൃത്യന്മാരും തമ്മിലുള്ള ബന്ധം പരസ്പര സ്നേഹത്തിലും ആത്മാർത്ഥമായ കരുതലിലും അധിഷ്ഠിതമാകണം. മനുഷ്യൻ ആത്മിക പടച്ചട്ടയണിഞ്ഞ് അന്ധകാരശക്തികളോടു പോരാടണം. അപ്പോസ്തോലനുവേണ്ടിയും പ്രാർത്ഥിക്കണം.

## I. 1:1-3:21. ദൈവം നമുക്കുവേണ്ടി എന്തു ചെയ്തു?

ക്രിസ്തീയ വിശ്വാസത്തിന്റെ അത്ഭുതാവഹമായ ഒരു പ്രത്യേകതയാണ് ഈ ലേഖനത്തിൽ കാണുന്നത്. മറ്റു മതവ്യവസ്ഥിതികളിൽ എല്ലാംതന്നെ മനുഷ്യൻ ചില പ്രത്യേക വഴികളെ പിന്തുടരുകയാണെങ്കിൽ അവർക്കു ഭാവിഭാഗധേയം സിദ്ധിക്കുമെന്നു വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ക്രിസ്തീയ സുവിശേഷമാകട്ടെ, ദൈവം നമുക്കു സമസ്ത ഭാഗധേയങ്ങളേയും കൃപാദാനമായി നല്കിക്കഴിഞ്ഞിരിക്കുന്നതുകൊണ്ട് ഈ ദാനത്തിന്റെ പ്രതികരണമെന്നവണ്ണം നാമൊരു പുതിയ ജീവിതം നയിക്കണമെന്നാണു നമ്മെ ഉദ്ബോധിപ്പിക്കുന്നത്. എഫെസ്യ ലേഖനത്തിന്റെ ആദ്യത്തെ മൂന്ന് അധ്യായങ്ങളിൽ ദാനങ്ങളെക്കുറിച്ചും പിന്നീടുള്ള മൂന്നദ്ധ്യായങ്ങളിൽ ദാനത്തിന് അനുയോജ്യമായ പ്രതികരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

**1:1–2. അഭിവാദനം**

ദൈവേഷ്ടം മൂലമാണ്, താൻ സ്വയം തെരഞ്ഞെടുത്തതു മൂലമല്ല, പൗലോസ് അപ്പോസ്തോലനായിത്തീർന്നത് എന്നു ലേഖന കർത്താവ് ആദ്യമേതന്നെ പ്രസ്താവിക്കുന്നു. 'വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്ക്' എന്നു മാത്രമേ പ്രാചീന മൂലരേഖകളിൽ കാണുന്നുള്ളു. എന്നാൽ 'എഫെസൊസിലുള്ള' എന്നതു ചുരുക്കം ചില രേഖകളിൽ അഞ്ചാം നൂറ്റാണ്ടിനു ശേഷമുള്ള ചില പ്രധാനപ്പെട്ട കൈയെഴുത്തുപ്രതികളിൽ കാണാം. തന്മൂലം മൂലരേഖയിൽ 'എഫെസൊസിലുള്ള' എന്ന വാക്ക് ഉണ്ടായിരിക്കാൻ സാധ്യതയില്ല. ആദിമസഭയിൽ സ്നാപനം മൂലം വിശുദ്ധീകരിക്കപ്പെട്ട ക്രിസ്ത്യാനികളെ എല്ലാവരെയും വിശുദ്ധന്മാരെന്നു വിളിച്ചിരുന്നു. ക്രിസ്തുവിനായി വേർതിരിക്കപ്പെട്ടതിനു ശേഷം ക്രിസ്തുയേശുവിൽ ഉറച്ചുനിൽക്കുകയെന്നതാണു ക്രിസ്ത്യാനിയുടെ ലക്ഷണം. രണ്ടാം വാക്യത്തിലെ അഭിവാദനരൂപം പൗലോസ് അപ്പൊസ്തോലൻ സ്വയം സൃഷ്ടിച്ചതാണെന്നു തോന്നുന്നു. വളരെ അഗാധമായ ഒരു അർത്ഥമാണ് ഈ അഭിവാദനത്തിനുള്ളത്. യഹൂദരുടെയും പുറജാതികളുടെയും അഭിവാദനരൂപങ്ങൾ സങ്കലനം ചെയ്തുണ്ടാക്കിയതാണ് ഈ പുതിയ പദരൂപം. പുറജാതികൾ പരസ്പരം കാണുമ്പോൾ 'കൃപയുണ്ടാകട്ടെ' എന്നാണ് അഭിവാദനം ചെയ്യുന്നത്; യഹൂദന്മാർ 'സമാധാനം ഉണ്ടാകട്ടെ' എന്നും. യെഹൂദരും, യെഹൂദേതരും ചേർന്നുള്ള ക്രിസ്തീയ സഭയെ അഭിസംബോധന ചെയ്യുമ്പോൾ കൃപയും സമാധാനവും ഉണ്ടാകട്ടെയെന്ന് അപ്പൊസ്തലൻ അഭിവാദനം ചെയ്യുന്നു.

ഒരു വിധത്തിൽ പറഞ്ഞാൽ ഈ ലേഖനത്തിന്റെ മുഴുവൻ സംഗ്രഹമാണ് ഈ അഭിവാദനം. ദൈവത്തിന്റെ കൃപ യേശുക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ടതുമൂലം മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യർ തമ്മിൽ തമ്മിലും, ഓരോ മനുഷ്യനും ആന്തരികമായ സമാധാനവും ശാന്തിയും ഉണ്ടാകുന്നുവെന്നാണല്ലോ ഈ ലേഖനത്തിലെ വാദം.

**1:3–14. കൃതജ്ഞതാർപ്പണം.** മൂലഭാഷയിൽ 3–14 വരെയുള്ള വാക്യങ്ങൾ അത്യധികം സങ്കീർണമായ ഘടനയുള്ള ഒറ്റ വാചകമാണ്. മലയാളത്തിൽ ഇതിനെ ഒറ്റ വാചകത്തിൽ പരിഭാഷപ്പെടുത്തുവാൻ സാധ്യമല്ല. ഈ വാചകം പൊതുവെ ഒരു ത്രിത്വസ്തുതിയാണ്. 6, 12, 14 ഈ വാക്യങ്ങളിൽ പല്ലവിയായി കാണുന്ന 'മഹത്വത്തിന്റെ പുകഴ്ചയ്ക്കായി' എന്ന പ്രയോഗം ഈ വാചകത്തെ മൂന്നായി തിരിക്കുന്നു. ആദ്യത്തേതിൽ പിതാവിന്റെ പ്രവൃത്തികളും മൂന്നാമത്തേതിൽ പരിശുദ്ധാത്മാവിൽക്കൂടിയുള്ള പ്രവൃത്തികളും വർണിക്കുന്നു. യെഹൂദ സ്തോത്രഗാനങ്ങളുടെ രൂപമാണ് ഈ വാചകത്തിനുള്ളത്. 1:3. 'സ്വർഗീയമായ സകല

ആത്മികാനുഗ്രഹങ്ങളാലും' നമ്മെ അനുഗ്രഹിച്ചെന്നു പറയുന്നത് ആദ്യം അല്പം അതിശയോക്തിയായിത്തോന്നിയേക്കാം. എന്നാൽ ഈ സ്തോത്രഗാനത്തിലെ എല്ലാ കാര്യങ്ങളും നാം കണക്കിലെടുക്കുന്ന പക്ഷം അതിലുപരിയായി ഒന്നുംതന്നെ തരുവാനില്ലെന്നും ഒന്നുംതന്നെ നമ്മിൽ നിന്നു മാറ്റിവച്ചിട്ടില്ലെന്നും മനസ്സിലാക്കാൻ കഴിയും. ദൈവത്തിനുള്ള സകലതും ദൈവം നമുക്കു നല്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നുള്ളതാണു പുത്രസ്വീകാരം എന്ന ആശയത്തിന്റെ അർഥവ്യാപ്തി. വാ. 4-6. നാം നിഷ്കളങ്കരും പരിശുദ്ധരും ദൈവസ്വഭാവമുള്ളവരുമായിത്തീരുകയെന്നുള്ളതാണു നമ്മെക്കുറിച്ചു ദൈവേഷ്ടം. അക്കാര്യം നാം ജനിക്കും മുൻപേ പിതാവാംദൈവം തീരുമാനിച്ചിരിക്കുന്നു. നാം യഥാർത്ഥത്തിൽ മരണാർഹരായിരിക്കെ തന്റെ പുത്രനിൽ നമ്മെ ഒന്നാക്കിത്തീർത്ത്, തന്റെ പുത്രനുള്ള ദൈവസ്വഭാവത്തിലും ജ്ഞാനത്തിലും ശക്തിയിലും നമ്മെയും പങ്കുകാരാക്കുവാനുള്ള ദൈവത്തിന്റെ തീരുമാനത്തിനു തന്റെ കൃപയും സ്നേഹവും അല്ലാതെ മറ്റു കാരണങ്ങളൊന്നുമില്ല. പിതാവായ ദൈവത്തിന്റെ കരുണയ്ക്കായി ആദ്യമേ തന്നെ അപ്പൊസ്തലൻ ദൈവത്തെ സ്തുതിക്കുന്നു. വാ. 5. ദത്തെടുക്കുക. പുതിയനിയമത്തിൽ അലങ്കാര ഭാഷയിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. 1). യഹോവയായ ദൈവം യെഹൂദ ജാതിയെ ദത്തെടുത്തു (റോമ. 9:4). 2) ഒരു പ്രത്യേകവിധത്തിൽ എല്ലാ ക്രിസ്ത്യാനികളെയും ദൈവത്തിന്റെ മക്കളായി സ്വീകരിക്കുക (ഗലാ. 4:5; എഫെ. 1:5). ഇത് ഒരു പദവിയാണ്. നിത്യമായ ഈ സ്ഥാനം ദൈവം വിശ്വാസികൾക്കു നല്കുന്ന ദാനമാണ് (റോമ. 8:14-21). 3) പാപം, വേദന, മരണം എന്നീ ശക്തികളിൽ നിന്നുള്ള ശരീരത്തിന്റെ വിടുതലിനെ തേജസ്സേറിയ ഒരവസ്ഥയായി ചിത്രീകരിച്ചിട്ടുണ്ട്. ഇതു ദത്തവകാശത്തിന്റെ ദിവ്യസ്വഭാവമാണ് (റോമ. 8:23). വാ. 6. മുന്നിയമിക്കുക. യേശുക്രിസ്തുവിന്റെ ജീവിതവും മരണവും ദൈവത്തിന്റെ മുന്നറിവും മുൻനിർണയവുമനുസരിച്ചു നടന്നു എന്നാണു പുതിയനിയമത്തിലെ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നത് (അപ്പൊ. പ്ര. 2:23). ദൈവത്തിന്റെ മുന്നറിവും മുൻനിർണ്ണയവും (1:9) തമ്മിൽ അഭേദ്യബന്ധമുണ്ട്. ദൈവത്തിന്റെ സ്വഭാവവും ക്രിസ്തുയേശുവിൽ സകല മനുഷ്യവർഗ്ഗവും പങ്കിടുന്നതാണു ദൈവത്തിന്റെ രക്ഷിക പദ്ധതിയിലെ മുഖ്യഘടകം. ഇതത്രെ 'സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുക' എന്ന പ്രയോഗത്തിൽ കാണുന്ന പ്രധാന ആശയം.

7-12. യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളാണ് ഇവിടെ വർണ്ണിക്കുന്നത്. ആദ്യമായി തന്റെ രക്തം ചിന്തി ക്രിസ്തു നമ്മെ പാപത്തിന്റെയും മരണത്തിന്റെയും ബന്ധനത്തിൽ നിന്നു മോചിപ്പിച്ചിരിക്കുന്നു. അവന്റെ ശരീരവും രക്തവും നമ്മിൽ വസിച്ചിരിക്കുന്നതു മൂലം

നാം പാപവും മരണവുമില്ലാത്തവരായിത്തീരുന്നു. രണ്ടാമതായി, ദൈവത്തിന്റെ ജ്ഞാനത്തിലും വിവേചനാശക്തിയിലും ക്രിസ്തു മൂലം നാം പങ്കുകാരായിത്തീർന്ന് നന്മയും തിന്മയും തിരിച്ചറിയുവാനുള്ള കഴിവു നമുക്കു ലഭിക്കുന്നു. മൂന്നാമത്, ഈ ലോകത്തിൽ ദൈവത്തിന്റെ ഹിതവും ലക്ഷ്യവും എന്താണെന്നുള്ള അറിവിന്റെ മഹാരഹസ്യത്തിൽ ക്രിസ്തു മൂലം നാമും പങ്കുകാരാകുന്നു. സൃഷ്ടിയിലുള്ള ദൈവോദ്ദേശ്യം എന്താണ്? ദൈവം നിശ്ചയിച്ചിട്ടുള്ള കാലം തികയുമ്പോൾ ഇന്നു വിഭിന്നങ്ങളായി കാണപ്പെടുന്ന സ്വർഗീയവും ഭൗമികവുമായ സകലത്തെയും പരസ്പരം അനുരഞ്ജിപ്പിച്ചു ക്രിസ്തുവിൽ ഒറ്റ യാഥാർഥ്യമാക്കിത്തീർക്കുക എന്നതാണു ദൈവോദ്ദേശ്യം. ഈ ദൈവോദ്ദേശ്യം നാം അറിഞ്ഞിരിക്കകൊണ്ട് അതിനനുരൂപമായി ജീവിക്കുന്നതിനും പരസ്പരം അകറ്റുന്നവയായ കലഹത്തിൽ നിന്നും വഞ്ചനയിൽ നിന്നും കുറ്റാരോപണത്തിൽ നിന്നും വൈരാഗ്യത്തിൽ നിന്നും ഒഴിഞ്ഞു ജീവിക്കുന്നതിനും നമുക്കു സാധിക്കുന്നു. നാലാമതായി, സർവ്വ പ്രപഞ്ചത്തെയും ക്രിസ്തുവിനു കീഴാക്കിക്കൊടുത്തിട്ടു ക്രിസ്തുവിന്റെ അവകാശത്തിൽ നമ്മെയും ഓഹരിക്കാരാക്കിത്തീർത്തിരിക്കുന്നു. ഈ പ്രപഞ്ചം മുഴുവൻ നമ്മുടേതാണ്. സകല ധനവും സകല മഹത്വവും സകല അധികാരവും ദൈവം ക്രിസ്തുവിൽ നമുക്കായിത്തന്നിരിക്കുന്നു. 9. ഹിതത്തിന്റെ മർമം. നിഗൂഢമായി ആശയങ്ങൾ ഉൾക്കൊള്ളുന്ന ചിന്തയാണ് മർമം എന്ന വാക്കു കൊണ്ടു വിവക്ഷിക്കുന്നത്. എന്നാൽ പൗലോസിന്റെ ചിന്തയിൽ ദൈവം ക്രിസ്തുവിൽ വെളിപ്പെടുത്തിയ രഹസ്യത്തിൽ നിഗൂഢതയില്ല. കാരണം, ആ രഹസ്യം ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ അവിഭാജ്യ ഘടകമാണ്. യെഹൂദനും യവനനും ഉൾപ്പെട്ട ഒരു പുതിയ മാനവികതയാണ് എഫെസ്യ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

13–14. പരിശുദ്ധാത്മാവിൽ നമുക്കു ലഭിച്ചിട്ടുള്ള ദൈവിക ദാനങ്ങളെക്കുറിച്ച് ഈ വാക്യങ്ങളിൽ പറയുന്നു. ഒന്നാമതായി, പരിശുദ്ധാത്മാവു മൂലമാണു സുവിശേഷം പ്രഖ്യാപിക്കപ്പെടുകയും ശ്രവിക്കപ്പെടുകയും ചെയ്യുന്നത്. രണ്ടാമത്, നമ്മിൽ വിശ്വാസം ഉദ്പാദിപ്പിക്കുന്നതും പരിശുദ്ധാത്മാവു തന്നെ. മൂന്നാമത്, ദൈവം നമുക്കു നല്കുവാനിരിക്കുന്ന മഹാഭാഗ്യത്തിന്റേയും പരമാനന്ദത്തിന്റേയും മുൻകുറിയും അച്ചാരവും ഈ പരിശുദ്ധാത്മാവു തന്നെ. മലയാളത്തിൽ 'അച്ചാരം' എന്നു പരിഭാഷ ചെയ്തിരിക്കുന്ന വാക്ക് (14) മൂലഭാഷയിൽ 'അരാബോൺ' എന്നാണ്. വാഗ്ദാനത്തിന്റെ ഉറപ്പിനായി നല്കപ്പെടുന്ന പണയം, അച്ചാരം, ഒരു വലിയ തുക കിട്ടുവാനുള്ളതിന്റെ ഒന്നാം തവണ എന്നൊക്കെ അർഥമുണ്ട്. പരിശുദ്ധാത്മാവിൽ നമുക്കുണ്ടാകുന്ന ആനന്ദാനുഭൂതി വരുവാനിരിക്കുന്ന നിത്യപരമാനന്ദത്തിന്റെ മുൻകുറിയും അച്ചാരവും തന്നെ.

ഇതിൽ കൂടുതൽ എന്താണു ദൈവത്തിനു തരുവാൻ കഴിയുന്നത്? സ്വർഗത്തിലെ സകല ആനന്ദാനുഭൂതിയും നമുക്കു നൽകിയിരിക്കുന്നു വെന്ന് അപ്പൊസ്തോലൻ പറയുന്നതിൽ അശേഷം അതിശയോക്തിയില്ല. ഈ ത്രിത്വസ്തോത്രം ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു സമാഹാരം മാത്രമല്ല, നമുക്കു വിഭാവനം ചെയ്യുവാൻ പോലും ശക്തിയില്ലാത്ത ദൈവ ത്തിന്റെ മഹാകൃപയ്ക്കായുള്ള സഭയുടെ നന്ദിപ്രകടനം കൂടിയാണ്. 10-ാം വാക്യത്തിൽ പറയുന്ന ദൈവമഹത്വത്തിന്റെ മർമം സർവത്തെയും ക്രിസ്തുവിൽ ഒന്നായി ചേർക്കുകയെന്നതാണ്. ഇവിടെ പ്രയോഗിച്ചിരി ക്കുന്ന പദം 'ആനാക്കെ ഫലയൊ സാസ്തായ്' എന്നതാണ് (റോമ. 13:9 താ.). പല സംഖ്യ ഒരുമിച്ചുകൂട്ടി ആകെത്തുക കണ്ടുപിടിച്ച് ഒരു സംഖ്യ യാക്കുന്നതിനും ഈ പദം ഉപയോഗിക്കാം. വ്യത്യസ്തങ്ങളും വിഭിന്ന ങ്ങളുമായ വസ്തുക്കളെ ഒരു ശിരസ്സിനു കീഴിൽ പരസ്പരം രഞ്ജിപ്പിച്ച് ഒരു ശരീരമാക്കിത്തീർക്കുന്നതിനും ഈ പദം ഉപയോഗിക്കാം. രണ്ടാ മത്തെ അർഥമാണ് ഇവിടെ നാം കല്പിക്കേണ്ടത്. സൃഷ്ടിയിലുള്ള സക ലത്തെയും, മനുഷ്യനെയും മാലാഖയെയും, ദൃശ്യമായതിനെയും, അദൃ ശ്യമായതിനെയും, സ്വർഗത്തിലുള്ളതിനെയും ഭൂമിയിലുള്ളതിനെയും സർവ്വത്തെയും പരസ്പരം രഞ്ജിപ്പിച്ച് ഒരേക യാഥാർഥ്യമാക്കിത്തീർത്തു മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ അധികാരത്തിൽ കൊണ്ടുവരു കയെന്നതാണു ദൈവോദ്ദേശ്യം. ആ ഉദ്ദേശ്യ സാധ്യത്തിനു വേണ്ടിയാണു ക്രിസ്ത്യാനികളായ നാം പ്രവർത്തിക്കേണ്ടതും യത്നിക്കേണ്ടതും. 'കാല ത്തികവിൽ.' പുരാതന കാലത്ത് സമയം കുറിച്ചിരുന്നതു മണൽ നിറച്ച സ്ഫടിക പേടകങ്ങൾ അഥവാ പാത്രങ്ങൾ കൊണ്ടായിരുന്നു. മുകളി ലത്തെ പാത്രങ്ങളിലുള്ള മണൽ താഴെയുള്ള പാത്രത്തിലേക്ക് അല്പാ ല്പമായി വീണുകൊണ്ടിരിക്കും. താഴെയുള്ള പാത്രം അതിന്റെ നിർദി ഷ്ടമാത്ര വരെ നിറയുന്ന സമയത്തു കോടതി ആരംഭിക്കും. താഴെയുള്ള പാത്രം നിറയുന്നതിനാണു കാലസമ്പൂർണത അല്ലെങ്കിൽ സമയത്തിക വെന്നു പറയുന്നത്. കാലം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. ദൈവം ക്രിസ്തുവിൽക്കൂടി ചരിത്രത്തിലുള്ള തന്റെ ദിവ്യോദ്ദേശ്യം തികയ്ക്കു ന്നുവെന്നാണു ലേഖനകർത്താവ് ഇവിടെ ഉദ്ദേശിക്കുന്നത് (1 കൊരി. 12:24 താ.).

1:15-23. **പ്രാർത്ഥന**. ഈ ലേഖനം ചെല്ലുന്ന സഭകളിലെ ക്രിസ്ത്യാ നികളെക്കുറിച്ചു രണ്ടു സംഗതികളാണ് അഭിനന്ദനാർഹമായി അപ്പൊ സ്തലൻ കാണുന്നത്. ക്രിസ്തുവിലുള്ള അവരുടെ ഉറച്ച വിശ്വാസവും ക്രൈസ്തവരുടെ ഇടയിൽ കാണപ്പെടുന്ന പരസ്പര സ്നേഹവും. ഇവ രണ്ടുമാണു ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. കർത്താവായ യേശുവിലുള്ള വിശ്വാസം എന്നു പറഞ്ഞാൽ യേശുക്രിസ്തുവിനെക്കു

റിച്ചുള്ള ബുദ്ധിപരമായ അറിവു മാത്രമല്ല, പ്രത്യുത ക്രൈസ്തവ വിശ്വാസത്തിലും ക്രിസ്തുശരീരമാകുന്ന സഭയിലുമുള്ള ഉറച്ച നിലപാടും ആണ്. ഈ ലേഖനം എഴുതുന്ന സമയത്ത് ആസ്യയിലെ പല ഭാഗങ്ങളിലും വിവിധ രൂപത്തിലുള്ള വേദവിപരീതങ്ങളും സത്യസഭയിൽ നിന്നു വേർപെട്ടുള്ള വിഭാഗങ്ങളും ഒരു വശത്തും, യഹൂദരുടെയും റോമാക്കാരുടെയും എതിർപ്പും പീഡനവും മറുവശത്തും ക്രിസ്ത്യാനികളെ അഭിമുഖീകരിക്കുന്നു. എന്നാൽ പ്രലോഭനങ്ങൾക്കും ഭീഷണികൾക്കും വശംവദരാകാതെ ക്രിസ്തുവിൽ ഉറച്ചുനില്ക്കുന്ന ക്രൈസ്തവരെയാണ് അപ്പൊസ്തോലൻ അഭിനന്ദിക്കുന്നത്. അങ്ങനെ ഉറച്ചു നിൽക്കുന്നതിന്റെ മറുവശം മാത്രമാണു സഭാംഗങ്ങളോടെല്ലാവരോടുമുള്ള ക്രൈസ്തവ സ്നേഹവും. ഇവിടെ 15-ാം വാക്യത്തിൽ വിശുദ്ധന്മാർ എന്നു പറയുന്നതു സാധാരണ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ്.

16. നിങ്ങൾക്കുവേണ്ടി ഇടവിടാതെ സ്തോത്രം ചെയ്യുന്നു എന്ന പ്രയോഗത്തിന് ഇടവിടാതെ സ്തോത്രയാഗം അർപ്പിക്കുന്നുവെന്നുകൂടി അർത്ഥം വരാം. 17 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ വിശ്വാസികൾക്കുവേണ്ടി എന്താണ് അപ്പൊസ്തോലൻ അനുസ്യൂതം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതെന്നു വ്യക്തമാക്കുന്നു. അവരുടെ ആന്തരിക നയനങ്ങൾ പ്രകാശിതങ്ങളായി, വിജ്ഞാനത്തിന്റെയും, വെളിപ്പാടിന്റെയും ആത്മാവിനെ അവർ പ്രാപിച്ച്, യേശുക്രിസ്തുവിന്റെ പിതാവാംദൈവത്തിന്റെ മഹത്വത്തെ അവർ അറിയണമെന്നാണു പ്രധാനമായി അപ്പൊസ്തോലന്റെ ആഗ്രഹം. ആ മഹത്വത്തെ അറിയുന്നതോടുകൂടിത്തന്നെ പിതാവാം ദൈവം നമ്മെ വിളിച്ചിട്ടുള്ള വിളിയുടെ പ്രത്യാശ എത്ര സമുന്നതമാണെന്നു നാം ഗ്രഹിക്കണമെന്നും അപ്പൊസ്തോലൻ ആഗ്രഹിക്കുന്നു. ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഏതെങ്കിലുംവിധത്തിൽ നരകത്തിൽ നിന്നു രക്ഷപ്പെട്ടു സ്വർഗ്ഗത്തിൽ പോകുന്നതിനു മാത്രമല്ല. തന്റെ വിശുദ്ധന്മാർക്ക് അതായതു പരിശുദ്ധാത്മാവിന്റെ വിളിയാലും വിശ്വാസത്താലും മാമോദീസായാലും ദൈവത്തിനായി വേർതിരിക്കപ്പെട്ടു വിശുദ്ധീകരിക്കപ്പെടുന്നവരായ നമുക്ക്, ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന അവകാശം എന്താണെന്നു നാം ധരിക്കണം. ഈ അവകാശം നമുക്കു ചിന്തിക്കാവുന്നതിലും പ്രതീക്ഷിക്കാവുന്നതിലും വളരെ ഉപരിയാണ്. അതായത് നമ്മെ പുത്രന്മാരും പുത്രിമാരുമായി ദത്തെടുത്തു ദൈവത്തിനുള്ള സർവവും ക്രിസ്തുവിൽ നമുക്കായി നല്കുവാനാണു ദൈവത്തിന്റെ തീരുമാനം. മൺമയരും ബലഹീനരുമായ നമുക്ക് ഇത്ര വലിയ അവകാശം പ്രാപിക്കുവാൻ എങ്ങനെ കഴിയുമെന്നു സംശയം തോന്നിയേക്കാം. അതിനുള്ള സമാധാനമാണു 19 മു. 23 വരെയുള്ള വാക്യങ്ങൾ നല്കുന്നത്. സാധാരണഗതിയിൽ അസാധ്യമായതു ചെയ്യുവാൻ ദൈവ

ത്തിനു സാധിക്കുമെന്നു നാം വിശ്വസിക്കണമെങ്കിൽ ദൈവത്തിന്റെ നന്മയെയും സ്നേഹത്തേയും ശക്തിയേയും കുറിച്ചുള്ള ബോധം നമുക്കുണ്ടാകണം. ഈ ശക്തിയുടെ അളവറ്റ മഹിമയാണു 19-ാം വാക്യത്തിൽ പ്രതിപാദിക്കുന്നത്. അത്ഭുതാവഹവും അപരിമേയവുമായ ദൈവശക്തിയുടെ പ്രത്യക്ഷപ്രകടനം എവിടെയാണു നമുക്കു കാണുവാൻ കഴിയുകയെന്നു 20-ാം വാക്യം പറയുന്നു. മനുഷ്യൻ പുച്ഛിച്ച്, ത്യജിച്ച് മുഖത്തുതുപ്പി, ചെകിട്ടത്തടിച്ചു പട്ടണത്തിൽ നിന്നു പുറത്താക്കി കുരിശിൽ തറച്ചുകൊന്ന ക്രിസ്തുവിനെ മരിച്ചവരുടെയിടയിൽ നിന്ന് ഉയിർപ്പിച്ചു സകല ശക്തിക്കും, അധികാരങ്ങൾക്കും വാഴ്ചകൾക്കും ഉപരിയായി ആരോഹണം ചെയ്യിച്ച് തന്റെ സ്വന്തം വലതുഭാഗത്തു സർവ അധികാരവുമുള്ള കർത്താവായി ഇരുത്തിയതിനാലാണു ദൈവത്തിന്റെ മഹത്വം പ്രത്യക്ഷപ്പെടുന്നത്. മനുഷ്യപരിമിതികളെ സ്വീകരിച്ചു മർത്യനും മൺമയനുമായിത്തീർന്ന ക്രിസ്തുവിനെ ദൈവം ഇത്രമാത്രം ഉയിർത്തിയെങ്കിൽ, ആ ദൈവം തന്നെ നമുക്കു നല്കിയിട്ടുള്ള അത്ഭുതാവഹങ്ങളായ വാഗ്ദാനങ്ങളെയും നിർവ്വഹിക്കാതിരിക്കുകയില്ല എന്നതാണു ക്രിസ്തീയ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും നിദാനം. സർവ പ്രപഞ്ചത്തെയും ക്രിസ്തുവിന്റെ കാല്ക്കീഴാക്കിയിട്ടു ക്രിസ്തുവിനെ സഭയുടെ തലയാക്കി സഭയാകുന്ന ശരീരത്തിനു കൊടുത്തതായി 22-ാം വാക്യം ഉദ്ഘോഷിക്കുന്നു. 23-ാം വാക്യത്തിൽ സഭയെ ക്രിസ്തുവിന്റെ നിറവ് എന്നു പറഞ്ഞിരിക്കുന്നത് ഏതു വിധത്തിലാണ്? നിറവ് എന്നത് മൂലഭാഷയിൽ 'പേറോമാ' എന്ന പദമാണ്. ഈ പദത്തിനു പല അർത്ഥങ്ങളുണ്ട്. ഒരു ഗ്ലാസ്സിന്റെ നിറവ് എന്നു പറയുന്നത് അതു നിറയ്ക്കാനാവശ്യമുള്ള ദ്രാവകത്തിന്റെ പരിമാണമാണ്. മുക്കാൽഭാഗം നിറഞ്ഞിട്ടുള്ള ഒരു ഗ്ലാസിന്റെ നിറവ് (പേറോമാ) എന്നു പറയുന്നത് ആ ഗ്ലാസിനകത്തുള്ള ദ്രാവകത്തിന്റെ പരിമാണമല്ല. പ്രത്യുത ആ ഗ്ലാസിനെ നിറയ്ക്കുവാൻ ഇനിയും ആവശ്യമുള്ള കാൽ ഭാഗത്തിനാണ്. മത്താ. 9:16-ൽ കോടിത്തുണിക്കണ്ടം പഴയ വസ്ത്രത്തിൽ ചേർത്തു തുന്നുന്നതിനെപ്പറ്റി പറയുന്നുണ്ടല്ലോ. അവിടെ പഴയ വസ്ത്രത്തിലുള്ള ദ്വാരം അടയ്ക്കുവാൻ ഉപയോഗിക്കുന്ന പുതിയ തുണിക്കഷണത്തിനു 'പേറോമാ' എന്നാണു പ്രയോഗിച്ചിരിക്കുന്നത്. സഭ ക്രിസ്തുവിന്റെ 'പേറോമാ' ആണെന്നു പറയുന്നതിന്റെ അർത്ഥം മനുഷ്യാവതാരം ചെയ്ത ക്രിസ്തു പുതിയ അംഗങ്ങൾ തന്നിലേക്കു കൂട്ടിച്ചേർക്കപ്പെടുന്നതു മൂലം വളർന്നുകൊണ്ടിരിക്കുകയാണെന്നും സഭയിലേക്കായി വിളിക്കപ്പെട്ടിട്ടുള്ളവർ മുഴുവനും ക്രിസ്തുവിലേക്കു കൂട്ടിച്ചേർക്കപ്പെട്ടു കഴിയുമ്പോൾ മാത്രമേ ക്രിസ്തുവിന്റെ പൂർണത ആകുകയുള്ളു എന്ന അത്ഭുതാവഹമായ ആശയമാണ് ഇവിടെ കാണുന്നത്. അതായതു സകല പ്രപഞ്ചവും ക്രിസ്തുവിനു കീഴാക്കിക്കൊടുത്തിട്ടു ക്രിസ്തുവിനു പ്രപഞ്ചത്തിന്മേലുള്ള രാജത്വാധി

കാരത്തിനു നമ്മെയും പങ്കുകാരാക്കുവാൻ ദൈവം തന്റെ മഹാമനസ്ക്കതയിൽ തീരുമാനിച്ചിരിക്കുന്നു. ഇതാണു ദൈവത്തിന്റെ അത്ഭുതാവഹമായ കരുണ. ഇത് എല്ലാ ക്രിസ്ത്യാനികളും പൂർണമായി മനസ്സിലാക്കണമെന്നാണു അപ്പൊസ്തോലന്റെ പ്രാർത്ഥന. പരിശുദ്ധാത്മാവിന്റെ ആന്തരികോദ്ദീപനം കൊണ്ടു മാത്രമേ ഇതു മനസ്സിലാക്കുവാൻ പോലും നമുക്കു സാധിക്കുകയുള്ളു.

**2:1–10**

യെഹൂദരല്ലാത്തവരും അവിശ്വാസികളുമായിരുന്നിട്ട് ഇപ്പോൾ ക്രിസ്തുവിലുള്ള വിശ്വാസം മൂലം ജീവൻ പ്രാപിച്ചവരെപ്പറ്റി ലേഖകൻ പറയുന്നത് അങ്ങനെയുള്ള അവിശ്വാസികളായ നാമെല്ലാവരും നമ്മുടെ പാപം മൂലം മരിച്ച് അവിശ്വാസികളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദുരാത്മാവിനു വിധേയരുമായിരുന്നു എന്നാണ്. ക്രൈസ്തവ വിശ്വാസികളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് അവരെ നന്മയിലേക്കും ജീവങ്കലേക്കും വഴിനയിക്കുന്നതുപോല തന്നെ അവിശ്വാസികളുടെ സംയുക്ത ജീവിതത്തിൽ ഒരു ദുരാത്മാവ് വസിച്ച് അവരെ തിന്മയിലേക്കും നാശത്തിലേക്കും അഥവാ പാപത്തിലേക്കും മരണത്തിലേക്കും വഴി നയിക്കുന്നു എന്നു ലേഖകൻ പഠിപ്പിക്കുന്നു. മനുഷ്യ സമൂഹത്തിൽ ഈ രണ്ട് ആത്മാക്കളും ഒരേ സമയത്തു പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. വിശ്വാസമുള്ളിടത്തു ദൈവത്തിന്റെ ആത്മാവും അവിശ്വാസമുള്ളിടത്ത് ഈ ലോകത്തിന്റെ ആത്മാവും. എന്നാൽ വിശ്വാസമുള്ളതു സഭയ്ക്കകത്തും വിശ്വാസമില്ലാത്തതു സഭയ്ക്കു പുറത്തും ആണെന്നു തീർത്തു പറയുവാൻ നിവൃത്തിയില്ല. സഭയിലുള്ളവരായാലും ഈ ലോകത്തിന്റെ മാർഗത്തിൽ ചരിക്കുകയാണെങ്കിൽ അവർ അവിശ്വാസികളാണെന്നതിന് അതുതന്നെ സാക്ഷ്യം വഹിക്കുന്നു. അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവ് (2:2) വിശ്വാസികൾ എന്നു വിളിക്കപ്പെടുന്നവരിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെടുമ്പോൾ സത്യവും സ്നേഹവും കൃപയും സേവനവും പ്രായോഗികമാക്കുന്നവർ സഭയ്ക്കു പുറത്തു കാണപ്പെടുമ്പോൾ ദൈവത്തിന്റെ ആത്മാവ് അവരിൽ പ്രവർത്തിക്കുന്നില്ല എന്നു തീർത്തു പറയുവാൻ പ്രയാസമാണ്.

**ഈ ലോകത്തിന്റെ കാലഗതി.** ഈ ലോകം എന്നു പറയുന്നതു തിന്മയുടെ അധീനതയിൽ കിടക്കുന്ന മരണാധീനമായ പഴയ ലോകമാണ്. വരുവാനിരിക്കുന്നതും ക്രിസ്തുവിൽ വന്നുകഴിഞ്ഞിരിക്കുന്നതുമായ പുതിയ ലോകമാണു ദൈവം അധിപതിയായിരിക്കുന്ന ദൈവരാജ്യം. **ആകാശത്തിലെ അധികാരം** (എഫെ. 6:11–12; കൊലോ. 1:13). ആകാശം എന്ന് ഇവിടെ തർജമ ചെയ്യുന്നതു ഗ്രീക്കിൽ 'ആയേറോസ്' സുറിയാനി

യിൽ 'ഓയാർ' ഇംഗ്ലീഷിൽ 'എയർ' (വായുമണ്ഡലം) എന്നു പറയുന്ന മണ്ഡലമാണ്. ഏഷ്യാമൈനറിലെ ഗ്രീക്കു ചിന്താഗതിയിൽ നിലവിലിരുന്ന ഒരു ആശയമാണു ഭൂമിക്കും സ്വർഗത്തിനുമിടയ്ക്കു ദുരാത്മാക്കൾ വസിക്കുന്ന ഒരു മണ്ഡലമുണ്ടെന്നത്. 1:20-ൽ സ്വർഗ്ഗത്തിൽ എന്ന ആശയവും, ആകാശം എന്ന ആശയവും തമ്മിൽ വലിയ വ്യത്യാസമില്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അഗോചരമായ മണ്ഡലം എന്നർത്ഥമാക്കിയാൽ മതി. നമ്മുടെ സാമൂഹ്യ ജീവിതത്തെയും, നമ്മുടെ വ്യക്തിജീവിതത്തെയും നിയന്ത്രിക്കുവാൻ ശ്രമിക്കുന്ന ദുരാത്മാക്കളുടെ ഒരു മണ്ഡലം ഉണ്ടെന്ന ചിന്ത ശാസ്ത്രീയ ചിന്താഗതിക്കു ചേർന്നതല്ല. പക്ഷേ മനുഷ്യജീവിതത്തിൽ ദോഷൈക ശക്തികളുടെ സ്വാധീനം ഉണ്ടെന്ന വസ്തുത നിഷേധിക്കുന്നില്ല. **അനുസരണക്കേടിന്റെ മക്കൾ.** എബ്രായ ചിന്താഗതിയിൽ മക്കൾ എന്ന പ്രയോഗത്തിനു 'ഭാഗഭാക്കുകൾ' എന്നാണർത്ഥം. 'അനുസരണക്കേടിന്റെ മക്കൾ' എന്നു വച്ചാൽ അനുസരണക്കേടിന്റെ പങ്കാളികൾ എന്നർത്ഥം. മൂന്നാം വാക്യത്തിൽ 'കോപത്തിന്റെ മക്കൾ' എന്നതിനു തിന്മയെ നശിപ്പിക്കുന്ന ദൈവകോപം എന്ന ഭയങ്കര യാഥാർത്ഥ്യത്തിന്റെ അനുഭവത്തിൽ പങ്കാളികൾ എന്ന് അർത്ഥമാണ്. **ഈ ലോകത്തിന്റെ കാലഗതി** (2:2) എന്നതു നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും തള്ളലുകളെ ആത്മസംയമനം മൂലം നിയന്ത്രിക്കാതെ ജഡികവികാരങ്ങളുടെയും മാനസിക ദുരാഗ്രഹങ്ങളുടെയും ഒഴുക്കിൽപ്പെട്ടു മനുഷ്യനെക്കുറിച്ചുള്ള ദൈവനിയമത്തിനു എതിരായി ജീവിച്ചു നാശത്തിലേക്കും മരണത്തിലേക്കും ശീഘ്രഗമനം ചെയ്യുന്നവരുടെ ജീവിതരീതിയെക്കുറിച്ചാണ്. നാമും അക്കൂട്ടത്തിൽപെട്ടവരായിരുന്നു. തിന്മയുടെ ഈ ഒഴുക്കിൽ നിന്നും മരണത്തിന്റെ അധീനതയിൽ നിന്നും നാം രക്ഷിക്കപ്പെട്ടതു നമ്മുടെ സത്പ്രവൃത്തികൾ കൊണ്ടൊന്നുമല്ല, ദൈവത്തിന്റെ മഹാകരുണകൊണ്ടു മാത്രമാണ്. (6) ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനോടൊപ്പം നമ്മെയും ജീവനുള്ളവരാക്കി ഉയിർപ്പിച്ചു സ്വർഗാതീത മണ്ഡലങ്ങളിൽ ക്രിസ്തുവിനോടൊപ്പം ഇരുത്തുകയും ചെയ്തു. ഗ്രീക്കിൽ 'ഒപ്പം ജീവിപ്പിച്ച്', ഒപ്പം ഉയിർത്തെഴുന്നേൽപ്പിച്ച്, ഒപ്പമിരുത്തി' എന്നു കാണുന്ന വാക്യം മലയാളത്തിൽ പരിഭാഷപ്പെടുത്തിയപ്പോൾ അത്ര വ്യക്തമല്ല. ക്രിസ്തുവിനു ലഭിച്ച ജീവനും ഉയിർത്തെഴുന്നേല്പും അധികാരവും നമുക്കും നല്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനുള്ളതിൽ നാമും പങ്കാളികളാകുന്നു എന്നു മൂലഭാഷയിൽ വ്യക്തമായി കാണുന്നു. ഇതു നമ്മുടെ ആരുടെയും സാമർഥ്യമൊന്നുമല്ല, ദൈവത്തിന്റെ കരുണ മാത്രം. ഈ സ്ഥാനങ്ങളിലൊന്നും നമുക്കഹങ്കരിക്കുവാൻ തക്കവണ്ണം നാമൊന്നും ചെയ്തിട്ടില്ല. സർവ്വവും ദാനം മാത്രം. നമ്മുടെ സത്പ്രവർത്തികൾ മൂലം നാം രക്ഷിക്കപ്പെടുന്നു എന്നല്ല, നേരെമറിച്ച് സൽപ്രവൃത്തികൾക്കായി നാം രക്ഷിക്കപ്പെടുന്നു എന്നാണു വേദപുസ്തകം പഠിപ്പിക്കുന്നത്.

ക്രിസ്തു നമ്മെ രക്ഷിച്ചു നമ്മെ ഒരു പുതിയ സൃഷ്ടി ആക്കിയിരിക്കുന്നതു നാം ക്രിസ്തുവിനെപ്പോലെ ദൈവസ്വഭാവമുള്ളവരായിത്തീർന്ന്, സത്പ്രവർത്തികൾ മൂലം ദൈവത്തിന്റെ സാദൃശ്യമായി ഇഹലോകത്തിൽ വസിക്കുവാൻ വേണ്ടിയാകുന്നു. അതുകൊണ്ട് ലോകത്തിന്റെ കാലഗതിയനുസരിച്ചുള്ള നാശോന്മുഖമായ പഴയ ജീവിതത്തെ ഉരിഞ്ഞുകളഞ്ഞിട്ട്, ഇന്നലെവരെ നമ്മെ ഭരിച്ചിരുന്ന ദുരാത്മാക്കൾക്കു പകരം പരിശുദ്ധാത്മാവിനെ നമ്മുടെ വ്യക്തിജീവിതത്തിലും, സാമൂഹ്യജീവിതത്തിലും അവരോധിച്ചിട്ടു ദൈവത്തിന്റെ സത്പ്രവർത്തികൾക്കുള്ള സജീവ ഉപകരണങ്ങളായി നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുക എന്നുള്ളതാണ്. **കൈപ്പണി.** 'പോയിമ' എന്ന ഗ്രീക്കു പദത്തിനു പല തർജ്ജമകൾ നല്കിയിട്ടുണ്ട്. RSV - workmanship; NEB - handiwork; JB - God's work of art. മലയാളത്തിൽ ശില്പവേല, കലാസൃഷ്ടി എന്നീ ഭാഷാന്തരങ്ങളും കൊടുക്കാവുന്നതാണ്. രക്ഷ സത്പ്രവൃത്തികളാലല്ല, സത്പ്രവൃത്തികൾക്കായിട്ടത്രേ. ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിപ്രകാരം സത്പ്രവർത്തികൾക്കുവേണ്ടി നമ്മെ സൃഷ്ടിച്ചിരിക്കുന്നു, മുന്നൊരുക്കിയിരിക്കുന്നു.

### (d) 2:11-1 സഭയെ അവരോധിക്കുന്നു

ഈ ഭാഗത്തു കാണുന്ന ആശയങ്ങളെ വ്യക്തമായി മനസ്സിലാക്കുന്നതിനു യെരൂശലേം ദേവാലയത്തിന്റെ ഒരു ഏകദേശരൂപം മനസ്സിലുണ്ടെങ്കിലേ സാധിക്കൂ. 'വേർപാടിന്റെ നടുച്ചുവർ' (14) യെരൂശലേം ദേവാലയത്തിലെ വിജാതീയർക്കുള്ള പുറത്തെ പ്രാകാരത്തിൽ നിന്നു യെഹൂദർക്കുള്ള അകത്തെ പ്രാകാരത്തെ വേർതിരിക്കുന്ന മതിലാണ്. പുറജാതികൾ ആ മതിൽക്കെട്ടിനുള്ളിൽ പ്രവേശിച്ചുകൂടാ എന്ന പ്രഖ്യാപനം ആ മതിലിൽ എബ്രായഭാഷയിലും ഗ്രീക്കു ഭാഷയിലും എഴുതിയിരുന്നു. യെഹൂദരും പുറജാതികളും തമ്മിലുള്ള ശത്രുതയുടെ പ്രതീകമാണ് ഈ വേർപാടിന്റെ നടുച്ചുവർ. മനുഷ്യവർഗം യെഹൂദരെന്നും, പുറജാതിയെന്നും രണ്ടായി വിഭജിക്കപ്പെട്ടു കിടന്നിരുന്നതിനെ ക്രിസ്തുവിൽ ഇതാ ഒന്നാക്കിയിരിക്കുന്നു. ദൈവത്തിന്റെ അധിവാസസ്ഥാനം ഈ മതിൽക്കെട്ടിനകത്ത്, ദേവാലയത്തിനകത്തുള്ള അതിവിശുദ്ധസ്ഥലത്ത് ആണെന്ന് യെഹൂദർ വിശ്വസിച്ചിരുന്നു. യെഹൂദർ ദൈവവാസസ്ഥലത്തിനു സമീപസ്ഥരാണ്. പുറജാതികൾ ദൂരസ്ഥരും (13). പക്ഷേ രണ്ടു കൂട്ടർക്കും ദൈവസന്നിധിയിൽ പ്രവേശനമില്ല, എന്നാൽ ഇപ്പോൾ ക്രിസ്തുവിൽ ഇരുകൂട്ടർക്കും പ്രവേശനമുണ്ട്. (18). ഒരു കാലത്തു പുറജാതികൾ യെഹൂദരാൽ പുച്ഛിക്കപ്പെട്ടവരും ദൈവത്തിൽ നിന്നകന്നവരുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ, നമ്മെ ദൈവത്തിൽ നിന്നകറ്റുന്ന സകലത്തേയും ക്രിസ്തു ഇടിച്ചുപൊളിച്ചു പുറജാതിക്കാരനൊ, യെഹൂദനോ എന്നുള്ള വ്യത്യാസം

കൂടാതെ എല്ലാവരെയും ദൈവസന്നിധിയിലേക്കാനയിച്ചിരിക്കുന്നു. ദൈവവും മനഷ്യനും തമ്മിലുള്ള വേർപാടിന്റെ നടുച്ചുവർ മാത്രമല്ല, മനുഷ്യനും മനുഷ്യനും തമ്മിലുള്ള വേർപാടിന്റെ നടുച്ചുവരും ഇടിച്ചു കളഞ്ഞ് യെഹൂദനെയും പുറജാതിക്കാരനെയും ഒരുമിച്ചുചേർത്ത് ഒരു പുതിയ മനുഷ്യവർഗ്ഗം സ്ഥാപിച്ചിരിക്കുന്നു. ഈ പുതിയ മനഷ്യവർഗ്ഗ മാണു സഭ. ഈ സഭ വളർന്നുകൊണ്ടിരിക്കുന്ന ഒരു ദേവാലയമാണ്. 21, 22. പരിശുദ്ധാത്മ പ്രവർത്തനം മൂലം നാമും ഈ ദൈവാധിവാസപ്രസ്ഥാ നത്തിന്റെ കല്ലുകളായി പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ വ്യക്തിയും ദൈവാധിവാസസ്ഥാനമാണെന്നല്ല പറയുന്നത്. സഭയാകുന്ന പുതിയ ദേവാലയത്തിന്റെ കല്ലുകളായി നാം ചേർത്തു പണിയപ്പെടുന്നതുകൊ ണ്ടാണു ദൈവം നമ്മിൽ വസിക്കുന്നത്. 18. 'പൊസ് അഗോഗെ' എന്ന ഗ്രീക്ക് വാക്കിന് (റോമ. 5:2; എഫെ. 8:12) അർഥം 'പ്രവേശനം' എന്നാണ്.

### 3:11–13 അപ്പൊസ്തലന്റെ കർത്തവ്യം

ഒന്നാം വാക്യത്തിലാരംഭിക്കുന്ന വാചകം മുഴുവനാകാതെ നില്ക്കു ന്നതായിട്ടാണു മൂലഭാഷയിൽ കാണുന്നത്. ലേഖകൻ തടവിൽ കിടന്നു കൊണ്ടാണ് എഴുതുന്നതെന്ന് ഈ വാക്യത്തിൽ നിന്ന് അനുമാനിക്കാം. തടവിൽ കിടക്കുന്ന ബലഹീനനായ പൗലോസ് മുൻകാലങ്ങളിൽ ഒരു മനുഷ്യനും അറിയാൻ സാധിക്കാത്ത (5) ദൈവത്തിന്റെ മഹാരഹസ്യം മനുഷ്യർക്കു വെളിപ്പെടുത്തുന്നതിനുള്ള പ്രധാന ഉപകരണമായിത്തീർന്നി രിക്കുന്നു. **മർമ്മം.** 'മിസ്റ്റീറിയോൺ' എന്ന ഗ്രീക്കു പദമാണു മർമ്മം എന്നു തർജമ ചെയ്തിരിക്കുന്നത്. ഈ പദത്തിന്റെ മൂലാർഥം അംഗങ്ങളല്ലാ ത്തവർക്ക് അറിഞ്ഞുകൂടാത്തവിധത്തിൽ ഒരു രഹസ്യ സംഘത്തിൽ ചേർക്കപ്പെട്ടിട്ടുള്ളവർക്കുമാത്രം അറിയാവുന്ന ഒരു ആന്തരിക രഹസ്യം എന്നാണ്. ഈ രഹസ്യത്തിന്റെ ഉള്ളടക്കം സൃഷ്ടിയെക്കുറിച്ചു ദൈവ ത്തിന്റെ ഉദ്ദേശ്യം എന്താണെന്നുള്ളതാണ്. 6–ാം വാക്യത്തിൽ പറയുന്ന തുപോലെ പുറജാതികൾ, ദൈവം യെഹൂദവർഗത്തിനു നല്കിയിട്ടുള്ള ദൈവരാജ്യ വാഗ്ദാനത്തിന്റെ അവകാശത്തിൽ കൂട്ടവകാശികളും പങ്കു കാരും ആവുക എന്നതു തന്നെ. കൂട്ടവകാശികൾ, കൂട്ടുശരീരക്കാർ, കൂട്ടു പങ്കാളികൾ എന്നീ മൂന്നു വാക്കുകൾ മൂലഭാഷയിലുള്ളതു ദൈവരാജ്യ ത്തിന്റെ അവകാശത്തിൽ നാം പങ്കെടുക്കുന്നത്, വ്യക്തികളായല്ല, ഒരു സമൂഹമായിട്ടത്രേ എന്നു പ്രത്യകം എടുത്തുകാട്ടുന്നു. മനുഷ്യമക്കളെ ദൈവരാജ്യത്തിനവകാശികളാക്കി ദത്തെടുത്തു ശിക്ഷണപരിശീലനങ്ങ ളിൽ കൂടി വളർന്നു തിന്മയിൽനിന്നു വേർപെട്ടു പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്തു ക്രിസ്തുവിനോടൊപ്പമിരുന്നു ലോകത്തെ ഭരിക്കാൻ വേണ്ടി വിളിക്കപ്പെട്ടിരിക്കുന്ന പുതിയ മനുഷ്യവർഗമാണു ക്രൈസ്തവ സഭ. മനുഷ്യർക്കു ലഭിക്കാവുന്നതിൽ ഏറ്റവും വലിയ ഭാഗധേയമാണ്

സുവിശേഷം മൂലം ദൈവം മനുഷ്യർക്ക് വാഗ്ദാനം ചെയ്യുന്നത്. ആ സദ്വാർത്തയുടെ പ്രഖ്യാപകനാകുകയെന്നുള്ളതും ഒരു വലിയ പദവിയാണ്. ആ പദവി തനിക്കു ലഭിച്ചിരിക്കുന്നതുകൊണ്ടു ജയിൽവാസം ഒരു നിസ്സാരകാര്യമായി പൗലോസ് കരുതുന്നു. 8-ാം വാക്യത്തിൽ പറയുന്നു, ക്രിസ്തുവിനെ അളന്നറിയുവാൻ സാധിക്കാത്ത അപ്രമേയ ധനത്തിന്റെ പ്രഖ്യാപനമാണു സുവിശേഷം. 10. ഇത്ര വലിയ ഒരു മഹനീയത ഇത്ര ചെറിയ ഒരു മനുഷ്യസൃഷ്ടിക്കു കൊടുക്കുന്നതു ദൈവത്തിന്റെ മഹാകാരുണ്യം, അചിന്ത്യമായ ഔദാര്യം എന്നിവ സ്വർഗീയ മണ്ഡലങ്ങളിലെ ആത്മീയ ശക്തികൾക്ക് ഒരു സാധനപാഠമാകുന്നതിനു വേണ്ടിയാണ്.

**സ്വർഗത്തിലെ വാഴ്ചകളും അധികാരങ്ങളും.** പ്രപഞ്ചം എന്നു പറയുന്നതു ദൈവത്തിന്റേയും മനഷ്യന്റേയും മാത്രം ഇച്ഛാശക്തികൾ പ്രവർത്തിക്കുന്ന ഒരു മണ്ഡലമല്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അഗോചരമായ മറ്റ് അധികാരങ്ങളും ശക്തികളും വാഴ്ചകളും ഈ പ്രപഞ്ചത്തിലുണ്ട്. ദൈവം മനഷ്യരോടു കാണിക്കുന്ന മഹാമനസ്കത ഈ സ്വർഗീയ ശക്തികൾക്കും ദൈവത്തെ മനസ്സിലാക്കുന്നതിനുള്ള ഒരു വെളിപ്പാടായിത്തീരുന്നു. 9-ാം വാക്യത്തിൽ പറയുന്നത് എല്ലാ മനുഷ്യർക്കും ദൈവത്തിന്റെ ഈ നിർദ്ദിഷ്ട ഉദ്ദേശ്യത്തെക്കുറിച്ചുള്ള ആന്തരിക പ്രകാശനം ഉണ്ടാക്കിക്കൊടുക്കുകയും മനുഷ്യരുടെയിടയിൽ നടക്കുന്ന ഈ പ്രവൃത്തി മൂലം സഭയിൽ കൂടി സ്വർഗത്തിലെ ആത്മീയ ശക്തികൾക്കുപോലും ദൈവജ്ഞാനത്തെക്കുറിച്ചുള്ള അറിവുണ്ടാക്കിക്കൊടുക്കുകയുമെന്നതാണ്. ദൈവത്തിന്റെ വിജ്ഞാനം എന്നു പറയുന്നതു പല തലങ്ങളും പല വശങ്ങളും ഉള്ളതാണ്. സകലത്തെയും ക്രിസ്തുയേശുവിൽ ഒന്നായിച്ചേർത്തു രമ്യതയിൽ സംഘടിപ്പിക്കുക എന്നതാണു ദൈവോദ്ദേശ്യം. ആ യേശുക്രിസ്തു മൂലം തന്നെ നമുക്കും ദൈവസന്നിധിയിലേക്കുള്ള ധൈര്യപൂർവകമായ പ്രവേശനമുണ്ട്. ഇത്ര വലിയ സുവിശേഷത്തിന്റെ സേവകന് ഉണ്ടാകുന്ന ജയിൽവാസം തുടങ്ങിയ ചില്ലറ പ്രയാസങ്ങൾ നിസ്സാരമാണെന്നും ലേഖകൻ വിശ്വാസികളെ അറിയിക്കുന്നു.

**14-19. പ്രാർത്ഥനയുടെ സമാഹാരം.** വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയാണിത്. സാധാരണ യെഹൂദർ പ്രാർത്ഥിക്കുന്നതു നിന്നുകൊണ്ടാണ്. എന്നാൽ ലേഖകൻ ഇവിടെ 'മുട്ടുമടക്കുന്നു' എന്ന പ്രയോഗമാണു പ്രാർത്ഥനയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്. പിതാവാം ദൈവത്തെ 'സകല പിതൃത്വത്തിന്റെയും പിതാവ്' എന്നാണു സംബോധന ചെയ്തിരിക്കുന്നത്. ദൈവം സകലത്തിന്റെയും പിതാവ് എന്ന അർത്ഥത്തിലല്ല, പിതൃത്വം എന്നുള്ളതിന്റെ ഉറവയും ആദിമരൂപവും പിതാവാം ദൈവമാണെന്നാണ് ഇവിടെ പറയുന്നത്. വിശ്വാസികൾക്കു വേണ്ടിയുള്ള പ്രാർത്ഥ

നയിൽ നാലു കാര്യങ്ങൾ കാണുന്നു. ഒന്നാമത്തേത്, പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെ ആന്തരിക മനുഷ്യനിൽ വ്യാപരിച്ചു നമ്മെ ശക്തിപ്പെടുത്തണമെന്നുള്ളതാണ് (16). രണ്ടാമത്, ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസം മൂലം വസിക്കണമെന്നുള്ളത്. മൂന്നാമത്, മറ്റു പരിശുദ്ധന്മാരോടൊരുമിച്ച് സ്നേഹത്തിൽ വളർന്നുവന്നു സ്നേഹത്തിന്റെ ശക്തി മൂലം പ്രപഞ്ചത്തിന്റെ എല്ലാ ഭാഗങ്ങളെയും (ഉയരവും, ആഴവും, വീതിയും, നീളവും) ഒരുമിച്ചു പിടിച്ചു ക്രിസ്തുവിനോടൊരുമിച്ചു സ്നേഹം മൂലം പ്രപഞ്ചത്തെ ഭരിക്കുവാൻ സാധിക്കുക എന്നുള്ളതാണ് (18). നാലാമത്, നമുക്കറിയുവാൻ സാധിക്കുന്നതിൽനിന്ന് അതീതമായ ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുന്നതുമൂലം, ദൈവത്തിന്റെ നിറവു മൂലം നാം നിറയ്ക്കപ്പെടുക എന്നുള്ളതാണ് (19). പരിശുദ്ധാത്മാവ് നമ്മിൽ വസിക്ക എന്നതും പ്രവർത്തിക്കുക എന്നുള്ളതും ഒരുമിച്ചുപോകുന്ന കാര്യങ്ങളാണ്. ഇതു രണ്ടുമുണ്ടെങ്കിൽ മാത്രമേ ദൈവത്തെ അറിയുവാനും, സ്നേഹം മൂലം ലോകത്തെ ഭരിക്കുവാനും സാധിക്കുകയുള്ളു. ക്രിസ്തുവിൽ വേരൂന്നി നിന്നുകൊണ്ടു സ്നേഹം മൂലം ലോകത്തെ ഭരിക്കുക, രക്ഷയിലേക്കു നയിക്കുക, കലഹങ്ങളും കലാപങ്ങളും മാറ്റി ലോകത്തെ ഒന്നാക്കിത്തീർക്കുക - ഇതൊക്കെയാണു ക്രിസ്ത്യാനികളുടെ പ്രധാനമായ ചുമതല. ശക്തി മൂലമോ, സാമർഥ്യം മൂലമോ അല്ല, പ്രത്യുത സ്നേഹം മൂലമാണു നിങ്ങൾ ലോകത്തെ ഭരിക്കേണ്ടത്. ഈ പ്രാർത്ഥനയിൽ അകത്തെ മനുഷ്യനെക്കുറിച്ചും, ഹൃദയത്തിൽ ക്രിസ്തു വസിക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. പുറത്തെ മനുഷ്യൻ എന്നു പറയുന്നതു മനുഷ്യന്റെ ശാരീരിക രൂപവും, സമൂഹത്തിലുള്ള സ്ഥാനവുമൊക്കെയാണ്. അകത്തെ മനുഷ്യൻ എന്നു പറയുന്നതു ക്രിസ്തു നമ്മിൽ ജാതം ചെയ്യുന്നതു മൂലം നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായതും പൊതുവിലുള്ളതുമായ ആന്തരികസത്ത പുതിയ മനുഷ്യനായ ക്രിസ്തുവിന്റേതാണ്. ഹൃദയം എന്നു പറയുന്നതു വികാരങ്ങളുടെ ഇരിപ്പിടമല്ല, വികാരത്തെയും വിചാരത്തെയും ശരീരത്തെയും മനസ്സിനെയും ഇച്ഛാശക്തിയേയും ഒക്കെ നിയന്ത്രിച്ചുകൊണ്ട് അവർക്കു പിറകിലായി നില്ക്കുന്ന മനുഷ്യന്റെ കേന്ദ്രിക സത്തയാണ്. അതിൽ ക്രിസ്തു വസിച്ചു വ്യക്തികളുടെ ശരീരത്തെയും മനസ്സിനെയും ഇച്ഛയെയും നിയന്ത്രിക്കുക മാത്രമല്ല, സമൂഹത്തെത്തന്നെയും ക്രിസ്തു തന്നെ നിയന്ത്രിച്ചു പരിശുദ്ധാത്മ പ്രവർത്തനംമൂലം നല്ല ഫലങ്ങൾ കായ്പിക്കുന്നതാണു ദൈവരാജ്യം എന്നു പറയുന്നത്. അതിന്റെ ശക്തി നമ്മിലെല്ലാവരിലും വ്യാപരിക്കുവാനാണു ലേഖകൻ പ്രാർത്ഥിക്കുന്നത്. ദൈവത്തെ അറിയുന്നതും പ്രപഞ്ചത്തെ ഭരിക്കുന്നതും നാമൊറ്റയ്ക്കല്ല, എല്ലാ ദൈവമക്കളും ഒരുമിച്ചാണ്. അങ്ങനെ ഒരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് ക്രിസ്തുവിലുള്ള ദൈവത്തിന്റെ നിറവു നമ്മിലും പ്രവേശിച്ചു നമ്മെ

പൂർണ്ണ വളർച്ചയിലേക്ക് നയിക്കുന്നത്. 20–21. ദൈവത്തിന്റെ ശക്തി അപരിമിതവും അപ്രമേയവുമാണ്. നമുക്കു ചിന്തിക്കാവുന്നതിൽ വളരെ കൂടുതൽ പ്രവർത്തിക്കാൻ ആ ശക്തിക്കു കഴിവുണ്ട്. ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണം നമ്മുടെ ശക്തിയെ ആശ്രയിച്ചല്ല ഇരിക്കുന്നത്. ദൈവത്തിന്റെ ശക്തിയത്രെ നമ്മിൽ പ്രവർത്തിച്ച് അതു നിർവഹിക്കുന്നത്. നമുക്കു ദൈവം തന്നിട്ടുള്ള മഹാഭാഗധേയം നമ്മുടെ സ്വന്ത ശക്തികൊണ്ടു പ്രാപിപ്പാൻ സാദ്ധ്യമല്ല. എന്നാൽ യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവശക്തിയാണു പ്രവർത്തിക്കുന്നതെങ്കിൽ എല്ലാ വാഗ്ദാനങ്ങളും നിറവേറും. ദൈവത്തിനു മഹത്വം.

## II. 4:1-16. നാം ചെയ്വാനുള്ളത് എന്ത്?

a. 4:1–16. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം.

4:1–16. വി. പൗലോസിന്റെ മിക്ക ലേഖനങ്ങളിലും കാണുന്നതുപോലെ ആദ്യഭാഗത്തു ദൈവം ചെയ്തിട്ടുള്ള മഹാത്ഭുതങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനവും രണ്ടാം ഭാഗത്തു ദൈവം ചെയ്തിട്ടുള്ളതിനു നാം ചെയ്യുവാൻ കടപ്പെട്ടിട്ടുള്ള കർത്തവ്യവും കുറിക്കുന്നു. നാലാം അധ്യായത്തിൽ പ്രബോധനം ആരംഭിക്കുന്നു. ക്രിസ്തീയ മാർഗത്തിൽ ചരിക്കുവാൻ ക്രിസ്ത്യാനികളെ ആഹ്വാനം ചെയ്യുന്നത് ആജ്ഞയല്ല, ഒരു പ്രബോധനമത്രേ. ക്രിസ്തുവിൽ സ്വതന്ത്രരായിത്തീർന്ന നമുക്ക് ഇനി ആജ്ഞയൊന്നുമില്ല. നാം വീട്ടുകാരാണ്, മക്കളാണ്. നമ്മുടെ പിതാവിന്റെ ഹിതവും വാക്കുകളും എന്തെന്നു മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുക എന്നതു നമ്മുടെ ധർമ്മമാണ്, ആജ്ഞയുടെ അനുസരണമല്ല. മൂലഭാഷയിൽ ഈ അധ്യായത്തിലെ ആദ്യത്തെ വാക്ക് 'പ്രബോധിപ്പിക്കുന്നു' എന്നു തന്നെയാണ്. ദൈവസൃഷ്ടിയുടെ മുഴുവൻ അവകാശികളായിത്തീരുവാൻവേണ്ടി വിളിക്കപ്പെട്ടവരായ നാം ഏതുവിധത്തിലാണു ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നത് എന്നുള്ളതാണു പ്രതിപാദ്യ വിഷയം. സർവ ലോകങ്ങളുടേയും രാജാധിരാജാവായ ദൈവം മക്കളായി ദത്തെടുത്തിട്ടുള്ളവരായ നമുക്ക് ഏറ്റവും ആവശ്യമായിരിക്കുന്നതു സർവ വിനയവും താഴ്മയുമാണെന്നു ലേഖകൻ പറയുന്നു (2). പാപത്തിന്റെ പ്രധാന ലക്ഷണമാണ് അഹങ്കാരവും ധാർഷ്ട്യവും. ദൈവസന്തതികളുടെ പ്രധാന ലക്ഷണമോ വിനയവും താഴ്മയും. സകല കലഹത്തിനും കലാപത്തിനും കാരണമായി മനുഷ്യനെ ഛിദ്രിപ്പിച്ചു നശിപ്പിക്കുന്നത് അഹങ്കാരമാണ്. പുതിയ മനുഷ്യനിലാകട്ടെ സകലവും പരസ്പരം രമ്യതയിൽ ഏകയോഗമായി പ്രവർത്തിക്കുന്നതിന് ആവശ്യമായിട്ടുള്ളതു വിനയവും അന്യോന്യ സ്നേഹവുമത്രേ. അതുകൊണ്ടാണു വിനയത്തിനും സ്നേഹത്തിനും തന്റെ പ്രബോധനത്തിൽ ലേഖകർത്താവു പ്രധാന സ്ഥാനം

നല്കുന്നത്. ക്ഷമയില്ലായ്മകൊണ്ടു പരസ്പരം കലഹിക്കുന്നു. സ്നേഹത്തിൽ അന്യോന്യം പൊറുക്കാൻ സാധിക്കാത്തതുകൊണ്ട് ഐക്യം കാപ്പാൻ സാധിക്കാതെ പരസ്പരം ഛിദ്രിക്കുന്നു എന്നുള്ളതു നമ്മുടെ അനുഭവമാണ്. ക്രൈസ്തവ സഭയുടെ പ്രധാന ലക്ഷണങ്ങൾ താഴ്മയും സ്നേഹവും പരസ്പരം ക്ഷമിപ്പാനുള്ള കഴിവുമാണ്.

**ഏകത്വം.** 'ഒന്ന്' എന്നുള്ള വാക്കു നാലും അഞ്ചും ആറും വാക്യങ്ങളിൽ ഏഴു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തീയസഭയുടെ അവശ്യം ആവശ്യമായ ഗുണമാണ് 'ഒന്നായിരിക്കുക' എന്നുള്ളത്. ബഹുത്വം പാപത്തിന്റെ ഫലമാണ്. രക്ഷ എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നാക്കിച്ചേർക്കുന്നു. അങ്ങനെ ഒന്നാക്കിച്ചേർക്കുന്നതിന്റെ ചില വശങ്ങളാണ് ഈ ഭാഗത്തു കാണുന്നത്. ഒന്നാമത്തേത്, ഏകശരീരം, ഏക ആത്മാവ് ഇതാണു സഭ. പരിശുദ്ധാത്മാവ് എന്ന ഏക ആത്മാവ് വസിക്കുന്ന ക്രിസ്തുവിന്റെ ഏക ശരീരമാണു സഭ. രണ്ടാമത്തേത്, ഈ സഭയിലേക്കു നമ്മെ വിളിച്ചിരിക്കുന്നത് എല്ലാവർക്കും കൂടി ഒന്നായിട്ടുള്ള ഏക പ്രത്യാശയുടെ വിളി മൂലമാണ്. അങ്ങനെ വിളിക്കപ്പെട്ടതിനുശേഷം ക്രിസ്തുവിനെക്കുറിച്ചുള്ള ഏക പാരമ്പര്യത്തിലാണു നാം അഭ്യസ്തരായത്. മൂന്നാമത്, കർത്താവ് ഒരുവൻ എന്നു പറയുന്നതു നമ്മെ എല്ലാവരെയും പഠിപ്പിച്ചിട്ടുള്ള ഏക ക്രിസ്തുവിനെക്കുറിച്ചുള്ള പ്രബോധനമാണ് (4:20, 21 നോ.). വിശ്വാസം ഒന്ന് എന്നു പറയുന്നത് എല്ലാ സ്ഥാനാർത്ഥികളും മാമോദീസാ ഏറ്റ സമയത്ത് ഏറ്റുപറഞ്ഞ വിശ്വാസത്തെക്കുറിച്ചാണ്. ഒരു കർത്താവിനെ എല്ലാവരും പഠിച്ചു. ഒരു കർത്താവിനെ എല്ലാവരും ഏറ്റുപറഞ്ഞു. ഒരു കർത്താവിൽ എല്ലാവരും സ്നാപനമേറ്റു എന്ന് 5-ാം വാക്യം നമ്മെ അനുസ്മരിപ്പിക്കുന്നു. നാലാമത്, നാമെല്ലാവരും അരാധിക്കുന്നതും നാമെല്ലാവരുടെയും പിതാവും അധിപതിയുമായവനും നാമെല്ലാവരിലും പ്രവർത്തിക്കുന്നവനുമായ ദൈവവും ഏകനാകുന്നു എന്ന് 6-ാം വാക്യവും ഉദ്ഘോഷിക്കുന്നു. അങ്ങനെ ഒരു വിളിയാൽ വിളിക്കപ്പെട്ട്, ഒരു ശരീരത്തിന്റെ അവയവങ്ങളായി, ഒരാത്മാവിന്റെ പ്രവർത്തനമണ്ഡലമായി ഒരു ക്രിസ്തുവിൽ വിശ്വസിച്ചു സ്നാപനമേറ്റ് ഒരു ദൈവത്തെ ആരാധിക്കുന്നവരായ നമ്മുടെ പെരുമാറ്റത്തിന്റെ അടിസ്ഥാന കാര്യമാണ് ഒരുമ പുലർത്തുക എന്നുള്ളത്. സഭ നമ്മുടെ ഇഷ്ടാനിഷ്ടമനുസരിച്ചു സ്ഥാപിക്കുവാനോ, വിഭജിക്കുവാനോ സാധിക്കുന്ന ഒന്നല്ല. ഐക്യം എന്നു പറയുന്നത് ആത്മാവിലുള്ള ഐക്യം കൂടിയാണെന്ന് 4-ാം വാക്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

7-16. ദൈവദാനങ്ങൾ അഥവാ 'ഖാരിസ്മ' സഭയ്ക്കുവേണ്ടി സഭയിലെ വ്യക്തികൾക്കു നല്കപ്പെടുന്നതാണ് (1 കൊരി. 12:4-11). പരിശുദ്ധാത്മദാനങ്ങൾ എന്നു പറയുന്നത് ഉയിർത്തെഴുന്നേറ്റ് സ്വർഗാരോഹണം

ചെയ്ത ക്രിസ്തുവിന്റെ ദാനങ്ങൾ ആണ് (7). ഈ ദാനങ്ങൾ വ്യാപരിക്കുന്നതു ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുള്ളിലാണ്. ക്രിസ്തുവിന്റെ ദാനവും പരിശുദ്ധാത്മാവിന്റെ ദാനവും ഒന്നാണ്. മോശ സീനായ് മലയിലേക്ക് ആരോഹണം ചെയ്ത് ദൈവത്തിന്റെ നിയമ കല്പനകളെ പ്രാപിച്ച് ഇസ്രായേലിനു നല്കിയപോലെ ക്രിസ്തുവും ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു (8–10). സഭയുടെ കെട്ടുപണിക്കാവശ്യമായ നാലു പ്രധാന ദാനങ്ങളെക്കുറിച്ചു മാത്രമേ ഇവിടെ പറയുന്നുള്ളു. അപ്പൊസ്തോലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാരും ഉപദേഷ്ടാക്കന്മാരുമായവർ (1 കൊരി. 12:28; റോമ. 12:6–8; പു. നി. ലേ. 7 നോ.). അപ്പൊസ്തലന്മാർ ക്രിസ്തുവിന്റെ നേരിട്ടുള്ള ശിഷ്യന്മാരും തങ്ങളുടെ സ്വന്ത അനുഭവത്തെ ആസ്പദമാക്കി ക്രിസ്തുവിന്റെ ജീവിതത്തെയും ഉപദേശത്തെയും മരണത്തെയും ഉയിർത്തെഴുന്നേല്പിനെയും കുറിച്ചു സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നവരും മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിൽ നിന്നു നേരിട്ടു സ്ഥാനവും അധികാരവും പ്രാപിച്ചവരുമാണ്. ആ ദാനം ഒന്നാം തലമുറയിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ സാക്ഷ്യത്തെ ആസ്പദമാക്കിക്കൊണ്ടു യേശുക്രിസ്തുവിനെക്കുറിച്ചു പ്രഖ്യാപിക്കുവാൻ സഭയിൽ നിന്നു ചുമതലപ്പെടുത്തിയിട്ടുള്ളവരെയാണു സുവിശേഷകന്മാർ എന്നു വിളിക്കുന്നത്. ആ ദാനം അപ്പൊസ്തോലിക കാലം മുതൽ ഇന്നുവരെ നിലനില്ക്കുകയും സഭയുടെ കെട്ടുപണിക്കായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. പുതിയനിയമത്തിലെ പ്രവചന നല്വരവും, അപ്പൊസ്തോലിക കാലങ്ങളിൽ മാത്രമേ ഉണ്ടായിട്ടുള്ളു. മ്ശീഹാ വന്നു കഴിഞ്ഞതിന്റെ ശേഷം ഭാവിയെക്കുറിച്ചു പ്രവചിക്കുന്ന പ്രവാചകന്മാരുടെ ആവശ്യമില്ല. അപ്പൊസ്തലന്മാരാൽ സ്ഥാപിതമായ ഓരോ സഭയിലും ക്രിസ്തീയ ജീവിതത്തെ കരുപ്പിടിപ്പിക്കാൻ പരിശുദ്ധാത്മാവു നേരിട്ട് ഉപയോഗിച്ച വ്യക്തികളാണു പ്രവാചകന്മാർ. ഇവർ അപ്പൊസ്തലന്മാരെപ്പോലെ തന്നെ ഒരിടത്തു സ്ഥിരമായിരിക്കാതെ പള്ളികൾതോറും നടന്ന് അവരെ പ്രബോധിപ്പിച്ചു ജീവന്റെ മാർഗത്തിൽ അവരെ ഉറപ്പിച്ചുകൊണ്ടിരിക്കുന്നു. അപ്പൊസ്തോലിക കാലത്തിനു ശേഷം ക്രിസ്തുവിന്റെ പ്രാഥമിക ശിഷ്യന്മാരായിരുന്ന അപ്പൊസ്തലന്മാരുടെയും ആത്മാവിന്റെ പ്രാഥമികോപകരണങ്ങളായിരുന്ന പ്രവാചകന്മാരുടെയും ദാനങ്ങൾ സഭയിൽ കാലക്രമേണ നിലച്ചിട്ടു സഭയുടെ കെട്ടുപണിയെന്നുള്ളതു സുവിശേഷകന്മാരുടെയും, ഇടയന്മാരുടെയും ഉപദേഷ്ടാക്കന്മാരുടെയും പ്രവൃത്തിയായിത്തീർന്നു. അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇട്ട അടിസ്ഥാനത്തിന്മേൽ സുവിശേഷകരും അദ്ധ്യാപകരും ഇടയന്മാരും ഇന്നും സഭയാകുന്ന ദേവാലയത്തിന്റെ പണി തുടർന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം എന്തിനുവേണ്ടിയാണെന്ന് 13–ാം വാക്യത്തിൽ കാണുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കും, 'വിശു

ദ്ധന്മാരുടെ യഥാസ്ഥാനത്വത്തിന്നായുള്ള ശുശ്രൂഷയുടെ വേലയ്ക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയ വർദ്ധനയ്ക്കും.' ഇതു മൂലഭാഷയിലും ഇംഗ്ലീഷിലും 12-ാം വാക്യത്തിലാണ്. ഈ വാചകം 'ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കായുള്ള ദിവ്യസേവനത്തിനു വിശുദ്ധന്മാരെ ഒരുക്കുവാൻ' എന്നു പരിഭാഷപ്പെടുത്താം. സകല ദാനങ്ങളുടെയും ഉദ്ദേശ്യം ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കായി സഭാംഗങ്ങളെ ഒരുക്കുക എന്നുള്ളതാണ്. ക്രിസ്തുശരീരമാകുന്ന ഏക യാഥാർത്ഥ്യത്തിൽ ഉറച്ചുനിന്നെങ്കിൽ മാത്രമേ അന്നുമിന്നും ഊതിക്കൊണ്ടിരിക്കുന്ന അബദ്ധോപദേശങ്ങളുടെ കാറ്റിൽപെട്ട് ഉഴലാതിരിക്കുവാൻ സാധിക്കൂ (14). വളർച്ചയുടെ പ്രമാണം ക്രിസ്തുശരീരത്തിൽ വസിച്ചു സ്നേഹം മൂലം പരസ്പര വഞ്ചനയില്ലാതെ തുറന്ന മനസ്സോടെ വർത്തിച്ച് എല്ലാവരും കൂടി ഒരുമിച്ചു ക്രിസ്തുവിന്റെ അളവിന്റെ തികവോടെ വർദ്ധിക്കുക എന്നതാണ്. 'തികഞ്ഞ പുരുഷത്വം' എന്നും 'ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവ്' എന്നുമൊക്കെ മലയാളത്തിൽ 12-ാം വാക്യത്തിൽ കാണുന്നതു നാമെല്ലാവരും കൂടി ഒരുമിച്ച് ഒരു പൂർണ മനുഷ്യനായിത്തീരണമെന്നും മനുഷ്യാവതാരം ചെയ്ത ക്രിസ്തു നമ്മിലൂടെ തന്റെ വളർച്ചയുടെ പൂർണതയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു എന്നുമുള്ള അപരിചിതങ്ങളായ ആശയങ്ങൾ മൂലഭാഷയിൽ ഉള്ളതു നമുക്കു സുപരിചിതമായ വ്യക്തിയുടെ വളർച്ച എന്ന ആശയത്തിലേക്കു മലയാള പരിഭാഷയിൽ വിവർത്തനം ചെയ്ത് എടുത്തതാണ്. 16-ാം വാക്യത്തിൽ കാണുന്നതാണ് ഈ വാക്യത്തിന്റെ മുഴുവൻ സംഗ്രഹം. ക്രിസ്തു തന്റെ ശരീരത്തിൽ വസിച്ചു തന്റെ ശരീരത്തെ പരസ്പരം ഘടിപ്പിച്ചു ശരീരത്തിനു മുഴുവൻ തന്റെ ശക്തിയും പരസ്പര ആത്മദാനങ്ങളും പകർന്നു കൊടുത്തു ശരീരം മുഴുവൻ ഒന്നായി വളരുവാനുള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുന്നു. ഈ വളർച്ചയ്ക്ക് ആവശ്യമുള്ളത്: ഓരോ ഭാഗത്തിനും തലയുമായിട്ടുള്ള ബന്ധം ശരിയായിട്ടിരിക്കണം. ഓരോ ഭാഗവും തമ്മിലുള്ള 'സന്ധികൾ' ശരിയായി പ്രവർത്തിക്കണം. ഓരോ ഭാഗവും അതിനു നല്കപ്പെട്ടിട്ടുള്ള പ്രവൃത്തി ശരിയായി നടത്തണം. സ്നേഹം എല്ലാറ്റിനെയും സമന്വയിക്കണം എന്നിവയാണ്.

### b 4:17–5:20. പഴയ മനുഷ്യനും പുതിയ മനുഷ്യനും

4:17–24. കർത്താവിൽ സാക്ഷ്യപ്പെടുത്തുന്നു (17). സഭയുടെ ആധികാരികമായ ഉപദേശവും തന്റെ വ്യക്തിപരമായ അഭിപ്രായവും തമ്മിൽ പൗലോസ് അപ്പൊസ്തലൻ സാധാരണ ചെയ്യുന്ന വ്യവച്ഛേദനം ഇവിടെയും കാണുന്നു. ക്രിസ്തീയ ജീവിതം എപ്രകാരമായിരിക്കണമെന്നുള്ളതു ക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസസത്യങ്ങളെപ്പോലെ തന്നെ സുപ്രധാനമായും ആധികാരികമായും ആദിമസഭയിൽ പഠിപ്പിച്ചുകൊ

ണ്ടിരുന്നു. അവിശ്വാസികളുടെ ജീവിതവും വിശ്വാസികളുടെ ജീവിതവും തമ്മിലുള്ള വ്യത്യാസം തന്നെ സഭയുടെ സാക്ഷ്യമാണ്. എന്നാൽ ഈ വ്യത്യാസം കാണേണ്ടതു ബാഹ്യമായ ആചാരങ്ങളിൽ മാത്രമല്ല, പ്രത്യുത പ്രധാനമായും ധാരണയിലും വിവേചനയിലും ജീവിതലക്ഷ്യ ദർശനത്തിലുമാണ്. അവിശ്വാസികൾ ഹൃദയകാഠിന്യവും മാനസികാന്ധകാരവും നിമിത്തം ധനസമ്പാദനം, ആഗ്രഹപൂരണം, സ്ഥാനമോഹം എന്നിവയെല്ലാം ജീവിതലക്ഷ്യമാക്കുമ്പോൾ അതിനെതിരായ ഒരു ജീവിതരീതി ക്രിസ്ത്യാനികളിൽ കണ്ടെങ്കിലേ അവർ യേശുക്രിസ്തുവിനെക്കുറിച്ചു നല്കുന്ന സാക്ഷ്യത്തിനു വിലയുണ്ടാകുകയുള്ളൂ.

**20. 'ക്രിസ്തുവിനെ പഠിച്ചത്.'** ക്രിസ്തുവിനെ പഠിക്കുക, ക്രിസ്തുവിനു ശിഷ്യപ്പെടുക എന്നുള്ളത് ഒരു വിശ്വാസിയുടെ പ്രധാന ലക്ഷണമാണ്. സഭയിൽ ഗുരുവായിരുന്നു നമ്മെ പഠിപ്പിക്കുന്നതു ക്രിസ്തുവാണ്. ക്രിസ്തുവിൽ പഠിപ്പിക്കപ്പെടുക, ക്രിസ്തുവിനു ശിഷ്യപ്പെടുക എന്നുള്ളത് ഏതാനും മാസങ്ങൾ മുതൽ ഏതാനും വർഷങ്ങൾ വരെ എല്ലാ മുതിർന്ന സ്നാനാർത്ഥികളും ചെയ്തുവന്നിരുന്ന ഒരു കാര്യമാണ്. ഈ അഭ്യസനകാലത്തു ക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസസത്യങ്ങളും ക്രിസ്തുവിന്റെ ഉപദേശത്തിൽ അധിഷ്ഠിതമായ ഒരു ജീവിതരീതിയും പഠിച്ചതിനുശേഷം പരിശോധനയ്ക്കു വിധേയമായിട്ടേ ക്രിസ്ത്യാനിയായി സ്നാപനമേല്ക്കുവാനും, അഭിഷിക്തനാകുവാനും സാധിക്കുമായിരുന്നുള്ളു. **21. 'സത്യം ക്രിസ്തുവിൽ.'** സത്യം എന്നു പറയുന്നതു കുറെ വാചകങ്ങളല്ല. പ്രത്യുത ഒരുനാളും ഇളകിപ്പോകാതെ സ്ഥായിയായി നിലനിൽക്കുന്നതേതോ അതാണു സത്യം. ലോകത്തിന്റെ ജീവിതരീതിയായ അസത്യം നാശത്തിലേക്കു നയിക്കുന്നതാണ്. പഴയ മനുഷ്യൻ അസത്യമാണ്; ജീർണിക്കുന്നവനാണ്. ക്രിസ്തു അവനാണു സത്യം. അവനിൽ ജീവിക്കുന്നതാണ് ഇളകിപ്പോകാത്ത സത്യം. ജീർണിക്കുന്ന പഴയ മനുഷ്യന്റെ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷണം മോഹപൂരണത്തിനു വേണ്ടിയുള്ള വെമ്പലും വ്യഗ്രതയുമാണ്. ഈ മോഹങ്ങൾ സാധിക്കുന്നതാണ് ജീവിത ലക്ഷ്യമെന്നു ജീർണിക്കുന്ന പഴയ മനുഷ്യൻ ചിന്തിക്കുന്നു. എന്നാൽ സാധിതങ്ങളാകുമ്പോൾ മോഹങ്ങളുടെ പൂരണം കൊണ്ടു മനുഷ്യൻ തൃപ്തനാകുന്നില്ല. ഈ മോഹങ്ങൾ വഞ്ചിക്കുന്ന മോഹങ്ങളാണ് – അസത്യം, അന്ധകാരം, ജീർണത, ഇവയിലേക്കുള്ള വഴിയാണ്. സ്നേഹമാണു സത്യം. വിദ്വേഷവും വൈരാഗ്യവുമാണ് അസത്യം. **23–24. പരിശുദ്ധാത്മാവും പുതിയ മനുഷ്യനും.** പുതിയ മനുഷ്യനായ ക്രിസ്തു നമ്മിൽ രൂപീകൃതനാകുന്നതു പരിശുദ്ധാത്മ പ്രവർത്തനം കൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനത്തിൽ പ്രധാനമായിട്ടുള്ളതു മനസ്സിന്റെ പുതുക്കമാണ്. രാഷ്ട്രീയമോ, സാമൂഹ്യമോ

ആയ പ്രവർത്തനങ്ങൾ, മനസ്സിന്റെ പുതുക്കത്തിൽ നിന്നുണ്ടാകുന്നവയല്ലെങ്കിൽ പരിശുദ്ധാത്മ പ്രവർത്തനമാകയില്ല. സ്വാർത്ഥമോഹങ്ങളിൽ നിന്നു പരിശുദ്ധാത്മശക്തിയാൽ വിമുക്തരായ മനുഷ്യർക്കേ ക്രൈസ്തവ രീതിയിലുള്ള സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെടുവാനൊക്കുകയുള്ളൂ. ഈ പുതിയ മനുഷ്യൻ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ രൂപം നീതിയിലും വിശുദ്ധിയിലും സത്യസന്ധതയിലും സമൂഹത്തിൽ കരുപ്പിടിപ്പിക്കുകയെന്നതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമുണ്ടാകുന്ന കാര്യമാണ്. ദൈവസ്വരൂപത്തിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനായ ക്രിസ്തുവിന്റെ രൂപം ഇന്നു സമൂഹത്തിൽ വഹിക്കുന്നതിനുള്ള ചുമതലയാണു ക്രിസ്ത്യാനികളിൽ നിക്ഷിപ്തമായിരിക്കുന്നത്. പക്ഷേ പരിശുദ്ധാത്മ പ്രവർത്തനം കൂടാതെ ഈ പുതിയ മനുഷ്യൻ രൂപം പ്രാപിക്കുന്നില്ല.

ഈ പുതിയ മനുഷ്യന്റെ രൂപത്തെപ്പറ്റിയാണു ലേഖനകർത്താവിന്റെ തുടർന്നുള്ള ചിന്ത. 4:25–5:2. പുതിയ മനുഷ്യൻ എന്നു പറയുന്നതു നമ്മുടെ പ്രവൃത്തികൾ കൊണ്ടു സൃഷ്ടിക്കാവുന്ന ഒന്നല്ല. എന്നാൽ പുതിയ മനുഷ്യൻ നമ്മിൽ രൂപവല്ക്കരിക്കപ്പെടുമ്പോൾ നമ്മുടെ പ്രവൃത്തികളിൽ കൂടി ക്രിസ്തുവിന്റെ സാന്നിദ്ധ്യം ലോകത്തിനു അനുഭവവേദ്യമാകുന്നു. അങ്ങനെ കാണപ്പെടുന്ന ലക്ഷണങ്ങളിൽ പ്രധാനമായ നാലെണ്ണം ഈ ഭാഗത്ത് എടുത്തു കാണിക്കുന്നു. (1) 25. വ്യാജവും വഞ്ചനയും പഴയ മനുഷ്യന്റെ ജാത്യമാണ്. പുതിയ മനുഷ്യനിൽ വഞ്ചനയുടേയും വ്യാജത്തിന്റേയും ആവശ്യമില്ല. സ്വാർത്ഥത്തിൽ കേന്ദ്രീകൃതമായ പഴയ മനുഷ്യനു മറ്റുള്ളവരെ വഞ്ചിച്ചു സ്വന്ത കാര്യം കാണേണ്ടയാവശ്യം തോന്നുന്നു. എന്നാൽ പുതിയ മനുഷ്യനാകട്ടെ, മറ്റുള്ളവരും ക്രിസ്തുശരീരത്തിലെ അംഗങ്ങളാണെന്ന ബോധത്തോടെ പൂർണമായ സത്യസന്ധതയിൽ ജീവിക്കുന്നു. പരസ്പരം വഞ്ചിക്കുന്നതുകൊണ്ടു ശരീരത്തിനും അവയവങ്ങൾക്കും ഒരുപോലെ കേടു ഭവിക്കുക മാത്രമേ സാധിക്കൂ. പുതിയ മനുഷ്യൻ തുറന്ന ഹൃദയമുള്ളവനാണ്. ഇല്ലാത്തത് ഉണ്ടെന്നു നടിക്കുകയോ, പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാത്തവനാണ്. (2) 26–27. സങ്കീ. 4:4–ന്റെ സെപ്റ്റജിന്റ് പരിഭാഷയിൽ നിന്നാണ് ഉദ്ധരണി എടുത്തിരിക്കുന്നത്. ലേഖനകർത്താവ് അതിനു കൊടുത്തിരിക്കുന്ന അർത്ഥം പഴയനിയമത്തിലേതിൽ നിന്നു വ്യത്യസ്തമാണ്. മറ്റുള്ളവരോടു നീരസവും കോപവും ഉണ്ടാകുകയെന്നത് എല്ലാ മനുഷ്യർക്കുമുള്ളതാണ്. എന്നാൽ ആ നീരസം മനസ്സിൽവച്ചു നാം കിടന്നുറങ്ങുന്ന പക്ഷം അതു നമ്മുടെ ഉപബോധത്തിലേക്കു താണിറങ്ങി കലഹ പിശാചിനു പ്രവർത്തിക്കാനുള്ള ഇടയുണ്ടാക്കുന്നു. നീരസം വച്ചു പുലർത്താതിരിക്കുന്നതാണു മനുഷ്യന്റെ ആത്മീയ ആരോഗ്യത്തിനു നല്ലത്. ഉപ

ബോധ തലത്തിലേക്കിറങ്ങി കുഴപ്പമുണ്ടാക്കുന്ന നീരസം പഴയ മനുഷ്യന്റെ ലക്ഷണമാണ്. പുതിയ മനുഷ്യനിൽ നീരസമുണ്ടായാലും, അത് അന്നന്നുതന്നെ ക്ഷമിക്കപ്പെട്ട് ഇല്ലാതായിത്തീരുന്നു. (3) 28. പഴയ മനുഷ്യന്റെ സ്വഭാവങ്ങളിലൊന്നാണു മോഷണം. മാന്യന്മാരായ നാം മോഷ്ടിക്കുന്നവരല്ല എന്നു നമുക്കു തോന്നുന്നെങ്കിൽ അത് അബദ്ധമാണ്. മറ്റുള്ളവർ അദ്ധ്വാനിച്ചുണ്ടാക്കുന്നതു നാം അവനിൽ നിന്നപഹരിക്കുക എന്നതു സമൂഹത്തിലെ ഇടത്തരക്കാർക്കും പണക്കാർക്കും മറ്റും സാധാരണയുള്ള കുറ്റമാണ്. കാരണം പാവപ്പെട്ട കൂലിക്കാരന്റെ അദ്ധ്വാനം മൂലമുണ്ടാകുന്ന സ്വത്തിന്റെ ഒരു ഭാഗം അവനിൽ നിന്നപഹരിച്ച് ഏതാനും ഉയർന്ന വരുമാനക്കാർക്കു കൊടുക്കുന്ന ഒരു വ്യവസ്ഥിതിയിലാണ് നാമേവരും ജീവിക്കുന്നത്. എന്നാൽ സാമ്പത്തിക വ്യവസ്ഥിതിയുടെ ഒരു പുതിയ തത്വം തന്നെ അപ്പൊസ്തലൻ ഇവിടെ ആവിഷ്ക്കരിക്കുന്നു. വേല ചെയ്യുന്നതു നമുക്കു പ്രതിഫലം കിട്ടാൻ വേണ്ടിയാണെന്നുള്ളതു മുതലാളിത്ത വ്യവസ്ഥിതിയുടെ ഒരു തത്വമാണ്. അതു പഴയ മനുഷ്യനു ചേർന്നതു തന്നെ. എന്നാൽ പുതിയ മാനവികതയിൽ എല്ലാവരും വേല ചെയ്യുന്നത് അവനവനു വരുമാനം ഉണ്ടാക്കുവാൻ വേണ്ടിയല്ല; പ്രത്യുത സമൂഹത്തിലെ മറ്റുള്ളവർക്കു ജീവിപ്പാനുള്ള സാദ്ധ്യതയുണ്ടാകുവാൻ വേണ്ടിയാണ്. വേതനത്തിനും ലാഭത്തിനും വേണ്ടിയുള്ള പ്രവൃത്തിയാണു പഴയ മനുഷ്യന്റേത്. സേവനത്തിനും അന്യരെ സഹായിക്കുന്നതിനും വേണ്ടിയുള്ള അദ്ധ്വാനം ആണു പുതിയ മനുഷ്യന്റെ ലക്ഷണം.

4. 29–31. നമ്മുടെ വാക്കിലും ചിന്തയിലും പ്രവൃത്തിയിലും ഉള്ള വിശുദ്ധിയെക്കുറിച്ചു പറയുന്നു. പഴയ മനുഷ്യന്റെ വായിൽ നിന്നു വരുന്ന വാക്കുകൾ അശുദ്ധമാണ്. മറ്റുള്ളവരെ അധഃപതിപ്പിക്കുന്ന രീതിയിലുള്ളതാണ്. പുതിയ മനുഷ്യന്റെ വാക്കുകളോ മറ്റുള്ളവർക്കു പ്രയോജനമുണ്ടാക്കുന്നവയും അവരെ നല്ല വഴിയിൽ നടക്കുവാൻ സഹായിക്കുന്നവയുമാണ്. മനുഷ്യനെ വെട്ടിമുറിക്കുന്ന വാക്കുകളല്ല, കെട്ടിപ്പടുക്കുന്ന വചനങ്ങളാണ്. പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്ന വാക്കുകളല്ല, പ്രത്യുത സ്നേഹവും സഹതാപവും നിറഞ്ഞ വാക്കുകളാണ്. വൈരാഗ്യവും നീരസവും അസൂയയും കോപവും നിറഞ്ഞ വാക്കുകളല്ല. ഹൃദയനൈർമ്മല്യവും പരസ്പര സ്നേഹവും തുളുമ്പുന്ന വാക്കുകളത്രെ.

ചുരുക്കത്തിൽ പറഞ്ഞാൽ പുതിയ മനുഷ്യന്റെ രൂപത്തിന്റെ മാനദണ്ഡം മനുഷ്യാവതാരം ചെയ്ത ക്രിസ്തു തന്നെ. 5:1, 2 എന്നീ വാക്യങ്ങളിൽ പറയുന്നതുപോലെ, ദൈവപുത്രനായ ക്രിസ്തു തന്റെ പിതൃസ്വഭാവമായ സ്നേഹത്തെ നമുക്കുവേണ്ടിയുള്ള തന്റെ ബലിയർപ്പണം മൂലം പ്രദർശിപ്പിച്ചതിൻപ്രകാരം നാമും ദൈവമക്കളായി ജീവിപ്പാൻ കടപ്പെട്ടവരാകുന്നു. ദൈവസ്നേഹത്തിന്റെ മൂർത്തമായ പ്രകാശനമാണു

പുതിയ മനുഷ്യന്റെ സ്വഭാവത്തിന്റെ രഹസ്യം.

5:3–14. സ്ത്രീപുരുഷബന്ധം സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. ഗ്രീക്കുകാരുടെ സംസ്ക്കാരത്തിൽ ഈ ബന്ധത്തെ സംബന്ധിച്ചിടത്തോളം വളരെയധികം ആത്മസംയമനമില്ലാത്ത ഒരു പെരുമാറ്റ രീതിയാണുണ്ടായിരുന്നത്. ലൈംഗിക സംയമനം പാശ്ചാത്യരെ അഭ്യസിപ്പിച്ചതു ക്രൈസ്തവസഭയാണെന്നു പറയാം. ഭാരതത്തിലും അത് ഏറെക്കുറെ ശരിയാണ്. ഇന്നു പാശ്ചാത്യ സംസ്ക്കാരത്തിൽ ഈ സംയമനം ഏറെക്കുറെ ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പഴയ മനുഷ്യന്റെ ലക്ഷണങ്ങളിൽ ഒന്നാണു നിയന്ത്രണമില്ലാത്ത ലൈംഗികതയും സംസാരവും ചിന്തയും. ഇതു സംബന്ധിച്ചുള്ള ലേഖനകർത്താവിന്റെ ആഹ്വാനം (ആരും നിങ്ങളെ വ്യർത്ഥവാക്കുകളാൽ വഴിതെറ്റിക്കാതിരിപ്പാൻ ജാഗ്രതയുള്ളവരായിരിക്കുവീൻ, 5–6) പ്രത്യേകം ശ്രദ്ധാർഹമാണ്. അവിശ്വാസത്തിന്റെ മക്കളിൽ ദൈവകോപമുണ്ടാകുന്നതിന്റെ പ്രത്യേക കാരണങ്ങളിലൊന്നു ലൈംഗിക നിയമരാഹിത്യമാണെന്നു സോദോമിനെയും ഗോമോറായേയും ധ്വനിപ്പിച്ചുകൊണ്ടു മുന്നറിയിപ്പു കൊടുക്കുന്നു. അന്ധകാരത്തിന്റെ പ്രവൃത്തിയാണു ലൈംഗിക ദുസ്സ്വാതന്ത്ര്യം. ആധുനിക സാഹിത്യം അതിനെ എത്രയേറെ മഹത്വപ്പെടുത്തിയാലും പ്രകാശത്തിന്റെ മക്കൾക്കു ചേർന്നതല്ല ഈ ദുസ്സാതന്ത്ര്യം. എന്നാൽ ലൈംഗിക പാപങ്ങൾക്കുള്ള യാഥാർത്ഥ പ്രതിവിധി അവയോടു നേരിട്ടുള്ള സമരമല്ല, പ്രത്യുത പുതിയ മനുഷ്യന്റെ ലക്ഷണങ്ങളായ സത്പ്രവൃത്തികൾക്കും നീതിനിഷ്ഠയ്ക്കും സത്യസന്ധതയ്ക്കും വേണ്ടി നമ്മുടെ ശാരീരികവും വികാരപരവും ബുദ്ധിപരവുമായ കഴിവുകളെ ഉപയോഗിക്കുകയാണ് (8–10). കർത്താവിനു പ്രസാദകരമായ പ്രവൃത്തികളേതെന്നു ലോകത്തിനു കാണിച്ചുകൊടുപ്പാൻ ബാദ്ധ്യതയുള്ളവരാണു ക്രിസ്ത്യാനികൾ. സിനിമയിലും, മാസികകളിലും സാഹിത്യത്തിലും മറ്റും കൂടി സമൂഹം നീതീകരിക്കുന്ന ലൈംഗിക പ്രവണതകളിൽ വിശ്വാസികൾ പങ്കുചേരുന്നത് ഉന്നതമായ ദൈവവിളിക്കു ചേർന്നതല്ലെന്ന് ഈ ഭാഗം ഉദ്ബോധിപ്പിക്കുന്നു (11–13). ഒളിച്ചുവയ്ക്കേണ്ടതൊന്നും പ്രകാശത്തിന്റെ മക്കളിൽ കാണരുത് (13–14). എങ്കിലേ ക്രിസ്തു നമ്മിലൂടെ പ്രകാശിക്കുകയുള്ളു.

15–20. വിശ്വാസികൾ തങ്ങളുടെ ധാർമ്മികതയെപ്പറ്റി ജാഗ്രതയുള്ളവരായിരിക്കുവാൻ സൂക്ഷിക്കണം. ബുദ്ധിയും വിവേകവുമുള്ള പെരുമാറ്റം അവരിൽ കാണണം. തിന്മ പ്രാബല്യം പ്രാപിക്കുന്ന കാലങ്ങളിൽ പ്രത്യേകിച്ചും സമയം നഷ്ടപ്പെടുത്താതെ സത്പ്രവർത്തികൾക്കായി ഉപയോഗിപ്പാനും ദൈവഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞ് അതു പ്രവർത്തിപ്പാനും ലേഖനകർത്താവ് ഉദ്ബോധിപ്പിക്കുന്നു (15–17). പുതിയ മനുഷ്യന്റെ

ലക്ഷണം ഭോഷത്തമില്ലാത്ത, വിവേകമുള്ള, വിശുദ്ധിയുള്ള, നന്മ പ്രവർത്തിക്കുന്ന മനുഷ്യസ്നേഹമുള്ള ജീവിതമാണ്. ഉത്ഭവകേന്ദ്രം പരിശുദ്ധാത്മനിവാസമാണ്. മനുഷ്യൻ ആനന്ദത്തിനു പകരം അനേക ആപത്തുകൾ കൈവരുത്തി. മദ്യം മനുഷ്യനെ വഞ്ചിക്കുന്നു. അതിന് എന്താണു പ്രതിവിധി? പുതിയ മനുഷ്യൻ പരിശുദ്ധാത്മാവു നിറഞ്ഞവനായി ദിവ്യാരാധനയിൽ ഗാനങ്ങൾ പാടി ഹൃദയം കൊണ്ട് ഈശ്വരവന്ദനം ചെയ്ത് ആനന്ദമനുഭവിക്കുകയെന്നതു തന്നെ. അതാണു പുതിയ മനുഷ്യന് ആനന്ദമുണ്ടാകുന്ന മാർഗം. 'എപ്പോഴും ദൈവത്തെ സ്തോത്രം ചെയ്ക' (20) എന്നതു ലോകത്തിനു മുഴുവൻ വേണ്ടിയുള്ള സ്തോത്രയാഗമായി മനസ്സിലാക്കണം. പുതിയ മനുഷ്യന്റെ പ്രധാന ലക്ഷണം യേശുക്രിസ്തുവിൽ സകല മനുഷ്യർക്കും വേണ്ടി പിതാവാം ദൈവത്തിനു നിരന്തരമായി സ്തോത്രബലിയർപ്പിക്കുകയെന്നതാണ്.

### c 5:21–6:9 സാമൂഹ്യ ജീവിതത്തിലെ മൂന്നു മൗലിക ബന്ധങ്ങൾ

ക്രിസ്തുശരീരത്തിലെ മൂന്നു മൗലിക ബന്ധങ്ങളെപ്പറ്റിയുള്ള പ്രബോധനമാണ് ഈ ഭാഗത്തുള്ളത്. ആദിമസഭയുടെ കാതലായ ഉപദേശസംഹിതയുടെ ഒരവശ്യഘടകമായിരുന്നു ഇത്. എ.ഡി. 60–നു ശേഷം എഴുതിയ പല പൊതു ലേഖനങ്ങളിലും ഈ ഉപദേശം കാണാം (കൊലൊ. 3:18; 4:1; 1 പത്രോ. 3:1–5:7). ഭാര്യാഭർത്തൃബന്ധം, പിതൃപുത്രബന്ധം, യജമാന ഭൃത്യബന്ധം എന്നീ ത്രിവിധ ബന്ധങ്ങളെ കുറെക്കൂടി വ്യാപകമായ അർത്ഥത്തിലെടുക്കുമ്പോൾ സ്ത്രീപുരുഷ ബന്ധം, തലമുറകൾ തമ്മിലുള്ള ബന്ധം, ഭരണാധികാരികളും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ബന്ധം എന്നിങ്ങനെ ചിന്തിക്കാം. ഈ ബന്ധങ്ങളെയെല്ലാം ഭരിക്കുന്ന പൊതു തത്ത്വം പുതിയ മനുഷ്യനിലുള്ള പരസ്പര സ്നേഹവും, വ്യക്തികൾ സ്വന്ത താത്പര്യത്തിനുവേണ്ടി ജീവിക്കാതെ പൊതുതാല്പര്യത്തിനു വേണ്ടി പ്രയത്നിക്കുകയെന്നതും ആകുന്നു. 5:21–ൽ കാണുന്ന 'ക്രിസ്തുവിൽ പരസ്പരം കീഴ്പ്പെട്ടിരിക്കുവിൻ' എന്ന തത്ത്വം സ്ത്രീകളെയും കുഞ്ഞുങ്ങളെയും ഭൃത്യന്മാരെയും മാത്രം ബാധിക്കുന്നതല്ല. പുരുഷന്മാരും മുതിർന്നവരും യജമാനന്മാരും അതുപോലെ തന്നെ പൊതു നന്മയ്ക്കുവേണ്ടി മറ്റുള്ളവർക്കു കീഴ്പ്പെട്ടിരിക്കുവാൻ ചുമതലയുള്ളവരാണ്. 5:21–ലെ 'ഹുപ്പൊടാസ്സൊ' എന്ന ഗ്രീക്കു പദത്തിനു നിശ്ശബ്ദമായ അനുസരണം എന്നർത്ഥമില്ല. എന്നാൽ മനുഷ്യർ പരസ്പരം കീഴ്വഴങ്ങാത്തിടത്തു സമൂഹത്തിന്റെ ഐക്യം പരിപാലിക്കുവാൻ സാധ്യമല്ല. എല്ലാ മനുഷ്യരും പരസ്പരം കീഴ്വഴങ്ങുവാൻ സാധിക്കണം. അധികാരികളായാലും രാജാക്കന്മാരായാലും പൊതു താല്പര്യത്തിനുവേണ്ടി മറ്റുള്ളവർക്കു കീഴ്വഴങ്ങാത്തവൻ അധികാരത്തിനും ഭരണത്തിനും യോഗ്യനല്ല.

ഒരു സ്ത്രീ അവളുടെ ഭർത്താവിനു കീഴ്‌വഴങ്ങണമെന്നല്ലാതെ സ്ത്രീകൾ പൊതുവെ പുരുഷന്മാർക്കു കീഴ്‌വഴങ്ങണമെന്ന് 21-ാം വാക്യം പറയുന്നില്ല. തലയും ഉടലും പോലുള്ള ബന്ധമാണു ഭാര്യാഭർത്തൃ ബന്ധം; അല്ലാതെ യജമാനനും ദാസിയും എന്നതുപോലുള്ള ബന്ധമല്ലത് (23). യഥാർത്ഥത്തിലുള്ള ബന്ധങ്ങളിൽ ഏറ്റവും ഉദാത്തമായ ഒരു ബന്ധമാണു വരനായ ക്രിസ്തുവും വധുവായ സഭയും തമ്മിലുള്ള സ്നേഹബന്ധം. ഈ അത്യുന്നത ബന്ധത്തിന്റെ പ്രതീകമായി ലോകത്തിൽ കാണപ്പെടേണ്ടതാണു ഭാര്യഭർത്തൃ ബന്ധം. ക്രിസ്തു സഭയെ സ്നേഹിച്ചു സഭയ്ക്കുവേണ്ടി സ്വയം ബലിയർപ്പിച്ചതുപോലെ ഭർത്താക്കന്മാർ അവരുടെ ഭാര്യമാരെ സ്നേഹിച്ച് അവർക്കുവേണ്ടി സ്വയം പരിത്യാഗം ചെയ്‌വാൻ കടപ്പെട്ടവരാകുന്നു (25). സ്വന്ത ശരീരത്തെ പരിരക്ഷിക്കുന്നതുപോലെ തന്റെ ഭാര്യയെ പരിരക്ഷിച്ചു പരസ്പരം സ്നേഹിച്ച് ഒരുമിച്ചു വളരുക എന്നതാണു ദമ്പതീധർമ്മം.

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ദൃഷ്ടപ്രതീകമാണു ഭാര്യാഭർത്തൃബന്ധമെങ്കിൽ (31-32) സ്ത്രീപുരുഷബന്ധത്തെ വെറും മൃഗീയ ബന്ധമെന്ന നിലയിലേയ്ക്കധഃപതിപ്പിക്കുന്നത് എത്ര വലിയ ദൈവദൂഷണമാണ്.

മക്കൾ മാതാപിതാക്കന്മാരെ അനുസരിക്കുന്നവരായി, കീഴ്‌വഴക്കം അഭ്യസിക്കുകയെന്നതു മനുഷ്യനാവശ്യമാണ് (6:1-4). അതേസമയം തന്നെ പിതാക്കന്മാർ മക്കളെ തങ്ങളുടെ ഇഷ്ടംപോലെ അങ്ങോട്ടും ഇങ്ങോട്ടും തട്ടാനുള്ള സാധനങ്ങളായി അവരോടാവശ്യമില്ലാതെ കോപിക്കരുതെന്നതും, അവർ തെറ്റു ചെയ്യുമ്പോൾ തെറ്റെന്താണെന്ന് അവരെ പറഞ്ഞു മനസ്സിലാക്കി സ്നേഹത്തോടും വിവേകത്തോടും കൂടി അവരെ വളർത്തിക്കൊണ്ടു വരുകയെന്നതും ദൈവേഷ്ടമാണ് (6:4).

അടിമകളായ ദാസീദാസന്മാർ ഉണ്ടായിരുന്ന ഒരു വ്യവസ്ഥിതിയിലാണ് ഈ ഉപദേശങ്ങൾ (6:5-9) എഴുതപ്പെട്ടിട്ടുള്ളത്. ഇന്നത്തെ നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയിൽ ഗൃഹഭൃത്യന്മാരെക്കുറിച്ചു മാത്രമായി ഇതെടുത്തുകൂടാ. ജോലി ചെയ്യുന്നവരും അവരെ ഭരിക്കുന്നവരും തമ്മിലുള്ള ബന്ധമായി ഇതിനെ കണക്കിലെടുക്കാം. ജോലിക്കാരൻ തന്റെ മേലധികാരിയെ പ്രസാദിപ്പിക്കുവാൻ വേണ്ടി ആത്മാർത്ഥമായ വേല ചെയ്യണം (6:5-8). അവരെ ഭരിക്കുന്നവരും ദൈവ സന്നിധിയിലാണു തങ്ങൾ ജീവിക്കുന്നത് എന്ന ബോധത്തോടെ, തൊഴിൽക്കാരനെ സ്നേഹിക്കുകയും അവനു നീതി പരിപാലിച്ചു കൊടുക്കുകയും ചെയ്യണം. എല്ലാ മാനേജർമാരേയും ഭരിക്കുന്ന വലിയ മാനേജരാണ് ക്രിസ്തു എന്നത് അവർ മറന്നുകളയരുത് (6:9).

ഈ ത്രിവിധ ബന്ധങ്ങളെ ഈശ്വരഹിതാനുസരണം കരുപ്പിടിപ്പിക്കുന്ന ഒരു സമൂഹമായിരിക്കണം ക്രൈസ്തവസഭ. അപ്പോൾ മാത്രമേ അതിന്റെ സാക്ഷ്യത്തിനു വേണ്ട വിലയുണ്ടാകുകയുള്ളു.

**6:10–20. അന്ധകാരശക്തികളോടു പോരാടുവാനുള്ള ആഹ്വാനം –ആത്മികായോധനം.** ലേഖനത്തിലെ ഏറ്റവും പ്രധാനമായ ഉദ്ബോധനമാണിത്. ക്രൈസ്തവസഭ പുതിയ മനുഷ്യന്റെ രൂപം ആത്മികമായും ധാർമ്മികമായും കരുപ്പിടിക്കുന്നതോടൊപ്പം തന്നെ ഒരായോധനത്തിനു കൂടി തയ്യാറെടുക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ യുദ്ധം ദുർഭരണത്തോടോ, മുതലാളിത്ത വ്യവസ്ഥിതിയോടോ മാത്രമുള്ള യുദ്ധമല്ല. ഒരു ആത്മികയുദ്ധമാണിത്. അതിനാവശ്യമായ ആയുധങ്ങളും ആത്മികമായവ തന്നെ. ലേഖനകർത്താവു തടവിൽ കിടക്കുന്നിടത്ത്, കാവൽ നിൽക്കുന്ന പടയാളിയുടെ വേഷവിധാനങ്ങളെ കണ്ടുകൊണ്ടെഴുതിയപോലെ തോന്നും.

എന്നാൽ വേഷവിധാനത്തേക്കാളും ആയോധന സാമഗ്രികളേക്കാളും അതിപ്രധാനമായത് ആന്തരിക ശക്തിയാണ്. കർത്തൃശക്തി പരിശുദ്ധാത്മ വ്യാപാരത്താൽ നമ്മിൽ പ്രവർത്തിച്ചില്ലെങ്കിൽ, എത്ര നല്ല ആയുധ സാമഗ്രികളുണ്ടായാലും പ്രയോജനമൊന്നുമില്ല. ആദ്ധ്യാത്മിക ശക്തിയുണ്ടെങ്കിൽ ആയുധങ്ങളെ വേണ്ടുംവിധം പ്രയോഗിക്കാം.

നമുക്കെതിരായി യുദ്ധം ചെയ്യുന്ന പ്രതിയോഗി (ഡിയാബോലോസ് എന്ന ഗ്രീക്കു പദത്തിനു ശത്രു എന്നാണർത്ഥം) സാത്താൻ ദൈവശത്രുവാണ്. ഇതുകൊണ്ടാണു നാമും യുദ്ധത്തിലേർപ്പെടേണ്ടി വരുന്നത്. ദൈവത്തിന്റെ ആയുധസംഹിതയും ദൈവത്തിന്റെ ശക്തിയും നമ്മിലുണ്ടെങ്കിലേ ഈ ശത്രുവിനോടു പോരാടി വിജയം പ്രാപിക്കുവാൻ സാധിക്കുകയുള്ളു. അലസതയിൽ കഴിച്ചുകൂട്ടുന്ന ഒന്നല്ല ക്രിസ്തീയ ജീവിതം. തിന്മയ്ക്കെതിരായുള്ള ഒരു യുദ്ധത്തിലാണു നാം ഏർപ്പെട്ടിരിക്കുന്നത്. ഈ ആത്മിക യുദ്ധത്തിൽ കൂടി മാത്രമേ യഥാർത്ഥ ക്രിസ്തീയ വളർച്ചയുണ്ടാകയുള്ളു. ശത്രു വഞ്ചനയും വ്യാജവും ഉപയോഗിച്ചു നമ്മെ എതിരിടുമ്പോൾ സത്യവും സ്നേഹവും കൊണ്ടു നാം പ്രത്യായോധനം ചെയ്യേണ്ടിയിരിക്കുന്നു. നാം യുദ്ധം ചെയ്യുന്നതു മനുഷ്യരോടല്ല, പ്രത്യുത ക്രിസ്തു തോല്പിച്ചതും, തുടർന്നു നമ്മെ വിഷമിപ്പിക്കുന്നതും ആയ ആത്മിക ശക്തികളോടത്രെ. ക്രൂശിനാൽ തോല്പിക്കപ്പെട്ട അന്ധകാര ശക്തികൾ പരിപൂർണ്ണമായി പിടിച്ചടക്കപ്പെട്ടിട്ടില്ല (6:12).

## ഈ ആത്മികയുദ്ധത്തിന്റെ സാമഗ്രികൾ

1. സത്യമാകുന്ന അരക്കെട്ട് (14). നമ്മിൽ വ്യാജവും വഞ്ചനയും ഉണ്ടെങ്കിൽ ശത്രുവിനോടു സമരം ചെയ്യാൻ സാധ്യമല്ല. സത്യസന്ധത

ക്രിസ്ത്യാനിയുടെ പ്രധാന ആയുധമാണ്. വഞ്ചനയെ വഞ്ചന കൊണ്ടു നേരിടാൻ സാധിക്കുകയില്ല.

2. നീതിയാകുന്ന കവചം (14). അനീതിയോടു സമരം ചെയ്യാൻ അനീതികൊണ്ടു സാധ്യമല്ല. നീതിയെന്നത്, നമ്മുടെ നീതിന്യായകോടതികളിലെ നീതിയല്ല, പ്രത്യുത ക്രിസ്തുവിന്റെ സ്വഭാവമാണ്. അതാണു നീതിയുടെ അളവുകോൽ. മറ്റുള്ളവർക്കുവേണ്ടി നമ്മെത്തന്നെ ബലിയർപ്പിക്കുന്നതാണു ക്രിസ്തുവിന്റെ നീതി. ഇതു നമ്മുടെ കവചമായി നാം ധരിച്ചെങ്കിലേ അനീതിയോടുള്ള സമരം വിജയപ്രദമാകൂ.

3. സമാധാന സുവിശേഷമാകുന്ന ചെരിപ്പ് (15). ലോകത്തെ രക്ഷിപ്പാനും മനുഷ്യരെ ദൈവവുമായി നിരപ്പാക്കുവാനും വേണ്ടിയുള്ള സമാധാന സന്ദേശമാണു സുവിശേഷം. ഈ സുവിശേഷം ലോകത്തിൽ പ്രചരിപ്പിക്കുന്നതാണു നമ്മുടെ യുദ്ധത്തിന്റെ പ്രധാന ഭാഗം. ക്രിസ്തുവിന്റെ സുവിശേഷം ലോകത്തെ അറിയിപ്പാൻ നാം ഒരുങ്ങിയിരുന്നെങ്കിൽ മാത്രമേ സാത്താനോടുള്ള സമരത്തിൽ നമുക്കു വിജയം ലഭിക്കുകയുള്ളു.

4. വിശ്വാസമാകുന്ന പരിച (16). ശത്രു നമുക്കെതിരായി ശരവർഷം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ ഭയപ്പെട്ട് ഓടിപ്പോകാതെ ധൈര്യപൂർവ്വം നില്ക്കണമെങ്കിൽ, നാം ക്രിസ്തുവിലായതുകൊണ്ടു ശത്രുവിനു നമ്മെ നശിപ്പിപ്പാൻ സാധ്യമല്ല എന്ന ഉറപ്പായ വിശ്വാസമുണ്ടാകണം. ഉറച്ച വിശ്വാസമാകുന്ന പരിചയുണ്ടെങ്കിൽ സാത്താന്റെ ആഗ്നേയാസ്ത്രങ്ങളെ തടുത്തു നിർത്താൻ സാധിക്കും.

5. രക്ഷയാകുന്ന ശിരോവസ്ത്രം (17). ദൈവം ക്രിസ്തുവിൽ നമ്മെ രക്ഷിച്ചിരിക്കുന്നു. ഇനി തിന്മയെയും മരണത്തെയും നാം ഭയപ്പെടേണ്ടതില്ല എന്ന ബോധം നമ്മുടെ തലയിലുണ്ടെങ്കിലേ ശത്രുവിന്റെ കാപട്യങ്ങളെയും ക്രൂരവഞ്ചനകളെയും ധൈര്യപൂർവ്വം അഭിമുഖീകരിക്കുവാൻ കഴിയുകയുള്ളൂ.

6. ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ (17). ദൈവവചനം കൊണ്ടാണു ക്രിസ്തു സാത്താനോടു പോരാടിയത്. ദൈവവചനമാകുന്ന തിരുവെഴുത്തുകൾ നമ്മുടെ മനസ്സിലും ഹൃദയത്തിലും എപ്പോഴും ഉണ്ടെങ്കിൽ ഈ ആത്മീയ പോരാട്ടത്തിൽ നാം വിജയിക്കും.

7. പ്രാർത്ഥന (18). സമരത്തിനു വേണ്ടുന്ന ശക്തി ലഭിക്കുന്നതു പ്രാർത്ഥനയിൽക്കൂടി മാത്രമാണ്. നമ്മുടെ സ്വാർത്ഥത്തിനായുള്ള പ്രാർത്ഥനയല്ല, ദൈവരാജ്യം ഭൂമിയിൽ വരുവാനും ദൈവേഷ്ടം ഭൂമിയിൽ നടപ്പാനും വേണ്ടിയുള്ള പ്രാർത്ഥന, അനീതിക്കു വിധേയരാകുന്നവർക്കുവേണ്ടിയും കഷ്ടപ്പെടുന്നവർക്കു വേണ്ടിയുമുള്ള മദ്ധ്യസ്ഥപ്രാർത്ഥന, അനുസ്യൂത

മായ പ്രാർത്ഥനയിലൂടെയുള്ള മല്ലയുദ്ധം, പ്രാർത്ഥനയ്ക്കായുള്ള ആത്മ ശിക്ഷണം, പ്രാർത്ഥനയിൽ മടിയില്ലാതെയുള്ള ജാഗരണം. ഏതു സമയത്തും പ്രാർത്ഥന ക്രിസ്ത്യാനിയുടെ ഹൃദയത്തിൽ നിന്ന് ഉയർന്നുകൊണ്ടിരിക്കണം. പ്രത്യേകിച്ചും മറ്റു ക്രിസ്ത്യാനികൾക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കണം. അക്കൂട്ടത്തിൽ അപ്പൊസ്തലനുവേണ്ടി കൂടി പ്രാർത്ഥിക്കണം. അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനം വിജയകരമാക്കാൻ വേണ്ടി യാചിക്കണമെന്നും ലേഖനകർത്താവ് സാധാരണക്കാരായ ക്രിസ്ത്യാനികളോടഭ്യർത്ഥിക്കുന്നു (19). മറ്റുള്ളവരുടെ പ്രാർത്ഥന കൊണ്ടേ ആത്മിക പ്രവൃത്തികൾക്കു വിജയമുണ്ടാകൂ (19).

ചങ്ങലകളാൽ ബന്ധിക്കപ്പെട്ടുകൊണ്ടാണു തടവുകാരനായ അപ്പൊസ്തലൻ തന്റെ സുവിശേഷപ്രവർത്തനത്തിന്റെ വലിയ ഒരു ഭാഗം നിർവഹിച്ചതെന്നോർക്കുമ്പോൾ നാം അത്ഭുതപരതന്ത്രരാകുന്നു. സുവിശേഷത്തിനുവേണ്ടി തടവുകാരനായിത്തീർന്ന വി. പൗലോസ് തടവിൽ കിടന്നുകൊണ്ടു സുവിശേഷം ഘോഷിച്ച് അനേകംപേരെ ദൈവത്തിങ്കലേക്കടുപ്പിച്ചു.

**e 6:21–24. ഉപസംഹാരാശംസകൾ.** തടവിൽ കിടന്നുകൊണ്ടെഴുതിയ ലേഖനം തിഹിക്കൊസ് എന്ന തന്റെ ശിഷ്യൻ മുഖാന്തരമാണു സഭകൾക്കയച്ചത്. ഈ സന്ദേശവാഹകൻ ലേഖനകർത്താവിന്റെ മറ്റു വിവരങ്ങൾ അറിയിക്കുമെന്നും സഭകൾക്കു പ്രചോദനം നൽകുമെന്നും പറഞ്ഞുകൊണ്ടു ലേഖനം ഉപസംഹരിക്കുന്നു. സന്ദേശവാഹകനെയും സഭകളിലുള്ള എല്ലാവരെയും 'സഹോദരങ്ങൾ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. അധികാരമല്ല, വാത്സല്യവും സ്നേഹവുമാണ് ലേഖനകർത്താവിന്റെ മനോഭാവം. സമാധാനം, സ്നേഹം, വിശ്വാസം, കൃപ, വിശുദ്ധി എന്നീ പ്രധാന പദങ്ങളാണ് അവസാനത്തെ ആശീർവാദത്തിൽ കാണുന്നത്.

### ഗ്രന്ഥസൂചി

Barth, M., The Broken Wall: Study of Ephesians, Wm. Collins, 1960.

Mitton, C. L., The Epistle to the Ephesians, Oup, 1951.

Robinson, J. A., Ephesians.

*(ഓർത്തഡോക്സ് യൂത്ത്, 1969 ജൂൺ-ഡിസം.)*

# 3

# വചനസംഗ്രഹം

സഭയുടെ ആരാധനയിൽ സുപ്രധാന സ്ഥാനമാണ് ദൈവവചനത്തിന്റ പ്രഖ്യാപനത്തിനും വ്യാഖ്യാനത്തിനുമുള്ളത്. "ദൈവം നമ്മോടിങ്ങനെ അരുളിച്ചെയ്യുന്നു" എന്ന് എല്ലാ പരസ്യാരാധനയിലും പ്രഖ്യാപിക്കുവാനുള്ള ചുമതല ഒരു പട്ടക്കാരനുണ്ട്.

ആരാധനയുടെ ആദ്യഭാഗം വേദവായനയ്ക്കും വേദവ്യാഖ്യാനത്തിനും വേദാദ്ധ്യായനത്തിനുമുള്ളതാണ്. പഴമ വായിക്കുന്നതും ലേഖനങ്ങളും സുവിശേഷവും വായിക്കുന്നതും വി. കുർബ്ബാനയുടെ അവിഭാജ്യ ഘടകങ്ങൾ തന്നെയാണ്.

ഓരോ ദിവസവും വായിക്കുന്ന വേദഭാഗങ്ങളുടെ അർത്ഥം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുകയെന്നതാണ് പുരോഹിതന്റെ പ്രധാന ചുമതല. ആടുകൾക്ക് ഇടയൻ തീറ്റി കൊടുക്കുന്നതുപോലെയാണ് ദൈവവചനാദ്ധ്യയനം കൊണ്ട് പുരോഹിതൻ ഇടവകയുടെ ആത്മാവിനെ പോഷിപ്പിക്കുന്നത്.

നമ്മുടെ കർത്താവിന്റെ കാലങ്ങളിൽ യഹൂദ സിനഗോഗുകളിൽ ഉണ്ടായിരുന്ന ഒരു പതിവാണ് മോശയുടെ ന്യായപ്രമാണമോ, പ്രവാചകന്മാരോ മറ്റു തിരുവെഴുത്തുകളോ യഹൂദന്മാർക്ക് മനസ്സിലാകാത്ത ഹെബ്രായ ഭാഷയിൽ വായിച്ചിട്ട്, അവരുടെ സംസാരഭാഷയായ അറമായിക്കിൽ വ്യാഖ്യാനിച്ചുകൊടുക്കുകയെന്നത്. ആ പതിവിൽ നിന്നാണ് വേദവ്യാഖ്യാനപ്രസംഗത്തിന്റെ ഉത്ഭവം.

താഴെ കൊടുത്തിരിക്കുന്നത് പ്രസംഗത്തിനുവേണ്ടിയുള്ള സൂചനകൾ മാത്രമാണ്. പട്ടക്കാരൻ വ്യാഴാഴ്ചയോ സൗകര്യമുള്ള മറ്റൊരു ദിവസമോ അടുത്ത ഞായറാഴ്ചയ്ക്കുള്ള എല്ലാ വായനകളും ഒന്നുരണ്ടാവർത്തി വായിച്ച് സ്വയം പഠിക്കുകയും ധ്യാനിക്കുകയും ചെയ്തിട്ട്, പ്രാർത്ഥനയോടെ ആ വേദഭാഗങ്ങളുടെ അർത്ഥം സ്വയം ഗ്രഹിക്കണം. എന്നിട്ടു വേണം പ്രസംഗത്തിനുള്ള സൂചനകളൊരുക്കുവാൻ.

കൂദൊശ് ഈത്തോ മുതലുള്ള 12 ഞായറാഴ്ചകൾക്കുള്ള പ്രസംഗ സൂചനകൾ താഴെ കൊടുക്കുന്നു.

### 1. കൂദൊശ് ഈത്തോ

(ഒക്ടോബർ 30-നും നവംബർ 5-നും മദ്ധ്യേ വരുന്ന ആദ്യത്തെ ഞായ

റാഴ്ച) സഭയുടെ പ്രതിഷ്ഠാപ്പെരുന്നാൾ.

വായനകൾ അ. പ്ര. 7:44–53, ഹെബ്രാ. 9:1–14, വി. മർക്കൊ. 8:27–33.

സഭയുടെ മുൻകുറി ഇസ്രായേൽ ക്യാമ്പിന് പുറത്ത് ദൂരെ മോശ സ്ഥാപിച്ച കൂടിവരവിന്റെ കൂടാരം (സമാഗമന കൂടാരം) ആണ് (പുറപ്പാട് 33:7 മുതൽ). പാപം മൂലം ദൈവത്തിൽ നിന്ന് അകന്നുപോയ മനുഷ്യന് ദൈവവുമായുള്ള സമാഗമനം, സംരഞ്ജനം അസാദ്ധ്യമായിത്തീരുന്നു. എന്നാൽ മോശയ്ക്ക് ആ സംരഞ്ജനം സാദ്ധ്യവുമായിരുന്നു. അതുപോലെ ഇന്ന് ദൈവത്തിൽനിന്ന് അകന്നുനില്ക്കുന്ന മനുഷ്യരാശിയുടെ പുരോഹിതനെന്ന നിലയിലാണ്, ക്രിസ്തുവിന്റെ സഭ ദൈവസന്നിധിയിൽ പ്രവേശിച്ച് ദൈവത്തെ ആരാധിക്കുന്നത് (പുറ. 33:11).

ആ കൂടാരത്തിന്റെ പിന്തുടർച്ചയാണ് ശലോമോൻ പണിത ദേവാലയം (1 രാജാ. 6). അതു തന്നെ യെഹെസ്കേൽ കണ്ട ദർശനവും. പുതിയ നിയമത്തിൽ ആദ്യ സഹദായായ സ്തേഫാനോസിന്റെ പ്രസംഗത്തിലെ മുഖ്യവിഷയവും ഈ ദേവാലയമാണല്ലോ (അ. പ്ര. 7:44–53). “കൈപ്പണിയല്ലാത്ത ദേവാലയ”ത്തെപ്പറ്റിയായിരുന്നു സഹദായുടെ പ്രസംഗം. യരുശലേം ദേവാലയത്തെ മാറ്റിയിട്ട്, തൽസ്ഥാനത്ത് ശുദ്ധീകരിക്കപ്പെട്ട മനുഷ്യസമൂഹമാകുന്ന സഭയെ ദൈവം സ്ഥാപിച്ചു (ഹെബ്രായ ലേഖനം 9:11 മുതൽ). വി. പത്രൊസിനെപ്പോലെ ക്രിസ്തുവിനെ വിശ്വസിച്ച് ഏറ്റുപറയുകയും മാമ്മോദീസാ മൂലം ശുദ്ധീകരിക്കപ്പെടുകയും ചെയ്തിട്ട്, ക്രിസ്തുവിന്റെ നിത്യബലിയിൽ വി. കുർബ്ബാന മൂലം ഭാഗഭാക്കാകുന്ന മനുഷ്യസമൂഹമാണ് വിശുദ്ധ സഭ.

**പ്രധാന ആശയങ്ങൾ**

(a) ദൈവം വസിക്കുന്നത് കല്ലും മരവും കൊണ്ട് പണിത കെട്ടിടത്തിലല്ല. ക്രിസ്തുവിൽ വിശ്വസിക്കുകയും ക്രിസ്തുവിൽക്കൂടെ സത്യാരാധന നടത്തുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിലാണ്. ഓരോ ഇടവകയും ഈ ഏക സഭയുടെ തദ്ദേശീയ സാന്നിദ്ധ്യമാണ്. ഇടവകയുടെ ജീവിതത്തിലാണ് ലോകം ദൈവത്തെ കാണേണ്ടത്.

(b) ഈ മനുഷ്യസമൂഹം ദൈവം വിളിച്ചിട്ടുള്ള വിളിയെ മറന്നു പാപത്തിലേക്കും ദൈവത്തെ മറക്കുന്നതിലേക്കും വീണുപോകുമ്പോൾ സഭ ശക്തിയില്ലാത്തതായിത്തീരുന്നു. സഭയെ വീണ്ടും ദൈവത്തിനായി പ്രതിഷ്ഠിക്കുന്ന പെരുന്നാളാണ് കൊല്ലംതോറും കൂദൊശ് ഈത്തോയായി ആഘോഷിക്കുന്നത്.

(c) അന്ന് എല്ലാ ക്രിസ്ത്യാനികളും തങ്ങളെത്തന്നെ ദൈവത്തിന് വീണ്ടും പ്രതിഷ്ഠിക്കുകയും, കുമ്പസാരിച്ച് കുർബാനയനുഭവിച്ച് ദൈവ

ത്തോട് നിരപ്പായി വീണ്ടും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യണം. കൈപ്പണിയല്ലാത്ത ദേവാലയമായി ഇടവക പരിവർത്തനം ചെയ്യണം.

### 2. ഹൂദൊസ് ഈത്തോ–സഭയുടെ പുനഃപ്രതിഷ്ഠാപ്പെരുന്നാൾ

വായനകൾ അ. പ്ര. 7:44–53, ഹെബ്രാ. 9:1–14, വി. ലൂക്കോ. 19:47:20:8.

ഈ പെരുന്നാളിന്റെ പശ്ചാത്തലം മക്കാബ്യരുടെ പുസ്തകത്തിലാണ് കാണുന്നത് (ഇംഗ്ലീഷ് വേദപുസ്തകം Catholic Edition–ൽ കാണാം). അന്ത്യോഖ്യസ് എപ്പിഫാനീസ് അലക്സാണ്ടറിന്റെ കാലശേഷം സിറിയയും പലസ്തീനും ഈജിപ്റ്റും കീഴടക്കി, യഹൂദന്മാരുടെ എതിർപ്പിനെ നശിപ്പിക്കുവാൻവേണ്ടി അവരുടെ യരുശലേം ദേവാലയത്തിൽ പന്നിയെ അറുത്തു. ക്രിസ്തുവിനു മുമ്പ് 16–ാമാണ്ട് 9–ാം മാസം 25–ാം നു സത്യാരാധന നടത്തുന്നവരെ കൊന്നൊടുക്കി. കുഞ്ഞുങ്ങളെ അമ്മമാരുടെ കഴുത്തിൽതന്നെ കെട്ടിത്തൂക്കിക്കൊന്നു (1 മക്കാബ്യർ 1:59–61). അശുദ്ധമാക്കപ്പെട്ട ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠ കൃത്യം മൂന്നു വർഷങ്ങൾക്കു ശേഷം (ബി.സി. 164–ൽ) നടന്നു (1 മക്കാബ്യർ 4:36 മുതൽ). അന്നു മുതൽ ഹനൂഖാ (Hanuchah) പെരുന്നാൾ യഹൂദന്മാർ എല്ലാ വർഷവും ആഘോഷിച്ചു വന്നു. അത് പിന്നീട് ക്രൈസ്തവർ തങ്ങളുടെ പെരുന്നാളാക്കിയെടുത്തു.

കൂദൊശ് ഈത്തോയുടെ ലേഖനങ്ങൾ തന്നെയാണ് ഹൂദൊസ് ഈത്തോയ്ക്കും വായിക്കുന്നത്.

#### പ്രധാന ആശയങ്ങൾ

(a) വിശ്വാസികളുടെ സമൂഹം, വാങ്ങിപ്പോയവരും ജീവനുള്ളവരും ഒരുമിച്ച്, ക്രിസ്തുവാകുന്ന അടിസ്ഥാനക്കല്ലിന്മേൽ പണിയപ്പെടുന്നതാണ് ദൈവംതമ്പുരാൻ ലോകത്തിൽ വസിക്കുന്ന കൈപ്പണിയല്ലാത്ത ദേവാലയം. ഇവിടെയാണ് ലോകം ദൈവത്തെ കാണേണ്ടത്.

(b) ഈ ദേവാലയം നമ്മുടെ പാപങ്ങൾ മൂലം വീണ്ടും വീണ്ടും അശുദ്ധമാക്കപ്പെടുമ്പോൾ ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന് കുറവുണ്ടാകുന്നു. വിശ്വാസികളുടെ പാപമാണ് പലപ്പോഴും സമൂഹത്തിലുണ്ടാകുന്ന ദൈവകോപത്തിന് കാരണം.

(c) സഭയാകുന്ന നാം നമ്മെത്തന്നെ അനുതാപത്തോടുകൂടെ ദൈവത്തിന് പുനഃപ്രതിഷ്ഠിക്കുമ്പോൾ സഭയ്ക്ക് അഭിവൃദ്ധിയും സമൂഹത്തിന് ശ്രേയസ്സും ഉണ്ടായി ലോകം ദൈവത്തെ അറിയുന്നു.

## 3. സ്ക്കറിയായോടുള്ള അറിയിപ്പ്

വായനകൾ 2 പത്രോ. 1:1–15, റോമ്മാ. 4:13–25, വി. ലൂക്കോസ് 11:45–51.

കർത്താവിന്റെ ജനനപ്പെരുന്നാളിന് 40 ദിവസം മുമ്പേ, മനുഷ്യാവതാരത്തിന്റെ വായനകൾ ആരംഭിക്കുന്നു. 40 ദിവസത്തെ നോമ്പ് ജനനപ്പെരുന്നാളിന് മുമ്പ് ആരംഭിക്കുന്നു. അതുകൊണ്ട് യൽദോയ്ക്ക് മുമ്പുള്ള ആറ് ഞായറാഴ്ചകൾ മനുഷ്യാവതാരത്തെപ്പറ്റി പ്രസംഗിപ്പാൻ വേണ്ടി സഭ ക്രമീകരിച്ചിരിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിനെയും ഈ കാലങ്ങളിൽ ഓർക്കുന്നു. Advent എന്ന് പാശ്ചാത്യസഭയിൽ പേരു പറയുന്നു. എന്നുവച്ചാൽ "വരവ്" എന്നാണർത്ഥം.

സഖറിയായോടുള്ള അറിയിപ്പ് ഒരുവിധത്തിൽ സുവിശേഷത്തിന്റെ മുൻകുറിയാണ്. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിലുള്ള കഥ സന്ധ്യാനമസ്ക്കാരത്തിനും പ്രഭാതപ്രാർത്ഥനയ്ക്കും വായിക്കുന്നു. കുർബാനയ്ക്ക് ക്രമീകരിച്ചിരിക്കുന്നത് ലൂക്കൊസിന്റെ സുവിശേഷം 11:45–51 ആണ്. ഇതിൽ കാണുന്ന സഖറിയാ, യൂഹാനോൻ മംദാനയുടെ പിതാവല്ല. ദേവാലയത്തിൽ വച്ച് കൊല്ലപ്പെട്ട സഖറിയാ പ്രവാചകന്റെ കഥ 2 ദിനവൃത്താന്തം 24:20–22 നോക്കുക.

ദൈവം ചെയ്യുന്ന വാഗ്ദാനം മനുഷ്യസാധ്യതകൾക്കപ്പുറമാകുമ്പോൾ അത് വിശ്വസിക്കാതെ തള്ളിക്കളയാനുള്ള പ്രവണതയാണ് സാധാരണക്കാർക്കുള്ളത്. സഖറിയായ്ക്ക് ദൈവത്തിന്റെ മാലാഖാ നൽകിയ വാഗ്ദാനം സ്വീകരിക്കുവാൻ മനസ്സില്ലായിരുന്നു. അതുകൊണ്ട് അവന്റെ വായ് അടച്ചുകെട്ടി അവനെ പഠിപ്പിക്കേണ്ടി വന്നു.

2 പത്രൊസ് 1:1–15–ൽ "വിലയേറിയതും അതിമഹത്തുമായ വാഗ്ദാനങ്ങൾ" (4–ാം വാക്യം) നമുക്ക് ദൈവം നൽകിയിരിക്കുന്നതായി പറയുന്നു. ഈ വാഗ്ദാനങ്ങളെപ്പറ്റി പ്രസംഗിക്കുക. പാപികളും മരണമുള്ളവരുമായ നമ്മെ പരിവർത്തനം ചെയ്ത് വിശുദ്ധരും അമർത്യരുമാക്കുമെന്നുള്ളതാണ് ദൈവവാഗ്ദാനം. നാം ഇത് വിശ്വസിക്കുന്നുണ്ടോ? നമ്മുടെ ദ്രവത്വം മാറി നാം ദൈവസ്വഭാവത്തിൽ പങ്കാളികളാകുമെന്ന് (4–ാം വാക്യം) നാം വിശ്വസിക്കുന്നുണ്ടോ? അതോ സഖറിയായെപ്പോലെ നാം സംശയിക്കുകയും അവിശ്വസിക്കുകയുമാണോ?

ഈ വാഗ്ദാനങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഉറപ്പിക്കുന്നതിനുമുള്ള ഉപാധികളെപ്പറ്റി പ്രസംഗിക്കുക (5–8 വരെയുള്ള വാക്യങ്ങൾ).

1. വിശ്വാസം
2. വീര്യമുള്ള സൽപ്രവൃത്തികൾ

3. ദിവ്യജ്ഞാനം
4. ആത്മനിയന്ത്രണം (ഇന്ദ്രിയജയം)
5. ഉറപ്പ്, സ്ഥൈര്യം
6. ദൈവാശ്രയം, ദൈവാരാധന
7. സഹോദരപ്രീതി (മറ്റുള്ളവർക്ക് നന്മ ചെയ്യൽ എന്നാണീ വാക്കിന് സഭ കൊടുത്തിരിക്കുന്ന അർത്ഥം)
8. എല്ലാവരോടുമുള്ള സ്നേഹം

ഇവ എട്ടും കൂടി കൂടുമ്പോഴാണ് ദൈവവാഗ്ദാനങ്ങളിൽ നമുക്ക് ശരിയായ പ്രത്യാശയും ഉറപ്പുമുണ്ടാകുന്നത്.

റോമ്മാ ലേഖനം 4:13-25-ലും വാഗ്ദാനത്തെപ്പറ്റി പറയുന്നു. അബ്രഹാമിന് നല്കപ്പെട്ട വാഗ്ദാനം, മനുഷ്യശക്തികൊണ്ട് സാദ്ധ്യമല്ലാത്തതായിരുന്നു. കുട്ടികളില്ലാത്ത വൃദ്ധൻ ബഹുജാതികളുടെ പിതാവാകുക എന്നത് മനുഷ്യരീത്യാ അസാദ്ധ്യം. പക്ഷേ ആ വലിയ വാഗ്ദാനം അബ്രഹാം വിശ്വസിച്ചതുകൊണ്ട് അവൻ വിശ്വാസികളുടെ പിതാവായി. അതുകൊണ്ട് വാഗ്ദാനവും വിശ്വാസവും എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കുന്നതായിരിക്കും ഉത്തമം.

## 4. ദൈവമാതാവിനോടുള്ള വചനിപ്പിന്റെ ഞായറാഴ്ച

വായനകൾ 1 യോഹ. 3:2-17, ഹെബ്രായ 6:13-7:10, വി. ലൂക്കോ. 1:26-38.

പൗരസ്ത്യ സഭയെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ ജനനത്തേക്കാൾ, മനുഷ്യാവതാരത്തിന്റെ ആരംഭമായി നാം കരുതുന്നത് മാലാഖയുടെ വചനിപ്പും കന്യകയുടെ ഗർഭധാരണവുമാണ്. ഇന്ന് പ്രത്യേകം പ്രസംഗിക്കുവാനുള്ള വിഷയം ഈ മനുഷ്യാവതാരത്തിന്റെ (കന്യകയുടെ ഗർഭധാരണത്തിന്റെ) അത്ഭുതാവഹമായ മഹാമർമ്മം തന്നെ. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം ഈ രഹസ്യത്തിന്മേലാണ് ഉറപ്പിച്ചിട്ടുള്ളത്. ഇന്ന് പാശ്ചാത്യ ക്രൈസ്തവർ ഈ സംഭവത്തെ സംശയിക്കുന്നു. അതുകൊണ്ട് അവരുടെ ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം നഷ്ടപ്പെട്ട് അവർ ക്രിസ്തുവിനെ ഒരു ഗുരുവായി മാത്രം കരുതുന്ന യഹൂദന്മാരായിപ്പോകുന്നു. അതുകൊണ്ട് കന്യകയുടെ ഗർഭധാരണമാകുന്ന മഹാരഹസ്യം നമ്മുടെ ജനങ്ങളുടെ വിശ്വാസത്തിലുറപ്പിക്കുന്നത് പട്ടക്കാരന്റെ പ്രധാന ചുമതലയാണ്. മാർച്ചു മാസം 25-നു സൂബോറോപ്പെരുന്നാളിന്റെ വായനകൾ തന്നെയാണ് ഈ ദിവസത്തേക്കും ക്രമീകരിച്ചിട്ടുള്ളത്.

1. നന്മയുടെയും നീതിയുടെയും ഉത്ഭവം പാപിയായ മനുഷ്യനിലുണ്ടാകുന്നത് കർത്താവിന്റെ വചനത്തെ കന്യക ഗർഭത്തിൽ സ്വീകരിച്ച

തുപോലെ നാമും ആ വചനത്തെ നമ്മുടെ ഹൃദയഗർഭങ്ങളിൽ സ്വീകരിക്കുന്നതുമൂലമാണ് (1 യോഹന്നാൻ 3:2–17). അബ്രഹാം വിശ്വാസത്തോടെ ദൈവവചനത്തെ സ്വീകരിച്ചതുമൂലം വിശ്വാസികളുടെ പിതാവായിത്തീർന്നു (ഹെബ്രായ 6:13–20). ദൈവം നമ്മോട് നല്കിയിട്ടുള്ള വലിയ വാഗ്ദാനം, താൻ നമ്മിൽ ഉരുവായി, നമ്മെ നീതിയും ശോഭയുമുള്ളവരാക്കിത്തീർക്കുമെന്നതാണ്.

2. ലൂക്കോസിന്റെ സുവിശേഷത്തിലുള്ള വചനിപ്പിന്റെ (1:26–38) വിവരണത്തെ പ്രത്യേകമായി വ്യാഖ്യാനിച്ചു കൊടുക്കുക. “കൃപ ലഭിച്ചവളേ നിനക്ക് സമാധാനം” എന്ന മാലാഖയുടെ ഈ അഭിവാദനവചനം പൗരസ്ത്യസഭ എല്ലാ പ്രാർത്ഥനകളിലും അനുസ്മരിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നു. കന്യകമറിയാമിന് നല്കിയ അതേ അഭിവാദനം തന്നെയാണ് കർത്താവിന്റെ സുവിശേഷം നമുക്കോരോരുത്തർക്കും നല്കുന്നത്. നാമും കൃപ ലഭിച്ചവരാണ്. നമ്മിൽ കർത്താവ് ഉരുവാകുവാനും അങ്ങനെ നാം കർത്താവിൽ വസിച്ച് ജീവൻ പ്രാപിക്കുവാനും തന്റെ കൃപയാൽ താൻ തിരുമനസ്സായിരിക്കുന്നു എന്നതാണ് ക്രിസ്തീയ സുവിശേഷം. മറിയം തന്റെ തല കുനിച്ച്, “ഇതാ ഞാൻ കർത്താവിന്റെ പരിചാരിക, നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ” എന്ന് പ്രത്യുത്തരമായി പറഞ്ഞതുപോലെ, നാം ഓരോരുത്തരും പറയുമ്പോൾ നമ്മിലും മനുഷ്യാവതാരത്തിന്റെ മഹാത്ഭുതമുണ്ടായി, പാപികളായ നാമും, ദൈവസ്വഭാവവുമായുള്ള ഐക്യത്തിൽക്കൂടെ നീതിയും മഹത്വവുമുള്ളവരായിത്തീരുന്നു.

3. വചനം കന്യകമറിയാമിൽ നിന്ന് ജഡം ധരിച്ചു. അങ്ങനെ സ്രഷ്ടാവ് സൃഷ്ടിയുടെ ഒരു ഭാഗമായി, പരിമിതനായി, കാലാധീനനായി, മരണമനുഭവിച്ചു. മരണത്തെ വെന്ന് ഉയിർത്തെഴുന്നേറ്റ് പിതൃസന്നിധിയിൽ മനുഷ്യപുത്രനായി നിലകൊള്ളുന്ന ദൈവവും മനുഷ്യനുമായ ഏകപുത്രന്റെ മഹാമർമ്മത്തെക്കുറിച്ച് ധ്യാനിക്കുക. ഈ മഹാമർമ്മത്തിൽ പങ്കാളികളാവുക എന്നതാണ് മാമ്മോദീസായുടേയും വി. കുർബാനയുടേയും അർത്ഥം. മനുഷ്യപാപം മൂലം വീണുപോയ സൃഷ്ടിയെ മനുഷ്യാവതാരം മൂലം ദൈവപുത്രൻ പിതാവുമായി അനുരഞ്ജിപ്പിച്ചിരിക്കുന്നു. ഇന്നു യഥാർത്ഥ മനുഷ്യത്വം പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. അതിൽ ദൈവം നമ്മെ പങ്കുകാരാക്കുന്നു. ഈ മഹാരഹസ്യത്തിൽ പങ്കാളികളാകുവാൻ നമുക്ക് ഭാഗ്യം നല്കിയ മനുഷ്യപുത്രനെ നാം വന്ദിച്ചാരാധിക്കുകയും, വിശ്വാസപൂർവ്വകമായ തന്റെ വചനസ്വീകരണം മൂലം അതിന് വഴിയൊരുക്കിയ വിശുദ്ധ കന്യകയെ നാം ആദരിച്ച് ബഹുമാനിക്കുകയും ചെയ്യണം.

## 5. ഏലിശ്ബായുടെ അടുക്കലേക്കുള്ള യാത്ര

വായനകൾ: 1 പത്രൊ. 2:6–10, റോമ്മാ. 1:1–6, ഗലാ. 3:15–22, വി. ലൂക്കൊ. 1:39–56.

1. വി. ഏലിശ്ബായും വി. കന്യകമറിയാമും തമ്മിലുള്ള കൂടിക്കാഴ്ച പഴയനിയമവും പുതിയനിയമവും തമ്മിലുള്ള കൂടിക്കാഴ്ചയാണ്. നമ്മുടെ കർത്താവ് ദൈവവും മനുഷ്യനും തമ്മിലുള്ള പുതിയ ഉടമ്പടിയുടെ അടിസ്ഥാനം; ഏലിശ്ബായുടെ ഗർഭത്തിലുള്ള, യേശുവിനേക്കാൾ 6 മാസം പ്രായക്കൂടുതലുള്ള, യൂഹാനോൻ മാംദാനാ പഴയനിയമത്തിന്റെ പ്രവാചകൻ. “എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കലേക്കു വരുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു” എന്ന് പറഞ്ഞുകൊണ്ട് ഏലിശ്ബായും ഗർഭത്തിലെ ശിശുവും ആനന്ദിച്ചു തുള്ളുന്നു. പഴയനിയമത്തിന്റെ പൂർത്തീകരണമായ പുതിയനിയമം വന്നതോടെ പഴയതിന്റെ സാഫല്യം വന്നിരിക്കുന്നു. പുതിയതിനെ ഉല്പാദിപ്പിക്കുകയെന്നതായിരുന്നു പഴയതിന്റെ കടമ. അതിതാ നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

2. ദൈവമാതാവിന് മാലാഖാ നല്കിയ അഭിവാദനവും ഏലിശ്ബാ നല്കിയ അഭിവാദനവും ചേർത്താണ് “കൃപ നിറഞ്ഞ മറിയമേ” എന്ന സഭയുടെ പ്രാർത്ഥന ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. “സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ. നിന്റെ ഗർഭത്തിലെ ഫലവും വാഴ്ത്തപ്പെട്ടത്.” ജനിക്കുന്നതിന് മുമ്പേ ദൈവപുത്രനും മനുഷ്യപുത്രനുമായവനെ ഏലിശ്ബായും സഭയും വാഴ്ത്തുന്നു. വി. കന്യകമറിയാമിന് നല്കുന്ന ബഹുമാനമത്രയും കർത്താവിന്റെ മനുഷ്യാവതാരത്തോടുള്ള ബഹുമാനമത്രെ. വി. കന്യകമറിയം ദൈവത്തെ സ്തുതിക്കുന്നു (46–55). അവളോടൊന്നിച്ചു നമുക്കും മനുഷ്യാവതാരം ചെയ്ത ദൈവത്തെ മഹത്വപ്പെടുത്താം.

3. പഴയതും പുതിയതും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയാണ് ലേഖനങ്ങൾ രണ്ടും. പഴയത് നിയമത്തിലും അനുസരണത്തിലും അധിഷ്ഠിതമായത്. പുതിയത് വാഗ്ദാനവിശ്വാസത്തിലും, റൂഹാ അകമേ വസിക്കുന്നതിലും അധിഷ്ഠിതമായത്. പുറജാതികളായിരുന്ന നമ്മെ ദൈവം സ്വന്തജനമാക്കി, സ്വന്തമക്കളാക്കി ദത്തെടുത്തിരിക്കുന്നു (1 പത്രൊ. 2:9–10). തന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് അതിൽ ഉറച്ചുനില്ക്കുന്നവർക്കാണ് ഈ ഭാഗ്യം ലഭിക്കുന്നത് (റോമ്മാ 1:2–6). അബ്രഹാമിന് നല്കിയ വാഗ്ദാനം അതിന് 430 വർഷത്തിനു ശേഷം വന്ന മോശയുടെ ന്യായപ്രമാണത്തേക്കാൾ മൗലികമാണെന്ന് വി. പൗലൊസ് ശ്ലീഹാ പറയുന്നു (ഗലാത്യ 3:17). ന്യായപ്രമാണം ഇടക്കാലത്തേക്കുള്ളതായിരുന്നു. ഇന്ന് പ്രവർത്തിക്കുന്നത് കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മ ശക്തിയാൽ ലഭിക്കുന്ന പുത്രസ്വീകാരത്തിന്റെ നൽവരമത്രെ.

# 4

# സങ്കീർത്തനപ്പുസ്തകം: ഒരു ലഘു മുഖവുര

ഇസ്രായേൽ ജനത ആരാധനയ്ക്ക് ഉപയോഗിച്ചിരുന്ന ഗാനമാലയാണ് സങ്കീർത്തനപ്പുസ്തകം. ഇതിലെ എല്ലാ ഭാഗങ്ങളും പരിശുദ്ധാത്മാവാസം കൊണ്ട് ദാവീദ് രാജാവ് എഴുതിയതാണെന്നുള്ളതിന് യാതൊരു തെളിവുമില്ല. ഇവയിൽ പലതും ശലോമോനാലും കോരഹ് പുത്രന്മാരാലും ആസാഫിനാലും മറ്റും വിരചിതമായതാണെന്ന് ശീർഷകത്തിൽത്തന്നെ പറയുന്നു. പല സങ്കീർത്തനങ്ങളും ബാബേൽ പ്രവാസത്തിനുശേഷം രണ്ടാം ദേവാലയത്തിലെ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നവയാണെന്നും, ഒരുപക്ഷേ ആ ആവശ്യത്തിലേക്കുവേണ്ടി ബി.സി. 300-നു ശേഷം രചിയ്ക്കപ്പെട്ടവയാണെന്നും കാണുവാൻ പ്രയാസമില്ല. ഏതായാലും എല്ലാ സങ്കീർത്തനങ്ങളും ദാവീദ് എഴുതിയതാണെന്ന് വിചാരിക്കുവാൻ യാതൊരു ന്യായവുമില്ല.

എന്നാൽ ഭക്തിജീവിതത്തിന് ഇത്രമാത്രം സഹായകരമായ മറ്റൊരു പുസ്തകം വേദഗ്രന്ഥത്തിലുണ്ടോ എന്ന് സംശയമാണ്. ഇസ്രായേലിന്റെ ദുഃഖത്തിന്റെയും സന്തോഷത്തിന്റെയും നടുവിൽ യഹോവയിലാശ്രയിച്ച ഭക്തജനങ്ങളുടെ ഹൃദയവീണകളിലാണീ ഗാനമാധുര്യത്തിന്റെ ഉത്ഭവം. ആധുനിക ജീവിതത്തിലും മനുഷ്യരാശിക്കനുഭവമാകുന്ന അഗാധസാഹചര്യങ്ങളിൽ ദൈവത്തിന്റെ ജനതയുമായി സമ്പർക്കം പുലർത്തി അവരുടെ വിശ്വാസത്തിലും സമാധാനത്തിലും സന്തോഷത്തിലും പങ്കാളികളാകുവാൻ ഈ ഗാനമാല നമ്മെ സഹായിക്കുമെന്നതാണ് അതിന്റെ ഹൃദ്യതയുടെ രഹസ്യം.

### പുസ്തകവിഭാഗങ്ങൾ

അഞ്ചു പുസ്തകങ്ങളായി ഈ ഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നു.

| | |
|---|---|
| ഒന്നാം പുസ്തകം | 1-41 വരെ സങ്കീർത്തനങ്ങൾ. |
| രണ്ടാം പുസ്തകം | 42-72 വരെ സങ്കീർത്തനങ്ങൾ. |
| മൂന്നാം പുസ്തകം | 73-89 വരെ സങ്കീർത്തനങ്ങൾ. |
| നാലാം പുസ്തകം | 90-106 വരെ സങ്കീർത്തനങ്ങൾ. |
| അഞ്ചാം പുസ്തകം | 107-150 വരെ സങ്കീർത്തനങ്ങൾ. |

ഈ ഓരോ പുസ്തകത്തിന്റെയും അവസാനത്തിൽ ഒരു സ്തോത്ര

വാക്യം കാണാം. ആദ്യസങ്കീർത്തനം മുഴുഗ്രന്ഥത്തിനൊരു മുഖവുരയും അവസാനത്തേത് ഒരു ഉപക്രമണ സ്തോത്രഗാനവുമാണ്.

**ശീർഷകങ്ങൾ**

പല സങ്കീർത്തനങ്ങൾക്കും തലക്കെട്ടുകളുള്ളതായിക്കാണാം. ഇവ ഗാനകർത്താവിനാൽ എഴുതപ്പെട്ടവയല്ല. 34 ഗാനങ്ങൾക്കു ശീർഷകമേ ഇല്ല. ഈ ശീർഷകങ്ങളിലെ പല വാക്കുകളും ദുർഗ്രാഹ്യങ്ങളാണ്.

**ധ്യാനം** (സങ്കീ. 32, 42, 44)

മസ്ഹിൽ എന്ന എബ്രായ പദത്തിന്റെ പരിഭാഷയാണിത്. ധ്യാനം എന്നാണിതിനർത്ഥമെന്ന് ഡെലിച്ച് എന്ന പണ്ഡിതൻ പറയുന്നുണ്ടെങ്കിലും സുസമർത്ഥമായ പശ്ചാത്തല സംഗീതത്തോടുകൂടി പാടേണ്ട ഒരു ഗീതമെന്നാണീ പദത്തിന്റെ അർത്ഥമെന്ന് എവാൾഡ് എന്ന പണ്ഡിതൻ പറയുന്നു.

**സ്വർണ്ണഗീതം** (സങ്കീ. 16, 56, 60)

മിഖ്താം എന്ന പദത്തിന്റെ തർജ്ജമയാണിത്. എന്നാൽ രചന കുറ്റമില്ലാത്തത്, പ്രസിദ്ധീകൃതമാകാത്തത് നിഗൂഢാർത്ഥ കവചനം എന്നൊക്കെ ഇതിനർത്ഥമാകാമെന്ന് മറ്റു പണ്ഡിതന്മാർ പറയുന്നു.

**സംഗീതപ്രമാണിക്ക്.** ലാമ്നസ്സേയാഹ് എന്ന എബ്രായ പദത്തിന് "സംഗീതപ്രമാണിയുടെ" എന്നും അർത്ഥമാകാം. ദേവാലയത്തിലെ ആരാധനാഗാനങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്ന ആളായിരിക്കാം സംഗീതപ്രമാണി. അദ്ദേഹത്തിന്റെ വകയായി കുറെ സങ്കീർത്തനങ്ങളുടെ ഒരു സമാഹാരം പ്രസിദ്ധീകൃതമായിരുന്നിരിക്കാം. അവയിൽനിന്നും എടുത്തു ചേർത്തവയെന്ന അർത്ഥത്തിലായിരിക്കാം, "സംഗീതപ്രമാണിയുടെ" എന്നു പറയുന്നത്. പിതാക്കന്മാർ ഈ പദത്തിന് മറ്റു പല തർജ്ജമകളും നൽകിയിരുന്നതായി കാണുന്നു. നിന്മൂയിക്ക് (അക്വിലാ), വിജയഗാനം (സിമ്മാഖസ്), വിജയത്തിന് (ജെറോം) എന്നൊക്കെ കാണുന്നുണ്ട്.

**സേലാ.** ഈ പദത്തിന്റെയർത്ഥം ആർക്കും തീർത്തറിഞ്ഞുകൂടാ. സങ്കീർത്തനപ്പുസ്തകത്തിൽ 71 പ്രാവശ്യവും ഹബക്കൂക്കിന്റെ പുസ്തകം മൂന്നാം അധ്യായത്തിൽ മൂന്നു പ്രാവശ്യവും ഈ പദം കാണുന്നു.

പുരാതന ഗ്രീക്കു പരിഭാഷകരുടെ അഭിപ്രായത്തിൽ "ഉപകരണ സംഗീതം" എന്നർത്ഥമാകാവുന്ന diapsalma എന്ന പദമാണതിന്റെ അർത്ഥം.

പുരാതന യഹൂദ പരിഭാഷകൾ "എന്നന്നേയ്ക്കും" എന്നാണീ പദത്തിന് അർത്ഥം കൽപ്പിക്കുന്നത്.

പുതിയ വ്യാഖ്യാതാക്കൾ "ഉയരട്ടെ" എന്നാണതിന്നർത്ഥമെന്നു പറയുന്നു. ഉപകരണ സംഗീതത്തിന്റെ ശബ്ദമുയർത്താനുള്ള നിർദ്ദേശമാണിത്.

"യഹോവായുടെ നാമം എന്നന്നേയ്ക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ" എന്നു ശബ്ദമുയർത്തി പറയുവാനുള്ള നിർദ്ദേശമാണിതെന്നുള്ള ഓക്സ്ഫോർഡ് ഹെബ്രായ നിഘണ്ടുവിന്റെ അഭിപ്രായവും ശ്രദ്ധേയമാണ്.

തന്ത്രിനാദത്തോടെ, വേണുനാദത്തോടെ മുതലായ നിർദ്ദേശങ്ങൾ ഉപകരണ സംഗീതത്തേയും അഷ്ടമരാഗത്തിൽ, പുത്രമരണരാഗത്തിൽ, ഉഷസ്സിൻമാൻപേട എന്ന രാഗത്തിൽ മുതലായവ രാഗനിർദ്ദേശങ്ങളേയും കുറിയ്ക്കുന്നുവെന്ന് സുവ്യക്തമാണല്ലോ.

## സങ്കീർത്തകന്മാർ

മോശ (90), ദാവീദ് (73 സങ്കീർത്തനങ്ങൾ), ശലോമോൻ (72, 127), ആസാഫ് (50, 73, 83), കോരഹ് പുത്രന്മാർ (10 സങ്കീർത്തനങ്ങൾ), ഹേമാൻ (88), എഥാൻ (89) എന്നിവരെ സങ്കീർത്തനങ്ങളുടെ കർത്താക്കളായി ശീർഷകങ്ങൾ കുറിക്കുന്നു. ആസാഫ്, ദാവീദിന്റെ പ്രധാന ഗായകന്മാരിലൊരാളായിരുന്നു. അദ്ദേഹമാണീ കീർത്തനങ്ങളെഴുതിയതെന്നു വരണമെന്നു നിർബന്ധമില്ല. ബാബേൽ പ്രവാസത്തെക്കുറിച്ചുള്ള സൂചനകൾ അവയിൽ കാണുന്നതുകൊണ്ട്, ആസാഫിന്റെ കാലത്തിനുശേഷം നാലോ അഞ്ചോ ശതാബ്ദങ്ങൾ കഴിഞ്ഞായിരിക്കണം അവയിൽ ചിലവയെങ്കിലും വിരചിതങ്ങളായത്. ദാവീദിന്റെ പേരിൽ കാണുന്നവയൊക്കെ "ദാവീദിന്റെ സങ്കീർത്തനങ്ങൾ" എന്നു പേരുള്ള ഒരു പുസ്തകത്തിൽ നിന്നെടുത്തതായിരിക്കാമെന്നല്ലാതെ ദാവീദ് രാജാവ് തന്നെ എഴുതിയതായിക്കൊള്ളണമെന്ന് നിർബന്ധമില്ല. ദേവാലയത്തിലെ ഗാനാലാപത്തിന്റെ ചുമതലക്കാരായിരുന്നു കോരഹ് പുത്രന്മാർ. അവരുടെ പേര് കാണുന്നവയും അവർ തന്നെ എഴുതിയതായിരിക്കണമെന്നില്ല.

## ശാപസങ്കീർത്തനങ്ങൾ

ശത്രുക്കളെ നിർദ്ദയം ശപിച്ചുകൊണ്ടും അവരുടെ നാശത്തിനായി പ്രാർത്ഥിച്ചുകൊണ്ടുമുള്ള ചില സങ്കീർത്തനങ്ങൾ ഇന്ന് പല ക്രിസ്ത്യാനികളേയും വേദനിപ്പിക്കുന്നുണ്ട്. എന്നാൽ അവയെപ്പറ്റി ചില കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഒന്നാമത് അവ സ്വകാര്യ പ്രതികാരത്തെ മാത്രം കുറിക്കുന്നവയല്ല.

എന്റെ ശത്രുക്കൾ ദൈവനിയമത്തെ ലംഘിക്കുന്നവരും ദൈവത്തിനെതിരായി മറുതലിക്കുന്നവരുമായതുകൊണ്ടാണ് അവർ ശാപാർഹന്മാരാകുന്നത്.

രണ്ടാമത്, പുതിയനിയമത്തിലെ ഉയർന്ന ക്രിസ്തീയ മാനദണ്ഡങ്ങൾ പഴയനിയമത്തിൽ പ്രതീക്ഷിക്കേണ്ടതില്ല.

മൂന്നാമത്, നന്മ ചെയ്യുന്നവനെ ഉയർത്തുകയും തിന്മ ചെയ്യുന്നവനെ നശിപ്പിക്കുകയും ചെയ്യുകയെന്നുള്ളത് ദൈവസ്വഭാവമായി ഹെബ്രായർ കരുതിയിരുന്നുവെന്ന് ഒന്നാം സങ്കീർത്തനം തന്നെ തെളിയിക്കുന്നു.

നാലാമത്, വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചുള്ള ചിന്ത സങ്കീർത്തനങ്ങൾ രചിക്കപ്പെടുന്ന കാലത്ത് യഹൂദന്മാർക്കില്ലാതിരുന്നതിനാൽ ദുഷ്ടൻ ഈ ലോകത്തിൽ വച്ചുതന്നെ ശിക്ഷിക്കപ്പെടേണ്ടത് ആവശ്യമായി അവർ കരുതിവന്നു.

പുതിയനിയമത്തിന്റെ വെളിച്ചത്തിലല്ലാതെ, ഉയർന്നവയായാലും താഴ്ന്നവയായാലും, ഏതെങ്കിലും പഴയനിയമ ഭാഗങ്ങളെ അഭിവീക്ഷിക്കുവാൻ ക്രിസ്ത്യാനിക്ക് നിർവാഹമില്ല.

*(ചർച്ച് വീക്കിലി, ഫെബ്രുവരി 12, 1956)*



# 5

# വെളിപാടു പുസ്തകം കാനോനികമാണോ?

## (The origin and meaning of Apocryphal and Apocalyptic Literature)

ബൈബിൾ സൊസൈറ്റി പ്രസിദ്ധപ്പെടുത്തുന്ന എല്ലാ പുതിയനിയമ ങ്ങളിലുമുണ്ട് "യോഹന്നാന് ഉണ്ടായ വെളിപ്പാട്" എന്ന പുസ്തകം.

ഇത് കാനോനികമാണോ, വിശ്വാസസംബന്ധമായ കാര്യങ്ങൾ ഈ പുസ്തകത്തെ ആധാരമാക്കി പഠിപ്പിയ്ക്കാമോ എന്നൊരു സംശയം ഓർ ത്തഡോക്സ് വിശ്വാസികൾക്കെല്ലാം തന്നെയുണ്ട്. ചുമതലപ്പെട്ട വിശ്വാ സാദ്ധ്യാപകന്മാർ പല വിധത്തിലുള്ള അഭിപ്രായങ്ങളും ഇതേപ്പറ്റി പ്രക ടിപ്പിച്ചിട്ടുണ്ടെന്നും തോന്നുന്നു.

രണ്ടു തരത്തിൽ ഈ പ്രശ്നത്തെ നമുക്ക് സമീപിക്കാം. ഒന്ന് ഇന്ന് ഓർത്തഡോക്സ് സഭയിൽ വിശ്വാസപരമായ പല കാര്യങ്ങൾക്ക് ആധാ രമാക്കി സ്വീകരിച്ചുവരുന്ന ബാർ എബ്രായയുടെ ഹൂദായകാനോനിനെ അടിസ്ഥാനമാക്കി; രണ്ടു പുതിയനിയമത്തിന്റെ രൂപവൽക്കരണ ചരി ത്രത്തെ അടിസ്ഥാനമാക്കി.

### ഹൂദായകാനോൻ എന്തു പറയുന്നു?

ഹൂദായകാനോൻ എന്നു പറയുന്നത് അന്ത്യോഖ്യൻ സഭ കുത്ത ഴിഞ്ഞു കിടന്നിരുന്ന കാലത്ത്, സഭയിൽ ഭരണപരമായ ദാർഢ്യവും വ്യവ സ്ഥിതിയും സൃഷ്ടിക്കുവാൻ വേണ്ടി 13-ാം നൂറ്റാണ്ടിൽ അബു അൽഫ് റജ് എന്ന് സാക്ഷാൽ പേരുള്ള മാർ ഗ്രിഗോറിയോസ് ബാർ എബ്രോയോ എന്ന കിഴക്കിന്റെ കാതോലിക്കോസ് പഴയ സുന്നഹദോസ് നിശ്ചയങ്ങ ളിൽ നിന്നും എടുത്തുചേർത്ത് വ്യാഖ്യാനസഹിതം എഴുതിച്ചുണ്ടാക്കിയ ഒരു നിയമസംഹിതയാണ്. പിതാക്കന്മാരുടെ പുസ്തകത്തിൽ നിന്നും നമുക്ക് സ്വീകാര്യങ്ങളായവയും അല്ലാത്തവയും ആയ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്നും ഉള്ള ഉദ്ധരണികളും ബാർ എബ്രായയുടെ വിശ ദീകരണ (ഹൂദായ) ങ്ങളുമാണിതിലുള്ളത്.

പുതിയനിയമത്തിലെ പുസ്തകങ്ങളുടെ പട്ടിക 'ശ്ലീഹന്മാരുടെ കാനോ നകൾ' എന്ന പുസ്കത്തിൽ നിന്നും ബാർ എബ്രോയോ ഇപ്രകാരം ഉദ്ധ രിക്കുന്നു:

"നമ്മുടെ പുതിയനിയമത്തിൽ ഇവയാകുന്നു. ഏവൻഗേലിയോൻ നാല്, പൗലോസിന്റെ ലേഖനങ്ങൾ പതിനാല്, പത്രോസിന്റെ രണ്ട്; യൂഹാനോന്റെ മൂന്ന്, യാക്കോബിന്റെ ഒന്ന്, യീഹൂദായുടെ ഒന്ന്, ക്ലിമീസിന്റെ രണ്ട്, ക്ലിമീസിന്റെ കൂദാശാപരമായ പുസ്തകങ്ങൾ എട്ട്, ശ്ലീഹന്മാരുടെ പ്രക്സീസ്."

ഈ മുപ്പത്തിയാറു പുസ്തകത്തിൽ ക്ലിമീസിന്റെ പത്തു പുസ്തകങ്ങൾ നവീകരണസഭക്കളുടെ വേദപുസ്തകത്തിലില്ല. എന്നാൽ ഇവയുടെ കൂടെ വെളിപാടു പുസ്തകം കൂടി ചേർത്ത് 27 പുസ്തകങ്ങളാണ് അവർക്കുള്ളത്. 1582-ൽ റോമൻ കത്തോലിക്കർ പ്രസിദ്ധം ചെയ്ത റൈംസ് വേദപുസ്തകത്തിലും ഈ 27 പുസ്തകങ്ങൾ തന്നെയാണുള്ളത്.

ഹൂദായാകാനോനിൽ വെളിപാടു പുസ്തകത്തെപ്പറ്റിയുള്ള രണ്ടാമത്തെ ഉദ്ധരണി ക്രിസ്ത്വാബ്ദം 247 മുതൽ 265 വരെ അലക്സന്ത്ര്യയിലെ മെത്രാപ്പോലീത്തായായിരുന്ന മാർ ദീവന്നാസ്യോസിന്റെ "വാഗ്ദത്തങ്ങളെപ്പറ്റി" എന്ന പുസ്തകത്തിൽ നിന്നാണ്. ഇതിന്റെ മൂലഗ്രന്ഥം ആവശ്യമുള്ളവർ എവുസേബിയോസിന്റെ സഭാചരിത്രം vii. xxv 17-27 (അനുബന്ധം) നോക്കിയാൽ കാണാം.

"യൂഹാനോൻ ശ്ലീഹായുടെ നാമത്തിൽ എഴുതപ്പെട്ടിരിക്കുന്ന വെളിപാട് അദ്ദേഹത്തിന്റേതല്ല. പുനരുത്ഥാനശേഷം ഭൂമിയിൽ വച്ച് ഭക്ഷണം, പാനം ഇവ കൂടിയുണ്ടെന്ന് പഠിപ്പിക്കുന്ന കിറിൻതോസിന്റെയോ വേറൊരു യൂഹാനോന്റെയോ ആകുന്നു. ഈ പേരിൽ അറിയപ്പെടുന്ന രണ്ടു ശവകുടീരങ്ങൾ എഫേസോസിൽ ഉണ്ട്."

ഉർഗാനീസിന്റെ (Origen) ഹെബ്രായ ലേഖന വ്യാഖ്യാനത്തിൽ നിന്നുള്ള മറ്റൊരുദ്ധരണിയാണ് വെളിപാടു പുസ്തകത്തെപ്പറ്റി ഹൂദായ കാനോനിലുള്ളത്.

"പൗലോസിന്റെ വെളിപാട്, മറ്റ് വെളിപാടുകൾ, ശ്ലീഹന്മാരുടെ ഉപദേശം, ബർനാബായുടെ ലേഖനങ്ങൾ, തൂബിയാ, റോയോ, ബാറാസീറോ ഇവയും സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ റോയോയുടെ (Shephered of Hermas) പുസ്തകവും യൂഹാനോന്റെ വെളിപാടും പലരും കൈക്കൊള്ളുന്നില്ല."

പരസ്പരം പരിപൂർണ്ണമായി യോജിക്കാത്ത ലിസ്റ്റുകളാണ് കാനോൻ ഉദ്ധരിക്കുന്നത്. ഈ ലിസ്റ്റുകളിലെ സംശയാസ്പദങ്ങളായ പുസ്തകങ്ങളിൽ നിന്നും സഭയിൽ വായിക്കുവാൻ ക്രമപ്പെടുത്തിയിട്ടുള്ളതായി നാം കാണുന്നുമില്ല. ക്ലിമീസിന്റെ പുസ്തകങ്ങൾ വായിച്ചിട്ടുള്ളവർ നമ്മുടെ സഭയിൽ എത്രയോ കുറവാണ്. അപ്രകാരംതന്നെ വി. ഉർഗാനീസ് പറ

യുന്ന പല പുസ്തകങ്ങളും ഉണ്ടെന്നു തന്നെ നമ്മിൽ പലർക്കും അറിവില്ല.

എന്നാൽ പുതിയനിയമത്തിലെ പുസ്തകങ്ങൾ ഇന്നിന്നവയാണെന്ന് ഖണ്ഡിതമായ ഒരു നിർദ്ദേശം ബാർ എബ്രായ ഹൂദായയായി നൽകുന്നുമില്ല.

ബാർ എബ്രായയയുടെ കാനോന്റെ അടിസ്ഥാനത്തിൽ മാത്രം നോക്കുകയാണെങ്കിൽ വെളിപാടു പുസ്തകം കാനോനികമാണോ എന്ന ചോദ്യത്തിനുള്ള ഉത്തരം "അല്ല" എന്നു മാത്രമാണ്.

എങ്കിലും സഭയിലെ വിശ്വാസപരമായ കാര്യങ്ങളിൽ സംശയമുണ്ടാകുമ്പോൾ 13-ാം നൂറ്റാണ്ടിൽ ഒരു പിതാവു തനിക്ക് സ്വീകാര്യമെന്ന് തോന്നിയ കാര്യങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു ഗ്രന്ഥത്തെ മാത്രം ആസ്പദമാക്കി ഒരവസാന തീരുമാനം ചെയ്യുവാൻ നമുക്കവകാശമുണ്ടോയെന്നുള്ള കാര്യത്തെപ്പറ്റി എനിക്ക് വ്യക്തിപരമായി വളരെയധികം സംശയമുണ്ട്.

സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനം എന്താണെന്നുള്ളത് പ്രശ്നാത്മകമായ ഒരു സജീവ വാദവിഷയമാണ്. എന്നാൽ പുതിയനിയമത്തിന്റെ കാനോനെ സംബന്ധിച്ചിടത്തോളം 13-ാം നൂറ്റാണ്ടിൽ വി. ബാർ എബ്രോയോ ചെയ്തതുപോലെ പിതാക്കന്മാരുടെ എഴുത്തുകളെ ആധാരമാക്കി ഒരു പുതിയ തീരുമാനം ചെയ്യേണ്ടത് ഇന്നത്തെ സഭയിലെ മല്പാന്മാരുടെയും പിതാക്കന്മാരുടെയും ചുമതലയാണെന്നാണ് എന്റെ വിശ്വാസം.

ആദിമ ക്രൈസ്തവസഭയിൽ വേദപുസ്തകത്തിലെ ഗ്രന്ഥങ്ങളുടെ സംഖ്യ ക്ലിപ്തപ്പെടുത്തേണ്ടയാവശ്യമൊന്നുമില്ലായിരുന്നു. കാരണം, വിശ്വാസത്തിന്റെ അടിസ്ഥാനമായിരുന്നത് വേദപുസ്തകമല്ലെന്നതു തന്നെ.

കർത്താവിന്റെ ശിഷ്യരും, തന്റെ ഉയിർപ്പിനുശേഷം തന്നെ കണ്ടിട്ടുള്ളവരുമായ അപ്പോസ്തലന്മാരുടെ സാക്ഷ്യമായിരുന്നു സഭയുടെ അടിസ്ഥാനം. കർത്താവ് മിശിഹായാണെന്നു കാണിക്കുന്നതിനായി പഴയനിയമത്തിലെ പല പ്രവചനങ്ങളെയും ആദിമക്രിസ്ത്യാനികൾ ആധാരമാക്കിയിരുന്നെങ്കിലും പഴയനിയമമായിരുന്നില്ല ക്രിസ്തീയ വിശ്വാസത്തിന്റെ ഉറപ്പ്.

ക്രൈസ്തവ വിശ്വാസ പരിധിയിൽത്തന്നെ യഥാർത്ഥ അപ്പസ്തോലിക വിശ്വാസത്തിനെതിരായി വാദങ്ങളും പഠനങ്ങളും വന്നുചേർന്നപ്പോഴാണ് വിശ്വാസത്തിനടിസ്ഥാനമായ ഒരു രേഖാസംഹിതയുണ്ടാകണമെ

ന്നുള്ള വിചാരവുമുണ്ടായത്. ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലുണ്ടായിട്ടുള്ള ക്രിസ്തീയ ഗ്രന്ഥങ്ങൾക്ക് കണക്കില്ല. അവയിൽ പലതും ഇന്നു നമുക്ക് നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പലതും വി. പത്രോസ്, വി. പൗലൂസ്, വി. ബർണബാസ്, വി. തോമസ്, വി. ലൂക്കോസ് മുതലായവരുടെ പേരുകളോടു കൂടിയാണ് പ്രസിദ്ധം ചെയ്യപ്പെട്ടത്.

ഇങ്ങനെ കള്ളപ്പേരു വെച്ച് മതഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതു ശരിയല്ലെന്ന് നമുക്ക് വിചാരമുണ്ടായിരിക്കാം. എന്നാൽ യഹൂദന്മാരുടെയിടയിലാണ് ഈ പതിവ് ആദ്യം തുടങ്ങിയത്. ക്രിസ്ത്യാനികൾ തങ്ങളുടെ മതപരിവർത്തനത്തോടു കൂടെ ആ പഴയ പതിവും കൂടി കൊണ്ടുവരിക മാത്രമായിരുന്നു.

ക്രിസ്തുവിന് മുമ്പ് ഏതാണ്ട് മൂന്നാം ശതകമായപ്പോഴേയ്ക്കും ദൈവത്തിന്റെ വെളിപാടുകൾ മുഴുവൻ മനുഷ്യർക്ക് ലഭിച്ചു കഴിഞ്ഞുവെന്നും പുതിയ പ്രവാചകന്മാരാരും തന്നെ ഇനി ഉണ്ടാകുന്നതല്ലെന്നും ഉള്ള ഒരു ബോദ്ധ്യം യഹൂദന്മാരുടെയിടയിൽ ഉറച്ചിരുന്നു. ആരെങ്കിലും താൻ ഒരു പ്രവാചകനാണെന്ന് ഭാവിക്കുന്നുവെങ്കിൽ അവന്റെ അപ്പനും അമ്മയും അവൻ പ്രവചിക്കയിൽത്തന്നെ അവനെ കുത്തിക്കളയുമെന്ന് സെഖര്യാ പ്രവാചകൻ പറയുന്നു (സെഖര്യാവ് 13:3).

ഈ അവസരത്തിൽ പുതിയ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗം, തന്റെ ആശയങ്ങളെയെല്ലാം ബാബേൽ പ്രവാസത്തിനു മുമ്പുള്ള ഒരു വേദപുസ്തകപുരുഷന്റെ മേൽ കെട്ടിവെച്ച്, അദ്ദേഹം എഴുതിയതും ഇതുവരെ ഒളിച്ചു വച്ചിരുന്നതും ഇപ്പോൾ പുറത്തുവന്നിരിക്കുന്നതുമായ ഒരു ഗുപ്തഗ്രന്ഥ (apocryphon) മായി പ്രചരിപ്പിക്കുകയെന്നതാണ്. ഈനോഖിന്റെ വെളിപാട്, മോശയുടെ വെളിപാട്, യെരമ്യായുടെ വെളിപാട്, ഏശായുടെ വെളിപാട്, എബ്രായുടെ വെളിപാട്, ദാനിയേലിന്റെ പുസ്തകം ഇങ്ങനെയുള്ള അനേകം പുസ്തകങ്ങൾ ഇക്കാലത്തു പുറത്തിറങ്ങി. ഇവയിലൊക്കെ സാധാരണ കാണാറുള്ള ചില ലക്ഷണങ്ങളിവയാണ്.

**a) ഭൂലോകത്തെ സംബന്ധിച്ച പൊതുവായ നിരാശ.** സംഗതികൾ കൂടുതൽ മോശമായി വന്ന് അവസാനം അക്രമത്തിന്റെ ശക്തി അസഹ്യമായി വരുമ്പോൾ ദൈവം നേരിട്ടിടപ്പെട്ട് സംഗതികൾ നേരെ ആക്കുമെന്നുള്ള പ്രതീക്ഷ, സിറിയൻ അധികാരികളുടേയും റോമ്മാ സാമ്രാജ്യത്തിന്റെയും പീഡനത്തിൻ കീഴിൽ ഞെരുങ്ങി വിഷമിച്ച യഹൂദരിലും ക്രിസ്ത്യാനികളിലും സ്വാഭാവികമായി ഉണ്ടാകാവുന്നതാണ്.

**b) അതിശോഭനമായ ഒരു ഭാവിയുടെ ചിത്രീകരണം.** എന്നാൽ അതു പ്രത്യേകം വിളിക്കപ്പെട്ടിട്ടുള്ളവർക്ക് മാത്രമേയുള്ളു (ദാനിയേൽ 12 ആദ്യ

ഭാഗവും വെളിപാട് 20–21 അദ്ധ്യായങ്ങളും വായിച്ചു നോക്കുക). ഈ പീഡനങ്ങളും ഈ ശോഭനഭാവിയും ദൈവം നേരത്തെ മനുഷ്യരെ അറിയിച്ചിട്ടുള്ളതാണ്. പക്ഷേ, അവ എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഒളി ച്ചുവെച്ചിരുന്നു, കഷ്ടപ്പാട് യഥാർത്ഥത്തിൽ വന്ന കാലത്ത് മാത്രമാണ് കണ്ടുകിട്ടിയത് എന്നുള്ള ധാരണയാണ് ഈ ഗുപ്തസാഹിത്യത്തിലുള്ള എല്ലാ പുസ്തകങ്ങളും നല്കുന്നത്.

c) മേൽപ്പറഞ്ഞ കാരണം കൊണ്ട്, ഈ കഷ്ടപ്പാട് കാലത്തിന് കുറെ മുമ്പായി ജീവിച്ചിരുന്ന ഒരു വന്ദ്യ പുരുഷന്റെ പേരായിരിക്കും ഗ്രന്ഥ കർത്തൃനാമത്തിന്റെ സ്ഥാനത്തു കാണുന്നത് – ഈനോഹ്, മോശ, ഏശായാ, ദാനിയേൽ, വി. യൂഹാനോൻ, വി. പത്രോസ്, വി. പൗലൂസ് എന്നിങ്ങനെയുള്ളവരുടെയായിട്ടാണ് വെളിപാടു പുസ്തകങ്ങളൊക്കെ കാണപ്പെടുന്നത്.

d) ചരിത്ര സംഭവങ്ങളെ സാധാരണക്കാർക്ക് ദുർഗ്രാഹ്യങ്ങളായ പ്രതീ കങ്ങൾ കൊണ്ടാണ് ഈ ഗ്രന്ഥങ്ങൾ വർണ്ണിക്കുക. ദാനിയേൽ 7–ാം അദ്ധ്യായത്തിലെ നാലു മഹാ മൃഗങ്ങൾ നാലു സാമ്രാജ്യങ്ങളാണ്. പത്തു കൊമ്പുള്ള മൃഗം, പത്തു രാജാക്കന്മാരുണ്ടായിരുന്ന സെലൂക്യ സാമ്രാ ജ്യവും കൊച്ചു കൊമ്പ് മുളച്ചുവന്ന് മൂന്നു കൊമ്പുകളെ മാറ്റിക്കളഞ്ഞതു മൂന്നു അവകാശികളെ തടുത്ത് മാറ്റി രാജാവായ അന്ത്യോഖ്യസ് എപ്പി ഫാനീസുമാണ്.

അതുപോലെ തന്നെ വെളിപാടു പുസ്തകം 13–ാം അദ്ധ്യായത്തിൽ ക്കാണുന്ന 7 തലയുള്ള മൃഗം 7 പ്രധാന ചക്രവർത്തിമാരുണ്ടായിരുന്ന റോമാ സാമ്രാജ്യമാണ്. മരണകരമായ മുറിവേറ്റ മൂന്നാമത്തെ തല (13:3) തന്നെത്താൻ കഴുത്തിൽ കുത്തി ഭയങ്കരമായ മുറിവേല്പിച്ച നീറോ ചക്ര വർത്തിയത്രെ. ഈ സംഭവമുണ്ടായത് വെളിപാടു പുസ്തകമെഴുതുന്ന തിന് മുപ്പതു വർഷമെങ്കിലും മുമ്പാണ്.

* * * * * * * * * *

ഇങ്ങനെ ക്രൈസ്തവ പീഡകളുടെ കാലത്ത്, ക്രിസ്ത്യാനികൾക്ക് പ്രത്യാശയും ധൈര്യവും നൽകുവാൻ വേണ്ടി എഴുതപ്പെട്ട ഈ വെളി പാട് പുസ്തകത്തെ സഭ ഏതു വിധത്തിലൊക്കെയാണ് സ്വീകരിച്ചിട്ടു ള്ളതെന്ന് നമുക്ക് പരിശോധിക്കാം.

## കിഴക്കൻ സഭകളുടെ വിശ്വാസം

**മാർ എവുസേബിയോസ്.** സുപ്രസിദ്ധ ചരിത്രകാരനായ ഈ പിതാവ് 314–ാമാണ്ടു മുതൽ 340 വരെ കൈസറിയായിലെ മെത്രാനായിരുന്നു. അദ്ദേ ഹത്തിന്റെ സഭാചരിത്രം III: xxv - 1 മുതൽ 4 വരെ വാക്യങ്ങളിൽ നിന്നാണ് താഴെ കൊടുക്കുന്ന ഉദ്ധരണികൾ.

1. "നാം ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുകയിൽ പുതിയനിയമത്തിലെ പുസ്തകങ്ങളുടെ ഒരു പട്ടിക നല്കുന്നത് ഉചിതമായിരിക്കും. ആദ്യമായിട്ടുള്ളത് വിശുദ്ധങ്ങളായ നാല് സുവിശേഷങ്ങൾ, അവയ്ക്കു ശേഷം അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ. (2) അതിനുശേഷം പൗലൂസിന്റെ ലേഖനങ്ങളെയാണെടുക്കേണ്ടത്; പിന്നീട് മുറയ്ക്ക് യോഹന്നാന്റെ ആദ്യ ലേഖനവും അപ്രകാരം തന്നെ പത്രോസിന്റെ ലേഖനവും നാം സ്വീകരിക്കണം. അവയ്ക്കു ശേഷം, ഉചിതമാണെന്നു തോന്നുന്നപക്ഷം യോഹന്നാന്റെ വെളിപാടാണ് ചേർക്കേണ്ടത്. ഇതേ സംബന്ധിച്ചുള്ള വിവിധ അഭിപ്രായങ്ങൾ യഥാസ്ഥാനത്തു നൽകിക്കൊള്ളാം. ഇവയെല്ലാം സ്വീകൃതങ്ങളായ പുസ്തകങ്ങളത്രെ."

3. വിവാദ വിഷയമായതും എന്നാൽ പലരാലും സ്വീകരിക്കപ്പെടുന്നതുമായ പുസ്തകങ്ങളുടെ കൂടെയുള്ളവയാണ്, യാക്കോബിന്റെ ലേഖനം എന്നറിയപ്പെടുന്ന പുസ്തകവും യൂദായുടേതും, പത്രോസിന്റെ രണ്ടാം ലേഖനവും യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങളെന്ന് വിളിക്കപ്പെടുന്നവയും. ഈ അവസാനം പറഞ്ഞവ സുവിശേഷകൻ എഴുതിയതാണോ അതേ പേരുള്ള മറ്റൊരാളെഴുതിയതാണോ എന്നറിഞ്ഞുകൂടാ.

4. "അസ്വീകാര്യങ്ങളായ ലിഖിതങ്ങളുടെ കൂടെ കരുതേണ്ടവയാണ്, പൗലൂസിന്റെ പ്രവൃത്തികൾ (Acts of Paul), ഇടയൻ (shepherd) എന്നു വിളിക്കപ്പെടുന്ന പുസ്തകം, പത്രോസിന്റെ വെളിപാട്, ഇവയെക്കൂടാതെ പ്രചാരത്തിലുള്ള ബർന്നബാസിന്റെ ലേഖനം, അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ (Teaching of the Apostles) എന്നു വിളിക്കപ്പെടുന്ന പുസ്തകം എന്നിവ. കൂടാതെ മുൻപറഞ്ഞതുപോലെ കുറേപ്പേർ സ്വീകാര്യഗ്രന്ഥങ്ങളുടെ കൂടെ കണക്കാക്കുകയും കുറെപ്പേർ നിരാകരിക്കുകയും ചെയ്യുന്ന യോഹന്നാന്റെ വെളിപാടും ഈ കൂട്ടത്തിൽക്കരുതാം."

ഇങ്ങനെ മാർ എവുസേബിയോസിന്റെ കാലത്ത് ക്രൈസ്തവ ഗ്രന്ഥങ്ങളെ മൂന്നായി തരംതിരിച്ചിരുന്നതായി നാം കാണുന്നു. (1) സ്വീകൃത ഗ്രന്ഥങ്ങൾ (2) വിവാദിത ഗ്രന്ഥങ്ങൾ (3) അസ്വീകാര്യ ഗ്രന്ഥങ്ങൾ. വി. യോഹന്നാന്റെ വെളിപാട് പുസ്തകത്തെ ഈ പിതാവ് ഒന്നും മൂന്നും വിഭാഗങ്ങളിൽ ചേർത്തിരിക്കുന്നു. എന്നാൽ ഈ പുസ്തകത്തെപ്പറ്റി വിവാദമുണ്ടായിരുന്നെങ്കിൽ രണ്ടാമത്തെ വിഭാഗത്തിലല്ലേ ചേർക്കേണ്ടിയിരുന്നത്? അങ്ങനെയല്ലാത്തതിന്റെ കാരണം ഒരു കൂട്ടർ അതിനെ യാതൊരു സന്ദേഹവും കൂടാതെ നിരാകരിക്കുകയും മറ്റൊരു കൂട്ടർ അപ്രകാരം തന്നെ യാതൊരു സന്ദേഹവും കൂടാതെ അതിനെ സ്വീകരിക്കുകയും ചെയ്തതുകൊണ്ടായിരിക്കണം.

എന്നാൽ മാർ എവുസേബിയോസിന്റെ മരണശേഷം 27 വർഷങ്ങൾ

കഴിഞ്ഞ് അലക്സന്ത്ര്യായിലെ വലിയ മാർ അത്താനാസ്യോസിന്റെ ഒരു ലേഖനത്തിൽ ഇതിൽ നിന്നും വ്യത്യസ്തമായ ഒരു ലിസ്റ്റാണ് കാണുന്നത്. Festal Epistle xxxix:5 വും ഇന്നത്തെ ബൈബിൾ സൊസൈറ്റി പുതിയനിയമത്തിലുള്ള പുസ്തകങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. വെളിപാടു പുസ്തകത്തെപ്പറ്റിയോ, മാർ എവുസേബിയോസിന്റെ വിവാദ ഗ്രന്ഥങ്ങളെപ്പറ്റിയോ ഒരു ചെറിയ സംശയം പോലും വലിയ മാർ അത്താനാസ്യോസ് പ്രദർശിപ്പിക്കുന്നില്ല. പരമാർത്ഥത്തിൽ ഇന്നത്തെ പാശ്ചാത്യ സഭകളുടെ വേദപുസ്തകത്തിനടിസ്ഥാനമായിത്തീർന്നത് ഈ അലക്സന്ത്ര്യായിലെ ലിസ്റ്റാണെന്ന് വേണം വിചാരിക്കുവാൻ.

### പാശ്ചാത്യ സഭകളുടെ രേഖകൾ

ക്രിസ്താബ്ദം 175-നും 300-നും മദ്ധ്യെ എഴുതപ്പെട്ടതാണെന്ന് വിചാരിക്കപ്പെടുന്ന ഒരു ലത്തീൻ രേഖയാണ് മൂറത്തോറിയുടെ കാനോൻ (The Muratorian canon). അതിൽ ഇപ്രകാരം കാണുന്നു:

"അനുഗൃഹീതനായ പൗലൂസ് ശ്ലീഹായും, തന്റെ മുൻഗാമിയായ യൂഹാനോന്റെ പതിവുപോലെ, ഏഴു സഭകൾക്കു മാത്രമാണ് എഴുതുന്നത്. ... കൂടാതെ കൊരിന്ത്യർക്കും തെസ്സലോന്യർക്കും രണ്ടു പ്രാവശ്യം വീതം എഴുതുന്നുണ്ടെങ്കിലും, ഇവ ഏഴും കൂടി, ലോകവ്യാപകമായ ഒരേക സഭ മാത്രമാണ്. യോഹന്നാനും തന്റെ വെളിപാട് പുസ്തകത്തിൽ ഏഴു സഭകൾക്കേ എഴുതുന്നുള്ളുവെങ്കിലും, എല്ലാവരോടുമായിട്ടാണ് എഴുതുന്നത്. ... യോഹന്നാന്റെ വെളിപാടിനെയും പത്രോസിന്റെയും ഞങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിലും ഈ രണ്ടാമത്തേത് സഭയിൽ വായിക്കാനനുവദിക്കാത്തവർ ഞങ്ങളുടെയിടയിലുണ്ട്." വി. എവുസേബിയോസിന്റെ കാലത്തിനു വളരെ മുമ്പു തന്നെ പാശ്ചാത്യ സഭകൾ വെളിപാടു പുസ്തകത്തെ സ്വീകരിക്കുവാൻ തുടങ്ങിയെന്ന് വേണം ഇതിൽ നിന്ന് മനസ്സിലാക്കുവാൻ.

ക്രിസ്താബ്ദം 430-ാം മാണ്ടിൽ സിദേയിലെ ഫിലിപ്പ് എഴുതിയ Historia Christiana എന്ന ഗ്രന്ഥത്തിൽ വി. യൂഹാനോന്റെ അഭിപ്രായത്തെപ്പറ്റി പറയുന്നുണ്ട്. ശ്ലീഹന്മാരുടെ ലിസ്റ്റ് നൽകുന്ന കൂട്ടത്തിൽ ഏവൻഗേലിസ്ഥനായ യൂഹാനോന് പുറമെ യൂഹാനോൻ കശീശാ (John the Elder) എന്നൊരാളെ കൂടെ പാപ്പിയാസ് ഉൾപ്പെടുത്തുന്നുണ്ട്. ഈ യോഹന്നാൻ കശീശയാണ് രണ്ടാമത്തേയും മൂന്നാമത്തേയും യോഹന്നാന്റെ ലേഖനങ്ങളെഴുതിയതെന്നു പലരും വിശ്വസിക്കുന്നു എന്ന് പാപ്പിയാസ് പറയുന്നു. വെളിപാട് പുസ്തകവും ഈ യോഹന്നാന്റേതാണെന്ന് ചിലർ തെറ്റായി വിശ്വസിക്കുന്നതായിട്ടാണ് പാപ്പിയാസ് പറയുന്നത്. സഹസ്രാബ്ദ വാഴ്ചയിൽ വിശ്വസിച്ചിരുന്ന പാപ്പിയാസ് വെളിപാട് പുസ്ത

കത്തെ വി. യോഹന്നാന്റേതായിട്ട് തന്നെയാണത്രെ സ്വീകരിച്ചിരുന്നത്.

പാശ്ചാത്യ സഭ ഔദ്യോഗികമായ ഒരു തീരുമാനമെടുത്തത് 393-ാമാണ്ടിൽ ഹിപ്പോ (Hippo) യിൽ വെച്ചു കൂടിയ സുന്നഹദോസിലായിരുന്നു. ഇന്നത്തെ ബൈബിൾ സൊസൈറ്റി പുതിയനിയമത്തിലുള്ള 27 പുസ്തകങ്ങളുമാണ് ഹിപ്പോ ലിസ്റ്റിലുമുള്ളത്.

എന്നാൽ കിഴക്കൻ സഭകളിൽ ഇതേ സംബന്ധമായ ഒരു ഔദ്യോഗിക തീരുമാനമുണ്ടായിട്ടുള്ളതായി അറിവില്ല. വെളിപാട് പുസ്തകം എഴുതിയത് സുവിശേഷവും ഒന്നാം ലേഖനവും എഴുതിയ യൂഹാനോനല്ല എന്ന് അലക്സന്ത്ര്യായിലെ ദീവന്നാസ്യോസ് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇന്നത്തെ പാശ്ചാത്യ പണ്ഡിതലോകവും ഈ അഭിപ്രായത്തോടു യോജിക്കുകയാണ് ചെയ്യുന്നത്. ക്രിസ്താബ്ദം 247 മുതൽ 265 വരെയാണ് ഈ പിതാവ് മെത്രാനായിരുന്നത്. വെളിപാട് പുസ്തകത്തെ അദ്ദേഹം തിരസ്ക്കരിക്കുന്നില്ലെങ്കിലും അതിനെപ്പറ്റി അദ്ദേഹത്തിന് വളരെ നല്ല അഭിപ്രായമുള്ളതായി കാണുന്നില്ല.

സാമാന്യജനങ്ങളുടെ ആവശ്യത്തിനായി ഈ പുസ്തകത്തിന്റെ സാധുതയെപ്പറ്റിയും ഉപയോഗ യോഗ്യതയെപ്പറ്റിയും അധികാരസ്ഥാനങ്ങളിൽ നിന്നും വേണ്ട നിർദ്ദേശങ്ങൾ ഉണ്ടാകുന്നതു വളരെ അഭിലഷണീയമായിരിക്കും.

*(ചർച്ച്‌വീക്കിലി, വാല്യം 10, ലക്കം 30, 31, ആഗസ്റ്റ് 5, 12)*



6

# മാർ തോമാ എഴുതിയ സുവിശേഷം

മാർ തോമാ എഴുതിയ സുവിശേഷം രണ്ടാം ശതാബ്ദത്തിലെ ഒരു കൃതിയാണ്. അതായത് അപ്പോസ്തോലനായ മാർ തോമായുടെ കാലത്തിനുശേഷം രണ്ടു തലമുറയെങ്കിലും കഴിഞ്ഞതിനുശേഷം രചിക്കപ്പെട്ട ഒരു കൃതി. ഗ്രന്ഥകർത്താവാരെന്ന് നമുക്ക് നിശ്ചയമില്ല.

ബൈബിളിലെ പുതിയനിയമത്തിലെ പുസ്തകങ്ങളേവയെല്ലാമെന്ന് സഭ ക്രമീകരിച്ചത് മൂന്നാം നൂറ്റാണ്ടിനു ശേഷമാണ്. അന്ന് സുവിശേഷങ്ങളും ലേഖനങ്ങളും നിരവധി നിലവിലുണ്ടായിരുന്നു. മാർ തോമായുടെ തന്നെ സുവിശേഷം മാത്രമല്ല, മാർ തോമായുടെ പ്രവൃത്തികൾ (Acts), മാർ തോമായുടെ വെളിപാട്, മാർ തോമാ എഴുതിയ നമ്മുടെ കർത്താവിന്റെ ബാല്യസുവിശേഷം ഇങ്ങനെ ബഹുവിധം കൃതികളെപ്പറ്റി ഇപ്പോൾ നമുക്കറിയാം. രണ്ടും മൂന്നും ശതാബ്ദങ്ങളിലായി എഴുതപ്പെട്ട സുവിശേഷങ്ങളിൽ പ്രധാനമായിട്ട് ഇന്ന് നമുക്കറിയാവുന്നവ, അന്ത്രയോസിന്റെ സുവിശേഷം, അപ്പേല്ലേസിന്റെ സുവിശേഷം, ബർനാബായുടെ സുവിശേഷം, ബർത്തുൽമായിയുടെ സുവിശേഷം, ബാസിലിഡേസിന്റെ സുവിശേഷം, കെരിന്തോസിന്റെ സുവിശേഷം, ഹവ്വായുടെ സുവിശേഷം, ഗമാലിയേലിന്റെ സുവിശേഷം, യാക്കോബിന്റെ സുവിശേഷം, യൂദാസ്‌ക്കറിയോത്തായുടെ സുവിശേഷം, മാനിയുടെ സുവിശേഷം, മർക്കിയാന്റെ സുവിശേഷം, മഗ്ദലക്കാരി മറിയാമിന്റെ സുവിശേഷം, മത്തിയാസിന്റെ സുവിശേഷം, നിക്കോദിമോസിന്റെ സുവിശേഷം, പത്രോസിന്റെ സുവിശേഷം, ഫീലിപ്പോസിന്റെ സുവിശേഷം, എബിയോന്യരുടെ സുവിശേഷം, ഈഗുപ്തായക്കാരുടെ സുവിശേഷം, നാലു സ്വർഗ്ഗീയ മണ്ഡലങ്ങളുടെ സുവിശേഷം, ഹെബ്രായരുടെ സുവിശേഷം, നസ്രായരുടെ സുവിശേഷം, പന്തിരുവരുടെ സുവിശേഷം, സത്യത്തിന്റെ സുവിശേഷം എന്നിവയാണ്.

ഇക്കൂട്ടത്തിൽപ്പെടും തോമായുടെ സുവിശേഷവും. ഇതിന്റെ മൂലരൂപം ഗ്രീക്കു ഭാഷയിലാണ്. ഗ്രീക്കു മൂലത്തിന്റെ ആദ്യത്തെ ചില പേജുകൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. ഈജിപ്തിലെ സഹിദിക്ക്, ബൊഹായ്റിക്ക് എന്നീ രണ്ടു കോപ്റ്റിക്ക് ഭാഷകളിൽ ഒന്നായ സഹിദിക്കിലേക്കുള്ള പരിഭാഷയാണ് ഈ പ്രസിദ്ധീകരണത്തിന്നാധാരം. ഈ സഹിദിക്ക് പരിഭാഷ തന്നെ കണ്ടെത്തുന്നത് 1945-ൽ ഈജിപ്തിലെ നാഗ്ഹമ്മാദീ എന്ന ഗ്രാമത്തിനടുത്തുള്ള ശ്മശാനത്തിൽ നിന്നാണ്. പാക്കോമിയസ് ചരിത്രത്തിലാദ്യത്തെ ക്രൈസ്തവ സന്യാസിമഠം സ്ഥാപിച്ച സ്ഥലമാണിത്. 13

പ്രാചീന ഗ്രന്ഥങ്ങളടങ്ങിയ ഒരു കൽഭരണി കിട്ടിയത് ഏതാനും ഗ്രാമീണ കർഷകർക്കായിരുന്നു. ഈ ഗ്രന്ഥങ്ങളിലെല്ലാം കൂടി 49 കൃതികൾ ഉണ്ടായിരുന്നു. വളരെ പുരാതനമായിരുന്നു ഈ ഗ്രന്ഥങ്ങളെങ്കിലും അവ ചുരുളുകളുടെ രൂപത്തിലായിരുന്നില്ല; ഇന്നത്തെ പുസ്തകങ്ങളെപ്പോലെ തോൽ കൊണ്ട് ബയണ്ട് ചെയ്തവയായിരുന്നു.

ആദിമ ക്രൈസ്തവ സഭയിലെ വേദവൈപരീത്യങ്ങളിൽ പണ്ഡിതന്മാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒന്നായിരുന്നു ജ്ഞാനവാദം അഥവാ ഗ്നോസ്റ്റിസിസം. ജ്ഞാനവാദികളുടെ ഒരു കേന്ദ്രമായിരുന്നിരിക്കണം ഈ നാഗ്ഹമ്മാദി. അന്നത്തെ ഗ്രന്ഥശാലകൾ ഗ്രന്ഥങ്ങളെ അടുക്കി വച്ചിരുന്നത് അലമാരികളിലായിരുന്നില്ല, പ്രത്യുത കൽഭരണികളിലായിരുന്നു. ഈ പതിമൂന്നു പുസ്തകങ്ങളിലായി 51 കൃതികളാണ് അടങ്ങിയിരിക്കുന്നത്. അവയിൽ രണ്ടെണ്ണം സുവിശേഷങ്ങളാണ്. ഒന്ന് 'തോമായുടെ സുവിശേഷ'വും രണ്ടാമത്തേത് 'സത്യത്തിന്റെ സുവിശേഷ'വും. ഇവ എഴുതപ്പെട്ടത് മൂന്നും നാലും ശതാബ്ദങ്ങളിലായിരുന്നെങ്കിലും, രണ്ടാം ശതാബ്ദത്തിലെ ചില ഗ്രീക്കു കൃതികളുടെ പരിഭാഷകളാണിവ.

### ജ്ഞാനവാദം

ജ്ഞാനവാദത്തെപ്പറ്റി ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ. ക്രിസ്തുവിനു മുൻപെന്നപോലെ ഇന്നും പ്രചാരത്തിലിരിക്കുന്ന ഒരു മതരൂപമാണിത്. ഇന്നത്തെ തിയോസഫിക്കാരെ ഈ വകുപ്പിൽ ഉൾപ്പെടുത്താം. ഈ ജ്ഞാനവാദത്തിന്റെ ഉൽഭവം പേർഷ്യൻ, ഇന്ത്യൻ, ഗ്രീക്ക് മതസംഹിതകളിലാവാനാണ് വഴി. അശോകന്റെ കാലത്ത്, അതായത് ക്രിസ്തുവിന് മുമ്പ് മൂന്നാം ശതാബ്ദത്തിൽ, ബുദ്ധമത മിഷനറിമാർ സിലോണിലും പൂർവ്വേഷ്യയിലും മാത്രമല്ല, പശ്ചിമേഷ്യയിലും ഗ്രീക്കു രാജ്യങ്ങളിലും, ഈജിപ്തിലുമൊക്കെ പോയിരുന്നു. മദ്ധ്യപൗരസ്ത്യ ദേശങ്ങളിലുണ്ടായ ജ്ഞാനവാദവും, മാനിമതവും ബുദ്ധമത മിഷനറിമാരോടും ഭാരതത്തോടും കടപ്പാടുള്ളതാണെന്നു തോന്നുന്നു.

യഹൂദമതത്തെത്തന്നെയും ഈ ജ്ഞാനവാദം വ്യത്യാസപ്പെടുത്തിയെന്നുള്ളതിന് സംശയമൊന്നുമില്ല. പരലോകബോധവും താപസ പ്രവൃത്തിയും യഹൂദന്മാരെ അഭ്യസിപ്പിച്ചത് ബുദ്ധമത മിഷനറിമാരാവാനാണ് വഴി. മാലാഖമാരെയും പിശാചുക്കളേയും യഹൂദമതത്തിന് ലഭിച്ചതും ഗ്രീക്ക്, ഇന്ത്യൻ മതങ്ങളിലുള്ള ദേവാസുരന്മാരുടെ ഒരു രൂപഭേദമായിട്ടാകാൻ വഴിയുണ്ട്. യഹൂദരുടെയിടയിൽ ക്രിസ്തുവിന് മുമ്പ് രണ്ടാം ശതാബ്ദത്തിൽത്തന്നെ പ്രചാരത്തിലിരുന്ന ഹേനോക്കിന്റെ പുസ്തകം ജ്ഞാനവാദത്തിന്റെ സമ്മർദ്ദത്തിനൊരു ഉദാഹരണമാണ്. നീതിമാനായിരുന്ന് ഉടലോടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ഹേനോഖ്, കടന്നുപോകുന്ന പത്ത്

സ്വർഗ്ഗീയ മണ്ഡലങ്ങളുടെ ഒരു വിവരണം നാമിവിടെ കാണുന്നത് യഹൂദമതത്തിന്റെ സ്വതസിദ്ധമായ പാരമ്പര്യത്തിൽ നിന്നുത്ഭവിച്ചതാകാൻ വഴിയില്ല. തീർച്ചയായും പുറമേ നിന്നുവന്ന ചില അടിയൊഴുക്കുകളുടെ ഫലമായി യഹൂദമതം സ്വീകരിച്ചതായിരിക്കണം ഈ പ്രപഞ്ചശാസ്ത്രം.

ഈ ജ്ഞാനവാദത്തിന്റെ ഉൽഭവത്തെക്കുറിച്ച് നമുക്കുള്ള രേഖകൾ അധികവും ക്രിസ്തുവിനു ശേഷം രണ്ടാം ശതാബ്ദം മുതൽ ആരംഭിക്കുന്നവയായതുകൊണ്ട് ക്രിസ്തുമതം ജ്ഞാനവാദത്തെ ഭേദപ്പെടുത്തിയോ, അതോ മറിച്ച് ജ്ഞാനവാദം ക്രിസ്തുമതത്തെ പരിവർത്തനം ചെയ്തോ എന്നുള്ള കാര്യത്തിൽ ഇന്നും പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായൈക്യമില്ല. ജ്ഞാനവാദത്തിന്റെ രേഖകളിൽ പഴക്കം കൂടുതലുള്ളതിലൊന്നാണ് നമ്മുടെ ഈ തോമ്മായുടെ 'സുവിശേഷം.' ക്രൈസ്തവസുവിശേഷം അതിൽ എത്രമാത്രം ശക്തിചെലുത്തിയിട്ടുണ്ടെന്നുള്ളത് ഒരു വായന കൊണ്ട് വ്യക്തമാകും.

ജ്ഞാനവാദത്തിന്റെ പ്രധാന വശങ്ങൾ, ദൈവം, പ്രപഞ്ചം, മനുഷ്യൻ, രക്ഷ, ധർമ്മം എന്നീ അഞ്ചു ശീർഷകങ്ങളിലായി പഠിക്കുവാൻ സാധിക്കും.

ഈശ്വരൻ പരിപൂർണ്ണമായും അതിരിക്തനാണ്. പാപമായ ഈ പ്രപഞ്ചവുമായി ഈശ്വരന് ബന്ധമൊന്നുമില്ല. ഈ ലോകത്തെ സൃഷ്ടിച്ചതും ഈശ്വരനല്ല. ഇതിനെ രക്ഷിപ്പാനും ആർക്കും സാദ്ധ്യമല്ല. പ്രപഞ്ചം തിന്മയാണ്. അസത്യമാണ്. ഈശ്വരൻ സർവ്വവർണ്ണനകൾക്കും, സർവ്വകല്പനകൾക്കും അതീതനായി സർവ്വാതിരിക്തനായി, പ്രപഞ്ചത്തിൽ നിന്നും വ്യതിരിക്തനായി, ഏകനായി, ശുദ്ധനായി, അപ്രാപ്യനായി, അപ്രമേയനായി നിലകൊള്ളുന്നു.

സർവ്വനന്മയും ഏകവുമായ ഈശ്വരനിൽ നിന്ന് സർവ്വതിന്മയും ബഹുരൂപവുമായ ഈ പ്രപഞ്ചം ഉടലെടുക്കുവാൻ സാദ്ധ്യമല്ല. ഈശ്വരനും പ്രപഞ്ചത്തിനും ഇടയ്ക്ക് മറ്റ് ബഹുവിധജീവികൾ ഉണ്ടായിരിക്കണം. ഈ ജീവികളുടെ പേരും ഗുണങ്ങളും അറിയുക എന്നുള്ളത് ജ്ഞാനവാദത്തിലെ രക്ഷാമാർഗ്ഗങ്ങളിലൊന്നാണ്. ക്രിസ്തീയ പുതിയനിയമത്തിൽ കാണുന്ന പല പേരുകളും ഈ കൂട്ടത്തിൽപെട്ടവയാകാനാണ് വഴി. 'ഇഹലോകത്തിന്റെ പ്രഭുക്കന്മാരും, വായു മണ്ഡലത്തിന്റെ അധിപനും', 'അധികാരങ്ങളും വാഴ്ചകളും' ഒക്കെ ഇക്കൂട്ടത്തിൽ പെട്ടതാണെന്നുവേണം കരുതാൻ.

ഈ പ്രപഞ്ചശക്തികൾ ഈശ്വരനിൽ നിന്ന് വേർപ്പെട്ട് ഈശ്വരശത്രുക്കളായി തീർന്നിരിക്കുന്നുവെന്ന് മാത്രമല്ല, മനുഷ്യൻ ഈശ്വരാംശമാണ്. പക്ഷെ, ഈശ്വരനുമായി സാത്മ്യം പ്രാപിച്ച് രക്ഷിക്കപ്പെടുവാൻ ഈ പ്രപ

ഞ്ചശക്തികൾ തടസ്സമായി നിൽക്കുന്നു. മനുഷ്യനിലുള്ള ഈശ്വരാംശ മായ അഗ്നിസ്ഫുലിംഗം തിന്മ നിറഞ്ഞ മണ്മയമായ ഈ ശരീരത്തിൽ ബന്ധിക്കപ്പെട്ടു കിടക്കുകയാണ്. അതിനെ അവിടെ നിന്ന് രക്ഷപെടുത്തി ഈശ്വരഗേഹമായ സ്വർഗ്ഗത്തിലേക്ക് തിരികെ കൊണ്ടുപോകണം. അതി നാണ് രക്ഷയെന്നു പറയുന്നത്.

അങ്ങിനെ നമ്മെ രക്ഷിച്ച് സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ സ്വർഗ്ഗ ത്തിൽ നിന്ന് ഒരു രക്ഷകൻ വന്ന് ഒരു രഹസ്യജ്ഞാനം നമുക്കുപദേശി ച്ചുതരണം. ആ ജ്ഞാനം എല്ലാവർക്കും ഒരുപോലെ ലഭിക്കുകയില്ല. പ്രത്യേകമായ ആത്മീയ സിദ്ധിയുള്ളവർക്കേ കിട്ടുകയുള്ളു.

വസ്തുമയമായ ശരീരപഞ്ജരത്തെ ക്ഷീണിപ്പിച്ച് പദാർത്ഥ ശരീര ത്തിൽ നിന്നും അകന്ന് ആത്മീയരായിത്തീരുന്നതിനുവേണ്ടി കഠിന തപസ്സു ചെയ്യുന്ന ജ്ഞാനവാദികളുണ്ടായിരുന്നു. പക്ഷേ, കുറെക്കൂടെ പ്രചാരത്തിലിരുന്ന ജ്ഞാനവാദം, ആത്മാവ് രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ശരീരം കൊണ്ട് എന്തു ചെയ്താലും ആത്മാവിന് യാതൊന്നും സംഭവിക്കുകയില്ല എന്നാണ് പഠിപ്പിച്ചിരുന്നത്. അതുകൊണ്ട് എന്തുമാകാം എന്ന് ചിന്തിച്ച് ലൈംഗികമായും മറ്റും യാതൊരു നിയന്ത്രണവുമില്ലാതെ ജീവിച്ചിരുന്ന ജ്ഞാനവാദികളായിരുന്നു ആധികം പേരും.

അപ്പോസ്തോലപ്രവൃത്തികളിലെ 8-ാം അദ്ധ്യായത്തിൽ കാണുന്ന സൈമൺ മാഗസ് ആയിരുന്നു ഈ പ്രസ്ഥാനത്തിന്റെ ജനയിതാവ് എന്നു ചിന്തിക്കുന്നവരുണ്ട്. ഏതായാലും മന്ത്രവാദം, രഹസ്യമന്ത്രങ്ങൾ, രഹസ്യ ചിഹ്നങ്ങൾ ഇവയൊക്കെ അവരുടെയിടയിൽ സർവ്വസാധാരണമായിരുന്നു. സൈമൺ മാഗസിന് അനേക ശിഷ്യന്മാർ ഉണ്ടായിരുന്നതായും അദ്ദേഹ ത്തിന്റെ 'മഹാസന്ദേശം' (Great Tidings) എന്ന സുവിശേഷ ഗ്രന്ഥത്തിന് വളരെ പ്രചാരമുണ്ടായിരുന്നതായും പിതാക്കന്മാർ പറയുന്നു. വെളിപാടു പുസ്തകം 2:6-ൽ കാണുന്ന നിക്കോളായും ഈ വർഗ്ഗത്തിൽപ്പെട്ട ആളാ യിരുന്നിരിക്കണം. രണ്ടാം ശതാബ്ദത്തിലെ ജ്ഞാനവാദികളിൽ പ്രധാ നമായി നമുക്കറിയാവുന്നത് സൈമന്റെ ശിഷ്യനായ മെനാൻഡറിന്റെ ശിഷ്യരെക്കുറിച്ചാണ്. സാററർ നീനസ്, ബാസിലിബീസ്, വാലന്റീനസ്, കാർപ്പോക്രാറ്റീസ്, എപ്പിഫാനീസ്, ഹെറാക്ലിയൺ എന്നിങ്ങനെ പലരെ യുംപറ്റി നമുക്കറിയാം.

ജ്ഞാനവാദത്തിന് ഒരു ക്രിസ്തീയരൂപം കൊടുക്കുകയും, യേശു ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് അതിൽ ഒരു പ്രധാന സ്ഥാനം നൽകി, യേശുവിനെ നമ്മുടെ ആത്മാക്കളെ രക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കൊണ്ടു പോകാൻ വേണ്ടി സ്വർഗ്ഗത്തിൽ നിന്നയയ്ക്കപ്പെട്ട രക്ഷകനായി കരുതി യിരുന്ന ഇവരാണ് ക്രൈസ്തവ ജ്ഞാനവാദം എന്ന വേദവൈപരീത്യ ത്തിന്റെ അപ്പോസ്തോലന്മാർ.

ഈ പുസ്തകത്തിലെ പല വചനങ്ങളും അംഗീകൃത സുവിശേഷ ത്തിൽ തന്നെയുള്ളവയാണ്. മറ്റു പല വചനങ്ങളും നാലു സുവിശേഷ ങ്ങളിലില്ലെങ്കിൽത്തന്നെയും ക്രിസ്തുവിന്റെ യഥാർത്ഥ വചനങ്ങളായി കരുതുന്നതിന് മറ്റു തെളിവുകളുണ്ട്.

തോമായുടെ സുവിശേഷം ഉത്ഭവിച്ചത് 'സേത്തിന്റെ ജ്ഞാനവാദികൾ' (Sethian Gnostics) എന്നൊരു വിഭാഗത്തിലാണെന്നാണ് പണ്ഡിത നിഗ മനം. ജ്ഞാനവാദികളിൽ പലരും പഴയനിയമത്തിലെ ഏതെങ്കിലും ഒരു പ്രധാന പുരുഷനെ തങ്ങളുടെ പ്രഥമ പ്രവാചകനായി കരുതുക പതി വായിരുന്നു. ആദാമിന്റെ പുത്രനായ സേത്തിന്റെ പേരിലറിയപ്പെടുന്ന ജ്ഞാനവാദികളെപ്പോലെ 'കായേന്റെ ജ്ഞാനവാദികളും' 'മെൽക്കിസ ദേക്കിന്റെ ജ്ഞാനവാദി'കളും ഒക്കെയുണ്ടായിരുന്നു.

തോമായുടെ സുവിശേഷത്തിൽ നമ്മുടെ കർത്താവിന്റെ 114 വചന ങ്ങൾ മാത്രമാണ് അടങ്ങിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ ഉത്ഭവ ത്തെയും പശ്ചാത്തലത്തേയും കുറിച്ച് പണ്ഡിതന്മാർ ഇപ്പോഴും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീ. വർഗ്ഗീസ് കളത്തിൽ ഇത്ര ഹൃദ്യ മായ ഒരു മലയാള പരിഭാഷയിൽ ഇതിനെ അനുവാചക സമക്ഷം അവ തരിപ്പിച്ചിരിക്കുന്നത് തികച്ചും അഭിനന്ദനാർഹം തന്നെ.

*(മാർ തോമായുടെ സുവിശേഷം എന്ന ഗ്രന്ഥത്തിന് 3-7-1971-ൽ എഴു തിയ അവതാരിക)*



# ഭാഗം 3

# മലങ്കരസഭ: ചരിത്രവും ജീവിതവും

## 1

# മൈലപ്ര മാത്യൂസ് റമ്പാൻ

മുനിവര്യനായ മൈലപ്ര മാത്യൂസ് റമ്പാൻ കാലയവനികയ്ക്ക് പിറകിൽ പോയിട്ട് ഇന്ന് അഞ്ചു വർഷം തികയുകയാണ്. നാൽപത്തിയെട്ട് വർഷം മുഴുവൻ ഒരു റമ്പാനായി ജീവിച്ച്, സാധാരണ റമ്പാന്മാരിൽ പലപ്പോഴും കാണുന്ന സ്ഥാനമോഹങ്ങളൊന്നുമില്ലാതെ ഏകാന്തതയിലും മൗനവ്രതത്തിലും കാലം കഴിച്ച്, ദൈവസ്നേഹത്തിന്റെ അഗാധമായ അനുഭവം മൂലം അജ്ഞാത പരിശുദ്ധനായി ഉയർന്ന റമ്പാച്ചനോട് എനിക്ക് വലിയ ബഹുമാനമുണ്ട്. ഈ മഹൽജീവിതത്തിന്റെ ഒരു മുകുരമായി അയ്യായിരത്തിലധികം പേജുകളുള്ള സ്വന്ത കൈപ്പടയിലുള്ള ലിഖിതങ്ങളെ നമുക്ക് കാണാം.

ക്രൈസ്തവ സഭയിലെ കിഴക്കൻ പാരമ്പര്യത്തിൽ മൂന്ന് വിവിധ രീതിയിലുള്ള സന്യാസ സമ്പ്രദായങ്ങൾ ഉടലെടുത്തു. ഒന്നാമത്, പരിശുദ്ധനായ അന്തോനിയോസിന്റെ നാമവുമായി ബന്ധിക്കപ്പെടുന്ന ഏകാന്ത സന്യാസം. ഇതിനോട് വളരെ അടുത്തതാണ് മൈലപ്ര റമ്പാച്ചന്റെ സന്യാസ ജീവിതം. ഏകാന്തത, മൗനം, ധ്യാനം, ഉപവാസം എന്നിവയ്ക്കാണ് ഈ സമ്പ്രദായത്തിൽ പ്രാധാന്യം.

രണ്ടാമത്തെ പ്രധാന സന്യാസ പാരമ്പര്യം, ഈജിപ്ഷ്യൻ മണലാരണ്യത്തിൽ തന്നെ ഉടലെടുത്ത് മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിച്ച സാമൂഹ്യ സന്യാസ പ്രസ്ഥാനം തന്നെ. പരിശുദ്ധനായ മാർ പഖോമിയസ് ആണ് ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ. ഏകാന്തവാസികളായ അനേക സന്യാസികളെ ഒരുമിച്ചുചേർത്ത് അവർക്ക് പൊതുവായ ഒരു നിയമവും ജീവിതരീതിയും ഉളവാക്കി, വേണ്ടുന്നിടത്ത് പള്ളികൾ കൂടെ പണിത് അദ്ദേഹം ഒൻപതിലധികം സന്യാസമഠങ്ങൾ സ്ഥാപിച്ചു. അവയിലൊന്ന് സ്ത്രീകൾക്കു വേണ്ടിയുള്ളതായിരുന്നു. ഏകാന്തവാസിയായ സന്യാസിയിൽ കാണപ്പെടുന്ന പല സ്വാർത്ഥ പ്രവണതകൾക്കും ഒരു വ്യവസ്ഥിതിയുള്ള സമൂഹവാസം കൊണ്ടു മാത്രമേ അറുതി വരികയുള്ളു എന്നായിരുന്നു, പരിശുദ്ധനായ പഖോമിയോസിന്റെ ഉപദേശം. സ്വന്തമായി ഒന്നുമില്ലാതെ, എല്ലാം സമൂഹത്തിൽ അർപ്പിച്ച്, ദൈവാശ്രയത്തിലും, താഴ്മയിലും അനുസരണത്തിലുമുള്ള ഒരു ജീവിതരീതിയായിരുന്നു പരിശുദ്ധ പഖോമിയോസിന്റെ സന്യാസ പ്രസ്ഥാനം. സന്യാസിക്ക് അവന്റേതായ സ്വാതന്ത്ര്യം ഉണ്ട്. രഹസ്യ പ്രാർത്ഥനാ സമ്പ്രദായത്തിലും, ഭക്ഷണക്രമത്തിലും, വസ്ത്രധാരണാരീതിയിലും, ഐകരൂപ്യം സ്ഥാപിക്കുവാൻ പരിശുദ്ധ പഖോമിയോസ് ശ്രമിച്ചതേയില്ല. ഈ പ്രസ്ഥാനം ഈജിപ്റ്റിൽ

ഉടലെടുത്ത് അധികം താമസിയാതെ എത്യോപ്യയിലും ന്യൂബിയയിലും (സുഡാൻ) സിറിയയിലും, പലസ്തീനിലും വ്യാപിച്ചു. നാലും അഞ്ചും ശതാബ്ദങ്ങളിലെ ക്രൈസ്തവ സഭയുടെ അദ്ധ്യാത്മികത അധികവും ഉടലെടുത്തത് ഈ പ്രസ്ഥാനത്തിൽ നിന്നാണ്.

മൂന്നാമത്തെ സവിശേഷ സന്യാസ സമ്പ്രദായം പരിശുദ്ധനായ മാർ ബസേലിയോസ് ഇന്നത്തെ ഏഷ്യാമൈനറിൽ സ്ഥാപിച്ച സമ്പ്രദായ മാണ്. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും, സാമൂഹ്യ ശിക്ഷണത്തിനും ഒരുപോലെ പ്രാധാന്യം നൽകിയ ഈ സന്യാസ സമ്പ്രദായത്തിന്റെ ഒരു പ്രത്യേകത, എല്ലാ സന്യാസിമാരും സ്വന്ത കൈകളുടെ അദ്ധ്വാനഫലം കൊണ്ട് ചുറ്റുമുള്ള പാവപ്പെട്ടവരെ പോഷിപ്പിക്കുകയും ഉയർത്തുകയും ചെയ്യണമെന്നുള്ളതായിരുന്നു. ചുറ്റുമുള്ള സമൂഹത്തിന്റെ എല്ലാ പ്രശ്ന ങ്ങളേയും പരിഹരിക്കുവാൻ പരിശുദ്ധ ബസേലിയോസും സഹസന്യാ സിമാരും ഉറ്റു ശ്രമിച്ചു. ഉദാഹരണമായി, ഒരു നാട്ടിൽ ഭക്ഷണക്ഷാമം വരുമ്പോൾ അവിടെയുള്ള ലാഭമോഹികളായ വ്യാപാരികൾ ധാന്യം പൂഴ്ത്തിവച്ച് അതിന് വില കൂട്ടുക എന്നുള്ളത് അന്നും സാധാരണമായി രുന്നു. അങ്ങനെ വരുമ്പോൾ, പരിശുദ്ധ ബസേലിയോസ് തന്നെ ഈ വ്യാപാരികളെ അഭിമുഖീകരിച്ച്, പൂഴ്ത്തി വച്ചിരിക്കുന്ന ധാന്യം പുറത്തെ ടുപ്പിച്ച് കുറഞ്ഞ വിലയ്ക്ക് വിൽക്കുവാൻ തന്റെ വലിയ സ്നേഹവും വാചാലതയും അദ്ദേഹം ഉപയോഗിച്ചു. സന്യാസിമാർ ആറ്റിൽ മീൻ പിടി ക്കുവാൻ പോയി കിട്ടുന്ന മീൻ സ്വയം ഉപയോഗിക്കാതെ, പാവപ്പെട്ടവ രുടെ കുടുംബങ്ങളിൽ കൊണ്ടുപോയി കൊടുക്കുക എന്നുള്ളത് ബസേ ലിയൻ സന്യാസിമാരുടെയും പ. ബസേലിയോസിന്റെ തന്നെയും ഒരു പതിവായിരുന്നു.

പിൽക്കാലത്തുണ്ടായ സന്യാസ പ്രസ്ഥാന വ്യതിയാനങ്ങൾ ഈ മൂന്ന് സമ്പ്രദായങ്ങളുടെ പരസ്പര സങ്കലനമായിരുന്നു. സിറിയൻ സന്യാസ പ്രസ്ഥാനത്തിൽ ഗുഹാവാസത്തിനും, ഏകാന്തതയ്ക്കും, മൗനത്തിനും പ്രത്യേക പ്രാധാന്യം നൽകി. എന്നാൽ അതോടൊപ്പം തന്നെ, ഈ മൂന്ന് പ്രസ്ഥാനങ്ങളിലും ഇല്ലാതിരുന്ന നാടകീയങ്ങളായ ആത്മനിയന്ത്രണ അട വുകളും രൂപംകൊണ്ടു. കല്ലു കൊണ്ട് തൂണു കെട്ടി, തൂണിന്റെ മുക ളിൽ ഇരുന്ന് തപസു ചെയ്തുകൊണ്ടിരുന്ന ശെമവൂൻ ദെസ്തുനോയോ യെപ്പോലുള്ള സന്യാസിമാർ സിറിയയിൽ ഉണ്ടായി. ഉറങ്ങുകയോ, ഭക്ഷി ക്കുകയോ ചെയ്യാതെ ഒറ്റക്കാലിൽ നിന്നുകൊണ്ട് തപസു ചെയ്യുന്ന സന്യാ സിമാരും സിറിയയിലാണ് കാണപ്പെട്ടത്. ഇരുപത്തിനാലു മണിക്കൂറും രണ്ടോ, മൂന്നോ ഗ്രൂപ്പുകൾ മാറിമാറി ഇടരാതെ ദൈവസ്തോത്രം ചെയ്യുന്ന ഈറേന്മാർ അഥവാ ഉണർന്നിരിക്കുന്നവർ എന്ന് പറയുന്ന സന്യാസപ്രസ്ഥാനവും സിറിയയിൽ ഉടലെടുത്തു. ഇതൊക്കെയായാലും

ആദ്യം പറഞ്ഞ മൂന്ന് പ്രസ്ഥാനങ്ങൾ, അതായത് അന്തോനിയോസ്, പഖോമിയോസ്, ബസേലിയോസ് എന്നിവർ സ്ഥാപിച്ച മൂന്ന് പ്രസ്ഥാനങ്ങൾ ആണ് പൗരസ്ത്യ സന്യാസ പാരമ്പര്യത്തിന്റെ അടിസ്ഥാനം. ഇവയിൽ ഒന്നും രണ്ടും രീതികളുടെ ഒരു സങ്കലനമായിരുന്നു മൈലപ്ര റമ്പാച്ചന്റേത്. താൻ തന്നെ സമൂഹശിക്ഷണത്തിന് വിധേയനായി വളരെക്കാലം ജീവിച്ചില്ലെങ്കിലും തന്റെ അന്തേവാസികളായ കുറെ സന്യാസികളെ ഒരു സാമൂഹ്യ ശിക്ഷണത്തിൽ കൂടെ അദ്ദേഹം വളർത്തിയെടുത്തു. എന്നാൽ യഥാർത്ഥത്തിൽ അദ്ദേഹം അന്തോനിയോസ് വ്രതക്കാരനായ ഒരു ഏകാന്ത സന്യാസി (യീഹിദോയൊ) ആയിരുന്നു.

യിഹിദോയോയും ദയറോയോയും കിഴക്കൻ സന്യാസ പ്രസ്ഥാനത്തിലെ രണ്ട് ശാഖകളായിരുന്നു. 'ദയറോ' എന്ന് പറഞ്ഞാൽ ഭവനം എന്നാണർത്ഥം. സന്യാസാശ്രമങ്ങൾ ദൈവഭവനങ്ങളായിട്ടാണ് കരുതപ്പെട്ടിരുന്നത്. അതിൽപ്പെടാത്തവരെ, 'ഓലാം' അഥവാ ലോകം അവരുടെ അധിവാസസ്ഥലമായിരുന്നതുകൊണ്ട് 'ഒൽമോയേ' എന്ന് അഭിസംബോധന ചെയ്തു. 'അൽമായക്കാരൻ' എന്നു പറഞ്ഞാൽ ലോകവാസി അല്ലെങ്കിൽ ദയറാവാസി അല്ലാത്തവൻ എന്നാണർത്ഥം. അല്ലാതെ വൈദികനല്ലാത്തവൻ  എന്നർത്ഥമില്ല.

എന്നാൽ ദയറാവാസികളായവരിൽ തന്നെ ചില പ്രത്യേക വ്യക്തികൾക്ക് ദയറായുടെ ഒരു മൂലയിൽ തന്നെയോ, അല്ലെങ്കിൽ കാട്ടിലോ, ഗുഹയിലോ പോയിരുന്ന് ഏകാന്തതപസ് ചെയ്യുന്നതിനുള്ള അനുവാദം ദയറായിൽ നിന്നു തന്നെ കൊടുക്കുമായിരുന്നു. കുറെ വർഷങ്ങൾ ഏകാന്ത തപസ് ചെയ്തിട്ട്, ആ സന്യാസി വീണ്ടും ദയറായിലേക്ക് തിരികെ വരികയും ചെയ്യുക പതിവായിരുന്നു. ഏകാന്തവാസത്തിന്റെ പ്രധാന പരിമിതി, സമൂഹ പ്രാർത്ഥനയിലും പരിശുദ്ധ കുർബാനയിലും പതിവായി സംബന്ധിക്കുവാനുള്ള സാധ്യത പലപ്പോഴും ഇല്ലായിരുന്നു എന്നുള്ളതാണ്.

നമ്മുടെ മൈലപ്ര റമ്പാച്ചൻ ഏകാന്തവാസിയും, മുനിയും ആയിരുന്നുവെങ്കിലും അതോടുകൂടെ തന്നെ സമൂഹ പ്രാർത്ഥനയ്ക്കും പരിശുദ്ധ കുർബാനയ്ക്കും അദ്ദേഹം ഉയർന്ന സ്ഥാനം കൽപിച്ചു.

മാത്രമല്ല, ഒരു നല്ല സന്യാസിയുടെ പ്രത്യേകതകളിൽ പ്രധാനമായിട്ടുള്ളത്, അളവില്ലാത്ത താഴ്മയും, കളങ്കമില്ലാത്ത ശിശുതുല്യമായ ശുദ്ധതയുമാണ്. ഇത് രണ്ടിലും റമ്പാച്ചൻ ആരുടെയും പിറകിലായിരുന്നില്ല. മറ്റൊരു ഗുരുവിന്റെ ശിക്ഷണത്തിന് കീഴ്പെട്ട് താഴ്മയും മറ്റും അഭ്യസിക്കുവാൻ അദ്ദേഹത്തിന് അവസരം കിട്ടിയില്ലെങ്കിലും താഴ്മയും ശുദ്ധതയും അദ്ദേഹം സ്വയം അഭ്യസിച്ചു. നിഷ്കളങ്കമായ ഒരു മനസ്സാണ് റമ്പാച്ചനുണ്ടായിരുന്നതെന്ന് എന്റെ അറിവിൽ നിന്ന് എനിക്ക് പറയുവാൻ

കഴിയും. എനിക്ക് അദ്ദേഹത്തോടുണ്ടായിരുന്ന വലിയ ബഹുമാനത്തിന്റെ അടിസ്ഥാനം, ഈ ശുദ്ധതയും, താഴ്മയും അദ്ദേഹത്തിന്റെ ഇടതോരാത്ത പ്രാർത്ഥനാശീലവുമായിരുന്നു. അങ്ങനെയുള്ള സന്യാസിമാർ നമ്മുടെ സഭയിൽ ഇന്നും അധികമില്ല. പ. പരുമല തിരുമേനിയെപ്പോലെ പണ്ഡി തനൊന്നുമായിരുന്നില്ല മൈലപ്ര റമ്പാച്ചൻ. പക്ഷേ, പ്രാർത്ഥനയിലും ഉപവാസത്തിലും പരുമലത്തിരുമേനിയെപ്പോലെ തന്നെ അത്യുൽസുക നും, നിഷ്ഠയുള്ളവനുമായിരുന്നു റമ്പാച്ചൻ.

എനിക്ക് വ്യക്തിപരമായി പലപ്പോഴും പ്രചോദനം പകർന്നു തന്നി ട്ടുള്ള റമ്പാച്ചനെ ഈ അഞ്ചാം വാർഷികത്തിൽ ഞാൻ പ്രത്യേകം സ്നേഹബഹുമാനപുരസ്സരം അനുസ്മരിക്കുന്നു. എന്റെ ഏറ്റവും താഴ്മ യോടു കൂടിയുള്ള ഉപഹാരബലിയെ ആ തൃപ്പാദങ്ങളിൽ ഞാൻ അർപ്പി ക്കുന്നു. എനിക്കു വേണ്ടിയും, എന്റെ സഭയ്ക്കുവേണ്ടിയും, എന്റെ ലോക ത്തിനു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണമേ എന്ന് ആ പുണ്യ പുരു ഷനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

*(ഓർത്തഡോക്സ് യൂത്ത്, 1996 സെപ്റ്റംബർ)*



# 2

# സഭയും സമാധാനവും

## സമാധാനത്തെപ്പറ്റി ചില ചിന്തകൾ

അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമേനി അന്തരിച്ചു. വിശാലഹൃദയനായ ഒരു തിരുമേനി പാത്രിയർക്കീസ് ഭാഗത്തെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടു സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, സഭാ സമാധാനത്തെപ്പറ്റിയുള്ള പുതിയ പ്രത്യാശകൾ ചില യുവഹൃദയങ്ങളിലെങ്കിലും അങ്കുരിക്കുന്നെങ്കിൽ അതു തികച്ചും സ്വാഭാവികമാണല്ലോ.

നാമൊരു പുതിയ സമാധാനോദ്യമത്തിനു തയ്യാറാകേണ്ടുന്ന കാലമാണോ ഇത്? പലരും എനിക്കിങ്ങനെ എഴുതി അയയ്ക്കുന്നുണ്ട്. ഇത്തരുണത്തിൽ നാം ചിന്തിക്കേണ്ടുന്ന ഒന്നുരണ്ടു കാര്യങ്ങളെ വിനീതമായി, പ്രാർത്ഥനാപൂർവ്വം ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു.

### സമാധാനമെന്തിന്?

നാം എന്തെങ്കിലുമൊരു കാര്യത്തിനായി ആഗ്രഹിക്കുമ്പോൾ, ആ കാര്യത്തിനു സ്വതസ്സിദ്ധമായിട്ടുള്ള ഗുണത്തിനു പുറമെ നമ്മുടെ ആഗ്രഹത്തിന്റെ ഉദ്ദേശ്യശുദ്ധി കൂടെ കണക്കാക്കിയാലേ അതു നല്ലതാണൊ ചീത്തയാണൊ എന്നു തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

സമാധാനത്തിന്റെ എതിരാളികളുടെ ഉദ്ദേശ്യശുദ്ധിയെ നാം പലപ്പോഴും ചോദ്യം ചെയ്യാറുണ്ട്. സ്ഥാനമോഹം, വസ്തുക്കൾ നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയം, ഇങ്ങനെയുള്ള ദുരുദ്ദേശ്യങ്ങളാണ് നാം അവരിൽ ആരോപിക്കുന്നത്. അതേസമയത്ത് സമാധാനകാംക്ഷികളായ നമ്മുടെ ഉദ്ദേശ്യങ്ങൾ കറയറ്റവയാണോ? സാധാരണ പ്രസംഗങ്ങളിലെല്ലാം കേൾക്കുന്ന ഒരു കാര്യമാണ് സമാധാനമുണ്ടായില്ലെങ്കിൽ നമ്മുടെ ആളുകളെല്ലാം റീത്തിൽ പോകുമെന്നുള്ളത്. റീത്തിൽ പോകുന്നതിൽ നമുക്കുള്ള വിരോധമെന്താണ്? നമ്മുടെ വിഭാഗത്തിന്റെ സംഖ്യാബലം നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയം. അങ്ങനെ നമുക്കിപ്പോഴുള്ള സ്വാധീനശക്തി നഷ്ടപ്പെട്ടു പോകുമെന്നുള്ള ആശങ്ക. നമ്മുടെ സ്വന്ത മഹത്വത്തിനു ഹാനി ഭവിക്കുമെന്നുള്ള പേടി.

ഇതൊക്കെ പരിശുദ്ധങ്ങളായ കാര്യങ്ങളാണോ? എനിക്കു വളരെ സംശയമുണ്ട്. നമ്മുടെ സംഖ്യാബലത്തേയും സ്വാധീനശക്തിയേയും മഹത്വത്തേയും സംരക്ഷിക്കുന്നതിനുള്ള ഒരുപകരണമായി നാം സഭയെ

ഉപയോഗിക്കുന്നപക്ഷം സഭയ്ക്കു ജീവിക്കുവാനുള്ള അർഹതയില്ലാതായിത്തീരുകയാണ് ചെയ്യുന്നത്. ദൈവത്തെ നമ്മുടെ സ്വന്ത മഹത്വത്തിനു ഉപയോഗിക്കുകയെന്ന മഹാപാപത്തിൽ നാം വീഴുകയാണു ചെയ്യുന്നത്.

## സമാധാനവും അഭിമാനവും

മറ്റു ചിലരുടെ മനസ്സിൽ കിടക്കുന്ന പ്രധാന ഉദ്ദേശ്യം "നാമെന്തിന് ഈ ശീമക്കാരുടെ അടിമകളായിക്കിടക്കുന്നു? നമ്മുടെ കാര്യം നോക്കാൻ നമുക്കറിഞ്ഞുകൂടെ?" എന്നുള്ള ചിന്തയാണ്.

വളരെ ശരിയാണ്. ഭാരതീയ ക്രിസ്ത്യാനികൾക്കു നേതൃത്വം നൽകുവാനുള്ള കഴിവ് സിറിയായിലെ സഭയ്ക്കില്ലെന്നു സിറിയായിലും പലസ്തീനിലും കുറെ ആഴ്ചകൾ കഴിച്ചുകൂട്ടിയതു കൊണ്ട് എനിക്കു വളരെ ബോദ്ധ്യമായിട്ടുണ്ട്.

പക്ഷേ, രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ മാതൃകയിൽ സഭാസ്വാതന്ത്ര്യത്തെപ്പറ്റി നാം ചിന്തിക്കുന്നത് അബദ്ധമാണ്. ഇംഗ്ലീഷുകാർ നമ്മെ ചൂഷണം ചെയ്തുകൊണ്ടിരുന്നു. നമുക്ക് നമ്മുടെ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നതിന് അവർ പ്രതിബന്ധമായിരുന്നു. അതുകൊണ്ടു സ്വാതന്ത്ര്യം ഭാരതത്തിനാവശ്യമായി വന്നു.

സഭാസ്വാതന്ത്ര്യം അതുപോലെ അല്ല. സിറിയായിലെ സഭാംഗങ്ങൾ നമ്മുടെ സഹോദരങ്ങളാണ്. അവിടത്തെ പാത്രിയർക്കീസുബാവായും മെത്രാന്മാരും മലങ്കരയിലെ പ്രതിനിധിയും ഒക്കെ നാമുൾപ്പെട്ടു നിൽക്കുന്ന സഭയിലെ ആത്മീയ പിതാക്കന്മാരാണ്. അല്ലാതെ നമ്മെ ചൂഷണം ചെയ്യുന്ന ഒരു എതിർശക്തിയൊന്നുമല്ല. അവരുടെ നിയന്ത്രണത്തിൽ നിന്നും നാം സ്വാതന്ത്ര്യം കാംക്ഷിക്കുന്നതു നമ്മുടെ അഭിമാനത്തിനു വേണ്ടിയൊന്നുമല്ല. പ്രത്യേകമായും രണ്ടു കാരണങ്ങളെക്കൊണ്ടാണ്.

ഒന്നാമത്, ഭാരത ക്രൈസ്തവസഭയുടെ ഒരു വിപൽഘട്ടത്തിൽ സിറിയായിലെ സഭ നമ്മെ വളരെ സഹായിച്ചുവെങ്കിലും, ഇന്നു നമ്മുടെ പ്രശ്നങ്ങളെയും പ്രയാസങ്ങളെയും മനസ്സിലാക്കി ശരിയായ നേതൃത്വം നൽകുവാനുള്ള കഴിവൊ അവകാശമൊ അവർക്കില്ലെന്നുള്ളതാണ്. ഒരു രാജ്യത്തെ സഭ മറ്റൊരു രാജ്യത്തെ സഭയെ സഹായിക്കണമെന്നല്ലാതെ ഭരിക്കണമെന്നു നമ്മുടെ കർത്താവ് ഉദ്ദേശിക്കുന്നില്ല. സിറിയായിലെ സഭ മലങ്കരയെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതു തെറ്റാണ്. സിറിയായിലെ സഭ ഇവിടെനിന്നും വിട്ടുമാറിയാൽ യഥാർത്ഥ ക്രൈസ്തവവിശ്വാസം ഇവിടെ നശിച്ചുപോകുമെന്നുള്ള ഭയത്തിനു കാരണമുണ്ടായിരുന്നിടത്തോളം കാലം, അവർ എത്ര എതിർപ്പു സഹിച്ചും ഇവിടെ നിന്ന് നമ്മെ നയിക്കേണ്ടുന്ന ആവശ്യമുണ്ടായിരുന്നു. ഇന്ന് അവർ ചെയ്യേണ്ടത് വിശ്വാ

സത്തിന്റെ ചുമതല ഇവിടെയുള്ള 14 മെത്രാന്മാരെ ഏല്പിച്ചിട്ട്, ഇവിടെ നിന്നും മാറിത്തരികയാണ്.

രണ്ടാമത്, ഭാരതത്തിൽ ഇന്നുൽഭൂതമായിട്ടുള്ള പുതിയ പരിതസ്ഥിതിയിൽ, വിദേശത്തുള്ള ഒരു സഭയുടെ ശാഖയായി മാത്രമിരിക്കുന്ന ക്രൈസ്തവസഭയ്ക്ക്, സഭയുടെ പ്രവർത്തനങ്ങളെ വിജയത്തോടുകൂടെ നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. സ്വതന്ത്രമായ ഒരു പദ്ധതിയുണ്ടാക്കി, വിശ്വാസത്തിൽ മാത്രം പരിഷ്ക്കാരങ്ങളൊന്നും വരുത്താതെ ധൈര്യപൂർവ്വം മുമ്പോട്ടുപോകേണ്ട ചുമതലയാണ് നമുക്കുള്ളത്. അതിനു നാം സംഘടിച്ച്, സ്വതന്ത്രമായി, നല്ല നേതൃത്വത്തിൻകീഴിൽ നിൽക്കേണ്ടിയിരിക്കുന്നു. സഭാസമാധാനം മൂലം സംഘടനയും സ്വാതന്ത്ര്യവും സംസിദ്ധമാകും. പക്ഷേ, നല്ല നേതൃത്വം കൂടി ഇല്ലെങ്കിൽ ഈ സമാധാനം കൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകയില്ല.

### സമാധാനം സംരക്ഷിക്കണം

ദൈവകാരുണ്യത്താൽ സമാധാനം സംസിദ്ധമായാൽത്തന്നെ അതിനെ സംരക്ഷിക്കുവാൻ നമുക്കു കഴിയുമെന്നെന്താണുറപ്പ്? സഭയിൽ അസമാധാനവും കക്ഷിവഴക്കുമൊക്കെ വരുത്തിവച്ച കാരണങ്ങൾ ഇന്നും നമ്മുടെ ഇടയിൽ നിന്ന് നീങ്ങിപ്പോയിട്ടില്ല.

വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സമുദായത്തിന്റെയും മഹത്വത്തിന്റെ ഉപാധിയായി സഭയെ പരിഗണിക്കുന്ന തെറ്റായ ചിന്താഗതി, നമ്മുടെ ഇടയിൽ ഇപ്പോഴും ധാരാളമുണ്ട്. സഭാമേലദ്ധ്യക്ഷന്മാർ പോലും സമുദായവും സഭയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാനുള്ള അശക്തി കാണിക്കുന്ന പ്രസംഗങ്ങൾ ധാരാളമായി പറയുന്നതു പലപ്പോഴും കേട്ടിട്ടുണ്ട്. നേതൃത്വത്തിനുള്ള മത്സരങ്ങളും അവരുടെ ഇടയിൽ ധാരാളം കണ്ടിട്ടുണ്ട്. ഇതൊക്കെയിരിക്കുമ്പോൾ സമാധാനം കരഗതമായാലും പുതിയ വഴക്കുകളുണ്ടാകയില്ലേ?

സമാധാനം സംരക്ഷിക്കുവാനും ഉപയോഗിക്കുവാനുമുള്ള കഴിവു നമുക്കില്ലെങ്കിൽ ദൈവം നമുക്കു സമാധാനം നൽകുമോ?

### സഭയും സമുദായവും

'മലങ്കരസഭ'യും 'സുറിയാനി സമുദായ'വും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നുള്ള അബദ്ധധാരണയാണ് നമ്മിൽ പലർക്കുമുള്ളത്. 'സമുദായ'ത്തിന്റെ വർദ്ധനയ്ക്കും പ്രതാപത്തിനും വേണ്ടിയാണ് നാം പള്ളി പണിയുന്നതും കാതോലിക്കാദിനപ്പിരിവു പിരിക്കുന്നതും, സ്ക്കൂളും കോളജും കെട്ടിയുണ്ടാക്കുന്നതുമൊക്കെ.

എന്നാൽ സഭയും സമുദായവും തമ്മിലുള്ള വ്യത്യാസം വളരെ സാര മായിട്ടുള്ളതാണ്. ഈ വ്യത്യാസം മനസ്സിലാക്കിയെങ്കിലേ നമ്മുടെ സഭാ സമാധാനത്തിനുവേണ്ടി ദൈവാനുകൂല്യത്തോടുകൂടെ പ്രവർത്തിക്കുവാൻ നമുക്കു സാധിക്കൂ.

സമുദായമെന്നു പറയുന്നത്, താൽപ്പര്യങ്ങളിൽ ആനുരൂപ്യമുള്ള കുറെ ആളുകൾ, മറ്റുള്ളവർക്കെതിരായി തങ്ങളുടെ അവകാശങ്ങളെയും ആവ ശ്യങ്ങളെയും പിടിച്ചു പറ്റുന്നതിനായി, വ്യക്തികൾ ഒറ്റതിരിഞ്ഞു നിൽക്കു ന്നത് ബലഹീനതയാണെന്നുള്ള ബോദ്ധ്യത്തോടു കൂടിയുണ്ടാക്കുന്ന സംഘടനയാണ്. സഭയാകട്ടെ, യഹൂദനിൽനിന്നും, പുറജാതിക്കാരിൽ നിന്നും, ഒരുപോലെ വിളിക്കപ്പെട്ട്, സ്വന്തം താൽപ്പര്യങ്ങളെയും ആഗ്രഹ ങ്ങളെയും അവകാശങ്ങളെയും ബലികഴിച്ച്, പുറജാതിക്കാരനെയും, യഹൂ ദനെയും സുറിയാനിക്കാരനെയും, ഇന്ത്യാക്കാരനെയും, നായരെയും, നസ്രാണിയെയും ഒരുപോലെ സ്നേഹിച്ച്, അവരെ കർത്തൃസ്നേഹത്തി ലേക്കു വഴി നടത്തുവാനും, കർത്തൃവിശ്വാസത്തിൽ വളർത്തിക്കൊണ്ടു വരുവാനും; ബലഹീനനെ ശക്തിപ്പെടുത്താനും, നഗ്നനെ ഉടുപ്പിക്കാനും വേണ്ടി ദൈവംതമ്പുരാനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മഹാസ്ഥാപനമാണ്.

സമുദായം അതിന്റെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്തില്ലെ ങ്കിൽ അതു നശിച്ചുപോകുമെന്നുള്ള ഭയത്തിലാണ് ജീവിക്കുന്നത്. കോട തിയിൽ പോകുന്നതും വടിയും വാക്കത്തിയുമെടുത്ത് പടവെട്ടുന്നതു മൊക്കെ ഈ ഭയം കൊണ്ടാണ്.

സഭയ്ക്കാകട്ടെ, അങ്ങനെയുള്ള ഭയങ്ങളൊന്നുമില്ല. യഥാർത്ഥമായ വിശ്വാസവും ആരാധനയും സേവനസന്നദ്ധതയുമുള്ള സഭയ്ക്കു ലോക ത്തിലുള്ള യാതൊരു ശക്തിയേയും ഭയമില്ല. ആരുമായും സമരം ചെയ്യേ ണ്ടുന്ന ആവശ്യമതിനില്ല. അതു സ്വന്ത മഹത്വത്തെ കാംക്ഷിക്കുന്നില്ല. സുവിശേഷപ്രഖ്യാപനത്തിലും ആരാധനയിലും സേവനത്തിലും കൂടെ ദൈവത്തിന്റെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുകയാണ് അതിന്റെ കർ ത്തവ്യം.

* * * * * * * * * * * *

ഇന്ന് നമ്മുടെ സഭയിൽ സമാധാനത്തേക്കാൾ അത്യാവശ്യമായിട്ടു ള്ളത് താഴെപറയുന്ന മൂന്നു കാര്യങ്ങളാണ്.

a) **യഥാർത്ഥമായ ആരാധന**

സഭയൊന്നാകെ കർത്തൃദിവസത്തിൽ ഒരുമിച്ചുകൂടി പരിശുദ്ധ കുർബ്ബാ നയിൽ കൂടെ ദൈവത്തിനു ബലിയായി തങ്ങളെത്തന്നെ അർപ്പിക്കുകയും കർത്താവായ യേശുമിശിഹാ തന്റെ ജീവനെ (തിരുശരീര രക്തങ്ങളെ)

നമുക്കു നൽകുന്നതിനെ നാം സ്വീകരിച്ച് തനിക്കുവേണ്ടി നാം വേല ചെയ്യുകയും ജീവിക്കുകയും ചെയ്യുക എന്നതാണ് സത്യാരാധന (റോമാ ലേഖനം 12:1–2). അതോടുകൂടെത്തന്നെ കുടുംബപ്രാർത്ഥനയും വ്യക്തികളുടെ ആരാധനാജീവിതവും വളർന്നുവരണം.

b) **യഥാർത്ഥ സേവനം**

സേവനോന്മുഖങ്ങളായ സ്ഥാപനങ്ങൾ ഓരോ ഇടവകയിലും സഭയിലാകെയുമുണ്ടായി, പ്രയാസത്തിലിരിക്കുന്നവരെ സഹായിക്കുക എന്ന ക്രിസ്തീയ കൃത്യനിർവ്വഹണത്തിൽ നാം ജാഗരൂകരാകുക. കുരിശിൻ തൊട്ടി പണിയുന്നതിനേക്കാൾ ഒരു ചെറിയ ആശുപത്രി പണിയുന്നതാണ് ക്രിസ്തീയ കർത്തവ്യം.

c) **സുവിശേഷ പ്രഖ്യാപനം**

യഥാർത്ഥ ആരാധനയും യഥാർത്ഥ സേവനോന്മുഖതയും ഉള്ള ഒരു ഇടവകയ്ക്ക് ക്രിസ്തുവിനെപ്പറ്റി പ്രഖ്യാപിക്കുവാൻ പ്രയാസം തോന്നുകയില്ല. തന്റെ അത്ഭുതാവഹമായ സ്നേഹത്തെ നമ്മുടെ ഇടവകയിൽത്തന്നെയുള്ള ആളുകളോടു പറയുവാൻ നമുക്കു സാധിക്കണമെങ്കിൽ, ആ സ്നേഹത്തെ നാം ആരാധിക്കുകയും പ്രവൃത്തിയിൽകൂടെ വ്യക്തമാക്കുകയും ചെയ്യണം.

ഓരോ ഇടവകയിലും ഈ മൂന്നു പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം കൊടുക്കാമെങ്കിൽ സമാധാനം താനെ കരഗതമായിക്കൊള്ളും. ക്രിസ്തുവിന്റെ ഇഷ്ടം പ്രവർത്തിക്കുവാൻ വിമുഖതയുള്ളിടത്താണ് അസമാധാനം കളിയാടുന്നത്. തന്റെ ഹിതം പ്രവർത്തിക്കുന്ന സഭ തന്റെ ശരീരമായിത്തീരുന്നു. അസമാധാനപ്പിശാചിന് അവിടെ സ്ഥാനമൊന്നുമില്ലല്ലോ.

(ചർച്ച് വീക്ക്ലി, ആഗസ്റ്റ് 25, 1957)

# 3

# സുപ്രീംകോടതി വിധിയും സഭാസമാധാന സാധ്യതകളും

ഈ ഭൂരിപക്ഷ വിധിയുടെ പ്രാധാന്യത്തെ സംബന്ധിച്ചും ഉടനെ ചെയ്യേണ്ടിയിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചും വ്യക്തിപരമായ ചില നിരീക്ഷണങ്ങൾ താഴെപ്പറയുംപ്രകാരം കൂട്ടിച്ചേർക്കുവാൻ ആഗ്രഹിക്കുന്നു.

1. ഈ വിധിപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭ ഭാഗമായിട്ടുള്ള സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനാകുന്നു. ഇത് മലങ്കരസഭയുടെ ഭരണഘടനയിൽ അംഗീകരിച്ചിട്ടുള്ളതും അതിനെക്കുറിച്ച് തർക്കമില്ലാത്തതുമാകുന്നു. എന്നാൽ പാത്രിയർക്കീസിന് സ്ഥാനബഹുമാനങ്ങൾക്കപ്പുറമായി കാതോലിക്കോസിനുമേൽ അധികാരമോ മേൽസ്ഥാനീയതയോ ഇല്ല. അവരുടെ അധികാരപരിധികൾ വളരെ വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുള്ളതും ഒരാൾക്ക് മറ്റൊരാളുടെ അധികാരപരിധിയിൽ ഇടപെടുവാൻ അവകാശമില്ലാത്തതുമാകുന്നു.

2. 1912-ലെ കാതോലിക്കേറ്റ് പുനഃസ്ഥാപനം, സാഹചര്യങ്ങളിൽ കാര്യമായ ഒരു വ്യതിയാനം ഉണ്ടാക്കിയിട്ടുണ്ട്. പ. മൂറോൻ കൂദാശ ഉൾപ്പെടെയുള്ള എല്ലാ അധികാരങ്ങളും പാത്രിയർക്കീസിൽ നിന്ന് കാതോലിക്കായിലേക്ക് മാറ്റപ്പെട്ടു. തന്നിമിത്തം കാതോലിക്കോസിന്റെ അനുവാദത്തോടും മലങ്കരസഭാ അസോസിയേഷന്റെ സഹകരണത്തോടും 1934-ലെ ഭരണഘടനയ്ക്കനുസൃതമായും മാത്രമേ പാത്രിയർക്കീസിനു മലങ്കരയിൽ തന്റെ അധികാരങ്ങൾ ഉപയോഗിക്കാൻ സാധിക്കുകയുള്ളു.

3. കാതോലിക്കോസിന്റെ മരണമോ വിരമിക്കലോ ഉണ്ടാകുമ്പോൾ ഒരു പുതിയ കാതോലിക്കോസിനെ തിരഞ്ഞെടുക്കുവാനും വാഴിക്കാനുമുള്ള പൂർണ്ണമായ അവകാശം മലങ്കരസഭയിലെ മേൽപ്പട്ടക്കാരിൽ നിക്ഷിപ്തമാണ്. അതുകൊണ്ട് കാതോലിക്കോസ്, മെത്രാപ്പോലീത്തന്മാർ എന്നിവരുടെ തിരഞ്ഞെടുപ്പ്, വാഴിക്കൽ (സ്ഥാനാരോഹണം) എന്നിവയ്ക്ക് മറ്റുള്ളവരെ ആശ്രയിക്കുന്നതിൽ നിന്നും മലങ്കരസഭ പൂർണ്ണമായി സ്വതന്ത്രമായിരിക്കുന്നു.

4. മലങ്കരസഭയുടെ ഭരണഘടന മലങ്കരസഭയിലെ എല്ലാ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും മുൻ പാത്രിയർക്കീസ് വിഭാഗത്തിന് കൂടിയും പൂർണമായും ബാധകമാണ്. മലങ്കരസഭയുടെ ഭരണകാര്യങ്ങളെ സംബ

ന്ധിച്ചിടത്തോളം പാത്രിയർക്കീസിനും ഈ ഭരണഘടന ബാധകമാണ്.

5. ഇഗ്നാത്തിയോസ് യാക്കൂബ് പാത്രിയർക്കീസ് 1958 ഡിസം. 9-ലെ കല്പനപ്രകാരം ബസേലിയോസ് ഗീവറുഗീസ് കാതോലിക്കോസിനെ അംഗീകരിക്കുക വഴി തന്റെ മുൻഗാമിയായ അബ്ദുൽ മ്ശിഹാ പാത്രിയർക്കീസിനാൽ 1912-ൽ എല്ലാ പാത്രിയർക്കാ അധികാരങ്ങളോടും കൂടി, ഭാരതത്തിൽ സ്ഥാപിച്ച കാതോലിക്കേറ്റിന്റെ സാധുതയെ അംഗീകരിക്കുകയാണ് ചെയ്തത്. അതിനുശേഷം അദ്ദേഹത്തിന് കാതോലിക്കോസിന്റെ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ സാദ്ധ്യമല്ല. പാത്രിയർക്കീസ് കാതോലിക്കോസിനു മുകളിലുള്ള ഒരധികാരിയല്ല. മലങ്കരസഭയുമായുള്ള ബന്ധത്തിൽ ഭരണഘടനാനുസൃതമായ അവകാശങ്ങൾ മാത്രമേ അദ്ദേഹത്തിനുള്ളു.

6. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കോസ് ഭരണഘടനാനുസൃതമായി മാത്രം അന്ത്യോഖ്യാ പാത്രിയർക്കീസിനെ സ്വീകരിക്കുക വഴി പാത്രിയർക്കീസ് ഭരണഘടനയ്ക്ക് വിധേയനായിത്തീരുകയും, അതുപ്രകാരം മലങ്കരസഭയിലെ ബിഷപ്പുമാർ ഔഗേൻ കാതോലിക്കോസിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കാൻ പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിക്കുകയും ചെയ്തു. അതിനുശേഷം മലങ്കരസഭയുടെ ഭരണഘടനയെ ഏകപക്ഷീയമായി നിരാകരിക്കുവാനോ അതിന്റെ വകുപ്പുകളെ ലംഘിക്കുവാനോ കഴിയുകയില്ല.

7. കാതോലിക്കായെ പാത്രിയർക്കീസ് മുടക്കിയത് കാതോലിക്കായ്ക്കെതിരായ പരാതികളും ആരോപണങ്ങളും സംബന്ധിച്ച ഭരണഘടനാ വകുപ്പുകളുടെ പ്രകടമായ ലംഘനമാണ്. അതിനു നിദാനമായി പാത്രിയർക്കീസ് മുന്നോട്ടു വച്ച കാരണങ്ങൾ സാധുതയുള്ളയവല്ല. ഒരു കാതോലിക്കോസിനെ മുടക്കുവാൻ സഭയുടെ ഒരു കാനോനും പാത്രിയർക്കീസിന് അധികാരം നൽകുന്നില്ല. പ്രസ്തുത മുടക്ക് സാധുവോ നിയമപരമോ അല്ലെന്നു കോടതി പ്രഖ്യാപിച്ചു (പുറം 61).

8. കാതോലിക്കോസിന്റെ പ്രകടവും വ്യക്തിപരവുമായ എതിർപ്പുണ്ടായിരുന്നിട്ടും മലങ്കരസഭയ്ക്കു വേണ്ടി, കാതോലിക്കോസ്, മെത്രാപ്പോലീത്തന്മാർ എന്നിവരെ വാഴിച്ച പാത്രിയർക്കീസിന്റെ നടപടി ഭരണഘടനയുടെ ലംഘനമാണ്. പ്രസ്തുത നടപടിക്ക് സാധുതയുമില്ല.

9. 1971 ജനുവരി 1-ാം തീയതി അതായത് ഡിസംബർ 31-ാം തീയതി മാത്യൂസ് മാർ അത്താനാസിയോസിനെ കാതോലിക്കായായി മലങ്കര അസോസിയേഷൻ തിരഞ്ഞെടുത്തതിന്റെ പിറ്റേ ദിവസം നിലനിന്ന സാഹചര്യം ഇന്നത്തെ സാഹചര്യമായി എല്ലാ പ്രകാരേണയും നിരൂപിക്കേണ്ടതും അനുരഞ്ജനത്തിനും യോജിപ്പിനും വേണ്ടിയുള്ള എല്ലാ

ചർച്ചകളുടെ ആരംഭം ആ സാഹചര്യത്തിൽ നിന്നായിരിക്കണം. പ്രസ്തുത തീയതിക്കു പിറകിലേക്കു പോകുന്ന പ്രശ്നമേ ഇല്ല.

10. 1934-ലെ ഭരണഘടനയ്ക്കു വിപരീതമായി ഒരു പാത്രിയർക്കീസിനോ ബിഷപ്പിനോ മറ്റു സ്ഥാനിയ്ക്കോ മലങ്കരസഭയിൽ ഒരു അധികാരവും ഉപയോഗിക്കുവാൻ സാദ്ധ്യമല്ല. ഭരണഘടനയ്ക്കു പുറത്തുള്ള ഏതൊരു വാഴിക്കലും വൈദികപട്ടം നല്കലും മലങ്കരസഭയിൽ പ്രസക്തിയുള്ളവയല്ല. പാത്രിയർക്കീസിനാലോ അദ്ദേഹത്തിന്റെ പ്രതിപുരുഷനാലോ അനധികൃതമായി വാഴിക്കപ്പെട്ട കാതോലിക്കോസിനോ മെത്രാപ്പോലീത്തന്മാർക്കോ മലങ്കരസഭയിൽ യാതൊരധികാരവുമില്ല.

11. മലങ്കരസഭയിൽ ഒരേ ഒരു അധികാരി മാത്രമേയുള്ളു - കാലാകാലങ്ങളിൽ അനുയോജ്യമാംവിധം ഭേദഗതി ചെയ്യപ്പെട്ട 1934-ലെ ഭരണഘടനയുടെ ക്രമപ്രകാരം കാതോലിക്കോസിന്റെ അനുവാദത്തോടും സഹകരണത്തോടും മലങ്കരസഭാ ഭരണഘടനാനുസൃതമായും മാത്രമേ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ പ്രവർത്തിക്കാനാവൂ.

### ആസന്നഭാവിയിൽ ചെയ്യേണ്ടത്

12. ഭൂരിപക്ഷ വിധി കേസിലെ ഫൈൻഡിങ്ങ്സ് പ്രസിദ്ധപ്പെടുത്തിയെങ്കിലും വിധി നടപ്പാക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് 1995 സെപ്തംബർ 20-ന് ശേഷം പുറത്തു വരുന്ന അവസാന തീർപ്പ് വരെ കാത്തിരിക്കേണ്ടതുണ്ട്. എന്നാൽ ഇപ്പോഴത്തെ ഭൂരിപക്ഷവിധിയുടെ അടിസ്ഥാനത്തിൽ മറ്റു കേസുകളിൽ കീഴ്കോടതികളിൽ നിന്ന് പരിഹാരം തേടുവാൻ നമുക്കവകാശമുണ്ട്. ഭൂരിപക്ഷ വിധി 'കേരള ലാ ടൈംസിൽ' പ്രസിദ്ധീകരിച്ച ശേഷമാണെങ്കിൽ ഇതു കുറെക്കൂടെ എളുപ്പമായിരിക്കും.

13. ഭൂരിപക്ഷവിധി അനുരഞ്ജനത്തിനു വേണ്ടിയുള്ള ആഹ്വാനം ഉൾക്കൊള്ളുന്നു. ഈ മൂന്നു മാസക്കാലയളവ് പരസ്പര ധാരണയുടെയും അനുരഞ്ജനത്തിന്റെയും മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ പരമാവധി ഉപയോഗപ്പെടുത്തണം. അതുകൊണ്ട് ഇരുഭാഗങ്ങളും സംഘർഷം ത്വരിതപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ നിന്നും പ്രകോപനപരമായ പ്രസ്താവനകളിൽ നിന്നും വിട്ടുനിൽക്കേണ്ടതാണ്.

14. ഭരണഘടനാ ഭേദഗതിയുടെ നക്കൽ തയ്യാറാക്കുന്നതിനെ സംബന്ധിച്ച് സംയുക്ത നിർദ്ദേശങ്ങൾ കോടതി മുമ്പാകെ സമർപ്പിക്കുവാനുള്ള സാദ്ധ്യത കണ്ടെത്തുവാൻ ഇരുവിഭാഗങ്ങളിൽ നിന്നുമുള്ള പ്രമുഖരെ ക്ഷണിക്കുക വഴി പ. കാതോലിക്കാബാവാ തിരുമേനി അനുരഞ്ജന പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഈ കമ്മിറ്റി വൈകാതെ യോഗം

ചേരുമെന്നും ഭേദഗതിയ്ക്കാവശ്യമായ നിർദ്ദേശങ്ങളുമായി ദ്രുതഗതിയിൽ മുന്നോട്ടു പോകുമെന്നും പ്രതീക്ഷിക്കുന്നു. കോടതി ഇത്തരം നിർദ്ദേശങ്ങൾ കേസിൽ ഇരുഭാഗത്തു നിന്നും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

15. കോടതി ആവശ്യപ്പെട്ടിട്ടുള്ള ചില ഭേദഗതികൾ ദൂരവ്യാപകസ്വഭാവമുള്ളതും ഇരുവിഭാഗക്കാർക്കും ഒരു ധാരണയിലെത്താൻ ബുദ്ധിമുട്ടുള്ളതുമായേക്കാം. പ്രയാസകരമായ ചില ചുവടുവയ്പുകൾ, പ്രശ്നങ്ങൾ, സമീപനങ്ങൾ എന്നിവ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം.

a) ഇപ്പോൾ പ്രായപൂർത്തിയായ പുരുഷന്മാർ മാത്രമേ അസോസിയേഷന്റെയും അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെയും ഇടവകപ്പൊതുയോഗത്തിന്റെയും അതിന്റെ മാനേജിംഗ് കമ്മിറ്റിയുടെയും അംഗങ്ങളാകാറുള്ളൂ. പുരുഷന്മാരോടൊപ്പം സഭാംഗത്വ യോഗ്യതയുള്ള എല്ലാ പ്രായപൂർത്തിയെത്തിയ സ്ത്രീകൾക്കും പൂർണ്ണ വോട്ടവകാശവും പൂർണ്ണ പ്രാതിനിധ്യാവകാശവും കൊടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള മലങ്കരസഭയുടെ വീക്ഷണം എപ്പോഴും ഐകകണ്ഠ്യേന ഉള്ളതാവാൻ സാധ്യതയില്ല. എപ്പോഴൊക്കെ സ്ത്രീകളുടെ പ്രായപൂർത്തി വോട്ടവകാശപ്രശ്നം സുന്നഹദോസിന്റെ മുമ്പിൽ വന്നിട്ടുണ്ടോ; അപ്പോഴൊക്കെ സുപ്രീംകോടതി വിധിയുടെ പേരിൽ അത് മാറ്റിവയ്ക്കപ്പെടുകയായിരുന്നു. ഇപ്പോൾ സുപ്രീംകോടതി തന്നെ സ്ത്രീകൾക്ക് പ്രസ്തുത അവകാശങ്ങൾ നിർദ്ദേശിച്ചിരിക്കയാൽ, സഭ അവ സ്ത്രീകൾക്ക് നിരാകരിക്കുന്നത് ബുദ്ധിയ്ക്ക് നിരക്കാത്തതും അനീതിയുമാണ്. സഭയുടെ ആദിമ നൂറ്റാണ്ടുകളിൽ ജീവകാരുണ്യം, ആത്മീയ പ്രബലീകരണം, രോഗികൾ, വൃദ്ധജനങ്ങൾ, അനാഥർ, ദുർബലർ എന്നിവർക്കു വേണ്ടിയുള്ള ഇടയ പരിചരണം, പ്രാർത്ഥന, മദ്ധ്യസ്ഥത എന്നിവയുടെ കാര്യകർതൃത്വം, സഭാ വസ്തുക്കളുടെ സംരക്ഷണം എന്നീ മേഖലകളിൽ പ്രധാന ചുമതലകൾ സ്ത്രീകൾ വഹിച്ചിരുന്നു.

മലങ്കര അസോസിയേഷനിലേക്കും മറ്റ് ഘടകങ്ങളിലേക്കുമുള്ള പ്രാതിനിധ്യ വ്യവസ്ഥ ഇപ്പോഴത്തെ നിലയിൽ നീതിയുക്തമോ, ജനാധിപത്യപരമോ ആയതല്ല എന്ന നിഗമനത്തിന് ഭൂരിപക്ഷവിധി ഊന്നൽ നൽകുന്നുണ്ട്.

b) അസ്സോസിയേഷൻ പ്രാതിനിധ്യ സ്വഭാവമുള്ള ഒരു സമിതി ആയിരിക്കണം, ഇടവകയുടേതല്ല, മറിച്ച് ജനങ്ങളുടേത് (സഭയിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും) ആയതിനാൽ ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വികാരിയും രണ്ട് പുരുഷന്മാരും എന്ന തത്വം നിലനിൽക്കുന്നതല്ല. എന്നാൽ ഇന്നത്തെ ജനസംഖ്യാനുപാതത്തിന്

ഊന്നൽ കൊടുത്തുള്ള നിർദ്ദേശമാണ് ആവശ്യം. എന്നാൽ അതുകൊണ്ട് അസ്സോസിയേഷൻ ഒതുക്കമില്ലാത്തതും നിയന്ത്രിക്കുവാൻ ബുദ്ധിമുട്ടുള്ളതുമാവാൻ പാടുള്ളതല്ല. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഇടവകകളിലല്ലാതെ മറ്റൊരിടത്തല്ല ജനങ്ങളെ യഥാർത്ഥമായി കാണുന്നത് എന്നുള്ളതും പ്രത്യേകം ഓർമ്മിക്കേണ്ടതുമാണ്. രണ്ട് വ്യത്യസ്ത അസ്തിത്വം ഉള്ള ഘടകങ്ങളായി ഇടവകകളേയും ജനങ്ങളേയും വേർതിരിക്കപ്പെടുന്നത് സാധുത ഇല്ലാത്തതാണ്. ഇടവകയിലെ ജനസംഖ്യാനുസൃതമായ മതിയായ പ്രാതിനിധ്യം എന്ന പ്രശ്നം തികച്ചും ന്യായയുക്തമാണ്. എന്നാൽ അസോസിയേഷനിലേക്കുള്ള തിരഞ്ഞെടുപ്പിനുവേണ്ടി ഇടവകയെന്ന അടിസ്ഥാന ഘടനയിൽ നിന്ന് നീങ്ങുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കും.

c) ചർച്ചകളിൽ മിക്കപ്പോഴും അവഗണിക്കപ്പെടുന്ന ഒരു വശം മലങ്കര അസോസിയേഷൻ സഭയിലെ ഘടകങ്ങളുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ട ഒരു സമിതി അല്ല എന്നുള്ളതാണ്. മലങ്കര അസോസിയേഷന്റെ ഏക ഘടനയ്ക്കുള്ളിൽ ഭരണഘടനാനുസൃതമായി, ഭരണ നടത്തിപ്പിനായി നിയമപ്രകാരമുള്ള ധാരാളം അടിസ്ഥാന ഘടകങ്ങളുണ്ട്. (1) അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി, (2) വർക്കിംഗ് കമ്മിറ്റി, (3) കാതോലിക്കോസിന്റെയും മലങ്കര മെത്രാപ്പോലീത്തായുടെയും ആലോചനാസമിതി, (4) മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് (ഇതിന്റെ അധികാരങ്ങൾ ഭരണഘടനയുടെ 102 മുതൽ 109 വരെയുള്ള വകുപ്പിൽ നിർവചിക്കപ്പെട്ടിട്ടുള്ളതും 107-ാം വകുപ്പുപ്രകാരം സഭയിലെ വിശ്വാസം, പട്ടത്വം, ശിക്ഷണം എന്നിവയുടെ ഉത്തരവാദിത്വവും അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുമായി ആലോചിച്ച് സബ് കമ്മിറ്റികളെ നിയമിക്കുവാൻ അധികാരവുമുള്ളതാകുന്നു.). (5) എല്ലാ മാസവും സമ്മേളിക്കുന്ന സുന്നഹദോസിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി; (6) ഭരണഘടനയുടെ 45 മുതൽ 62 വരെയുള്ള വകുപ്പിൽ അധികാരം നിർവചിക്കപ്പെട്ടിരിക്കുന്ന ഭദ്രാസന യോഗങ്ങൾ, ഭദ്രാസന കൗൺസിൽ, (7) 63 മുതൽ 69 വരെയുള്ള വകുപ്പുകളിൽ അധികാരം നിർവചിക്കപ്പെട്ടിരിക്കുന്ന ഭദ്രാസന മെത്രാപ്പോലീത്താ, (8) സമുദായ ട്രസ്റ്റിമാർ (വകുപ്പുകൾ 91-93 വരെ) (9) മലങ്കര മെത്രാപ്പോലീത്താ (94-98), (10) കാതോലിക്കോസ് (99-100), (11) പാത്രിയർക്കീസ്, (12) അസോസിയേഷൻ സെക്രട്ടറി, (13) ഇടവക യോഗം (6-23), (14) ഇടവക മാനേജിംഗ് കമ്മിറ്റി (24-31), സെക്രട്ടറി, ട്രസ്റ്റി (32-37), ഇടവക വികാരി (38-44) എന്നിവയെല്ലാം അസോസിയേഷന്റെ ഘടകങ്ങളാണ്. ഇന്നത്തെ മലങ്കരസഭയുടെ ഭരണഘടനാപരമായ വ്യവസ്ഥയനുസരിച്ച് ഭൗതിക ആത്മീയ അധികാരങ്ങൾക്ക് കർശനമായ വിഭജനം ഇല്ല. അവിടെ ആത്മീയ അധികാരങ്ങൾ പട്ടക്കാരനിൽ മാത്രമായും

ഭൗതികകാര്യങ്ങൾ അയ്മേനികളിൽ മാത്രമായും പരിമിതപ്പെടുത്തിയിട്ടില്ല. ആവശ്യാനുസരണമുള്ള നിയന്ത്രണങ്ങളോടും സമതുലിതതയോടും കൂടി ഭൗതിക ആത്മീയ ഉത്തരവാദിത്വങ്ങൾ സഭയുടെ ഘടനയ്ക്കുള്ളിൽ തുല്യമായി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്.

d) മലങ്കര അസോസിയേഷന് ഇന്നു വളരെ നിശ്ചിതവും സവിസ്തൃതവുമായ നടപടിചട്ടങ്ങൾ പ്രായോഗികതലത്തിലുണ്ട് (പേജ് 35–53). ഇതിന്റെ ഘടനയിൽ പരിഷ്കാരങ്ങൾ വരുത്തണമെങ്കിൽ പുതിയ നടപടിക്രമങ്ങൾ രൂപപ്പെടുത്തേണ്ടതായും അംഗീകരിക്കേണ്ടതായും വരും. ഇത് ഉദ്ദേശിക്കുന്നതിലും ദുഷ്കരമായ ഒരു സംഗതി ആയി മാറിയേക്കാം.

e) സഭയിലെ ഓരോ മെത്രാന്മാരും മലങ്കര അസോസിയേഷനാൽ തിരഞ്ഞെടുക്കപ്പെടുന്നു എന്നുള്ളതുകൊണ്ട് ഇടവകകളെ മാത്രമല്ല, മുഴുവൻ സഭയെയും പ്രതിനിധീകരിക്കുന്നു എന്നതും ശ്രദ്ധേയമായ കാര്യമാണ്. പുരാതന പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രവും പാരമ്പര്യവും അനുസരിച്ച് ബിഷപ്പ്, എപ്പിസ്കോപ്പൽ സുന്നഹദോസിൽ ഭദ്രാസനത്തെ പ്രതിനിധീകരിക്കുകയും, ഭദ്രാസനത്തിലെ ജനത്തിനു വേണ്ടി തീരുമാനങ്ങളിൽ ഒപ്പുവെയ്ക്കുകയും, ഭദ്രാസനത്തിലെ ജനങ്ങൾക്കു മുമ്പിൽ സാർവത്രിക സഭയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. അസോസിയേഷനാൽ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കോ, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കോ തിരഞ്ഞെടുക്കുന്ന ഒരാളിനെ സ്ഥാനാരോഹണത്തിനു മുമ്പായി എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കേണ്ടതായിട്ടുണ്ട് (വകുപ്പ് 113–144). അതുകൊണ്ട് എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരസഭയുടെ പൊതുവായ ഘടനയിൽ അനിവാര്യവും ആവശ്യവുമായ ഒരു ഘടകം ആകുന്നു. അസോസിയേഷന്റെ പുതിയ ഘടനയ്ക്ക് മറ്റൊരു മാർഗ്ഗം ഇത്തരത്തിൽ നിർദ്ദേശിക്കാം: സഭയിലെ എല്ലാ ഭദ്രാസനങ്ങളും തിരഞ്ഞെടുപ്പു മണ്ഡലങ്ങളായി പ്രവർത്തിക്കാവുന്നതും, ഓരോ ഭദ്രാസനങ്ങളിലേയും പ്രായപൂർത്തിയായ അംഗങ്ങളുടെ സംഖ്യയ്ക്ക് ആനുപാതികമായും അന്യോന്യമുള്ള ധാരണപ്രകാരവും നിശ്ചയിക്കപ്പെടുന്നതനുസരിച്ച് ഓരോ ഭദ്രാസനങ്ങളിൽ നിന്നും നൂറു മുതൽ പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അവകാശം ജനങ്ങൾക്ക് നല്കാവുന്നതുമാണ്. അതിനുശേഷം പ്രസ്തുത സംഖ്യ എപ്രകാരം ന്യായമായി വീതിക്കപ്പെടണമെന്നുള്ളത് ഭദ്രാസനയോഗത്തിന് തീരുമാനിക്കാവുന്നതുമാണ്.

f) മുഴുവൻ സഭയേയും ഉൾക്കൊള്ളുന്ന ഒരു വോട്ടേഴ്സ് ലിസ്റ്റും പ്രായപൂർത്തിയായ എല്ലാ പുരുഷന്മാർക്കും, സ്ത്രീകൾക്കും കൈമാറ്റം ചെയ്യപ്പെടാനാവാത്ത 'ഒറ്റ വോട്ടും' ഉള്ള ഒരു പൂർണ്ണ തെരഞ്ഞെടുപ്പ് സംവി

ധാനമാണ് ഉണ്ടാവേണ്ടത്. ഇപ്പോഴത്തെ നിലയിൽ സാധ്യത ഇല്ലായെങ്കിലും ദീർഘകാല ലക്ഷ്യമായി പരിഗണിക്കാവുന്നതാണ്.

g) ഇടവകപള്ളികളെ മൂന്നു ഗ്രേഡുകളായി തരംതിരിയ്ക്കുന്നതിനെക്കുറിച്ച് ഒരു ധാരണ ഉണ്ടാക്കുക എന്നുള്ളതാണ് മറ്റൊരു സാധ്യത.

1. പ്രായപൂർത്തിയായ 500-ൽ താഴെ പുരുഷന്മാരും, സ്ത്രീകളും ഉള്ളവ - വികാരിയും തെരഞ്ഞെടുക്കപ്പെട്ട ഒരംഗവും പ്രതിനിധീകരിക്കുക.

2. പ്രായപൂർത്തിയായ 500-നും 2000-ത്തിനുമിടയിൽ സ്ത്രീകളും പുരുഷന്മാരും ഉള്ളവ - വികാരിയും രണ്ട് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും പ്രതിനിധീകരിക്കുക.

3. പ്രായപൂർത്തിയായ 2000-ത്തിലധികം പുരുഷന്മാരും സ്ത്രീകളും ഉള്ളവ - വികാരിയും തെരഞ്ഞെടുക്കപ്പെട്ട നാലംഗങ്ങളും പ്രതിനിധീകരിക്കുക.

ഇത് അസോസിയേഷൻ പ്രതിനിധികളുടെ എണ്ണം 3000 എന്ന സംഖ്യയിൽ നിർത്താൻ സഹായിക്കുന്നതും താരതമ്യേന അംഗസംഖ്യ കുറഞ്ഞ പള്ളികളുടെ പ്രാതിനിധ്യം കുറയ്ക്കുന്നതും, അംഗസംഖ്യ കൂടിയ പള്ളികളുടെ പ്രാതിനിധ്യം പ്രകടമായി വർദ്ധിപ്പിക്കുന്നതുമാണ്. ഈ നിർദ്ദേശങ്ങൾ ജനങ്ങളും അധികാരികളും ശ്രദ്ധാപൂർവ്വം പരിഗണിക്കുകയും നിശ്ചയദാർഢ്യത്തോടും ത്വരിതഗതിയിലും ഒരു ഏകാഭിപ്രായം സൃഷ്ടിക്കേണ്ടതുമാണ്.

16. മലങ്കര അസോസിയേഷൻ അത്മായർക്ക് മുൻതൂക്കമുള്ള ഒരു സമിതിയാണെങ്കിൽ തന്നെയും അവരുടേതു മാത്രമായ ഒരു വേദിയല്ല. കാതോലിക്കായും മെത്രാപ്പോലീത്തന്മാരും, വൈദികരും, അത്മായക്കാരും അതിലുൾപ്പെടുന്നു. പുരോഹിതന്മാരുടെയും അത്മായക്കാരുടെയും പ്രത്യേക ഭൂരിപക്ഷ തീരുമാനങ്ങൾ പല സംഗതികൾക്കും ആവശ്യമാണ്. "അപ്പോസ്തലന്മാരും മൂപ്പന്മാരും സർവ്വ സഭയും" (അപ്പോ. പ്രവ. 15.22) എ.ഡി. 45-ൽ യറുശലേം സുന്നഹദോസിൽ ഒന്നിച്ചു കൂടിയതുപോലെ ബിഷപ്പുമാരും, പുരോഹിതന്മാരും, അത്മായക്കാരും ഒരേ സ്ഥലത്ത് ഒന്നിച്ചു കൂടുന്ന മുഴുവൻ സഭയുടെയും കൂടിവരവായി അത് പ്രവർത്തിക്കണമെന്നാണ് സുപ്രീംകോടതി ഉദ്ദേശിച്ചിരിക്കുന്നത്. സഭാചരിത്രത്തിൽ ഇങ്ങനെയുള്ള സഭയുടെ, മുഴുവൻ സഭയുടെയും സുന്നഹദോസുകൾ ഒരിക്കലും ഒരു സ്ഥിരം ഘടനയോ തിരഞ്ഞെടുക്കപ്പെട്ട ഒരു യോഗമോ അല്ലായിരുന്നു. അടിയന്തിര സന്ദർഭങ്ങളിൽ മാത്രമേ വിളിച്ചു കൂട്ടിയുള്ളു. ഉദാ. വിജാതീയ ക്രിസ്ത്യാനികൾ പരിച്ഛേദന ഏൽക്കണമോ വേണ്ടയോ

എന്ന പ്രശ്നത്തെക്കുറിച്ച് ആലോചിക്കുവാൻ ആദ്യ നൂറ്റാണ്ടിൽ യറുശലേമിലും, അറിയൂസിന്റെ വേദവിപരീതത്തെ സംബന്ധിച്ച് 325-ാമാണ്ട് നിഖ്യായിലും കൂടിയ കൂടിവരവുകൾ അത്മായക്കാരും, കശീശന്മാരും, മെത്രാന്മാരും ചേർന്നുള്ളതായിരുന്നു.

അതുപോലെയുള്ള സുന്നഹദോസുകളോ സഭയുടെ കൂടിവരവുകളോ നമുക്ക് ഇന്നും ആവശ്യമാണ്. പക്ഷേ കാലാകാലങ്ങളിൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്ന, ഒരു തെരഞ്ഞെടുക്കപ്പെട്ട സമൂഹമായ മലങ്കര അസോസിയേഷന് അതുപോലുള്ള ഒരു പങ്ക് നിറവേറ്റുവാൻ സാധിക്കുകയില്ല. അസോസിയേഷന് ഒരിക്കലും ഒരു പരമാധികാര സമിതിയാകുവാനും സാധിക്കുകയില്ല. കാരണം ഭരണഘടനയനുസരിച്ച് കാതോലിക്കോസിന്റെയോ മലങ്കര മെത്രാപ്പോലീത്തായുടെയോ തെരഞ്ഞെടുപ്പ് സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുവാൻ അസോസിയേഷന് അധികാരമില്ല. ആ തെരഞ്ഞെടുപ്പ് എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരത്തിന് വിധേയമാണ്. കഴിഞ്ഞ കാലങ്ങളിൽ ചില എപ്പിസ്കോപ്പൽ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പുകൾക്ക് പ. സുന്നഹദോസ് അംഗീകാരം നല്കാതിരുന്നിട്ടുണ്ട്. സഭയിലെ അന്തിമാധികാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസോ അസോസിയേഷനോ എന്തു തന്നെയാകട്ടെ, ഒരു പ്രത്യേക സമിതിയിൽ മാത്രം കേന്ദ്രീകൃതമാകുവാൻ സാധിക്കുകയില്ല. നിയന്ത്രണവും സമീകരണവും യഥാർത്ഥ ജനാധിപത്യത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗങ്ങളാണ്.

അധികാരവും സ്വത്തുക്കളും ലഭിക്കണമെന്നുള്ള ആഗ്രഹത്താൽ നയിക്കപ്പെടാതെ താഴ്മയിലും വിനയത്തിലും പരസ്പര സ്നേഹത്തിലും സേവനത്തിലും ഉള്ള ദൈവത്തിന്റെ വഴി ശരിയായി പിൻതുടരുന്ന യഥാർത്ഥ ക്രിസ്തീയ സഭയായി മലങ്കരസഭ തീരണം. നാമെല്ലാവരും ഒന്നുചേർന്ന് സമാധാനത്തിലും ഐക്യത്തിലും ജീവിക്കുന്നതിന് നാന്ദി കുറിക്കുന്ന ഭരണഘടനാ ഭേദഗതിയ്ക്കുവേണ്ടി പൊതുവേ സ്വീകാര്യമായ നിർദ്ദേശങ്ങൾ കണ്ടുപിടിക്കുവാനായിരിക്കണം ഇപ്പോൾ ലക്ഷ്യമിടേണ്ടത്. പരസ്പര ക്ഷമയുടെയും ക്രിസ്തീയ സ്വീകരണത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുവാൻ ഓരോ പ്രാദേശിക സമൂഹങ്ങളും പ്രത്യേക താല്പര്യം എടുക്കണം.

18. ഒരിടവകയിൽ സുപ്രീംകോടതി വിധിയനുസരിച്ച് പ്രവർത്തിക്കുന്നതിന് വിസമ്മതിക്കുന്നവരെക്കുറിച്ച് ഇടവകകളെന്തു ചെയ്യണം എന്നത് സാധാരണയായി ഉന്നയിക്കപ്പെടുന്ന ഒരു ചോദ്യമാണ്. അവരെ (വിഘടിതരെ) നിർബന്ധിക്കുവാൻ നിയമനടപടികൾ എടുക്കണമോ? രണ്ടു വശങ്ങളുള്ള ഉത്തരമാണ് ഇതിനുള്ളത്.

a) പരമാവധി ആത്മനിയന്ത്രണം പാലിക്കണമെന്നത് മാത്രമല്ല, സാദ്ധ്യമായ എല്ലായിടത്തും സമൂഹത്തിലെ ഉന്നതരായ വ്യക്തികളുടെ സ്വാധീനമുപയോഗിച്ച് ഭരണഘടനാനുസൃതമായ അനുരഞ്ജനത്തിന് യഥാർത്ഥ തദ്ദേശീയ ശ്രമങ്ങൾ നടത്തണം. സഭാഭരണഘടനയ്ക്കു പുറത്തുള്ള ഒത്തുതീർപ്പിനു സമ്മതിക്കണമെന്ന് ആരും ആവശ്യപ്പെടുന്നില്ല. ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള അനുരഞ്ജനത്തിനും സമാധാനത്തിനും പ്രേരിപ്പിക്കണമെന്ന് മാത്രമേ എല്ലാവരോടും ആവശ്യപ്പെടുന്നുള്ളൂ.

സുപ്രീംകോടതിയിൽ കേസ് ജയിച്ചവരുടെ ഭാഗത്തുനിന്നുള്ള യഥാർത്ഥ ക്രിസ്തീയ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സമീപനത്തെ ആശ്രയിച്ചാണ് വളരെക്കാര്യങ്ങളും നിലനിൽക്കുന്നത്, വിജയാഘോഷത്തിന്റെയും പ്രതികാരത്തിന്റെയും ഏതു സമീപനവും സൃഷ്ടിപരമല്ലായിരിക്കും. കേസിൽ തോറ്റവരും കർത്താവിൽ നമ്മുടെ സഹോദരന്മാരും സഹോദരികളുമാണ്. അവരെ അപമാനിക്കുകയോ പീഡിപ്പിക്കുകയോ അരുത്.

b) അതേസമയം തന്നെ വിഘടിതർക്കെതിരായി തദ്ദേശീയമായി എടുക്കേണ്ട നിയമ നടപടികളുടെ ഒരു രജിസ്റ്റർ ഓരോ ഭദ്രാസനത്തിലും സമാഹരിക്കണം. ഈ രാജ്യത്തെ പരമോന്നത നീതിന്യായപീഠത്തിന്റെ തീർപ്പുകൾ ശ്രദ്ധിക്കുവാൻ വിസമ്മതിക്കുന്നവരെയും നിയമവിരുദ്ധമായി സ്വത്തുക്കളും അധികാരങ്ങളും കൈവശമാക്കുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ ഭദ്രാസനത്തിൽ സൂക്ഷിക്കുകയും വേണം. 1970–നു ശേഷം നിയമവിരുദ്ധമായി പട്ടം കെട്ടപ്പെട്ട എല്ലാ പട്ടക്കാരുടെയും, മേൽപ്പട്ടക്കാരുടേയും ഒരു ലിസ്റ്റ് ഉണ്ടാകണം. ഈ വസ്തുതകൾ സുപ്രീംകോടതിയിൽ സമർപ്പിക്കയും എങ്ങനെ മുമ്പോട്ടു പോകണം എന്നതിന് കോടതിയുടെ ഉപദേശം ആരായുകയും വേണം. സുപ്രീംകോടതി വിധി നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും സഹായം തേടണം. ഇന്ത്യൻ പൗരന്മാരെന്ന നിലയിൽ, സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പ്രതികരണങ്ങളും അനുസരിച്ച് നീതിന്യായ കോടതികളിലൂടെയും നിയമപാലകരിലൂടെയും നീതി ലഭിക്കുന്നതിനു വേണ്ടി നിയമത്തിന്റെ പാതയിലൂടെ മുമ്പോട്ടു പോകുവാൻ നമുക്ക് അവകാശമുണ്ട്. അതുവരെ നമ്മുടെ സംയമനത്തിലൂടെയും നല്ല പ്രവർത്തികളിലൂടെയും നമുക്ക് പക്വത കാണിക്കാം.

19. വിവിധ നിർദ്ദേശങ്ങൾ പരിഗണിച്ച് സെപ്റ്റംബർ പകുതിയോടെ അന്തിമവിധി പ്രഖ്യാപിക്കുവാൻ കോടതിയ്ക്കു സാധ്യമാകത്തക്കവണ്ണം

ഓഗസ്റ്റ് അവസാനത്തോടെയെങ്കിലും ഭരണഘടനാ ഭേദഗതികളും സ്ഥിതിവിവരക്കണക്കുകളും കോടതിയിൽ സമർപ്പിക്കത്തക്കവണ്ണം തയ്യാറാക്കുവാൻ വളരെ ധൃതിയിൽ ശ്രമം തുടങ്ങണം. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര പ്രാധാന്യത്തോടു കൂടി കാതോലിക്കായുടെ കീഴിൽ ആവശ്യത്തിനു ആളും അർത്ഥവുമായി ഒരു പ്രത്യേക സമിതി രൂപീകരിക്കണം.

20. കഴിഞ്ഞതും ഇപ്പോഴുള്ളതുമായ എല്ലാ കയ്പും പകയും മറക്കുവാനും എല്ലാ പ്രതികാരവും ഉപേക്ഷിക്കുവാനും യഥാർത്ഥവും ആത്മാർത്ഥവുമായ അനുരഞ്ജനം അന്വേഷിക്കുവാനും ദൈവത്തിന് എപ്പോഴും ഇഷ്ടമായ പരിശുദ്ധാത്മാവിലുള്ള ഐക്യം പ്രാപിക്കുവാൻ വേണ്ടി പ്രീതികരമായി പ്രയത്നിക്കുവാനുമായി ദൈവം നമുക്ക് ഒരു വലിയ അവസരം തന്നിരിക്കുന്നു. ക്രിസ്തു അവന്റെ ആളുകൾക്കായി വാഞ്ഛിക്കുന്ന പരിശുദ്ധാത്മാവിലുള്ള യഥാർത്ഥ ഐക്യത്തിലേക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുകയും ചെയ്യട്ടെ.

*(മലങ്കരസഭാ തർക്കങ്ങളിലെ 1995-ലെ സുപ്രീംകോടതി വിധിയോടുള്ള പ്രതികരണം ഇംഗ്ലീഷിൽ തയ്യാറാക്കിയതിന്റെ സ്വതന്ത്ര മലയാള പരിഭാഷ.)*



# 4

# ഭാരതീയമായ ഒരു സഭ

ഒരു കാലത്തു ക്രൈസ്തവസഭ ഏഷ്യയുടെ എല്ലാ ഭാഗത്തും വ്യാപിച്ചു കിടന്നിരുന്നു. എട്ടാം ശതാബ്ദത്തിൽ ചൈനയിലും കൊറിയ യിലും പേർഷ്യയിലും ഇന്ത്യയിലും മധ്യേഷ്യയുടെ മറ്റു ഭാഗങ്ങളിലും പടർന്നിരുന്ന സഭ ക്രമേണ പല കാരണങ്ങളാൽ നാമാവശേഷമായി. ചൈനയിൽ ഹാൻ മേധാവിത്വത്തിന്റെ ആരംഭം, ഭാരതത്തിൽ ഹൈന്ദവ ധർമ്മത്തിന്റെ പുനരുത്ഥാനം, ഇസ്ലാമിന്റെ വികസനം എന്നിങ്ങനെ മൂന്നു ഘടകങ്ങളാണ് ആ തിരോധാനത്തിന്റെ നിയാമകശക്തിയായിത്തീർന്നത്.

അക്കൂട്ടത്തിൽ തീർത്തും നശിക്കാതിരുന്ന ചുരുക്കം ചില ഏഷ്യൻ സഭകളിലൊന്നാണ് ഇന്നു മലങ്കരസഭയെന്നറിയപ്പെടുന്ന ഭാരത ക്രൈസ്തവസഭ. ഒരു കാലത്ത് അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, ഇന്നത്തെ പാക്കിസ്ഥാൻ, പശ്ചിമോത്തര ഇന്ത്യ, തമിഴ്നാട്, ശ്രീലങ്ക എന്നീ മേഖലകളിൽ സ്വാധീനമുണ്ടായിരുന്ന സഭയായിരുന്നു ഇതെന്ന് ആദ്യകാല ലോകസഞ്ചാരികൾ സാക്ഷ്യപ്പെടുത്തുന്നു. അതായത്, പഴയ ഏഷ്യൻ-ആഫ്രിക്കൻ പാരമ്പര്യത്തോടെ 2000 വർഷമായി ഇവിടെ കഴി യുന്ന സവിശേഷ സഭയാണിതെന്നർത്ഥം. എന്നാൽ, ആ ഭാരതീയ സഭ ചുരുങ്ങിച്ചുരുങ്ങി, പോർട്ടുഗീസുകാർ വരുന്ന കാലത്ത് (16-ാം നൂറ്റാണ്ടിൽ) കേരളത്തിൽ ഒതുങ്ങിപ്പോയതിന്റെ കാരണങ്ങൾ പലതാണ്. ദക്ഷിണേ ന്ത്യയിലെ ജൈനരും ബൗദ്ധരും മറ്റും രാഷ്ട്രീയ സാമൂഹിക സമ്മർദ്ദം കൊണ്ടോ സാഹചര്യത്തിന്റെ പ്രത്യേകത കൊണ്ടോ ഹിന്ദുക്കളായ തോടെ അനേകം ക്രൈസ്തവരും ഹിന്ദു മതത്തിൽ ചേർന്നുവെന്നു കരു തണം.

ഭാരതസഭയുടെ സമഗ്ര ചരിത്രം എഴുതുവാനുള്ള മൗലിക ഗവേഷണം ഇനിയും പൂർത്തിയായിട്ടില്ല. ചേരമാൻ പെരുമാക്കന്മാരും ക്രൈസ്തവ സഭയുമായുള്ള ബന്ധത്തെക്കുറിച്ചു പുരാതന തമിഴിലുള്ള സംഘകാല സാഹിത്യത്തിന്റെ അടിസ്ഥാനത്തിൽ ഗവേഷണം ആരംഭിച്ചിട്ടേയുള്ളൂ. കേരളാ ഹിസ്റ്റോറിക്കൽ സൊസൈറ്റി പ്രസിദ്ധം ചെയ്ത ചില കൃതി കൾ ഇക്കാര്യത്തിൽ സഹായകമാണ്. പരിശുദ്ധ തോമാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ നാലാം നൂറ്റാണ്ടിൽ സിറിയയിലെ ഉറഹായിലേക്കു കൊണ്ടുപോകുന്നതുവരെ മുന്നൂറു വർഷത്തിലേറെ അതു സ്ഥിതി ചെയ്തിരുന്ന മൈലാപ്പൂരിലും തെക്കുകിഴക്കൻ തീരപ്രദേശങ്ങളിലും ആ

രക്തസാക്ഷിയുടെ അനുയായികൾ ഉണ്ടായിരുന്നുവെന്നതിനു സംശയമില്ല.

പതിനൊന്നാം ശതകത്തോടെ പേർഷ്യൻ സഭ ഭാരതത്തിൽ അധികാരമുറപ്പിക്കാൻ ശ്രമിച്ചതിനു മുമ്പുള്ള ഭാരത ക്രൈസ്തവ സഭയുടെ രൂപമെന്തായിരുന്നുവെന്നതിനു കാര്യമായ രേഖകളൊന്നും ലഭ്യമല്ല. പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസ് കത്തോലിക്കർ ഇവിടെ കണ്ട കാര്യങ്ങൾ ശരിയായി വിവരിച്ചിട്ടുണ്ട്. അതോടൊപ്പം 1599-ലെ ഉദയമ്പേരൂർ സൂന്നഹദോസിന്റെ കാനോനുകളും മലയാളവും ലത്തീനുമുൾപ്പെടെ പല ഭാഷകളിൽ ലഭിച്ചിട്ടുമുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ, 'നെസ്തോറിയൻ സഭ' എന്നു പലരും വിശേഷിപ്പിക്കുന്ന പേർഷ്യൻ സഭയുടെ (ഇന്നത്തെ കൽദായ സഭ) വിശ്വാസമാണ് ഇവിടെ നിലവിലിരുന്നതെന്നു വ്യക്തമാവുന്നു.

അന്നത്തെ ഭാരത സഭ ഇന്ന് ഓർത്തഡോക്സ്, കത്തോലിക്കാ, പ്രോട്ടസ്റ്റന്റ് എന്നിങ്ങനെ പത്തിലധികമായി വേർതിരിഞ്ഞിരിക്കുന്നു. ഇവയിലേതാണു പുരാതന ഭാരതീയ സഭയുടെ യഥാർത്ഥ പിൻഗാമി എന്ന ചോദ്യത്തിനു ഭിന്ന സഭകൾ ഭിന്ന മറുപടികളാണു നൽകുന്നത്.

പാശ്ചാത്യ സുറിയാനി സഭയുടെ ആരാധനാ സമ്പ്രദായം പതിനേഴാം നൂറ്റാണ്ടു തൊട്ടു സ്വീകരിച്ചുവരുന്ന മലങ്കര ഓർത്തഡോക്സ് സഭയാണു പുരാതന ക്രൈസ്തവസഭയുടെ പൗരസ്ത്യ പാരമ്പര്യവും ആരാധനാ സൗഷ്ഠവവും വച്ചുപുലർത്തുന്നത് എന്നതിൽ സംശയമില്ല. കത്തോലിക്കാ സഭയിൽ നിന്നും പ്രോട്ടസ്റ്റന്റ് സഭകളിൽ നിന്നും പല ആചാരങ്ങളും അനുഷ്ഠാനങ്ങളും പകർത്തിയിട്ടുണ്ടെങ്കിലും പലസ്തീനിലെ ഊർശ്ലേമ്യ പാരമ്പര്യ വിശ്വാസവും ആരാധനാ രീതിയും ഏറ്റവുമധികം പിന്തുടരുന്നത് മലങ്കര ഓർത്തഡോക്സ് സഭ തന്നെ. ജനായത്ത രീതികളിലും വൈദികരുടെ വിദ്യാഭ്യാസ നിലവാരത്തിലും മലങ്കരസഭ മറ്റു പുരാതന പൗരസ്ത്യ സഭകളുടെ മുൻപന്തിയിൽ നിൽക്കുന്നു.

ഇന്ത്യയുടെ ഉപപ്രധാനമന്ത്രി ദേവിലാൽ പണ്ടു പറഞ്ഞതായി കേട്ടതുപോലെ യൂറോപ്പിൽ നിന്നു വന്ന സഭയല്ല മലങ്കരസഭ. ഹിന്ദു, ജൈന, ബുദ്ധ, യഹൂദ മതങ്ങളോടുള്ള സൗഹാർദത്തിൽ തികച്ചും ഭാരതീയമായ ഒരു സഭയായി അനേകം നൂറ്റാണ്ട് കേരളത്തിൽ നിന്ന ഈ ക്രൈസ്തവസഭയെ ഒരു 'വിദേശസഭ'യായി ആരെങ്കിലും ചിത്രീകരിക്കുന്നെങ്കിൽ അതു അറിവില്ലായ്മകൊണ്ടു മാത്രമാണ്.

തികച്ചും ഭാരതീയമായ മലങ്കര ഓർത്തഡോക്സ് സഭ കുറ്റം തീർന്ന സഭയാണെന്ന് ഇതുകൊണ്ടു വിവക്ഷയില്ല. അനേകം വീഴ്ചകൾ ചൂണ്ടി

ക്കാണിക്കാനാവും. കോടതിക്കേസുകളും അന്തഃഛിദ്രങ്ങളും അക്രൈസ്തവും പരിഹാസാർഹവുമായ രീതിയിൽ ഇന്നും തുടർന്നു പോകുന്നു. സഭ നടത്തുന്ന സ്കൂളുകളിലും കോളജുകളിലും അധ്യാപക നിയമനത്തിനു 'സംഭാവന' എന്ന പേരിൽ കോഴ വാങ്ങുന്നതു സാമ്പത്തിക പ്രയാസം കൊണ്ടാണെന്നു പറഞ്ഞു നീതിമത്കരിക്കുവാൻ സാധ്യമല്ല. പട്ടിണിയും ഭവനക്ഷാമവും പരിഹരിക്കുവാൻ സഭ കുറെയൊക്കെ ചെയ്യുന്നുണ്ടെങ്കിലും ചെയ്യാവുന്നതൊക്കെ ചെയ്തു എന്നു പറയുവാൻ കഴിയില്ല.

എന്നാൽ, നിലയ്ക്കൽ സംഭവം പോലുള്ള മതസംഘർഷങ്ങൾ ഉണ്ടാകുമ്പോഴൊക്കെ പക്ഷഭേദം കൂടാതെ അനുരഞ്ജിപ്പിക്കുന്നതിൽ സഭ പ്രശംസാർഹമായ സേവനം ചെയ്തിട്ടുണ്ട്. ദേശീയ രംഗത്തും എക്യുമെനിക്കൽ മണ്ഡലങ്ങളിലും നിസ്തുല സേവനം നൽകുന്ന ഒട്ടേറെ വ്യക്തികളെ സഭ സമൂഹത്തിനു സമ്മാനിച്ചിട്ടുണ്ട്.

രണ്ടു വർഷം മുമ്പു ഞാൻ ദക്ഷിണ സോവിയറ്റ് യൂണിയനിലെ സമർക്കണ്ട് പട്ടണം സന്ദർശിച്ചതോർക്കുന്നു. അന്ന് അവിടത്തെ ഓർത്തഡോക്സ് ക്രിസ്ത്യാനികൾ പറഞ്ഞു: "ഞങ്ങൾ അടുത്തകാലത്ത് ഇവിടെ കുടിയേറിപ്പാർത്തവരാണ്. ഇന്ന് ഇവിടെ അധികവും മുസ്ലിംകളാണ്. മുസ്ലിമാകുന്നതിനു മുമ്പ് 'തോമാശ്ലീഹായുടെ ക്രിസ്ത്യാനികൾ' ആയിരുന്നുവെന്ന് അവർ വിശ്വസിക്കുന്നു."

എട്ടാം നൂറ്റാണ്ടിൽ 500-ൽപരം ഭദ്രാസനങ്ങളിലായി വ്യാപിച്ചു കിടന്നിരുന്ന ഏഷ്യൻ സഭ ഏറെക്കുറെ തിരോധാനം ചെയ്തതുപോലെയുള്ള അനുഭവം മലങ്കരസഭയ്ക്കും ഉണ്ടാകാതിരിക്കണമെങ്കിൽ, മാനവരാശിയുടെ പ്രശ്നങ്ങളിൽ കുറെക്കൂടി സജീവശ്രദ്ധ ചെലുത്തി, നാട്ടിലെ പട്ടിണിക്കും അഴിമതിക്കും എതിരെ സമരം ചെയ്യുവാനുള്ള ആദ്ധ്യാത്മിക ശക്തി സംഭരിക്കണം. സാമൂഹികനീതിക്കും ലോകസമാധാനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഊന്നൽ നൽകുന്ന സേവന പദ്ധതിക്കു രൂപംനൽകണം. വർദ്ധിച്ചു വരുന്ന വർഗീയ കലാപങ്ങളും ഭീകര പ്രവർത്തനങ്ങളും അക്രമവാസനയും തടയുന്നതിലും ഈ സഭ മറ്റു മതങ്ങളോടും സഭകളോടും സഹകരിച്ചു നേതൃത്വം കൊടുക്കേണ്ടതുണ്ട്.

*(1990-ൽ എഴുതിയത്)*

# 5

# കാതോലിക്കാസ്ഥാനം ചില വസ്തുതകൾ

കിഴക്കിന്റെ കാതോലിക്കാ സിംഹാസനം ഇന്ത്യയിൽ പുനഃസ്ഥാപിച്ചതിന്റെ സപ്തതിയാണല്ലോ ആഘോഷിക്കപ്പെടുന്നത്. ഈ കാതോലിക്കാസ്ഥാനം സംബന്ധിച്ച് പല തെറ്റുധാരണകളും ജനമദ്ധ്യത്തിൽ ഉള്ളതുകൊണ്ടാണ് ഈ ലേഖനത്തിനു മുതിരുന്നത്.

ഒന്നാമത്തെ ചോദ്യം, പാത്രിയർക്കീസ് സ്ഥാനവും കാതോലിക്കാസ്ഥാനവും തമ്മിലുള്ള ഭേദവും ഏറ്റക്കുറച്ചിലും എങ്ങനെയാണെന്നാണ്.

പാത്രിയർക്കീസ് എന്നതും കാതോലിക്കോസ് എന്നതും ഗ്രീക്കുവാക്കുകളാണ്. പാത്രിയർക്കീസ് എന്ന പദത്തിനു ഗോത്രത്തലവൻ, ഗോത്രപിതാവ് എന്നർത്ഥം. പാരമ്പര്യമായി ഇത് അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർക്കാണ് ഉപയോഗിച്ചു വന്നിരുന്നത്. യാക്കോബിന്റെ 12 മക്കൾ ഇസ്രയേലിലെ പന്ത്രണ്ട് ഗോത്രപിതാക്കന്മാരായി എണ്ണപ്പെട്ടിരുന്നു.

പുതിയനിയമത്തിലെ ഹെബ്രായ ലേഖനം 7:4-ൽ അബ്രഹാമിനെ പാത്രിയർക്കീസ് എന്നു വിളിക്കുന്നെങ്കിൽ അപ്പോസ്തല പ്രവൃത്തികൾ 7:8-9 ൽ യാക്കോബിന്റെ പന്ത്രണ്ട് പുത്രന്മാരെയാണ് പാത്രിയർക്കീസന്മാർ എന്നു വിളിക്കുന്നത്.

ഒന്നാം ശതാബ്ദത്തിൽ യഹൂദന്മാർക്ക് പലസ്തീനിലും ബാബിലോണിയയിലും ഓരോ പാത്രിയർക്കീസുണ്ടായിരുന്നു. നാലാം ശതാബ്ദത്തിന്റെ അന്ത്യം വരെ ക്രിസ്ത്യാനികളുടെയിടയിൽ പാത്രിയർക്കീസ് എന്ന സ്ഥാനമേ ഉണ്ടായിരുന്നില്ല. യഹൂദന്മാരുടെ പലസ്തീൻ (തൈബീരിയാസ്) പാത്രിയർക്കീസ് റോമാസാമ്രാജ്യത്തിലെ യഹൂദന്മാരുടെ തലവനും ബാബിലോണിയൻ പാത്രിയർക്കീസ് പേർഷ്യൻ സാമ്രാജ്യത്തിലെ യഹൂദന്മാരുടെ തലവനുമായി നാലാം ശതാബ്ദം വരെ തുടർന്നു.

പാത്രിയർക്കീസ് എന്ന സ്ഥാനം ഔദ്യോഗികമായി ക്രിസ്ത്യാനികൾ അംഗീകരിച്ചത് അഞ്ചാം ശതാബ്ദത്തിലെ ജസ്റ്റിനിയൻ ചക്രവർത്തിയുടെ നിയമസംഹിതയിലായിരുന്നു. കല്കിദോൻ സുന്നഹദോസിന്റെ (എ.ഡി. 451) 28-ാം കാനോൻ (പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ സ്വീകരിക്കുന്നില്ല) കുസ്തന്തീനോപോലീസിലെ പുതിയ സിംഹാസനത്തിന്

റോം കഴിഞ്ഞാൽ രണ്ടാം സ്ഥാനം കൊടുക്കുന്നുണ്ടെങ്കിലും പാത്രിയർക്കീസ് എന്ന സ്ഥാനം അവിടെയെങ്ങും കാണുന്നില്ല. മെത്രാന്മാരെ വാഴിക്കേണ്ടത് പാത്രിയർക്കീസാണെന്നും ഇല്ല. പ്രവിശ്യയിലെ മെത്രാപ്പോലീത്താ, മറ്റു മെത്രാന്മാരുടെ സഹായത്തോടെ പുതിയ മെത്രാനെ വാഴിക്കണമെന്നേ വ്യവസ്ഥയുള്ളു.

പോണ്ടസ്, ഏഷ്യ, ത്രേസ് എന്നീ പ്രവിശ്യകളിലെ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനുള്ള അധികാരം സാമ്രാജ്യ തലസ്ഥാന നഗരിയായ കുസ്തന്തീനോപോലീസിലെ എപ്പിസ്കോപ്പായ്ക്ക് നൽകുന്നുണ്ടെങ്കിലും അദ്ദേഹത്തെ എപ്പിസ്കോപ്പാ എന്നല്ലാതെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നില്ല.

റോമിലെയും, അലക്സന്ത്രിയയിലേയും, അന്ത്യോഖ്യായിലേയും മെത്രാന്മാരെ ആർച്ച് ബിഷപ്പ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. പക്ഷേ, പാത്രിയർക്കീസ് എന്നില്ല. പാപ്പാ എന്ന സ്ഥാനം അലക്സന്ത്ര്യായും റോമും ഉപയോഗിക്കുന്നുണ്ട്. പക്ഷേ, പാത്രിയർക്കീസ് എന്ന പദം രേഖകളിലെങ്ങും കാണുന്നില്ല.

അഞ്ചാം ശതാബ്ദത്തിൽ റോമാ സാമ്രാജ്യത്തിനകത്ത് പാത്രിയർക്കീസന്മാർ അഞ്ചു പേരാണ്. റോമാ, കുസ്തന്തീനോപോലീസ്, അലക്സന്ത്രിയ, അന്ത്യോഖ്യാ, യരുശലേം – ഇവർക്കാർക്കും റോമാ സാമ്രാജ്യത്തിനു പുറത്ത് (അതായത് എത്യോപ്യയിലോ, പേർഷ്യയിലോ, അർമ്മേനിയയിലോ, ജോർജിയയിലോ ഇന്ത്യയിലോ, ന്യൂബിയയിലോ) യാതൊരധികാരവുമുണ്ടായിരുന്നില്ല.

അങ്ങനെ അധികാരമുണ്ടായിരുന്നതായി തെളിയിക്കുന്ന യാതൊരു രേഖകളും ഇന്നേവരെ പുറത്തുവന്നിട്ടുമില്ല. പുരാതന സുറിയാനി ചരിത്രകാരന്മാരാരും അങ്ങനെ എഴുതിയിട്ടുമില്ല.

ജസ്റ്റിനിയന്റെ നിയമസംഹിതയുടെ ഒന്നാം പുസ്തകം രണ്ടാം ഭാഗം 24–ാം അദ്ധ്യായത്തിൽ കുസ്തന്തീനോപോലീസാണ് "എല്ലാ സഭകളുടെയും തല" എന്നു പറഞ്ഞശേഷം പതിമൂന്നോ പതിനാലോ പാത്രിയർക്കാ സിംഹാസനങ്ങളുടെ പട്ടിക നൽകുന്നു. ഓരോന്നിന്റെയും അധികാരപരിധിയും നൽകുന്നു.

അലക്സന്ത്ര്യ (ഈജിപ്റ്റ്), അന്ത്യോഖ്യാ (റോമാസാമ്രാജ്യത്തിലെ പൗരസ്ത്യ പ്രവിശ്യ), എഫേസൂസ് (ഏഷ്യാമൈനർ), കൈസര്യ (പോണ്ടസ്), തെസ്സലോനിക്കാ (മക്കദോനിയാ), റോമാ (റോമാ ഗവർണരുടെ അധികാരസീമ), മിലാൻ (ഇറ്റലി), സിർദിയം (യൂഗോസ്ലാവിയ), കാർത്തേജ് (ഉത്തരാഫ്രിക്കാ), ലിയോൺ (ഫ്രാൻസ്), ടൊലീഡോ

(സ്പെയിൻ), യോർക്ക് (ബ്രിട്ടൻ) ഇവയാണ് പട്ടികയിലുള്ളത്. ഇവയൊക്കെ സ്വതന്ത്ര സഭകളാണ്. എല്ലാം റോമാ സാമ്രാജ്യത്തിനുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന അധികാരമുള്ളവയും.

അർമ്മേനിയയും, ജോർജിയയും രാജാക്കന്മാർ ഭരിക്കുന്ന രാജ്യങ്ങളാണെങ്കിലും ഇടയ്ക്കിടയ്ക്ക് റോമാസാമ്രാജ്യത്തിനകത്താകുമ്പോൾ, ഈ രണ്ടു സഭകളിലേയും സ്വതന്ത്രന്മാരായ കാതോലിക്കാമാർക്കും പാത്രിയർക്കീസന്മാർക്കും തുല്യമായ പദവിയാണ് നിയമം നൽകിയിരുന്നത്.

കാതോലിക്കാസ്ഥാനം ഉടലെടുത്തത് റോമാസാമ്രാജ്യത്തിനു പുറത്താണ് – ഏഷ്യയിൽ. റോമാ സാമ്രാജ്യത്തിനു പുറത്ത് പല പ്രധാന സഭകളും ഉടലെടുത്തു. ആഫ്രിക്കയിൽ ന്യൂസിയൻ സഭ (ഇന്നത്തെ സുഡാൻ) യും എത്യോപ്യൻ സഭയുമായിരുന്നു പ്രധാന സഭകൾ. ഏഷ്യയിൽ ഏറ്റവും വലിയത് പേർഷ്യൻ സഭ, അതായത് കിഴക്കിന്റെ കാതോലിക്കേറ്റ്. പിന്നെ ഇന്ത്യൻ സഭ, ഒരു കാലത്ത് വളരെ വലിയ ഒരു സഭയായിരുന്നു.

വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ പാർത്തിയ (ഇന്നത്തെ ഇറാൻ, അഫ്ഗാനിസ്ഥാൻ, ബലുചിസ്ഥാൻ) മുതൽ ബോംബെയ്ക്കടുത്തുള്ള കല്യാൺ വരെയും ദക്ഷിണേന്ത്യയുടെ തീരപ്രദേശം മുഴുവൻ (മദ്രാസ് വരെയെങ്കിലും) വ്യാപിച്ചു കിടന്നിരുന്ന ഈ വലിയ സഭയെ പാശ്ചാത്യ ചരിത്രകാരന്മാർ അത്ര കാര്യമായെടുത്തില്ല. എന്നാൽ ഇന്ത്യൻ സഭയ്ക്കെല്ലാം കൂടി പൊതുവായ ഒരു മെത്രാപ്പോലീത്താ ഉണ്ടായത് ഏഴാം ശതാബ്ദത്തിനു ശേഷമാണ്. അതുവരെ അതതു സ്ഥലത്തുള്ള മെത്രാന്മാരാണ് സഭ ഭരിച്ചിരുന്നത്.

ഏഴാം ശതാബ്ദത്തിൽ ഹിന്ദു മതത്തിന്റെ പുനഃപ്രസരമുണ്ടായി. അതുവരെ ജയിച്ചു നിന്നിരുന്ന ബുദ്ധമതവും ജൈനമതവും പിറകോട്ട് പോകാൻ തുടങ്ങി. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ പ്രധാന മതങ്ങൾ ജൈനമതം, ബുദ്ധമതം, ക്രിസ്തുമതം, യഹൂദമതം എന്നിവയായിരുന്നു.

ഏഴാം ശതാബ്ദത്തിൽ തന്നെ ഇസ്‌ലാം, അറബിക്കച്ചവടക്കാരിൽ കൂടി കേരളത്തിലും വന്നു. അതോടൊപ്പം തന്നെ ഹിന്ദുമതവും ഉണർന്നെഴുന്നേറ്റു. അക്കാലം മുതലാണ് ക്രിസ്തുമതവും, ബുദ്ധമതവും, ജൈനമതവും ഒരുമിച്ച് അധഃപ്പതിക്കാൻ തുടങ്ങിയത്. ഈ ചരിത്രത്തിന് രേഖകൾ കുറവാണെങ്കിലും അറിയാവുന്ന വസ്തുതകൾ ഈ നിഗമനത്തിനനുകൂലമാണ്.

ഏഴാം ശതാബ്ദത്തിൽ പേർഷ്യൻ അറേബ്യൻ രാജ്യങ്ങളുമായുള്ള

നമ്മുടെ വാണിജ്യം വർദ്ധിച്ചതോടെ പേർഷ്യൻ കാതോലിക്കോസിന്റെ പ്രതിനിധികളും ഇവിടെ വന്നു ഭാരതീയസഭയെ പുനസ്സംഘടിപ്പിക്കാൻ തുടങ്ങി. അതുമുതൽക്കാണ് കിഴക്കിന്റെ കാതോലിക്കേറ്റുമായി ഭാരതീയസഭയ്ക്കു ബന്ധം തുടങ്ങിയത്. പക്ഷേ, ഇവിടെ പ്രതിനിധികളെ അയച്ച പേർഷ്യൻ കാതോലിക്കോസ്, ഏഴാം ശതാബ്ദമായപ്പോഴേയ്ക്ക് ബാബിലോൺ പാത്രിയർക്കീസ് എന്ന സ്ഥാനം സ്വീകരിച്ചു. അദ്ദേഹത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസുമായി യാതൊരു ബന്ധവുമില്ലായിരുന്നു.

എന്നാൽ അറബികൾ പേർഷ്യയും സിറിയയും പിടിച്ചടക്കി. ഒരു കാലിഫേറ്റിന്റെ കീഴിൽ കൊണ്ടുവന്നു കഴിഞ്ഞപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് നിർബാധം പേർഷ്യയിൽ പ്രവേശിക്കാനും നെസ്തോറിയൻ വിശ്വാസം സ്വീകരിച്ച ബാബിലോൺ പാത്രിയർക്കീസിനു ബദലായി ഒരു കിഴക്കിന്റെ മഫ്രിയാനായെ വാഴിക്കുവാനും സാധിച്ചു.

ആദ്യത്തെ മഫ്രിയാന തക്രീദിലെ മാറൂത്താ വാഴിക്കപ്പെട്ടത് എ. ഡി. 629-ലായിരുന്നു. മഫ്രിയാനാ എന്ന പദത്തിന് "ഫലദായകൻ" എന്നാണർത്ഥം. മഫ്രിയാനായും കാതോലിക്കായും തുല്യസ്ഥാനങ്ങളല്ല. മഫ്രിയാനായ്ക്കു സ്വതന്ത്രമായി മെത്രാന്മാരെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യാനും അധികാരമുണ്ട്. പക്ഷേ, പാത്രിയർക്കീസിനേക്കാൾ സ്ഥാനത്തിൽ താഴെയാണ്.

ഒരു മഫ്രിയാനായ്ക്കു വലിയ സ്ഥാനമാണുള്ളത്. ഉറഹായിലെ വിശുദ്ധ യാക്കോബ് (708-ൽ അന്തരിച്ചു), ഗ്രീഗോറിയോസ് ബാർ എബ്രായാ (1286-ൽ അന്തരിച്ചു), മോശെ ബർകീപ്പാ (903-ൽ അന്തരിച്ചു), മീഖായേൽ റാബോ (1199-ൽ അന്തരിച്ചു) എന്നിങ്ങനെ അനേക പ്രശസ്ത പണ്ഡിതർ, മഫ്രിയാനാമാരായിരുന്നിട്ടുണ്ട്.

പക്ഷേ, അവരാരും ഇന്ത്യയിൽ ഭരണാധികാരം പുലർത്തിയില്ല. പേർഷ്യയിലെ ഏകസ്വഭാവ വിശ്വാസികളായ പൗരസ്ത്യ സുറിയാനിക്കാരുടെ മാത്രം ഭരണമാണ് അവർക്കെല്ലാമുണ്ടായിരുന്നത്.

ഏഴാം നൂറ്റാണ്ടിലും എട്ടാം നൂറ്റാണ്ടിലും ഇന്ത്യയിൽ അധികാരം വ്യാപിപ്പിക്കാൻ ശ്രമിച്ചത് ഈ മഫ്രിയാനമാരല്ലായിരുന്നു. പ്രത്യുത നെസ്തോറിയൻ, വിശ്വാസക്കാരെന്ന് വിശേഷിപ്പിക്കപ്പെടുന്ന "കിഴക്കിന്റെ പാത്രിയർക്കീസ്" ആയിരുന്നു.

നിരണത്തു വച്ച് 1912-ൽ സുറിയാ പാത്രിയർക്കീസിന്റെ സഹായത്തോടെ ഭാരതീയസഭ ഭാരതത്തിൽ പുനഃസ്ഥാപിച്ചതും മഫ്രിയാനാ

സ്ഥാനമല്ലായിരുന്നു. പ്രത്യുത കാതോലിക്കാ സ്ഥാനമായിരുന്നു. കാതോലിക്കാസ്ഥാനം പാത്രിയർക്കാസ്ഥാനത്തിന് തുല്യമാണ്.

കാതോലിക്കാ എന്നുള്ളത് ഗ്രീക്ക്, റോമൻ സംസ്ക്കാരത്തിനു വെളിയിലുള്ള പാത്രിയർക്കാ സ്ഥാനമാണ്. എത്യോപ്യൻ പാത്രിയർക്കീസിന്റെയും ഇന്ത്യയിലെ കിഴക്കിന്റെ കാതോലിക്കായുടെയും സ്ഥാനപ്പേരു വ്യത്യാസമുണ്ടെങ്കിലും ഇരുവരും തങ്ങളുടെ ഭരണസീമയിൽ പൂർണ്ണ സ്വാതന്ത്ര്യമുള്ളവരാണ്.

കിഴക്കിന്റെ കാതോലിക്കാ കൂടാതെ മറ്റ് രണ്ടു കാതോലിക്കാമാരാണുണ്ടായിരുന്നത്. ഒന്ന് അർമ്മേനിയയിലും മറ്റൊന്ന് ജോർജിയയിലും. ഇവരിരുവരും പൂർണ്ണ സ്വാതന്ത്ര്യമുള്ളവരാണ്. മറ്റൊരു സഭയുടെയും കീഴിലല്ല.

അർമ്മേനിയൻ കാതോലിക്കോസിന്റെ ഭരണസീമയിൽ അദ്ദേഹത്തിന് വിധേയരായി ഒരു കുസ്തന്തീനോസ് പാത്രിയർക്കീസും ഒരു യെരുശലേം പാത്രിയർക്കീസും ഉണ്ട്. ഇന്നും ഈ രണ്ടു കാതോലിക്കാമാരുടെയും പൂർണ്ണ സ്ഥാനപ്പേര് കാതോലിക്കോസ്-പാത്രിയർക്കീസ് എന്നു തന്നെയാണ്.

പേരു പാത്രിയർക്കീസ് എന്നാണെങ്കിലും പൂർണ്ണ സ്വയശീർഷകത്വമില്ലാത്ത പാത്രിയർക്കീസന്മാരാണ് യെരുശലേമിലേയും കുസ്തന്തീനോപോലീസിലേയും അർമ്മേനിയയിലെയും പാത്രിയർക്കീസന്മാർ. അതുകൊണ്ട് പേരല്ല കാര്യം, ഭരണസീമയ്ക്കകത്തുള്ള സ്വയശീർഷകത്വമാണ്.

കിഴക്കിന്റെ കാതോലിക്കാ സ്ഥാനത്തിനനുസരിച്ച, പൂർണ സ്വയശീർഷകത്വമുള്ള ഒരു ഭരണഘടന ഭാരതീയ ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ട് അതിനുള്ളിൽ എല്ലാ ഭാരതീയ ഓർത്തഡോക്സ് വിശ്വാസികളും ഐക്യപ്പെട്ട് ജീവിക്കുകയെന്നതാണ് ഭാവിയിൽ അഭിലഷണീയമായിട്ടുള്ളത്.

*(മലയാള മനോരമ ദിനപത്രം, 1982 സെപ്റ്റംബർ 3 വെള്ളി)*

# 6

# കാതോലിക്കേറ്റ് സപ്തതി ആഘോഷം

ചോദ്യം: സപ്തതിയാഘോഷം എന്താണ്? ഒന്നു വിശദീകരിക്കാമോ?

ഉത്തരം: പൗരസ്ത്യ കാതോലിക്കേറ്റ് തിഗ്രീസിൽ നിന്നും 1912 സെപ്തംബർ മാസത്തിൽ നിരണത്തു വച്ച് ഇൻഡ്യയിലേക്ക് മാറ്റി സ്ഥാപിച്ചതിന്റെ 70-ാം വാർഷികത്തിനാണ് കാതോലിക്കേറ്റ് പുനഃ സ്ഥാപന സപ്തതി ആഘാഷം എന്നു പറയുന്നത്.

ഇതിനു മുമ്പ് കാതോലിക്കേറ്റ് എവിടെയായിരുന്നു?

ആദ്യ നൂറ്റാണ്ടിൽ പൗരസ്ത്യ കാതോലിക്കേറ്റ് പേർഷ്യൻ സാമ്രാജ്യ ത്തിലുള്ള മെസോപ്പൊട്ടാമിയായുടെ തലസ്ഥാനമായ സെലൂഷ്യാക്റ്റസി ഫോൺ എന്ന നഗരത്തിലായിരുന്നു. 4-ാം നൂറ്റാണ്ടിലെ ചരിത്രകാരനാ യിരുന്ന യുസേബിയസിന്റെ അഭിപ്രായത്തിൽ യേശുക്രിസ്തു തന്റെ അപ്പോസ്തലനായിരുന്ന സെന്റ് തോമസിന് നൽകിയിരുന്ന പ്രദേശം പാർത്യാ ആണ്. അക്കാലത്ത് പാർത്യാ, തിഗ്രീസ് മുതൽ ഇൻഡസ് വരെ വ്യാപിച്ചിരുന്നു (ഇപ്പോഴത്തെ ഇറാൻ, അഫ്ഗാനിസ്ഥാൻ, ബലുചിസ്ഥാൻ, പാകിസ്ഥാൻ). പൗരസ്ത്യകാതോലിക്കാ പേർഷ്യ, പാർത്യ, മേദ്യാ എന്നി വിടങ്ങളിലെ സഭകളെ ഭരിച്ചു വന്നു. എന്നാൽ 4-ാം നൂറ്റാണ്ടുവരെ സഭ യുടെ ഭരണസംവിധാനം തന്നെ, കൂടെക്കൂടെയുണ്ടായ പീഡനങ്ങൾ തട സ്സപ്പെടുത്തിക്കൊണ്ടിരുന്നു എന്നത് പ്രത്യേകം ഓർമ്മിക്കേണ്ട ഒരു കാര്യ മാണ്.

കാതോലിക്കാ എന്ന പദത്തിന്റെ അർത്ഥമെന്താണ്?

ഭരണാധികാരി അഥവാ ഗവർണർ ജനറൽ എന്ന അർത്ഥം വരുന്ന മൂലപദത്തിൽ നിന്നുമാണ് ഇതിന്റെ ഉത്ഭവം. 'ജനറൽ' എന്ന അർത്ഥ മാണ് ഭാഷയിൽ ഇതിനുള്ളത്. റോമാസാമ്രാജ്യത്തിൽ 'കാതോലിക്കാ' ഒരു മേഖലയിലുള്ള ആറ് പ്രൊവിൻസുകളുടെ ഭരണാധികാരി ആയി രുന്നു. സഭയിൽ ഇത് പാത്രിയർക്കീസ് എന്നതിന് തുല്യമായ ഒരു പദ മാണ്. റോമാസാമ്രാജ്യത്തിനു വെളിയിലാണ് ഇത് വളർന്നത്.

പുരാതന കാതോലിക്കേറ്റുകൾ ഏതെല്ലാം?

പുരാതന കാതോലിക്കേറ്റുകൾ പ്രധാനമായി മൂന്നെണ്ണമാണ് ഉള്ളത്.

പൗരസ്ത്യ കാതോലിക്കേറ്റ്, അർമീനിയൻ കാതോലിക്കേറ്റ്, ഐബീരിയൻ കാതോലിക്കേറ്റ് (ഇപ്പോഴത്തെ ജോർജിയ).

അപ്പോൾ മൂന്നു പുരാതന കാതോലിക്കേറ്റുകളും ആദ്യമായാണോ ഇൻഡ്യയിൽ ഒരുമിച്ചു കൂടുന്നത്?

അതെ. ജോർജിയായിലെ കാതോലിക്കേറ്റിനെ പ്രതിനിധീകരിച്ചെത്തുന്നത് ജോർജിയായുടെ മുഴുവനും 'കാതോലിക്കാ പാത്രിയർക്കീസായ' ഈലിയാ ബാവായാണ്. അർമീനിയായുടെ മുഴുവന്റെയും 'കാതോലിക്കാ പാത്രിയർക്കീസായ' വസ്ഗന്റെ പ്രതിനിധികളായി രണ്ടു മെത്രാപ്പോലീത്താമാരും സപ്തതിയാഘോഷങ്ങളിൽ പങ്കെടുക്കുന്നു.

ഈ രണ്ടു കാതോലിക്കേറ്റുകളും ചരിത്രത്തിൽ ആദ്യവസാനം നിലനിന്നിരുന്നോ?

ഇല്ല. പലപ്പോഴും അവ നിന്നുപോകുകയും വീണ്ടും സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഉദാഹരണമായി 1811-ൽ റഷ്യയിലെ സർ ചക്രവർത്തി ജോർജിയായിലെ കാതോലിക്കേറ്റിനെ അമർച്ച ചെയ്യുകയും 1817 മുതൽ 1913 വരെ റഷ്യൻ ഭരണാധികാരികളാൽ സഭ ഭരിക്കപ്പെടുകയും ചെയ്തു. 1917-ലെ ബോൾഷേവിക് വിപ്ലവത്തിനു (നാലു വർഷം) ശേഷം മാത്രമാണ് കാതോലിക്കേറ്റ് പുനഃസ്ഥാപിക്കപ്പെട്ടത്. ചുരുക്കത്തിൽ അവരുടെ കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ സപ്തതി വരാനിരിക്കുന്നതേയുള്ളു; അതായത് 1991-ൽ.

ജോർജിയായിലെ കാതോലിക്കേറ്റ് ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരിൽ ആരെങ്കിലും സ്ഥാപിച്ചതാണോ?

അല്ല. നീന എന്നൊരു വിശുദ്ധ വനിതയാൽ ജോർജിയൻ സഭ സ്ഥാപിക്കപ്പെട്ടു. ഒരു വനിതയാൽ സ്ഥാപിക്കപ്പെട്ട സഭ എന്ന അതുല്യ പദവിയും ഇതോടെ ജോർജിയൻ സഭയ്ക്ക് കൈവന്നു. അയൽപ്രദേശത്തെ അക്രമികളിൽ തടവുകാരിയായി പിടിക്കപ്പെട്ടവളാണ് ശുദ്ധിമതിയായിരുന്ന നീന. ആഴമേറിയ ദൈവവിശ്വാസത്തിലൂടെയും, ശക്തമായ രോഗശാന്തി നൽവരത്തിലൂടെയും തന്നെ തടവിലാക്കിയവരുടെ വിശ്വാസവും മതിപ്പും ആർജ്ജിക്കുവാൻ അവൾക്കു കഴിഞ്ഞു. നീന, ജോർജിയായിൽ സുവിശേഷം പ്രസംഗിച്ചു. ഒടുവിൽ ജോർജിയായിൽ ഒരു സഭ സ്ഥാപിക്കുന്നതിന് റോമൻ സാമ്രാജ്യത്തിൽ നിന്നും ഏതാനും പുരോഹിതന്മാരെയും മെത്രാപ്പോലീത്തന്മാരേയും ലഭിക്കുകയാണ് ഉണ്ടായത്.

അപ്പോൾ ജോർജിയായിലെ സഭ നമ്മുടെ ഇൻഡ്യയിലെ സഭയോളം പുരാതനമാണോ?

അല്ല. ജോർജിയൻ സഭ നാലാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള താണ്. പ്രാരംഭ ചരിത്രത്തിൽ അത് അർമ്മീനിയൻ സഭയുമായി ഉറ്റ ബന്ധം പുലർത്തിയിരുന്നതായി കാണുന്നുണ്ട്. എ.ഡി. 471-ാം ആണ്ടി നോടടുത്താണ് അത് സ്വതന്ത്രമായത്.

• അർമീനിയൻ കാതോലിക്കേറ്റിനെക്കുറിച്ച് കുറച്ചു വിവരങ്ങൾ നൽ കുമോ? എന്നാണ് അത് സ്ഥാപിതമായത്?

അത് ജോർജിയൻ കാതോലിക്കേറ്റിനേക്കാൾ പുരാതനമാണ്. എന്നാൽ ഇൻഡ്യൻ സഭയോളമോ, പൗരസ്ത്യ കാതോലിക്കേറ്റിനോളമോ പഴക്കമുള്ളതല്ല. അർമീനിയൻ സഭ പ്രകാശസ്ഫുരന്തിയായ വിശുദ്ധ ഗ്രിഗറിയാൽ സ്ഥാപിതമാണ്. സഭാതലവനെ വാഴിക്കുന്നതിന് ആരംഭ കാലങ്ങളിൽ അവർ കൈസറിയായെ ആശ്രയിച്ചിരുന്നു. മഹാനായ ബസ്സേലിയോസിനെപ്പോലെ (ഉദ്ദേശം 330, 350) പ്രഗത്ഭരായ മഹാപുരോ ഹിതന്മാർ അന്ന് സഭയ്ക്ക് നേതൃത്വം നൽകിയവരാണ്. എന്നാൽ നാലാം ശതകത്തിന്റെ അന്ത്യത്തോടെ മാത്രമാണ് അർമീനിയൻ സഭ സ്വയം ശീർഷകത്വമുള്ള - സ്വന്തം തലവനെ വാഴിക്കുവാനുള്ള അധികാര ത്തോടു കൂടിയതായിത്തീർന്നത്. കൈസറിയായിലെ മെത്രാപ്പോലീത്താ, കാതോലിക്കായെ വാഴിച്ചിരുന്നപ്പോഴും, കാതോലിക്കായെ വാഴിച്ച മെത്രാ പ്പോലീത്തായ്ക്ക് കാതോലിക്കായുടെ അധികാരസീമയിൽ യാതൊരുവിധ അധികാരമോ നിയന്ത്രണമോ ഉണ്ടായിരുന്നില്ല എന്നുള്ളതും ഓർമ്മി ക്കുക.

മേൽപ്പറഞ്ഞ രണ്ടു കാതോലിക്കേറ്റുകളായ ജോർജിയായിലെയും അർമീനിയായിലെയും സഭകളെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് സപ്തതിയാഘോഷങ്ങളിൽ പങ്കെടുക്കുന്നത്?

സപ്തതി ആഘോഷങ്ങളിലെ മുഖ്യ അതിഥി ജോർജിയൻ കാതോ ലിക്കാ പാത്രിയർക്കീസായ പ. ഈലിയാ ബാവായായിരിക്കും. ബോഡ് ബേയുടെ ആർച്ചുബിഷപ്പ് അത്താനാസ്യോസു തിരുമേനിയും, നിക്കോർ സ്മീനയുടെ മെത്രാപ്പോലീത്തായായ അംബ്രോസിയോസ് തിരുമേനിയും, ബാവായുടെ സെക്രട്ടറി പ്രോട്ടോ ഡീക്കൺ വുട്ടീസോ ഷലികാഷ് വിലിയും പ. ബാവായോടു കൂടി എത്തുന്നുണ്ട്.

അർമീനിയൻ സഭയുടെ വസ്ഗൻ കാതോലിക്കാ സപ്തതിയാഘോ ഷങ്ങളിൽ പങ്കെടുക്കുന്നുണ്ടോ?

ഇല്ല. വസ്ഗൻ കാതോലിക്കാബാവാ ഇൻഡ്യയിൽ വന്നിട്ടുള്ളയാ ളാണ്. എന്നാൽ അദ്ദേഹത്തിന്റെ പ്രതിനിധികളായി ഢ്ബിസിലിയുടെ മെത്രാപ്പോലീത്താ ഗീവർഗീസ് സെറായി ധാരിയൽ തിരുമേനിയെയും,

ആംഗബലിസോസിയാൻ തിരുമേനിയെയും ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ അദ്ദേഹം അയക്കുന്നുണ്ട്.

മറ്റു വിദേശ അതിഥികൾ ആരെല്ലാമാണ്?

ലോകസഭാ കൗൺസിലിന്റെ (WCC) പ്രസിഡന്റ്, ജനറൽ: ടി. ബി. സിമത്ത് പാങ്ങ് എത്തുന്നുണ്ട്. അദ്ദേഹം ഒരാസാധാരണ വ്യക്തിത്വത്തിന്റെ ഉടമയാണ്. ഡച്ചുകാരുടെ കോളനി വാഴ്ചയ്ക്കെതിരായി ഇൻഡോനേഷ്യൻ സ്വാതന്ത്ര്യസമരത്തിൽ സൈന്യത്തെ നയിച്ച ആളാണ് അദ്ദേഹം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അദ്ദേഹം സൈന്യത്തിൽ നിന്നും പിരിഞ്ഞ് പൊതുപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കയാണ്. നമ്മുടെ ദേശീയ ഗവൺമെന്റിന് സുപരിചിതനായ ഏഷ്യയിലെ ഒരു പ്രഗല്ഭ ക്രൈസ്തവ നേതാവാണദ്ദേഹം.

പോപ്പിന്റെ കാര്യമോ?

നമ്മുടെ സഭയെയും കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി ആഘോഷങ്ങളേയും അഭിനന്ദിച്ചുകൊണ്ട് മാർപാപ്പാ ജോൺ പോൾ രണ്ടാമൻ, പ. കാതോലിക്കാബാവായ്ക്ക് വ്യക്തിപരമായ ഒരു കത്തയച്ചിട്ടുണ്ട്. ഭാരത കത്തോലിക്കാ ബിഷപ്സ് കോൺഫറൻസിന്റെ അദ്ധ്യക്ഷനായ ബോംബെ ആർച്ചുബിഷപ്പ് സൈമൺ പിമന്റെയെയും, വത്തിക്കാനിലെ ക്രിസ്തീയ ഐക്യ സെക്രട്ടറിയേറ്റിന്റെ ഇപ്പോഴത്തെ ആക്ടിംഗ് സെക്രട്ടറിയായ ഫ്രാൻസിലെ ഫാ. പിയർ ഡൂപ്രെയെയും ഒരു പ്രതിനിധി സംഘത്തെയും മാർപാപ്പാ അയക്കുന്നുണ്ട്.

മറ്റേതെല്ലാം സഭകളുടെ പ്രതിനിധികൾ ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നുണ്ട്?

സഹോദരീസഭകളുടെ തലവന്മാരായ എത്യോപ്യൻ പാത്രിയർക്കീസും, എക്യുമെനിക്കൽ പാത്രിയർക്കീസായ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസും മലങ്കരയിലേക്ക് ഓരോ പ്രതിനിധി സംഘത്തെ അയക്കുന്നുണ്ട്. എത്യോപ്യൻ പാത്രിയർക്കീസിന്റെ പ്രതിനിധി തിഗ്രേയിലെ ആർച്ചുബിഷപ്പ് ആബൂനാ നഥാനിയേലും, എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ പ്രതിനിധി സിബ്രിയായുടെ എമിലിയാനോസ് മെത്രാപ്പോലീത്തായും ആയിരിക്കും.

പൗരസ്ത്യ യൂറോപ്യൻ സഭകളിൽ നിന്നും ആരെങ്കിലും സപ്തതിയാഘോഷത്തിൽ പങ്കെടുക്കുന്നുണ്ടോ?

ലോകത്തിലെ ഏറ്റവും വലിയ രണ്ടു ഓർത്തഡോക്സ് സഭകളായ റഷ്യൻ, റുമേനിയൻ സഭകളിൽ നിന്നും മൂന്നു പേർ വീതമടങ്ങുന്ന പ്രതി

നിധിസംഘങ്ങൾ എത്തുന്നുണ്ട്. റഷ്യൻ പ്രതിനിധിസംഘത്തെ നയിക്കുന്നത് റെസ്റ്റോവിലെ വ്ളാഡിമർ മെത്രാപ്പോലീത്തായാണ്. റുമേനിയൻ പ്രതിനിധിസംഘത്തലവൻ ത്രയോവായുടെയും ഒൾട്ടേനിയായുടെയും മെത്രാപ്പോലീത്താ നെസ്തോറും.

മറ്റേതെങ്കിലും സഭകളുടെ പ്രതിനിധികൾ മലങ്കരയിൽ എത്തുന്നുണ്ടോ?

ഉണ്ട്. ബൾഗേറിയായിലെ പാത്രിയർക്കീസ്, സോഫിയായിലെ മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായ ബിഷപ്പ് ജോസഫ് വെലിച്കിയെ അയക്കുന്നു. ഫിൻലണ്ടിലെ ഓർത്തഡോക്സ് സഭ, വലാമേ ദയറായിലെ അംബ്രോസിയോസ് റമ്പാനെയും അയയ്ക്കുന്നതായി അറിയിച്ചിട്ടുണ്ട്.

ഇൻഡ്യയിലെ മറ്റു സഭകൾ?

മറ്റ് എല്ലാ സഹോദരീ സഭകളുടെയും അദ്ധ്യക്ഷന്മാർക്ക് ക്ഷണക്കത്തുകൾ നൽകിയിട്ടുണ്ട്. എല്ലാവരുടെയും പ്രതിനിധികൾ പങ്കെടുക്കുന്നതായിരിക്കും.

ഇൻഡ്യൻ പ്രസിഡന്റ് സെയിൽസിംഗും സപ്തതിയാഘോഷങ്ങളുടെ പ്രധാന സമ്മേളനമായ കോട്ടയം സമ്മേളനത്തിൽ പങ്കെടുക്കുന്നുവെന്നതും പ്രത്യേകം പറയേണ്ടതുണ്ട്. വിദേശ പ്രതിനിധികളെ സ്റ്റേറ്റ് ഗസ്റ്റ് ആക്കിക്കൊണ്ടുള്ള ഗവൺമെന്റ് സന്ദേശവും ലഭിച്ചിട്ടുണ്ട്.

*(മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, 1982. അഭിമുഖം തയ്യാറാക്കിയത് ചാണ്ടപ്പിള്ള കുര്യാക്കോസ്)*

# 7

# അന്ത്യോഖ്യാ - മലങ്കര ബന്ധം ചില ചരിത്ര വസ്തുതകൾ

അന്ത്യോഖ്യാ സിംഹാസനവും മലങ്കരസഭയുമായുള്ള ബന്ധം എന്നു തുടങ്ങിയതാണ്? അതിനുള്ള ചരിത്രപരമായ അടിസ്ഥാനം എന്താണ്? ആ ബന്ധം ഏതുവിധത്തിലായിരുന്നു? - ഈ രീതിയിലുള്ള സംശയങ്ങൾ ഇന്നു പലർക്കും ഉണ്ട്. എന്നാൽ ഈ വസ്തുതകളിലേക്ക് വെളിച്ചം വീശുന്ന അധികാരിക രേഖകൾ അധികമൊന്നും ഇന്നേവരെ ലഭിച്ചിട്ടില്ല. ഉള്ളവതന്നെ വിദേശീയ ഭാഷകളിലാണു താനും. സഭാചരിത്രകാരന്മാരായ മീഖായേൽ  റാബോയും, ബാർഎബ്രായയും അടിസ്ഥാനമാക്കിയിരുന്ന പുരാതന രേഖകളിൽ ചിലവ നമ്മുടെ പഠനത്തെ സഹായിക്കുന്നവയാണ്. പ്രസംഗകനായ സഖറിയായുടെയും (Zachariah, the Rhetor) ആസ്യയിലെ യൂഹാനോന്റെയും (John of Asia) ചരിത്രഗ്രന്ഥങ്ങളാണ് ഏറ്റം പുരാതനവും അധികാരികവുമായിട്ടുള്ളത്. അവയെക്കുറിച്ചു ഗവേഷണം നടത്തിയ ചില പണ്ഡിതന്മാരുടെ പഠനങ്ങൾ നമുക്കു വളരെ സഹായകമാണ്.

## 1. പുരാതന തെളിവ്

ഇന്ത്യയിലെ സഭ പുരാതനകാലം മുതൽതന്നെ അന്ത്യോഖ്യാ പാത്രിയർക്കീസിനു കിഴ്പ്പെട്ടിരുന്നു എന്നാണ് പലരും ധരിച്ചു വച്ചിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ ചരിത്രകാരന്മാരുടെ ആധികാരിക രേഖകളിലും പഠനങ്ങളിലും അവർ വ്യക്തമാക്കിയിരിക്കുന്നത് 16-ാം നൂറ്റാണ്ടു വരെയെങ്കിലും, അവ തമ്മിൽ യാതൊരു ബന്ധവും ഇല്ലായിരുന്നുവെന്നാണ്. എന്നാൽ നമ്മുടെ ഇന്ത്യയുമായി അന്ത്യോഖ്യാ സിംഹാസനത്തിനുള്ള ബന്ധത്തെപ്പറ്റി നിസ്സംശയം സാക്ഷിക്കുന്ന ഒരു രേഖയെ സംബന്ധിച്ചു ചില പഠനങ്ങൾക്കിടയിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു പക്ഷേ ഇന്നേവരെ ലഭ്യമായിട്ടുള്ള രേഖകളിൽ വച്ച്, അന്ത്യോഖ്യാ മലങ്കര ബന്ധത്തെ പരാമർശിക്കുന്ന ഏറ്റം പുരാതന രേഖ ഇതായിരിക്കും എന്നു കരുതുന്നു. ഇന്ന് വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതായി ഏണസ്റ്റ് ഹോണിഗ് മാൻ (Ernest Honing Man) എന്ന ഗവേഷകൻ സാക്ഷിക്കുന്ന ഈ രേഖ (P. 177, Ernest Honing Man, The Convant of Bar Sauma and the Jacobite Patriarchate of Antioch in Syria, CSCO Tome 7) 1581-ൽ കൂടിയ ഒരു സുന്നഹദോസിന്റെ മിനിറ്റ്സാണ്. പാത്രിയർക്കീസ്, ഇഗ്നാത്തിയൂസ് ദാവൂദ്ശായുടെ തെരഞ്ഞെടുപ്പുയോഗത്തിന്റെ ഈ

മിനിറ്റ്സിൽ, അതിൽ സംബന്ധിച്ചവരും, ഒപ്പിട്ടവരുമായ 12 എപ്പിസ്കോപ്പന്മാരുടെ പേരു പറയുന്നു. അവയിൽ ഏറ്റവും ആദ്യമായിട്ടെഴുതിയിരിക്കുന്ന പേര് താഴെക്കൊടുത്തിരിക്കുന്ന പ്രകാരമാണ്:– "കിഴക്കിന്റെയും, ഇൻഡ്യയുടെ അതായത് പരിശുദ്ധനായ തോമാശ്ലീഹായുടെ സിംഹാസനത്തിന്റെയും കാതോലിക്കോസായ ബസേലിയോസ്."

16–ാം നൂറ്റാണ്ടിലെ ചരിത്രരേഖയിലെ ആക്ഷരികമായ മേല്പറഞ്ഞ പരാമർശങ്ങൾ താഴെപ്പറയുന്ന സംഗതികളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

1) പാത്രിയർക്കീസിനെ തെരഞ്ഞെടുത്ത സുന്നഹദോസിൽ കാതോലിക്കോസ് സംബന്ധിച്ചു.

2) അദ്ദേഹത്തിന്റെ പേര് ഒന്നാമത് എഴുതിയിരിക്കുന്നതിനാൽ, അദ്ദേഹം തന്നെയായിരിക്കണം അധ്യക്ഷം വഹിച്ചതും.

3) കിഴക്കിന്റെയും ഇന്ത്യയുടെയും കാതോലിക്കായിരുന്നു അദ്ദേഹം.

4) ഇന്ത്യയുടെ, എന്നതിന്റെ വിശേഷണമായി പരിശുദ്ധനായ മാർത്തോമ്മായുടെ നാമം പ്രത്യേകിച്ചു പറഞ്ഞിരിക്കുന്നതിനാൽ നമ്മുടെ ഇന്ത്യ തന്നെയാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്.

5) സുറിയാനി സഭയിലെ കിഴക്കിന്റെ കാതോലിക്കാ മാർത്തോമ്മായുടെ സിംഹാസനത്തിലായിരുന്നു എന്നത് 16–ാം നൂറ്റാണ്ടിലെ അന്ത്യോഖ്യൻ രേഖയും സാക്ഷിക്കുന്നു.

ഇന്നത്തെ നമ്മുടെ സഭാ അന്തരീക്ഷത്തിൽ മേല്പ്പറഞ്ഞ അഞ്ചു സംഗതികൾക്കും അതിന്റേതായ പ്രസക്തിയുണ്ട് എന്നു മാത്രം സൂചിപ്പിച്ചു കൊള്ളട്ടെ.

### 2. അധികാരസീമകൾ എന്തു സാക്ഷിക്കുന്നു?

മുമ്പു പറഞ്ഞ രേഖയുടെ കാലമായ 16–ാം നൂറ്റാണ്ടിനു മുമ്പ് അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ അധികാരസീമകളും മറ്റും എങ്ങനെ എന്നു പ്രതിപാദിക്കുന്ന പല രേഖകളും ഉണ്ട്. ചിലതിൽ പാത്രിയർക്കീസിന്റെ അധീനതയിൽ ഒരു പ്രത്യേക കാലയളവിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്തന്മാരെയും, അവരുടെ ആസ്ഥാനങ്ങളെയും പ്രതിപാദിക്കുന്നു. ചിലതിൽ ഓരോ മെത്രാപ്പോലീത്തൻ പ്രവിശ്യയിലും ഉള്ള എപ്പിസ്കോപ്പന്മാരുടെപോലും വിവരങ്ങൾ നൽകുന്നുണ്ട്. അവ പരിശോധിച്ചു നോക്കിയാൽ, അക്കൂട്ടത്തിൽ എവിടെയെങ്കിലും, പേർഷ്യയിലേയോ ഇന്ത്യയിലേയോ എപ്പിസ്കോപ്പന്മാരെപ്പറ്റി പറയുന്നുണ്ടോ എന്നു മനസ്സിലാക്കാം. ഉദാഹരണത്തിന് 6–ാം നൂറ്റാണ്ടിൽ, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഭരണസീമയെ പ്രതിപാദിക്കുന്ന രേഖകളിൽനിന്ന് ഹോണിഗ്

മാൻ തയ്യാറാക്കിയ ഒരു ലിസ്റ്റ് പരിശോധിക്കാം (Eveques Et Eveches Monophysites, D'Asie Anterieure Au VIE, Ernest Honing Man, p. 178 ff).

മേല്പറഞ്ഞ വൃത്താന്തം, അന്ത്യോഖ്യൻ പാത്രിയർക്കേറ്റിന്റെ ഏറ്റവും സുവർണ്ണമായ ഒരു കാലഘട്ടത്തിലേതാണ്. അന്ത്യോഖ്യയിലെ പാത്രിയർക്കീസായി എ.ഡി. 512-ൽ അവരോധിക്കപ്പെട്ട വി. സേവേറിയൂസിന്റെ കാലത്തിന് തൊട്ടുമുമ്പുള്ള കാലത്തെ അധികാരാവകാശസീമയാണ് മേല്പറഞ്ഞ രേഖയുടെ യാഥാർത്ഥ ഉള്ളടക്കം. അതിൽ 16-ഓളം മെത്രാപ്പോലീത്തന്മാരും, 139-ഓളം എപ്പിസ്കോപ്പന്മാരും അന്ത്യോഖ്യാ പാത്രിയർക്കീസിനോട് ബന്ധപ്പെട്ടിട്ടുള്ളതായി കാണുന്നു. അവയിലൊന്നും തന്നെ ഇന്ത്യയെയോ, പേർഷ്യയെയോ, അവയിലെ ഏതെങ്കിലും ഭദ്രാസനങ്ങളേയോ ഉൾപ്പെടുത്തിയിട്ടില്ല. സ്വയംഭരണാധികാരം പരിപൂർണ്ണമായി ഉള്ളതും പാത്രിയർക്കീസിന്റെ സ്ഥാനത്തെ മാത്രം ബഹുമാനിക്കുന്നതുമായ മെത്രാപ്പോലീത്തൻ പ്രവിശ്യകളെപ്പോലും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബേയ്റൂട്ട്, ഹോംസ്, ലവോദിക്യ എന്നീ സ്വതന്ത്ര പ്രവിശ്യകളോടൊത്തും (Autocephalous metropolitanates) മലങ്കരയെയോ കിഴക്കിന്റെ ഭദ്രാസനങ്ങളെയോ ഉൾപ്പെടുത്തിയിട്ടില്ല എന്നതാണ് പരമാർത്ഥം.

### 3. പിന്തുണ പ്രഖ്യാപിച്ചവരുടെ കൂട്ടത്തിൽ ഉണ്ടോ?

ആറാം ശതാബ്ദത്തോടെ ഏകസ്വഭാവവാദികളും ഇരുസ്വഭാവവാദികളും തമ്മിലുള്ള കലഹം മൂർഛിച്ചപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസായ സേവേറിയൂസിനോടൊപ്പം നിന്ന് അദ്ദേഹത്തിനു പിന്തുണ നൽകിയ മെത്രാപ്പോലീത്തന്മാരുടേയും, എപ്പിസ്കോപ്പാമാരുടേയും വിവരങ്ങൾ നമുക്കു കിട്ടിയിട്ടുണ്ട് ('ഏകസ്വഭാവവാദികൾ' എന്ന് മറുപക്ഷത്താൽ മുദ്രയടിക്കപ്പെട്ട സേവേറിയൂസിന്റെ അനുചരന്മാരായ മെത്രാന്മാർ ആകെ 52 പേരായിരുന്നു. ഇതിൽ നാല്പതോളം പേർ അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തോട് ബന്ധമുള്ളവരും മറ്റുള്ളവർ കുസ്തന്തീനോപോലീസിലെ പാത്രിയർക്കാ സിംഹാസനത്തോട് ബന്ധമുള്ളവരുമായിരുന്നു). അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തിനു വെളിയിലായി, കുസ്തന്തീനോപ്പോലീസിലെ സിംഹാസനത്തിലുൾപ്പെട്ടവരായി അദ്ദേഹത്തോടനുകൂലിച്ചവരോടൊപ്പം, ഒരിടത്തുപോലും ഇൻഡ്യയിലെയോ, പേർഷ്യയിലെയോ മെത്രാപ്പോലീത്തന്മാരുടെയും എപ്പിസ്കോപ്പന്മാരുടെയും കാര്യം പറയുന്നില്ല. ഇൻഡ്യയിലെ സഭ ആദിമുതലേ സത്യവിശ്വാസത്തെയായിരുന്നു പിന്തുടർന്നത്. അല്ലാതെ ഇരുസ്വഭാവവാദികളുടേതല്ലായിരുന്നു. ഇവിടുത്തെ മെത്രാപ്പോലീത്താ അന്ത്യോഖ്യായുമായി വിധേയത്വപരമായോ, ഏതെങ്കിലുംവിധത്തിൽ ബന്ധപ്പെട്ടാണ്

ഇരുന്നതെങ്കിൽ ഈ സഭയെക്കൂടി മേല്പറഞ്ഞ ലിസ്റ്റിൽ പെടുത്തുമായിരുന്നു. ഇതിൽനിന്നു നാം മനസ്സിലാക്കുന്നതായ പരമാർത്ഥം, മലങ്കരയിലെ സഭയ്ക്ക് ആറാം നൂറ്റാണ്ടിൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായി യാതൊരു ബന്ധമോ വിധേയത്വമോ ഇല്ലായിരുന്നുവെന്നാണ്. വല്ല ബന്ധവും ഉണ്ടായിരുന്നുവെങ്കിൽ കുസ്തന്തീനോപോലീസിലെ ആളുകളുടെ കാര്യം പറയുന്നതിനു മുമ്പു തന്നെ ഇവിടുത്തെ മെത്രാപ്പോലീത്താസ്ഥാനത്തെപ്പറ്റി പറയുമായിരുന്നു.

## 4. യാക്കോബ് ബുർദ്ദാനയുടെ വൃത്താന്തം എന്തു സാക്ഷിക്കുന്നു?

അന്ത്യോഖ്യാ - മലങ്കര ബന്ധത്തിലേയ്ക്ക് വെളിച്ചം വീശുന്നതും, അങ്ങനെ ഒരു ബന്ധം ഉണ്ടായിരുന്നുവെങ്കിൽ അതിനെപ്പറ്റി നിശ്ചയമായും പ്രതിപാദിക്കപ്പെടേണ്ടതായ ചരിത്ര സാഹചര്യമാണ് വി. യാക്കോബ് ബുർദ്ദാനയുടെ പ്രവർത്തനങ്ങൾ. ചക്രവർത്തിയുടെയും, സ്വാധീനമുള്ള മറ്റു പലരുടേയും പിൻബലത്തോടെ 'ഏകസ്വഭാവ വിശ്വാസം' പുലർത്തിയവരെ പീഡിപ്പിക്കുവാൻ തുടങ്ങി. സേവേറിയൂസിനെയും അദ്ദേഹത്തെ പിന്താങ്ങിയവരെയും നിർമ്മാർജനം ചെയ്യുവാൻ മറുഭാഗക്കാർ മാർഗങ്ങൾ ആരാഞ്ഞു. സേവേറിയൂസിന്റെ സ്നേഹിതനായിരുന്ന അനാസ്താസിയോസ് ചക്രവർത്തി 518-ൽ അന്തരിച്ചപ്പോൾ ജസ്റ്റിൻ ചക്രവർത്തിയായി. അദ്ദേഹത്തിന്റെ അംഗരക്ഷക പ്രമാണിയായ വിറ്റാലിയൻ ഒരു കടുത്ത കൽക്കദോന്യനായിരുന്നു. വിറ്റാലിയന്റെ പിൻബലത്തോടെ ബൈസാന്റെൻ ചക്രവർത്തിയെ തങ്ങളുടെ ഭാഗത്തേയ്ക്ക് തിരിപ്പിച്ചു. 518 സെപ്തംബറിൽ, സേവേറിയൂസ് ഈജിപ്തിലേയ്ക്ക് അഭയാർത്ഥിയായി പോകേണ്ടി വന്നു. അന്നത്തെ അലക്സാന്ത്രിയൻ പാത്രിയർക്കീസായ തിമോത്തിയോസ് നാലാമൻ അദ്ദേഹത്തെ സ്വീകരിച്ചു. ജസ്റ്റീനിയൻ, സേവേറിയൂസിന്റെ അനുയായികളായ 52 മെത്രാന്മാരെ അറസ്റ്റു ചെയ്ത് രാജനഗരത്തിലേയ്ക്ക് കൊണ്ടുവന്നു. പക്ഷേ, ചക്രവർത്തിനിയായ തിയോഡോറാ ഒരു സിറിയാക്കാരനായ പട്ടക്കാരന്റെ പുത്രിയായിരുന്നതിനാൽ, ഈ മെത്രാന്മാരോട് അനുകമ്പ തോന്നി. ഈ മെത്രാന്മാരെ കൂടാതെ 500 ഓളം സന്യാസി പുരോഹിതന്മാരും കൊണ്ടുവരപ്പെട്ടിരുന്നു. ഇവരുടെ സംരക്ഷണത്തിനായ് ചക്രവർത്തിനി തന്റെ ഒരു കൊട്ടാരം ഉപയോഗിച്ചു. മേല്പറഞ്ഞ മെത്രാന്മാരെല്ലാം തങ്ങളുടെ പിൻഗാമികളെ വാഴിക്കാതെ മരിച്ചുപോയി. എ.ഡി. 538-ൽ മാർ സേവേറിയൂസ് കാലം ചെയ്തതോടെ ഈജിപ്തിലൊഴികെ റോമാ സാമ്രാജ്യത്തിൽ ഏകസ്വഭാവ വിശ്വാസമുള്ള ഓർത്തഡോക്സ് സഭ അവസാനിച്ചു എന്ന മട്ടിലായി.

ഈയവസരത്തിൽ, തിയോഡോറാ ചക്രവർത്തിനിയും, അറബികളുടെ രാജാവായ ഹാറത്ത് ബാർ ഗബലിയും സത്യവിശ്വാസത്തെ സംരക്ഷിക്കുവാൻ വളരെയധികം കിണഞ്ഞു പരിശ്രമിച്ചു. സിറിയക്കാരിയായ ചക്രവർത്തിനി മുഖാന്തിരം, ഗ്രീക്കു ചക്രവർത്തിയുടെ മുമ്പിൽ അറബി രാജാവ് ഒരു അപേക്ഷ സമർപ്പിച്ചു. അറബികൾ പകുതിയോളം പേർഷ്യൻ സാമ്രാജ്യത്തിലും, പകുതി ബിസാന്റ്യം (ഗ്രീക്ക്) സാമ്രാജ്യത്തിലും, ആയിരുന്നു. ബിസാന്റ്യത്തിന്റെ അതിർത്തി സംരക്ഷിക്കുവാൻ ആക്കിയിട്ടുള്ള പട്ടാളക്കാർ അധികവും അറബികളും സിറിയക്കാരുമാണ്. അവരുടെ ആധ്യാത്മികാവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിന് രണ്ട് എപ്പിസ്കോപ്പന്മാരെ ഒന്നു തെക്കിനും, ഒന്ന് വടക്കിനും ആയി വാഴിച്ചു കൊടുക്കണമെന്നായിരുന്നു അറബി രാജാവിന്റെ അഭ്യർത്ഥന. ചക്രവർത്തിനിയുടെ ശുപാർശപ്രകാരം ചക്രവർത്തി അപേക്ഷ അനുവദിച്ചു.

ഏകസ്വഭാവവാദിയായതിനാൽ, നാടുകടത്തപ്പെട്ടിരുന്ന അലക്സാന്ത്രിയാ പാത്രിയർക്കീസ് മാർ തേവോദോസ്യോസിനെ കൊണ്ട് ഈ രണ്ട് മെത്രാന്മാരെയും വാഴിച്ചു. അവരിൽ ഒരാളായിരുന്നു യാക്കോബ് ബുർദ്ദാന. സുറിയാനിസഭയുടെ പട്ടത്വം ഇങ്ങനെ വീണ്ടും ആരംഭിക്കുന്നത് ചക്രവർത്തിയാൽ നിഷ്ക്കാസിതനായിരുന്ന അലക്സാന്ത്രിയാ പാത്രിയർക്കീസിൽ നിന്നാണ്. 542-ൽ യാക്കോബ് ബുർദ്ദാന ഉറഹായിലെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടു. ആ സ്ഥാനത്തിരുന്നു കൊണ്ട് അദ്ദേഹം 2 പാത്രിയർക്കീസന്മാരെയും, 27 മെത്രാന്മാരെയും, 102000 കശീശന്മാരെയും പട്ടംകൊടുത്ത് അല്ലെങ്കിൽ വാഴിച്ച് നിയമിച്ചാക്കി എന്നാണ് കഥ. ഇങ്ങനെ പട്ടംകെട്ടപ്പെട്ടവരുടെ ലിസ്റ്റിലും ഇൻഡ്യയിലെ മെത്രാന്മാരെ ഒന്നും കാണുന്നില്ല.

അന്ത്യോഖ്യാ പാത്രിയർക്കീസന്മാരായ സെർഗോസും, പൗലൂസും, ഈഗുപ്തായ സഭയ്ക്ക് 12 പുതിയ മെത്രാന്മാരും, ലവോദിക്യാ, സിറിയൻ സെലൂക്യാ, താർസൂസ്, ഇസൗറിയൻ സെലൂക്യാ, ഖൽക്കീസ്, കാറിയ, സൂറ, അവീദ്, എഫേസൂസ്, സ്മിർണ, പെർഗാമോൻ, ത്രാല്ലാസ്, ഖീയോസ്, അഫ്റോഡീസിയാസ്, അലാബാന്ദ എന്നീ 15 മെത്രാസനങ്ങളിലേയ്ക്കുള്ള മെത്രാന്മാരും ആണ് അദ്ദേഹത്തിൽ അഭിഷിക്തരായതായി ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നത്. അദ്ദേഹം പേർഷ്യയിൽ പോയി കാതോലിക്കായെ വാഴിച്ചു എന്ന കഥ പിന്നീടുണ്ടായതാണ്. പ്രാചീന ചരിത്രരേഖകളിൽ കാണുന്നില്ല. യാക്കോബ് ബുർദ്ദാന ആരംഭിച്ച കൈവയ്പിന്റെ പിന്തുടർച്ചയിൽ ഉണ്ടായിട്ടുള്ള എല്ലാ മെത്രാന്മാരുടേയും ലിസ്റ്റ് മിഖായേൽ റാബോ നൽകുന്നുണ്ട്. അന്ത്യോഖ്യൻ സുറിയാനി സഭയുമായി അന്നു മലങ്കരയ്ക്ക് ഏതെങ്കിലും ബന്ധം ഉണ്ടായിരുന്നുവെങ്കിൽ, മലങ്കരയ്ക്ക് അവിടെനിന്ന് പൗരോഹിത്യ കൈവെയ്പ് ലഭിച്ചു

കൊണ്ടിരുന്നുവെങ്കിൽ ഈ ലിസ്റ്റുകളിൽ ഒരിടത്തെങ്കിലും മലങ്കരയുടെ കാര്യമോ, പേർഷ്യയുടെ കാര്യമോ, കാണുമായിരുന്നു. പക്ഷേ, അതും കാണുന്നില്ല.

**5. ഭദ്രാസനങ്ങളുടെ ലിസ്റ്റിൽ എങ്കിലും ഉണ്ടോ?**

ആറാം ശതാബ്ദം മുതൽ 12-ാം ശതാബ്ദം വരെ ഓരോ കാലത്തും ഉള്ള സുറിയാനിസഭയുടെ ഭദ്രാസനങ്ങളുടെ പേരും വിവരങ്ങളും നമുക്കു കിട്ടിയിട്ടുണ്ട്. ആ ലിസ്റ്റിൽ ഒരിടത്തുപോലും ഇൻഡ്യയിലെ ഏതെങ്കിലും ഭദ്രാസനത്തിന്റെ പേരു കാണുന്നില്ല. മിഖായേൽ റാബോയുടെ ലിസ്റ്റിൽ 130 മെത്രാസനങ്ങളുടെ പേർ കാണുന്നതിൽ, ഓരോന്നും എവിടെയാണെന്ന് നമുക്ക് വ്യക്തമായി അറിയാം. അതിലൊന്നും ഇന്ത്യ എന്ന പേരോ, ഇന്ത്യയിലെ ഏതെങ്കിലും സ്ഥലങ്ങളുടെ പേരോ കാണുന്നില്ല.

എന്നാൽ ബാർ എബ്രായയുടെ എക്ളേസിയാസ്റ്റിക്കയിൽ 'ഇൻഡ്യ' യെപ്പറ്റി ഒരു പരാമർശനം കാണാം. 1189-ൽ ഊർമിയയിലെ (Ourmiah) എപ്പിസ്കോപ്പായായ ഗബ്രിയേൽ എന്നു മറുനാമമുള്ള ഇഗ്നാത്തിയോസ്, ഇൻഡ്യാക്കാരനായ യോഹന്നാന്റെ മകനാണെന്നും അദ്ദേഹം (de bet Hinduvaye) എഴുതിയിട്ടുണ്ട്. എന്നാൽ ഈ ഊർമിയ ഇന്നത്തെ ഇന്ത്യയിൽ അല്ല. ഇന്ന് റഷ്യയുടെ തെക്കുഭാഗത്തുള്ള അസർബൈജാനിലെ ഊർമിയ തടാകതീരത്തുള്ള റിസിയയെ (Rizaieh) നഗരമാണ്. ബാർ എബ്രായയുടെ ലിസ്റ്റ് പതിമൂന്നാം ശതാബ്ദത്തിനപ്പുറം പോകുന്നില്ല. അതുവരെ ഏതായാലും ഇൻഡ്യയിൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായി ബന്ധപ്പെട്ട മെത്രാപ്പോലീത്തന്മാരില്ല എന്ന് ഇതിൽനിന്നും വ്യക്തമാണ്.

മേല്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ ഒന്നു പരിചിന്തിക്കുമ്പോൾ പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ഇന്ന് ഉന്നയിക്കുന്ന വാദങ്ങളും ആരോപണങ്ങളും സുറിയാനി സഭാചരിത്രത്തിനു നിരക്കാത്തതാണെന്ന് വ്യക്തമാകുന്നു. അന്ത്യോഖ്യൻ പാത്രിയർക്കാ സ്ഥാപനത്തിന്റെ ചരിത്രം, കാതോലിക്കാ സ്ഥാപനത്തിന്റെ ചരിത്രം പോലെ തന്നെ പരാശ്രയത്തിന്റെയും, വൈധവ്യത്തിന്റെയും കരിനിഴൽ പരന്നതാണ്. നിഷ്പക്ഷ ബുദ്ധ്യായുള്ള ചരിത്രപഠനം നമ്മെ കൂടുതൽ യാഥാർത്ഥ്യങ്ങളിലേയ്ക്കു വഴി നടത്തും എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ഉപന്യാസം ഉപസംഹരിക്കുന്നു.

*(മലങ്കരസഭ, 1974 ജൂലൈ; ചർച്ച് വീക്ക്‌ലി, 1974 ജൂൺ 2)*

# 8

# മുളന്തുരുത്തി സുന്നഹദോസ്

മുളന്തുരുത്തി സുന്നഹദോസ് സമ്മേളിച്ചിട്ട് നൂറു വർഷം തികയാറായി. ഉദയംപേരൂർ സുന്നഹദോസ്, മാവേലിക്കര സുന്നഹദോസ്, മുളന്തുരുത്തി സുന്നഹദോസ് എന്നിവ മലങ്കരസഭാചരിത്രത്തിലെ സുപ്രധാന സമ്മേളനങ്ങളായിരുന്നു. എന്നാൽ ഇവിടെ സുന്നഹദോസ് എന്ന പദം അശ്രദ്ധമായി ഉപയോഗിച്ചിരിക്കുകയാണെന്ന് പറയേണ്ടിയിരിക്കുന്നു. ഈ മൂന്നു സ്ഥലങ്ങളിലും വച്ചു നടന്ന സമ്മേളനങ്ങളെ സുന്നഹദോസുകളെന്നു വിളിക്കാനാവില്ല. അവ യഥാർത്ഥത്തിൽ സുന്നഹദോസുകളായിരുന്നില്ല. കാരണം, ഈ മൂന്നു സുന്നഹദോസുകളും കൂടുന്ന സമയത്ത് ഇവിടെ ഒരു എപ്പിസ്ക്കോപ്പൽ സുന്നഹദോസുണ്ടായിരുന്നില്ല. അതുകൊണ്ട് ഈ മൂന്നു സമ്മേളനങ്ങളും സഭാസമിതികളായിരുന്നുവെന്നേ പറയാനൊക്കൂ. എങ്കിലും സഭ മുഴുവന്റെയും പ്രതിനിധികളുടെ ഔദ്യോഗികമായ കൂടിവരവെന്ന നിലയിൽ അവയ്ക്കൊരു സ്ഥാനമുണ്ട്.

മുളുന്തുരുത്തി സുന്നഹദോസ് 1876 മിഥുനം 15–ാം തീയതി ആരംഭിച്ചു. സമ്മേളനം നാലു ദിവസം നീണ്ടുനിന്നു. പത്തനംതിട്ട മാക്കാംകുന്നിൽ തെങ്ങുംതറയിൽ ഗീവർഗ്ഗീസ്സ് കോർഎപ്പിസ്ക്കോപ്പാ നൽകിയ കോടതിമൊഴിയിൽ മുളന്തുരുത്തി സുന്നഹദോസിൽ 2000 പേർ സംബന്ധിച്ചിരുന്നതായി കാണുന്നു. എന്നാൽ പ്രതിനിധികളായി അത്രയുംപേർ ആദ്യന്തം സമ്മേളനത്തിൽ സംബന്ധിച്ചിരുന്നിരിയ്ക്കില്ല. ഉൽഘാടന യോഗത്തിൽ അത്രയും ആളുകൾ കൂടിയിരുന്നിരിയ്ക്കാം. അന്ന് മലങ്കരയിൽ ആകെക്കൂടി 150 പള്ളികൾ ഉണ്ടായിരുന്നിരിയ്ക്കണം. പ്രതിനിധികളെന്ന നിലയിൽ സമ്മേളനത്തിൽ സംബന്ധിച്ചവരായി 279 പേരാണ് ഒപ്പിട്ടിട്ടുള്ളത്. അതിൽ ആദ്യത്തെ ഒപ്പ് ജോസഫ് മാർ ദിവന്നാസ്യോസിന്റേതാണ്. പള്ളികളുടെ കൂട്ടത്തിൽ രണ്ടു പള്ളികൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തിരിയ്ക്കുന്നു. ഒന്നാം സ്ഥാനം വടക്കുള്ള തലപ്പള്ളിയായ അങ്കമാലി അകപ്പറമ്പു പള്ളിയ്ക്കും, രണ്ടാം സ്ഥാനം തെക്കുള്ള തലപ്പള്ളിയായ നിരണത്തിനും. അകപ്പറമ്പു പള്ളിയിൽ നിന്ന് ആറു പ്രതിനിധികളും നിരണത്തു നിന്നും ഒമ്പതു പ്രതിനിധികളും സുന്നഹദോസിൽ ഹാജരുണ്ടായിരുന്നു.

സുന്നഹദോസിൽ സംബന്ധിച്ചവരിൽ ചാത്തുരുത്തി റമ്പാനും (പരുമല മാർ ഗ്രീഗോറിയോസും) ഉൾപ്പെടുന്നു. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ദ്വിഭാഷിയായി പ്രവർത്തിച്ചത് ചാത്തുരുത്തി റമ്പാനായി

രുന്നു. എല്ലാ പ്രതിനിധികളും പള്ളികളിൽ നിന്നുള്ള സമ്മതപത്രം കൊണ്ടുവന്ന് പാത്രിയർക്കീസ് ബാവായ്ക്കു സമർപ്പിയ്ക്കണം. ബാവാ അവ വായിച്ചു കേട്ടശേഷം റമ്പാച്ചനെ ഏല്പിക്കും. റമ്പാൻ അവയെല്ലാം ഒരു കോൽ നീളം മുക്കാൽ കോൽ വീതി, മുക്കാൽ കോൽ ഉയരമുള്ള ഒരു മരപ്പെട്ടിയിൽ അടുക്കിവയ്ക്കും. പാത്രിയർക്കീസ് ബാവാ പെട്ടി ദിവസവും തന്റെ മുറിയിൽ കൊണ്ടുപോകും. ദിവസവും സുന്നഹദോസിനു വരുമ്പോൾ പെട്ടിയും കൊണ്ടുവരും. 103 പള്ളികളാണ് മുളന്തുരുത്തി സുന്നഹദോസിൽ ഔദ്യോഗികമായി സംബന്ധിച്ചത്. ഉൽഘാടനയോഗം നടന്നത് മുളന്തുരുത്തി പള്ളിയുടെ വടക്കുവശത്തു കെട്ടിയ കൊട്ടിലിലും പിന്നീടുള്ള യോഗങ്ങൾ പള്ളിയകത്തും വച്ചാണ് നടന്നത്. പള്ളിയകത്തെ യോഗത്തിൽ പാത്രിയർക്കീസ് മദ്ബഹായിൽ സിംഹാസനാരൂഢനായിരിയ്ക്കും. ശീമയിൽ നിന്നു വന്നിട്ടുള്ള ഗ്രീഗോറിയോസ് മെത്രാനും (പിന്നീട് അബ്ദള്ളാ പാത്രിയർക്കീസ്), പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസും മറ്റു നൂറിൽപരം വൈദികരും ഹൈക്കലായിൽ ഉപവിഷ്ടരായിരിയ്ക്കും. അത്മേനികൾ പള്ളിയകത്തും.

പത്രോസ് തൃതീയൻ പാത്രിയർക്കീസിന് അന്ന് 76 വയസ്സുണ്ട്. നല്ല ചുറുചുറുക്കും, വലിയ താടിമീശയും, ആകാരവിശേഷവും കൊണ്ട് ആരേയും ആകർഷിക്കാൻ പോരുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ദ്ദേഹം. അദ്ദേഹത്തിന്റെ മുമ്പിൽ മറ്റുള്ളവർ ചെറുതായിപോകും. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിന് അന്ന് 39 വയസ്സേ പ്രായമുള്ളു. മലങ്കര മെത്രാപ്പോലീത്താ ആണ്. രണ്ടുപേരും തമ്മിൽ മനസ്സു കൊണ്ട് അടുപ്പമൊന്നുമില്ല. സുന്നഹദോസ് കൂടുന്നതിൽ പോലും രണ്ടു പേരുടെയും ലക്ഷ്യങ്ങൾ അതി വ്യത്യസ്തങ്ങൾ ആണ്. പത്രോസ് പാത്രിയർക്കീസിനു വേണ്ടത് മലങ്കരസഭയെ അന്ത്യോക്യാ സിംഹാസനത്തിനു തീറെഴുതിക്കൊടുക്കുന്ന രജിസ്റ്റർ ചെയ്ത ഉടമ്പടിയാണ്. സുന്നഹദോസ് അതിനുള്ള തീരുമാനം എടുത്തിട്ട് ഓരോ പള്ളിയിൽ നിന്നും രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ പാത്രിയർക്കീസിനു സമർപ്പിക്കണം എന്നുള്ളതാണ് പാത്രിയർക്കീസിന്റെ ലക്ഷ്യം. അന്ത്യോക്യായുടെ മേൽക്കോയ്മ മലങ്കരസഭാംഗങ്ങളെക്കൊണ്ട് രേഖാമൂലം അംഗീകരിപ്പിക്കുകയും ആചന്ദ്രതാരം അതിൽ നിന്നു മാറിപ്പോവുകയില്ലെന്ന് അവരെക്കൊണ്ട് പ്രതിജ്ഞ ചെയ്യിയ്ക്കുകയും വേണം.

അങ്ങനെ ചെയ്യിയ്ക്കാമെന്നുള്ള ധാരണയിലാണ് നവീകരണ വിഭാഗത്തിന്റെ നേതാവായ മാത്യൂസ് അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി പ്രഖ്യാപിച്ചുകൊണ്ടുള്ള തിരുവിതാംകൂർ ഗവൺമെന്റ് വിളംബരം ഗവൺമെന്റിനെക്കൊണ്ട് പാത്രിയർക്കീസ് പിൻവലിപ്പിച്ചത്. നവീകരണക്കാർക്കെതിരായി പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസിനെ

പിൻതാങ്ങാൻ തുടങ്ങിയപ്പോൾ. നവീകരണശക്തി കുറച്ചു കുറഞ്ഞു. ജോസഫ് ദിവന്നാസ്യോസ് ഒറ്റയ്ക്ക് സമരം ചെയ്തിരുന്നെങ്കിൽ അത്രയും പിടിച്ചുനില്ക്കുവാൻ കഴിയുമായിരുന്നോ എന്ന് സംശയമുണ്ട്. ഏതായാലും പത്രോസ് പാത്രിയർക്കീസ് അധികം പ്രവർത്തിച്ച വടക്കൻ ഇടവകകളിൽ നവീകരണത്തിന്റെ ശക്തി തീരെ നിലച്ചു. കീഴില്ലം പോലുള്ള ഒന്നു രണ്ടു കേന്ദ്രങ്ങളിലല്ലാതെ മറ്റെങ്ങും ഇന്നും നവീകരണത്തിന്റെ ശക്തി ഇല്ലാത്തതിന്റെ കാരണങ്ങളിൽ ഒന്ന് ഇതാണ്.

പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ വരുന്നതിനു മുമ്പ് ഇംഗ്ലണ്ടിൽ പോയി കാന്റർബറി ആർച്ചുബിഷപ്പിനേയും ബ്രിട്ടീഷ് റസിഡന്റിനേയും സ്വാധീനിച്ചിട്ടാണ് വന്നത്. ഇവിടുത്തെ ബ്രിട്ടീഷ് റസിഡന്റ്, പാത്രിയർക്കീസ് ആവശ്യപ്പെട്ടതുപോലെ എല്ലാം ചെയ്തില്ലെങ്കിലും മാത്യൂസ് മാർ അത്താനാസ്യോസിന്റെ അംഗീകരണം പിൻവലിയ്ക്കുകയും ആരാണ് നേരായ മലങ്കരമെത്രാപ്പോലീത്താ എന്ന് സിവിൽകോടതികളാണ് തീരുമാനിക്കേണ്ടതെന്നും സിവിൽകോടതികളുടെ തീരുമാനം എന്തായിരുന്നാലും അതു രണ്ടു കൂട്ടരും സ്വീകരിച്ചുകൊള്ളണമെന്നും പ്രഖ്യാപിയ്ക്കുകയും ചെയ്തു. മാർത്തോമാ സഭയുടെ മെത്രാപ്പോലീത്തായെ ശീമക്കാർ ഒരിയ്ക്കലും മുടക്കിയിട്ടില്ലെന്ന് മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ പ്രസ്താവിച്ചിട്ടുള്ളത് ഞാൻ പരിശോധിച്ചിട്ടുള്ള രേഖകളിൽ കാണുന്നതിനു വിരുദ്ധമാണ്. മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കിയിട്ടാണ് പത്രോസ് തൃത്രീയൻ പാത്രിയർക്കീസ് മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയത്. എന്തായിരുന്നാലും മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടുന്നതിന് പത്രോസ് പാത്രിയർക്കീസ് ബാവായെ പ്രേരിപ്പിച്ച പ്രധാന ഘടകം അന്ത്യോക്യൻ സഭയുടെ മേൽക്കോയ്മ മലങ്കര സഭയെക്കൊണ്ട് അംഗീകരിപ്പിയ്ക്കുന്നതിന് ഈ പ്രതിസന്ധിഘട്ടം ഏറ്റം വലിയ അവസരമായി അദ്ദേഹം കണ്ടതുകൊണ്ടത്രെ.

മലങ്കരസഭയെ പാത്രിയർക്കീസിനു വിൽക്കാനല്ല മലങ്കര മെത്രാൻ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന്റെ ആഗ്രഹം. പാത്രിയർക്കീസിന്റെ ശക്തികൊണ്ടാണ്, ആദിമുതൽ തന്നെ ഇംഗ്ലീഷുകാരുടെ പിൻബലമുണ്ടായിരുന്ന നവീകരണക്കാരോടു പൊരുതി നിൽക്കാൻ കഴിഞ്ഞത്. പാത്രിയർക്കീസ് നവീകരണമെത്രാനെ മുടക്കി മാർ ദിവന്നാസ്യോസിനെ അംഗീകരിച്ചതിന്റെ വില കൊടുക്കാതെ ഗത്യന്തരമില്ലെന്നു വന്നിരിയ്ക്കുന്നു. പാത്രിയർക്കീസിനെ പിണക്കാൻ സാദ്ധ്യവുമല്ല. പിണക്കിയാൽ മുടക്കുണ്ടാവുമെന്നു തീർച്ച. നമ്മുടെ ആളുകളെയെല്ലാം ഏകോപിപ്പിച്ച് അവരിൽ നിന്നു പണം പിരിച്ച് നവീകരണക്കാർക്കെതിരായി കേസ്സു നടത്തുക എന്നതാണ് മുമ്പിലുള്ള പ്രധാന കാര്യം. കാര്യങ്ങൾ സിവിൽകോടതി തീരുമാനിയ്ക്കുന്നതുപോലെ എന്നു പ്രഖ്യാപിച്ച ബ്രിട്ടീഷ് റസിഡന്റ്

ആണ് സുറിയാനി ക്രിസ്ത്യാനികളെ കോടതി കയറുന്നവരാക്കിയതെന്നു പറഞ്ഞാൽ കുറച്ചൊക്കെ അതിൽ പരമാർത്ഥമുണ്ട്. എന്തായാലും കേസ്സു നടത്തണമെങ്കിൽ ധാരാളം പണം വേണം. പാത്രിയർക്കീസു പറഞ്ഞെങ്കിലേ പണം വേഗം കിട്ടുകയുള്ളു. മുളന്തുരുത്തി സുന്നഹദോസു കൊണ്ട് മാർ ദിവന്നാസ്യോസിന് സാധിയ്ക്കേണ്ട പ്രധാനപ്പെട്ട കാര്യം കേസ്സു നടത്താൻ രൂപാ ഉണ്ടാക്കുക എന്നതാണ്. പാത്രിയർക്കീസിന്റേയും, ദിവന്നാസ്യോസിന്റെയും ഉദ്ദേശ്യങ്ങൾ ഈ രണ്ടു വഴികളിലൂടെ മുന്നോട്ടു പോകുമ്പോൾ നാട്ടുകാരായ വൈദികർക്കും അത്മായപ്രമാണികൾക്കും മൂന്നാമതൊരുദ്ദേശ്യമുണ്ട്. അതായത് പള്ളിഭരണത്തിൽ പട്ടക്കാർക്കും പ്രമാണികൾക്കും നിയമപരമായ പങ്കാളിത്തം വേണം. മലങ്കരമെത്രാപ്പോലീത്താ രാജകീയ രീതിയിലുള്ള ഭരണമാണ് നടത്തുന്നത്. ഈ ഏകാധിപത്യം മാറി പട്ടക്കാർക്കും അത്മേനികൾക്കും പള്ളി ഭരണത്തിൽ വേണ്ടത്ര ഭാഗഭാഗിത്വം ഉണ്ടാവണം. ഈ ലക്ഷ്യം നേടിയെടുക്കാൻ മുളന്തുരുത്തി സുന്നഹദോസ് അവസരമായി പട്ടക്കാരും അത്മായ പ്രമാണികളും  കരുതി.

ഈ മൂന്നു ലക്ഷ്യങ്ങളും നേടിയെടുക്കുന്നതിൽ ആരെല്ലാം വിജയം വരിച്ചു? പാത്രിയർക്കീസ് ബാവാ തന്റെ ഉദ്ദേശ്യം നിറവേറ്റാൻ രണ്ടു മൂന്ന് പദ്ധതികളാണാവിഷ്ക്കരിച്ചത്. ഒന്നാമത്, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മലങ്കരസഭയുടെ ചരിത്രത്തേയും അതിനു അന്ത്യോക്യയുമായുള്ള ബന്ധത്തേയും ഒരു പ്രത്യേക രീതിയിൽ വ്യാഖ്യാനിച്ചിട്ട് ആ ഉപക്രമ പ്രസംഗത്തിലെ ആശയങ്ങളെ മലങ്കരസഭ പൂർണ്ണമായി അംഗീകരിക്കുന്നുവെന്ന് കാണിയ്ക്കുന്ന ഒരു രേഖ സമ്പാദിയ്ക്കുക. രണ്ടാമത് ഓരോ പള്ളിയും പാത്രിയർക്കീസിന്റേതാണെന്ന് കാണിക്കുന്ന ഒരു രജിസ്റ്റർ ഉടമ്പടി എല്ലാ പള്ളികളിൽ നിന്നും എഴുതി വയ്ക്കുക. മൂന്നാമത്, കഴിയുന്നിടത്തോളം പണം റിശ്ശീസ്സായുടെ രൂപത്തിൽ സമ്പാദിച്ച് നാട്ടിൽ കൊണ്ടുപോകുക.

പത്രോസ് പാത്രിയർക്കീസ് മുളന്തുരുത്തി സുന്നഹദോസിൽ ചെയ്ത സുദീർഘമായ ഉപക്രമ പ്രസംഗം 1879 – 1889 വരെ നടന്ന സെമിനാരി കേസ്സിൽ ജി. ജി. അക്കമായി ഹാജരാക്കിയിട്ടുള്ളതുകൊണ്ട് അതിന്റെ ഉള്ളടക്കം ഇന്നു നമുക്ക് അറിയാൻ കഴിയും. അതിൽ പറയുന്ന കാര്യങ്ങളിൽ പരമാർത്ഥവും അല്ലാത്തതും ഇടകലർന്നാണ് കിടക്കുന്നത്. അന്ത്യോക്യൻ സഭയുടെ അധീശത്വം സ്ഥാപിച്ചു കൊണ്ടു വരുവാനാണ് അദ്ദേഹത്തിന്റെ പ്രധാന ശ്രമം. പോർത്തുഗീസുകാർ നമ്മെ കബളിപ്പിച്ചുവെന്നും മാത്യൂസ് ശെമ്മാശ്ശൻ ശീമയിൽ നിന്ന് പട്ടം വാങ്ങിപ്പോന്നത് പാത്രിയർക്കീസ് ബാവായെ തെറ്റിധരിപ്പിച്ചാണെന്നും പാലക്കുന്നത്ത് മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായ വിളംബരം പിൻവലിപ്പിയ്ക്കാൻ താൻ വളരെ ബുദ്ധിമുട്ടിയെന്നും ജനങ്ങളെ ഭരിക്കാൻ ശരിയായ ഒരു

കമ്മിറ്റി ഇല്ലാത്തതുകൊണ്ടാണ് ഇവിടെ കുഴപ്പം ഉണ്ടാകുന്നതെന്നും അന്ത്യോക്യാ സിംഹാസനത്തോടുള്ള പൂർണ്ണമായ "ചൊല്ലുവിളി" പ്രതിജ്ഞ ചെയ്യുന്ന സമ്മതപത്രം എഴുതിക്കൊടുത്താൽ ഇവിടെയുള്ള പ്രശ്നങ്ങൾ തീരുമെന്നും ആണ് ഉപക്രമപ്രസംഗത്തിൽ പറയുന്നത്. അതിൽ "പത്രോസിന്റെ സിംഹാസനം" എന്നു പറയുന്നില്ല; 'അന്ത്യോക്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനം' എന്നേയുള്ളു. 'കിഴക്കൊക്കെയുടെയും പാത്രിയർക്കീസ്' എന്നില്ല. 'അന്ത്യോക്യയുടെ പാത്രിയർക്കീസ്' എന്നേയുള്ളു. ഉപക്രമപ്രസംഗത്തിന് രേഖാമൂലമായ മറുപടി നൽകണമെന്ന് പത്രോസ് പാത്രിയർക്കീസ് ആവശ്യപ്പെട്ടു. പിറ്റേദിവസം എഴുതിക്കൊണ്ടു വന്ന് ബോധിപ്പിയ്ക്കാമെന്ന് സുന്നഹദോസ് സമ്മതിച്ചു. രാവിലെ എട്ടു മണിക്കു തുടങ്ങി ഉച്ച കഴിഞ്ഞ് മൂന്നു മണിയോടെ സമ്മേളനത്തിന്റെ ഒന്നാം സെഷൻ അവസാനിച്ചു. സമ്മതപത്രം വാങ്ങലും ഉപക്രമപ്രസംഗവുമേ അന്നു നടന്നുള്ളുവെന്നു തോന്നുന്നു.

രണ്ടാമത്തെ സെഷൻ മിഥുനം 17-ാം തീയതി പത്തു മണിയ്ക്കാരംഭിച്ച് വൈകിട്ട് എട്ടു മണിയ്ക്കവസാനിച്ചു. പാത്രിയർക്കീസിന്റെ ഉപക്രമപ്രസംഗത്തിനുള്ള മറുപടി വായിച്ചു സമർപ്പിച്ചു. മറുപടിയിൽ അന്ത്യോക്യാ സിംഹാസനത്തോടുള്ള അനുസരണത്തിനും "സ്തുതി ചൊവ്വാകപ്പെട്ട" (Orthodox) യാക്കോബായ സുറിയാനി വിശ്വാസത്തിനും വിപരീതം ഉണ്ടാവാതിരിപ്പാൻ വേണ്ടി ഓരോ ഇടവകക്കാരും ഓരോ കരാർ ആധാരം എഴുതി രജിസ്റ്റർ ആക്കി ഒരു കോപ്പി പള്ളി മേമ്പൂട്ടിൽ വയ്ക്കുവാനും ഒരു കോപ്പി പാത്രിയർക്കീസിനു നല്കുവാനും സുന്നഹദോസ് തീരുമാനിയ്ക്കുന്നു എന്നു കാണിച്ചിരുന്നു.

ഈ തീരുമാനം ചെയ്ത അവസരത്തിൽ ഇങ്ങനെയൊരു കരാർ കൊടുക്കുവാനുള്ള ഉദ്ദേശ്യം അവിടെയുണ്ടായിരുന്ന 103 പള്ളിക്കാരിൽ അഞ്ചോ ആറോ പള്ളികൾക്കെങ്കിലും ഉണ്ടായിരുന്നോ എന്നു സംശയമാണ്. സുന്നഹദോസിനു ശേഷം പാത്രിയർക്കീസ് ഭഗീരഥയത്നം ചെയ്തിട്ടും പത്തോ പന്ത്രണ്ടോ പള്ളിയിൽ നിന്നുപോലും കരാർ എഴുത്തു കിട്ടിയില്ല, എന്നതു തന്നെ ഇതിനു മതിയായ തെളിവാണ്. പുതുപ്പള്ളിക്കാരെപ്പോലെ ചിലർ എഴുതിക്കൊടുത്തു. പക്ഷേ സുന്നഹദോസിൽ സംബന്ധിച്ച 103 പള്ളിക്കാരും കരാർ കൊടുക്കാമെന്നു സമ്മതിച്ചുവെങ്കിലും തൊണ്ണൂറു ശതമാനം പേരും കരാർ നൽകിയില്ലെന്ന് വേണം കരുതുവാൻ. മലങ്കരസുറിയാനിക്കാർ സൂത്രംകൊണ്ടാണ് പലപ്പോഴും ശീമക്കാരോട് പൊരുതിയത്. ഇവിടെയും അന്യായമായത് പാത്രിയർക്കീസ് ചോദിച്ചപ്പോൾ, തരികയില്ല എന്ന് നേരെ പറയാതെ തരാമെന്നു സമ്മതിച്ചിട്ട് കൊടുക്കാതിരിയ്ക്കയാണ് ചെയ്തത്.

സുന്നഹദോസ് എടുത്ത രണ്ടാമത്തെ തീരുമാനം ഓരോ ഇടവകയിലും ഓരോ രജിസ്റ്റർ ബുക്ക് ഉണ്ടാവണം എന്നതായിരുന്നു. അതിൽ ഓരോ കുടുംബത്തിലേയും പുരുഷന്മാർ എത്രയെന്നും സ്ത്രീകൾ എത്രയെന്നും പ്രത്യേകം എഴുതി അന്ത്യോഖ്യായോടുള്ള ചൊല്ലുവിളി സമ്മതിച്ച് അതിൽ കുടുംബകാരണവർ ഒപ്പിട്ട് അതിൻപ്രകാരമുള്ള റിശ്ശീസ്സാ ആണ്ടു തോറും പാത്രിയർക്കീസിനു നൽകണം. ഇതു കൂടാതെ മൂന്നു രജിസ്റ്റർ ബുക്കുകൾ കൂടി ഓരോ ഇടവകയ്ക്കും ഉണ്ടായിരിക്കണം. മാമോദീസാ, വിവാഹം, ശവസംസ്ക്കാരം എന്നിവ രേഖപ്പെടുത്താനുള്ളതാണവ. രജി സ്റ്ററിൽ മലങ്കരമെത്രാപ്പോലീത്തായുടെ ഒപ്പും, മുദ്രയും ഉണ്ടായിരിക്കണം. പാത്രിയർക്കീസിനെ സംബന്ധിച്ചിടത്തോളം പാത്രിയർക്കീസിന്റേയും അന്ത്യോക്യൻ സഭയുടെയും മലങ്കരസഭയുടെ മേലുള്ള അധികാരങ്ങളും അധീശത്വവും ഉറപ്പുവരുത്തുന്ന പല തീരുമാനങ്ങളും സുന്നഹദോസി നെക്കൊണ്ട് എടുപ്പിയ്ക്കുവാൻ കഴിഞ്ഞു എന്നുള്ളത് ഒരു വിജയമായി കരുതാമെങ്കിലും അതു പ്രയോഗത്തിൽ കൊണ്ടുവരുന്ന കാര്യത്തിൽ അപ്പാടെ പരാജയപ്പെട്ടു എന്നുള്ളത് അതിന്റെ ബലഹീനത എടുത്തു കാട്ടുന്നു.

മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയതിൽ ജോസഫ് മാർ ദിവ ന്നാസ്യോസിന്റെ ലക്ഷ്യം എത്രമാത്രം സാധിച്ചു? പട്ടക്കാരുടേയും അത്മായ പ്രമാണികളുടേയും ഉദ്ദേശ്യം എത്രത്തോളം വിജയത്തിലെത്തി?

“ജാതി മുഴുവൻ കൂടിയ ഒരു സമൂഹം” ഉണ്ടാക്കാനും അതിന് “സുറി യാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ” എന്ന പേരുകൊടുക്കാനും മുള ന്തുരുത്തി സുന്നഹദോസ് തീരുമാനിച്ചു. ഈ അസ്സോസ്സിയേഷനിൽ പാത്രിയർക്കീസിനുള്ള സ്ഥാനം വെറും അനൗപചാരികമാണ്. അദ്ദേഹം ഇതിന്റെ പേട്രൺ ആയിരിയ്ക്കണം. അധികാരമുള്ള അദ്ധ്യക്ഷനായി മല ങ്കരമെത്രാപ്പോലീത്താ തന്നെ. അസ്സോസ്സിയേഷനിലേയ്ക്കുള്ള അംഗങ്ങ ളായിച്ചേരുന്നവരെ നാലു ക്ലാസ്സുകളായി തിരിച്ച് അവരിൽ നിന്ന് അംഗത്വ ഫീസ് പിരിയ്ക്കണം. ഒന്നാം ക്ലാസ്സ് അംഗങ്ങൾ 100 രൂപയും രണ്ടാം ക്ലാസ്സ് അംഗങ്ങൾ 50 രൂപായും മൂന്നാം ക്ലാസ്സ് അംഗങ്ങൾ 25 രൂപായും നാലാം ക്ലാസ്സ് അംഗങ്ങൾ 10 രൂപായും വീതം അംഗത്വഫീസ് നൽകണം. ഓരോ ഇടവകയിൽ നിന്നും 500 രൂപയോ ചെറിയ പള്ളികളെങ്കിൽ അതിൽ കുറഞ്ഞ തുകയോ ഇടവകയുടെ അംഗത്വ ഫീസ് കൊടുക്കണം. ഈ ധനാഗമമാർഗ്ഗങ്ങൾ എല്ലാം സ്വീകരിച്ചത് നവീകരണക്കാർക്കെതി രായി കേസ്സു നടത്തുന്നതിനുവേണ്ടി ആയിരുന്നു. മാർ ദിവന്നാസ്യോസ് പ്രതീക്ഷിച്ചത്രയും തുക ഈ മാർഗ്ഗങ്ങൾ വഴി ലഭിച്ചോ എന്നു സംശയ മുണ്ട്. എങ്കിലും കുറെയൊക്കെ സാധിച്ചുവെന്നു പറയാം.

മുളന്തുരുത്തി സുന്നഹദോസ്, അസ്സോസ്സിയേഷൻ മാത്രമല്ല ഒരു കമ്മിറ്റി കൂടെ ഉണ്ടാക്കി. കമ്മിറ്റിയുടെ പേര് "പ്രധാന കമ്മിറ്റി" എന്നായിരുന്നു. അംഗങ്ങളായി 25 പേർ. ജോസഫ് മാർ ദിവന്നാസ്യോസ് അദ്ധ്യക്ഷൻ, സുന്നഹദോസിൽ സംബന്ധിച്ച എട്ടു കശ്ശീശന്മാർ, ഒന്നാം ക്ലാസ്സ് അംഗങ്ങളിൽ നിന്ന് 16 പേർ, വേതനം പറ്റുന്ന ഒരു ഫുൾടൈം സെക്രട്ടറി, ധാരാളം ജാമ്യം കെട്ടിവച്ചിട്ടുള്ള ഒരു ട്രഷറർ ഇവരായിരുന്നു "പ്രധാന കമ്മിറ്റി" അംഗങ്ങൾ. ഈ പ്രധാന കമ്മിറ്റിയുടെ പ്രഥമയോഗം 1878 കുംഭം 6-ാം തീയതി പരുമലയിൽ വച്ചു കൂടി. ജോസഫ് ദിവന്നാസ്യോസ് കൺവീനറും പ്രസിഡന്റുമായിരുന്നു. മുളന്തുരുത്തി സുന്നഹദോസ് നിശ്ചയപ്രകാരം വാഴിക്കപ്പെട്ട ആറു മെത്രാന്മാരിൽ അമ്പാട്ടെ ഗീവർഗ്ഗീസ് മാർ കൂറിലോസ് ഒഴികെ അഞ്ചു പേരും സന്നിഹിതരായിരുന്നു. പ്രധാന കമ്മിറ്റിയുടേതായി വിളിച്ചു കൂട്ടിയ സമ്മേളനത്തിൽ 1000 പേരോളം പങ്കെടുത്തെങ്കിലും കമ്മിറ്റി അംഗങ്ങൾ മാത്രമേ മിനിറ്റ്സിൽ ഒപ്പു വച്ചുള്ളു. 25 കമ്മിറ്റി അംഗങ്ങളിൽ അഞ്ചു പേർ ഹാജരുണ്ടായിരുന്നില്ല. വരാതിരുന്നതിനുള്ള കാരണവും അവർ എഴുതി അറിയിച്ചിരുന്നു. 150 പള്ളികളുടെ പ്രതിനിധികളും എത്തിയിരുന്നു. അന്ന് അവർ കൂടി പ്രധാന കമ്മിറ്റിയിൽ എല്ലാ മെത്രാപ്പോലീത്തന്മാരേയും കൂടെ ഉൾപ്പെടുത്തി. കമ്മിറ്റിയുടെ അംഗസംഖ്യ 47 ആയി വർദ്ധിപ്പിച്ചു. മെത്രാന്മാരൊഴികെയുള്ള 40 അംഗങ്ങളും 500 രൂപാ വീതം കൊടുക്കണമെന്നും അതിൽ 150 രൂപാ ഉടനെ നൽകണമെന്നും തീരുമാനിച്ചു. അസ്സോസ്സിയേഷൻ പോലെതന്നെ പ്രധാന കമ്മിറ്റിയും പണം ഉണ്ടാക്കുന്നതിന് സഹായകമായി. അങ്ങനെ 1879-ാം ആണ്ടിൽ 439/1054 ആയി സുപ്രസിദ്ധമായ സെമിനാരിക്കേസ്സു കൊടുക്കാൻ ജോസഫ് ദിവന്നാസ്യോസിനു സാധിച്ചു. ഇത് മുളന്തുരുത്തി സുന്നഹദോസ് വിളിച്ചു കൂട്ടുന്നതിന് പിമ്പിൽ ജോസഫ് ദിവന്നാസ്യോസിനുണ്ടായിരുന്ന ഉദ്ദേശ്യങ്ങൾ ഏറെക്കുറെ സാധിച്ചു എന്നതിന്റെ തെളിവാണ്.

സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷന്റേയും പ്രധാന കമ്മിറ്റിയുടേയും രൂപവൽക്കരണം ജോസഫ് മാർ ദിവന്നാസ്യോസിനു കേസ്സു നടത്താൻ പണം ഉണ്ടാക്കാൻ സഹായകമായിത്തീർന്നെങ്കിൽ വൈദികരേയും അത്മായക്കാരേയും സംബന്ധിച്ചിടത്തോളം അവ സഭാഭരണത്തിൽ വിപുലമായ അധികാരാവകാശങ്ങൾ അവർക്കു ലഭിക്കുന്നതിനു മുഖാന്തിരമായി. 'പ്രധാന കമ്മിറ്റി'ക്കു തന്നെ വളരെയധികം അധികാരം ഉണ്ടായിരുന്നു. പ്രധാന കമ്മിറ്റിയ്ക്ക് യുക്തമെന്നു തോന്നുമ്പോൾ അസ്സോസ്സിയേഷൻ വിളിച്ചുകൂട്ടാതെ ഒന്നാം ക്ലാസ്സ് അംഗങ്ങളായ 24 വൈദികരേയും 79 അത്മേനികളേയും വിളിച്ച് കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം കമ്മിറ്റിക്കു നൽകി. ഈ പ്രത്യേക യോഗത്തി

നുള്ള അധികാരം പ്രധാനമായും താഴെപ്പറയുന്നവയാണ്.

1. സമുദായം വക മുതലും ഇടവകപ്പള്ളികളുടെ മുതലും സംബന്ധിച്ച നിയമങ്ങൾ ഭേദഗതി ചെയ്യുക.

2. സഭാസംബന്ധമായ കണക്കുകൾ കേൾക്കുക.

3. ഓരോ ഇടവകയിലും അതാതു സ്ഥലത്തെ നിശ്ചയം അനുസരിച്ച് വികാരിമാരെ സ്ഥിരപ്പെടുത്തുക.

4. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിക്കുക.

5. സമുദായത്തിനാവശ്യമായ പുസ്തകങ്ങൾ, ആവശ്യമായ ഭാഷകളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുക.

6. പള്ളികളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

7. പുതിയ പള്ളികൾ പണിയുക.

8. സ്കൂളുകൾ നിർമ്മിക്കുക.

9. റീശ്ശീസ്സാ പിരിവ് പാത്രിയർക്കീസിന് അയയ്ക്കുക.

10. മലങ്കരമെത്രാപ്പോലീത്തായ്ക്കുള്ള കൈമുത്തും മറ്റു വരുമാനങ്ങളും പിരിക്കുക.

11. തികയാതെ വന്നാൽ കൂടുതൽ പണം ഉണ്ടാക്കുക.

12. ഈഹീദായക്കാർക്കും ദയറാക്കാർക്കും ചിലവിനുള്ള വക കൊടുക്കുക.

13. വികാരിമാർക്ക് ഇടവകക്കാർ ശമ്പളം നൽകാനുള്ള ഏർപ്പാടു ചെയ്യുക.

14. സെക്രട്ടറിക്ക് ശമ്പളം കൊടുക്കുക.

ഈ പതിനാലു അധികാരങ്ങൾക്കും പുറമെ ഓരോ ഇടവകയിലേയും സ്ഥാവരജംഗമ വസ്തുക്കളുടെ പട്ടികയിൽ വർഷംതോറുമുള്ള കണക്കും മാമോദീസ്സാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, ശവസംസ്ക്കാര രജിസ്റ്റർ ഇവയിൽ ചേർത്തിട്ടുള്ളവയുടെ പകർപ്പും കമ്മിറ്റിക്ക് അയച്ചുകൊടുക്കണം.

മലങ്കര മെത്രാപ്പോലീത്തായ്ക്കുള്ള അധികാരങ്ങളാണ് ഇവയിൽ അധികവും. ഇപ്പോൾ അവ അസ്സോസ്സിയേഷനിലും, അസ്സോസ്സിയേഷൻ കമ്മിറ്റിയിലും നിക്ഷിപ്തമായിരിക്കുന്നു. പക്ഷേ, ഇതു കഴിഞ്ഞാണ് ആറു മെത്രാപ്പോലീത്തന്മാർ വാഴിക്കപ്പെട്ടത്. മെത്രാപ്പോലീത്തന്മാരും അസ്സോസ്സിയേഷനും തമ്മിലുള്ള അധികാര മത്സരം വളരെ നാളുകൾ നിലനിന്നു

വെന്നു തോന്നുന്നു. എന്തായാലും ജനങ്ങൾക്ക് വേണ്ടത്ര അധികാരം കിട്ടി. മലങ്കരമെത്രാപ്പോലീത്തായുടേയും അധികാരങ്ങൾ കുറെയൊക്കെ സംരക്ഷിക്കപ്പെട്ടു. മലങ്കരമെത്രാപ്പോലീത്തായുടെ അധികാരങ്ങൾ പ്രധാനമായി,

1) ഓരോ ഇടവകയും സന്ദർശിക്കുകയും ഇടവക കണക്കുകൾ പരിശോധിക്കുകയും ചെയ്യുക.

2) വികാരിമാരെ സ്ഥിരപ്പെടുത്തുക (അധികാരം അസ്സോസ്സിയേഷനുമുണ്ട്).

3) സ്കൂളുകൾ ആരംഭിക്കുക (ഇതും അസ്സോസ്സിയേഷനുള്ള അധികാരമാണ്).

4) വഴക്കുകൾ തീർക്കുക.

5) ആവശ്യമായ മറ്റെല്ലാ കാര്യങ്ങളും ചെയ്യുക.

6) ഓരോ ഇടവകയും സന്ദർശിക്കുമ്പോൾ സന്ദർശന വിവരം അടങ്ങുന്ന ഡയറി എഴുതി സൂക്ഷിക്കുകയും ആണ്ടുതോറും പ്രധാന കമ്മിറ്റിയെ വായിച്ചു കേൾപ്പിക്കുകയും ചെയ്യുക എന്നിവയായിരുന്നു.

ഇങ്ങനെ മലങ്കരമെത്രാപ്പോലീത്തായുടേയും അസ്സോസ്സിയേഷന്റെയും അധികാരങ്ങൾ ബാലൻസു ചെയ്തു നിർത്തിയിരിക്കുകയാണ്. ഈ മുൻ പറഞ്ഞ കാര്യങ്ങളിലൊന്നും പാത്രിയർക്കീസിന് യാതൊരു അധികാരവുമില്ല. ഉടമ്പടി കൊടുക്കാമെന്ന് തീരുമാനിച്ചെങ്കിലും ഉടമ്പടി നൽകിയില്ല. സുന്നഹദോസ് തീരുമാനങ്ങളെല്ലാം വായിച്ചു കേൾപ്പിച്ചത് ചാത്തുരുത്തി റമ്പാനായിരുന്നു. മിനിറ്റ്സ് എഴുതുവാൻ മാർ ദീവന്നാസ്യോസിന്റെ സെക്രട്ടറി ഈപ്പൻ റൈട്ടറും, കുഞ്ഞുവർക്കി റൈട്ടറും ഉണ്ടായിരുന്നു. തീരുമാനങ്ങൾ ഒക്കെ വായിച്ചുകേട്ടപ്പോൾ പാത്രിയർക്കീസിനു തോന്നി, ഒരു തീരുമാനം കൂടെ വേണമെന്ന്. അതുകൊണ്ട് അദ്ദേഹം തന്നെ പറഞ്ഞുകൊടുത്ത് ഡ്രാഫ്റ്റ് ചെയ്തതാണെന്നു തോന്നുന്നു. മുളന്തുരുത്തി സുന്നഹദോസിലെ അവസാന തീരുമാനം "അന്ത്യോഖ്യായുടെ സാഹിത്യം നിലനിൽക്കും കാലമൊക്കെയും മലയാളത്തിലുള്ള സുറിയാനി സഭയിൽ സമാധാനമുണ്ടാവുകയില്ലെന്ന്" ബ്രിട്ടീഷ് റസിഡന്റ് ബല്ലാർഡു സായിപ്പ് പറഞ്ഞിട്ടുള്ളത് ഓർപ്പിച്ചുംകൊണ്ട് മലങ്കരയും വിദേശത്തുമുള്ള സുറിയാനിക്കാർ സഹകരിച്ച് പ്രവർത്തിക്കണമെന്നും ഇവിടുത്തെ കമ്മിറ്റിയും അവിടുത്തെ കമ്മിറ്റിയും ഒന്നിച്ചു പോകണമെന്നും പാത്രിയർക്കീസിന് രണ്ടിടത്തും സമഅവകാശമാണെന്നും ഉള്ള ഒരു കുനഷ്ഠു വാചകമാണ് അവസാന തീരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വാചകത്തിൽ അന്ത്യോഖ്യക്കാർ പോയെങ്കിലേ ഇവിടെ

സമാധാനം ഉണ്ടാകൂ എന്നും, അന്ത്യോഖ്യക്കാർക്ക് അവിടെയുള്ളതു പോലെ ഇവിടെയും അധികാരമുണ്ട് എന്നും പറഞ്ഞിരിക്കുന്നു. രണ്ടും പരസ്പര വിരുദ്ധങ്ങളാണ്. ഈ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു പോയ ഈ സുന്നഹദോസ് ശീമക്കാരുടെ സൂത്രവും മലയാളികളുടെ സൂത്രവും കൂടെ ഒരുപോലെ ഒന്നുകലർന്ന ഒരു രാഷ്ട്രീയ യോഗമെന്ന ല്ലാതെ പരിശുദ്ധാത്മ പ്രവർത്തനം ഈ സുന്നഹദോസിൽ എന്തു മാത്രം ഉണ്ടായിരുന്നുവെന്നുള്ളത് സംശയിക്കേണ്ടുന്ന കാര്യമാണ്.

ഏതായാലും മുളന്തുരുത്തി സുന്നഹദോസ് ഇന്ന് നമ്മെ നിയമപര മായി ബന്ധിയ്ക്കുന്ന ഒരു യോഗമല്ല. ഇവിടെ ഭരണഘടനയുണ്ടാവുകയും കാതോലിക്കേറ്റ് സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ മുളന്തുരുത്തി സുന്നഹദോസിന്റെ നിശ്ചയങ്ങൾക്ക് നിയമപരമായ സാധുതയില്ലാതായി. ഇന്ന് നിയമപരമായി നിലവിലുള്ളത് ഭരണഘടനയും കാതോലിക്കോസ്, മലങ്കരമെത്രാപ്പോലീത്താ, മലങ്കര അസോസിയേഷൻ, മാനേജിംഗ് കമ്മിറ്റി ('പ്രധാന കമ്മിറ്റി'യായിരുന്നത്), എപ്പിസ്കോപ്പൽ സുന്നഹ ദോസ്, മെത്രാന്മാർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങളെ പരസ്പരം സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു ഭരണകൂടവും നിയമ വ്യവസ്ഥിതിയുമത്രെ.

(ചർച്ച് വീക്ക്ലി, 1976 ഫെബ്രുവരി 15)



# 9

# ഡൽഹിയിലെ ഓർത്തഡോക്സ് പള്ളി

## ഒരു മാതൃകാ ഇടവക രൂപംപ്രാപിക്കുന്നു

ഒരാഴ്ചത്തെ ഡൽഹിവാസം കൊണ്ട് നമ്മുടെ സഭയെപ്പറ്റി ഒരു പുതിയ പ്രത്യാശയാണ് എന്റെ ഹൃദയത്തിൽ ഉൽഭൂതമായി തുടങ്ങിയിരിക്കുന്നത്.

ഒന്നാമത് ഇവിടുത്തെ ഇടവക യോജിപ്പുള്ള ഒന്നാണ്. കക്ഷിവ്യത്യാസമൊന്നുമിവിടെക്കാണുന്നില്ല. ഭരണപരമായി കാതോലിക്കാബാവാ തിരുമനസ്സിലെ അധികാരത്തിൻകീഴിലാണെങ്കിലും പാത്രിയർക്കീസ് ഭാഗത്തുള്ള വളരെയധികം ആളുകൾ ഈ പള്ളിയിൽ സഹകരിച്ച് പോകുന്നുണ്ട്. കേന്ദ്ര ഡെപ്യൂട്ടി മന്ത്രി ശ്രീ. എ. എം. തോമസ് ഈ ഇടവകയിലെ ഏറ്റവും പ്രവർത്തനോന്മുഖരായ അംഗങ്ങളിലൊരാളാണ്.

രണ്ടാമത്, വലിയവനും ചെറിയവനും ഈ ഇടവകയിൽ ഒരുപോലെ സ്ഥാനമുണ്ട്.

ഈ കഴിഞ്ഞ ദുഃഖവെള്ളിയാഴ്ച ശ്രീ. എ. എം. തോമസും അദ്ദേഹത്തിന്റെ ഓഫീസിലെ ഒരു സാധാരണ ക്ലാർക്കും ഒരുപോലെ ശുശ്രൂഷക്കുപ്പായങ്ങളിട്ടുകൊണ്ട് ഒരുമിച്ചു ശുശ്രൂഷയിൽ സംബന്ധിക്കുന്ന കാഴ്ച എന്നെ വളരെയധികം സന്തോഷിപ്പിച്ചു. സത്യക്രൈസ്തവ സഭയിൽ കുചേല കുബേര വ്യത്യാസമെന്ന്യെ സർവരും ക്രിസ്തുവിന്റെ മുമ്പിൽ സമരാണല്ലോ.

മൂന്നാമത്, ഇവിടുത്തെ വികാരി ബഹുമാനപ്പെട്ട തോമസ് കത്തനാർ ഒരു മാതൃകാ പുരോഹിതനാണ്. ഈ വിപുലമായ നഗരിയിൽ എവിടെയെങ്കിലും ഒരു ഓർത്തഡോക്സുകാരനുണ്ടെന്ന് കേട്ടാൽ ഓടിയെത്തി അവനെ സ്വാഗതം ചെയ്യുന്നതിനും പള്ളിയിലോട്ടു വിളിച്ചുകൊണ്ടു പോകുന്നതിനും അദ്ദേഹത്തിനുള്ള കഴിവ് ഒന്ന് പ്രത്യേകമാണ്. മാത്രമല്ല, എവിടെയെങ്കിലും ഒരിടവകക്കാരന് രോഗമാണെന്നു കേട്ടാൽ 20 മൈൽ യാത്ര ചെയ്തും അച്ചനവിടെ മറ്റാരെയുംകാൾ മുമ്പു വന്നുചേരും. പിന്നീട് ഡോക്ടറെ വിളിയ്ക്കാനും ഭക്ഷണവും മരുന്നും മേടിയ്ക്കാനുമൊക്കെയുള്ള ചുമതല അച്ചനങ്ങേറ്റെടുക്കുകയായി. രോഗിയ്ക്ക് സ്വന്തം വീട്ടിലേക്കാൾ കൂടുതലായുള്ള ഒരു സ്വസ്ഥതയും ശാന്തിയും നൽകുവാനുള്ള ഒരു കഴിവദ്ദേഹത്തിനുണ്ട്.

അച്ചൻ അവിവാഹിതനായതു കൊണ്ടും പണം സമ്പാദിയ്ക്കുവാ

നുള്ള ആഗ്രഹമില്ലാത്തതുകൊണ്ടുമാണ് ഇത്രയുമൊക്കെ സാധിയ്ക്കുന്നത്. പക്ഷേ അദ്ദേഹത്തിന്റെ ഹൃദയം ഒരു യഥാർത്ഥ ഇടയന്റെ ഹൃദയമാണ്. സർവ്വസമയവും തന്റെ ഇടവകയെപ്പറ്റിയാണ് ചിന്ത. ഓരോ തരത്തിലുള്ള പ്രശ്നങ്ങളുള്ളയാളുകളെ കുമ്പസാര മാർഗ്ഗത്തിലൂടെയും മറ്റ് സംഭാഷണങ്ങളിൽ കൂടെയും ആത്മീയമായി നയിയ്ക്കുവാനും അദ്ദേഹത്തിനു കഴിയുന്നുണ്ട്.

ഒരു ഓർത്തഡോക്സ് പുരോഹിതന്റെ ചുമതലകളിൽ ആരാധനാ നേതൃത്വം പോലെ തന്നെ പ്രധാനമായിട്ടുള്ള ഒന്നാണ് ഇടവകയിലെ ഓരോ അംഗത്തിന്റെയും മേലുള്ള ആത്മീയ മേൽനോട്ടം. അതു ബഹുമാനപ്പെട്ട തോമസ്സച്ചനെപ്പോലെ ഇത്രയും ഭംഗിയായി നിർവ്വഹിയ്ക്കുന്ന അധികം പുരോഹിതന്മാരെ ഞാൻ നമ്മുടെ ഇടവകകളിൽ കണ്ടിട്ടില്ല.

വലിയ പട്ടണങ്ങളിലുള്ള നമ്മുടെ പള്ളികളിൽ ആളുകൾ വലിയ വഴക്കില്ലാതെ കഴിഞ്ഞുപോകുന്നത്, അവർക്കു ജോലി കഴിഞ്ഞ് വഴക്കു കൂടുവാൻ സമയമില്ലാത്തതു കൊണ്ടാണെന്ന് സാധാരണ പറയാറുണ്ട്. എന്നാൽ നമ്മുടെ ഡൽഹിയിടവകയിൽ വഴക്കില്ലാത്തതിനു കാരണം അതു മാത്രമാണെന്ന് തോന്നുന്നില്ല.

ഇടവകയിലെ മിക്കവാറും എല്ലാ അംഗങ്ങളേയും ഉൾക്കൊള്ളുന്ന ഒരു പ്രവർത്തന പരിപാടി ഇവിടെയുണ്ടെന്നതാണ് പ്രധാന സംഗതി. ഉയിർപ്പു ദിവസം വൈകുന്നേരം ഇടവകാംഗങ്ങളെല്ലാം ഒരുമിച്ചു ചേർന്ന് ഒരു അത്താഴവിരുന്നും അതിനു മുമ്പായി ചില കലാപ്രകടനങ്ങളുമുണ്ടായിരുന്നു.

സാധാരണ അന്താരാഷ്ട്രീയ ക്രിസ്തീയ സമ്മേളനങ്ങളിലെല്ലാം എനിക്ക് വളരെയധികം വിഷമമുണ്ടാക്കിയിട്ടുള്ള ഒരു സംഗതിയാണ് സുറിയാനി ക്രിസ്ത്യാനികളുടെ കലാവിമുഖത. ഇന്ത്യയുടെയോ ലോകത്തിന്റേയോ മറ്റു ഭാഗങ്ങളിൽ നിന്നും വരുന്നവരൊക്കെ ഹൃദ്യമായ കലാപരിപാടികളാവിഷ്ക്കരിച്ച് ഈ സമ്മേളനങ്ങളിൽ പ്രദർശിപ്പിക്കുമ്പോൾ മലയാളി ക്രിസ്ത്യാനികൾ മാത്രം ഒന്നുമറിഞ്ഞു കൂടാതെ വിഷണ്ണരായി നിൽക്കുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്.

എന്നാൽ ഡൽഹിയിലെ സുറിയാനിക്കാർ അങ്ങനെയൊന്നുമല്ല. നല്ല നല്ല പാട്ടുകൾ, ഒന്നാന്തരം മോണോ ആക്റ്റുകൾ, മാർഗ്ഗംകളി, ഫാൻസി ഡ്രസ്സ് ഇങ്ങനെയുള്ള കലാപ്രകടനങ്ങളടങ്ങിയ ഒരു പരിപാടി ആവിഷ്ക്കരിച്ച് ഇടവകക്കാർ പ്രദർശിപ്പിച്ചു. പാട്ടുകളും ആക്റ്റുകളും ആത്മീയാദർശ സമ്പന്നമായിരുന്നു.

ഇത്രയും പരിശ്രമിച്ച് ഇത്രയും നല്ല ഒരു പരിപാടി രൂപീകരിയ്ക്കു

വാൻ ഈ ഡൽഹി ഇടവകക്കാർക്കു എവിടെനിന്നു സമയം കിട്ടി എന്നു ഞാൻ അത്ഭുതപ്പെട്ടു. നാട്ടിലെ ഇടവകകളിലുള്ളവർക്ക് ഇതിൽ കൂടുതൽ സമയമുണ്ടെന്നതിന് തർക്കമൊന്നുമില്ല. അവരെ സംഘടിപ്പിക്കുവാനും നയിക്കുവാനുമുള്ള നേതൃത്വസമ്പത്ത് നമുക്കുണ്ടായിരുന്നെങ്കിൽ ഈ ഓരോ ഇടവകയേയും നമുക്കൊരു മാതൃകാ ഇടവകയാക്കുവാൻ കഴിയുമായിരുന്നു.

ദൈവം ഈ ഡൽഹിയിടവകയേയും മറ്റെല്ലാ ഇടവകകളേയും അനുഗ്രഹിക്കുകയും അവയെ തന്റെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുമാറാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

*(1958-ൽ ചർച്ച് വീക്ക്‌ലിയിൽ എഴുതിയത്. ഫാ. കെ. സി. തോമസ് - പിന്നീട് ഡോ. തോമസ് മാർ മക്കാറിയോസ് - ആയിരുന്നു അന്നത്തെ ഡൽഹി പള്ളി വികാരി)*



# 10

# മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന് ഒരു ആമുഖം

മലങ്കരസഭാംഗങ്ങളും മറ്റുള്ളവരും അറിയുവാൻ ആഗ്രഹിക്കുന്ന അനേക വിഷയങ്ങളെക്കുറിച്ച് ഹ്രസ്വമായ വിവരം നല്കുവാൻ ഉതകുന്ന ഒരു ലഘു ഗ്രന്ഥമായാണ് ഈ മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാന കോശത്തെ ഞങ്ങൾ പൊതുജനസമക്ഷം അവതരിപ്പിയ്ക്കുന്നത്.

എല്ലാം ഇതിലുണ്ടെന്നോ ഇതിൽ തെറ്റില്ലെന്നോ ഞങ്ങൾ അവകാശ പ്പെടുന്നില്ല. ഒന്നാം പതിപ്പ് ഇറങ്ങി സഹൃദയരായ ജനങ്ങൾ അതുപയോ ഗിച്ചശേഷം കുറവുകൾ കുറച്ച്, തെറ്റുകൾ തിരുത്തി ഒരു രണ്ടാം പതിപ്പ് ഏതാനും വർഷങ്ങൾക്കകം അവതരിപ്പിയ്ക്കണമെന്നു തന്നെയാണ് ഞങ്ങളുടെ ആഗ്രഹം. അക്കാര്യത്തിൽ പണ്ഡിതരായ സുഹൃത്തുക്കൾ ഞങ്ങളെ സഹായിയ്ക്കുമെന്ന് ഞങ്ങൾ ആത്മാർത്ഥമായി അഭിലഷിക്കു കയും ചെയ്യുന്നു.

നമ്മുടെ വൈദികസെമിനാരിയിലെ അദ്ധ്യാപകവൃന്ദം ഭാരതത്തിലെ ഏത് വൈദിക വിദ്യാലയത്തിലുള്ളവരോടും കിടപിടിക്കത്തക്ക പാണ്ഡി ത്യമുള്ളവരാണ്, അവരുടെ സേവനങ്ങൾ വൈദികസെമിനാരി വിദ്യാർത്ഥി കൾക്കു മാത്രമല്ല സഭാംഗങ്ങൾക്ക് മുഴുവനും സഭയ്ക്ക് പുറത്തുള്ള വർക്കും, ഉതകത്തക്കവിധം വിഭാവനം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുള്ള പല പരിപാടികളുണ്ട്. പ്രധാനമായും എടുത്തു പറയാവുന്നത് സോഫിയാ സെന്ററിലെ അത്മായ പരിശീലന പദ്ധതി, 'ദിവ്യബോധനം' എന്ന വേദ ശാസ്ത്ര പഠനപദ്ധതി, തിരുവചനഭാഷ്യം എന്ന ബൈബിൾ പഠനപദ്ധതി, "ശ്രുതി" എന്ന അദ്ധ്യാത്മിക സംഗീത പരിശീലനകേന്ദ്രം എന്നിവയാണ്.

മേൽപ്പറഞ്ഞവ പോലെ തന്നെ സുപ്രധാനമായ ഒരു സംരംഭമാണ് ഈ മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം. സെമിനാരി അദ്ധ്യാപകരുടെയും സഭാംഗങ്ങളായ മറ്റ് സുഹൃത്തുക്കളുടെയും വളരെ നാളത്തെ അദ്ധ്വാനത്തിൽ നിന്ന് ഉടലെടുത്തതാണ് ഈ അറിവിന്റെ ഭണ്ഡാഗാരം. സെമിനാരിയുടെ 175-ാം വാർഷികാഘോഷത്തോടനുബ ന്ധിച്ചാണ് ഈ സംരംഭത്തിന് തുടക്കമിട്ടത്.

വളരെ അഭ്യസ്തവിദ്യരായ ഒരു അത്മായ സംഘമാണ് ഭാരതത്തിലെ

ഓർത്തഡോക്സ് സഭയിൽ ഉള്ളത്. സ്വയം പഠിയ്ക്കുവാനും അറിവാർജ്ജിയ്ക്കുവാനും ആഗ്രഹവും കഴിവുമുള്ളവരാണ് നമ്മുടെ ഭക്തജനങ്ങൾ. അവർക്കിത് തീർച്ചയായും വലിയ പ്രയോജനം ചെയ്യും.

കുറെ നാളത്തെ ഉപയോഗത്തിന്റെ അനുഭവ പശ്ചാത്തലത്തിൽ ഇതിനെ വേണ്ടത്ര വിപുലീകരിച്ച് കൂടുതൽ ഉപയോഗക്ഷമമായ ഒരു വിജ്ഞാനകോശം ഭാവിയിൽ അവതരിപ്പിയ്ക്കുന്നതിന്റെ നാന്ദിയായിട്ടെങ്കിലും ഇതിനെ സഹൃദയർ സ്വീകരിയ്ക്കുമെന്ന പ്രതീക്ഷയിലും ഇക്കാര്യത്തിൽ സഹകരിച്ചിട്ടുള്ള എല്ലാവരോടുമുള്ള നന്ദി പ്രകടനത്തോടും കൂടി ഈ സഭാവിജ്ഞാനകോശത്തെ ഞങ്ങൾ ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

കോട്ടയം,
1993 മാർച്ച് 1

*(മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന് എഴുതിയ ആമുഖം)*



# 11

# ഭാരതീയ ക്രൈസ്തവസഭ അപകടത്തിലാകുമോ?

ഇന്നത്തെ ഭാരതീയ ഓർത്തഡോക്സ് സഭ (ഭാരതീയ ക്രൈസ്തവ സഭ) അവസരങ്ങൾക്കും അപകടങ്ങൾക്കും മദ്ധ്യേയാണ് സ്ഥിതിചെയ്യുന്നത്. സഭയുടെ പുരോഗതിയ്ക്ക് തടസ്സമായി പാശ്ചാത്യ മിഷനറിമാരുടെയും ഭാരതീയ ജനങ്ങളുടെയും ഇടയിൽ നിന്നിരുന്നതു രണ്ടു മതിലുകളാണ്.

**(1) സാമുദായിക മതിൽ:–** പാശ്ചാത്യ മിഷനറിമാർ ഭാരതീയ ജനങ്ങളോട് ഏകീഭവിയ്ക്കാതെ വ്യത്യസ്തമായ ആചാരത്തിലും ജീവിതചര്യയിലും കൂടെ മുമ്പോട്ടുപോയി അവരുടെ സംസ്ക്കാരം ഇവിടുത്തെ ജനങ്ങളെ അടിച്ചേൽപ്പിക്കുവാൻ ഒരുങ്ങിയിരുന്നു. അതിനാൽ ഭാരതീയ ഹൈന്ദവർ അവരോടു പ്രതികൂലമായി പെരുമാറിയതും ഇന്നും പെരുമാറുന്നതും അതിശയമല്ല. പാശ്ചാത്യ മിഷനറിമാരോട് അവർക്കുണ്ടായിരുന്ന മനഃസ്ഥിതിയിൽ തന്നെ ഭാരതീയ ക്രൈസ്തവരേയും വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ഭാരതീയ സഭയും പാശ്ചാത്യ മിഷനറിമാരെപ്പോലെ വൈദേശ്യമെന്ന് അവർ തെറ്റിദ്ധരിച്ചിരിക്കുന്നു.

**(2) രാഷ്ട്രീയ മതിൽ:–** ഇവിടെ വന്ന മിഷനറിമാർ അവരുടെ രാഷ്ട്രീയാഭിലാഷങ്ങളുടെ പൂർത്തീകരണത്തിന് മിഷനറിവേല മുഖാന്തിരമാക്കി. ക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിച്ച് പ്രസംഗിപ്പാൻ വന്ന മദാമ്മയെ ചില ഗുണ്ടകൾ അപമാനിച്ചതിന് ബ്രിട്ടീഷ് ഗവണ്മെന്റ് ആ വഴിയെ കൂടി പോകണമെന്നാഗ്രഹിക്കുന്ന ഭാരതീയർ മൃഗങ്ങളെപ്പോലെ നാലുകാലിൽ നടന്നുപോകണമെന്നു പോലും നിയമം പാസാക്കി. ഇത് ഭാരതീയരുടെ ആത്മാഭിമാനത്തിന്റെ നേരെയുള്ള ചോദ്യവും പ്രഹരവുമായി അവർ വ്യാഖ്യാനിച്ചു. ഭാരതീയ ക്രൈസ്തവസഭയുടെ മനഃസ്ഥിതിയും ഇതിൽ നിന്നും വ്യത്യസ്തമായിരിക്കയില്ലെന്ന് അവർ വ്യാഖ്യാനിച്ചതും ചിന്തിച്ചതും അത്ഭുതമല്ല. ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്ന അമേരിക്കൻ മിഷനറിയായ സ്റ്റാൻലി ജോൺസ് 'ഞങ്ങളുടെ മതം നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുവാൻ എന്തു ചെയ്യണമെന്ന്' ഗാന്ധിജിയോടു ചോദിച്ചു. അദ്ദേഹം ഇപ്രകാരം പ്രതിവചിച്ചു:

1. നിങ്ങൾ കൂടുതൽ ക്രിസ്തുവിനെപ്പോലെ ജീവിക്കുക. നിങ്ങളുടെ മതത്തിന്റെ ഹൃദയസ്ഥാനത്തുള്ളത് സ്നേഹമാണ്. അത് നിങ്ങൾ കൂടുതൽ ദൃശ്യമാക്കണം.

2. വെള്ളം ചേർത്തു മായമാക്കപ്പെട്ട നിങ്ങളുടെ മതത്തെ അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കുക. ക്രിസ്തുവിന്റെ നിർമ്മല ഉപദേശം വ്യക്തികളുടെ ഹിതാനുസരണം മാറ്റപ്പെടുന്നു. ഈ മായം ചേർക്കലിൽ നിന്നും സഭയെ രക്ഷിക്കണം.

3. നിങ്ങൾ അന്യമതങ്ങളെ കൂടുതൽ അനുഭാവപൂർവ്വം വീക്ഷിക്കുക. പുറജാതിമതങ്ങളിൽ ശ്രേഷ്ഠമാണ് ഹൈന്ദവമതം. അതിന്റെ പൂർത്തീകരണമാണ് ക്രിസ്തുവിന്റെ പരമയാഗം സാധിച്ചത്. അതിനാൽ ഇതര മതങ്ങളുടെയെല്ലാം മണിമകുടമാണ് ക്രൈസ്തവമതം എന്നിങ്ങനെ ബോദ്ധ്യം വരത്തക്കവിധം നയപരമായും അനുഭാവ സൂചകമായും ഹൈന്ദവരോടു പെരുമാറണം.

ഇംഗ്ലണ്ടിൽ ഫ്രീചർച്ചുകാരുടെ മതപരമായ കാര്യങ്ങളെക്കുറിച്ച് ആലോചിപ്പാൻ ഒരു കോൺഫ്രൻസ് വിളിച്ചുകൂട്ടി. ഏതൽസംബന്ധമായ പ്രമേയങ്ങൾ പാസാക്കി. കൂടുതൽ അഭിപ്രായം നിർദ്ദേശിക്കുവാൻ ഉണ്ടോ എന്ന് മോഡറേറ്റർ ചോദിച്ചു. ആ സമയം 18 വയസ്സുകാരനായ വില്യം കേറി കർത്താവിന്റെ അന്ത്യശാസനം ഉദ്ധരിച്ച് വിദേശങ്ങളിൽ മിഷൻവേല ചെയ്യണമെന്നല്ലേ ഇതിന്റെ അർത്ഥം എന്നു ചോദിച്ചു. അതിന് മോഡറേറ്റർ നൽകിയ മറുപടി, “Young man sitdown. You are a mriserable enthusiast. If the Lord wants to save the world He can do it without your aid” എന്നായിരുന്നു. ഇതിൽ കുപിതനായി വില്യം കേറി അവിടെനിന്നും ഇറങ്ങി തന്റെ ചില സഹോദരങ്ങളോടുകൂടി ആരംഭിച്ചതത്രേ പാശ്ചാത്യ രാജ്യങ്ങളിലെ പ്രഥമ വിദേശിയ മിഷൻ. വില്യം കേറിയാൽ സ്ഥാപിതമായ സെറാംപൂർ കോളജിലത്രേ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി വേദപഠനം നടത്തിയത്.

എന്തുകൊണ്ട് വില്യം കേറി ഇവിടെ വരേണ്ടിവന്നു? എ.ഡി. 52-ൽ സെന്റ് തോമസ്സിന്റെ പ്രേഷിതവേലയാൽ സ്ഥാപിതമായ ഭാരതീയ ദേശീയസഭ തന്റെ നാഥന്റെ അന്ത്യശാസനം ചെവിക്കൊണ്ടില്ല. അതു തന്നെ. ഇത് ദേശീയസഭയ്ക്കത്ര ലജ്ജാകരം. ഇനി ഏതാണ്ട് 5 വർഷങ്ങളിൽ കൂടുതൽ ആയുസ്സ് പാശ്ചാത്യ മിഷനറിമാർക്ക് ഭാരതത്തിൽ ഉണ്ട് എന്ന് എനിക്കു തോന്നുന്നില്ല. അതിനുള്ള ലക്ഷണങ്ങൾ അനുദിനം ദൃശ്യമായിക്കൊണ്ടിരിക്കുന്നു. അതോടുകൂടി ഭാരതീയ ക്രൈസ്തവസഭ അപകടത്തിലാകുമോ? ഇല്ല. എന്തെന്നാൽ പാതാള വാതിലുകൾ അതിനോട് പ്രബലപ്പെടുകയില്ല എന്ന് നാഥൻ അരുളിയിരിക്കുന്നു. അതിനാൽ മിഷനറിവേല നാം നിർവിഘ്നം തുടരണം.

സഭയും മിഷനറി പ്രവർത്തനവും തമ്മിലുള്ള ബന്ധം അഗ്നിയും ജ്വാലയും പോലെയത്രേ. മിഷനറി പ്രവർത്തനമില്ലാത്ത സഭ നിർജ്ജീ

വമാകുന്നു. പല പ്രകാരേണ അധഃപതിച്ച നമ്മുടെ സഭയിൽ ഈ തിരുമേനിയുടെ സുധീരനേതൃത്വത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്ലീബാദാസ സമൂഹത്തിന്റെ പ്രവർത്തനം ആശാകരമത്രേ.

**മിഷനറിവേല വേണമെങ്കിൽ**

1. സഭാംഗങ്ങൾ മിഷനറി പ്രവർത്തനത്തിൽ തൽപരരായിരിക്കണം. അമേരിക്കയിലെ ഒരു പള്ളി ആണ്ടിൽ ഒന്നരലക്ഷത്തിലധികം രൂപ മിഷനറിവേലയ്ക്കു ചെലവാക്കുന്നു. ആ പള്ളിവക മിഷനറിമാർ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. ഈ വിധമായ ധനസഹായ സന്നദ്ധത നമ്മുടെ ജനങ്ങൾക്കുണ്ടാകണം.

2. നിങ്ങളിൽ നിന്നുതന്നെ ത്യാഗസന്നദ്ധരായ യുവാക്കൾ മുന്നോട്ടു വരണം. എത്യോപ്യയിൽ 26 വയസ്സുള്ള ഒരു സഭയുണ്ട്. അടുത്തകാലത്ത് കംബാറ്റയിൽ ഒരു സമ്മേളനം നടത്തി. അവിടുത്തെ ജനങ്ങൾ ദരിദ്രരാണ്. നാണയം ഉപ്പത്രേ. സുവിശേഷാന്വേഷണത്തെക്കുറിച്ചുള്ള ചെറുപ്പക്കാരന്റെ പ്രസംഗത്തിലെ ചോദ്യമനുസരിച്ച് 112 പേർ സന്നദ്ധരായി എഴുന്നേറ്റു. ഇവരെ എങ്ങനെ അയയ്ക്കുമെന്നവർ സംഭ്രമിച്ചു. 1951 ഡിസംബറിൽ കൂടിയ ആ യോഗത്തിൽ വച്ച് 9600 രൂപയുടെ വിലയുള്ള സാധനങ്ങൾ ലഭിച്ചു. 1952 ജനുവരിയിൽ അവർ പ്രവർത്തനമാരംഭിച്ചു. ആ മാസത്തിൽതന്നെ 3000 പേരെ മാമോദീസാ മുക്കി. സ്ലീബാദാസ സമൂഹം മുഖാന്തിരം അനേകർ സത്യദൈവത്തെ അറിയട്ടെ. ഈ സമൂഹം മുഖാന്തിരം നമ്മെ ഓരോരുത്തരേയും ദൈവംതമ്പുരാൻ മിഷനറിവേലയ്ക്കയയ്ക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു

*(സ്ലീബാദാസ സമൂഹ വാർഷികത്തിൽ ചെയ്ത പ്രസംഗ സംഗ്രഹം. സമ്പാദകൻ: സ്ലീബാദാസൻ പി. റ്റി. തോമസ്. ചർച്ച് വീക്കിലി, സെപ്റ്റംബർ 26, 1954)*

# 12

# വൈദികസെമിനാരി സഭയുടെ ജീവനാഡി

സഭയുടെ ജീവനാഡിയാണ് വൈദികസെമിനാരി. ഇവിടെ പഠിച്ചിറങ്ങി പട്ടമേൽക്കുന്ന വൈദികർക്ക് സമർപ്പണബോധവും ഭക്തിജീവിതവും ത്യാഗശീലവും വേണ്ട വേദവിജ്ഞാനവും സ്വഭാവശുദ്ധിയുമുണ്ടെങ്കിൽ നമ്മുടെ ഇടവകകളിൽ ആദ്ധ്യാത്മിക ഉണർവ് പരിശുദ്ധാത്മശക്തിയാൽ ഉണ്ടാകും. സഭ ധന്യയാകും.

ഇത് ഒരു പഠനാലയമെന്നതിനേക്കാൾ കൂടുതലായി ദൈവാരാധനയിലും പരസ്പരസ്നേഹത്തിലും വസിക്കുന്ന ഒരു ക്രിസ്തീയ കുടുംബമായിട്ടാണ് ഇതിനെ ഞങ്ങൾ കരുതുന്നത്. അദ്ധ്യാപകരും വിദ്യാർത്ഥികളും മറ്റു ജോലിക്കാരും ഒരുപോലെ ഈ ക്രൈസ്തവകുടുംബത്തിലെ അംഗങ്ങളാണ്.

ഇവിടുത്തെ ഫുൾടൈം അദ്ധ്യാപകരിൽ പത്ത് പേർ ഡോക്ടറേറ്റുള്ളവരാണ്. അതേക്കുറിച്ച് സെമിനാരിക്ക് അഭിമാനിക്കാൻ ധാരാളം വകയുണ്ട്. ഡോക്ടറേറ്റുള്ള ഭാരതീയരായ അത്രയും അദ്ധ്യാപകർ ഇന്ത്യയിലെ കത്തോലിക്കാ പ്രൊട്ടസ്റ്റന്റ് സെമിനാരികളിൽ കാണുമെന്ന് തോന്നുന്നില്ല. പക്ഷേ അതിലല്ല സെമിനാരിയുടെ ശക്തി.

ഞങ്ങൾ അദ്ധ്യാപകരും വിദ്യാർത്ഥികളും മറ്റു ജോലിക്കാരും പരസ്പരവിദ്വേഷമോ പകയോ അസൂയയോ കൂടാതെ, ക്രിസ്തുവിൽ പരസ്പരം രമ്യതപ്പെട്ടുകൊണ്ട് ദിവസവും ദൈവതിരുമുമ്പിൽ ഒരുമിച്ചുകൂടി ദൈവത്തെ ആരാധിക്കുന്നു, സ്നേഹത്തിൽ ജീവിക്കുന്നു എന്നതിലാണ് ഇക്കഴിഞ്ഞ 25 വർഷങ്ങളിലധികമായി ഈ സെമിനാരിയുടെ പ്രധാന ശക്തി നിലനിന്നിട്ടുള്ളത്. അതിന് ഭംഗം വരുന്ന സമയത്തൊക്കെ അതിന്റെ പ്രത്യാഘാതങ്ങൾ സെമിനാരി ജീവിതത്തിലും സഭാജീവിതത്തിലും ഞങ്ങൾ കണ്ടിട്ടുണ്ട്.

*(1992-ൽ കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ വച്ചു നടന്ന മെത്രാപ്പോലീത്തായുടെ സപ്തതി സമ്മേളനത്തിലെ മറുപടി പ്രസംഗത്തിനായി തയ്യാറാക്കിയ കുറിപ്പ്.)*

## 13

# വൈദികരുടെ വേതനം

### വൈദികപരിശീലനത്തിന് നല്ല സ്ഥാനാർത്ഥികളെ ധാരാളം ലഭിക്കാത്തതിന്റെ കാരണമെന്ത്?

സഭയ്ക്ക് പുതിയ ജീവപ്രസരമുണ്ടാകണമെങ്കിൽ ആദ്ധ്യാത്മിക ചൈതന്യവും നേതൃശക്തിയുമുള്ള വൈദികരുണ്ടാകണം. വേറെ മാർഗ്ഗമൊന്നുമില്ല. എന്നാൽ വൈദികരെ പരിശീലിപ്പിക്കുന്ന വിദ്യാലയം എത്ര തന്നെ ഉപകരണ സമ്പന്നമായാലും പഠിക്കാൻ വരുന്ന വിദ്യാർത്ഥികളുടെ ആത്മാർത്ഥതയും കഴിവും സേവനസന്നദ്ധതയും ത്യാഗശീലവും താണ നിലയിലുള്ളതാണെങ്കിൽ വിദ്യാലയത്തിന് വളരെയൊന്നും ചെയ്വാൻ സാധിക്കുകയില്ല.

ഇന്ന് സഭയ്ക്ക് ഏറ്റവും ആവശ്യമായിട്ടുള്ളത് വൈദികപദവിയിലേക്ക് പരിശീലിപ്പിക്കപ്പെടുവാൻ നല്ല സ്ഥാനാർത്ഥികളെ ലഭിക്കുകയെന്നതാണ്. എന്തുകൊണ്ടാണ് ഉയർന്ന കഴിവുകളും സേവനസന്നദ്ധതയും സ്വഭാവ വിശേഷവും ത്യാഗശീലവുമുള്ള ചെറുപ്പക്കാരെ ആവശ്യത്തിന് കിട്ടാത്തത് എന്നൊരു ചോദ്യം എന്റെ മനസ്സിൽ എപ്പോഴും ഉണ്ട്.

ഈ ചോദ്യത്തിന് ഒരു വന്ദ്യവൈദികൻ ഈയിടെ എനിക്ക് മറുപടി തന്നു. അതിൽ അദ്ദേഹം പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ വളരെ ചിന്തോദ്ദീപകമാകയാൽ വായനക്കാരുടെ സമക്ഷം സമർപ്പിക്കട്ടെ.

ഒന്നാമത് അദ്ദേഹം പറയുന്നു, പല വൈദികർ തന്നെയും കഴിവുള്ള തങ്ങളുടെ മക്കളെ വൈദികരാക്കി വിടാൻ താൽപര്യപ്പെടുന്നില്ല എന്ന്. മക്കളെ ഡോക്ടർമാരോ എൻജിനീയർമാരോ ആയി കാണാനാണ് വൈദികർക്ക് തന്നെയും ആഗ്രഹം. പിന്നെയെന്തിന് അത്മായക്കാരെ കുറ്റം പറയുന്നു? നല്ല നിലയിലുള്ള എത്ര അച്ചന്മാരുണ്ട് തങ്ങളുടെ പെൺമക്കളെ ശെമ്മാശന്മാർക്ക് വിവാഹം ചെയ്തുകൊടുക്കാൻ തയ്യാറുള്ളവർ?

രണ്ടാമത് പള്ളികളിലെ ദുർച്ചെലവ് നിർത്തി വൈദികരുടെ വേതനം വർദ്ധിപ്പിക്കണം.

അദ്ദേഹം പറയുന്നത് ശരിയല്ലേ? പക്ഷേ അദ്ദേഹം ഉന്നയിക്കാത്ത മറ്റൊരു ചോദ്യം ഉണ്ട്. എന്തുകൊണ്ട് വൈദികർക്ക് വിവാഹവിപണിയിൽ ഇത്ര വിലയില്ലാതായിപ്പോയി? ഒരേയൊരു കാരണമേയുള്ളു. വൈദി

കരേയും അത്മായക്കാരേയും ഒരുപോലെ ഭരിക്കുന്നത് ദ്രവ്യാഗ്രഹവും സ്ഥാനമോഹവുമാണെന്നുള്ളത് തന്നെ.

എന്നാൽ സമൂഹത്തിൽ എല്ലാവരും തേടുന്ന മൂല്യങ്ങളെത്തേടിയുള്ള പരക്കംപാച്ചിൽ വിട്ടിട്ട് ക്രിസ്തീയ മൂല്യങ്ങൾക്കുവേണ്ടി ത്യാഗസന്നദ്ധതയോടുകൂടെ നിലകൊള്ളുവാൻ തയ്യാറുള്ള ചെറുപ്പക്കാരെ വൈദിക പരിശീലനത്തിന് ലഭിച്ചെങ്കിൽ മാത്രമേ സഭയ്ക്ക് പുതിയ ജീവനുണ്ടാകുകയുള്ളു.

എന്റെ വൈദികസുഹൃത്ത് എഴുതിയ കത്തിൽ ഒരു വാസ്തവമുണ്ട്. ഒരു പോലീസുകാരനോ തപാൽശിപായിക്കോ ലഭിക്കുന്നതിൽ താഴ്ന്ന വേതനമാണ് ഇന്ന് പല വൈദികർക്കും കിട്ടിക്കൊണ്ടിരിക്കുന്നത്. ആ സ്ഥിതി മാറാതെ നല്ല സ്ഥാനാർത്ഥികളെ വൈദികപരിശീലനത്തിന് കിട്ടുകയില്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. അതിൽ കുറച്ച് പരമാർത്ഥമുണ്ട്. എന്നാൽ ഉയർന്ന ശമ്പളത്തെ ആഗ്രഹിച്ചു കൊണ്ടുമാത്രം വരുന്ന ചെറുപ്പക്കാരെയാണോ ഇന്ന് സഭയ്ക്കാവശ്യം എന്നതിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. ത്യാഗശീലവും സേവനസന്നദ്ധതയും നേതൃശക്തിയുമുള്ള ചെറുപ്പക്കാർ മുമ്പോട്ടു വരുമ്പോൾ വൈദികസ്ഥാനത്തിന് സമൂഹത്തിലുള്ള വിലയിരുത്തലും ഉയർന്നുവരുമെന്നും വരുമാനം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം നല്ല വൈദികർ ഉണ്ടാകുകയില്ലെന്നുമാണ് എന്റെ അഭിപ്രായം.

ഓർത്തഡോക്സ് സഭയിലെ വൈദികർ അധികവും കുടുംബം ഉള്ളവരാണ്. അവരുടെ ആവശ്യങ്ങൾ നടക്കേണ്ടതാണ്. അതിന് ഇടവകക്കാർക്ക് ചുമതലയുമുണ്ട്. പക്ഷേ ശമ്പളം വർദ്ധിപ്പിച്ചതുകൊണ്ടു മാത്രം നല്ല സ്ഥാനാർത്ഥികളെ കിട്ടിക്കൊള്ളണമെന്നില്ല. മൂല്യങ്ങളെക്കുറിച്ചുള്ള ദർശനത്തിനും മാറ്റം വരണം.

കർത്താവ് തന്റെ അപ്പോസ്തോലന്മാരെ തെരഞ്ഞെടുത്ത സമയത്ത് വലിയ വേതനം വാഗ്ദാനം ചെയ്താണോ അവരെ വിളിച്ചത്? ദൈവരാജ്യത്തിനുവേണ്ടി കഷ്ടമനുഭവിക്കുവാൻ തയാറുള്ളവരെയാണ് കർത്താവ് വിളിച്ചത്. ഇന്നും ആവശ്യം അതു തന്നെ.



## ഭാഗം 3

# എക്യുമെനിസം

1

# എക്യുമിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ

ഒരു നിഘണ്ടുവിലും ഇതുവരെയും നിങ്ങൾക്ക് കാണാൻ കഴിയാത്തതായ ഒരു പദമാണ് എക്യുമിനിസം എന്നുള്ളത്. അത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രൂപംകൊണ്ടതാണ്. "ഡി എക്യുമിനിസ്മോ" എന്ന ഡിക്രിയുടെ കരടുരൂപത്തിൽ വത്തിക്കാൻ ഉപയോഗിച്ചപ്പോൾ ആണ് ഇസം എന്ന പദം തന്നെ രൂപം പ്രാപിച്ചത്.

ഈ പദത്തിന്റെ അർത്ഥം കൃത്യമായി ഇതുവരെയും നിർവചിക്കപ്പെട്ടിട്ടില്ല. ക്രിസ്തീയ ഐക്യത്തെക്കുറിച്ചുള്ള അഖിലലോകസഭാ കൗൺസിലിന്റെ രേഖകളും എക്യുമിനിസത്തെക്കുറിച്ചുള്ള റോമൻ കത്തോലിക്കാ ഡിക്രിയും ഇങ്ങനെയുള്ള നിർവചനത്തെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. കാരണം, എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ ലക്ഷ്യം എന്തെന്ന് ഇതുവരെയും നമുക്ക് അറിയാറായിട്ടില്ല. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവിധം സഭയുടെ യോജിപ്പിനുവേണ്ടി നാം ശ്രമിക്കുന്നു. ഇപ്പോൾ തല്ക്കാലം നമ്മുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണമദ്ധ്യേ നമുക്ക് ചില ചില്ലറ സൂചനകൾ നല്കാനേ കഴിയൂ. പൂർവ്വപിതാവായ അബ്രഹാം സഞ്ചരിച്ചതായ പാത അതാണ്. വേറൊരു മാർഗ്ഗവും നമുക്കില്ല.

എക്യുമിനിസത്തിൽ ഉൾക്കൊള്ളാത്ത ചില കാര്യങ്ങൾ സംസാരിക്കാം. ഒന്നാമത് സഭൈക്യ പ്രസ്ഥാനം അല്ല, അതിന് രണ്ടു കാരണങ്ങളുണ്ട്, ഒന്നാമത്, അത് സഭൈക്യത്തിലും കൂടിയ ഒന്നിനായി അന്വേഷിക്കുന്നു. സഭയ്ക്കു മുഴുവനായി ഒരൊറ്റ ഭരണകൂടം കെട്ടിപ്പെടുക്കണമെന്നുള്ളതല്ല അതിന്റെ ലക്ഷ്യം. സഭൈക്യപ്രസ്ഥാനം എക്യുമിനിക്കൽ പ്രസ്ഥാനത്തിന് സഹായിക്കും എന്നല്ലാതെ ഇവ രണ്ടും തീർച്ചയായും ഒന്നല്ല.

രണ്ടാമത്; സഭൈക്യപ്രസ്ഥാനം ഇതുവരെയും നവീകരണ സഭകളുടെ ഇടയിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. ആംഗ്ലിക്കൻ, പ്രൊട്ടസ്റ്റന്റു സഭകളിൽനിന്ന് അപ്പുറമായി സഭൈക്യ പ്രസ്ഥാനത്തിന് ഒരു സന്ധി ആലോചനയുമില്ല. റോമൻ കത്തോലിക്കാ സഭയെ മാത്രമല്ല, അനേക നാളുകളായി പാശ്ചാത്യരിൽനിന്ന് അകന്നിരിക്കുന്ന പൗരസ്ത്യ സഭകളെയും എക്യുമിനിസം ഉൾപ്പെടുത്തേണ്ടതാണ്.

എക്യുമിനിസം എന്നത് ക്രിസ്തീയ വിശ്വാസത്തിൽ പൊതുവായ ഒരു ഘടകത്തിന്റെ അന്വേഷണമല്ല. എല്ലാ ക്രിസ്ത്യാനികളും പിതാവിലും പുത്രനിലും പരിശുദ്ധ റൂഹായിലും കർത്താവേശുമിശിഹായുടെ മനുഷ്യാവതാരത്തിലും വിശ്വസിക്കുന്നു എന്നതിൽ നാം കൃതജ്ഞരാകേണ്ടതാണ്. ഇതു മാത്രമാണ്; എക്യുമിനിസം സാദ്ധ്യമാക്കി തീർക്കുന്നത്. മേൽപ്പറഞ്ഞ കാതലും അതിപ്രധാനവുമായ ക്രിസ്തീയ വിശ്വാസത്തിന്റെ രണ്ടു കാര്യങ്ങളിൽ നാം യോജിക്കുന്നു എന്നതുകൊണ്ട് മാത്രമല്ല സഭ ഏകമാകുന്നത്. പരിശുദ്ധ ത്രിത്വത്തെയും മനുഷ്യാവതാരത്തെയും പരോക്ഷമായി ബാധിച്ച് നമ്മുടെ വിടവിന് ഇടയാക്കിയ കാര്യങ്ങൾ നാം കണ്ടുപിടിക്കേണ്ടതാണ്. നവീകരണ സഭകൾക്ക് പഴക്കം കുറവായതും അവയ്ക്ക് വിശ്വാസസത്യങ്ങൾ പൊതുവെ കുറവായതും എക്യുമിനിസത്തിന്റെ അടിസ്ഥാനമായിട്ട് നവീകരണകാര്യങ്ങൾ എല്ലാവരും സ്വീകരിക്കണമെന്ന് നിർബന്ധിക്കാത്തതും ഏറ്റം പ്രധാനമായ കാര്യങ്ങളാണ്. മറ്റുള്ള സഭകളുടെ മുമ്പിൽ നമ്മുടെ കാര്യങ്ങൾ ശരിയായി ബോദ്ധ്യപ്പെടുത്തേണ്ടതും മറ്റുള്ള സഭകളെ നാം ശരിക്ക് മനസ്സിലാക്കേണ്ടതുമാണ്.

എക്യുമിനിസം എന്നത് വിവിധ സഭകൾ പരസ്പരം കാണിക്കുന്ന ഒരു മര്യാദ മാത്രമല്ല. നാം ഒരുമിച്ചുകൂടി പ്രാർത്ഥിക്കയും ആർക്കും കുഴപ്പമില്ലാത്ത പ്രസംഗങ്ങൾ പറയുകയും ചെയ്യുന്നതു മാത്രം എക്യുമിനിസത്തിന്റെ ലക്ഷണമല്ല. ഇതു ചിലപ്പോൾ ക്രിസ്തീയ സഭകളുടെ വിശാലവീക്ഷണത്തിന്റെ പ്രകടനമാകാം. എന്നാൽ എക്യുമിനിസം എന്നത് മറ്റു സഭാംഗങ്ങളോട് പ്രകടിപ്പിക്കുന്ന ഹൃദയംഗമമായ ഔദാര്യവും സ്നേഹവും ബഹുമാനവുമാണ്. രഹസ്യമായിട്ടുപോലും മറ്റുള്ളവരുടെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും തെറ്റിദ്ധരിപ്പിക്കാതെയിരിക്കുക എന്നതാണ് എക്യുമിനിസം എന്നതിന്റെ അർത്ഥം. മറ്റുള്ളവരുടെ ആരാധനയിൽ ചിലപ്പോഴൊക്കെ ജിജ്ഞാസയാലല്ലാ, ആത്മാർത്ഥമായി പങ്കെടുക്കുന്നതിന് അവന്റെ സഭയിലേക്ക് കടന്നുചെല്ലുക എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെ നമുക്ക് വിശ്വാസത്തിന്റെ അഗാധതത്വങ്ങളെക്കുറിച്ച് പുഛം കൂടാതെയും ഭിന്നിപ്പില്ലാതെയും മറ്റുള്ളവരോട് സംസാരിക്കുന്നതിന് ഒരു അന്തരീക്ഷമുണ്ടാകുന്നു. തന്മൂലം നമ്മുടെ ദീർഘകാലമായുള്ള തെറ്റിദ്ധാരണകൾ നീക്കുന്നതിനും നമുക്ക് ഒരുമിച്ച് സാധിക്കുന്നു.

എക്യുമിനിസത്തിന് വേർതിരിക്കുവാൻ പാടില്ലാത്ത രണ്ടു ലക്ഷ്യങ്ങൾ ഉണ്ട്. ഒന്ന് സഭയുടെ ജീവൻ പുതുക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഉള്ള ആഗ്രഹം. മറ്റത്, മനുഷ്യവർഗ്ഗത്തിന്റെ മുഴുവനും വേണ്ടിയുള്ള ആഗ്രഹം. “ഓയിക്കോണോൺ” എന്ന ഗ്രീക്കുവാക്കിന് സഭാപരവും ലൗകികവുമായ രണ്ട് അർത്ഥമുണ്ട്. സഭയിലുള്ള അതിന്റെ പ്രയോഗ

ത്തിൽ മനുഷ്യവാസമുള്ള ലോകത്തിന്റെ മുഴുവന്റെയും സഭയുടെ സാർവ്വ ത്രികത്വത്തെ കാണിക്കുകയും വിവിധ പാരമ്പര്യങ്ങളുടെ വ്യാപ്തിയെ കാണിക്കുകയും ചെയ്യുന്നു. മറ്റെ അർത്ഥത്തിൽ മനുഷ്യൻ അധിവസി ക്കുന്ന എല്ലാ സ്ഥലങ്ങളെയും ഉദ്ദേശിക്കുന്നു. പ്രാദേശികമായ എക്യുമി നിസത്തെക്കുറിച്ച് പറയുന്നത് ഒരർത്ഥത്തിൽ വിരോധാഭാസമാണ്. കാരണം അത് പ്രാദേശികമായ സാർവ്വത്രികത്വത്തെ ഉദ്ദേശിക്കുന്നു. എക്യുമിനിസ ചക്രവാളം എല്ലാക്കാലത്തും എല്ലാ ദേശത്തും ഉള്ള മനു ഷ്യവാസയോഗ്യമായ ലോകം മുഴുവനുമായിരിക്കണം.

എക്യുമിനിസം ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടി ദൈവം ഉപ യോഗിക്കുന്ന സഭയുടെ പരമമായ ഐക്യതയ്ക്കായി ആഗ്രഹിക്കുന്നു.

സൃഷ്ടിപരമായ രീതിയിൽ പറഞ്ഞാൽ എക്യുമിനിസം എന്നത് ഒരു തൊഴിലാക്കിക്കൊണ്ട് നടക്കുന്ന ചിലരുടെ സ്ഥാപിത താല്പര്യമല്ല എന്ന് പറയേണ്ടിയിരിക്കുന്നു. അതു സുവിശേഷത്തിന്റെ ഒരു ഭാഗവും ഓരോ ക്രിസ്ത്യാനിയുടെയും ചുമതലയിൽപെട്ടതുമാണ്. എന്തെന്നാൽ ഒരു ക്രിസ്ത്യാനി വിശ്വസിച്ച് മാമോദീസാ മുങ്ങിയെങ്കിൽ അവൻ ക്രിസ്തു വിൽ സ്ഥിതിചെയ്യുന്നു. അവൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു അവ യവമായിത്തീരുന്നു. മറ്റ് അവയവങ്ങളുടെ ജീവനിൽ പങ്കാളിയാകാതെ ഒരു അവയവത്തിനും ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കാൻ സാദ്ധ്യ മല്ല. എന്തെന്നാൽ ശരീരത്തിൽ ഒരു ജീവൻ മാത്രമേയുള്ളു. അത് ദൈവിക ജീവൻ ആണ്. അത് എല്ലാ അവയവങ്ങളിലും - അംഗങ്ങളിലും - ചുറ്റി ത്തിരിയുന്നതാണ്: ക്രിസ്തുവിന്റെ ശരീരത്തിന്റെ യോജിപ്പ് ആ ശരീര ത്തിൽ സ്ഥിതിചെയ്യുന്ന എല്ലാവരും വെളിവാക്കേണ്ടതാണ്.

ഇന്ന് എക്യുമിനിസത്തിന്റെ പ്രായോഗികമായ സാദ്ധ്യതകൾ എന്തെല്ലാം?

എക്യുമിനിസത്തെക്കുറിച്ചുള്ള വത്തിക്കാൻ സുന്നഹദോസിന്റെ ഡിക്രി ക്രിസ്ത്യാനികളുടെ ഇടയിലുള്ള യോജിപ്പിന് മാർഗ്ഗദർശകമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളും പരിപാടികളും നിർദ്ദേശിക്കുന്നു.

(a) സഭകളുടെ പരസ്പരബന്ധം ദുർവഹമാക്കുന്ന രൂപഭ്രംശ ചിത്രീ കരണങ്ങൾ ഒഴിവാക്കുക.

(b) വിവിധ സഭകളിൽ നിന്നുള്ള പണ്ഡിതന്മാർ ചർച്ച നടത്തുന്ന സംഘങ്ങൾ സംഘടിപ്പിക്കുക.

(c) പൊതു നന്മയ്ക്കു ക്രിസ്ത്യാനിത്വം സംഭാവന ചെയ്യാവുന്ന കാര്യ ങ്ങളിലെല്ലാം സഹകരിക്കുക.

(d) പൊതുവായി ഒരുമിച്ച് പ്രാർത്ഥനാക്കൂട്ടങ്ങൾ നടത്തുക.

(e) എല്ലാ സഭകളും സ്വയം പരിശോധിച്ച് പുതുക്കത്തിന്റെയും നവീകരണത്തിന്റെയും വഴികളിൽ കഴിവതും പ്രവർത്തിക്കുക.

മേൽപ്പറഞ്ഞ 5 കാര്യങ്ങൾ വേറൊരുവിധത്തിൽ ക്രമീകരിക്കയാണെങ്കിൽ അത് താഴെപ്പറയുന്ന വിധത്തിലായിരിക്കും.

**a) പ്രാർത്ഥന** പൊതുവായിട്ടും പ്രത്യേകമായിട്ടും. പ്രാർത്ഥന കൂടാതെ എക്യുമിനിക്കൽ പ്രസ്ഥാനം ശുഷ്കമായിപ്പോകും. സഭയുടെ ഐക്യത്തിനുവേണ്ടി നാം പ്രാർത്ഥിക്കേണ്ടത് എക്യുമിനിക്കൽ അടിസ്ഥാനത്തിൽ നാം ഒരുമിച്ചു കൂടുമ്പോൾ മാത്രമല്ല. ഓരോ ഇടവകയുടേയും സാധാരണ ആരാധനയിൽ സഭയുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥന നടത്തണം. ക്രിസ്തുവിന്റെ ആട്ടിൻകൂട്ടമെല്ലാം തന്റെ സഭയ്ക്ക് ദൈവം ആഗ്രഹിക്കുന്നവിധത്തിൽ ഒരുമിച്ചു കൂടുവാൻ, വ്യക്തികളും സംഘടനകളും സാധാരണ പ്രാർത്ഥിക്കണം.

b) **ചർച്ചാ സംഘങ്ങൾ.** ഇത് പ്രധാനമായി ചരിത്രകാരന്മാരെയും വേദപണ്ഡിതന്മാരെയും ഉദ്ദേശിച്ചുള്ളതാണ്. സഭയിലെ ഭിന്നത എങ്ങനെയുണ്ടായി എന്ന് മനസ്സിലാക്കുവാൻ ഇതു വളരെ പ്രയോജനകരമാണ്. ചെറിയ വിഭാഗങ്ങൾ നശിച്ചു വിസ്മരിക്കപ്പെടണമെന്ന വാദം അർത്ഥശൂന്യമാണ്. നമ്മുടെ ചില പൂർവ്വീകന്മാരെ പുഛിച്ചു മാത്രമേ നമ്മുടെ സമകാലീനന്മാരുടെ നിരയിലേക്ക് വരാൻ സാധിക്കൂ. വേദശാസ്ത്രപരമായ ചർച്ചകളും ആവശ്യമാണ്. അത് യഥാർത്ഥത്തിൽ എക്യുമിനിക്കൽ ആകണമെങ്കിൽ നവീകരണ ആശയങ്ങൾക്ക് അതീതമായിരിക്കണം. നവീകരണ സഭകൾ തമ്മിലുള്ള ചർച്ചകളും ആവശ്യമാണ്. എന്നാൽ അത് എക്യുമിനിക്കൽ എന്ന് വിളിക്കപ്പെടരുത്. അങ്ങനെയുള്ള ചർച്ചകളിൽ കത്തോലിക്കനും ഓർത്തഡോക്സുകാരനുമായ ഓരോ നീരീക്ഷകർ പ്രയോജനകരമാണ്. ചർച്ചകൾ പരസ്പര ബഹുമാനത്തോടും ഹൃദയം തുറന്നും വിനയത്തോടും കൂടിയായിരിക്കണം. അങ്ങനെയുള്ള ചർച്ചകളുടെ ഫലങ്ങൾ എല്ലാ ക്രിസ്ത്യാനികളെയും അറിയിച്ചുകൊണ്ടിരിക്കയും വേണം.

c) **പരസ്പരസഹകരണം.** പൊതുവായ സംഘങ്ങളിൽ നമ്മുടെ പ്രാദേശികമായ ഇടുങ്ങിയ മനസ്ഥിതി നാം വർജ്ജിക്കണം. സ്കൂളുകൾ, ആശുപത്രികൾ, വ്യവസായം, കൃഷി മുതലായ സഹകരണ പ്രസ്ഥാനങ്ങൾ – ഇവയെല്ലാം എക്യുമിനിക്കൽ അടിസ്ഥാനത്തിൽ നടത്തണം. ഇവ അല്മായക്കാരുടെ ഭൂരിപക്ഷത്തിന്റെ ചുമതലയിലും സൗകര്യമെങ്കിൽ അക്രൈസ്തവരെ സഹകരിപ്പിച്ചും നടത്തണം. എക്യുമിനിക്കലായ അടിസ്ഥാനമുണ്ടെങ്കിൽ മാത്രമേ നമുക്ക് മറ്റുള്ളവരെ വിശ്വസിക്കാൻ സാധിക്കൂ.

d) **പരസ്പരമുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഒഴിവാക്കുക**. സഭയിൽ ചേർക്കുന്ന പ്രശ്നങ്ങൾ, സഭാപരമായ സ്വാതന്ത്ര്യം, വിവിധ സഭാംഗങ്ങൾ തമ്മിലുള്ള വിവാഹം, ഇതുപോലെയുള്ള മറ്റു പ്രശ്നങ്ങൾ ഇവ പരസ്പരമുള്ള ചർച്ചകൾ മൂലം പരിഹരിക്കപ്പെടണം. അവയ്ക്ക് ഉണ്ടാക്കുന്ന നിയമങ്ങൾ ശരിക്കും പാലിക്കപ്പെടണം. നവീകരണ സഭകൾ തമ്മിൽ വിശുദ്ധ സംസർഗ്ഗവും യോജിച്ചുള്ള പ്രവർത്തനങ്ങളും നടത്തണം. എന്നാൽ ഈ രണ്ടു രംഗങ്ങളിലും യഥാർത്ഥമായ എക്യുമിനിക്കൽ പ്രവർത്തനങ്ങൾ ഫലം പുറപ്പെടുവിക്കുന്നതിന് ഇപ്പോൾ സമയമായിട്ടില്ല. നാം മാർഗ്ഗമദ്ധ്യേയാണ്, അതിൽക്കൂടെ നാം ക്രിസ്തുവിന്റെ വെളിച്ചത്തിൽ നടന്നാൽ നമ്മെ ലക്ഷ്യസ്ഥാനത്ത് അടുപ്പിക്കത്തക്ക പുതിയതും അവിചാരിതവുമായ വ്യതിയാനങ്ങൾ നമുക്കുണ്ടാകും.

*(സുവനീർ സെന്റ്. സൈമൺസ് ക്നാനായ സിറിയൻ ചർച്ച്, പുതുശ്ശേരി, 1970)*



# 2

# എക്യുമിനിക്കൽ പ്രസ്ഥാനവും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും: ഒരു വിലയിരുത്തൽ

ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ പലതും (വിശേഷിച്ചും എത്യോപ്യൻ സഭയും മലങ്കര ഓർത്തഡോക്സ് സഭയും) അഖിലലോക സഭാ കൗൺസിലിന്റെ സ്ഥാപകാംഗങ്ങളാണ്. ഈഗുപ്തായ, സിറിയൻ, അർമ്മീനിയൻ, ഇൻഡ്യൻ (മലങ്കര), എത്യോപ്യൻ എന്നീ അഞ്ചു ഓർത്തഡോക്സ് സഭകളും അഖിലലോക സഭാകൗൺസിലിലെ അംഗങ്ങളത്രെ. മലങ്കര ഓർത്തഡോക്സ് സഭ 1930 മുതൽ എക്യുമിനിക്കൽ പ്രസ്ഥാന കാര്യങ്ങളിൽ സാരമായ പങ്കു വഹിക്കുന്നുണ്ട്. സാമാന്യമായി പറഞ്ഞാൽ കാലം ചെയ്ത ജോൺ 23-ാമൻ മാർപാപ്പാ റോമൻ കത്തോലിക്കാസഭയുടെ വാതിലുകൾ എക്യുമിനിക്കൽ പ്രസ്ഥാന ചിന്താഗതികൾക്ക് അനുകൂലമായി തുറക്കുന്നതിനു മുമ്പു തന്നെ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എക്യുമിനിക്കൽ പ്രസ്ഥാനത്തിൽ വേണ്ടത്ര അനുഭവപരിചയം സമ്പാദിച്ചു കഴിഞ്ഞിരുന്നു.

എക്യുമിനിക്കൽ പ്രസ്ഥാനത്തെ സംബന്ധിച്ചും അതിന്റെ അനുഭവഗുണങ്ങളെക്കുറിച്ചും ഒരു വിലയിരുത്തൽ നടത്തി സഭാംഗങ്ങളെ ബോധവാന്മാരാക്കുന്നതു പ്രയോജനപ്രദമാണെന്നു തോന്നുന്നു. 1965-ൽ ആഡിസബാബയിൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടിയതിൽ മേല്പറഞ്ഞ അനുഭവഗുണങ്ങളുടെ ഒരു വിലയിരുത്തലും അവയുടെ മുൻഗണനാക്രമവും ചർച്ച ചെയ്ത് തീരുമാനിച്ചിരുന്നു. ആ മുൻഗണനാക്രമം ഇന്ന് വ്യത്യാസപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാം.

(പ്രസ്തുത സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്കാബാവായുടെ നേതൃത്വത്തിൽ ഒരു ഡലിഗേഷൻ സംബന്ധിച്ചിരുന്നു.)

ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ പാശ്ചാത്യ ഓർത്തഡോക്സ് (ബൈസന്റയിൻ) സഭകളുമായി വിശുദ്ധ കുർബാന സംസർഗ്ഗം പുനസ്ഥാപിക്കുക എന്നുള്ളതാണ് ആദ്യപടിയായി 1965-ലെ ആഡിസബാബാ സമ്മേളനം അംഗീകരിച്ചത്. 1964-ൽ അർഹൂസിലും 1967-ൽ ബ്രിസ്റ്റോ

ളിലും (Bristol) 1970-ൽ ജനീവായിലും 1971-ൽ ആഡിസബാബായിലും ചേർന്ന നാലു സമ്മേളനങ്ങൾ 1965-ലെ ആഡിസബാബാ സമ്മേളനത്തിൽ വ്യക്തമാക്കപ്പെട്ട ഈ ആന്തരോദ്ദേശ്യം സ്ഥിരീകരിക്കുകയാണുണ്ടായത്. പാശ്ചാത്യ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ വേദശാസ്ത്രം സംബന്ധിച്ചതല്ല തന്നെ. അവ ചില സുന്നഹദോസുകളുടെ സാദ്ധ്യത, ചില വിശുദ്ധന്മാരെ അംഗീകരിക്കുക, പാത്രിയർക്കീസന്മാരുടെ സ്ഥാനവലിപ്പം എന്നിങ്ങനെയുള്ള കാര്യങ്ങളെ മാത്രം ആശ്രയിച്ചിരുന്നു എന്നല്ലാതെ വിശ്വാസ സംബന്ധമായ വ്യത്യാസങ്ങളായിരുന്നില്ല. അതുകൊണ്ടാണ് ഈ സഭകൾ തമ്മിലുള്ള വി. കുർബാന സംസർഗ്ഗത്തിന്റെ പുനഃസ്ഥാപനത്തിന് മുൻഗണന കൊടുക്കണം എന്നു തീരുമാനിച്ചത്. പാശ്ചാത്യ ഓർത്തഡോക്സ് സഭകളും ഈ ആവശ്യത്തിന് മുൻഗണന കൊടുക്കുന്നുവോ എന്നു കാണുവാൻ കഴിയുന്നത് അവർ ഇനിയും കൂടുവാൻ പോകുന്ന ഒരു സുന്നഹദോസിനു ശേഷം മാത്രം ആയിരിക്കും.

ആഡിസബാബായിലെ തീരുമാനത്തിൽ രണ്ടാമത്തെ മുൻഗണന റോമൻ കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ബന്ധത്തിനും, മൂന്നാമത്തെ മുൻഗണന പ്രോട്ടസ്റ്റന്റ് സഭകളുമായുള്ള ബന്ധത്തിനുമാണ് നൽകിയിരിക്കുന്നത്. അതിൽ റോമൻ കത്തോലിക്കരുമായുള്ള ബന്ധം അഖിലലോക സഭാകൗൺസിലിൽ കൂടി വളർത്തിയെടുക്കുവാൻ കഴിയാവുന്നതല്ല. ഓറിയന്റൽ ഓർത്തഡോക്സ് സഭകളും ബൈസന്റയിൻ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിന് അഖിലലോക സഭാകൗൺസിൽ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. ആ ഘട്ടം കഴിഞ്ഞിരിക്കയാണിപ്പോൾ. അങ്ങനെ വളർത്തിയെടുത്ത ആ ബന്ധം ഔദ്യോഗികമായി പ്രാവർത്തികമാക്കുന്നതിന് ഇരുകൂട്ടരും പരസ്പരം പ്രവർത്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ അഖിലലോക സഭാകൗൺസിലിന് ഇനിയും ഒന്നും ചെയ്യാനാവില്ല.

ഇത്രയും കാര്യങ്ങളിൽ നിന്ന് സമാഹരിക്കാവുന്ന ഒരു വസ്തുത, അഖിലലോക സഭാകൗൺസിലിലെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ തുടർന്നുള്ള അംഗത്വം പ്രധാനമായും പ്രോട്ടസ്റ്റന്റ് സഭകളുമായി ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് ബന്ധം പുലർത്തുന്നതിനു വേണ്ടിയാണെന്നു കാണാം. ഈ ബന്ധം പുലർത്തുന്നതിനു അഖിലലോക സഭാകൗൺസിൽ അംഗത്വം യഥാർത്ഥമായി ആവശ്യമാണോ എന്ന് ഓർത്തഡോക്സ് സഭാകേന്ദ്രങ്ങളിൽ വളരെയധികം ചർച്ചകൾ നടക്കുന്നുണ്ട്. പ്രോട്ടസ്റ്റന്റ് സഭകളുടെ വേല ഏകീകൃതമാക്കുന്ന കൃത്യം നിർവഹിച്ചുകൊണ്ടിരിക്കുന്ന അഖിലലോക സഭാകൗൺസിൽ എക്യുമിനിക്കൽ

പ്രസ്ഥാനത്തിലെ ഒരു പ്രധാന ഘടകമായി നിലകൊള്ളുന്നു. അതിൽ ഓർത്തഡോക്സ് സഭകൾ അംഗത്വം തുടരുകയും ചെയ്യുന്നുണ്ട്. കുറഞ്ഞപക്ഷം അതുതന്നെയാണ് പാശ്ചാത്യ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ഇപ്പോഴത്തെ നിലപാട്. ആ അംഗത്വത്തിൽ നിന്നു പെട്ടെന്നു പിൻവലിയുന്നത് പ്രോട്ടസ്റ്റന്റ് സഭകളോടുള്ള അവഗണന (affront) യായിരിക്കും. ആ അവഗണനയ്ക്കു വേണ്ടത്ര കാരണം ഇപ്പോൾ ഇല്ല.

കഴിഞ്ഞ 25 വർഷത്തെ എക്യുമിനിക്കൽ പരിചയവും സഹകരണവും കൊണ്ടുള്ള അനുഭവം വ്യക്തമാക്കുന്നത് റോമൻ കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭകളുടെ പാശ്ചാത്യ പൗരസ്ത്യ കുടുംബങ്ങളും തമ്മിലുള്ള സൗഹൃദം കൂടുതൽ സാധിതപ്രായമാക്കാം എന്നുള്ളതാണ്. ഈ സാദ്ധ്യത ഈ ശതാബ്ദത്തിലെ അതിശയകരമായ ഒരു പുതിയ നേട്ടമാണ്. എക്യുമിനിക്കൽ ചിന്തകർ ഈ പുതിയ രൂപത്തെക്കുറിച്ചു സംസാരിച്ചു തുടങ്ങുകയും അതിനെ ഒരു വലിയ സാദ്ധ്യതയായി വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

ഓർത്തഡോക്സ് പ്രോട്ടസ്റ്റന്റ് ബന്ധങ്ങളിൽ നാടകീയമായ ഒരു പുതിയ വളർച്ചയും പ്രതീക്ഷിക്കേണ്ടതില്ലെന്ന് ഓർത്തഡോക്സ് സഭകൾക്ക് വ്യക്തമായും അറിയാവുന്നതാണ്. അതിന്റെ സാദ്ധ്യതകളെപ്പറ്റി ആരാഞ്ഞിട്ടുമുണ്ട്. ഈ സഭകൾ തമ്മിലുള്ള സഭാപരമായ (ecclesiological) വ്യത്യാസങ്ങൾ വെറും വാക്കുകൾ കൊണ്ടുള്ള നിർദ്ദേശങ്ങളാൽ പരിഹരിക്കാവുന്നതിൽ അപ്പുറമാണ്. ഈ ബന്ധം കൊണ്ട് നമുക്ക് പ്രതീക്ഷിക്കാവുന്ന ഏറ്റവും വലിയ കാര്യം സമുദായത്തെ അഭിമുഖീകരിക്കുന്ന മാനുഷികപ്രശ്നങ്ങളെപ്പറ്റിയും ലോകത്തിനു ചെയ്യാവുന്ന സേവനങ്ങളെപ്പറ്റിയും ഉള്ള തുടർച്ചയായ ചർച്ചകളും പരസ്പര സഹകരണവും മാത്രമാണ്.

എന്നാൽ റോമൻ കത്തോലിക്കാ, ബൈസന്റയിൻ ഓർത്തഡോക്സ്, ഓറിയന്റൽ ഓർത്തഡോക്സ് എന്നീ മൂന്നു സഭാകുടുംബങ്ങൾ തമ്മിൽ ഈ അടുത്തകാലത്ത് സഭാപരമായി ഒരു പൊതു പശ്ചാത്തലം വളർന്നു വന്നിട്ടുണ്ട്. ഇനിയും വേണ്ടത് ഈ പശ്ചാത്തലം കൂടുതൽ ദൃഢമാക്കുവാനും അതിന്റെ പ്രകാശനത്തിന് ഒരു പൊതുവേദി ഉണ്ടാക്കുവാനും, ശ്രമിക്കുകയെന്നുള്ളതാണ്. ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ സംബന്ധിച്ചിടത്തോളം റോമൻ കത്തോലിക്കരുമായുള്ള ബന്ധം ഈ അടുത്തകാലം വരെ ഒരു രണ്ടാം മുൻഗണനയിൽപെട്ടതായിരുന്നു. എന്നാൽ വിയന്നായിൽ അടുത്തകാലത്ത് ചേർന്ന 'പ്രോ ഓറിയന്റൽ' (ഓറിയന്റൽ വിശ്വാസ അനുഭാവമുള്ള) എന്ന റോമൻ കത്തോലിക്കാ സഭയുടെ ഒരു അനൗദ്യോഗിക സംഘടന മുൻകൈ എടുത്തതിന്റെ ഫല

മായി ഓർത്തഡോക്സ് റോമൻ കത്തോലിക്കാ ബന്ധങ്ങളിൽ വലിയ പുരോഗമനം ഉണ്ടായിട്ടുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഓർത്തഡോക്സ് സഭകളിൽ നിന്നും നിരീക്ഷകർ സംബന്ധിച്ചതിന്റെ ഫലമായി ഇരു സഭകളും തമ്മിൽ ദ്വിമുഖമായും ബഹുമുഖമായുമുള്ള സംഭാഷണങ്ങൾ വളരെ അധികം പുരോഗമിച്ചു. വിയന്നായിലെ മുൻപറഞ്ഞ പ്രോ ഓറിയന്റെ സംഘടനയുടെ ആഭിമുഖ്യത്തിൽ അനൗദ്യോഗികമെങ്കിലും പ്രധാനമായ മൂന്നു ചർച്ചകൾ ഇരുസഭകളുടെയും പ്രതിനിധികൾ തമ്മിൽ നടന്നു. വിയന്നായിലെ കർദ്ദിനാൾ കോയിംഗിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചകൾ അത്ഭുതകരമായവിധത്തിൽ ഫലപ്രദമായിരുന്നു. ഇരുസഭകളും തമ്മിലുണ്ടായിരുന്ന പല തെറ്റിദ്ധാരണകളും ദൂരീകരിക്കപ്പെട്ടു. അതിന്റെ നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

1. Wort and wahrheit (Word and Truth) എന്ന ഒരു റോമൻ കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ വളരെ പ്രബുദ്ധമായ മൂന്നു റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടു.

2. അഭിപ്രായ യോജിപ്പു കാണിക്കുന്ന ഒരു സംയുക്ത പ്രസ്താവന മാർപാപ്പായും ഓർത്തഡോക്സ് സഭാതലവന്മാരും ചേർന്ന് പ്രസിദ്ധീകരിച്ചു.

3. മാർപാപ്പായുടെ ഭരണസീമ, പൗരസ്ത്യ പ്രദേശത്ത് റോമാസഭയുടെ വ്യാപ്തി മുതലായി അതിസങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ച് തുടർന്നുകൊണ്ടിരിക്കുന്നു.

റോമൻ കത്തോലിക്കാസഭയും ബൈസന്റയിൻ ഓർത്തഡോക്സ് സഭകളും തമ്മിലും അതുപോലെ തന്നെ റോമൻ കത്തോലിക്കാസഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലും പ്രത്യേകം പ്രത്യേകം ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഈ മൂന്നു സഭകളും യോജിച്ചുകൊണ്ടുള്ള ഒരു സംയുക്ത ചർച്ച ഇപ്പോൾ പ്രസക്തമല്ല. എന്നാൽ ഇങ്ങനെ വെവ്വേറെയായിട്ടെങ്കിലും ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നത് ഐക്യതയ്ക്കു കാംക്ഷിച്ച് നിരാശപ്പെട്ടിരിക്കുന്ന കോടിക്കണക്കിന് വിശ്വാസികൾക്ക് കൂടതൽ പ്രത്യാശയും ആത്മധൈര്യവും പ്രദാനം ചെയ്തുകൊണ്ടാണിരിക്കുന്നത്.

ഈ മൂന്നു വിഭാഗം സഭകളുടെയും പ്രതിനിധികൾ മാത്രം സമ്മേളിച്ച്, ഒരു റോമോ ബൈസന്റയിൻ ഓറിയന്റൽ സഭാ എക്യുമെനിക്കൽ സംഘടന ഉണ്ടാകുന്നത് സഭൈക്യത്തിന് കൂടുതൽ ഫലപ്രദമായ ഒരു കാൽവയ്പായിരിക്കും. ഇങ്ങനെയുള്ള ഒരു നിർദ്ദിഷ്ട സംഘടനയ്ക്കു ഈ മൂന്നു സഭകളെയും ഐക്യതയിൽ കൊണ്ടുവരുന്നതിന് സാധിക്കുന്നതാണ്. അതിലേക്ക് ദൈനംദിനമുള്ള പ്രത്യേക പ്രാർത്ഥനയോടും ഉപ

വാസത്തോടും കൂടിയ സമീപനവും പ്രവർത്തനവും അത്യന്താപേക്ഷിതമായിരിക്കും.

ഇപ്രകാരമുള്ള ഒരു പ്രവർത്തനസരണി, ആരംഭിക്കുകയും അതോടൊപ്പം ഒരു സമ്പൂർണ്ണ പദ്ധതി തയ്യാറാക്കി ഈ സഭകൾക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി പ്രവർത്തനം തുടങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെയായാൽ റോമൻ കത്തോലിക്കാ സഭയും, ബൈസന്റയിൻ ഓർത്തഡോക്സ് സഭകളും, ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ഒരു യോജിപ്പ് ദൈവം തിരുമനസ്സാകുന്നപക്ഷം അനതിവിദൂര ഭാവിയിൽ സാധിതപ്രായമാകുമെന്ന് പ്രതീക്ഷിക്കാം. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

*(ഇംഗ്ലീഷ് ലേഖനത്തിന്റെ സ്വതന്ത്ര വിവർത്തനം: വി. എസ്. ഏബ്രഹാം. മലങ്കരസഭാ മാസികയിൽ പ്രസിദ്ധീകരിച്ചത്.)*



# 3

# ലോകസഭാ കൗൺസിൽ പരിമിതികളും പ്രതീക്ഷകളും

*ഉന്നതതലത്തിലുള്ള കുറെ സമ്മേളനങ്ങൾ നടക്കുന്നു എന്നതിൽക്കവിഞ്ഞു ക്രൈസ്തവസഭകൾക്കോ മനുഷ്യസമൂഹത്തിനു പൊതുവായിട്ടോ എന്തെങ്കിലും നേട്ടങ്ങൾ W. C. C. മൂലം ഉണ്ടായിട്ടുണ്ടോ?*

ലോകസഭാ കൗൺസിൽ രൂപംകൊള്ളുന്നതിനു മുമ്പ് പരസ്പരം വഴക്കടിച്ചും, കുറ്റം പറഞ്ഞും വിദ്വേഷത്തിലും ശത്രുതയിലും കഴിഞ്ഞിരുന്ന ക്രൈസ്തവസഭകൾ ഇപ്പോൾ ഒരു വേദിയിൽ ഒന്നിച്ചു ചേരുവാൻ സാധിക്കുന്നു എന്നതുതന്നെ ഒരു വലിയ നേട്ടമാണ്. ലോകത്തിൽ എന്തെങ്കിലും പ്രതിസന്ധികളോ വിഷമപ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ (ഉദാഹരണമായി യൂഗോസ്ലാവ്യായിൽ ഒരു ഭൂകമ്പമോ പാക്കിസ്ഥാനിൽ ജലപ്രളയമോ ഉണ്ടാകുമ്പോൾ) ലോകത്തിലുള്ള എല്ലാ ക്രൈസ്തവസഭകളുടെയും ശ്രദ്ധ അവയിലേക്കു തിരിക്കുകയും ഒന്നിച്ചുചേർന്ന് ആവശ്യമുള്ള സഹായങ്ങൾ എത്തിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതുപോലെ തന്നെ സഭകൾ തമ്മിൽ കലഹിക്കുന്നതിനുള്ള ഹേതുക്കൾ എന്തെല്ലാമെന്നു ഗവേഷണം നടത്തുവാനും, സഭകൾ തമ്മിൽ യോജിച്ചു പ്രവർത്തിപ്പാനുള്ള സാഹചര്യങ്ങൾ എന്തെല്ലാമെന്നു പഠിക്കാനും ധാരാളം അവസരം നല്കിയിട്ടുണ്ട്. പലപ്പോഴും പാവപ്പെട്ടവരുടെയും വർഗ്ഗീയ വിവേചനത്തിനു വിധേയരായി വീർപ്പുമുട്ടുന്ന ജനങ്ങളുടെയും കാര്യം ഒരു അന്താരാഷ്ട്രവേദിയിൽ പരസ്യമായി പ്രഖ്യാപിക്കുവാനും അവർക്കുവേണ്ടി വാദിക്കുവാനും ലോകരാഷ്ട്ര സംഘടനയേക്കാൾ ഉതകിയിട്ടുള്ള ഒരു വേദിയാണ് W.C.C. സഭകൾ തമ്മിലുള്ള ഐക്യം സാദ്ധ്യമായിത്തീർന്നിട്ടില്ല എങ്കിലും, അവ ഒരുമിച്ചു സഹകരണത്തോടെ പ്രവർത്തിക്കുന്ന ഒരു രംഗമായി ഇതു തീർന്നിട്ടുണ്ട്. സഭകൾ തമ്മിലുള്ള അനൈക്യത്തെപ്പറ്റി  സാധാരണജനങ്ങൾക്കുള്ള ഖേദം പരിഹരിക്കുവാൻ ഒരളവുവരെ സഹായിക്കയും  ചെയ്തിട്ടുണ്ട്.

*സാമൂഹ്യ പ്രവർത്തനങ്ങളിലും സാമ്പത്തിക പുരോഗമന പരിപാടികളിലുമല്ലാതെ സുവിശേഷവേലയിൽ W.C.C. ശ്രദ്ധിക്കുന്നില്ല എന്ന വിമർശനം എത്രമാത്രം ശരിയാണ്?*

ക്രിസ്തീയ സുവിശേഷം പ്രചരിപ്പിക്കുക എന്നുള്ള ചുമതല ലോകസഭാ കൗൺസിലിന്റേതല്ല; ക്രൈസ്തവസഭകളുടേതാണ്. ആ ചുമതല

മറ്റാരും നിറവേറ്റാൻ ആവശ്യപ്പെടുന്നതു ശരിയുമല്ല. എന്നാൽ ക്രിസ്തീയദൗത്യം എങ്ങനെ നിറവേറ്റാമെന്നും ഏതെല്ലാംവിധത്തിൽ സുവിശേഷപ്രഖ്യാപനം നടത്താമെന്നുമുള്ള നിർദ്ദേശങ്ങളും രൂപരേഖകളും W.C.C. നല്കി സഹായിക്കുന്നു. കൂടാതെ സഭകൾ തമ്മിൽ അവരുടെ അനുഭവങ്ങൾ കൈമാറുന്നതിനും ഒരുമിച്ച് അതേപ്പറ്റി പഠിക്കുന്നതിനും സഹായിക്കുന്ന ഒരു വേദി ഒരുക്കുകയും ചെയ്യുന്നു. സഭകളുടെ സുവിശേഷയത്നത്തിൽ ലോകസഭാ കൗൺസിൽ വളരെയേറെ സഹായിക്കുന്നുണ്ട്.

സാമൂഹ്യസേവന പരിപാടികളിലും, സാമ്പത്തികാഭിവൃദ്ധിക്കുള്ള സംരംഭങ്ങളിലും സഭകൾ ശ്രദ്ധിക്കേണ്ടതു തന്നെയാണ്. അതും സുവിശേഷവേലയുടെ ഭാഗം തന്നെ.

*റോമ്മാസഭ എന്തുകൊണ്ടാണ് ലോകസഭാകൗൺസിലിൽ ചേരാതിരിക്കുന്നത്? ഭാവിയിൽ ചേരുന്നതിനുള്ള എന്തെങ്കിലും സാദ്ധ്യതകളുണ്ടോ?*

ലോകസഭാകൗൺസിൽ രൂപംകൊണ്ടത് 1948-ലാണ്. റോമ്മാസഭയുടെ അന്നത്തെ അഭിപ്രായം കത്തോലിക്കാസഭയ്ക്കു പുറത്തുള്ള സഭകൾ എല്ലാം വിശ്വാസത്തിൽ നിന്നു മാറിപ്പോയവരും ശീശ്മക്കാരുമാണ് എന്നായിരുന്നു. അവരുമായി ഒരുമിച്ചു ചേരുക എന്നുള്ളത് ഒരുവിധത്തിൽ പറഞ്ഞാൽ സാത്താന്റെ ഒരു പ്രവൃത്തിയാണ്. എന്നാൽ 1962 ആയപ്പോഴേക്കും ആ ചിന്താഗതിക്കു മാറ്റം വന്നു. ജോൺ മാർപാപ്പായുടെ കാലത്ത് WCC യോട് അല്പം കൂടെ അനുഭാവപൂർവ്വമായ സമീപനം പ്രകടമായി. തത്ഫലമായി ചില ബന്ധങ്ങളും സമ്പർക്കങ്ങളും സാദ്ധ്യമായിത്തുടങ്ങി. ഇരുഭാഗത്തു നിന്നുമായി 14 അംഗങ്ങളുള്ള ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി നിയമിക്കപ്പെട്ടു. ആരംഭം മുതൽ അതിലെ അംഗമായിരുന്നിട്ടുള്ള എനിക്ക് ആധികാരികമായി അതേപ്പറ്റി പറയുവാൻ കഴിയും.

റോമ്മാസഭ ലോകസഭാ കൗൺസിലിൽ ചേരുന്നതിനു പ്രതിബന്ധങ്ങൾ ഉണ്ടോ എന്നു പഠിക്കുന്നതിനു നിയുക്തമായ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നത് റോമ്മാസഭ W.C.C. യിൽ ചേരുന്നതിനു വേദശാസ്ത്രപരമായി വിരോധമൊന്നുമില്ലെങ്കിലും മനഃശാസ്ത്രപരമായ വൈഷമ്യമാണു പ്രധാനമായിട്ടുള്ളത്. സത്യേകസഭയായി റോമ്മാസഭ മാത്രമെന്നു പഠിപ്പിച്ചു വന്നിരുന്നതിനാൽ മറ്റു സഭകളോടൊപ്പം ഒരു സഭയായിട്ട് ഇന്നു ലോകസഭാ കൗൺസിലിൽ ചേരുമ്പോൾ വിശ്വാസികൾക്കു വലിയ ആശയക്കുഴപ്പവും മാനസികമായ പ്രയാസവും വരുത്തിവെയ്ക്കും. എന്നാൽ ജനങ്ങളെ കുറെക്കൂടെ ഒരുക്കിയശേഷം, അനുകൂലമായ മാനസിക പശ്ചാത്തലം കൈവരുത്തിയിട്ട് W.C.C. യിൽ ചേരുന്നതിനു പ്രയാസമുണ്ടാകയില്ല എന്നതാണ് ഔദ്യോഗികവൃത്തങ്ങളിലെ ചിന്താഗതി. അതിനാൽ

ഉടനെ അവർ W.C.C. യിൽ ചേരാൻ സാദ്ധ്യതയൊന്നും കാണുന്നില്ല.

മറ്റൊരു പ്രശ്നവുമുണ്ട്. ഇന്നു കത്തോലിക്കാസഭയിൽ കാണുന്ന ആഭ്യന്തരമായ പല പ്രശ്നങ്ങൾക്കും ഒരു പ്രധാന കാരണം, അകത്തോലിക്കാസഭകളുമായിട്ടുള്ള കൂട്ടുകെട്ടുകളാണ് എന്നു ചിന്തിക്കുന്ന ഒരു നേതൃത്വസംഘം കത്തോലിക്കാസഭയിലുണ്ട്. അതിനാൽ ആ നേതൃത്വനിര മാറിപ്പോകുന്നതു വരെ W.C.C. യിൽ ചേരാൻ സാദ്ധ്യതയില്ലെന്നാണു വിചാരിക്കേണ്ടത്.

*നമ്മുടെ സഭയിലെ ഇന്നത്തെ പ്രതിസന്ധിയിൽ W.C.C. ക്കോ അതിലെ അംഗസഭകൾക്കോ എന്തെങ്കിലും സഹായിക്കാൻ കഴിയുമോ? അതിന് എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ?*

ഏതെങ്കിലും ഒരു സഭയുടെ ആഭ്യന്തര പ്രശ്നങ്ങളിൽ പ്രവേശിക്കുക എന്നതു ലോകസഭാ കൗൺസിലിന്റെ നയപരിപാടിയിൽ യോജിക്കാത്തതാണ്. എന്നാൽ അതിലെ അംഗങ്ങളായ രണ്ടു സഭകൾ തമ്മിൽ കലഹമുണ്ടായാൽ, ആ രണ്ടു സഭകളും W.C.C. യുടെ മദ്ധ്യസ്ഥസേവനം ആവശ്യപ്പെട്ടാൽ അതിന് ഒരു പ്രത്യേക സമിതിയെ W.C.C. നിയമിക്കാം.

ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ നമ്മളും അന്ത്യോക്യാസഭയും W.C.C. യിലെ അംഗങ്ങളായതുകൊണ്ട്, ഇരുകൂട്ടരും ഒരുമിച്ച് W.C.C. യെ സമീപിക്കുന്നപക്ഷം നമ്മുടെ പ്രശ്നം അവർ പരിഗണനയിൽ എടുക്കാം. എന്നാൽ അങ്ങനെ ചെയ്യാൻ ആരെങ്കിലും മുൻകൈ എടുക്കുമോ എന്നു സംശയിക്കുന്നു.

മാത്രമല്ല W.C.C. യുടെ സഹായം കൊണ്ടു നമ്മുടെ പ്രശ്നം പരിഹരിക്കപ്പെടുവാൻ സാധിക്കുമോ എന്ന് എനിക്കു സംശയമുണ്ട്.

*അടുത്തു നടക്കുന്ന ലോകസഭാകൗൺസിലിന്റെ നൈറോബി അസംബ്ലിയെപ്പറ്റി തിരുമേനിക്കുള്ള പ്രതീക്ഷകൾ എന്തെല്ലാം? ആ അസംബ്ലിയിൽ തിരുമേനിക്കുള്ള ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ്?*

ആദ്യമായി ചോദ്യത്തിന്റെ രണ്ടാം ഭാഗത്തിനുത്തരം പറയാം; അതായത് എനിക്കുള്ള ഉത്തരവാദിത്തങ്ങൾ. അസംബ്ലിയുടെ പ്രോഗ്രാം നിശ്ചയിക്കുന്നതിനു നിയുക്തമായ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പ്രോഗ്രാം ക്രോഡീകരിക്കുന്നതിലും മറ്റു പല കാര്യങ്ങൾ തീരുമാനിക്കുന്നതിലും എനിക്ക് ഉത്തരവാദിത്തമുണ്ടായിട്ടുണ്ട്.

നൈറോബി സമ്മേളനത്തിലെ മുഖ്യ പ്രസംഗകരിൽ ഒരാളായിരിപ്പാൻ എന്നോടാവശ്യപ്പെട്ടിട്ടുണ്ട്. അവിടെ ചെന്നതിനു ശേഷം അസംബ്ലി ഔദ്യോഗികമായി ചേരുമ്പോൾ പല ഉത്തരവാദിത്തങ്ങളും ഉണ്ടാകും.

അനൗദ്യോഗികമായി പലതിനേപ്പറ്റിയും എന്നോടു പറഞ്ഞിട്ടുണ്ടെങ്കിലും അസംബ്ലിയിൽ മാത്രമേ തീരുമാനങ്ങൾ ഉണ്ടാവൂ.

നൈറോബി സമ്മേളനത്തെപ്പറ്റിയുള്ള എന്റെ പ്രതീക്ഷകൾ എന്തെല്ലാമെന്നാണല്ലോ ചോദ്യത്തിന്റെ ഒരു ഭാഗം. ലോകസഭാ കൗൺസിലിന്റെ അസംബ്ലി സാധാരണയായി ഏഴു വർഷത്തിലൊരിക്കലാണ് ഉണ്ടാവുക. ഒന്നാമത്തേത് 1948-ൽ ആംസ്റ്റർഡാമിലും, രണ്ടാമത്തേത് 1954-ൽ ഷിക്കാഗോയിക്കു സമീപമുള്ള എവൻസ്റ്റണിലും, മൂന്നാമത്തേത് 1961-ൽ ന്യൂഡൽഹിയിലും, നാലാമത്തേത് 1968-ൽ ഉപ്സാലായിലും നടന്നു. അഞ്ചാമത്തേത് 1975-ൽ നൈറോബിയിൽ സമ്മേളിക്കുകയാണ്.

ഈ സമ്മേളനങ്ങൾക്കു പല വശങ്ങൾ കാണ്മാനുണ്ട്. (1) ഇതു സാർവ്വലൗകിക സഭയുടെ ഒരു വലിയ പെരുനാളാണ്! എല്ലാ സഭകളിൽ നിന്നും വൈദികരും അവൈദികരും ഉൾക്കൊള്ളുന്ന ഒരു സമൂഹം ഒരുമിച്ചു സമ്മേളിക്കുന്ന ഒരു പെരുനാൾ എന്നുതന്നെ വിശേഷിപ്പിക്കാം. കർത്താവായ യേശുക്രിസ്തുവിൽ നമുക്ക് ഐക്യമുണ്ടെന്നു പ്രകടമാക്കാൻ ഉതകുന്ന ഒരു വലിയ സന്ദർഭം. അതു സാദ്ധ്യമാകുവാൻ തക്കവണ്ണം ദൈവം ചൊരിഞ്ഞ കൃപയ്ക്കുള്ള കൃതജ്ഞതയും, അതിലുള്ള വലിയ സന്തോഷവും പ്രകടിപ്പിക്കുന്ന അവസരമാണ്.

2) ലോകത്തേയും, ക്രൈസ്തവസഭകളേയും അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രശ്നങ്ങൾ ഏവയെന്നു മനസ്സിലാക്കാൻ ഇപ്രകാരമുള്ള സമ്മേളനങ്ങൾ വളരെ സഹായിക്കും. ആ പ്രശ്നങ്ങളെപ്പറ്റി സമഗ്രമായി പഠിക്കുന്നതിനുമുപകരിക്കുന്നു.

3) സഭകളുടെ രൂപത്തിലും ഘടനയിലുമുള്ള ഐക്യം (Structural Unity) സമീപഭാവിയിലെങ്ങും സാദ്ധ്യമാകുമെന്ന് ആരും കരുതേണ്ടതില്ല. തന്നെയല്ല, ഘടനാപരമായ ഐക്യമാണോ യഥാർത്ഥത്തിൽ സഭകളുടെ ഐക്യം?

4) ലോകപ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാരം ഈ സമ്മേളനത്തിൽ നിന്നും പ്രതീക്ഷിക്കേണ്ടതുണ്ടോ? അവിടെയും അമിതമായ പ്രതീക്ഷ അസ്ഥാനത്താണ്. എന്നാൽ ഈ സമ്മേളനം ആഫ്രിക്കയിൽ വച്ചു നടത്തുന്നതിനാൽ വർഗ്ഗവിവേചനാ വിഷയത്തെക്കുറിച്ച് എന്തെങ്കിലും ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകാം. കറുത്തവരും വെളുത്തവരും തമ്മിലുള്ള വിവേചനം അതിന്റെ രൂക്ഷസ്വഭാവത്തിൽ കാണുന്നത് ആഫ്രിക്കയിലാണല്ലോ.

5) ഇതുവരെയും ക്രൈസ്തവർ ലോകത്തിൽ മറ്റുള്ളവരെ പഠിപ്പിക്കുകയെന്നല്ലാതെ മറ്റുള്ളവരിൽ നിന്ന് എന്തെങ്കിലും പഠിക്കാൻ വളരെ

യൊന്നും മുതിർന്നിട്ടില്ല; പ്രത്യേകിച്ചും യൂറോപ്പിലെ ക്രിസ്ത്യാനികൾ. അവരുടെ അഹങ്കാരമുള്ള സംസ്ക്കാരം അതിന് അവരെ സമ്മതിക്കാറില്ല. എന്നാൽ ക്രിസ്ത്യാനികൾ അന്യമതങ്ങളുമായി കൂടുതൽ സൗഹാർദ്ദബന്ധങ്ങൾ പുലർത്തിയെങ്കിൽ മാത്രമേ നമുക്കൊരു ലോക സമൂഹം കെട്ടിപ്പെടുക്കാൻ കഴിയൂ എന്ന ചിന്തയിലേക്കു നാം ക്രമേണ നീങ്ങുകയാണ്. അതുകൊണ്ട് അതു സംബന്ധിച്ചു പ്രത്യേകിച്ച്, പ്രോട്ടസ്റ്റന്റു സഭകൾക്ക് പുതിയ നേതൃത്വം നല്കത്തക്കവിധത്തിലുള്ള തീരുമാനങ്ങൾ ഞാൻ പ്രതീക്ഷിക്കുന്നു.

6) ഇന്നത്തെ നമ്മുടെ സംസ്ക്കാരം അഭിനവ ശാസ്ത്രത്തേയും സാങ്കേതികതയെയും അടിസ്ഥാനമാക്കിയുള്ളതാണ്. നമ്മുടെ സംസ്ക്കാരത്തിന്റെ നേട്ടങ്ങൾ ശാസ്ത്ര സാങ്കേതിക വിജ്ഞാനങ്ങളുടെ നേട്ടങ്ങളുമാണ്. എന്നാൽ ശാസ്ത്രീയമായ പുരോഗതി കൈവന്നതോടെ മനുഷ്യത്വത്തിന് (Humanity) വലിയ ക്ഷതം സംഭവിച്ചിട്ടുണ്ട് എന്നു സമ്മതിക്കണം.

ശാസ്ത്രത്തിനും സാങ്കേതികതയ്ക്കും വളരെ നേരിയ പരിധികളുണ്ടെന്നും, അതിനപ്പുറം അവയ്ക്കു സത്യത്തെ അറിവാൻ സാദ്ധ്യമല്ലെന്നും, മനുഷ്യൻ മനുഷ്യനായിത്തീരണമെങ്കിൽ ശാസ്ത്രവും, സാങ്കേതികതയും കൊണ്ടു മാത്രം സാദ്ധ്യമല്ലെന്നും അംഗീകരിക്കണം. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും തേർവാഴ്ച മനുഷ്യസംസ്ക്കാരത്തിനാപല്ക്കരമെന്നുള്ള ഭയം പാശ്ചാത്യജനതയിൽ മുളച്ചുവരുന്നുണ്ട്. നൈറോബി സമ്മേളനത്തിൽ ഈ ചിന്തകളുടെ പ്രതിഫലനങ്ങളും പ്രതികരണങ്ങളുമുണ്ടാകാം. അതു മൂലം ഒരു പുതിയ മാർഗ്ഗദർശനം ലഭ്യമാകാമെന്നു പ്രത്യാശിക്കാം.

നൈറോബി സമ്മേളനം വഴി പെട്ടെന്നു സഭൈക്യമുണ്ടാകുമെന്നോ, ലോകസമാധാനം സാദ്ധ്യമാകുമെന്നോ, നീതിനിഷ്ഠമായ ഒരു വ്യവസ്ഥിതി ഉദയം ചെയ്യുമെന്നോ നാമാരും പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ സഭകളുടെ മനഃസാക്ഷിയെ കുറേക്കൂടെ നിഷ്ക്കർഷമായിട്ടുള്ള ധാർമ്മികബോധത്തിലേക്കുയർത്തുവാൻ ഈ സമ്മേളനം സഹായിച്ചേക്കാം. ക്രിസ്തീയ വിശ്വാസികൾക്കു ലോകത്തെപ്പറ്റിയുള്ള ചിന്തയിൽ പുതിയ സമീപനം ഉണ്ടായേക്കാം. ക്രൈസ്തവർ ഒരുമിച്ചു ചേർന്നു പ്രസംഗം കേൾക്കുക മാത്രമല്ല, പരസ്പരം സംസാരിക്കുകയും അടുത്തു വരികയും ചെയ്യുമ്പോൾ പ്രയോജനകരമായ ഒരു നേതൃത്വപരിശീലനത്തിലേക്കുള്ള പടിയായിത്തീരാം. അമിതമായ പ്രതീക്ഷകളൊന്നുമില്ല. എന്നാൽ പ്രയോജനകരങ്ങളായ ചില കാര്യങ്ങളൊക്കെ നൈറോബി സമ്മേളനം മൂലം ഉണ്ടാകുമെന്നതിനു സംശയമില്ല.

*(ഓർത്തഡോക്സ് യൂത്ത്, 1975 നവംബർ. 'ഓർത്തഡോക്സ് യൂത്ത്' പ്രതിനിധി നടത്തിയ അഭിമുഖ സംഭാഷണം)*

# 4

# എത്യോപ്യയിലെ ക്രൈസ്തവസഭ

"ചെറിയ കിഴക്കൻ സഭകളിൽ" വച്ച് ഏറ്റവും വലിയതാണ് എത്യോപ്യയിലെ ക്രൈസ്തവസഭ. ഭാവിയിലെ സുറിയാനി സഭയുമായും, ഈജിപ്ഷ്യൻ, അർമ്മേനിയൻ, സിറിയൻ, ഇന്ത്യൻ ഏകസ്വഭാവ സഭകളുമായും വിശ്വാസൈകരൂപ്യമുള്ള ഈ സഭയുടെ ചരിത്രവും തൽക്കാല പരിതസ്ഥിതികളും അറിയുന്നത്, ഹെയ്ലി സലാസി ചക്രവർത്തിയുടെ കേരള സന്ദർശനം അടുത്തിരിക്കുന്ന ഈ ഘട്ടത്തിൽ പല വായനക്കാർക്കും രസാവഹമായിരിക്കും.

**സഭയുടെ ഉത്ഭവം**

ഫിലിപ്പോസ് മാമ്മോദീസാ മുക്കിയ എത്യോപ്യാ രാജ്ഞിയുടെ ധനപാലകനിൽ കൂടെയായിരിയ്ക്കാം ക്രൈസ്തവ വിശ്വാസം ആദ്യമായി എത്യോപ്യാ രാജ്യത്ത് വന്നുചേർന്നത്. എന്നാൽ നാലാം ശതാബ്ദത്തിന്റെ ആരംഭത്തിൽ മാത്രമേ രാജ്യവും രാജാവും വിശ്വാസം സ്വീകരിച്ചുള്ളു. അലക്സന്ത്രിയാ പാത്രിയർക്കീസിന്റെ കീഴിലുള്ള കോപ്റ്റിക് സഭയുടെ ഒരു പുത്രീസഭയായിട്ടാണ് അന്നു മുതൽ 1947 വരെ എത്യോപ്യൻ സഭ ഇരുന്നിട്ടുള്ളത്. സഭയുടെ ഉത്ഭവത്തെപ്പറ്റിയുള്ള കഥയിങ്ങനെയാണ്.

ഒരു സിറിയൻ കച്ചവടക്കപ്പൽ ശുദ്ധജലം സംഭരിക്കുന്നതിനുവേണ്ടി എത്യോപ്യൻ തീരത്തടുക്കുവാൻ ശ്രമിച്ചു. കൊടുങ്കാറ്റടിച്ച് കപ്പലിലുള്ളവരെല്ലാം മരിച്ചെങ്കിലും ഫ്റെമിനാത്തോസ്, എഡേസിയസ് എന്ന രണ്ട് ബാലന്മാർ മാത്രം രക്ഷപ്പെട്ടു. നാവികർ ഇവരെ എടുത്ത് രാജാവിന്റെ അടുക്കൽ കൊണ്ടുപോയി. ഇവർ രാജാവിന്റെ വിശ്വസ്ത പരിചാരകരായിത്തീർന്നു. ഇവർ രണ്ടുപേരും ഉറച്ച ക്രിസ്തീയ വിശ്വാസമുള്ളവരായിരുന്നു. ഇവരുടെ ജീവിതശുദ്ധിയിലും സ്വഭാവ വൈശിഷ്ട്യത്തിലും ആകൃഷ്ടരായിത്തീർന്ന രാജാവും കുടുംബവും ക്രിസ്തീയമതം സ്വീകരിക്കുകയാണുണ്ടായത്. പിന്നീട് ഫ്റെമിനാത്തോസ്, അലക്സന്ത്രിയയിൽ പോവുകയും അന്ന് അലക്സന്ത്രിയാ പാത്രിയർക്കീസായിരുന്ന വലിയ മാർ അത്താനാസ്യോസിൽ നിന്നും പട്ടം സ്വീകരിച്ച് ആക്സൂമിലെ ഒന്നാമത്തെ മെത്രാപ്പോലീത്തായായി തിരികെ വന്ന് രാജ്യത്തെ മിക്കവാറും മുഴുവൻതന്നെ ക്രിസ്തീയ വിശ്വാസത്തിലേക്ക് കൊണ്ടുവരികയും ചെയ്തു.

### യഹൂദപശ്ചാത്തലം

ക്രിസ്തീയവിശ്വാസം സ്വീകരിക്കുന്ന സമയത്ത് ഈ രാജ്യത്തെ പ്രധാന മതം യഹൂദ വിശ്വാസമായിരുന്നെന്നാണ് പാരമ്പര്യം. ശലോമോന്റെ കാലത്താണത്രെ യഹൂദവിശ്വാസം എത്യോപ്യയിൽ പ്രവേശിച്ചത്. ഏതായാലും ഇന്നും അതിന്റെ അവശിഷ്ടങ്ങൾ കാണാനുണ്ട്. അവർ ചേലാകർമ്മമനുഷ്ഠിക്കുന്നു. അയവിറക്കുകയും കുളമ്പ് പിളർക്കുകയും ചെയ്യാത്ത മൃഗങ്ങളുടെ മാംസം അവർ ഭുജിക്കുകയില്ല. പള്ളികളുടെ രൂപം ഇപ്പോഴും യഹൂദ ദേവാലയത്തിന്റേതാണ്. പള്ളിയിൽ പ്രധാന സ്ഥാനത്ത് മോശയുടെ പെട്ടകം കാണപ്പെടുന്നു. ശനിയാഴ്ച അവർ ശാബ്ബതാചരിക്കുന്നു. മാത്രമല്ല, ഫലാഷാകൾ എന്ന പേരിലറിയപ്പെടുന്ന ഒരു യഹൂദവിഭാഗം ഇന്നും ഈ രാജ്യത്തുണ്ട്.

### വേദപുസ്തകം

നാം സാധാരണ കാണുന്നതിൽ നിന്ന് വ്യത്യസ്തമാണ് എത്യോപ്യൻ വേദപുസ്തകം. പഴയനിയമത്തിൽ 46 പുസ്തകങ്ങളാണുള്ളത്. 370-ാമാണ്ടിൽ ഫ്റെമിനാത്തോസ് തന്നെയാണ് ഈ ഗ്രന്ഥങ്ങളെ പുരാതന എത്യോപ്യൻ ഭാഷയായ ഗിഇസ് (geez) ലേയ്ക്ക് തർജ്ജമ ചെയ്തതെന്നാണ് പാരമ്പര്യം. ഇപ്പോഴത്തെ ചക്രവർത്തിയുടെ ഉത്സാഹത്തിലാണ് വേദപുസ്തകം ആധുനിക ഭാഷയായ അമ്ഹാരിക്കി (Amharic) ലേക്ക് വിവർത്തനം ചെയ്യുവാനിടയായത്. പുതിയനിയമത്തിൽ 35 പുസ്തകങ്ങളാണുണ്ടായിരുന്നതെങ്കിലും, സുന്നഹദോസുകളുടെ എട്ടു പുസ്തകങ്ങൾ കുറച്ച് ഇപ്പോൾ വെളിപാടു പുസ്തകമുൾപ്പെടെ 27 പുസ്തകങ്ങൾ തന്നെയാണുള്ളത്. ജൂബിലികളുടെ പുസ്തകവും മക്കാബ്യരുടെ പുസ്തകവും ഈനോഹിന്റെ പുസ്തകവും എത്യോപ്യൻ പഴയനിയമത്തിലുള്ളത് മറ്റു സഭകളുടെ പുസ്തകങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ്.

### പള്ളികളും പട്ടക്കാരും

അറുപതു ലക്ഷത്തോളം അംഗങ്ങളുള്ള ഈ സഭയ്ക്ക് 20000 ത്തോളം പള്ളികളും ലക്ഷക്കണക്കിന് പട്ടക്കാരുമുണ്ട്. പള്ളികളുടെ രൂപം രണ്ടു വിധത്തിലാണ്. വൃത്താകൃതിയിലുള്ളവ (ചിലപ്പോൾ അഷ്ടകോണായ മേൽപ്പുരയോടുകൂടെ) പഴയ പേഗൻ ആരാധനാസ്ഥലങ്ങളുടെ പിൻഗാമികളായിരിക്കണം. ഏറ്റവും അകത്തുള്ള ഇരുളടഞ്ഞ മഹാവിശുദ്ധസ്ഥലത്താണ് ‘‘മക്ദസ്’’ എന്നു പറയുന്ന മദ്ബഹാ. അവിടെ ത്രോണോസും അതിന്മേൽ ‘അബോത്ത്’ എന്നു പറയുന്ന പെട്ടകവുമുണ്ട്. അത് വെച്ചിരിക്കുന്നത് നമ്മുടെ ‘തബലൈത്താ’യുടെ സ്ഥാന

ത്തുള്ള മൻബാതാബോത്ത് എന്ന പലകയിന്മേലാണ്. ഈ മക്ദസിന്നകത്ത് പുരോഹിതന്മാരും ചക്രവർത്തിയും കുർബ്ബാന അനുഭവിക്കുന്നു.

ഇതിന് ചുറ്റുമായിട്ടാണ് കിഡെസ്ത് എന്നു പറയുന്ന “ഹൈക്കലാ.” അത്മായക്കാർ കുർബാന അനുഭവിക്കുന്നത് ഇവിടെയാണ്. ഇതിനും ചുറ്റിലാണ് ‘കെനെ മഹ്ലത്ത്’ എന്നു പറയുന്ന പ്രാകാരം. ഗ്രാമീണ ദേവാലയങ്ങളിൽ പലതിലും ഈ പ്രാകാരം പള്ളിക്ക് ചുറ്റുമുള്ള മുറ്റമാണ്. വലിയ പള്ളികളിൽ പലയിടത്തും പ്രാകാരത്തെ നാലായി വിഭജിച്ചിരിക്കും. വടക്കു വശത്ത് പുരോഹിതന്മാരും പടിഞ്ഞാറുവശത്ത് ഗായകന്മാരും കിഴക്കുവശത്തു പുരുഷന്മാരും പടിഞ്ഞാറുവശത്ത് സ്ത്രീകളും നിൽക്കുന്നു. കിഴക്കോട്ട് മുഖമായി നിൽക്കുക എന്ന പതിവ് അവർക്കില്ല.

പുതിയ പള്ളികൾ പലതും ചതുരശ്ര കോണായിട്ടുള്ളവയും ഏറെക്കുറെ നമ്മുടെ പള്ളികൾ പോലെയുള്ളവയാണ്.

പട്ടക്കാരുടെ സംഖ്യ 15 ലക്ഷത്തോളമാണെന്ന് സാധാരണ പറയാറുണ്ട്. പഠിപ്പിക്കുന്നതിനും പാട്ടുകൾ പാടുന്നതിനും വേണ്ടി നിയമിക്കപ്പെട്ടിട്ടുള്ളവരാണ് ഇവരിലധികം പങ്കും. ഓരോ പള്ളിയിലും ഗായകപ്പട്ടവും ഗുരുപ്പട്ടവുമുള്ളവരുടെ സംഖ്യ രണ്ടു മുതൽ ഇരുന്നൂറും മുന്നൂറും വരെയാകാം. പള്ളിയുടെ ഭരണാധികാരം ‘ആലക്കാ’ എന്ന് പേരുള്ള ഒരത്മായക്കാരനാണ്. ആലക്കാപ്പട്ടമുള്ള ആൾക്ക് ഗായകന്മാരുടെയും ഗുരുക്കന്മാരുടെയും കൂദാശകൾക്കുള്ള പട്ടക്കാരുടെയും ശെമ്മാശന്മാരുടെയുമൊക്കെ മേൽ അധികാരമുണ്ട്. ഗായകസംഘത്തിന്റെ നേതാവായി ‘മറിഗേത്താ’ എന്നൊരു പട്ടക്കാരനുണ്ട്. ഇവയെ കൂടാതെ പള്ളിയിലെ ഒരു പ്രധാന ഉദ്യോഗസ്ഥനാണ് ‘ഗബസ്.’ ഇദ്ദേഹമാണ് പള്ളി ട്രസ്റ്റി. പള്ളിയുടെ വകയായുള്ള നിലങ്ങളിൽ നിന്നും റോഡുകളിൽ നിന്നുമൊക്കെ കരവും ചുങ്കവും പിരിയ്ക്കുക, കണക്കെഴുതുക എന്നുള്ളതിന് പുറമേ, ഒരു ചെറിയ ന്യായാധിപതി കൂടിയാണിദ്ദേഹം. നിയമമൊക്കെ നന്നായി പഠിച്ചിട്ടുള്ള ഇദ്ദേഹമാണ് ചില്ലറ വഴക്കുകളൊക്കെ കേട്ടുതീർക്കുന്നത്.

ഒരിടവകയിൽ ചുരുങ്ങിയത് രണ്ട് അച്ചന്മാരും മൂന്ന് ശെമ്മാശന്മാരെങ്കിലുമുണ്ടെങ്കിലേ കുർബ്ബാന ചൊല്ലാവൂ. സാധാരണയായി, അച്ചന്മാരും ശെമ്മാശന്മാരും ഗായകന്മാരും ഗുരുക്കന്മാരും എല്ലാംകൂടി നൂറോളം പേർ ഓരോ ഇടവകയിലും പള്ളിയെ ആശ്രയിച്ച് ജീവിക്കുന്നുണ്ടാകും.

### പള്ളിസ്കൂളുകൾ

1906-ൽ മരിച്ച മെനലിക്ക് രണ്ടാമന്റെ കാലംവരെ ആധുനികരീതിയിലുള്ള വിദ്യാലയങ്ങൾ എത്യോപ്യയിലുണ്ടായിരുന്നില്ല. എന്നാൽ ഓരോ

ഇടവകയിലും പള്ളിവകയായി ഒരു സ്കൂളുണ്ടായിരുന്നു. ഇതായിരുന്നു സണ്ടേസ്കൂളും സുവിശേഷ പ്രവർത്തനവും ജീവകാരുണ്യ പ്രവർത്തികളുമൊക്കെ കൂടിച്ചേർന്ന സ്ഥാപനം.

പള്ളിപ്പറമ്പിലാണ് സ്കൂൾ. ഒരു ഗ്രാമത്തിൽ പ്രവേശിക്കുമ്പോഴേ കേൾക്കാം സ്കൂളിലെ ആരവം. അദ്ധ്യാപകൻ പറഞ്ഞുകൊടുക്കുന്നതിനെ എല്ലാ വിദ്യാർത്ഥികളും ഒരുമിച്ച് ഉരുവിട്ടു പഠിക്കുകയെന്നതാണ് അദ്ധ്യാപന സമ്പ്രദായം. 230 അക്ഷരങ്ങളുള്ള അക്ഷരമാല ഉരുവിടുകയാണ് ആദ്യത്തെ രണ്ടു വർഷത്തെ പഠിത്തം.

അതു കഴിഞ്ഞാൽ പിന്നെ വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിന്റെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ ഒന്നും മനസ്സിലാകാത്ത പുരാതന ഗിഇസ് ഭാഷയിൽ ഉരുവിട്ടു പഠിക്കണം. അടുത്തത് കാതോലിക ലേഖനങ്ങൾ (വി. പത്രോസ്, വി. യാക്കോബ്, വി. യൂദാ മുതലായവ) പഠിക്കുകയാണ്.

ഇത്രയും പഠിച്ചു കഴിഞ്ഞാൽ പിന്നെ ദാവീദിന്റെ മസുമൂറുകൾ പഠിക്കുന്നതിനുള്ള അർഹതയായി. അതാരംഭിക്കുന്നത് വലിയ ഒരു വിശേഷ ദിവസം തന്നെയാണ്. അന്നു കുട്ടിയുടെ മാതാപിതാക്കന്മാർ ഗുരുവിനേയും അച്ചനേയും അയൽക്കാരേയും ഒക്കെ വിളിച്ചുവരുത്തി ഒരു സദ്യ കഴിക്കണം. ദാവീദിന്റെ മസുമൂറുകൾ പഠിച്ചുകഴിയുമ്പോഴേക്ക് എഴുത്തും വായനയും അറിയാവുന്ന ഒരു ചെറുപ്പക്കാരനായി വിദ്യാർത്ഥി തീരുന്നു. സാധാരണക്കാർക്കു വല്ല എഴുത്തും അയയ്ക്കുവാനും മറ്റുമൊക്കെ ഈ ചെറുപ്പക്കാരനാണ് എഴുതികൊടുക്കുന്നത്.

ഇതുകഴിഞ്ഞുള്ള ഉന്നത വിദ്യാഭ്യാസമൊക്കെ രാത്രിയിലാണ്. ദൈവസ്തോത്രങ്ങൾ കന്യകമറിയാമിനോടുള്ള സ്തുതിപ്പുകൾ, പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള മറ്റു ഭാഗങ്ങൾ ഇവയെല്ലാം വിദ്യാർത്ഥി ഉരുവിടുന്നു.

ഇതിൽ കൂടുതലായി പഠിക്കണമെങ്കിൽ വല്ല സന്യാസാശ്രമത്തിലും പോകണം. മൂന്നു ഗ്രൂപ്പുകളാണ് ഈ ഉന്നതവിദ്യാഭ്യാസത്തിലുള്ളത്. സംഗീതാഭ്യാസമാണ് ഫസ്റ്റ് ഗ്രൂപ്പ്. തത്വശാസ്ത്രം, രചന ഇവയാണ് രണ്ടാം ഗ്രൂപ്പ്. തേർഡ് ഗ്രൂപ്പിൽ വേദശാസ്ത്രവും ചരിത്രവും ഉൾപ്പെടുന്നു. ഒരാശ്രമത്തിൽ എല്ലാ ഗ്രൂപ്പും കണ്ടെന്നു വരികയില്ല. മാത്രമല്ല ഒരു ഗ്രൂപ്പിലെ പഠിത്തം തന്നെ മുഴുവനാക്കുന്നതിന് ഒന്നിലധികം ആശ്രമങ്ങളിലെ പണ്ഡിതഗുരുക്കന്മാരുടെ അടുക്കൽ പോകേണ്ടതായും വരും.

രണ്ടാം ഗ്രൂപ്പിൽ, സോക്രട്ടീസ്, പ്ലേറ്റോ, ഡയോഗെനീസ്, സിസെറോ, ഗ്രെഗറി, ദാവീദ്, ശലോമോൻ മുതലായവരുടെ ജ്ഞാനമാണ് പഠിപ്പിക്കുന്നത്.

### ആരാധനയും കൂദാശകളും

ആരാധനയുടെ രൂപം ഗ്രീക്കിലെ വി. മർക്കോസിന്റെ ലിറ്റർജിയുടേയും കോപ്റ്റിക്കിലെ വി. ലൂക്കോസിന്റെ ലിറ്റർജിയുടേയും പശ്ചാത്തലത്തെയാണ് കുറിക്കുന്നത്. കുർബാനയ്ക്ക് "കിഡ്ഡാസേ" (കൂദാശ) എന്നാണ് പേര്. പതിനാല് തക്സാകൾ ഉള്ളതിൽ മാർ യാക്കോബിന്റെ തക്സാ, സാധാരണ കാണുന്നില്ല. ഒരു കൈയെഴുത്തുപ്രതിയിൽ മാത്രമേ ഇതുവരെ അതു കണ്ടിട്ടുള്ളു.

ഗിഇസിലായിരുന്നു കുർബാന പതിവെങ്കിലും ഇവിടത്തെ ചക്രവർത്തിയുടെ ഉത്സാഹഫലമായി അത് അമ്ഹാരിക്കിലാക്കിയിട്ടുണ്ട്. എന്നാലും ഇന്നും കുർബാന മദ്ബഹായിൽ നടക്കുമ്പോൾ അത്മായക്കാർ അതു കാണുകയോ കേൾക്കുകയോ ചെയ്യാതെ തങ്ങളുടെ സ്വന്തം പ്രാർത്ഥനകളിൽ ജാഗരൂഗരാകുന്നതായിട്ടാണ് കാണുന്നത്. അവർക്കും മദ്ബഹായ്ക്കും ഇടയിൽ രണ്ടോ മൂന്നോ ചുമരുകൾ കാണും. കുർബാന അനുഭവിക്കുന്നവരുടെ സംഖ്യ വളരെ കുറവാണ്.

മാമ്മോദീസാ ആൺകുഞ്ഞുങ്ങൾക്ക് ജനിച്ച് 40-ാം ദിവസവും പെൺകുഞ്ഞുങ്ങൾക്ക് 80-ാം ദിവസവും നൽകുന്നു. ഇതു കൂടാതെ ദെനഹാപ്പെരുന്നാളിൽ എല്ലാക്കൊല്ലവും എല്ലാവരെയും വീണ്ടും "മാമോദീസാ മുക്കുന്നതിനെ" ഒരു കൂദാശയായി പരിഗണിക്കുന്നില്ലെങ്കിലും ആരും ഇതു മുടക്കാറില്ല. എല്ലാവരും എട്ടാം ദിവസം ചേലാകർമ്മമനുഷ്ഠിക്കുന്നു. പക്ഷേ ഇതിനും കൂദാശയുടെ സ്ഥാനമില്ല.

### നോമ്പുകൾ

ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പു നോൽക്കുന്നവരാണധികവും. മറ്റു നോമ്പുകളെല്ലാം കൂടെ 9 മാസത്തോളം വരും. എല്ലാം നോൽക്കുന്നവർ ചില സന്യാസാശ്രമങ്ങളിൽ മാത്രമേ കാണുകയുള്ളു.

ഉയിർപ്പിനു മുമ്പുള്ള 56 ദിവസവും, ആഗസ്റ്റ് മാസത്തിലെ കന്യക മറിയാമിന്റെ 15 ദിവസത്തെ നോമ്പും അധികമാരും ഉപേക്ഷിക്കാറില്ല. ജനനപ്പെരുന്നാളിന്റെ നോമ്പ് 40 ദിവസമാണ്. മൂന്നു നോമ്പ്, അപ്പോസ്തോലന്മാരുടെ നോമ്പ് (15 ദിവസം) എന്നിവയ്ക്ക് പുറമേ 'കൂസ്കാം നോമ്പ്' എന്നു പറഞ്ഞ് 40 ദിവസത്തെ നോമ്പു കൂടെയുണ്ട്.

### സഭാഭരണഘടന

1947 വരെ സഭയുടെ ഭരണമേധാവി, അലക്സന്ത്രിയാ പാത്രിയർക്കീസിനാൽ നിയമിക്കപ്പെടുന്ന, ഈജിപ്തുകാരനായ 'ലീക്കപ്പാപ്പസാത്ത്' (ആർച്ച് ബിഷപ്പ്) ആയിരുന്നു. ഇപ്പോഴത്തെ ചക്രവർത്തിയുടെ ശ്രമഫല

മായി ഈ സഭയ്ക്കു പരിപൂർണ്ണ സ്വാതന്ത്ര്യം കൈവന്നുകൊണ്ടിരിക്കയാണ്. ഈ ആർച്ച് ബിഷപ്പിനെ 'ആബുന' എന്നാണ് വിളിക്കുന്നത്. ഈജിപ്തുകാരനാണെങ്കിലും മറ്റു മെത്രാന്മാരെ വാഴിക്കുന്നതിന് അധികാരമുണ്ടായിരുന്നില്ല. 1925-ൽ ആബുന മത്തേവോസ് മരിച്ചപ്പോൾ, അങ്ങനെ അധികാരമുള്ള ഒരു ആബുനയെ വാഴിച്ചു കിട്ടണമെന്ന് എത്യോപ്യൻ സഭ ആവശ്യപ്പെട്ടിട്ട് പാത്രിയർക്കീസ് സമ്മതിച്ചില്ല. എന്നാൽ, പുതിയ ആബുന കൂറിലോസിനെ വാഴിക്കുന്നതോടൊപ്പം തന്നെ നാല് എത്യോപ്യൻ മെത്രാന്മാരെക്കൂടെ വാഴിക്കുവാൻ അദ്ദേഹം സന്നദ്ധനായി. അതു കഴിഞ്ഞ് പാത്രിയർക്കീസ് എത്യോപ്യാ സന്ദർശിച്ച അവസരത്തിൽ അഞ്ചാമതൊരു എത്യോപ്യൻ മെത്രാനെ കൂടെ വാഴിക്കുകയുണ്ടായി. എന്നാൽ ഈ ആബുനയ്ക്കും മറ്റു മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരം നൽകപ്പെട്ടില്ല. പിന്നീട് നാല് എത്യോപ്യൻ മെത്രാന്മാരെ കൂടി അലക്സന്ത്രിയാ പാത്രിയർക്കീസ് വാഴിക്കുകയും അങ്ങനെ ഇപ്പോഴത്തെ ഒൻപത് മെത്രാന്മാരുണ്ടാകുകയും ചെയ്തു.

സഭയ്ക്ക് കുറെക്കൂടെ സ്വതന്ത്രമായ ഒരു നിലപാടുണ്ടാകണമെന്ന എത്യോപ്യൻ ചക്രവർത്തിയുടെ ആഗ്രഹം മൂലമായി പുതിയ ചില തീരുമാനങ്ങൾ ഈ അടുത്ത ഇടയ്ക്ക് ഉണ്ടായിട്ടുണ്ടെങ്കിലും വിശദവിവരങ്ങൾ ഈ ലേഖകന് നിശ്ചയമില്ല. ഇപ്പോഴത്തെ ആബുന എത്യോപ്യാക്കാരനായ മാർ ബാസേലിയോസാണ്.

## സന്യാസാശ്രമങ്ങൾ

ക്രിസ്താബ്ദത്തിന്റെ അഞ്ചാം ശതാബ്ദം മുതൽ എത്യോപ്യയിലെ ആശ്രമജീവിതം അനുസ്യൂതമായി വളർന്ന് ഇന്ന് വാർദ്ധക്യാവസ്ഥയെ പ്രാപിച്ചിരിക്കയാണ്. ഉത്തര എത്യോപ്യയിലായിരുന്നു ആദ്യം ആശ്രമങ്ങളുണ്ടായത്. എന്നാൽ ഇന്നത്തെ ഏറ്റവും പ്രധാന ആശ്രമം ആഡിസ് അബാബായ്ക്കടുത്തുള്ള ഡെബ്രലിബാനോസാണ്. 13-ാം ശതാബ്ദത്തിലെ എത്യോപ്യൻ മഹാപരിശുദ്ധനായ തക്ലഹയ്മനോത്തായിരുന്നു സ്ഥാപകൻ.

ഞങ്ങളൊരിക്കൽ ഹെയ്‌ലി സലാസ്സി സെക്കണ്ടറി വിദ്യാലയത്തിലെ കുറെ വിദ്യാർത്ഥികളുമൊരുമിച്ച് ഈ ആശ്രമം കാണുന്നതിന് ഒരു ലോറിയിൽ യാത്ര പുറപ്പെട്ടു. ആഡിസബാബായിൽ നിന്നും എഴുപതു മൈൽ വടക്കാണീ ദയറാ. അവിടെ കടന്നുപറ്റുവാൻ ഔദ്യോഗികാനുവാദം കൂടാതെ സാദ്ധ്യമല്ലെന്ന് കേട്ടിരുന്നതുകൊണ്ട് ആഡിസബാബായിലെ വൈദികസെമിനാരിയിൽ നിന്നും ഒരു പുരോഹിത സ്നേഹിതനെയും കൊണ്ടാണ് ഞങ്ങൾ പോയത്. ഔദ്യോഗികമാകാൻ വേണ്ടി അദ്ദേഹം കറുപ്പുളോഹയും ധരിച്ച് ലോറിയിൽ കയറി.

എന്നാൽ എല്ലാ എത്യോപ്യൻ പള്ളികളിലും സൗഹാർദ്ദവും സ്നേഹപൂർവ്വമായ പെരുമാറ്റം മാത്രം അനുഭവിച്ചിട്ടുള്ള എനിക്ക് അത്യത്ഭുതമുളവാക്കത്തക്കവിധമായിരുന്നു ഈ സന്യാസാശ്രമത്തിൽ നിന്നും ഞങ്ങൾക്ക് ലഭിച്ച സ്വീകരണം. ഉലക്കപോലെയുള്ള ഒരു വടിയുംകൊണ്ട് ഞങ്ങളെ സ്വീകരിപ്പാൻ വന്ന ദ്വാരപാലകനിൽ നിന്നും ഞങ്ങൾ ആത്മരക്ഷാർത്ഥം പിറകോട്ടോടേണ്ടി വന്നു എന്നു പറഞ്ഞാൽ മതിയല്ലോ. നീലനദിയുടെ ഉത്ഭവസ്ഥാനങ്ങളായ ഗംഭീര പർവ്വത പ്രാന്തങ്ങളുടെ പച്ചപുതച്ച മനോഹാരിതയും ആശ്രമത്തിനു ചുറ്റുമുള്ള ഗ്രാമവാസികളുടെ സാന്ത്വന വചനങ്ങളും തൈരുസൽക്കാരവുമാണ് ഞങ്ങൾക്കൽപ്പമൊരു ആശ്വാസം ഉളവാക്കിയത്.

ബാഹ്യലോകവുമായിട്ടുള്ള സർവ്വബന്ധത്തിൽ നിന്നും വിമുക്തരായി, അനേകശതം ഏക്കർ വരുന്ന ആശ്രമനിലങ്ങളിൽ കൃഷി ചെയ്ത്, പ്രാർത്ഥനയും പഠനവുമായി കഴിഞ്ഞുകൂടി വരുന്ന ആയിരക്കണക്കിന് സന്യാസികൾ ഈ ആശ്രമത്തിലുണ്ടെങ്കിലും അവരെ നേരിട്ടു കണ്ടിട്ടുള്ള വിദേശിയർ വളരെ കുറവായതുകൊണ്ട് അവരുടെ ജീവിതചര്യയെപ്പറ്റി അധികമാർക്കും അറിഞ്ഞുകൂടാ.

ഡെബ്രഡാമോയിലുള്ള ആശ്രമവും ഇതുപോലെ ദുഷ്പ്രാപ്യമാണ്. അമ്പത് അടിയോളം ഉയരമുള്ളതും 90 ഡിഗ്രി കിഴുക്കാൻതൂക്കായിട്ടുള്ളതുമായ ഒരു പാറയുടെ മുകളിൽ ......... കാണുന്നതാണ് വാതിൽ. അതിൽ നിന്ന് ഒരാലാത്തു കയറ് താഴോട്ട് തൂങ്ങിക്കിടക്കുന്നതു കാണുന്നില്ലേ? അതിൽ പിടിച്ച് വേണം ആശ്രമത്തിൽ കയറുവാൻ. 25 അടി മുകളിലോട്ട് കയറുമ്പോൾ അൽപ്പമൊന്ന് കാൽകുത്തി വിശ്രമിക്കുവാൻ പാറയിൽ ഒരു വിടവുണ്ട്. എന്നാലും പ്രയാസമാണ് ഈ തുകൽ പിരിച്ചുണ്ടാക്കിയ കയറിൽ കൂടിയുള്ള കയറ്റം. മുകളിലുള്ള സന്യാസിമാർ നിങ്ങളെ കാണുകയും അവർക്ക് ദയവു തോന്നുകയും ചെയ്തെങ്കിൽ അവർ രണ്ടാമതൊരു കയർ താഴോട്ടിറക്കിത്തരും. അത് അരയിൽ കെട്ടിയിട്ട്, ആദ്യത്തെ കയറിൽ പിടിച്ചുകൊള്ളാമെങ്കിൽ നിങ്ങളെ വലിച്ചു കയറ്റിക്കൊള്ളും.

ഈ പാറവാതിൽ കടന്നാലും ആശ്രമത്തിലെത്തില്ല. ഏറെക്കുറെ അത്രതന്നെ കിഴുക്കാൻതൂക്കായുള്ള കുറെ ചവിട്ടുപടികളിൽകൂടി ഒരിരുന്നൂറടി കൂടെ കയറിയാൽ മലമുകളിലുള്ള ആശ്രമക്കെട്ടിടത്തിലെത്താം. 16-ാം ശതാബ്ദത്തിൽ, ടിപ്പു സുൽത്താനെപ്പോലെ ഇസ്ലാമിൽ ചേർന്നില്ലെങ്കിൽ തലകൊയ്യുവാനൊരുങ്ങിപ്പുറപ്പെട്ട അഹമ്മദ് ഗ്രാമത്തിൽ നിന്നും എത്യോപ്യൻ സഭ രക്ഷപ്പെട്ടത് ഇതുപോലുള്ള അനേകം പാറപ്പള്ളികളിലും ഗുപ്താശ്രമങ്ങളിലും വിശ്വാസികൾ അഭയം തേടിയതുകൊണ്ടത്രെ.

ഇതിന്റെ മുകളിൽത്തന്നെ കൃഷിയുണ്ട്. ദിവസവും കുറെ ചോളം പുഴുങ്ങി ഭക്ഷിക്കുകയാണ് മിക്ക സന്യാസികളുടെയും പതിവ്. ഞായറാഴ്ച മാത്രം ഒരു നേരം നല്ല ഭക്ഷണം കഴിക്കും. വിശുദ്ധ പുസ്തകങ്ങൾ വായിയ്ക്കലും പ്രാർത്ഥനയുമാണ് പ്രധാന ജോലി.

## വൈദികപരിശീലന വിദ്യാലയം

പഴയരീതിയിലുള്ള പരിശീലനം കിട്ടിയിട്ടുള്ള പുരോഹിതന്മാരെക്കൊണ്ട് സഭയ്ക്കാവശ്യമായ നേതൃത്വം നൽകുന്നതിന് സാദ്ധ്യമല്ലെന്ന് ചക്രവർത്തി തിരുമനസ്സിലേക്ക് ബോദ്ധ്യമായതുമൂലം 1942-ലാണ് ആധുനികരീതിയിലുള്ള ഒരു വൈദിക പരിശീലന വിദ്യാലയത്തിന് ആരംഭമിട്ടത്. പിന്നീട് അതിന്റെ പ്രധാന അദ്ധ്യാപകനായി ഹാഫിസ് ദാവുദ് എന്ന ഒരു ഈജിപ്ഷ്യൻ അത്മായക്കാരൻ വന്നുചേരുകയും 'ഇവാഞ്ചെലിയ്ക്കൽ' ആശയഗതിയുള്ള മറ്റു കുറെ ഈജിപ്തുകാരുടെ സഹായത്തോടുകൂടെ, ഒരു ....... സ്കൂളിന്റെ നിലവാരം വരെ ആ വിദ്യാലയത്തെ ഉയർത്തുകയും ചെയ്തു. എന്നാൽ ഈ ഈജിപ്തുകാരുടെ സേവനത്തെപ്പറ്റി ഗവണ്മെന്റിനോ എത്യോപ്യൻ സഭയ്ക്കോ വളരെ തൃപ്തിയുണ്ടായിരുന്നോ എന്ന് സംശയമാണ്.

അങ്ങനെയിരിക്കുന്ന സമയത്താണ് 1950-ൽ ബഹു. കെ. എം. സൈമൺ ശെമ്മാശൻ എത്യോപ്യയിൽ വന്നത്. സംഭാഷണചതുരനായ ശെമ്മാശന്റെ കഴിവുകളെപ്പറ്റി ചക്രവർത്തിക്കും സെമിനാരിയുടെ പ്രധാന ഉത്തരവാദിത്വം വഹിക്കുന്ന തെയോഫിലോസ് മെത്രാച്ചനും വലിയ അഭിപ്രായമുണ്ടായതിന്റെ ഫലമായി, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സഭയുടെ പുരോഗതിക്കും ഉന്നമനത്തിനും ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യണമെന്ന ആശയം ചുമതലപ്പെട്ടവർ സ്വീകരിച്ചു. ഏതാണ്ട് മൂന്നുനാല് വർഷം മുമ്പ് ശെമ്മാശൻ സെമിനാരിയുടെ ചാർജ്ജെടുത്തു. അതിനുശേഷം വലിയ ഒരു തുക - ലക്ഷക്കണക്കിനുള്ളത് - വൈദിക വിദ്യാലയത്തിനുവേണ്ടി ഗവണ്മെന്റ് അനുവദിക്കുകയും, പ്രാപ്തന്മാരായ അദ്ധ്യാപകശ്രേഷ്ഠന്മാരെ കണ്ടുപിടിച്ച് ഉയർന്ന തോതിലുള്ള ഒരു വിദ്യാലയം സംസ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ശെമ്മാശൻ ആവിഷ്ക്കരിക്കുകയും ചെയ്തെങ്കിലും പല പ്രയാസങ്ങൾ മൂലം ഇതുവരെ നടപ്പിലായിട്ടില്ലെന്നാണറിവ്. ഈ സൈമൺ ശെമ്മാശനാണ് ഹെയ്‌ലി സലാസി ചക്രവർത്തിയുടെ ആസന്നമായ കേരള സന്ദർശനം പ്രമാണിച്ചുള്ള ഏർപ്പാടുകൾക്കായി ഇവിടെ എത്തിയിട്ടുണ്ടെന്ന് പത്രങ്ങളിൽ റിപ്പോർട്ട് വന്നത്. നൂറുകണക്കിന് വിദ്യാർത്ഥികളിവിടെ പഠിക്കുന്നുണ്ടെങ്കിലും ഉയർന്ന തോതിലുള്ള പരിശീലനം നൽകുന്നതിനുള്ള അദ്ധ്യാപകരോ അതു സ്വീകരിക്കുന്നതിനുള്ള വിദ്യാർത്ഥികളോ അവിടെ വളരെ കുറവാണ്.

ചെറിയ കിഴക്കൻ സഭയുടെയിടയിൽ പണവും ആളും എത്യോപ്യൻ സഭയ്ക്കാണ് കൂടുതൽ. വിദ്യാഭ്യാസവും കഴിവുകളും മലയാളത്തുള്ള സഭയ്ക്കും. രണ്ടു കൂട്ടരും കുറെ സഹകരിച്ച് മുമ്പോട്ട് പോകുന്നത് എല്ലാവർക്കും നല്ലതായിരിക്കുകയില്ലേ?

*(ചർച്ച് വീക്കിലി, ഒക്ടോബർ 7, 14, 1956)*



# 5

# ബൈസന്റീൻ ആകമാന സുന്നഹദോസ്

ഇക്കഴിഞ്ഞ നവംബർ 29-ാം തീയതി ജനീവയിലെ ഷാംബേസി ഓർത്തഡോക്സ് കേന്ദ്രത്തിൽ വച്ചു നടന്ന കാര്യാലോചനായോഗം ബൈസന്റീൻ സഭകളുടെ ആകമാന സുന്നഹദോസിന്റെ അജണ്ടാ രൂപ വൽക്കരിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു.

ഓർത്തഡോക്സ് സഭകൾ രണ്ടു കുടുംബമായിട്ടാണ് നിലകൊള്ളുന്നത്. അഞ്ചാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിലുണ്ടായ ചില ഭിന്നതകളുടെ ഫലമായി ഗ്രീക്ക്, ലത്തീൻ സഭകൾ ഒരു വശത്തും ഈഗുപ്തായ, സുറിയാനി പാരമ്പര്യമുള്ള സഭകൾ മറുവശത്തുമായി ഓർത്തഡോക്സ് സഭകൾ രണ്ടായി പിരിഞ്ഞു.

ഗ്രീക്കു സഭകൾ കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസിന്റെ നേതൃത്വത്തിലുള്ളവരും, കുസ്തന്തീനോപ്പോലീസിലെ (ഈസ്റ്റാംബൂളിലെ) ഗ്രീക്കു സഭയുമായി വി. കുർബാനയിൽ ബന്ധമുള്ളവരുമാണ്. 13 രാജ്യങ്ങളിൽ നിന്നായി 30 ഓർത്തഡോക്സ് ബിഷപ്പുമാർ ജനീവാ സമ്മേളനത്തിൽ പങ്കെടുത്തത്, ഈ ഗ്രീക്ക് ഓർത്തഡോക്സ് സഭകളുടെ ആകമാന സുന്നഹദോസിന്റെ അജണ്ടാ രൂപവത്ക്കരിക്കുന്നതിനാണ്.

ഈ സുന്നഹദോസിൽ പുരാതന പൗരസ്ത്യസഭകൾ പങ്കെടുക്കുന്നില്ല. ഈഗുപ്തായ സഭ, സുറിയാനിസഭ, അർമ്മീനിയൻ സഭ, എത്യോപ്യൻ സഭ, ഇന്ത്യൻ സഭ എന്നിങ്ങനെ അഞ്ചാണ് അംഗീകൃത പുരാതന പൗരസ്ത്യ സഭകൾ. ഈ സഭകൾ അഞ്ചും ഗ്രീക്കുകാരുടെ ആകമാന സുന്നഹദോസിൽ പങ്കെടുക്കുന്നില്ല.

പുരാതന പൗരസ്ത്യ സഭകൾ മൂന്ന് ആകമാന സുന്നഹദോസുകളെ മാത്രമേ അംഗീകരിക്കുന്നുള്ളു. അതായത് നിഖ്യാ (325 എ. ഡി.), കുസ്തന്തീനോപോലീസ് (381 എ.ഡി.), എഫേസൂസ് (431 എ.ഡി.); ഗ്രീക്കു സഭകളാകട്ടെ ഏഴ് ആകമാന സുന്നഹദോസുകളെ അംഗീകരിക്കുന്നവരാണ്. അതായത് മേൽപ്പറഞ്ഞ മൂന്നിന് പുറമേ - കൽക്കിദോൻ (451), രണ്ടാം കുസ്തന്തീനോപ്പോലീസ് (553 എ.ഡി.), മൂന്നാം കുസ്തന്തീനോപ്പോലീസ് (68-810 എ.ഡി.) രണ്ടാം നിഖ്യാ (787 എ.ഡി.).

റോമൻ കത്തോലിക്കാ സഭയാണെങ്കിൽ ഈ ഏഴിനും പുറമേ മറ്റ് 14 ആകമാന സുന്നഹദോസുകളും കൂടി അംഗീകരിക്കുന്നുണ്ട്. അങ്ങനെ 21-ാമത്തേതായിരുന്നു 1962 മുതൽ 65 വരെ നടത്തപ്പെട്ട രണ്ടാം വത്തിക്കാൻ സുന്നഹദോസ്.

ഏഴു സുന്നഹദോസുകളെ അംഗീകരിക്കുന്ന ഓർത്തഡോക്സ് സഭകളെയാണ് ബൈസന്റീൻ സഭകളെന്ന് വിവക്ഷിക്കുന്നത്. ഇവരുടെ ആകമാന സുന്നഹദോസിന്റെ അജണ്ടായാണ് ജനീവയിൽ ചർച്ച ചെയ്യപ്പെട്ടത്. ആക്കൂട്ടത്തിൽ അലക്സാന്ത്രിയായിലെയും അന്ത്യോഖ്യായിലെയും കുസ്തന്തീനോപ്പോലീസിലെയും യരുശലേമിലെയും ഗ്രീക്കു സഭകളെക്കൂടാതെ, റഷ്യാ, റൂമേനിയ, ബുൾഗേറിയ, യുഗോസ്ലാവിയ, ഗ്രീസ്, കുപ്രോസ്, പോളണ്ട്, ചെക്കോസ്ലോവാക്കിയ, ഫിൻലണ്ട്, ജോർജിയ എന്നീ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകളും പെടുന്നു.

അവരുടെ സുന്നഹദോസ് അജണ്ടയിൽ പത്തു വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

1. ചിതറിപ്പാർക്കുന്ന ഓർത്തഡോക്സുകാർ.
2. ഓർത്തഡോക്സ് സഭകളുടെ പൂർണ്ണ സ്വാതന്ത്ര്യം.
3. ഓർത്തഡോക്സ് സഭകളുടെ ഉൾഭരണ സ്വാതന്ത്ര്യം.
4. സഭകളുടെ സ്ഥാനക്രമം.
5. പുതിയ സഭാ പഞ്ചാംഗം.
6. വിവാഹ നിയമങ്ങൾ.
7. ഉപവാസ നിയമങ്ങൾ.
8. മറ്റു ക്രൈസ്തവരുമായുള്ള ബന്ധങ്ങൾ.
9. എക്യുമെനിക്കൽ പ്രസ്ഥാനവും ഓർത്തഡോക്സ് സഭകളും.
10. മനുഷ്യവർഗ്ഗത്തിന്റെ സ്വാതന്ത്ര്യം, സാഹോദര്യം, സമാധാനം, സമത്വം മുതലായവയെപ്പറ്റിയുള്ള ഓർത്തഡോക്സ് ചിന്താഗതി.

# 6

# ക്രിസ്മസ് ശാന്തിയുടെ ഉത്സവം

ക്രിസ്തു ജനിച്ചത് ഡിസംബർ 25-ാം തീയതി ആണെന്നു തോന്നുന്നില്ല. ക്രിസ്ത്വബ്ദം ഒന്നാമാണ്ടിലുമല്ല.

ഡിസംബർ 25-ാം തീയതി ക്രിസ്തുവിന്റെ ജനനദിവസമായി ആഘോഷിക്കാൻ തുടങ്ങിയതു റോമിലാണ്. നാലാം ശതകത്തിന്റെ ആദ്യം.

274-ാമാണ്ട് ഡിസംബർ 25-ാം തീയതി ഓറേലിയൻ എന്ന റോമാ ചക്രവർത്തി, സൂര്യദേവന്റെ പെരുന്നാളായി പ്രഖ്യാപിച്ചു. റോമാ സാമ്രാജ്യത്തിന്റെ സംരക്ഷകദേവനായി സൂര്യഭഗവാനെ വിളംബരം ചെയ്തു.

പിന്നീട് കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്ത്, സാമ്രാജ്യം ക്രിസ്തുവിനെ അംഗീകരിക്കാൻ തുടങ്ങിയപ്പോഴായിരിക്കണം സൂര്യഭഗവാന്റെ പെരുന്നാൾ ക്രിസ്തുവിന്റെ പെരുന്നാളായിത്തീർന്നത്.

അന്ത്യോഖ്യയിലും കുസ്തന്തീനോപോലീസിലും ഡിസംബർ 25-ാം തീയതി ആഘോഷിക്കാൻ തുടങ്ങിയ ആണ്ട് ഏറെക്കുറെ കൃത്യമായി നമുക്കറിയാം. 376-ാമാണ്ടിനുശേഷം സ്വർണ്ണനാവുകാരൻ ഈവാനിയോസ് എന്ന പ്രശസ്ത പിതാവ് 386-ൽ ചെയ്ത ഒരു ക്രിസ്മസ് പ്രസംഗത്തിൽ, ഈ പെരുന്നാൾ ആഘോഷിക്കാൻ തുടങ്ങിയിട്ട് പത്തു വർഷമേ ആയുള്ളു എന്നു പറയുന്നുണ്ട്.

ഇന്നും എല്ലാ ക്രിസ്ത്യാനികളും ഡിസംബർ 25-ാം തീയതി അല്ല ക്രിസ്മസ് ആഘോഷിക്കുന്നത്. പാശ്ചാത്യ ക്രിസ്ത്യാനികളും ഗ്രീസിലും ഇന്ത്യയിലും ഉള്ള ഓർത്തഡോക്സുകാരും ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്നു. റഷ്യയിലും റോമേനിയയിലും എത്യോപ്യയിലും ഒക്കെ ജനുവരി 7-ാം തീയതിയാണ് ക്രിസ്മസ്. അർമ്മേനിയാക്കാർക്ക് ജനുവരി 19-ാം തീയതിയും.

ഇവിടെ കേരളത്തിലും ഈ അടുത്തകാലം വരെ ഓർത്തഡോക്സ് ക്രിസ്ത്യാനികൾ ജനുവരി 7-ാം തീയതി ആണ് ആഘോഷിച്ചിരുന്നത്. ഗവണ്മെന്റിൽ നിന്ന് ക്രിസ്ത്യാനികൾ യോജിച്ചാവശ്യപ്പെട്ടാൽ രണ്ടു പൊതു ഒഴിവുദിവസങ്ങൾ നൽകാമെന്ന് (അതായത് ക്രിസ്തുമസും ദുഃഖവെള്ളിയാഴ്ചയും) പറഞ്ഞതിന്റെ പശ്ചാത്തലത്തിലാണെന്ന് തോന്നുന്നു ഓർത്തഡോക്സുകാർ ഡിസംബർ 25-ാം തീയതിയെ അംഗീകരിച്ചത്.

## വിപണനം പ്രധാനം

ക്രിസ്മസ് എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ മാസ്സ് (കുർബാന) എന്നാണർത്ഥം. പക്ഷേ ഇന്ന് പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്മസ് ദൈവാരാധനയ്ക്കുള്ള ദിവസമെന്നതിനേക്കാൾ ഒരു സാമൂഹ്യ ഉത്സവമെന്നുള്ള രീതിയാണുള്ളത്. പാശ്ചാത്യരാജ്യങ്ങളിൽ ഏറ്റവും പ്രധാനമായ ഉത്സവമാണിത്. എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും സമ്മാനം കൊടുക്കും. അച്ഛൻ മക്കൾക്കും മക്കൾ അമ്മയ്ക്കും ഒക്കെ നിരത്തിപ്പിടിച്ചു സമ്മാനം കൊടുക്കലാണ്. എല്ലാ വീട്ടിലും ഒരു ക്രിസ്മസ് മരം കാണും. അതിന്റെ ചുവട്ടിലാണ് സമ്മാനങ്ങൾ തലേരാത്രിയിൽ നിക്ഷിപ്തങ്ങളാകുന്നത്.

ഇതുകൊണ്ടാർക്കു പ്രയോജനം? കച്ചവടക്കാർക്ക്. ക്രിസ്മസിന് ഒരു മാസമെങ്കിലും മുമ്പേ ആരംഭിച്ചിരിക്കും ക്രിസ്മസ് ഷോപ്പിംഗ്. പട്ടണങ്ങളുടെ നടുക്ക് കടകളുള്ള ഭാഗം നല്ലതുപോലെ അലങ്കരിച്ചിരിക്കും. ആളുകളെക്കൊണ്ട് പണം ചെലവാക്കിക്കാനുള്ള സകല സൂത്രങ്ങളും ഉപാധികളും കടക്കാരും കമ്പനിക്കാരും ഉപയോഗിക്കും. അങ്ങനെ ക്രിസ്മസ് ഒരു കമ്പോളപ്പെരുന്നാളായിട്ടാണ് ഇന്നു തീർന്നിരിക്കുന്നത്. വിപണികൾ വികസിച്ചെങ്കിലല്ലേ മുതലാളിത്തവ്യവസ്ഥിതി നിലനിൽക്കുകയുള്ളു. അതിനുവേണ്ടി മാത്രമാണ് ഇന്നു ക്രിസ്മസ് ആഘോഷങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ അധികവും ഉപകരിക്കുന്നത്.

ക്രിസ്മസിനു സമ്മാനവിതരണം നടക്കുന്നതിനും ക്രിസ്മസ് അപ്പച്ചനായ സാന്റാക്ലോസിന്റെ വരവിനും ഒക്കെ ഒരു ചരിത്രമുണ്ട്. സാന്റാക്ലോസ് സെന്റ് നിക്കോലാവോസാണ്. അദ്ദേഹം നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു. അമേരിക്കക്കാരാണ് വിശുദ്ധ നിക്കോലാവോസിനെ സാന്റാക്ലോസാക്കി കമ്പോളം വികസിപ്പിക്കാൻ ഉപയോഗിച്ചു തുടങ്ങിയത്.

വിശുദ്ധ നിക്കോലാവോസ് പാശ്ചാത്യസഭയിൽ കുട്ടികളുടെ രക്ഷകപുണ്യവാളനാണ്. പാവപ്പെട്ട കുട്ടികൾക്കൊക്കെ ഒളിവായിട്ട് സമ്മാനങ്ങൾ കൊണ്ടുപോയി കൊടുക്കുമായിരുന്നു എന്ന് അദ്ദേഹത്തെപ്പറ്റി കഥയുണ്ട്. ഇന്നദ്ദേഹം സമ്മാനദാനത്തിന്റെ പുണ്യവാളനായി കച്ചവടക്കാർക്കും കമ്പനിക്കാർക്കും ലാഭമുണ്ടാക്കിക്കൊണ്ട് വിരാജിക്കുന്നു.

## ക്രിസ്മസ് ട്രീ

ക്രിസ്മസ് ട്രീ ജർമ്മനിയിലാണാരംഭിച്ചത്. 17-ാം ശതകത്തിലേ തുടങ്ങിയുള്ളു. ഇന്നത് യൂറോപ്പിലും അമേരിക്കയിലും ഒക്കെ ക്രിസ്മസ്സിന്റെ അവശ്യഘടകമായിത്തീർന്നിരിക്കുകയാണ്.

ക്രിസ്മസ് സമാധാനത്തിന്റേയും ശാന്തിയുടേയും ഉത്സവദിവസമാണിന്ന്. യുദ്ധങ്ങൾ പോലും അന്നൊരു ദിവസത്തേക്കു നിർത്തിവയ്ക്കുക പതിവാണ്.

ഇന്ന് അതെങ്ങനെയാണ് ഒരു സൃഷ്ടിപരമായ ആദ്ധ്യാത്മിക ഉത്സവമാക്കിത്തീർക്കുന്നത്?

മൂന്നു കാര്യങ്ങൾ ചെയ്യാം. ഒന്നാമത് വഴക്കുകളെല്ലാം തീർക്കുവാനുള്ള ഒരു ദിവസമായെടുക്കാം. നമുക്കാരോടെങ്കിലും വഴക്കുണ്ടെങ്കിൽ അല്ലെങ്കിൽ ആർക്കെങ്കിലും നമ്മോടു വഴക്കുണ്ടെങ്കിൽ ഡിസംബർ 25–ാം തീയതിക്കു മുമ്പ് അതെങ്ങനെയെങ്കിലും പറഞ്ഞുതീർക്കാൻ ഒരവസരമായി ഉപയോഗിക്കുക.

രണ്ടാമത്, ബേത്‌ലഹേമിൽ ജനിച്ച ക്രിസ്തു നമ്മുടെ ജീവിതങ്ങളിലും ജനിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. അതായത്, എന്റെ സ്വാർത്ഥതയെല്ലാം മാറിയിട്ട് പരമകാരുണികനായ ഈശ്വരൻ എന്റെ ഹൃദയത്തിൽ ഉദ്ഭൂതനായി, എന്റെ ജീവിതത്തെ നയിക്കണമേ എന്ന് ആത്മാർത്ഥമായും ഏകാഗ്രതയോടെയും പ്രാർത്ഥിക്കുക. അഹംഭാവവും സ്വാർത്ഥതയും ഹൃദയത്തിൽനിന്ന് മാറിയിട്ട് സ്നേഹവും അനുഭാവവും സഹതാപവും അനുകമ്പയും വിശുദ്ധിയും താഴ്മയും ഹൃദയത്തിൽ അങ്കുരിക്കുവാൻ വേണ്ടി ധ്യാനനിരതരായി കാത്തിരിക്കുകയെന്നതാണത്.

മൂന്നാമത്, പാവപ്പെട്ടവൻ ഈശ്വരനെ പ്രശംസിക്കത്തക്കവിധം പ്രവർത്തിക്കുക. പ്രയാസപ്പെടുന്നവർക്ക് കൈ അയച്ചു ഒരു സഹായം ചെയ്യുക. ദരിദ്രനും പ്രയാസമനുഭവിക്കുന്നവനും സന്തോഷമുണ്ടാക്കുന്ന പ്രവൃത്തികൾ ചെയ്യുക.

ശാന്തിയും സ്നേഹവും വായനക്കാരുടെ ഹൃദയങ്ങളിൽ വസിക്കുവാൻ ഈശ്വരൻ കനിയട്ടെ.

*(മലയാള മനോരമ സണ്ടേ സപ്ലിമെന്റ്, 1976 ഡിസംബർ 25)*

# 7

# ഇന്നത്തെ ചിന്താവിഷയത്തിന് ഒരു ആശംസ

സാധാരണജനങ്ങൾക്കു മനസ്സിലാവുന്ന രീതിയിൽ സർവസമ്മതങ്ങളായ ധാർമികമൂല്യങ്ങളെ നല്ല ഉദാഹരണങ്ങളോടെ എടുത്തുകാട്ടുവാൻ ശ്രീ. ചാണ്ടിക്കുള്ള കഴിവ് അസാമാന്യം തന്നെ. ധാർമികമൂല്യങ്ങൾ തമ്മിലുള്ള പരസ്പര സംഘർഷത്തിലേക്കോ കുഴഞ്ഞ ധാർമിക പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങളിലേക്കോ കടന്നുചെല്ലാതെ, ഇന്നത്തെ പാശ്ചാത്യ ചിന്തയിലും പാശ്ചാത്യ മനഃശാസ്ത്രത്തിലുമുള്ള തത്ത്വങ്ങളാണ് ശ്രീ. ചാണ്ടി പലപ്പോഴും സമർത്ഥമായി അവതരിപ്പിക്കുന്നത്. വ്യക്തിയിൽ അധിഷ്ഠിതമായ ധാർമികതയ്ക്കാണ് അദ്ദേഹം പ്രാധാന്യം കല്പിക്കുന്നത്. ധർമധീരന്മാരായി അദ്ദേഹം അവതരിപ്പിക്കുന്നവരുടെ ഒരു വലിയ ഭാഗം പാശ്ചാത്യർ തന്നെ.

എല്ലാക്കാര്യങ്ങളിലും ഈശ്വരവിശ്വാസത്തെയും ഈശ്വരന്റെ സ്നേഹത്തെയും അദ്ദേഹം തറപ്പിച്ചു പറയുന്നുവെന്നുള്ളതു വളരെ അഭിനന്ദനീയമാണ്. കുരിശിന്റെ പാതയിൽ ചരിക്കുന്നയാളാണദ്ദേഹം. പ്രാർത്ഥനാനിരതനാണ്. ഇതെല്ലാം തന്റെ എഴുത്തുകളിലും വളരെയധികം പ്രതിഫലിക്കുന്നുണ്ട്. ദൈവം നമ്മെ കൈവിടുകയില്ല. ദൈവത്തിൽ ആശ്രയിക്കുന്നതാണ് സകല ആകുലവും ദൂരീകരിക്കാനുള്ള മാർഗ്ഗം. മനുഷ്യനെ അലട്ടുന്ന സാമൂഹ്യപ്രശ്നങ്ങൾ പോലും ദൈവത്തിന്റെ കൈയിൽ ഏല്പിക്കാമെങ്കിൽ സമാധാനത്തോടെ കിടന്നുറങ്ങാം എന്നാണദ്ദേഹത്തിന്റെ മനോഭാവമെന്നു തോന്നുന്നു.

ഈ പുസ്തകം പാരായണം ചെയ്യുന്നവർക്കു തങ്ങളുടെ വ്യക്തി ജീവിതത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ പലപ്പോഴും പുതിയ വെളിച്ചം കിട്ടാൻ സഹായിക്കുമെന്നതിനു സംശയമൊന്നുമില്ല. ഭക്തജനങ്ങൾക്ക് പ്രചോദനവും പ്രദീപനവും നല്കുന്ന ഉൾക്കാഴ്ചകളാണ് ഇതിലുള്ളത്.

വ്യക്തിയുടെ ധാർമികതാബോധവും ഈശ്വരഭക്തിയും തമ്മിൽ അടുത്ത ബന്ധമാണുള്ളതെന്ന് ഈ ധ്യാനമാല കാണിക്കുന്നു. സാമൂഹ്യധാർമികതയെക്കൂടെ ഈ മാലയിൽ കൂട്ടിച്ചേർക്കാനൊത്തെങ്കിലേ ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ വലിയ പങ്കിനെ

വേണ്ടുംവിധം നേരിടാൻ നമുക്കു സാധിക്കൂ. സമൂഹത്തിലെ ഉച്ചനീച ത്വങ്ങളെയും അനീതിയെയുംപറ്റി പരാമർശിക്കാത്ത ഒരു ധാർമികത ആ അനീതി കൊണ്ടു പ്രയോജനം സിദ്ധിക്കുന്നവർക്കുതകുമായിരിക്കും. പക്ഷേ മനുഷ്യരാശി ഇന്നു ദാഹിക്കുന്നത് ഈശ്വരഭക്തിയെയും ധാർമ്മി കബോധമുള്ള സുശിക്ഷിത വ്യക്തിജീവിതത്തെയും സാമൂഹ്യനീതി യെയും കഷ്ടപ്പെടുന്ന മനുഷ്യനോടുള്ള സഹതാപത്തെയും ഒരുമിച്ചു കരുപ്പിടിക്കുന്ന ഒരു ചിന്താരീതിക്കാണെന്നു തോന്നുന്നു.

ശ്രീ. ചാണ്ടിയുടെ ഭാവി ലേഖനങ്ങളിലും ഈ സാമൂഹ്യനീതിയെയും സഹോദരസഹതാപത്തെയും ഉൾക്കൊള്ളുന്ന ഒരു ധാർമികതയ്ക്കുള്ള പ്രചോദനം അദ്ദേഹം നൽകുമെന്ന പ്രത്യാശയിൽ, ഇപ്പോൾ പ്രസിദ്ധീ കരിക്കുന്ന ഈ ധ്യാനമാലയ്ക്കു സർവ ഭാവുകങ്ങളും ആശംസിക്കുന്നു.

*(മലയാള മനോരമ സണ്ടേസപ്ലിമെന്റിൽ ടി. ചാണ്ടി എഴുതിവന്നിരുന്ന 'ഇന്നത്തെ ചിന്താവിഷയം' എന്ന പംക്തിയിലെ ലേഖനങ്ങളുടെ സമാ ഹാരത്തിന്റെ ഒരു പതിപ്പിൽ അനുബന്ധമായി കൊടുത്തിരിക്കുന്ന ആശംസാ സന്ദേശം. പിന്നീടുള്ള പതിപ്പുകളിൽ ഇത് ഒഴിവാക്കിയിരി ക്കുന്നു.)*



# 8

# ആ മറഞ്ഞുപോയ പുഞ്ചിരി

## 33 നാൾ തിരുസഭ ഭരിച്ച ജോൺ പോൾ മാർപാപ്പാ ഒരനുസ്മരണം

"അദ്ദേഹത്തിന്റെ ഒരു പുഞ്ചിരി കാണുമ്പോൾ എന്റെ ജീവിത പ്രശ്ന ങ്ങളുടെ പകുതി മാറിപ്പോകുന്ന പ്രതീതിയാണെനിക്കുള്ളത്."

33 ദിവസം മാത്രം കത്തോലിക്കാ സഭയുടെ അധിപനായിരുന്നു സെപ്റ്റംബർ 28-ന് രാത്രി 11 മണിക്ക് സുഖനിദ്രയുടെ ശാന്തതയിൽ ഈ ലോകത്തോട് വിട വാങ്ങിപ്പോയ ജോൺ പോൾ മാർപാപ്പായുടെ സ്ഥാനാ രോഹണത്തിന്റെ പിറ്റേദിവസം റോമിലെ വത്തിക്കാൻ റേഡിയോ അദ്ദേ ഹത്തെപ്പറ്റിയുള്ള എന്റെ അഭിപ്രായം ചോദിച്ചപ്പോൾ ഞാൻ പറഞ്ഞ വാചകമാണിത്.

ഹൃദയാവർജ്ജകവും സ്നേഹനിർഭരവുമായ ആ പുഞ്ചിരി ലോക രംഗത്തും സഭാമണ്ഡലത്തിലും സമാധാനം പകർത്തുവാൻ സമർത്ഥ മാണെന്ന് ഞാൻ ചിന്തിച്ചു. പക്ഷേ, ദൈവത്തിന്റെ ഇഷ്ടം അങ്ങിനെയല്ലാ യിരുന്നു. എന്തു ചെയ്യട്ടെ! ദൈവം നല്ലതേ ചെയ്കയുള്ളു എന്ന വിശ്വാ സത്തിലും പ്രത്യാശയിലും നമുക്കാശ്വസിക്കാം.

ഞാൻ ആ പരിശുദ്ധ പിതാവിനെ ആദ്യം കണ്ടത് സെപ്റ്റംബർ 3-ന് അദ്ദേഹത്തിന്റെ സ്ഥാനാരോഹണവേളയിലായിരുന്നു.

കോൺസ്റ്റാന്റിനോപ്പിൾ, റഷ്യാ, റുമേനിയാ, ബൾഗേറിയാ, അമേരിക്കാ, ഈജിപ്റ്റ്, അർമേനിയ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകളിലെ മെത്രാപ്പോലീത്തന്മാരും ആംഗ്ലിക്കൻ, ലൂഥറൻ, പ്രെസ്ബി റ്റീരിയൻ, മെത്തോഡിസ്റ്റ്, ബാപ്റ്റിസ്റ്റ് എന്നിങ്ങനെയുള്ള പ്രോട്ടസ്റ്റന്റു നേതാക്കന്മാർക്കും, എഴുപതിൽപ്പരം രാഷ്ട്രങ്ങളുടെ ഔദ്യോഗിക പ്രതി നിധികളുമുൾപ്പെടെ മൂന്നു ലക്ഷത്തോളം ജനതകൾ അച്ചടക്കത്തോടും ഭക്തിനിർഭരമായും പങ്കെടുത്ത ആ ലളിതമായ സ്ഥാനാരോഹണ ശുശ്രൂഷ ഞായറാഴ്ച സന്ധ്യയ്ക്ക് 6 മണി മുതൽ ഏതാണ്ട് 8.45 വരെ നീണ്ടുനിന്നു. സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന്റെ അങ്കണത്തിൽ വെച്ചു പുതിയ മാർപാപ്പാ അണച്ച വിശുദ്ധ കുർബാനയായിരുന്നു സ്ഥാനാരോ ഹണക്രമത്തിലെ പ്രധാന ഭാഗം. അര മൈൽ ദൂരം വരെ തടിച്ചു കൂടി യിരുന്ന ജനതാമദ്ധ്യത്തിലേയ്ക്ക് 250 ശുഭ്രവസ്ത്രധാരികളായ പുരോ

ഹിതന്മാർ ബലിചഷകവുമായി ഇറങ്ങിച്ചെന്ന് കുർബാന കൊടുത്ത രംഗം എല്ലാവരുടേയും ഹൃദയത്തെ ഗ്രഥിച്ചു.

എന്നാൽ അതിലും കൂടുതലായി എല്ലാവരേയും ആകർഷിച്ചത് പ്രസംഗം പറയുമ്പോഴും കർദ്ദിനാളന്മാരുടെ അനുസരണ പ്രതിജ്ഞ സ്വീകരിക്കുമ്പോഴും മറ്റെല്ലാ സമയത്തും അദ്ദേഹത്തിന്റെ മുഖത്തു നിന്നു മാറാതെ തത്തിക്കളിച്ചുനിന്ന ആ പുഞ്ചിരിയായിരുന്നു. കത്തോലിക്കാ സഭയുടെ ഔദ്യോഗിക ഭാഷയായ ലത്തീനിലാരംഭിച്ച പ്രസംഗം റോമ്മാ നഗരത്തിലെ ജനങ്ങളെ അഭിസംബോധനം ചെയ്യുന്ന സമയത്ത് ഇറ്റാലിയൻ ഭാഷയിലോട്ടും ലോകരാഷ്ട്രങ്ങളുടെ പ്രതിനിധികളോട് സംസാരിച്ചപ്പോൾ ഫ്രെഞ്ചിലോട്ടും പ്രയാസം കൂടാതെ മാറി. ആ പുഞ്ചിരി മാത്രം മാറാതെ നിന്നു.

സെപ്റ്റംബർ അഞ്ചാം തീയതിയാണ് എനിക്കു ജോൺ പോൾ മാർപാ



**ജോൺ പോൾ ഒന്നാമൻ മാർപാപ്പായ്ക്ക് മെത്രാപ്പോലീത്താ ഒരു ചുണ്ടൻവള്ളം (അകത്ത് നാലു മെഴുകുതിരി കുത്തുവാൻ സൗകര്യമുള്ളത്) സമ്മാനിക്കുന്നു.**

പ്പായെ വ്യക്തിപരമായി കണ്ട് സംസാരിക്കാൻ സാധിച്ചത്. കേരളത്തിലുണ്ടാക്കിയ ഒരു ചുണ്ടൻവള്ളം അകത്ത് നാലു മെഴുകുതിരി കുത്തുവാൻ സൗകര്യമുള്ളത് ഞാനദ്ദേഹത്തിന് സമ്മാനിച്ചുകൊണ്ടു പറഞ്ഞു. "സഭയാകുന്ന നൗക ഒന്നേയുള്ളു. എല്ലാ ദീപങ്ങളും അതിനകത്തു പ്രകാശിക്കണം." അദ്ദേഹം സുസ്മേരവദനനായി മറുപടി പറഞ്ഞു. "നമുക്കൊരുമിച്ച് പ്രവർത്തിക്കണം. ഒരുമിച്ചു പ്രവർത്തിച്ചെങ്കിലേ സഹോദരീ സഭകൾ തമ്മിലുള്ള ഐക്യം രൂഢമൂലമാകയുള്ളു."

ഏതാണ്ട് അഞ്ചു നിമിഷം സംസാരിക്കാനേ സമയമുണ്ടായിരുന്നുള്ളു. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്ത് അപ്പോഴും കണ്ട പുഞ്ചിരി എന്നെ അൽപ്പമൊന്ന് അത്ഭുതപ്പെടുത്തി. അദ്ദേഹത്തിന്റെ ഹൃദയത്തിലെന്ന പോലെ എന്റെ ഹൃദയത്തിലും ആ സമയത്ത് കടുത്ത കദനഭാരത്തിന്റെ ശക്തിയായിരുന്നു വ്യാപരിച്ചിരുന്നത്. കാരണം എന്ത്?

തന്റെ സ്ഥാനാരോഹണം കഴിഞ്ഞ് പിറ്റേദിവസം മാർപാപ്പാ ലോകരാഷ്ട്ര നേതാക്കന്മാരെ സ്വീകരിച്ച് സംഭാഷണം നടത്തി. രണ്ടാം ദിവസം സഹോദരീ സഭകളിലെ പ്രതിനിധികളെ സ്വീകരിക്കുവാനുള്ളതാണ്.

സെപ്റ്റംബർ അഞ്ചാം തീയതി ഞങ്ങളെല്ലാവരും പേപ്പൽ ലൈബ്രറിയുടെ അടുത്തുള്ള സ്വീകരണമുറിയിൽ ഉപവിഷ്ടരായിരിക്കുകയാണ്. 8 ഓർത്തഡോക്സ് സഭകളിലെ മെത്രാപ്പോലീത്തന്മാരെ സ്വീകരിക്കുകയാണ് മാർപാപ്പാ. റഷ്യയിലെ ലെനിൻഗ്രാഡിലെ മെത്രാപ്പോലീത്തായായ നിക്കോദീം തിരുമേനിയെയാണ് ആദ്യമായി സ്വീകരിക്കുന്നത്. ഓരോരുത്തർക്ക് അഞ്ചു മിനിട്ടു മാത്രമേ സമയമുള്ളു.

നിക്കോദീം തിരുമേനി പേപ്പൽ ലൈബ്രറിയിൽ പ്രവേശിച്ചു. മാർപാപ്പാ അദ്ദേഹത്തെ ആശ്ലേഷിച്ചു സ്വീകരിച്ചു. ക്ഷേമാന്വേഷണങ്ങളും പീമൻ പാത്രിയർക്കീസിന്റെ അനുമോദനങ്ങളും ഒക്കെ അറിയിച്ചശേഷം നിക്കോദിം തിരുമേനി സോഫായിൽ ഇരുന്നു. മാർപാപ്പാ അദ്ദേഹത്തിന്റെ കസേരയിലും. അര നിമിഷം പോലും ഇരിക്കുന്നതിനു മുമ്പ് നിക്കോദിം തിരുമേനി സോഫയിൽ നിന്നും താഴെ വീണു. 49 വയസ്സുകാരനായ അദ്ദേഹത്തിന്റെ ആറാമത്തെ ഹാർട്ട് അറ്റാക്ക് ആയിരുന്നു അത്. ഉടനെ ഡോക്ടറന്മാരെ വരുത്തി പ്രഥമശുശ്രൂഷകൾ ചെയ്തെങ്കിലും ഫലമൊന്നുമുണ്ടായില്ല. മാർപാപ്പായും കർദിനാർ വില്ലിബ്രാൻഡ്സും കൂടി നിക്കോദീം തിരുമേനിയെ നിലത്ത് കിടത്തി. മാർപാപ്പാ തന്നെ അന്ത്യശുശ്രൂഷ കഴിച്ചു.

ഈ സംഭവം കഴിഞ്ഞ് പത്തുപതിനഞ്ചു മിനിട്ടു കഴിഞ്ഞാണ് ഞാൻ ജോൺ പോൾ മാർപാപ്പായെ കണ്ടത്. ഭയങ്കരമായ ദുഃഖത്തിന്റെ കാർമേഘം മനസ്സിനെ ആവരണം ചെയ്തിരുന്നപ്പോഴും ആ മുഖത്ത് പുഞ്ചിരിക്ക് വ്യത്യാസമില്ലായിരുന്നു എന്നതാണ് എന്നെ അത്ഭുതപ്പെടുത്തിയത്.

സ്ഥാനാരോഹണം കഴിഞ്ഞ് ആദ്യമായി നടത്തുന്ന സഭാപരമായ പ്രവർത്തനത്തിന്റെ ആദിയിലേ ഒരു സഹോദരീ സഭയിലെ മെത്രാപ്പോലീത്താ തന്റെ മടിയിൽക്കിടന്നെന്ന പോലെ മരിച്ചു എന്നുള്ളത് അദ്ദേഹത്തിന്റെ മനസ്സിനെ വളരെ വ്യാകുലപ്പെടുത്തിയെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

എന്റെ മനസ്സിൽ പലപ്പോഴും തോന്നാറുള്ള ഒരു കാര്യം അദ്ദേഹത്തിന്റെ ചിന്തയിലും ഉദിച്ചിരിക്കാം. മരിച്ച് ഇഹലോക തിരശ്ശീലയ്ക്കപ്പുറത്ത് ചെന്നു കഴിയുമ്പോൾ ഇവിടെയുള്ള ഭിന്നതകളും ചേരിതിരിവുകളും ഒന്നും അവിടെ വിലപ്പോവുകയില്ലല്ലോ. അക്കരെയാണ് യഥാർത്ഥ ഐക്യമുള്ളത്.

ജോൺ പോൾ മാർപാപ്പായുടെ മരണം വളരെ അത്ഭുതാവഹമെന്നു വേണം പറയുവാൻ. 28–നു രാത്രി 11 മണിക്ക് അദ്ദേഹം കാലം ചെയ്തു. പക്ഷേ, പിറ്റേദിവസം രാവിലെയേ വിവരം ആരെങ്കിലും അറിഞ്ഞുള്ളു. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി ഫാദർ ജോൺ മാഗി 29–ന് രാവിലെ 5.30–ന് പ്രൈവറ്റ് ചാപ്പലിൽ പതിവുപോലെ മാർപാപ്പായെ കാണാഞ്ഞിട്ട് അന്വേഷിച്ചു ചെന്നപ്പോഴാണ് വിവരം മനസ്സിലായത്. ഉടനെ കർദിനാളന്മാരുടെ തലവനായ വിയ്യോ തിരുമേനിയെ അറിയിച്ചു. ഡോക്ടറന്മാർ വന്ന് പരിശോധിച്ചു. തലേദിവസം രാത്രി 11 മണിക്കാണ് മരണമുണ്ടായതെന്നും ഹൃദയസ്തംഭനമാണ് കാരണമെന്നും പ്രഖ്യാപിച്ചു.

മുറിയിൽ ലൈറ്റുണ്ടായിരുന്നു. ഏതോ പുസ്തകമോ രേഖയോ വായിക്കാനൊരുങ്ങുമ്പോഴായിരുന്നിരിക്കണം മരണമുണ്ടായത്. മരിക്കുന്നതിന്റെ തലേദിവസം സെപ്റ്റംബർ 27–നു അദ്ദേഹം നല്കിയ ഒന്നാമത്തേതും അവസാനത്തേതുമായ ജനറൽ ഓഡിയൻസിൽ 20,000 പേർ പങ്കെടുത്തിരുന്നു. ഒരു പ്രാർത്ഥനയോടു കൂടിയാണ് അദ്ദേഹം തന്റെ പ്രസംഗം ആരംഭിച്ചത്. ആ പ്രാർത്ഥനയെ ഇങ്ങനെ പരിഭാഷപ്പെടുത്താം:

" എന്റെ ദൈവമേ, പൂർണ്ണഹൃദയത്തോടെ, സർവ്വത്തേക്കാളും ഉപരിയായി ഞാൻ, അവിടുത്തെ സ്നേഹിക്കുന്നു. അവിടുന്നു തന്നെ അതിരില്ലാത്ത നന്മകയും ഞങ്ങളുടെ അനന്തമായ ആഹ്ലാദവും. അവിടുത്തേയ്ക്ക് വേണ്ടി ഞാൻ എന്റെ അയൽവാസിയെയും എന്നെത്തന്നെയെന്നവണ്ണം സ്നേഹിക്കുന്നു. എന്നോട് ചെയ്തിട്ടുള്ള എല്ലാ തെറ്റുകളേയും ക്ഷമിക്കുന്നു. ഓ പരമേശ്വരാ, ഞാൻ അവിടുത്തെ കൂടുതൽ കൂടുതലായി സ്നേഹിക്കുമാറാകണേ."

യവനികയ്ക്കപ്പുറത്ത് നിന്ന് ആ പുഞ്ചിരിയും ആ പ്രാർത്ഥനയും ഇപ്പോഴും തുടരുന്നു.

*(1978 ഒക്ടോബറിൽ എഴുതിയത്)*




# ശാസ്ത്രം, ദർശനം,
# സാഹിത്യം, സമാധാനം

# 1

# മതമോ ശാസ്ത്രമോ കൂടുതൽ വിശ്വസനീയം?

ഈ അടുത്ത കാലം വരെ ശാസ്ത്രസത്യങ്ങളുടെ വിശ്വാസ്യതയെക്കുറിച്ച് ആർക്കും വലിയ സംശയമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ മതവിശ്വാസങ്ങൾ സത്യമോ എന്ന് ശാസ്ത്രത്തിന്റെ ഉരകല്ലിൽ പരിശോധിച്ച് നോക്കിയതിന് ശേഷമേ തീരുമാനിക്കാറുണ്ടായിരുന്നുള്ളു.

ശാസ്ത്രത്തിന്റെ ജ്ഞാനസമ്പാദനമാർഗ്ഗം നിശ്ചിതിയിലേക്ക് നയിക്കുന്നതാണ്; മതമാകട്ടെ അനുമാനം എന്നല്ലാതെ നിശ്ചിതിയുള്ളതല്ല എന്നൊക്കെയാണല്ലോ ഇന്നും പല മതനേതാക്കൾ പോലും ചിന്തിക്കുന്നത്. മതോപദേശങ്ങളിൽ ധാർമ്മികതയെക്കുറിച്ചുള്ളതൊക്കെ കൊള്ളാമെങ്കിൽ സ്വീകരിക്കാം; ഡോഗ്മയെക്കുറിച്ചുള്ളതാണെങ്കിൽ അതിനെപ്പറ്റി അധികം ചിന്തിക്കാതിരിക്കുന്നതാണ് നല്ലത് എന്ന ചിന്ത പ്രൊട്ടസ്റ്റന്റ് മതത്തിൽ മാത്രമല്ല; റോമൻ കത്തോലിക്കാ വേദശാസ്ത്രത്തിലും ഇന്ന് കടന്നുകൂടിയിട്ടുണ്ട്.

ഒരുവിധത്തിൽ പറഞ്ഞാൽ പാശ്ചാത്യ സംസ്ക്കാരത്തിന്റെ അടിസ്ഥാനം തന്നെ, മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് ഗോചരമാവുകയും മനുഷ്യന് നിയന്ത്രിക്കുകയും അനുഭവവുമായി ഒത്തുനോക്കി സത്യമാണെന്ന് തെളിയിക്കുകയും ചെയ്യാനൊക്കുന്ന സത്യങ്ങളെ മാത്രം വിശ്വസിക്കുകയെന്ന തത്വത്തിലാണ്. മനുഷ്യനറിയുവാൻ സാധിക്കുന്നത് സയൻസ്. മനുഷ്യന് നിയന്ത്രിക്കാൻ സാധിക്കുന്നത് ടെക്നോളജി. മനുഷ്യന്റെ കയ്യിലൊതുങ്ങാത്ത ശാസ്ത്രവും സാങ്കേതികതയും നിഷിദ്ധം. ഇങ്ങനെയാണ് ആധുനിക സംസ്ക്കാരത്തിന്റെ മനോമണ്ഡലം.

ഇന്ന് സ്ഥിതിക്കൊരു വ്യത്യാസം വന്നുകൊണ്ടിരിക്കുകയാണ്.

ഒന്നാമത്, ആധുനിക ശാസ്ത്രവും ആധുനിക സാങ്കേതികതയും കൂടി കരുപ്പിടിപ്പിച്ച ഈ പാശ്ചാത്യ സംസ്ക്കാരം മനുഷ്യ ദുരിതത്തെ ദുരീകരിക്കുന്ന മാലാഖയാണെന്ന് ഒരിക്കൽ ചിന്തിച്ചിരുന്നെങ്കിലും മനുഷ്യരാശിയെ മുഴുവൻ നശിപ്പിക്കുവാൻ കഴിവുള്ള ഒരു മഹാരാക്ഷസനായി ചിലപ്പോഴൊക്കെ വേഷം മാറുന്നു എന്നുള്ളത് ഇന്ന് സാങ്കേതിക ദാർശനികന്മാരെയും ശാസ്ത്രജ്ഞന്മാരെയും വളരെ വിഷമിപ്പിക്കുന്നുണ്ട്. പരമിതങ്ങളായ വിഭവങ്ങളും ഉല്പന്നങ്ങളും മാത്രമുള്ള ഒരു സ്ഥലനൗക (Spatial earth) യായ ഈ ഭൂമിയിൽ നമ്മുടെ അത്യാഗ്രഹത്തെയും

ആർത്തിയെയും മുഴുവൻ പൂരിപ്പിക്കുവാൻ വേണ്ടിയുള്ള അപരിമിത സാദ്ധ്യതകൾ ഒന്നുമില്ല. ഭൂമിയെ ബഹുമാനിക്കാതെ അതിനെ നമ്മുടെ സാങ്കേതികത കൊണ്ട് നിർദ്ദാക്ഷണ്യം ചൂഷണം ചെയ്യുവാൻ ശ്രമിച്ചാൽ അത് തിരിഞ്ഞ് നമ്മെ നശിപ്പിക്കും എന്ന് ഓരോ ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്. സാങ്കേതികത വളരുന്ന തോടെ വായുവും വെള്ളവും പോലും വിഷമലീമസമാകും. മത്സ്യം ഭക്ഷി ച്ചാൽ രോഗം വരും, മാംസഭക്ഷണം അധികമായാൽ ആരോഗ്യം നശി ക്കും. കാറുകൾ കൂടുതലായാലും പട്ടണങ്ങളിലെ വഴികളിൽ കുട്ടികൾ ബോധം കെട്ടു വീഴും. ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന വിഷദ്രാവ കങ്ങൾ നദികളെയും തടാകങ്ങളെയും മനുഷ്യനും മത്സ്യങ്ങൾക്കുമെ തിരെയുള്ളമാരകായുധങ്ങളാക്കുന്നു. പാചകശാലകളിൽ നിന്നും കുളി മുറികളിൽ നിന്നും ഒഴുകിപ്പോകുന്ന അഴുക്കുകൊണ്ട് തടാകങ്ങളും സമു ദ്രങ്ങളും പോലും ജലജീവികൾക്ക് മാരകങ്ങളായിത്തീരുന്നു.

പെട്രോൾ ആവശ്യത്തിനില്ല. ചെമ്പും ഈയവും ഇരുമ്പുമൊക്കെ ഇല്ലാ തായിത്തീരാൻ അധികം കാലം വേണ്ട. മരുഭൂമി വികസിക്കുന്നു. കാലാ വസ്ഥ മാറുന്നു. ഉത്തരധ്രുവത്തിൽ മഞ്ഞുരുകുന്നു. ശാസ്ത്രത്തിനെ ക്കൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനൊക്കില്ലെന്ന് മാത്ര മല്ല, ശാസ്ത്രവും സാങ്കേതികതയും കൂടെയാണ് ഈ പ്രശ്നങ്ങളൊക്കെ സൃഷ്ടിച്ചതെന്ന് തോന്നുന്നു. അങ്ങനെയാണെങ്കിൽ ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പദവി അല്പമൊന്നിടിയുന്നതിൽ അത്ഭുതത്തി നവകാശമൊന്നുമില്ലല്ലോ.

രണ്ടാമത്, ശാസ്ത്രീയ വിജ്ഞാനം പൂർണ്ണമായും വസ്തുനിഷ്ഠമാ ണെന്നുള്ള ചിന്തയ്ക്ക് ഉലച്ചിൽ തട്ടിയിരിക്കുന്നു. നമ്മുടെ അറിവിന്റെ പരിമിതി നമുക്ക് അറിയാനുള്ള കഴിവിനെ ആശ്രയിച്ചാണിരിക്കുന്നതെ ന്നുള്ളത് പണ്ടേ അറിയാവുന്ന കാര്യമാണ്. ഇന്ന് പുതുതായി ബോദ്ധ്യ മായിരിക്കുന്ന കാര്യം അറിയാനുള്ള ഉദ്യമം കൊണ്ട് തന്നെ അറിയപ്പെ ടുന്ന വസ്തുവിന്റെ പെരുമാറ്റത്തിൽ വ്യത്യാസം വരുന്നുയെന്നുള്ളതാണ്. ഹൈസൻബർഗിന്റെ അനിശ്ചിതി വാദത്തിന് (Uncertainty Principle) ഇന്ന് അനുഭവാധിഷ്ഠിതമായ തെളിവുണ്ടായിരിക്കുന്നു. വസ്തുവിലെ അതി സൂക്ഷ്മ വിഭാഗങ്ങളുടെ (Particles) പെരുമാറ്റം നിരീക്ഷകന്റെ സാന്നി ദ്ധ്യത്തിലുള്ളതും നിരീക്ഷകന്റെ അസാന്നിദ്ധ്യത്തിലുള്ളതും തമ്മിൽ വലിയ ഒരു അന്തരം കാണുന്നു. അങ്ങനെയെങ്കിൽ നമ്മുടെ സാങ്കേ തിക ശാസ്ത്രീയവിജ്ഞാനം അത്രതന്നെ കർത്തൃനിരപേക്ഷം (Non Subjective) അല്ലെന്ന് വ്യക്തമാകുന്നു. ജ്ഞാനിയും ജ്ഞേയവും തമ്മി ലുള്ള ഒരു പ്രത്യേക രീതിയിലുള്ള ബന്ധമെന്ന് മാത്രമേ ശാസ്ത്രവിജ്ഞാ നത്തിനിന്ന് അഭിമാനിക്കാൻ സാധിക്കുകയുള്ളു. അല്ലാതെ ശാസ്ത്രസത്യ

മാണ് പരമസത്യമെന്ന് അറിവുള്ള ശാസ്ത്രജ്ഞന്മാരാരും ഇന്ന് പറയുകയില്ല.

മൂന്നാമത്, സാധാരണ വീക്ഷണകോണത്തിൽ നിന്നുള്ള ദർശനത്തിലും ശാസ്ത്രത്തിന്റെ മണ്ഡലത്തിലും കാണുന്ന സ്ഥലകാല പ്രതീതികൾ, നമ്മുടെ മസ്തിഷ്കത്തിന്റെ ഒരു പ്രത്യേക രാസവ്യവസ്ഥിതിയെ (A Special Chemical Composition of our brain tissue) ആശ്രയിച്ചാണിരിക്കുന്നതെന്ന് ഇന്ന് വെളിവായിരിക്കുന്നു. മസ്തിഷ്ക്കത്തിന്റെ രാസവ്യവസ്ഥിതിയിൽ രാസതന്ത്രീയമായ വ്യതിയാനങ്ങൾ വരുന്നതോടെ സാധാരണ സ്ഥലകാലങ്ങൾ ഏറെക്കുറെ തിരോധാനം ചെയ്തിട്ട്, ശാസ്ത്രനിയമങ്ങൾക്ക് വിധേയമല്ലാത്ത സ്ഥലകാലങ്ങൾ മനുഷ്യദർശന വലയത്തിൽ വരുന്നു. L.S.D. അല്ലെങ്കിൽ അതിനോട് ബന്ധമുള്ള ചില മെക്സിക്കൻ സസ്യങ്ങളുണ്ട്. ഇവയുപയോഗിച്ച് മസ്തിഷ്ക്കത്തിൽ രാസതന്ത്രപരമായ വ്യതിയാനങ്ങൾ വരുത്തിയതോടെ അനുഭവവേദ്യമാകുന്ന നവലോകം അതിന്റേതായ വ്യത്യസ്ത നിയമങ്ങളുള്ളതാണ്. ഈ നിയമങ്ങൾ നമുക്ക് മുഴുവൻ മനസ്സിലായിട്ടില്ല. ആൻഡസ് ഹക്സിലി, കാർലോസ് കാസ്റ്റനേഡാ, ഡോ. ജോൺ ലില്ലി മുതലായ പണ്ഡിതന്മാർ ഈ വ്യത്യസ്ത ലോകത്തിന്റെ ശാസ്ത്രീയ വിവരണങ്ങൾ നമുക്ക് നല്കുന്നുണ്ട്. ഈ തെളിവിനെക്കൂടി കണക്കിലെടുക്കുന്നപക്ഷം ഇന്നത്തെ ശാസ്ത്രവിജ്ഞാനീയത്തിന്റെ കെട്ടുപാടുകൾ അടിമുതൽ മുടിവരെ മാറ്റേണ്ടി വരും.

മനുഷ്യമനസ്സിനകത്തുള്ളവയും ബാഹ്യലോകത്തുള്ളവയും തമ്മിലുള്ള വ്യത്യസ്തതാ വിവേചനം തന്നെ സാദ്ധ്യമല്ലെന്നാണ് വരുന്നത്. മനസ്സിന്റെ വ്യവസ്ഥിതി മാറുന്നതോടെ ബാഹ്യലോകത്തിന്റെ വ്യവസ്ഥിതിയും മാറുന്നുണ്ടെങ്കിൽ ബാഹ്യലോകത്തെക്കുറിച്ച് ആർക്കെങ്കിലും – എന്തെങ്കിലും – സമയത്തുള്ള ദർശനം ആ ആൾക്ക് ആ സമയത്തുള്ള മസ്തിഷ്ക വ്യവസ്ഥിതിയെക്കൂടി ആശ്രയിച്ചിരിക്കുന്നുവെന്ന് സ്പഷ്ടമാകുന്നു. ഇങ്ങനെയെങ്കിൽ ഒരു കർത്തൃനിരപേക്ഷജ്ഞാന (Objective knowledge) ത്തെക്കുറിച്ച് അവകാശവാദം പുറപ്പെടുവിക്കാൻ ശാസ്ത്രത്തിന് സാദ്ധ്യമല്ല.

മാത്രമല്ല ശാസ്ത്രരീത്യാ ലഭ്യമാകുന്ന ജ്ഞാനം മനുഷ്യ മസ്തിഷ്ക്കത്തിന്റെ ഒരു പ്രത്യേക വ്യവസ്ഥിതികൊണ്ട് വാർത്തെടുക്കുന്ന ഒരു പ്രത്യേക ലോകത്തെക്കുറിച്ചുള്ള വളരെ പരിമിതമായ ഒരു ജ്ഞാനമാണെന്നും വരുന്നു. യാഥാർത്ഥ്യ ലോകത്തെ മുഴുവനായി മനസ്സിലാക്കുവാനുള്ള കഴിവ് ഇന്ന് ശാസ്ത്രത്തിനില്ലെന്ന് മാത്രമല്ല, ശാസ്ത്രരീത്യാ ദൃഷ്ടമായിട്ടുള്ള അന്യലോകങ്ങളെയും വ്യത്യസ്ത സ്ഥലകാല വ്യവസ്ഥിതികളെയും കണക്കിലെടുക്കുകയാണെങ്കിൽ, ഇന്ന് നമുക്കുണ്ടെന്ന്

നാം ചിന്തിക്കുന്ന ശാസ്ത്രീയ വിജ്ഞാനം അലകും പിടിയും മാറിയെങ്കിൽ മാത്രമേ യാഥാർത്ഥ്യവുമായി നിരക്കുകയുള്ളുവെന്നും വ്യക്തമായിരിക്കുന്നു.

ഇന്നലെവരെ മൂഢവിശ്വാസങ്ങൾ എന്ന് ശാസ്ത്രം കരുതിയിരുന്ന സ്വർഗ്ഗം, നരകം, മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിലുള്ള പരസ്പര ബന്ധം, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത മുതലായ കാര്യങ്ങളെക്കുറിച്ച് ഇന്നു വളരെ അനുകൂലമായി വാദിക്കുന്നത് മതചിന്തകന്മാരല്ല, ശാസ്ത്രജ്ഞന്മാരാണ്. ശാസ്ത്രജ്ഞന്മാർക്ക് മതത്തോടുള്ള ആകർഷണം വളരെ വർദ്ധിച്ചു വരുന്നുണ്ടെങ്കിലും മതചിന്തകന്മാർ മതത്തെ ശാസ്ത്രവുമായി ഒത്തിണക്കുവാനുള്ള ഉദ്ദേശ്യത്തോടെ മതത്തിലുള്ള അത്ഭുതങ്ങളെയും സ്ഥലകാലാതീത ലോകങ്ങളെയും കുറിച്ചുള്ള ഉപദേശങ്ങളെയും വെട്ടിക്കുറയ്ക്കുവാൻ ശ്രമിക്കുകയാണ്. മതചിന്തകന്മാർ രാഷ്ട്രീയവും സാമ്പത്തികവുമായ വ്യവസ്ഥിതിയെപ്പറ്റി കൂടുതൽ പ്രതിപാദിക്കുവാൻ തുടങ്ങിയിരിക്കുന്നത് മരണാനന്തര ജീവിതത്തെപ്പറ്റിയും, ദൈവത്തെപ്പറ്റിയും, സ്വർഗ നരകങ്ങളെപ്പറ്റിയും അവർക്കുള്ള ഉറപ്പിന് ശാസ്ത്രപഠനം മൂലം ബലക്ഷയം വന്നതുകൊണ്ടാണ് എന്ന് തോന്നുന്നു. എന്നാൽ മതചിന്തകന്മാർ ഉപേക്ഷ വിചാരിക്കുന്ന ഇക്കാര്യങ്ങളെക്കുറിച്ച് ഇന്ന് പല പ്രഗത്ഭ ശാസ്ത്രീയ ചിന്തകന്മാർക്കും കൂടുതൽ താല്പര്യമാണുള്ളത്.

മതവിശ്വാസത്തിന്റെ, പ്രത്യേകിച്ച് പുരാതന ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്ക് ഇന്ന് പുതിയ പ്രാബല്യം സിദ്ധിക്കുന്നത് മതചിന്തകന്മാരിൽക്കൂടെയല്ല, പ്രത്യുത ശാസ്ത്രദർശകന്മാരിൽക്കൂടെയാണെന്നുള്ളത് ഇന്നത്തെ മതചിന്തയുടെ പാപ്പരത്വത്തെ കാണിക്കുന്നു. ശാസ്ത്രത്തെയും ദർശനത്തെയും ഒരുപോലെ കൈയിലാക്കിക്കൊണ്ട് വേദവിദ്യയഭ്യസിക്കുന്ന യുവജനങ്ങൾ ധാരാളമുണ്ടായെങ്കിലേ നാളത്തെ നമ്മുടെ സഭയ്ക്ക് പുതിയ ജീവനുണ്ടാകുകയുള്ളു. ദൈവസേവന സന്നദ്ധതയും പ്രാർത്ഥനാശീലവും, ആത്മശിക്ഷണവും, ഉയർന്ന ബുദ്ധിശക്തിയും, അതോടൊപ്പം തികഞ്ഞ ശാസ്ത്രീയ വിജ്ഞാനവും തത്വശാസ്ത്രജ്ഞാനവും ഉള്ള യുവജനങ്ങൾ സഭാനേതൃത്വ പരിശീലനത്തിനായി മുമ്പോട്ട് വരാൻ ദൈവം നമ്മുടെ സഭയെ അനുഗ്രഹിക്കട്ടെ.

# 2

# ജീവപ്രഭയുടെ ഛായാചിത്രം? കിർലിയൻ ഫോട്ടോഗ്രാഫിയെപ്പറ്റി

ലേഖകന്റെ വലംകൈയുടെ ഒരു ഛായാചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. എടുത്തതു ഫിൻലണ്ടിലെ ഹെൽസിങ്കി സർവകലാശാലയിലെ ചില ഗവേഷകന്മാർ. ഉപയോഗിച്ച കാമറ റഷ്യയിലെ ആൽമ ആറ്റാ സർവകലാശാലയിലെ ഗവേഷണഫലമായുണ്ടായത്. അവിടെനിന്ന് അതു കാലിഫോർണിയയിൽ പോയിട്ട്, അമേരിക്കയിൽ നിന്നാണു ഫിൻലണ്ടിൽ വന്നത്. ഒരെണ്ണം ഇന്ത്യയിലും കൊണ്ടുവന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. ഒരയ്യായിരം രൂപയ്ക്ക് കിട്ടുമെന്നാണു കേൾക്കുന്നത്. ലോകത്തിൽ ഇപ്പോഴും വളരെ വിരളമായ ഒരുപകരണമാണ് ഈ കിർലിയൻ കാമറ.

ആ പേരെവിടെനിന്നു വന്നു? ഈ ഉപകരണം സൃഷ്ടിച്ച രണ്ടു പ്രൊഫസർമാരുടെ പേരാണത്. പ്രൊഫസർ സെമിയോൺ ഡേവിഡോവിച്ച് കിർലിയാനും അദ്ദേഹത്തിന്റെ ഭാര്യ പ്രൊഫസർ വാലന്റീന ഖ്റിസാനോവ കിർലിയാനും സോവ്യറ്റ് യൂണിയനിലെ കസാക്ക് സ്റ്റേറ്റ് സർവകലാശാലയിലെ ഗവേഷണ പണ്ഡിതന്മാരായിരുന്നു. ഭർത്താവ് സെമിയോൺ കിർലിയൻ മരിക്കുന്നതിനു മുമ്പു തന്നെ കിർലിയൻ ഫോട്ടോഗ്രാഫിയെപ്പറ്റിയുള്ള പശ്ചിമാർധഗോള കോൺഫറൻസ് ന്യൂയോർക്കിൽ വച്ചു നടന്നു - 1972 മെയ് മാസത്തിൽ. 1961-ലാണ് കിർലിയാൻ ദമ്പതികൾ തങ്ങളുടെ ആദ്യത്തെ ഛായാചിത്രങ്ങൾ പ്രസിദ്ധം ചെയ്തത്.

ലേഖകന്റെ കൈക്കു മാത്രമേ ഈ ജീവപ്രഭയുള്ളുവെന്ന് ആരും തെറ്റിദ്ധരിക്കരുത്. എല്ലാ മനുഷ്യർക്കും ഇതുണ്ട്. മനുഷ്യർക്കു മാത്രമല്ല, സകല ജീവജാലങ്ങൾക്കും ഇതുപോലെയുള്ള പ്രഭാപ്രസരം (aura) ഉണ്ട്. ഒരു ഇലയ്ക്കു പോലുമുണ്ട്. വേണ്ട ലോഹങ്ങൾക്കു പോലുമുണ്ട്. ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള The Kirlian Aura (Stanley Krippner and Daniel Rubin, (ed) The Kirlian Aura: Photographing the galaxies of Life, Anchor Books, 1974) എന്ന അമേരിക്കൻ പുസ്തകത്തിൽ 1972-ലെ കോൺഫറൻസ് ഉപന്യാസങ്ങൾക്കു പുറമെ ധാരാളം ഛായാചിത്രങ്ങളും കൊടുത്തിട്ടുണ്ട്. അധികവും മനുഷ്യരുടെ കൈവിരലുകളുടെയും ഇലകളുടെയും ആണ്. എന്നാൽ അമേരിക്കൻ അര ഡോളർ നാണയത്തിനും ഈ പ്രഭാപ്രസരം കാണുന്നുണ്ട്.

അതുകൊണ്ടു വലിയ നിഗമനങ്ങളിലേക്കൊന്നും പെട്ടെന്ന് എടുത്തു



**ലേഖകന്റെ വലതുകൈയുടെ പ്രഭാപ്രസരം.**
**ഹെൽസിങ്കി, സെപ്റ്റംബർ 1978.**

ചാടുന്നത് അവിഹിതമായിരിക്കും. പരിശുദ്ധന്മാരുടെ ചിത്രങ്ങളിൽ തലയ്ക്കു ചുറ്റും കാണപ്പെടുന്ന ഹാലോ അല്ലെങ്കിൽ പ്രഭാവൃത്തം ഇത്തരത്തിലുള്ളതായിരിക്കാമെന്നുള്ളത് ഒരു നിഗമനം മാത്രമാണ്. അല്ലാതെ ശാസ്ത്ര നിശ്ചിതമെന്നു പറയാറായിട്ടില്ല.

ഈ പ്രഭാപ്രസരം എല്ലാ സമയത്തും ഒരുപോലെയിരുന്നുകൊള്ളണമെന്നില്ല. ക്ഷീണിച്ചിരിക്കുമ്പോഴും രോഗം ബാധിക്കുമ്പോഴും മനോവ്യാകുലതയുള്ളപ്പോഴും ഈ പ്രഭാപ്രസരത്തിനു ശക്തി കുറയുന്നതായി കാണുന്നുണ്ട്. ആത്മശരീരങ്ങൾ ഒരുപോലെ അരോഗരായിരിക്കുന്നവരുടെ പ്രഭയ്ക്കാണു ശക്തി കൂടുതലുള്ളതായി കാണുന്നത്.

* * * * * * * * * * * * *

ഇതിനെന്തെങ്കിലും പ്രത്യേകമായ അർഥമോ പ്രയോജനമോ ഉണ്ടോ? രണ്ടു തരത്തിലുള്ള ചിന്തകൾ ഇതു സംബന്ധിച്ചു പണ്ഡിതമദ്ധ്യത്തിലുണ്ട്. ഒന്നാമതു ചൈനയിലെ അക്കുപ്പംക്ചർ ചികിൽസാ രീതിയുമായി ഉറ്റ ബന്ധമുള്ള ഒരു വസ്തുതയാണിത്. മനുഷ്യൻ എന്നു പറയുന്ന പ്രതിഭാസത്തിന്റെ അടിത്തറ ശരീരവുമല്ല, മനസ്സുമല്ല, ഇവയെ രണ്ടിനേയും നിയന്ത്രിക്കുകയും കുരുപ്പിടിക്കുകയും ചെയ്യുന്ന വൈദ്യുതകാന്തിക

ചൈതന്യമണ്ഡലമാണെന്നുള്ള ചിന്തയ്ക്കാണു ജീവജ്യോതിയെക്കുറിച്ചുള്ള പുതിയ ഗവേഷണങ്ങൾ വഴിതെളിയിക്കുന്നത്. ഈ ഇലക്ട്രോമാഗ്നറ്റിക് അല്ലെങ്കിൽ ഇലക്ട്രോ ഡൈനാമിക് ചൈതന്യമണ്ഡല (electrodynamic enery field) ത്തിലെ പ്രവാഹ വലയങ്ങളിൽ പ്രതിബന്ധങ്ങളുണ്ടാകുന്നതാണ് രോഗകാരണമെന്നും ആ പ്രതിബന്ധങ്ങളെ നീക്കം ചെയ്യുകയാണ് അക്കുപ്പംക്ചറിന്റെ ഉദ്ദേശ്യമെന്നുമാണല്ലോ ചൈനീസ് പാരമ്പര്യം.

ഡോക്ടർ സി. കെ. രാമചന്ദ്രൻ ജൂൺ–ജൂലൈ (1978) യിലെ 'ഭാഷാപോഷിണി'യിലെഴുതിയ ലേഖനത്തിൽ അദൃശ്യചൈതന്യധാരാപ്രവാഹിനികളുടെ ഒരു ചൈനീസ് ചിത്രം കൊടുത്തിരുന്നതു വായനക്കാർ ഓർക്കുമല്ലോ. ഈ ചൈതന്യധാരാ പ്രവാഹവും കിർലിയൻ ഫോട്ടോഗ്രാഫിയിലെ ചൈതന്യ മണ്ഡലങ്ങളും തമ്മിലുള്ള സാമ്യത്തെപ്പറ്റി അമേരിക്കൻ സർവകലാശാലകളിൽ ഇന്നു പഠനം നടന്നുകൊണ്ടിരിക്കുകയാണ്.

ഏതായിരുന്നാലും മനുഷ്യൻ എന്ന പ്രതിഭാസത്തെ കൂടുതൽ ഗാഢമായി മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും സാധിക്കുന്ന ഒരു സാങ്കേതിക മാർഗമാണു കിർലിയൻ ഫോട്ടോഗ്രാഫിയിൽക്കൂടെ സംസിദ്ധമായിട്ടുള്ളത്. ഒരു ഇരുപതു കൊല്ലമെങ്കിലും കഴിയുമ്പോഴേ അതിന്റെ മുഴുവൻ പ്രാധാന്യവും വ്യക്തമാകയുള്ളു.

*(ഭാഷാപോഷിണി, ജൂൺ–ജൂലൈ 1979)*

# 3

# ഹൃദയത്തിൽ നിന്ന്

എത്ര അത്ഭുതകരമായ ഒരു സൃഷ്ടിവിശേഷമാണ് മനുഷ്യൻ - ആദർശത്തിൽ അതീവവിശിഷ്ടൻ - ആകാരത്തിൽ അതിസുഭഗൻ - വിവേകത്തിൽ വിഖ്യാതൻ - വിജ്ഞാനത്തിൽ വിശ്രുതൻ - ശക്തിയിൽ അപരിമിതൻ - ലോകസൃഷ്ടിയ്ക്ക് ദിവ്യശില്പി ചേർത്ത മണിമകുടമാണ് മനുഷ്യൻ.

അവന് ഒരു ഹൃദയമുണ്ട് - മറ്റൊരു ജീവിയ്ക്കുമില്ലാത്ത വിപുല വികാരങ്ങളിൽ ധന്യമായിട്ടുള്ളത്. അവന്നൊരു പാരമ്പര്യമുണ്ട് - പ്രപഞ്ചകർത്താവിന് പ്രഹർഷഹേതുവായിട്ടുള്ളത്.

ആദർശത്തിന്റെ അധഃപതനത്തിൽ അടിതകരാത്ത ഒരു ചേതോവികാരം അവനിൽ ഇന്നും നിലനില്ക്കുന്നുണ്ട് - അതാണ് പ്രേമം. ആയിരം സഹസ്രാബ്ദങ്ങളായി അനന്തമായ ഒരു ദിവ്യവലയത്തിൽ, നിതാന്തം, അവിശ്രാന്തം ചുറ്റിത്തിരിയുന്ന ഒരു പവിത്രനക്ഷത്രമാണത്.

ഹൃദയം ഹൃദയത്തിൽ, ആത്മാവ് ആത്മാവിൽ, നിലീനമായി, ദ്വിത്വം ഏകത്വമാകുന്നതാണ് പ്രേമം. അത് മൃദുലമാണെങ്കിലും ദൃഢമാണ്. അത് ഒന്നുമല്ലെങ്കിലും എല്ലാമാണ്.

അത് എല്ലാറ്റിനേയും സുശോഭനമാക്കിച്ചമയ്ക്കുന്നു - മോഹനമാക്കിച്ചെയ്യുന്നു - മൃദുലമാക്കി മാറ്റുന്നു. പ്രേമത്തിന് പാത്രമാകുന്ന മനുഷ്യജീവി, സർവ്വോപരി സൗന്ദര്യപൂർണ്ണമായിത്തീരുന്നു - ഭാസ്ക്കരന്റെ ഭാസുരകിരണങ്ങളനുഭവിക്കുന്ന സരോജത്തേപ്പോലെ.

അല്ലയോ! അജ്ഞാതനും അദൃശ്യനും ആയ പരാശക്തി! അങ്ങയോട് എനിയ്ക്ക് ഒരപേക്ഷയേയുള്ളു - നിസ്വാർത്ഥമായ പ്രേമം എന്നിൽ നിന്നും ഉദിക്കുമാറാകണേ! എന്റെ ഹൃദയപാരാവാരത്തിലെ സംസാരകൊടുങ്കാറ്റിനെ അങ്ങുന്നമർത്തേണമേ! ദിവ്യപ്രേമത്തിന്റെ പാവനശക്തിയാൽ ഞാൻ അങ്ങേപ്പോലെ അചഞ്ചലനും സുശക്തനുമായിത്തീരേണമേ!

പ്രളയത്തിനും പ്രേമത്തെ ആഴ്ത്തിക്കളയുവാൻ സാധ്യമല്ല - സമുദ്രവും പ്രേമത്തിന്റെ പിപാസ ശമിപ്പിക്കുകയില്ല - വിശ്വത്തിലുള്ള യാതൊന്നിനും വിശ്വോത്തരമായ പ്രേമത്തെ പ്രീതിപ്പെടുത്തുവാൻ സാധ്യമല്ല.

യഥാർത്ഥ പ്രേമത്തിന് പരിവർത്തനമില്ല-അത് അചലത്തേക്കാൾ അചഞ്ചലമാണ്-രണ്ടു മനുഷ്യജീവികൾ ഈ അമാനുഷിക വികാരത്തിന്റെ

വിശ്വോത്തരശക്തിയുടെ, സ്വാധീനബലത്തിൽ അന്യോന്യം ലയിക്കുമ്പോൾ അതിനെ നിലനിർത്തുന്നതിന് ഒരൗപചാരിക പാശബന്ധം ആവശ്യമേയല്ല. പ്രേമത്തിൽ അസ്ഥൈര്യമുണ്ടെങ്കിൽ അതിന്റെ പ്രകടോദാഹരണമാണ് വിവാഹം. വിവാഹത്തിന്റെ ഉത്ഭവം പ്രേമത്തിലല്ല –പ്രത്യുത ശാരീരികാകർഷണത്തിൽ നിന്ന് – സൗകര്യത്തിൽനിന്ന് – ലൗകികാവശ്യകതയിൽ നിന്ന് ആദരതൃഷ്ണയിൽ നിന്ന് – അത്രമാത്രം. അപ്പോൾ അവരുടേയും അവരുടെ സന്തതിപരമ്പരയുടേയും ലൗകികസൗഭാഗ്യത്തിന് ഒരു നൈയാമികബന്ധം അവശ്യം മാത്രമാണ്.

അനന്തമായ ആദർശവും നിതാന്തമായ സ്ഥൈര്യവുമില്ലാത്ത പ്രേമം – അതു പ്രേമമേയല്ല. അത് ഐഹികമാത്രമായ – അസ്ഥിരമായ – സുകരമായ ഒരു ശാരീരികാകർഷണം മാത്രമാണ്; രണ്ടു മർത്ത്യജീവികളുടെ ഇണചേരൽ – അത്രമാത്രം.

ദിവ്യപ്രേമം – അതു സർവ്വലോകങ്ങളുടേയും ചിരസ്ഥായിയായ അടിസ്ഥാനമാണ് – അതുതന്നെയാണ് സകല ജീവരാശികളുടേയും ഉത്ഭവകേന്ദ്രം. ആത്മാവിന്റെ ദ്വൈലിംഗികളായ പരമാണുക്കൾ, അന്യോന്യമാകർഷിച്ച് അടുത്ത് വന്ന് ഏകത്വത്തിൽ ലയിക്കുന്നതാണ് പവിത്രപ്രേമം.

വിശ്വത്തിന്റെ, പ്രപഞ്ചത്തിന്റെ അടിസ്ഥാനമാണ് പ്രേമമെങ്കിൽ – പരമാർത്ഥം അതു തന്നെയാണ് – പ്രേമം അതിന്റെ സൃഷ്ടിയെ സന്തുഷ്ടമായിക്കാണുവാനാണാഗ്രഹിക്കുന്നത്. പ്രപഞ്ചസൃഷ്ടിയുടെ ദിവ്യപദ്ധതിയിൽ, ദുരിതത്തിന് സ്ഥാനമേയില്ല. മനുഷ്യൻ നിയതിയുടെ നിയമങ്ങളോട് മല്ലടിക്കുന്നതിന്റെ പ്രതിഫലം മാത്രമാണ് ദുഃഖം.

പ്രേമം ചിരസ്ഥായിയല്ലെങ്കിൽ – അത് താല്ക്കാലികം മാത്രമാണെങ്കിൽ – അത് പ്രേമമേയല്ല. ആ പേരിൽ നാം അറിയുന്നത്, ഏറ്റവും സാധാരണമായ പുംസ്ത്രീബന്ധം മാത്രമാണ് – ശരീരത്തിന്റെ ആശാപൂരണം ആദർശമായുള്ള പുരുഷനും ആ ആശാപൂരണത്തിനപ്പുറം കാണാൻ ശക്തിയില്ലാത്ത സ്ത്രീയും – തമ്മിലുള്ള ഒരനിത്യബന്ധം.

സാമാന്യലോകത്തിന്റെ ധാരണയിലുള്ള പ്രേമം നിഷ്ഫലം മാത്രമാണ്. മൃത്യുവോ, മർത്യനോ നമ്മിൽനിന്നും തട്ടിപ്പറിച്ചുകൊണ്ടു പോകുന്ന പ്രേമത്തിനെന്താണ് വിലയുള്ളത്! ഐഹികമായ പ്രേമം, നമ്മുടെ ഹൃദയസമ്പത്തിനെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. പരിപൂർണ്ണമായ നിത്യമായ അനന്തമായ അഭംഗുരമായ അഭേദ്യമായ, അജയ്യമായ ഒരു ശക്തിയെന്ന നിലയിൽ മാത്രമേ, യഥാർത്ഥ പ്രേമത്തിന് വിലകല്പിയ്ക്കാവൂ. അതിനെ അങ്ങിനെ, പരിപൂർണ്ണവും നിത്യവും അനന്തവും അഭംഗുരവും അഭേദ്യവും അജയ്യവുമായ ഒരു ശക്തിയായി നിലനിർത്തുവാൻ തനിയ്ക്കു കഴിയുമെന്നുള്ള സ്വയം ധൈര്യവും ബലവും

പരമാർത്ഥതയുമില്ലാത്ത ഒരുത്തൻ, ദിവ്യങ്ങളിൽ ദിവ്യതമമായ ഈ പവിത്ര വികാരവുമായി ഇടപെടാതിരിയ്ക്കുകയായിരിക്കും നല്ലത്. സകല ചിന്തയുടേയും സകല കർമ്മത്തിന്റേയും സകല ദിവ്യത്വത്തിന്റെയും മൂല മായ ഈ പാവനശക്തി മർത്ത്യന്നൊരിക്കലും നല്ലൊരു കളിപ്പാട്ടമായി ത്തീരുകയില്ല.

സാമാന്യനായ പുരുഷനെയും അതിൽ കൂടുതലായി സ്ത്രീയെയും, കൂടുതൽ ത്രസിപ്പിക്കുന്നത് പ്രേമമല്ല, പ്രത്യുത പ്രേമപാത്രമാകുന്നതി ലുള്ള ആത്മസന്തുഷ്ഠിയാണ്. ഒരു സാധാരണ യുവതിക്ക് മൃതനായ ഒരു മർത്ത്യനോട് എല്ലാക്കാലവും സ്നേഹിക്കാൻ സാധിയ്ക്കാത്തതിന്റെ മൂലകാരണമതാണ് – തന്റെ പ്രക്ഷുബ്ധമായ വികാരത്തള്ളലിന് പ്രതീ ക്ഷിതമായ പ്രതിശബ്ദം അശ്രാവ്യമാകുമ്പോൾ അവൾ ആർത്തയാ കുന്നു. അവൾ അന്യപ്രതിശബ്ദങ്ങളെ ആരായുവാനാരംഭിക്കുന്നു. ഒരു സാധാരണ യുവാവിന് മൃതയായ തന്റെ പ്രേമഭാജനത്തോടും അങ്ങനെ തന്നെ.

പ്രേമാധിഷ്ഠിതമായ ഈ ജഗത്തിൽ ദുരിതത്തിന് ഹേതുവെന്താണ്! അസൂയ – ശവകുടീരത്തേക്കാൾ ക്രൂരതരമായ അസൂയ – മനുഷ്യന്റെ സർവ്വസൽഗുണ സമ്പത്തിനേയും ആഹരിച്ചുകളയുന്ന ആ പൈശാചി കാഗ്നി.

ഹാ! ലോകത്തിലെ പൈശാചികശബ്ദങ്ങൾ! സ്നേഹിക്കയും സഹ തപിയ്ക്കയും ചെയ്യേണ്ടുന്നതിനു പകരം ഭത്സിയ്ക്കുകയും അപഹസി യ്ക്കുകയും ചെയ്യുന്ന നരകീയ ശക്തികൾ! സഹായവും സാന്ത്വനവും ആവശ്യമുള്ളിടത്ത് വ്യാജവും വിദ്വേഷവും വിതയ്ക്കുന്ന ചപലജീവികൾ! പ്രത്യാശയാൽ തുടിച്ചു ത്രസിക്കുന്ന ഹൃദയത്തെ നിരാശയാൽ അടിച്ച മർത്തുന്ന ദുഷ്ടരാക്ഷസന്മാർ! പരിശുദ്ധമായ പ്രേമത്തെ കപടാപവാദ ത്താൽ കുരുന്നുകരിയ്ക്കുന്ന നീചകീടങ്ങൾ! ഹാ! അപവാദവും ക്രൗര്യവും തന്ത്രവും അസൂയയും ആയുധമായുള്ള ലോകത്തിലെ ദുഷ്ട ശബ്ദങ്ങളെ ദൂരികരിയ്ക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ, ഈ ലോകമ ല്ലാതെ, സ്വർഗ്ഗം മറ്റേതുണ്ടാകുമായിരുന്നു!

ലോകത്തിൽ ഓരോ വ്യക്തിയ്ക്കും സ്വീകരിയ്ക്കാവുന്ന ഒരു രക്ഷാ മാർഗ്ഗമുണ്ട്. ധൈര്യത്തോടെ തമസ്സിനെ അഭിമുഖീകരിയ്ക്കുക – നിങ്ങൾ പ്രകാശത്തെയായിരിയ്ക്കും – ദർശിയ്ക്കുക. ദുരന്തമായ ദുരിതത്തെ പ്രത്യാശാപരിപുഷ്ടമായ ഹൃദയത്തോടെ വെല്ലുവിളിയ്ക്കുക – പ്രച്ഛന്ന മായ ഒരു അനുഗ്രഹമായിരിക്കും നിങ്ങൾ അതിൽ കാണുക. പരാശക്തി നിങ്ങൾക്കസുഖത്തെ കാംക്ഷിക്കുന്നില്ല – നിങ്ങൾക്കായി യാതൊരു ക്രൂര ശിക്ഷയും ആ ദിവ്യശക്തി സംഭരിച്ചു വച്ചിട്ടില്ല. നിങ്ങൾ നിങ്ങളെത്തന്നെ

ആ പരമകാരുണികന്റെ ചരണകമലങ്ങളിൽ അടിയറ വെയ്ക്കുക, നിത്യമായ സമാധാനം പ്രതിഫലമായി അനുഭവിയ്ക്കുക.

അല്ലയോ, സൃഷ്ടിതങ്ങളായ സർവ്വജഗങ്ങളുടേയും സർവ്വോത്തമനായ മാർഗ്ഗദർശേ! അങ്ങയുടെ അനന്തമായ ആകാരത്തിൽ വിലയം പ്രാപിയ്ക്കുവാനാഗ്രഹിക്കുന്ന ഈ വിനീതാത്മാവിനെ അങ്ങ്, കരുണാപൂർവ്വം സ്വീകരിക്കേണമേ! ഈ ആത്മാവ് അതിന്റെ അഭിവൃദ്ധിയ്ക്കാവശ്യമായ സകലവും സമ്പാദിച്ച് സംഭരിയ്ക്കുവാൻ ശക്തമായിത്തീരണമേ! എന്റെ സകല കർമ്മവും അപരനുപകാരത്തിനാകണമേ! എന്റെ ജീവിതം ലോകത്തിന്നൊരനുഗ്രഹമായിത്തീരേണമേ!

*(1940-കളിൽ എഴുതിയത്)*



## 4

# നാം എങ്ങോട്ട്

മനുഷ്യൻ ലക്ഷ്യങ്ങളെ ലാക്കാക്കി ഗമിക്കുന്നവനാണ്. വ്യക്തിയ്ക്കായാലും സമൂഹത്തിനായാലും പ്രത്യക്ഷമായോ പരോക്ഷമായോ അറിഞ്ഞോ അറിയാതെയോ ഉള്ള ലക്ഷ്യങ്ങളുണ്ട്. എല്ലാ മനുഷ്യരും തങ്ങളുടെ ജീവിതലക്ഷ്യങ്ങളെപ്പറ്റി ബോധവാന്മാരായിക്കൊള്ളണമെന്നില്ല. പക്ഷേ വളരണമെന്നാഗ്രഹമുള്ള മനുഷ്യനാണെങ്കിൽ ജീവിതലക്ഷ്യങ്ങളെ ഇടയ്ക്കിടയ്ക്ക് ഒന്നു വിലയിരുത്തി പുനഃപരിശോധന ചെയ്ത് മുമ്പോട്ടു പോകയാണു പതിവ്.

മൃഗങ്ങളെ സംബന്ധിച്ചിടത്തോളം വാസനകളാണ് അവയെ നയിക്കുന്നത്. നായുടെ ഭക്ഷണമോഹമായാലും യജമാനസ്നേഹമായാലും വാസനയിൽ നിന്നാണുദ്ഭൂതമാകുന്നത്. അല്ലാതെ ആദർശങ്ങളോടുള്ള പ്രതിപത്തിയിൽ നിന്നൊന്നുമല്ല. മനുഷ്യനാകട്ടെ, നല്ല ലക്ഷ്യങ്ങളെയും ചീത്ത ലക്ഷ്യങ്ങളെയും മുമ്പിൽകണ്ടിട്ട്, ഇന്നതാണ് അഭികാമ്യമെന്ന് വിധിച്ച് അതിനെത്തേടി പ്രയത്നിക്കുവാനുള്ള ഒരു പ്രത്യേക കഴിവുണ്ട്. ഇതാണു മനുഷ്യനെ മൃഗങ്ങളിൽ നിന്നു വേർതിരിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്.

നല്ലതേതാണെന്നു കണ്ടുപിടിക്കുക അത്ര എളുപ്പമൊന്നുമല്ല. വല്ല പാഠ്യപുസ്തകമോ വിശ്വവിജ്ഞാനകോശമോ നോക്കി നല്ലതിനെ കണ്ടുപിടിക്കാൻ എളുതല്ല. വളർച്ചയെത്തിയ വളരുന്ന മനുഷ്യന്റെ പ്രദാന കഴിവുകളിലൊന്നാണു നന്മയെ വിവേചിച്ചറിയാൻ കഴിയുകയെന്നത്.

പാല്പായസം നല്ലതാണോ, ചീത്തയാണോ? ചീത്തയാണെന്നു സാധാരണഗതിയിൽ പറയാറില്ലെങ്കിലും പ്രമേഹരോഗി അതു ചീത്തയാണെന്നു തന്നെ പറയണം. സദ്യയുടെ അവസാനത്തിൽ ഒരു പാത്രം പാല്പായസം രോഗമില്ലാത്തയാൾക്ക് ആസ്വാദ്യമാണെന്നുള്ളതിനു സംശയമില്ല, അപ്പോൾ പാല്പായസം അതിൽത്തന്നെ നല്ലതാണെന്നല്ല സിദ്ധിക്കുന്നത്. ഒരു പ്രത്യേക സ്ഥിതിയിലുള്ള ആൾക്ക് ഒരു പ്രത്യേക അവസരത്തിൽ ഒരു പ്രത്യേക പരിമാണത്തിൽ അത് ആസ്വാദ്യമായ വസ്തുവായിത്തീരുന്നുവെന്നു മാത്രമേ പറയാവൂ. പക്ഷേ ആസ്വാദനം അതിൽത്തന്നെ നല്ലതാണോ? സംശയമുണ്ട്. പ്രമേഹരോഗിക്കും ആസ്വാദനത്തിനു കുറവൊന്നുമില്ലല്ലോ. പിന്നെയെന്താണു പാല്പായസം അയാൾക്കു നല്ലതല്ല എന്നു പറയുന്നത്? അപ്പോൾ ആസ്വാദനമല്ല നന്മയുടെ അളവുകോൽ.

സുഖം, ആരോഗ്യം, സന്തോഷം, ഇതൊക്കെ നല്ലതല്ലേ? എല്ലാ സാഹചര്യങ്ങളിലും അങ്ങനെ ആയിക്കൊള്ളണമെന്നു നിർബന്ധമില്ല. സുഖത്തെ ത്യജിച്ചിട്ടു മറ്റുള്ളവരുടെ ശ്രേയസ്സിനെ അഭികാമ്യമായി കരുതിയിട്ടുള്ളവരെയാണു നാം മഹാന്മാരെന്നു വിളിക്കുന്നത്. ആരോഗ്യത്തെ നിസ്സാരമാക്കിയിട്ടു മനുഷ്യസേവനത്തിനുവേണ്ടി ജീവൻ ബലികഴിച്ചിട്ടുള്ള ഫാദർ ഡാമിയനെപ്പോലെയുള്ളവരെയും നമുക്കറിയാം. അതുകൊണ്ടു സുഖവും സന്തോഷവും ആരോഗ്യവും ചീത്തയാണെന്നല്ല അർത്ഥം. നമുക്കുള്ള സാധ്യതകളെ കണക്കിലെടുത്തുകൊണ്ട് അവയിലേതാണ് അഭികാമ്യമെന്നു തീരുമാനിക്കുന്നതാണു മനുഷ്യനേറ്റവും പ്രധാനമായിട്ടുള്ളത്.

എന്നാൽ ഒരു വ്യക്തിക്കും സ്വന്ത തീരുമാനങ്ങളും വിവേചനങ്ങളും അനുസരിച്ചു മാത്രം ജീവിക്കാൻ സാധ്യമല്ല. സമൂഹം ചില മാനദണ്ഡങ്ങളൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്. അവയെ കണക്കിലെടുത്തില്ലെങ്കിൽ സമൂഹത്തിന്റെ എതിർപ്പു നേരിടേണ്ടി വരും. ചിലപ്പോൾ രാഷ്ട്രത്തിനു ചില ലക്ഷ്യങ്ങളും മാർഗങ്ങളുമൊക്കെയുള്ളതായി പ്രഖ്യാപിക്കാറുണ്ട്. രാഷ്ട്രത്തിന്റെ അഭീഷ്ടങ്ങളെ ഒട്ടും കണക്കിലെടുക്കാതെ ഏതായാലും സാദ്ധ്യമല്ല. കാരണം നികുതി കൊടുക്കാതെ ഒരു തീപ്പെട്ടി പോലും വാങ്ങാൻ കിട്ടുകയില്ലല്ലോ. മതത്തിന്റെയും രാഷ്ട്രീയകക്ഷികളുടെയും ഒക്കെ അഭീഷ്ടങ്ങളും ചിലപ്പോൾ കണക്കിലെടുക്കാതെ കഴിയുകയില്ല. മാതാപിതാക്കന്മാരുടെയും ബന്ധുക്കളുടെയും താൽപര്യങ്ങൾ കുറെയൊക്കെ കണക്കിലെടുക്കണം. എന്റെ സ്വന്തം കഴിവുകളും പരിശീലനവും സാമ്പത്തികസ്ഥിതിയും ഒക്കെ കണക്കിലെടുത്തുകൊണ്ടേ ഏതാണ് എനിക്ക് അഭികാമ്യമെന്നു തീരുമാനിക്കാനാവൂ. ഈ താൽപര്യങ്ങളൊക്കെ തമ്മിൽ പരസ്പരം വൈരുദ്ധ്യം കണ്ടെന്ന് വന്നേക്കാം. അങ്ങനെയുള്ള സാഹചര്യങ്ങളിൽ തത്ത്വദീക്ഷയൊന്നും കൂടാതെ, സൗകര്യമായും തല്കാലം പ്രയോജനപ്രദമായും കാണപ്പെടുന്ന വഴിയിൽക്കൂടി പ്രയാണം ചെയ്യുവാനാണു പലരും ശ്രമിക്കുന്നത്. മറ്റുള്ളവരുമായി സംഘർഷം ഉണ്ടാവാതിരിക്കുക, നമുക്കു വലിയ അസൗകര്യമുണ്ടാകാതിരിക്കുക, കഴിയുന്നിടത്തോളം ആഗ്രഹങ്ങളെ പൂരിപ്പിക്കുക, ഇതു മൂന്നുമാണു സാധാരണഗതിയിൽ പലരെയും നിയന്ത്രിക്കുന്ന തത്ത്വങ്ങൾ.

ഇന്നത്തെ നമ്മുടെ ബൂർഷ്വാ വ്യവസ്ഥിതിയിലെ പ്രദാന മൂല്യങ്ങൾ സുഖത്തോടുള്ള ആസക്തിയും സംഘർഷത്തോടുള്ള വിരക്തിയും മാത്രമാണെന്നാണു പണ്ഡിതന്മാർ പറയുന്നത്. നമ്മുടെ രാജ്യത്തെയാളുകളും ഏറെക്കുറെ അങ്ങനെയല്ലേ? മറ്റുള്ളവരുമായി സംഘർഷത്തിൽ ഏർപ്പെടാതെ കഴിയുന്നത്ര സുഖം ആസ്വദിക്കുന്നതിനല്ലേ നമ്മിലധികം പേരും

അധികവും വെമ്പൽ കൊള്ളുന്നത്? സ്വാർത്ഥം എന്നു പറയുന്നതിന്റെ സാധാരണ പ്രതിഭാസമല്ലേ നമ്മിലോരോരുത്തരിലും സർവദാ കാണപ്പെടുന്നത്? അതിൽ കവിഞ്ഞ് എന്തെങ്കിലും മൂല്യങ്ങളും ലക്ഷ്യങ്ങളും നമുക്കുണ്ടോ?

* * * * * * * *

മനുഷ്യന്റെ സ്വാർത്ഥതയെ ലേശമൊന്നു മയപ്പെടുത്തുന്ന പ്രധാന ഉപാധിയാണു കുടുംബം എന്നു പറയുന്നത്. ഇവിടെ എന്റെ എന്നു പറത്തക്കവിധത്തിൽ ചിലതൊക്കെ കാണുമെങ്കിലും പലതും പൊതുവായിട്ടുള്ളതാണ്. അച്ഛൻ മക്കൾക്കുവേണ്ടി ചെലവിടുന്നതിന്റെ കണക്കെഴുതിയിട്ടു പിന്നീട് അവരിൽ നിന്നു ചോദിച്ചു വാങ്ങാറില്ല. അമ്മ മക്കൾക്കുവേണ്ടി സ്വാർത്ഥത്തെ പരിത്യജിച്ചു ത്യാഗപൂർവമായ സേവനം ചെയ്യുന്നു. മക്കളും കണക്കു പറയാതെ തങ്ങൾക്കുള്ളതിനെ പൊതുവായി അനുഭവിക്കുന്നു. കുടുംബം എന്ന സ്ഥാപനമില്ലായിരുന്നെങ്കിൽ മനുഷ്യന്റെ സ്വാർത്ഥം വളരെയധികം വർദ്ധിക്കുമായിരുന്നു.

കുടുംബം കഴിഞ്ഞാൽ അടുത്ത വിശാലമായ രംഗമാണു നമ്മുടെ രാജ്യത്തു സമുദായം എന്നു പറയുന്നത്. സമുദായത്തിന്റെ മഹത്വത്തിലും ഉന്നതിയിലും നമുക്കു പങ്കു ലഭിക്കുമെന്നുള്ള സ്വാർത്ഥോദ്ദ്യേശ്യത്തോടെയായിരുന്നാൽത്തന്നെയും സമുദായത്തിനുവേണ്ടി ചിലതൊക്കെ ചെയ്യുവാൻ നാം പലപ്പോഴും തയ്യാറാകും. സ്വന്ത സമുദായത്തിൽപ്പെട്ട ഒരാൾക്കുവേണ്ടി ചെയ്തുകൊടുക്കുന്ന ചില ആനുകൂല്യങ്ങൾ ചിലപ്പോൾ പ്രത്യേകമായ സ്വാർത്ഥോദ്ദ്യേശ്യമൊന്നും കൂടാതെയായിരിക്കും.

സമുദായത്തെ കടന്നാൽപ്പിന്നെ സംസ്ഥാനമോ രാഷ്ട്രമോ ഒക്കെയാകാം. സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതു താല്പര്യങ്ങൾക്കുവേണ്ടി സ്വാർത്ഥത്തെ ചിലപ്പോഴൊക്കെ ബലികഴിക്കുവാൻ നമ്മിൽ ചിലരൊക്കെ തയ്യാറായി എന്നു വന്നേക്കാം. പക്ഷേ ഇക്കാലത്തു രാഷ്ട്രത്തെയും സംസ്ഥാനത്തെയും കുറിച്ചു നമ്മെ നയിക്കുന്ന പ്രധാന ചിന്ത ജനങ്ങൾക്കുവേണ്ടി നമുക്ക് എന്തു ചെയ്യുവാൻ കഴിയും എന്നുള്ളതല്ല. പ്രത്യുത, സർക്കാരിനെ ഒരു കറവപ്പശുവായി കണക്കാക്കി അതിൽനിന്നു കഴിയുന്നത്ര മുതലെടുക്കുന്നത് എങ്ങനെയാണ് എന്നുള്ള തത്ത്വമാണെന്നു തോന്നുന്നു.

ഏതായാലും ഇന്നത്തെ ഇന്ത്യയിലെ പ്രധാന പ്രശ്നങ്ങളിലൊന്നു രാഷ്ട്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും, ഒരു വ്യക്തിയെന്നുള്ള നിലയിൽ തനിക്കുള്ള ലക്ഷ്യങ്ങളും തമ്മിൽ അത്രതന്നെ പൊരുത്തമുള്ളതായി കാണുന്നില്ല എന്നുള്ളതാണ്. ദാരിദ്ര്യത്തെ അടിച്ചോടിക്കുക, അനീ

തിയെയും ചൂഷണത്തെയും പാടേ വിപാടനം ചെയ്യുക എന്നൊക്കെ രാഷ്ട്രം പ്രഖ്യാപിക്കുമ്പോൾ തന്റെ മനസ്സിന്റെ ഒരു ഭാഗം അതിനനുകൂലമായി മൂളുമെങ്കിലും തന്റെ ജീവിതത്തെ നയിക്കുന്ന ഉദ്ദേശ്യം രാഷ്ട്രത്തിന്റെ ദാരിദ്ര്യം മാറ്റുകയല്ല തന്റെ സ്വന്തം ധനനില അല്പമൊന്നു മെച്ചപ്പെടുത്തുക എന്നുള്ളതാണ്.

ആർജ്ജനാസക്തിയിൽ അധിഷ്ഠിതമാണ് ഇന്നത്തെ നമ്മുടെ സമൂഹം. ആ സമൂഹത്തിന്റെ വ്യവസ്ഥിതിക്കു വ്യത്യാസം വരുത്താതെ സർവോദയം, സ്ഥിതിസമത്വം, സാധുസംരക്ഷണം, ത്യാഗപൂർവകമായ സേവനം എന്നിങ്ങനെയുള്ള തത്ത്വങ്ങളൊക്കെ പ്രസംഗിച്ചതുകൊണ്ടു കാര്യങ്ങൾക്കു പറയത്തക്ക വ്യത്യാസമുണ്ടാകയില്ല.

മുതലാളിത്തവാദത്തിന്റെ അടിത്തറയാണ് ആർജ്ജനാസക്തി. മനുഷ്യന്റെ ആർജ്ജനാസക്തിയെയും ലാഭകാമത്തേയും ചൂഷണം ചെയ്തുകൊണ്ടാണു മുതലാളിത്ത വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നത്. നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെ വിയർപ്പും അദ്ധ്വാനവും ഉപയോഗിച്ചു ബ്രിട്ടനിലെ ജനങ്ങൾക്കു സുഖമായി ജീവിക്കുവാൻ വേണ്ടി ബ്രിട്ടീഷുകാർ കെട്ടിപ്പെടുത്ത മുതലാളിത്ത വ്യവസ്ഥിതി ഇന്നു മുതലാളിമാർ മാറിയെങ്കിലും അന്താരാഷ്ട്ര മുതലാളിത്ത വ്യവസ്ഥിതിയുടെ ഒരവശ്യ ഘടകമായി നിലകൊള്ളുകയാണ്. ആ വ്യവസ്ഥിതിക്കകത്തുനിന്നുകൊണ്ടു മനുഷ്യൻ സ്വാർത്ഥം കൈവിടണമെന്നും സ്ഥിതിസമത്വം കൈവരുത്തണമെന്നും ദാരിദ്ര്യവും അനീതിയും ഉച്ചാടനം ചെയ്യണമെന്നും ഒക്കെ വാദിക്കുന്നതു വെറും കോലംകളി മാത്രം. മഹാത്മാഗാന്ധിയായാലും, ജയപ്രകാശ് നാരായണനായാലും, മൊറാർജി ദേശായിയായാലും അങ്ങനെ പ്രസംഗിക്കുന്നതു മുതലാളിത്ത വ്യവസ്ഥിതിയുടെ മനസ്സാക്ഷിയെ അല്പമൊന്ന് ആശ്വസിപ്പിക്കുമെന്നല്ലാതെ പാവപ്പെട്ടവനു പ്രയോജനമൊന്നും ചെയ്യുകയില്ല.

* * * * * * * * * * * * *

മുതലാളിത്ത വ്യവസ്ഥിതിക്കകത്തു നിന്നുകൊണ്ടു സ്വാർത്ഥതയെ വിപാടനം ചെയ്യുവാൻ സാധിക്കുകയില്ലെന്നാണെങ്കിൽ പിന്നെ മറ്റെന്താണു ഗതി? മാർക്സിസമല്ലാതെ മറ്റു മാർഗ്ഗമുണ്ടോ? ഇതാണു പലരും ചോദിക്കുന്നത്. പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച ഇന്നത്തെ ഭാരതീയ മനുഷ്യന് ഈ രണ്ടു വ്യവസ്ഥിതികളെക്കുറിച്ചേ അറിയാവൂ. ഒന്നുകിൽ മുതലാളിത്ത വ്യവസ്ഥിതിയിൽ പാശ്ചാത്യ ലിബറലിസം കലർത്തിയ അമേരിക്കൻ രീതിയിലുള്ള ഒരു പോക്ക്. അല്ലെങ്കിൽ കമ്യൂണിസത്തിന്റെ മാർഗ്ഗത്തിൽക്കൂടി മാർക്സിന്റെയും ലെനിന്റെയും സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പോക്ക്. ഇതു രണ്ടുമല്ലെങ്കിൽ രണ്ടിന്റെയും കുറെ

ഭാഗങ്ങൾ അവനവന്റെ അഭിരുചിക്കനുസരിച്ച് കൂട്ടിച്ചേർത്തുണ്ടാക്കുന്ന ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി. ഇതാണ് അഭ്യസ്തവിദ്യനായ അഭിനവ ഭാരതീയന്റെ ചിന്തയുടെ പോക്ക്. പക്ഷേ വ്യക്തിപരമായ പ്രവർത്തന ങ്ങളധികവും ഇപ്പറഞ്ഞതിനൊന്നുമല്ല; തനിക്കും തന്റെ വീട്ടുകാർക്കും കഴിയുന്നത്ര സുഖവും പണവും പ്രതാപവും കരസ്ഥമാക്കുന്നതിനു വേണ്ടി മാത്രം.

അസൂയാവഹമല്ലാത്ത ഈ സ്ഥിതിവിശേഷം വ്യത്യാസപ്പെടണമെ ങ്കിൽ ആദ്യം വേണ്ടതു വ്യക്തിയുടെ പരിവർത്തനമല്ലേ എന്നു ചിലർ ചോദിക്കും. എല്ലാ വ്യക്തികളും ഭക്തന്മാരും സന്മാർഗ്ഗനിരതരുമായിക്ക ഴിഞ്ഞാൽ പ്രശ്നങ്ങളൊക്കെത്തീരുമെന്നും അതുകൊണ്ടു മാത്രമാണു മനുഷ്യനെ നന്നാക്കാൻ സാധിക്കുന്നതെന്നും ചില മതനേതാക്കൾ പറയും. ഒരു സമൂഹത്തിന്റെ പരിവർത്തനത്തിൽ ഏതാനും ചില വ്യക്തി കൾക്കു നിർണ്ണായകമായ നേതൃത്വം നല്കുവാൻ പലപ്പോഴും സാധിച്ചി ട്ടുണ്ട് എന്നുള്ളതിനു സംശയമില്ല. പക്ഷേ സമൂഹത്തിലെ എല്ലാ വ്യക്തി കളെയോ അല്ലെങ്കിൽ ഭൂരിഭാഗം വ്യക്തികളെയൊ ഒറ്റയ്ക്കൊറ്റയ്ക്കു പരി വർത്തനം ചെയ്യിച്ചിട്ടു സമൂഹത്തെ സമൂല പരിവർത്തനം ചെയ്യാമെ ന്നുള്ള ചിന്ത വെറും വ്യാമോഹമാണ്.

ഓരോ വ്യക്തിക്കും തന്റെ സ്വാർത്ഥമോഹങ്ങളെ മറികടന്നു നിസ്വാ ർത്ഥമായ സാമൂഹ്യ സേവനത്തിനു സന്നദ്ധനാകാനുള്ള ആഹ്വാനവും ആവേശവും നല്കുന്നതു ചരിത്രത്തിൽത്തന്നെ സംജാതമാകുന്ന ചില പ്രത്യേക സാഹചര്യങ്ങളും ആ സാഹചര്യങ്ങളിൽ നിന്നുദിക്കുന്ന ചില പുതിയ ആശയങ്ങളും, ആ ആശയങ്ങൾക്കു രൂപംകൊടുത്തു സമൂ ഹത്തെ വഴിനടത്തുന്ന ധീരോദാത്തന്മാരും ആവേശഭരിതരുമായ നേതാ ക്കന്മാരും ആണ്. ഇതു മൂന്നും കൂടി ഒരുമിച്ച് വരുമ്പോഴേ സാമൂഹ്യ പരിവർത്തനവും വ്യക്തികളുടെ പരിവർത്തനവും ഒരുമിച്ച് ഉണ്ടാവുക യുള്ളു.

* * * * * * * * * * * * *

ഒരു പുതിയ ചരിത്രസാഹചര്യം ഭാരതത്തിൽ ഇപ്പോൾ ഉടലെടുത്തു കൊണ്ടിരിക്കയാണ്. സ്വാതന്ത്ര്യത്തിനുശേഷം മുപ്പതുകൊല്ലങ്ങൾ കഴിഞ്ഞ് ഇന്നിതാ ഭാരതീയ രാഷ്ട്രത്തിൽ സമൂല വ്യതിയാനങ്ങൾ വന്നു കൊണ്ടിരിക്കുന്നു. സാമ്പത്തികമായ തകർച്ചയിലേക്ക് അധികം താമസി യാതെ നാം മുന്നേറുമെന്നുള്ളതിനു വലിയ സംശയമൊന്നുമില്ല. വ്യാവ സായികമായി ലോകത്തിൽ എട്ടാം സ്ഥാനത്തെത്തിയിട്ടുള്ള ഇന്ത്യ സാമ്പ ത്തികമായി തകരുന്നതിനു മുമ്പേ ഒരു പക്ഷേ പാശ്ചാത്യ രാഷ്ട്രങ്ങളും ജപ്പാനും ഓസ്ട്രേലിയയും സൗത്ത് ആഫ്രിക്കയും ഒക്കെ ഒരുമിച്ച് തകർ

ന്നേക്കാൻ വഴിയുണ്ട്. ഈ രാജ്യങ്ങളിലെ മുതലാളിത്ത വ്യവസ്ഥിതിക്ക കത്തുള്ള പരസ്പര വൈരുദ്ധ്യങ്ങൾക്കൊണ്ടു തകരാതെ മുന്നോട്ടു പോകുവാൻ ഒരു നിശ്ചിതകാലത്തേക്കു മാത്രമേ അവയ്ക്കു കഴിയുക യുള്ളു.

അങ്ങനെയുള്ള ഒരു തകർച്ചയോടുകൂടി മാത്രമേ പുതിയ മൂല്യങ്ങൾ മനുഷ്യരാശിയുടെ ചക്രവാളത്തിൽ ഉദിക്കുകയുള്ളുവെന്ന് ഈ ലേഖ കനു സംശയമുണ്ട്. മുതലാളിത്ത വ്യവസ്ഥിതിയെപ്പറ്റി മാർക്സിസം പറ യുന്നതു മിക്കവാറും ശരിയാണെങ്കിലും മനുഷ്യരാശിയുടെ ചക്രവാള ത്തിൽ ഉദിക്കേണ്ടുന്ന ഈ പുതിയ മൂല്യധാര മാർക്സിസത്തിൽ നിന്നു ലഭിക്കുമോയെന്നും ഈ ലേഖകനു സന്ദേഹമുണ്ട്. എന്റെ മാർക്സിസ്റ്റ് സുഹൃത്തുക്കൾ എന്നോടു യോജിക്കുകയില്ലെന്ന് അറിയാമെങ്കിലും എന്റെ അഭിപ്രായം വ്യക്തമാക്കുവാൻ ഈയവസരം ഞാൻ ഉപയോഗി ക്കട്ടെ. മാർക്സിസവും ഒരു പാശ്ചാത്യ ചിന്താഗതിയാണ്. അതു സാർവ ലൗകികമാണെന്നു വാദിക്കുന്ന മാർക്സിസ്റ്റ് സുഹൃത്തുക്കളെ എനിക്ക റിയാം. പക്ഷേ ചരിത്രപരമായി നോക്കുമ്പോൾ മാർക്സിസത്തിന്റെ വേരു കൾ ഗ്രീക്കു ചിന്താഗതിയിലും പതിമൂന്നാം ശതാബ്ദത്തിൽ യൂറോപ്പിൽ ഉണ്ടായ ഗ്രീക്ക് സംസ്കാരത്തിന്റെ നവോത്ഥാനത്തിലും പതിനേഴാം ശതാബ്ദത്തിൽ കത്തോലിക്കാസഭയുടെ സ്വേച്ഛാധികാരത്തോടു മറുത ലിച്ചു യൂറോപ്പിൽ ഉണ്ടായ യുക്തിവാദത്തിലുമാണെന്നു പറയാതെ നിർവാ ഹമില്ല. പടിഞ്ഞാറൻ കൊളോണിയലിസത്തിന്റെയും സാമ്രാജ്യമോഹ ത്തിന്റെയും ഉപാധിയായിത്തീർന്ന ആ ശാസ്ത്രീയ മനസ്ഥിതിയും യുക്തിവാദവും തന്നെയാണു മാർക്സിസത്തിനും ജന്മം കൊടുത്തത്. അതിന്റെ മുദ്രയെന്നോണം മാർക്സിസത്തിന്റെ ആശയവാദം ശാസ്ത്ര മാത്രാധിഷ്ഠിതമാണെന്ന് അവർ ഇന്നും വാദിക്കുന്നു.

യാഥാർത്ഥ്യവൃത്തത്തിന്റെ ഒരു സെഗ്മെന്റ് മാത്രമേ ശാസ്ത്രത്തിൽ കൂടി ദർശിക്കുവാനൊക്കുകയുള്ളുവെന്നു പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ ഇന്നു സമ്മതിക്കുന്നു. നമുക്കറിയാവുന്ന ഭൂതശാസ്ത്രത്തിലും, രസത ന്ത്രത്തിലും ജീവശാസ്ത്രത്തിലും ഒക്കെക്കൂടി യാഥാർത്ഥ്യത്തെ മുഴു വനും മനസ്സിലാക്കി മനുഷ്യന് ആവശ്യമായ സകല വിജ്ഞാനവും ആർജ്ജിക്കുവാൻ ശാസ്ത്രത്തിനു കഴിയുമെന്നു പലർക്കും ഉണ്ടായിരുന്ന വിശ്വാസം ഇന്നു മൂഢവിശ്വാസമായി പരിണമിച്ചിരിക്കുകയാണ്. യാഥാ ർത്ഥ്യവുമായി സർഗ്ഗാത്മകമായ ബന്ധത്തിൽ ഏർപ്പെടുവാനുള്ള കഴിവു ശാസ്ത്രജ്ഞനേക്കാൾ കൂടുതലായി പരിശുദ്ധനായ ഒരു സിദ്ധനുണ്ട് എന്നു പറഞ്ഞാൽ ശാസ്ത്രദർശനവിശാരദനായ ഒരു പണ്ഡിതന് ആ വാദത്തെ അപ്പാടെ തള്ളിക്കളയുവാൻ സാദ്ധ്യമല്ല. ശാസ്ത്രത്തിന്റെ പരി മിതികൾ ബഹുലങ്ങളാണെന്ന് ശാസ്ത്രദർശനവിശാരദൻ ഇന്നു തല

കുലുക്കി സമ്മതിക്കുന്നുണ്ട്. ശാസ്ത്രം കൊണ്ട് എല്ലാം അറിയാൻ കഴിയുമെന്നും ശാസ്ത്രീയ വിജ്ഞാനം തെളിയിക്കപ്പെട്ട വിജ്ഞാനമാണെന്നും ഉള്ള വാദങ്ങൾ ഇന്നത്തെ ശാസ്ത്രദർശന വിശാരദർക്കു സ്വീകാര്യമല്ല. ശാസ്ത്രത്തിനകത്തുനിന്നും ഉദിക്കുന്ന പല ചോദ്യങ്ങൾക്കും സമാധാനം ശാസ്ത്രത്തിനകത്തുനിന്നും ലഭ്യമേയല്ലെന്നാണ് ഇന്നു ചിന്തിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ വാദം. വസ്തുനിഷ്ഠമായ ജ്ഞാനത്തിനു മനുഷ്യനുള്ള കഴിവ് മനുഷ്യന്റെ അപരിമിതമായ കഴിവുകളുടെ ഒരു ഭാഗം മാത്രമാണെന്നും വസ്തുനിഷ്ഠമെന്നു നാം ഇന്നലെവരെ വിചാരിച്ചിരുന്ന വിജ്ഞാനം അത്രതന്നെ വസ്തുനിഷ്ഠമല്ലെന്നും ഇന്നു ശാസ്ത്രചിന്തകന്മാർക്ക് അറിയാം.

ഈ പുതിയ ചിന്തയുടെ പരിണതഫലമെന്നോണമാണു പാശ്ചാത്യ രാജ്യങ്ങളിലെ യുവജനങ്ങളിൽ പലരും യുക്തിയിലും, ശാസ്ത്രത്തിലും സാങ്കേതികതയിലും അധിഷ്ഠിതമായ പാശ്ചാത്യ സംസ്കാരത്തിന്റെ മൂല്യങ്ങളെ തിരസ്കരിച്ചുകൊണ്ടു കിഴക്കുനിന്നുള്ള വെളിച്ചം തേടി ബൗദ്ധ ഹൈന്ദവ ഗുരുക്കന്മാരുടെ ശിഷ്യത്വം സ്വീകരിക്കുന്നത്. ബൗദ്ധ സംസ്കാരത്തിന്റെയും ഹൈന്ദവ ദർശനത്തിന്റെയും ഉറവിടമായ നമ്മുടെ നാട്ടിൽ ഇക്കാര്യത്തെക്കുറിച്ച് ഇപ്പോഴും വലിയ ബോധമൊന്നും ഉദിച്ചിട്ടില്ല. പാശ്ചാത്യർ പാശ്ചാത്യ സംസ്കാരത്തെ തിരസ്കരിച്ചാലും പൗരസ്ത്യരായ നാം അതിനെ മുറുകെപ്പിടിച്ചുകൊണ്ടു നമ്മുടെ സ്വന്തം പാരമ്പര്യത്തെ അവഗണിക്കുക തന്നെ ചെയ്യും. ഒരു വലിയ ഖിലാഫത്ത് വന്നു നമ്മുടെ ചിന്തയിൽ ഒരു ഭൂമികുലുക്കം ഉണ്ടാക്കുന്നതു വരെ.

മാർക്സിസ്റ്റ് പറയുന്നു, ദ്രവ്യാത്മക വസ്തുക്കളുടെ (Material goods) ഉൽപാദനത്തിലും വിതരണത്തിനും വേണ്ടിയുള്ള പരസ്പരബന്ധങ്ങളുടെ വ്യവസ്ഥിതിയാണു മനുഷ്യസംസ്കാരത്തിന്റെയും മൂല്യസംഹിതയുടെയും അടിസ്ഥാനമെന്ന്. ഗാന്ധിജി പറയുന്നു, ദരിദ്രന് ഈശ്വരൻ പ്രത്യക്ഷപ്പെടുന്നതു ഭക്ഷണരൂപത്തിലായിരിക്കുമെന്ന്, സാധാരണക്കാരൻ ചിന്തിക്കുമ്പോൾ എല്ലാം ചെന്നു നില്ക്കുന്നതു ദ്രവ്യാത്മകവസ്തുക്കളുടെ ഉപഭോഗത്തിലാണ്. മുതലാളിത്തവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ പാശ്ചാത്യ സംസ്കാരവും പറയുന്നത് അതു തന്നെ. എല്ലാ ഉപഭോഗം അനുഭോഗം അകത്താക്കൽ സ്വാഹ!

എന്നാൽ ഉപഭോഗം ആവശ്യമാണെങ്കിലും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതെന്നു മതം പറയുന്നു. ഭോജനം അതിൽത്തന്നെ ഒരു ലക്ഷ്യമല്ലെന്നും ഭോജനം കൊണ്ടു സംസിദ്ധമാകുന്ന ശക്തി എന്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു എന്നുള്ളതിലാണു കാര്യം കിടക്കുന്നതെന്നും അധികംപേരും സമ്മതിക്കും. മതം രണ്ടും പഠിപ്പിക്കുന്നുണ്ട്.

ഒന്നു തന്റെ ഭോജനം ഒരു പക്ഷേ ആത്മീയമല്ലായിരിക്കാം. പക്ഷേ തന്റെ സഹോദരനു ഭോജനം ഉണ്ടാവുക എന്നുള്ളതു തന്റെ ആത്മീയ ആവശ്യമാണ് എന്നുള്ളതും, മറുവശത്തു മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്, ദൈവത്തിന്റെ വചനം കൊണ്ടു കൂടിയാണ് എന്നുള്ളതും, മനുഷ്യരുടെ അകത്തേക്കു പോകുന്നതല്ല മനുഷ്യനെ മനുഷ്യനാക്കുന്നത്, മനുഷ്യനിൽ നിന്നുദ്ഗമിക്കുന്നതാണു പ്രധാനമായിട്ടുള്ളത് എന്നുള്ളതും.

ഏതായാലും ഇന്നും എന്നും മനുഷ്യനെ അഭിമുഖീകരിക്കുന്ന പ്രശ്നം ഇതാണ്. (1) ഏതാണ് അഭികാമ്യം? (2) അഭികാമ്യമായുള്ളതിനെ പ്രാപിക്കുന്നതെങ്ങനെ? ഈ രണ്ടു ചോദ്യങ്ങൾക്കും മുതലാളിത്ത വ്യവസ്ഥിതിയും പാശ്ചാത്യ ലിബറലിസവും നല്കുന്ന സമാധാനങ്ങൾ സ്വാർത്ഥത്തിലും വ്യക്തിയുടെ പ്രാഥമികതയിലും അധിഷ്ഠിതമാണ്. ഇതേ ചോദ്യത്തിന് മാർക്സിസം നൽകുന്ന സമാധാനം നിസ്വാർത്ഥതയിലും സമൂഹത്തിന്റെ പ്രാഥമികതയിലും അധിഷ്ഠിതമാണ്. പക്ഷേ രണ്ടിന്റേയും അളവുകോൽ മനുഷ്യന്റെ യുക്തിയും അഭിനിവേശവും തന്നെ. ആർഷസംസ്കാരം പോലുള്ള പുരാതന പാരമ്പര്യങ്ങൾക്കും ശ്രുതിസ്മൃതികൾക്കും രണ്ടിലും സ്ഥാനമൊന്നുമില്ല. മനുഷ്യന് ഏതാണ് അഭികാമ്യം? എല്ലാ മനുഷ്യർക്കും ഏതാണ് അഭികാമ്യം? അഭികാമ്യമായിട്ടുള്ളതിനെ എല്ലാവരും പ്രാപിക്കണമെങ്കിൽ ഏതുവിധത്തിലുള്ള സാമൂഹ്യ വ്യവസ്ഥിതിയാണാവശ്യം? ഈ ചിന്തകൾ നമ്മുടെ ചിന്തയുടെ ചക്രവാളത്തിൽ അസ്തമിക്കാതെ നില്ക്കട്ടെ എന്നു മാത്രം ആശംസിക്കുന്നു.

*(മലയാള മനോരമ വാർഷികപ്പതിപ്പ്, 1977)*

# 5

# ഭാരതവർഷവും യൂറോപ്യൻ പ്രബോധോദയവും

ഭാരതീയർ എന്ന നിലയ്ക്ക് സ്വത്വത്തെയും സ്വയംധാരണകളെയും കുറിച്ചു നമുക്കുള്ള കാഴ്ചപ്പാട് എന്താണ്? ഇന്ത്യ എന്നതിനു പകരം 'ഭാരതവർഷം' എന്ന സംജ്ഞയാണ് ഞാൻ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഇന്ത്യ, ഇന്ത്യൻ, ഹിന്ദു, ഹിന്ദുസ്ഥാൻ തുടങ്ങിയ പേരുകളൊന്നും നമ്മൾ തെരഞ്ഞെടുത്തതല്ല. വിദേശികൾ ഉപയോഗിച്ച പേരുകളാണവ. നമ്മൾ പിന്നീടതു സ്വന്തമാക്കി.

കിഴക്കൻ മധ്യധരണ്യാഴി, പശ്ചിമേഷ്യാ പ്രദേശങ്ങളിലാണ് ഈ പേരുകളുടെ ഉദ്ഭവം. അർത്ത സെർസസിന്റെ കാലത്ത് പേഴ്സ്യൻ സാമ്രാജ്യത്തിൽപെട്ട 127 പ്രവിശ്യകളുടെ കൂട്ടത്തിൽ 'ഹിന്ദോ' എന്നോ 'ഹിധോ' എന്നോ, ജൂതന്മാരുടെ ബൈബിളിലെ ബുക്ക് ഓഫ് എസ്തറിൽ പരാമർശിക്കുംപോലെ ഇങ്ങനെ ചില പേരുകൾ കാണാം. ഇന്നത്തെ ഇന്ത്യയുടെ പല ഭാഗങ്ങളും അതിൽ ഉണ്ടാവില്ല. ഗ്രീക്കുകാർ 'ഇന്തോസ്' എന്നും 'ഇന്തിക്സ്' എന്നും പ്രയോഗിച്ചു പോന്നു. ഇതെല്ലാം തന്നെ മഹാസമുദ്രം അഥവാ മഹാനദിയും നദീതടങ്ങളും എന്നതിനെ സൂചിപ്പിക്കുന്ന 'സിന്ധു' എന്ന പദത്തിന്റെ തദ്ഭവങ്ങളാണ്.

നമ്മൾ ഉപയോഗിച്ചുപോന്ന പദങ്ങൾ ജംബുദ്വീപ് എന്നോ ഭാരതവർഷം എന്നോ ആണ്. ദ്വീപ് എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമെന്നല്ല; 'ജനവാസഭൂമി' എന്നാണ്. തിബറ്റുകാർ അവരുടെ നാടിനെ ജംബുദ്വീപ് എന്നാണ് വിളിക്കുന്നത്. പുരാണപ്രസിദ്ധനായ ഭരതചക്രവർത്തിയിൽ നിന്നാണ് നാടിനു ഭാരതവർഷം എന്ന പേരു സിദ്ധിച്ചത്.

വടക്കൻ ഭാരതത്തിൽ പിറവിയെടുത്ത പുരാണങ്ങൾ ഉൾപ്പെടെയുള്ള ബ്രാഹ്മണകങ്ങളിൽ തെക്കൻ ദേശങ്ങളെപ്പറ്റി കാര്യമായ വിവരങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. ആന്ധ്ര, വിദർഭ എന്നിവയും തമിഴകം അഥവാ പാശ്ചാത്യരുടെ ഭാഷയിൽ ദമിരകം ഉൾപ്പെടുന്ന ചോള, ചേര, പാണ്ഡ്യ രാജ്യങ്ങളും ചേർന്ന് ആയിരം കൊടുമുടികളോടുകൂടിയ വിന്ധ്യന്റെ തെക്കുള്ള ദക്ഷിണാവർത്തം അഥവാ ദക്ഷിണാപഥമാണ് ഈ തെക്കൻ നാടുകൾ.

ഭാരതീയ മതത്തിന്റെയും സംസ്കാരത്തിന്റെയും പ്രാതഃസ്രോതസ്സുകൾ ഉറവ പൊട്ടിയതും പരപ്പും ആഴവും നേടിയതും വടക്കൻ സമതല

ഭൂമികളേക്കാൾ കൂടുതലായി ദക്ഷിണാപഥത്തിലായിരുന്നു എന്ന യാഥാർ ഥ്യാവബോധം പുനഃസൃഷ്ടിക്കുന്നതിലാണ് നമ്മുടെ സ്വത്വത്തിന്റെ ഒരംശം ഇന്നു നിലനിൽക്കുന്നത്.

അതിനർത്ഥം, ആര്യാവർത്തം മാത്രമല്ല, ദക്ഷിണാവർത്തം കൂടി ഉൾ പ്പെട്ട ഭാരതവർഷമാണ് നമ്മുടെ സ്വത്വത്തിന്റെ ചൈതന്യധാര എന്നതാണ്. ഡക്കാൺ എന്നു പിൽക്കാലത്തു പാശ്ചാത്യവൽക്കരിക്കപ്പെട്ട ദക്ഷിണാ വർത്തമായിരുന്നു നമ്മളെ പെറ്റുവളർത്തിയ വളക്കൂറുള്ള മണ്ണ്. ഔത്ത രാഹന്മാരുടെ വേദങ്ങൾക്കു സമാന്തരമായി, ആൾവാർമാരുടെയും നായ നാർമാരുടെയും മറ്റു ശൈവ, വൈഷ്ണവ കവികളുടെയും ആധ്യാത്മി കാചാര്യന്മാരുടെയും നാവുകളിൽ നിന്നുതിർന്നതാണ് തെക്കേ ഇന്ത്യ യിലെ തിരുവായ്മൊഴികൾ തുടങ്ങിയവ.

ഭാരതവർഷത്തിലെ വിവിധ പ്രസ്ഥാനങ്ങൾ, അഥവാ സമ്പ്രദായങ്ങൾ, ഒരുമിച്ചു കൂട്ടി ഒരേ ശീർഷകത്തിൽ ആണിയടിച്ചു തൂക്കാൻ 19-ാം നൂറ്റാ ണ്ടിലെ പാശ്ചാത്യ വിദുഷികൾ വാർത്തെടുത്ത പദമാണ് 'ഹിന്ദുയിസം' എന്നത് എന്ന് എത്ര പേർക്ക് അറിയാം.

ശൈവമതം മധ്യകാലഘട്ടത്തിൽ ഹിന്ദുമതത്തിന്റെ ഭാഗമായി കണ ക്കാക്കപ്പെട്ടിരുന്നില്ലെന്നുള്ളതിന് തെളിവുകളുണ്ട്. സോമ-ശംഭു പദ്ധതി അഥവാ കർമകാണ്ഡ ക്രമാവലി എന്ന് അറിയപ്പെടുന്ന 11-ാം നൂറ്റാണ്ടിലെ രേഖയാണ് ഒരു തെളിവ്. അഴകിയ മണവാളപ്പെരുമാൾ നായനാരുടെ ആചാര്യഹൃദയം ശ്രീവൈഷ്ണവ പാരമ്പര്യത്തിൽപെട്ട തെങ്കലൈ സമ്പ്രദായത്തിലെ പ്രസിദ്ധനായ പിള്ളൈ ലോകാചാര്യന്റെ സഹോദര നാണ് 13/14 നൂറ്റാണ്ടിലെ ഈ കൃതിയുടെ രചയിതാവ്.

ശൈവസിദ്ധാന്തത്തിലെ എല്ലാ യാഥാസ്ഥിതിക സമ്പ്രദായങ്ങൾക്കും ബാധകമായ അനുഷ്ഠാനങ്ങൾ പ്രതിപാദിക്കുന്ന പ്രമാണഗ്രന്ഥമാണ് സോമ-ശംഭു പദ്ധതി. നൂറ്റാണ്ടുകളോളം ഇത് ആചരിച്ചുപോരുകയും ചെയ്തിരുന്നു. ഇത് 1931-ൽ ദേവക്കോട്ടയിൽ കെ. എം. സുബ്രഹ്മണ്യ ശാസ്ത്രി, അഘോര-ശിവാചാര്യരുടെ ഭാഷ്യത്തെ അടിസ്ഥാനമാക്കിയുള്ള കുറിപ്പുകളോടെ പ്രസിദ്ധപ്പെടുത്തി. ഇന്ന് അറിയപ്പെടുന്ന ഹിന്ദുമതം ഉൾപ്പെടെയുള്ള സമ്പ്രദായങ്ങളിൽ വച്ചു സർവോൽകൃഷ്ടമായ ശൈവ സമുദായത്തിലേക്ക്, ശൈവേതര വിഭാഗത്തിൽപ്പെട്ടവരെ സ്വീകരിക്കു മ്പോൾ പാലിക്കേണ്ട അനുഷ്ഠാനങ്ങളുടെ ഒരു ക്രമകമാണ് ഇതിന്റെ സാരം.

മറ്റെല്ലാ സമ്പ്രദായങ്ങളും ക്രമകത്തിൽ പറയുംപോലെ അനുവർത്തി കളിൽ ഒരു ലിംഗമുദ്ര ചാർത്തുന്നു. ഇതു മോക്ഷപ്രാപ്തിദായകമല്ലെന്നു മാത്രമല്ല, മോക്ഷവഴിയിലെ ദുർഘടം കൂടിയാണ്. ശൈവ സമ്പ്രദായ

ത്തിന്റെ ശരിയായ മാർഗത്തിലൂടെ ചരിച്ചു മോക്ഷപ്രാപ്തി നേടാൻ, സമ്പ്രദായത്തിലേക്കു കടന്നുവരുന്ന ആൾ ആദ്യമേ ഈ ലിംഗചിഹ്നം അടർത്തിയെറിയേണ്ടതുണ്ട്. ഈ വ്യപരോപണത്തെ ലിംഗോദ്ധാരം എന്നാണ് വ്യവച്ഛേദിക്കപ്പെടുന്നത്. ആത്മജ്ഞാനത്തിലേക്കുള്ള യഥാർത്ഥ ശൈവമാർഗ്ഗം ഈ ഉപക്രമം അല്ലെങ്കിൽ ദീക്ഷ ആണെന്നാണ് ശൈവപക്ഷത്തിന്റെ എല്ലാ ആശയങ്ങളും ഉപാശയങ്ങളും സിദ്ധാന്തിക്കുന്നത്.

ഇത് അതിസങ്കീർണമായ ഒരു സിദ്ധാന്തമാണെങ്കിലും 11-ാം നൂറ്റാണ്ടിലെ ഈ ശൈവസിദ്ധാന്തകോശം ഇന്ന് അറിയപ്പെടുന്ന മട്ടിലുള്ള ഹിന്ദുമതത്തെ അംഗീകരിക്കുന്നില്ലെന്ന വസ്തുതയാണ് നമ്മൾ പ്രധാനമായും ശ്രദ്ധിക്കേണ്ടത്. മാത്രമല്ല, ഹിന്ദുമതത്തിലെ മറ്റെല്ലാ സമ്പ്രദായങ്ങളും മോക്ഷപ്രദായകങ്ങളല്ലെന്നും അധഃസ്ഥിതങ്ങളാണെന്നും പറഞ്ഞു പുച്ഛിച്ചു തള്ളിക്കളയുകയും ചെയ്യുന്നുണ്ട്. ‘കർമം’ എന്ന കാതലായ പ്രമാണത്തെ, മായാലോകപരമെന്നും അതുകൊണ്ടുതന്നെ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലെന്നും പറഞ്ഞ്, തള്ളിക്കളയുക പോലും ചെയ്തിരിക്കുന്നു ഈ ശൈവസിദ്ധാന്തകോശം. 11-ാം നൂറ്റാണ്ടിലെങ്കിലും ഹിന്ദുമതം എന്നൊരു സമ്പ്രദായം നിലവിലില്ലായിരുന്നുവെന്നും തങ്ങളെ ഹിന്ദുക്കളായി ശൈവന്മാർ കരുതിയിരുന്നില്ലെന്നും ഇതിൽ നിന്നു സുവ്യക്തമായി നിഷ്പദിക്കാവുന്നതേയുള്ളൂ.

മറ്റൊരു രേഖ, മണിപ്രവാള തമിഴിൽ (സംസ്കൃത-തമിഴ് സങ്കരം) എഴുതപ്പെട്ട 13-ാം നൂറ്റാണ്ടിലെ ആചാര്യഹൃദയമാണ്. തെങ്കലൈ സമ്പ്രദായത്തിലെ പ്രസിദ്ധനായ പിള്ളൈ ലോകാചാര്യരുടെ സഹോദരൻ മണവാള മാമുനിയാണ് കർത്താവ്. അഴകിയ മണവാളപ്പെരുമാൾ നായനാർ എന്നാണ് മുഴുപ്പേര്.

ആചാര്യഹൃദയം തുറന്ന സർവദേശാധിഷ്ഠിത മതസമ്പ്രദായമാണ്. പാരമ്പര്യ ശ്രീവൈഷ്ണവ പ്രസ്ഥാനത്തെ പുനഃസംഘടിപ്പിക്കുകയും പ്രസ്ഥാനം ഔത്തരാഹ, വേദസ്വാധീനമുക്തമാക്കുകയുമാണ് ലക്ഷ്യം. ഉത്തരഭാരതത്തിന്റെ സംഭാവനയായ കർമസിദ്ധാന്തമാണ് പ്രഥമതഃ ശരവ്യമാക്കുന്നത്. കർമസിദ്ധാന്തവും വൈദികാനുഷ്ഠാനങ്ങളും തിരസ്കരിക്കുക മാത്രമല്ല, വർണാശ്രമധർമങ്ങളും ഉപരിപീഠസ്ഥമായ ബ്രഹ്മവും അപ്പാടെ പുച്ഛിച്ചു തള്ളപ്പെടുകയും ചെയ്യുകയാണ്.

‘കർമ’ത്തെ ഇളക്കിയെറിഞ്ഞ സ്ഥാനത്തു പ്രതിഷ്ഠ നേടുന്നത് ‘കൈങ്കര്യ’യാണ്. എല്ലാ മനുഷ്യരിലും കുടികൊള്ളുന്ന ആന്തര നിയോഗം. ശുദ്ധമായ ഭക്തിയിലൂടെ ദൈവത്തെ ഭജിക്കാനും സേവിക്കാനും അതുവഴി കൈവല്യം പ്രാപിക്കാനുമുള്ള നിയോഗം. ഹിന്ദുമത

തത്വങ്ങളും അനുഷ്ഠാനങ്ങളും എന്നു പറയപ്പെടുന്ന പ്രമാണങ്ങളുമായി ഇതിനു യാതൊരു ബന്ധവുമില്ല. ഋക്, യജുർ, സാമ, അഥർവ വേദങ്ങളെപ്പോലെതന്നെ തെക്കൻ നാട്ടുകാർ ആധികാരികമായി കണക്കാക്കുന്ന തെക്കൻ വേദമെന്നു പറയാവുന്ന നമ്മാൾവാറുടെ തിരുമൊഴിയിൽ നാം കാണുന്നത് ഇതാണ്.

ശൈവ, വൈഷ്ണവ വിഭാഗങ്ങൾ ആദ്യകാലത്തു ഹിന്ദുമതത്തിന്റെ ഭാഗമേ ആയിരുന്നില്ല. രണ്ടായിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ഇവ രണ്ടും തെക്കെ ഇന്ത്യയിലെ സ്വതന്ത്ര മതങ്ങളോ ആത്മീയ പ്രസ്ഥാനങ്ങളോ ആയിരുന്നു. അതു പിന്നെ ഔത്തരാഹരുടെ വിശ്വാസ സഞ്ചയത്തിന്റെ ഭാഗമാക്കപ്പെട്ടു. ഒടുവിൽ ഈ ശൈവ, വൈഷ്ണവ ജ്ഞാന മാർഗങ്ങൾ വേദങ്ങളെ സമൂലമായി സ്വാധീനിക്കുക വരെ ചെയ്തു.

നമ്മുടെ മതപൂർവകാലത്തെപ്പറ്റിയുള്ള അന്തർബോധം നിർശോധിതമാംവണ്ണം വികലമാണ്. 19-ാം നൂറ്റാണ്ടു മുതൽ ഹിന്ദുമതം എന്ന അവിയലിനെപ്പറ്റി നമ്മൾ അബദ്ധ സങ്കല്പങ്ങൾ രൂപപ്പെടുത്തിയിരുന്നു. 19-ാം നൂറ്റാണ്ടിനു മുമ്പ് ഹിന്ദുമതം എന്നൊന്ന് ഉണ്ടായിരുന്നതേയില്ല. ഭാരതത്തിന്റെ ആത്മീയാന്വേഷണ ചിത്രം മാറ്റിയെഴുതുമ്പോൾ അടിസ്ഥാന വർണങ്ങൾക്കുവേണ്ടി നമ്മൾ ബ്രഷ് മുക്കേണ്ടത് തെക്കെ ഇന്ത്യൻ ആത്മീയ പ്രസ്ഥാനങ്ങളിലാണ്. ഈ പ്രസ്ഥാനങ്ങൾ പിന്നീട് ആര്യാവർത്തത്തിലേക്കു വ്യാപിച്ചു; സംസ്കൃതത്തിലേക്കു മൊഴിമാറ്റപ്പെട്ടു; വേദ -ബ്രാഹ്മണിക സങ്കൽപ്പസഞ്ചയത്തിൽ സ്വീകൃതങ്ങളായി.

നമ്മുടെ ഭരണഘടനപോലും ബുദ്ധ, ജൈന മതങ്ങളെ (സിക്കു മതത്തെ പോലും) ഹിന്ദുമതത്തിന്റെ ഭാഗമായിട്ടാണ് കണക്കാക്കുന്നത്. വേദങ്ങൾക്കും ബ്രാഹ്മണങ്ങൾക്കും എത്രയോ മുമ്പു തന്നെ ഭാരതത്തിൽ മത, സാംസ്കാരിക, ആധ്യാത്മിക പാരമ്പര്യം വ്യാപകമായി നിലനിന്നു പോന്നിരുന്നു എന്നതാണു യാഥാർത്ഥ്യം. ഒരു ന്യൂനപക്ഷ മത/സാംസ്കാരിക സമ്പ്രദായമായ വേദകാല ബ്രാഹ്മണികത ബ്രാഹ്മണർ മറ്റു സമുദായങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഇതിനു കടുത്ത എതിർപ്പുകളെ നേരിടേണ്ടിവരുകയും ചെയ്തു. ഈ എതിർപ്പിന്റെ പ്രകടമായ ബഹിർസ്ഫുരണങ്ങളായിരുന്നു ബുദ്ധ, ജൈന മതങ്ങളുടെ ആവിർഭാവം. ബ്രാഹ്മണിക പൂർവകാലഘട്ടത്തിലെ ശ്രമണിക പാരമ്പര്യം ഈ പ്രതിഷേധമതധാരകൾക്കു കരുത്തും ദൃഢതയും നൽകി. ഭഗവാൻ ശ്രീബുദ്ധനെ 'മഹാശ്രമണൻ' എന്നാണ് അദ്ദേഹത്തിന്റെ സമാധി സമയത്തു വിശേഷിപ്പിച്ചിരുന്നത്.

ഈ ശ്രമണ പാരമ്പര്യം എന്നതു വേദങ്ങളെയും ബ്രാഹ്മണിക സമ്പ്രദായത്തെയുംകാൾ പഴക്കമേറിയതാണ്. വടക്കെ ഇന്ത്യയിലെ സാംഖ്യ

യോഗദർശനത്തെക്കാളെങ്കിലും പഴക്കം അവകാശപ്പെടാം. എന്തിന്, ആദ്യ കാലത്തെ ചില ഋഷിമാർ പോലും ബ്രാഹ്മണരോ വേദഹിന്ദുക്കളോ അല്ലായിരുന്നു. വേദങ്ങൾ പോലും ശ്രമണരുടെ സൃഷ്ടികൾ ആയിക്കൂടെന്നില്ല.

ആർഷപാരമ്പര്യം എന്നു പറയുന്നതു പോലും വേദപൂർവകാലത്തെ ശ്രമണരുടെ സൃഷ്ടിയാണ്. ദേശാടനക്കാരായ ശ്രമണർ വടക്കേ ഇന്ത്യയിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്നവരല്ല എന്നു വിശ്വസിക്കാനും ന്യായമുണ്ട്. സന്യാസ, ധ്യാന പ്രസ്ഥാനങ്ങളായ ബുദ്ധ, ജൈന വിശ്വാസങ്ങളിലേക്കു മതം മാറാനുള്ള അടിസ്ഥാനം ഒരുക്കിയ ശ്രമണപാരമ്പര്യം തെക്കെഇന്ത്യയിലായിരുന്നിരിക്കാം ആവിർഭവിച്ചത്.

ആധ്യാത്മിക, ധ്യാന പ്രസ്ഥാനങ്ങളായ ബുദ്ധ, ജൈന മതങ്ങളിലേക്കു വൻതോതിൽ പ്രവാഹങ്ങളുണ്ടാകാൻ കളമൊരുക്കിയത്, ഒരു പക്ഷേ തെക്കെഇന്ത്യയിൽത്തന്നെ പിറവിയെടുത്ത ശ്രമണ സമ്പ്രദായം ആയിക്കൂടെന്നില്ല. ശൈവ, വൈഷ്ണവ സമ്പ്രദായങ്ങളായി പിന്നീട് അറിയപ്പെട്ട ഭക്തി പ്രസ്ഥാനങ്ങൾക്ക് ജന്മഭൂമിയായതും ഇതേ ദേശസാഹചര്യം തന്നെ. ഈ ശ്രമണ പാരമ്പര്യത്തെക്കുറിച്ചുള്ള അവബോധത്തോടെയല്ലാതെ ഭാരതീയ സ്വതന്ത്രചിന്തയുടെ വേരുപടലങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ സാധ്യമല്ല.

വടക്കുപടിഞ്ഞാറൻ അതിർത്തി വഴിയാണ് ബാഹ്യലോകവുമായി ഭാരതം ഏറെയും സമ്പർക്കം പുലർത്തിപ്പോന്നത് എന്നാണ് ചില ചരിത്രകാരന്മാർ ചരിത്രത്തെ വളച്ചൊടിച്ചു പരത്തുന്ന ധാരണ. വടക്കേ ആഫ്രിക്കയും പശ്ചിമേഷ്യയുമായി കടൽവഴി ഇന്ത്യ വാണിജ്യം നടത്തിയിരുന്ന കാര്യം ചില ചരിത്രകാരന്മാർ വിശദമായി പ്രസ്താവിക്കുന്നുണ്ട്. സൈറസിന്റെയും (558–530 ബി.സി.) ദാരിയൂസിന്റെയും (522–486 ബി.സി.) കാലത്ത് പേഴ്സ്യൻ, അർമേനിയൻ സാമ്രാജ്യത്വ വികസനം ഇന്ത്യയിലേക്കു വ്യാപിക്കുന്നതിന് മുമ്പുതന്നെ കടൽ വഴിയുള്ള വാണിജ്യത്തിലും ഈജിപ്ത്, സിറിയ, പലസ്തീൻ, ബാബിലോണിയ, പേഴ്സ്യ തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതിലും വടക്കെ ഇന്ത്യയെക്കാളും പ്രധാന പങ്ക് തെക്കെ ഇന്ത്യ വഹിച്ചിരുന്നു എന്നത് അവിതർക്കിതമായ കാര്യമാണ്.

സോളമൻ ചക്രവർത്തിയും അദ്ദേഹത്തിന്റെ സുഹൃത്തായ സിറിയയിലെ ഹിരാം രാജാവും ഇന്ത്യയുമായി വ്യാപാരങ്ങൾ നടത്താൻ ഫിനിഷ്യന്മാരെ നിയോഗിച്ചിരുന്നു. ഇവർ തെക്കേ ഇന്ത്യയുമായാണ് പ്രധാനമായും ബന്ധങ്ങൾ സ്ഥാപിച്ചത്. ഭാരതചരിത്രം എഴുതുന്നവർ, ഒന്നാം നൂറ്റാണ്ടു മുതൽ ബോംബെയിലും കേരളത്തിലും ഒരു കുടിയേറ്റ ജൂത സമൂഹം പാർത്തിരുന്നു എന്ന കാര്യം വിസ്മരിച്ചു കളയരുത്. വളർന്നു

വന്ന സുഗന്ധവ്യഞ്ജന വ്യാപാരമാണ് തെക്കേഇന്ത്യക്കാരും പശ്ചിമേഷ്യയും തമ്മിൽ കൂടുതൽ ബന്ധത്തിനു വഴിയൊരുക്കിയത്.

ക്രിസ്തുവർഷാരംഭത്തിന് ഒരു സഹസ്രം വർഷം മുമ്പും ക്രിസ്തുവർഷാരംഭകാലത്തും മധ്യധരണ്യാഴി പ്രദേശങ്ങൾ തെക്കേ ഇന്ത്യയിൽ പ്രബലമായ സ്വാധീനം ചെലുത്തിയിരുന്നുവെന്നു പറഞ്ഞാൽ അതിലെല്ലും അതിശയോക്തിയില്ല. തുടർന്ന് മുസ്ലീം ആധിപത്യ കാലം വരെ നീണ്ട ഈ സമ്പർക്കസ്വാധീനം മൂലം തെക്കെ ഇന്ത്യ, വടക്കെ ഇന്ത്യയെക്കാൾ കൂടുതലായി ഭിന്നമത, വർഗക്കാരുടെ അധിവാസഭൂമിയായി മാറി.

യൂറോപ്യൻ പ്രബോധോദയം എന്താണെന്നും ഭാരതീയ സ്വത്വബോധത്തെ അതെങ്ങനെ ബാധിക്കുന്നുണ്ടെന്നും നോക്കാം.

പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ദാരിദ്ര്യത്തിലും വൃത്തിഹീനതയിലും ആണ്ടുകിടന്ന യൂറോപ്പ്, പെട്ടെന്നു പുതുമടിശ്ശീലക്കാരനാകുന്ന കാഴ്ചയാണ് കാണായത്. വാണിജ്യ മുതലാളിത്തം തഴച്ചുവളരുകയായിരുന്നു. ഏഷ്യയുടെയും ആഫ്രിക്കയുടെയും തെക്കെ അമേരിക്കയുടെയും സമ്പത്തിലേറെയും യൂറോപ്പിൽ എത്തിക്കഴിഞ്ഞിരുന്നു. കടൽക്കൊള്ളയടിച്ച മുതലുകൾ, അൽപ്പവും മനഃസാക്ഷിയില്ലാതെ യൂറോപ്പിലെ സാമ്രാജ്യത്വ ശക്തികൾ കോളനികളിൽ നിന്നും കുത്തിക്കവർന്ന സമ്പത്തുകൾ തുടങ്ങിയവ കൂടിച്ചേരുമ്പോൾ യൂറോപ്പിന്റെ സമ്പത്ത് കണക്കില്ലാത്തവണ്ണം പൊലിച്ചു പെരുകി.

യൂറോപ്പിൽ പരന്നു വ്യാപിച്ച ബൗദ്ധികജ്വരത്തിന്റെ പശ്ചാത്തലം ഇതായിരുന്നുവെന്നു കാണുക. വികസ്വരമായ വ്യാവസായിക വിപ്ലവവും യൂറോപ്പിന്റെ ഉത്പാദനക്ഷമതയ്ക്ക് ഇതു നൽകിയ പിന്തുണയും കൂടി കണക്കിലെടുക്കുമ്പോൾ ജന്മിത്വ സമ്പ്രദായത്തിന്റെ തകർച്ചയെയും പുതിയ ബൂർഷ്വാസിയെയും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

17, 18 ശതകങ്ങളിൽ യൂറോപ്പിലുണ്ടായ ഈ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക മുന്നേറ്റത്തിന്റെ പരിണതഫലമാണു യൂറോപ്യൻ പ്രബോധോദയമെന്നും നമുക്കു മനസ്സിലാക്കാം. 18-ാം ശതകത്തിന്റെ ആരംഭദശയിൽ കാലാവസ്ഥാപരമായി യൂറോപ്പിലുണ്ടായ വമ്പിച്ച മാറ്റങ്ങളെപ്പറ്റിക്കൂടി ഞാൻ പറയേണ്ടിയിരിക്കുന്നു. യൂറോപ്പിനെ ആവരണം ചെയ്തു കിടന്ന ലഘു ഹിമയുഗം (1300–1700) ഈ കാലത്ത് അലിഞ്ഞുമാറാൻ തുടങ്ങിയിരുന്നു. കോളനികളിൽ നിന്നു പണപ്രവാഹം കൂടിയതോടെ തൊഴിലവസരങ്ങൾ വർധിച്ചു. നേരത്തെ വിവാഹം ചെയ്യാനും പുത്രോത്പാദനത്തിനും അവസരം ലഭിച്ചു. ഈ കാലഘട്ടത്തോടെ യൂറോപ്പിൽ ജനാരോഗ്യവും മെച്ചപ്പെട്ടു. പ്ലേഗ് 18-ാം നൂറ്റാണ്ടോടെ ഒട്ടൊതുങ്ങി.

ബൂർഷ്വാവർഗത്തിനു മാത്രം ലഭ്യമാക്കപ്പെട്ട വിദ്യാഭ്യാസം യൂറോപ്യൻ പ്രബോധോദയത്തിന് പ്രധാന കാരണമായി ഭവിച്ചു. തൊഴിലാളി വിഭാഗത്തിന് ഈ അവസരം നിഷേധിക്കപ്പെടുകയായിരുന്നു. കൂടുതൽ കൂടുതൽ വിദ്യാഭ്യാസവും ധനവും ആരോഗ്യവും ആർജിച്ചതോടെ മധ്യവർഗം കൂടുതൽ കരുത്തരായെന്നു മാത്രമല്ല, അധികാര സ്ഥാനങ്ങളെയും പ്രഭുവർഗത്തെയും എന്തിന്, ക്രിസ്തീയ സഭയെയും ആർജിത സംസ്കൃതിയെപ്പോലും വെല്ലുവിളിക്കാൻ പോന്നവരാകുകയും ചെയ്തു.

യൂറോപ്യൻ പ്രബോധോദയത്തിന്റെ സ്ഥാപകാചാര്യനായ ഇമ്മാനുവൽ കാന്റിനോടു തന്നെ നമുക്ക് ഈ ചോദ്യം ചോദിക്കാം: "എന്താണ് ഈ പ്രബോധോദയം?" അദ്ദേഹത്തിന്റെ ഉത്തരം 'വാട്ട് ഈസ് എൻലൈറ്റൻമെന്റ്?' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ നിർവചിച്ചിരിക്കുന്നു:

"മനുഷ്യൻ അവന്റെ സ്വയംകൃതമായ അപക്വതയുടെ തോട് ഉടച്ചു പുറത്തു കടക്കുന്നതാണ് പ്രബോധോദയം. സ്വന്തം ധാരണകൾക്കനുസൃതമായി പ്രവർത്തിക്കാനുള്ള ഇച്ഛാശക്തിയുടെ അഭാവമാണ് ഈ അപക്വത. ഇതു സ്വയംകൃതമാണ്; യുക്തി വശംകെടുന്നുവെങ്കിൽ, അതു ധാരണയുടെ അപര്യാപ്തത കൊണ്ടല്ല. പരപ്രേരണയെന്യേ സ്വയംസേവനത്തിനുള്ള നിശ്ചയദാർഢ്യമോ ചങ്കൂറ്റമോ ഇല്ലായ്കകൊണ്ടു മാത്രമാണ്. ചിന്തിക്കാൻ ധൈര്യം കാട്ടുക! ഉണർന്നെണീക്കുക! ധൈര്യം സംഭരിച്ച് നിങ്ങളുടെ ചിന്താശക്തിക്കു താങ്ങാകുക. പ്രബോധോദയത്തിന്റെ സൂത്രവാക്യം ഇതാണ്."

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ധനവും ആരോഗ്യവും വിദ്യാഭ്യാസവും നേടിയ യൂറോപ്പിലെ വെള്ളക്കാർ തങ്ങൾ കൗമാരത്തിന്റെ കുപ്പായം ഊരിയെറിഞ്ഞു യുവത്വത്തിന്റെ പക്വതയിലേക്കു കുതിക്കുന്നു എന്നതിന്റെ ദൃഢപ്രഖ്യാപനമാണ് യൂറോപ്യൻ പ്രബോധോദയം. തങ്ങൾ എങ്ങനെ നയിക്കപ്പെടണമെന്ന് അറിയാൻ ക്രിസ്തീയ സഭയുടെയും പാരമ്പര്യങ്ങളുടെയും ശാസനങ്ങൾക്കു ചെവിയോർത്തിരുന്നതാണ് ഇവരുടെ കൗമാരം. ഇന്ന് പൂർണ യൗവനത്തിലേക്കു കടന്ന അവർക്ക് മതം ആവശ്യമില്ല. പാരമ്പര്യങ്ങളും അവർക്കു വേണ്ടാതായി. തങ്ങളുടെ യുക്തിവിചാരങ്ങൾക്കു ബാഹ്യമായ ഒരാജ്ഞയെയും അനുസരിക്കാൻ അവർ തയാറല്ല. യൂറോപ്യൻ യുവത, സ്വന്തം യുക്തിവിചാരത്തിന്റെയും ധാരണകളുടെയും വഴിത്താരകളിലൂടെ സഞ്ചരിക്കാൻ സന്നദ്ധമായി.

ഇന്ത്യയിൽ വിദ്യാർജിത ജനതയുടെ മാനസികവീക്ഷണവും സ്വത്വാവബോധവും ഈ പ്രക്രിയയുടെ സ്വാധീനത്തിൽപെട്ടു മാറ്റങ്ങൾക്കു വിധേയമാകുകയായിരുന്നു. യൂറോപ്പിൽ ഈ മാറ്റം മൂന്നു ദശകങ്ങൾക്കു മുമ്പേ തുടങ്ങിയതാണ്. ഒരു ഭാരതീയസ്വത്വം തേടിയുള്ള നമ്മുടെ അന്വേഷണം,

പതിനേഴാം നൂറ്റാണ്ടിലും തുടർന്നുള്ള നൂറ്റാണ്ടുകളിലുമായി 'യൂറോപ്പു കാരനു' പുതുതായി കൈവന്ന വ്യക്തിത്വവുമായി പൊരുത്തപ്പെടാതെ വന്നു എന്നതാണു വാസ്തവം. ഈ 'യൂറോപ്യത'യെ സാർവദേശീയ വ്യക്തിത്വമായി അടിച്ചേൽപ്പിക്കാനും ശ്രമം നടന്നു.

കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളായി നമ്മെ കെട്ടുപിണച്ചിട്ടിരിക്കുന്ന ഈ സ്വത്വപാശത്തിൽ നിന്നും മോചിതരാകാതെ, വെള്ളക്കാരന്റെ വ്യക്തി ത്വമോ നമ്മുടെ സ്വത്വബോധമോ തറബലം നേടുകയില്ലെന്നാണ് എന്റെ വിനീതമായ നിഗമനം.

പാശ്ചാത്യരുടെ ഇന്നത്തെ ബൗദ്ധിക, ആത്മീയ പ്രതിസന്ധിയെ നേരി ടാൻ നമുക്ക് ഇന്നു പ്രത്യാധുനിക സമീപനം ഫലപ്രദമാവുകയില്ല. ഉൺമയെ കണ്ടെത്താനുള്ള പ്രത്യാധുനിക സമീപനത്തോടു നമ്മൾ വിയോജിക്കുന്ന ചില ഘടകങ്ങളുണ്ട്. സമാലോചനകളിലൂടെ അവതര ണവിധേയമാകുന്നതോ സങ്കൽപ്പനങ്ങൾക്കു മൂർത്തീഭവിക്കുന്നതോ ആയ ഒന്നല്ല ഈ ഉൺമ എന്ന് പ്രത്യാധുനികരോടൊപ്പം നമുക്കും സമ്മ തിക്കാം. പരോക്ഷ സൂചനകൾക്കോ അലങ്കാരങ്ങൾക്കോ വ്യവഹരിക്കാ നാവുന്നതല്ല ഈ അപ്രമേയത. പദങ്ങളും പദാർഥങ്ങളും എപ്പോഴും പര സ്പര ബന്ധിതങ്ങളല്ലെന്നു നമുക്കറിയാം (മിഷേൽ ഫൂക്കാ; ദ ഓഡർ ഓഫ് തിങ്സ്, 1970). ഭാഷയുടെയും ഉൺമയുടെയും മണ്ഡലങ്ങൾ താര തമ്യാതീതമാംവിധം വ്യത്യസ്തങ്ങളാണ്. പ്രതിഭാസവും പ്രതിഭാസി കവും ഒന്നിനോടൊന്നു കൃത്യം ചേരുന്നവയല്ല. പക്ഷേ, ഇച്ഛയുടെ സ്വത ന്ത്രഗമനത്തിൽ നിന്നുദ്ഭൂതമാകുന്ന ഒരു അറിവാണ് പ്രശ്നത്തിനു പരി ഹാരമെന്നു നമുക്കു സമ്മതിച്ചു കൊടുക്കാനാവില്ല. അതീന്ദ്രിയജ്ഞാ നത്തെക്കുറിച്ചുള്ള പരാമർശങ്ങളിൽ നിന്നെല്ലാം പ്രാമാണികയുക്തിയെ അടർത്തിമാറ്റി, ശാസ്ത്രം, ധാർമ്മികത, കല എന്നീ മൂന്നു മിഥ്യാ സ്വയംഭരണമേഖലകളിലായി അവയെ മെരുക്കിയെടുക്കാൻ ശ്രമിച്ചതാണ് സാംസ്കാരിക നവതയ്ക്കു പിണഞ്ഞ അമളി.

ഉൺമയുടെ ഗുണവിശേഷം സംബന്ധിച്ച്, ഭാരതവർഷത്തിലെ ജന ങ്ങളായ നമ്മുടെ ചില ദൃഢാഭിപ്രായങ്ങൾ ഞാൻ രേഖപ്പെടുത്തട്ടെ.

1. ഉൺമയെ കണ്ടെത്താൻ മനുഷ്യർ കരുതേണ്ട അത്യാവശ്യ ഉപാ ധികൾ ഭാഷ, ആശയരൂപീകരണം, നിർദേശം എന്നിവയാണെന്നു നമു ക്കറിയാം. പക്ഷേ, ഉൺമയെ നേരിൽ കണ്ടു പിടിച്ചടക്കി അവ നശിപ്പി ക്കാൻ ഇവയ്ക്കു കഴിയുമെന്നൊന്നും നമ്മൾ വാശിപിടിക്കില്ല.

2. ഇന്ദ്രിയഗോചരമായ പ്രത്യക്ഷസത്യം ഉൺമയുടെ ഒരു മുഖം മാത്രമേ ആകുന്നുള്ളൂ. പരോക്ഷസത്യത്തിൽ ആശ്രയിതമാണ് അത്, പരോക്ഷസത്യത്തിൽ നിന്നു വേറിട്ട് അതിനെ മനസ്സിലാക്കാൻ സാധ്യ

മല്ല എന്നെല്ലാം നമുക്ക് അറിയുകയും ചെയ്യാം. നമുക്ക് അറിയാൻ കഴിയുന്ന ഉൺമയുടെ ഒരേയൊരു മുഖമാണ് ഈ പ്രത്യക്ഷ സത്യമെന്നും ഇന്ദ്രിയാതീതമായ ജ്ഞാനശക്തി കൂടാതെതന്നെ അതിനെ പ്രത്യക്ഷത്തിൽത്തന്നെ അറിയാൻ കഴിയുമെന്ന ഐഹികമായ നിലപാടുകൾക്കു വിരുദ്ധമാണ് ഈ തത്വം. സാംഖ്യദർശനം ഗീതയിൽ പറയുന്നതു ശ്രദ്ധിക്കുക:

അവ്യക്താത് വ്യക്തയഃ സർവാഃപ്രഭവന്ത്യഹരാഗമേ
രാത്ര്യാഗമേ പ്രലീയന്തേ
തത്രൈവാവ്യക്ത സംജ്ഞകേ

ഉദയത്തിൽ, അപ്രത്യക്ഷത്തിൽ നിന്നു പ്രത്യക്ഷസത്യം വിരിഞ്ഞുണരുന്നു; രാത്രിയാകുന്നതോടെ ഈ പ്രത്യക്ഷരൂപമെല്ലാം അപ്രത്യക്ഷത്തിൽ വിലയം പ്രാപിക്കുന്നു.

പ്രത്യക്ഷസത്യം, അതു പ്രത്യക്ഷമായതുകൊണ്ടു തന്നെ, അന്തിമസത്യമായിരിക്കയില്ല എന്നതാണ് ഭാരതത്തിന്റെ പാരമ്പര്യദർശനം. സത്യത്തിന്റെ പ്രത്യക്ഷ ഭാവങ്ങളായ രൂപങ്ങളെല്ലാം നശ്വരവും ഐഹികവും ക്ഷണികവുമാണ്. അപ്രത്യക്ഷമായ അതീതജ്ഞാനത്തെ ആശ്രയിച്ചല്ലാതെ ഐഹികമായ പ്രത്യക്ഷ ജ്ഞാനരൂപത്തിനു നിലനിൽക്കാനാവില്ല. മാനുഷികമായ യുക്തിയുടെയും അറിവിന്റെയും മേഖലയാണ് പരമമെന്നു സ്ഥാപിക്കാനുള്ള ശ്രമത്തിൽ ഈ പരമാർഥമാണ് യൂറോപ്യൻ പ്രബോധോദയം വിസ്മരിച്ചുപോയത്. നമ്മുടെ സംസ്കൃതിയുടെ ഈ അടിസ്ഥാനതത്വം പുനഃസ്ഥാപിക്കാതെ നമുക്കു ഭാരതവർഷത്തിൽ നമ്മളായി തുടരാനാവില്ല. അപഘടനാവാദമോ പ്രത്യാധുനികതയോ ഈ പ്രാഥമികതത്വങ്ങൾ അംഗീകരിക്കുന്നില്ല.

3. ഇന്നത്തെ മാനസികാവസ്ഥയിൽ മനുഷ്യന് പ്രപഞ്ചത്തിന്റെ കിരീടം ചൂടാനാവില്ല. ഫ്യൂഡൽ ആധിപത്യം വലിച്ചെറിയാനുള്ള ത്വരയിൽ, യൂറോപ്യൻ പ്രബോധോദയം എല്ലാ കോയ്മകളെയും പാരമ്പര്യത്തെയും തകർത്തെറിഞ്ഞ്, യുക്തിയുടെ ആയുധശക്തിയിൽ ഊന്നി, പ്രപഞ്ചത്തിന്റെ സിംഹാസനത്തിൽ, മറ്റൊരു ശക്തിക്കും സാമന്തനാകാതെ, സ്വയം അവരോധിക്കപ്പെടുകയായിരുന്നു.

യൂറോപ്യർക്കു പറ്റിയ ഈ അബദ്ധം നമ്മൾക്ക് ഉണ്ടായിക്കൂടാ. സാധാരണക്കാരന്റെ ബോധമനസ്സിനെ ജ്ഞാനസമ്പാദനത്തിന്റെ പരമോപാധിയായി കാണുകയാണ് യൂറോപ്യൻ പ്രബോധോദയം ചെയ്തത്. അതേസമയം ജ്ഞാനത്തെ രണ്ടുവിധമായിട്ടാണ് ഭാരതീയ പാരമ്പര്യം വേർതിരിച്ചിട്ടുള്ളത്. ഇന്ദ്രീയജ്ഞാനവും അതീന്ദ്രിയജ്ഞാനവും. രണ്ടാമത്തേതു നേടാൻ ഇന്ദ്രിയങ്ങളെ കീഴ്പ്പെടുത്തുകയും ഇന്ദ്രിയജ്ഞാന

സീമയെ ഭേദിച്ച് അപ്പുറം കടക്കുകയും വേണം. സാമാന്യ ജ്ഞാനത്തിന് അപ്പുറത്തുള്ള ഇന്ദ്രിയ നിഗ്രഹം, വാസനാധനം, നിദിധ്യാസം എന്നിവ ശീലിച്ചാലേ ഇതു സാധ്യമാകയുള്ളു. ഒരു ഗുരുവിനെ അല്ലെങ്കിൽ ധർമ്മ ശാസ്ത്രങ്ങളെ ആശ്രയിച്ചു മാത്രമേ ഈ അതീന്ദ്രിയജ്ഞാനം ആർജി ക്കാനാവൂ എന്ന സത്യം യൂറോപ്യൻ പ്രബോധോദയം അംഗീകരിക്കാൻ കൂട്ടാക്കിയിരുന്നില്ല.

യൂറോപ്യരുടെ വികല ധാരണകൾക്ക് ഭാരതീയ ബൗദ്ധിക സംസ്കാരം ഇരയായിപ്പോയതിന്റെ മൂന്ന് ഉദാഹരണങ്ങളാണ് മേൽപ്പറ ഞ്ഞത്. യൂറോപ്യന്മാരുടെ ഈ പ്രമാണങ്ങളും മാനദണ്ഡങ്ങളും വെറുതെ നിരാകരിച്ചതു കൊണ്ടു മാത്രം കാര്യമായില്ല. ഔഷധങ്ങളെയും ചികിൽ സകളെയുംപറ്റിയുള്ള നമ്മുടെ ധാരണകൾ, അതീന്ദ്രിയജ്ഞാനത്തിന്റെ പ്രസക്തിയും പ്രഭാവവും അംഗീകരിച്ചു പൊളിച്ചെഴുതേണ്ടിയിരിക്കുന്നു.

ഇന്ദ്രിയാതീതമായ ഉൺമയുടെ പ്രത്യക്ഷരൂപം മാത്രമാണ് കാണായ സത്യമെന്ന ഭാരതീയ ചിന്താപാരമ്പര്യത്തിന്റെ ആഴങ്ങൾ മനസ്സിലാക്കാൻ നമ്മുടെ കുട്ടികൾക്കു വഴിതെളിക്കുന്നവിധം വിദ്യാഭ്യാസസമ്പ്രദായം നമ്മൾ ഉടച്ചു വാർക്കുകയും വേണം. അറിവിനെപ്പറ്റി ഉപരിപ്ലവമായ ധാര ണകൾ അടിസ്ഥാനമാക്കിയുള്ള നമ്മുടെ മീഡിയാ, അഥവാ വാർത്താ ശേഖരണ വ്യാപന സംവിധാനം, അഴിച്ചു പണിയേണ്ടതും ആവശ്യമാണ്.

ആത്യന്തികമായി നമ്മുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക പ്രസ്ഥാനങ്ങൾ തന്നെയും അടിപടലെ അഴിച്ചു പണിതേ തീരൂ. ചരക്കു കളുടെ ഉത്പാദനത്തിലും വിതരണത്തിലും തുടങ്ങുന്ന മാറ്റങ്ങൾ, വ്യക്തി -സമൂഹ ബന്ധങ്ങൾ, അവയ്ക്ക് സ്വത്വത്തോടുള്ള ബന്ധം, അതീന്ദ്രിയ മായ നിത്യസത്യത്തോടുള്ള അനുഭവബന്ധം വരെ വ്യാപിക്കുന്നതാണ്. ഇതിനു നമ്മുടെ തന്നെ വൈവിധ്യമാർന്നതും സമ്പന്നവുമായ പാരമ്പ ര്യങ്ങളെ, പ്രത്യേകിച്ച് ആദിവാസി പാരമ്പര്യം, സാംഖ്യയോഗ ദർശന ങ്ങൾ, വേദോപനിഷത്തുകൾ, ബുദ്ധ, ജൈന ദർശനങ്ങൾ, ശൈവ, വൈഷ്ണവ പാരമ്പര്യങ്ങൾ, ഭക്തി പ്രസ്ഥാനങ്ങൾ എന്നിവയെ മനസ്സി ലാക്കുകയും പഠിക്കുകയും വേണം.

നമ്മൾ ഈ വഴിക്കു തിരിയുകയാണെങ്കിൽ, പാശ്ചാത്യരെ അവരുടെ സ്വഹത്യാപരമായ ജ്ഞാനനിയന്ത്രണ പാരമ്പര്യത്തിൽ നിന്നു പിന്തിരി പ്പിച്ച്, ഇന്ദ്രിയാനുഭവ പാരമ്പര്യം വേണ്ടത്ര ഉള്ള അവരുടെ തന്നെ, പ്രബോധോദയപൂർവ പാരമ്പര്യത്തിലേക്ക് കടക്കാൻ നമുക്കു കഴി ഞ്ഞേക്കും. ഇതു വെള്ളക്കാരുടെ സാമ്രാജ്യത്വതകർച്ചയിലും, ആഗോള തലത്തിൽ കമ്പോള വ്യവസ്ഥയെയും, അതുവഴി രാഷ്ട്രീയ, സാമൂഹിക വ്യവസ്ഥകളെയും വരുതിക്കു നിർത്തുന്ന, ഏകലോക ശക്തിയുടെ സാർവദേശീയമായ നീരാളിപ്പിടിത്തത്തിൽ നിന്നു മനുഷ്യരാശിയുടെ മോചനത്തിലും കലാശിക്കും.

*(ഭാഷാപോഷിണി, 1997 ജനുവരി. വിവർത്തനം: വൈക്കം മധു)*

# 6

# ഗർഭചിദ്രം സാധൂകരിക്കാമോ?

ആധുനിക വൈദ്യസഹായത്തോടെ നിർബന്ധിതമായി ഗർഭച്ഛിദ്രം നടത്തുന്നതിൽ, കൂടുതൽ കഷ്ടത ഒഴിവാക്കുന്നതിനു വേണ്ടി മരണം വരിക്കാനനുവദിക്കുക എന്നതിലുപരി സങ്കീർണ്ണമായ സാന്മാർഗ്ഗിക പ്രശ്നം അന്തർഭവിക്കുന്നു. സാമൂഹ്യവും സാന്മാർഗ്ഗികവുമായ അടിസ്ഥാനപ്രമാണങ്ങളുടെ വെളിച്ചത്തിൽ ഈ പ്രശ്നത്തെ വീക്ഷിക്കണം.

വൈദ്യസഹായത്തോടെ മരിക്കാൻ അനുവദിക്കുമ്പോൾ വളരയേറെ വേദനകളും കഷ്ടപ്പാടുകളും ഒഴിവാക്കാൻ കഴിയുന്നു. എന്നാൽ വൈദ്യസഹായത്തോടെ ഗർഭച്ഛിദ്രം നടത്തുമ്പോൾ, ജനിക്കാത്ത ഒരു ശിശുവിനെ കൊല്ലുന്നതിന്റെ ഫലമായി വളർച്ചയെത്തിയ ഒരു ജീവനെ രക്ഷപ്പെടുത്തുകയാണു ചെയ്യുന്നത്. ചുരുക്കം അവസരങ്ങളിലെങ്കിലും രണ്ടു ജീവനുകളിൽ ഏതു വേണമെന്നുള്ള ഒരു തെരഞ്ഞെടുപ്പായിരിക്കും അത്. ഒന്നിനെ കൊല്ലാതിരിക്കുന്നതു മറ്റതിന്റെ മരണത്തിനു കാരണമാകും. ഇവിടെയാണു സാന്മാർഗ്ഗിക പ്രശ്നം അസാധാരണമായവിധം നിശിതമാകുന്നത്.

ഈ പ്രശ്നത്തിന്റെ നേരേയുള്ള വിവിധ ജനസമൂഹങ്ങളുടെ സമീപനം വ്യത്യസ്തമാണെന്നിരിക്കിലും അവിഹിതമാർഗ്ഗത്തിലും അവിവാഹിതരിലും ഉണ്ടാകുന്ന ഗർഭധാരണം അലസിപ്പിക്കുന്നതു നിയമാനുസൃതമാകുന്നതു നീതിപൂർവ്വമായി നമ്മുടെ സമുദായം കാണുകയില്ല.

ഗർഭച്ഛിദ്രവുമായി ബന്ധപ്പെട്ട സാന്മാർഗ്ഗിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതു പൊതുവെ അംഗീകരിക്കപ്പെടുന്ന ചില സാന്മാർഗ്ഗിക നിയമങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം.

പക്ഷേ അത്തരം നിയമങ്ങൾ, നിർദ്ദിഷ്ട സാന്മാർഗ്ഗികപ്രമാണങ്ങളിൽ നിന്നു വ്യക്തവും ശുദ്ധവുമായ നിഗമനങ്ങൾ എല്ലായ്പോഴും സാദ്ധ്യമല്ലാത്തവിധം ചില പ്രത്യേക അവശ്യ യോഗ്യതകളെ പ്രസ്പഷ്ടമാക്കുന്നവയാണ്.

ഉദാഹരണമായി 'കൊല ചെയ്യരുത്' എന്ന പ്രമാണം തന്നെ എടുക്കാം. മിക്കവാറും എല്ലാ ജനസമൂഹങ്ങളും ഈ നിയമത്തിൽ ഇളവുകളനുവദിച്ചിട്ടുണ്ട്. നീതിക്കുവേണ്ടി നടത്തപ്പെടുന്ന യുദ്ധത്തിലുണ്ടാകുന്ന കൊലപാതകങ്ങളും വധശിക്ഷയും ക്രിസ്ത്യൻ സമുദായം പലപ്പോഴും ന്യായീകരിച്ചിട്ടുണ്ട്. ഒരിക്കൽ ഇത്തരം ഇളവുകൾ അനുവദിച്ചശേഷം മറ്റു

യാതൊരിനം ഇളവുകളും അനുവദനീയമല്ലെന്നു പറയുന്നതു യുക്തിക്കും ന്യായത്തിനും നിരക്കുന്നതല്ല. അതുകൊണ്ട് മനുഷ്യജീവൻ അവസാനിപ്പിക്കുന്നതിനെ എതിർക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ, ഗർഭച്ഛിദ്രത്തിനെതിരായുള്ള വാദഗതികൾ നീതീകരിക്കാവുന്നതല്ല.

മിക്കവാറും എല്ലാ ജനസമൂഹങ്ങളും ചില അടിയന്തര പരിതഃസ്ഥിതികളിൽ ഗർഭച്ഛിദ്രം നടത്താൻ അനുവദിക്കുന്ന വ്യവസ്ഥകളുണ്ടാക്കിയിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ റഷ്യ, സ്വീഡൻ, ഡന്മാർക്ക്, നോർവെ, ജപ്പാൻ എന്നീ രാജ്യങ്ങളും മിക്കവാറും എല്ലാ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും ഗർഭച്ഛിദ്രം നിയമാനുസൃതമാക്കിയിരിക്കുന്നു.

റോമൻ കത്തോലിക്കാ സഭയുടെ സാന്മാർഗ്ഗിക നിയമങ്ങൾപോലും, ഗർഭാശയത്തിനു പുറത്തു ചില പ്രത്യേകരീതിയിൽ ഗർഭധാരണം നടക്കുമ്പോൾ, അതായത് ഭ്രൂണം ഗർഭാശയത്തിന്റെ ഉൾഭിത്തിയിലല്ലാതെ ഫെലോപ്പിയൻ കുഴലിലോ, അണ്ഡാശയത്തിൽത്തന്നെയോ, ഗർഭാശയത്തിനു പുറത്തോ ഗർഭാശയകവാടത്തിലോ പറ്റിപ്പിടിച്ചു വളരുമ്പോൾ, ഗർഭച്ഛിദ്രം നടത്താൻ അനുവദിച്ചിട്ടുണ്ട്.

ഗർഭാശയത്തിനു പുറത്താണു ഗർഭധാരണം നടന്നതെങ്കിൽ ശിശു ഗർഭാശയത്തിനു പുറത്തു ജീവിക്കാൻ മാത്രം വളർന്നതിനു ശേഷം, സിസേറിയൻ ശസ്ത്രക്രിയ മൂലം ശരിയായവിധം കുട്ടിയെ പുറത്തെടുക്കാൻ സാദ്ധ്യമല്ലെന്നു കാണുന്ന സന്ദർഭത്തിലോ മാതാവിന്റെ ജീവനു ഭീഷണിയായിത്തീരത്തക്കവിധം മറ്റു തകരാറുകളുണ്ടായാലോ മാത്രമേ ഗർഭച്ഛിദ്രം നടത്താവൂ എന്നു കാനോൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഭാപരമായ പരിഗണനകൾക്കു പുറത്തുകടന്നു ഗർഭച്ഛിദ്രമെന്ന പ്രശ്നത്തെ സാമാന്യമായ ഒരു സാന്മാർഗ്ഗിക വീക്ഷണത്തോടെ സമീപിക്കാൻ കഴിയണം. സാധാരണ സാഹചര്യങ്ങളിൽ നിഷ്കളങ്കമായ ഒരു മനുഷ്യ ജീവൻ നശിപ്പിക്കുന്നതു ന്യായീകരിക്കത്തക്കതല്ല എന്നതു പൊതുവെ അംഗീകരിക്കപ്പെട്ട സാന്മാർഗ്ഗിക പ്രമാണമാണ്. മാതാവിന്റേയൊ ശിശുവിന്റേയൊ ജീവനിൽ ഏതു വേണമെന്ന തെരഞ്ഞെടുപ്പിൽ മാതാവിന്റെ ജീവൻ തെരഞ്ഞെടുക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന സാന്മാർഗ്ഗിക നിയമം എന്താണെന്ന് എനിക്കു വ്യക്തമല്ല. ശസ്ത്രക്രിയ ചെയ്ത് ശിശുവിനെ നീക്കം ചെയ്യാതിരിക്കുന്നതുമൂലം മാതാവും ശിശുവും മരിക്കുന്ന സാഹചര്യത്തിൽ ശസ്ത്രക്രിയ കൊണ്ടു മാതാവിന്റെ ജീവൻ രക്ഷിക്കപ്പെടുന്നപക്ഷം ഗർഭച്ഛിദ്രം ന്യായീകരിക്കപ്പെടുന്നു എന്നു പറഞ്ഞാൽ എനിക്കതു മനസ്സിലാക്കാൻ കഴിയും. അപ്രകാരമല്ലാത്ത സാഹചര്യത്തിൽ ആണ് ഈ പ്രശ്നമുടലെടുക്കുന്നതെങ്കിൽ,

എന്റെ വീക്ഷണത്തിൽ ഒന്നിനു മുൻഗണന നൽകുന്നതിൽ സാന്മാർഗ്ഗികമായ യാതൊരടിസ്ഥാനവുമില്ല.

ഒരു ശിശു അമ്മയുടെ ഗർഭത്തിൽ ഉണ്ടാവുന്ന നിമിഷം മുതൽ തന്റെ ജീവനു നേരെയുള്ള മനഃപൂർവമായ ആക്രമണത്തിൽ നിന്നു സംരക്ഷണം ലഭിക്കേണ്ടതു മനുഷ്യജീവിയുടെ മൗലികാവകാശമാണ്. ഇവിടെ പ്രശ്നം കുറേക്കൂടി വിശദമായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഒരു മനുഷ്യജീവിതം ആരംഭിക്കുന്നതെപ്പോൾ?

1) സ്ത്രീയുടെ അണ്ഡത്തിൽ പുരുഷബീജം പ്രവേശിച്ച് ഉൽപാദനം നടത്തുമ്പോഴാണോ?

2) ഗർഭാശയത്തിനു പുറത്തു ജീവിക്കാൻ ശിശുവിനു കഴിവുണ്ടാകുമ്പോഴാണോ?

3) ഗർഭാശയ ഭിത്തിയോടു ശിശുവിനെ ബന്ധിക്കുന്ന പുക്കിൾക്കൊടിയുടെ ആവിർഭാവത്തോടു കൂടി ശിശു വേർപെട്ട ജീവിതമാരംഭിക്കുമ്പോഴാണോ?

വിശദമായ ചർച്ചയർഹിക്കുന്ന രണ്ടാമത്തെ പ്രശ്നം ഗർഭച്ഛിദ്രം ന്യായീകരിക്കപ്പെടാവുന്ന സാഹചര്യങ്ങളേവ?

1) ഗർഭാശയത്തിനു പുറത്തു ഗർഭധാരണം നടക്കുമ്പോൾ ഗർഭച്ഛിദ്രം നടത്തുന്നതു നീതിപൂർവ്വമാണോ?

2) ഗർഭാശയത്തിനു പുറത്തു ജീവിക്കാനുള്ള കഴിവ് സമ്പാദിക്കാനും തുടർന്ന് ജീവിച്ചിരിക്കാനുമുള്ള സാദ്ധ്യത ശിശുവിനില്ലെന്നു വ്യക്തമാകുമ്പോൾ ഗർഭച്ഛിദ്രം നടത്തുന്നതു നീതീകരിക്കാമോ?

3) ഗർഭച്ഛിദ്രം നടത്തുന്നില്ലെങ്കിൽ മാതാവിന്റെ ജീവൻ അപകടത്തിലാകുമെന്നു തീർച്ചയുള്ള സന്ദർഭത്തിലിതു നീതിപൂർവ്വമാകുമോ?

ഇനിയും വ്യക്തമായ മറുപടിയർഹിക്കുന്ന മറ്റൊരു പ്രശ്നമുണ്ട്. ജനസംഖ്യയുടെ വർദ്ധനനിരക്കു കുറയ്ക്കുന്നതിനോ, മാതാപിതാക്കൾക്കു തങ്ങളുടെ ശിശുക്കളോടുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിനുള്ള സാമ്പത്തികമോ മറ്റേതെങ്കിലും പരിഗണനകളുടെ അടിസ്ഥാനത്തിലോ ഗർഭച്ഛിദ്രം നടത്തുന്നതിൽ എന്തെങ്കിലും നീതീകരണമുണ്ടോ?

നാലാമതൊരു ചോദ്യമവശേഷിക്കുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ വൈദ്യസഹായത്തോടെ ഗർഭച്ഛിദ്രം നടത്തുന്നതു നീതിപൂർവ്വമാകുമോ എന്നു തീരുമാനിക്കാനുള്ള അധികാരം ആർക്കാണു നൽകേണ്ടത്? ഡോക്ടർക്കു മാത്രമായതു നൽകാമോ? അതോ ഡോക്ടർമാരും

നിയമജ്ഞരും സാന്മാർഗ്ഗികരംഗത്തു നേതൃത്വം നൽകുന്ന മറ്റു ചിലരും ചേർന്ന് ഒരു പാനൽ വേണമോ അതു നിശ്ചയിക്കാൻ?

ഉപസംഹാരമായി, തികച്ചും അവഗാഢമായ സാന്മാർഗ്ഗിക സ്വഭാവമുള്ള ഒരു പ്രശ്നം, നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ധർമ്മശാസ്ത്രം നാം ചർച്ച ചെയ്യുമ്പോൾ, ഈ ഭൂമിയിൽ പിറന്നു വീണശേഷം ആ ജീവനോടു വളരെയധികം അനീതി പ്രവർത്തിക്കുകയും, സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ അനീതികൾ മൂലം ദശലക്ഷങ്ങളുടെ ജീവനും അന്തസ്സും തകർക്കപ്പെടുകയും ചെയ്യുന്നതായ സ്വഭാവമാണു നമ്മുടെ സമുദായത്തിന്റേത് എന്ന പ്രശ്നം കണ്ടില്ലെന്നു നടിച്ചു പുറന്തള്ളാവുന്നതല്ല. സാമൂഹികമായ ചുറ്റുപാടുകളിൽ നിന്നു വ്യക്തികളുടെ പ്രവർത്തനങ്ങളെ ഒഴിച്ചുനിർത്തി വിലയിരുത്തുകയും വ്യക്തികളുടെ പ്രവർത്തനങ്ങളെ സ്വതന്ത്രമായ സദാചാരസത്തകളായി എണ്ണുകയും ചെയ്യുകയെന്നതാണു നമ്മുടെ സമൂഹത്തിൽ നിലവിലിരിക്കുന്ന ഏറ്റവും വഷളായ സാന്മാർഗ്ഗിക കാപട്യങ്ങളിലൊന്ന്.

*(മലയാള മനോരമ, ഞായറാഴ്ചപതിപ്പ്, 1970 ജൂലൈ 5)*



# 7

# അശ്ലീലത്തിനും മതാധിക്ഷേപത്തിനും സാഹിത്യത്തിൽ പരിധിയോ?

അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്ന കൃതികളെക്കുറിച്ചല്ലേ പരാമർശമുള്ളൂ? സ്വന്തം ഉപയോഗത്തിനു വേണ്ടി ഒരാൾ മതാധിക്ഷേപപരമായോ അശ്ലീലമായോ കുറെ എഴുതിവച്ചാൽ സാധാരണ നിയമം അതിനെ നിയന്ത്രിക്കാൻ ശ്രമിക്കാറില്ല. പക്ഷേ പൊതു ഉപയോഗത്തിനായി അച്ചടിച്ചു പ്രസിദ്ധീകരിക്കുന്ന ഒരു കൃതിയിൽ അശ്ലീലം എഴുതി വയ്ക്കുക എന്നത് അടുത്തകാലം വരെ പൊതുവേ നിഷിദ്ധമായിരുന്നു. ഇന്ന് ഇംഗ്ലീഷ് സാഹിത്യകൃതികളിൽ പലതിലും കുറെ "ചതുരക്ഷരി"കൾ നിരത്തിവയ്ക്കുക എന്നതു ഗ്രന്ഥകർത്താവ് പ്രായപൂർത്തിയായ ആൾ (adult) ആണെന്നുള്ളതിന്റെ ഉറപ്പായി കരുതുന്നവരുണ്ട്.

അതുപോലെയല്ല മതബോധത്തെ വ്രണപ്പെടുത്തുന്ന സാഹിത്യം. ആരാധ്യരായ പുരാണ പുരുഷന്മാരെയോ, മതാചാര്യന്മാരെയോ സാഹിത്യത്തിൽ വിമർശിച്ചുകൂടാ എന്ന് ഇപ്പറഞ്ഞതിനർഥമില്ല. ഹൈന്ദവരായ സാഹിത്യകാരികൾ തന്നെ ശ്രീരാമൻ സീതയോടു കാണിച്ചിട്ടുള്ള മനോഭാവത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. എന്നാൽ പിന്നെ സൽമാൻ റുഷ്ദി, മുഹമ്മദ് നബിയെ വിമർശിച്ചതും ഹൈന്ദവ സ്ത്രീകൾ ശ്രീരാമനെ വിമർശിച്ചതും തമ്മിൽ തത്ത്വത്തിൽ എന്താണന്തരം? തത്ത്വത്തിൽ വ്യത്യാസമില്ലെന്നു തന്നെയാണ് എന്റെ പക്ഷം. വ്യത്യാസമുള്ളത് സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളിലാണ്. അതേക്കുറിച്ച് സാഹിത്യകാരൻ ബോധവാനാകാതെ നിവൃത്തിയില്ല. സൽമാൻ റുഷ്ദി നിയമമൊന്നും ലംഘിച്ചെന്നു തോന്നുന്നില്ല. പക്ഷേ അനേകരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തി. അതിനൊരു സാഹിത്യകാരന്നവകാശമുണ്ടോ എന്നാണു ചോദ്യം.

മനുഷ്യമനസിനെ വികാരപരമായി തൊട്ടുണർത്താൻ ഏറ്റവും എളുപ്പമുള്ളവ മതവികാരം, ലൈംഗികവികാരം എന്നിവയാണ്. സൽമാൻ റുഷ്ദിയുടെ കൃതിയിൽ ഒരു മതാചാര്യന്റെ ലൈംഗികചേതനകളുടെ വർണനകൊണ്ട് വായനക്കാരെ രസിപ്പിക്കാനുള്ള ഉദ്യമമാണു കണ്ടത്. അങ്ങനെ ചെയ്യുന്നതു മൂലം മതത്തിന്റെ സ്വാധീനം തന്നെ ഇല്ലാതാക്കാനുള്ള ഉദ്ദേശ്യം കൂടെയുണ്ടായിരുന്നോ എന്നു പല മുസ്ലീംകളും ബല

മായി സംശയിച്ചതുകൊണ്ടു കൂടെയാണ് അവർ ഇത്രയധികം വികാര ക്ഷുഭിതരായിത്തീർന്നതെന്നു തോന്നുന്നു.

സദ്സ്വഭാവത്തിന്റെ മകുടോദാഹരണമായി പലരും കരുതുന്ന ശ്രീയേശുവിലും ലൈംഗിക വികാരങ്ങൾ വിഭാവനം ചെയ്യുന്നതു വായനക്കാരെ രസിപ്പിക്കാൻ മാത്രമാണോ? അല്ലെങ്കിൽ യേശു ഭഗവാന്റെ മനുഷ്യത്വം തെളിയിക്കാൻ വേണ്ടിയാണോ?

ലോകത്തിൽ ഇന്ന് എല്ലാ സമൂഹങ്ങളും അത്യധികമായ അക്രമാസക്തിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ അക്രമാസക്തിയുടെ പിറകിൽ പല കാരണങ്ങളുമുണ്ട്. സമൂഹത്തിൽ അക്രമാസക്തി ആദിമുതലേയുള്ളതുകൊണ്ടാണല്ലോ കൊലയും കൊള്ളയും കുരിശുയുദ്ധവും അല്ലാത്ത യുദ്ധവുമൊക്കെ ചിരകാലമായി നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ അടുത്തകാലത്ത് സാഹിത്യം ഈ അക്രമാസക്തി വളർത്തിയെടുക്കുന്നതിനു സഹായിച്ചിട്ടുണ്ടോ എന്നു ചിന്തിക്കുന്നതു നല്ലതാണ്.

**അക്രമം**

യുദ്ധസാമഗ്രികളുടെ രൂപത്തിലുള്ള കളിക്കോപ്പുകൾ കുട്ടികൾക്കു കൊച്ചുന്നാളിലേ കൊടുക്കുന്നതും പാശ്ചാത്യ രാജ്യങ്ങളിലെ ടെലിവിഷനിൽ, അക്രമ ചിത്രങ്ങൾ സദാ കണ്ടുകൊണ്ടിരിക്കുന്നതുമൊക്കെ ഇക്കൂട്ടത്തിൽപെട്ടതാണ്. പക്ഷേ സാഹിത്യവും അക്രമാസക്തി വളർത്തിയെടുക്കാൻ സഹായിക്കുന്നുണ്ടോ എന്നുള്ളതു സാഹിത്യകാരൻ അവധാനപൂർവം ചിന്തിക്കേണ്ട വിഷയമല്ലേ? ഇക്കാര്യത്തിൽ നിയമനിരോധം കൊണ്ടു വലിയ പ്രയോജനമുണ്ടാവുമോ എന്നു സംശയമാണ്. സാഹിത്യത്തിന്റെ സ്വാധീനവും ശക്തിയും സാഹിത്യകാരൻ തന്നെ വിലയിരുത്തി ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുകയേ മാർഗ്ഗമുള്ളൂ.

അച്ചടിയുടെയും സാക്ഷരതയുടെയും പ്രചാരം വർധിക്കുന്നതോടെയാണു സാഹിത്യകാരന്റെ സ്വാധീനവും വിപുലമായിത്തീരുന്നത്. ചിന്തകരും എഴുത്തുകാരും സമൂഹത്തെ നയിക്കാനും സ്വാധീനിക്കാനും തുടങ്ങിയിട്ടു വളരെക്കാലമൊന്നുമായില്ല. പതിനെട്ടാം ശതാബ്ദത്തിലെ ഫ്രഞ്ച് വിപ്ലവത്തിലാണു ചിന്തകർക്കും എഴുത്തുകാർക്കും സമൂഹത്തിലുള്ള സ്വാധീനം സാമാന്യം വിപുലമായിത്തീർന്നതെന്നു തോന്നുന്നു. മനുഷ്യയുക്തിയെ സിംഹാസനത്തിൽ അവരോധിച്ച ആ വിപ്ലവം വളരെയധികം സാഹിത്യത്തെ ഉത്പാദിപ്പിച്ചു; ആ സാഹിത്യം പുതിയ സമൂഹങ്ങളെ കരുപ്പിടിക്കാൻ പരമാവധി ശ്രമിച്ചു. കുറെയൊക്കെ സാധിച്ചു.

എന്നാൽ സാഹിത്യത്തിന് സമൂഹത്തെ പൂർണമായി കരുപ്പിടിക്കാൻ

സാധിക്കണമെന്ന വാദം ആദ്യം വ്യക്തമായി അവതരിപ്പിച്ചത് ഷെല്ലിയുടെ 1821-ലെ A Defence of Poetry എന്ന ഉപന്യാസമാണ്. "കവികൾ ലോകത്തിന്റെ അംഗീകരിക്കപ്പെടാത്ത നിയമനിർമാതാക്കൾ ആണ്" (Poets are the unacknowledged legislators of the world) എന്നദ്ദേഹം വാദിച്ചു. സമൂഹത്തിനു വഴികാണിച്ചു കൊടുക്കേണ്ടതു മതങ്ങളുടെ ചുമതലയായിരുന്നു. അവരതിൽ പരാജയപ്പെട്ടു. ഇപ്പോൾ ആ ചുമതല സാഹിത്യത്തിന്റെ ചുമലിൽ വന്നു വീണിരിക്കുന്നു. സമൂഹത്തിനു വഴി കാണിക്കുകയെന്നതു ശാസ്ത്രത്തിന്റെ പരിധിയിൽ പെട്ടതല്ല. സാഹിത്യത്തിനേ അതു സാധിക്കൂ. യുക്തിക്കും അതു സാധ്യമല്ല. യുക്തി സമൂഹത്തെ കരുപ്പിടിക്കാൻ ശ്രമിക്കുമ്പോഴാണു ഫ്രഞ്ച് വിപ്ലവത്തിനു ശേഷമുണ്ടായപോലെയുള്ള അക്രമാസക്തിയും ഭീകരതയും നടമാടാനിടയാകുന്നത്. സാന്മാർഗികതയുടെ പുരോഗതി യുക്തിയെയല്ല, ഭാവനാധിഷ്ഠിതമായ സാഹിത്യത്തെ ആശ്രയിച്ചാണു നടക്കുന്നത്. സാഹിത്യം, ഭാവന, സ്വാതന്ത്ര്യം; സകല സംസ്കാരവും നാഗരികതയും ഈ മൂന്നു തൂണുകളിന്മേലാണു നിലകൊള്ളുന്നത് എന്നിങ്ങനെ ഷെല്ലി വാദിച്ചു.

ഷെല്ലിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ വാദം ഇന്നത്രതന്നെ വിലപ്പോകയില്ല എന്നു തോന്നുന്നു. എന്നാൽ സാഹിത്യകാരനു സമൂഹത്തിന്മേലുള്ള സ്വാധീനശക്തി വളരെ വലിയതാണ്. സമൂഹത്തിന്റെ സമ്മർദത്തെ ചെറുത്ത് വ്യക്തി തന്റെ സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുന്നതിലാണ് വ്യക്തിയുടെ സ്വാതന്ത്ര്യമെന്ന് പത്തൊമ്പതാം നൂറ്റാണ്ടിൽ ഇബ്സൻ തന്റെ നാടകങ്ങളിലൂടെ വാദിച്ചത് ഇന്നു പലർക്കും ഒരു നിയമമായിത്തീർന്നിരിക്കുന്നു. അതിന്റെ പിൻതുടർച്ചയായി സാഹിത്യത്തിൽ കൂടെയാണു പഴയ സാന്മാർഗികതയുടെ സ്ഥാനത്ത് "പെർമിസ്സിസ് സൊസൈറ്റി"യുടെ പുതിയ സാന്മാർഗികത ഭാരതത്തിലും ഉടലെടുത്തിരിക്കുന്നത്.

അക്രമാധിഷ്ഠിതമായ ഒരു സമൂഹത്തിൽ അക്രമത്തെ അക്രമം കൊണ്ടു തന്നെ നേരിടണമെന്നും, അങ്ങനെയുള്ള സമൂഹത്തിൽ വ്യക്തിയുടെ അക്രമാസക്തി നീതികരിക്കത്തക്കതാണെന്നും മറ്റുമുള്ള കെന്നത്ത് റ്റയ്നന്റേയും നോർമൻ മെയ്ലറിന്റെയും ആശയങ്ങൾ സാഹിത്യത്തിൽക്കൂടിയാണ് ലോകത്തിലെങ്ങും പ്രചരിച്ചുവരുന്നത്.

## ഉത്തരവാദിത്വം

സാഹിത്യകാരനു സാധ്വീനശക്തിയുണ്ട്. അതോടൊപ്പം ഉത്തരവാദിത്വബോധവുമില്ലെങ്കിൽ സാഹിത്യം സമൂഹത്തിനു വലിയ ദോഷം ചെയ്യും. പക്ഷേ സാഹിത്യത്തിൽ അശ്ലീലത്തിനും മതാധിക്ഷേപത്തിനും അക്രമാസക്തിക്കും പരിധി നിർണയിക്കുന്നതു നിയമം കൊണ്ടായിരിക്കരുത്;

പ്രത്യുത ഗ്രന്ഥകാരന്റെയും പ്രസാധകന്റെയും സമൂഹത്തോടുള്ള ഉത്തരവാദിത്വബോധം കൊണ്ടായിരിക്കണമെന്നു മാത്രം. സർക്കാരിനു ചുമതലയൊന്നുമില്ലെന്നു പറയുന്നില്ല. പക്ഷേ ഇങ്ങനെയുള്ള കാര്യങ്ങൾ എഴുത്തുകാരുടെ സംഘടനകളും പ്രസിദ്ധീകരണശാലകളുടെ സംഘടനകളും ഒരുമിച്ചുചേർന്നു തങ്ങൾ തന്നെ നിർണയിക്കുന്ന ഒരു മാനദണ്ഡം കൊണ്ടു സ്വയം നിയന്ത്രിക്കുന്നതാണ് അഭികാമ്യം. സർക്കാരിന്റെ കൈയിൽ ഇതു കൊടുത്താൽ സാഹിത്യവും രാഷ്ട്രീയത്തിന്റെ അടിമയായിത്തീരാൻ വഴിയുണ്ട്.

അശ്ലീല സാഹിത്യ പ്രചാരണം, അക്രമ പ്രോൽസാഹനം, മതാധിക്ഷേപം ഇതൊക്കെ തമ്മിൽ അടിസ്ഥാനപരമായി ബന്ധമുണ്ട്. മനുഷ്യസ്വാതന്ത്ര്യമെന്ന അനർഘമായ മൂല്യത്തെ സംരക്ഷിക്കണമെങ്കിൽ അതോടൊപ്പം തന്നെ ധാർമ്മികദർശനവും സമൂഹത്തോടുള്ള ഉത്തരവാദിത്വവും കൂടി വളർത്തിയെടുക്കാതെ രക്ഷയില്ല.

*(ഭാഷാപോഷിണി, 1992 ഡിസംബർ-1993 ജനുവരി)*



# 8

# നിരായുധീകരണം സാധ്യമോ?

പല സാധാരണ മനുഷ്യരുടെയും ചിന്തയിൽ നിരായുധീകരണം വലിയ സാംഗത്യമൊന്നുമില്ലാത്ത, ദൈനംദിന ജീവിതവുമായി അടുത്ത ബന്ധമില്ലാത്ത, ഒരു വിഷയമാണ്. അതിന്റെ ആവശ്യം ഇത്ര വളരെയുണ്ടോ? വേറേ ഏതെല്ലാം പ്രശ്നങ്ങൾ കിടക്കുന്നു. ലോക പ്രശ്നങ്ങളെടുത്താൽത്തന്നെ പട്ടിണിയും ദാരിദ്ര്യവും അനീതിയുമല്ലേ പ്രധാന സാമൂഹ്യ പ്രശ്നങ്ങൾ? പിന്നെ ഈ നിരായുധീകരണം എന്നൊക്കെപ്പറയുന്നതു നടപ്പുള്ള കാര്യമാണോ? വൻകിട ശക്തികൾ തങ്ങളുടെ ആയുധം താഴെ വച്ച് സമാധാനം കൈവരിക്കുമെന്നു വ്യാമോഹിക്കുന്നതു വെറും മൗഢ്യമല്ലേ? ഇങ്ങനെ പോകുന്നു സാധാരണ മനുഷ്യരിൽ ചിന്താശീലമുള്ളവരുടെ ചിന്തകൾ.

### എന്തിന്?

എന്തിനു നിരായുധീകരണം? വാദങ്ങൾ പലതുണ്ട്. ഒരു നാലെണ്ണം എടുത്തു പറയട്ടെ.

ഒന്നാമത്, പർവതതുല്യമായ ഒരു പാഴ്ച്ചെലവാണ് ഇന്ന് ആയുധങ്ങൾക്കും ആയോധനത്തിനും വേണ്ടി നാം ചെലവിടുന്ന തുകയെന്നതു തന്നെ. ഇന്നു ലോകത്തിലെ 150 രാഷ്ട്രങ്ങളും കൂടി സൈനിക ബജറ്റിനത്തിൽ ചെലവാക്കുന്ന തുക 400 ബില്യൺ ഡോളറിൽ കവിഞ്ഞിരിക്കുന്നു. ഇന്നത്തെ ഡോളർ വിലക്ക് മൂന്നു ലക്ഷത്തി ഇരുപതിനായിരം കോടി (3,20,00,00,000,000) ഉറുപ്പിക – 32 കഴിഞ്ഞ് 11 പൂജ്യം – എന്നു പറഞ്ഞാൽ യുദ്ധമില്ലാത്ത കാലത്ത് ഒരു ദിവസത്തെ യുദ്ധച്ചെലവ് 376 കോടി 71 ലക്ഷം രൂപ. നമ്മുടെ രാജ്യത്തു ടാറ്റായും ബിർലായും പണക്കാരനും പാവപ്പെട്ടവനും ഉൾപ്പെടെ 60 കോടി ജനങ്ങൾ ഒരുമിച്ച് ഒരു ദിവസം സമ്പാദിക്കുന്നത് അറുപത്തിയെട്ടര കോടി രൂപയേയുള്ളു. എന്തൊരു ഭീമമായ പാഴ്ച്ചെലവ്.

രണ്ടാമത്തെ വാദം ഈ ഭീമമായ തുക ചെലവു ചെയ്യുന്നതു കൊണ്ടു മനുഷ്യരാശിയുടെ സുഭദ്രത വർദ്ധിക്കുന്നില്ലെന്നുള്ളതാണ്. ഐക്യ രാഷ്ട്രസംഘടന തന്നെ പറയുന്നു, സുഭദ്രതയ്ക്കു വേണ്ടിയുള്ള ആയുധീകരണ മത്സരം സുഭദ്രതയെ ഇല്ലാതാക്കുകയാണു ചെയ്യുന്നതെന്ന്. സായുധത്വം വർദ്ധിക്കുമ്പോൾ സുഭദ്രത ആനുപാതികമായി വർദ്ധിക്കുന്നില്ല. മാത്രമല്ല, വാസ്തവം പറഞ്ഞാൽ സൈനിക ബജറ്റു വർദ്ധിക്കുന്തോറും യുദ്ധ സാദ്ധ്യതയും വർദ്ധിക്കുന്നതായിട്ടാണു കാണുന്നത്.

മൂന്നാമത്, ഈ ആയുധീകരണ മത്സരം ഇങ്ങനെ മുമ്പോട്ടു പോയാൽ ആരുടെയെങ്കിലും അശ്രദ്ധ മൂലം യാദൃച്ഛികമായ ഒരാപത്തുണ്ടാകാം. അല്ലെങ്കിൽ യുദ്ധപ്രിയനായ ഒരു ഭരണാധികാരിയുടെ പെട്ടെന്നുള്ള തീരുമാനം മൂലം അണുയുദ്ധം ആരംഭിക്കാം. ഇന്ന് ഒരു ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂർ സമയവും ലോകത്തെ നശിപ്പിപ്പാൻ കഴിവുള്ള കേന്ദ്രകായുധങ്ങളും (ന്യൂക്ലീയർ ആയുധങ്ങൾ) പേറി ലോകത്തെച്ചുറ്റിക്കൊണ്ടിരിക്കുന്ന വിമാനങ്ങളുണ്ടെന്ന് അധികം പേർക്കറിവില്ല. എന്തെങ്കിലും ഒന്നു സംഭവിച്ചാൽ കഴിഞ്ഞില്ലേ മനുഷ്യവർഗത്തിന്റെ കഥ? ഈ നമ്മുടെ കൊച്ചു ഭൂമിയെയും അതിലുള്ള മനുഷ്യവർഗത്തെയും സകല ജീവജാലങ്ങളെയും അര ഡസൻ തവണ പരിഛേദം നശിപ്പിക്കാനുള്ള ആയുധങ്ങൾ നമ്മുടെ അറകളിലുണ്ട്. ഇന്നു കുറെ കേന്ദ്രക ബോംബു വീണാലും മനുഷ്യരാശിയുടെ ഒരു ഭാഗം അവശേഷിച്ചേക്കും എന്നു വാദിക്കുന്നതു ചൈന മാത്രമാണ്.

നാലാമത്, ലോകത്തിന്റെ പ്രധാന പ്രശ്നമെന്ന് ഏവരും സമ്മതിക്കുന്ന പട്ടിണിയും സാമ്പത്തിക ഉച്ചനീചത്വവും അന്താരാഷ്ട്രമായ അനീതിയും പരിഹരിക്കപ്പെടണമെങ്കിൽ മനുഷ്യർക്കു തൊഴിലുണ്ടാകണം. അതിനു മൂലധനം വേണം. നമുക്കിന്നു വേല ചെയ്തുണ്ടാക്കുന്നതിൽ നിന്നു ബാക്കിവയ്ക്കാൻ സാധിക്കുന്നതിന്റെ അനേക ഇരട്ടി മൂലധനം വേണം. അതിനു സാർവത്രിക നിരായുധീകരണമല്ലാതെ മറ്റു മാർഗമൊന്നും ഇപ്പോൾ കാണുന്നില്ല. സൈനിക പാഴ്ച്ചെലവിന്റെ പത്തു ശതമാനം വീതം പത്തു വർഷത്തേക്കുപയോഗിക്കാമെങ്കിൽ പട്ടിണി പോക്കാം, തൊഴിലുണ്ടാക്കാം. ഇതിൽക്കവിഞ്ഞെന്തു വാദമാണാവശ്യം, നിരായുധീകരണത്തിന്?

### സാദ്ധ്യമോ?

നടപ്പില്ലാത്ത കാര്യമാണു നിരായുധീകരണമെന്നു ചിന്തിച്ചിരുന്നവരിൽ ഒരാളാണു ഞാൻ. എന്നാൽ 1978 മെയ്-ജൂൺ മാസങ്ങളിൽ ന്യൂയോർക്കിൽ വച്ചു നടന്ന ഐക്യരാഷ്ട്ര സംഘടനയുടെ നിരായുധീകരണത്തിനുവേണ്ടിയുള്ള സ്പെഷൽ അസംബ്ലിയിൽ ക്രിസ്തീയ സമാധാന സമ്മേളനത്തിന്റെ ഡലിഗേഷൻ നേതാവായി സംബന്ധിച്ചതിനെത്തുടർന്ന് എന്റെ ചിന്തയ്ക്കു തന്നെ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. മുമ്പത്തേക്കാൾ കൂടുതൽ പ്രത്യാശ നിരായുധീകരണത്തെക്കുറിച്ച് ഇന്നെനിക്കുണ്ട്. കാരണങ്ങൾ പറയാം.

ഒന്നാമത്, ഇതുവരെ ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേക സമ്മേളനങ്ങൾ നടന്നിട്ടുള്ളത് ലോകത്തെ അലട്ടാൻ വലിയ പ്രശ്നങ്ങൾ ഉള്ളപ്പോൾ മാത്രമാണ്. മദ്ധ്യപൗരസ്ത്യദേശത്തെ യുദ്ധം, ഒരു പുതിയ അന്താ

രാഷ്ട്ര സാമ്പത്തിക വ്യവസ്ഥിതി, ഇങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ചായിരുന്നു ഇതുവരെയുള്ള സ്പെഷൽ സെഷനുകൾ. അതോടൊപ്പം തന്നെ പ്രാധാന്യമുള്ള ഒരു വിഷയമായി നിരായുധീകരണത്തെ ഐക്യരാഷ്ട്ര സംഘടന എടുത്തു എന്നുള്ളത് ഒരു കൊച്ചു കാര്യമല്ല.

രണ്ടാമത്, ഇതുവരെ നിരായുധീകരണത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരുന്നത് ഐക്യരാഷ്ട്ര സംഘടനയുടെ ഒരു ചെറിയ കമ്മീഷനായിരുന്നു. പ്രധാനമായും അമേരിക്ക, റഷ്യ, ബ്രിട്ടൺ, സ്വീഡൻ എന്നിങ്ങനെ കുറച്ചു രാജ്യങ്ങളെ അതിൽ പങ്കെടുത്തിരുന്നുള്ളു. കേന്ദ്രകായുധങ്ങൾ സംഭരിച്ചിട്ടുള്ള ഫ്രാൻസും ചൈനയും ഇന്ത്യയും അതിൽ സംബന്ധിച്ചിരുന്നില്ല. ഇന്നു നിരായുധീകരണ ചർച്ചയിൽ ലോകത്തിലെ 150 രാഷ്ട്രങ്ങളും പങ്കെടുക്കുന്നു എന്നുള്ളതാണു സ്പെഷൽ സെഷൻ കൊണ്ടു സാധിച്ച പ്രധാന കാര്യം. ലോകം മുഴുവനും കൂടെ വിചാരിച്ചെങ്കിലേ, സുഭദ്രതയുള്ള ഒരു പുതിയ ലോകവ്യവസ്ഥിതിക്കുള്ളിൽ നിരായുധീകരണം നടത്താനാവൂ.

ഇന്നലെവരെ ജനീവയിലെ നിരായുധീകരണക്കമ്മീഷനിൽ തങ്ങൾക്കുള്ള കസേരയിൽ ഇരിക്കാതെ മാറിനിന്നിരുന്നവരാണു ചൈനയും ഫ്രാൻസും. ഫ്രാൻസ് ഇപ്പോൾ അതിൽ സംബന്ധിക്കാൻ തയ്യാറാണെന്നു സമ്മതിച്ചിട്ടുണ്ട്. അമേരിക്കയും റഷ്യയും ചെയർമാൻ സ്ഥാനം ഒഴിയുമ്പോൾ അമേരിക്കയുടെ സ്ഥാനം ഫ്രാൻസിനു കിട്ടുമെന്നുള്ള ചിന്തയിലാണെന്നു തോന്നുന്നു ഫ്രാൻസ് മുമ്പോട്ടു വന്നിട്ടുള്ളത്. പക്ഷേ റഷ്യ ചെയർമാൻ സ്ഥാനം ഒഴിയുമ്പോൾ ആ സ്ഥാനം ചൈനയ്ക്കു കൊടുക്കാൻ റഷ്യയ്ക്കു സമ്മതമല്ല. എന്നാലും വൻകിട ശക്തികൾക്കു നിരായുധീകരണം തങ്ങളുടെ മാത്രം തീരുമാനത്തിനു വിധേയമാക്കി വച്ചിരിപ്പാൻ ഇനി സാദ്ധ്യമല്ല.

സ്പെഷൽ സെഷനിൽ, നമ്മുടെ പ്രധാനമന്ത്രി മൊറാർജി ദേശായിയും ബ്രിട്ടനിലെ പ്രധാനമന്ത്രി കലഹനും പശ്ചിമജർമനിയിലെ ചാൻസലർ ഷ്മിറ്റും ചൈനയിലെ ഉപരാഷ്ട്രപതി ഹുവാങ്ഹുവായും അമേരിക്കൻ വൈസ് പ്രസിഡന്റ് മോൺഡേലും റഷ്യൻ വിദേശകാര്യമന്ത്രി ഗ്രോമിക്കോയും കനേഡിയൻ പ്രധാനമന്ത്രി ട്രൂഡോയും മറ്റനേകം പ്രധാനമന്ത്രിമാരും ഉപരാഷ്ട്രപതികളും വിദേശകാര്യമന്ത്രിമാരും നേരിട്ടു പങ്കെടുത്തു എന്നുള്ളത്, നിരായുധീകരണത്തിനു ലോകരാഷ്ട്രങ്ങൾ എന്തു മാത്രം മുൻഗണന നൽകുന്നു എന്നതിനു തെളിവാണ്.

നിരായുധീകരണം സാദ്ധ്യം തന്നെ. ഒരു പുതിയ ലോകവ്യവസ്ഥിതിയിലേ അതു പൂർണമായി നടപ്പിൽ വരികയുള്ളൂ. പക്ഷേ ഭാഗികമായി ഇപ്പോഴേ ആരംഭിക്കാൻ സാധിക്കും.

**ആദ്യ പടി**

പ്രശ്നങ്ങളേവ? പ്രഥമ പടികളേവ? ആദ്യത്തെ പടി വലിയ സൈനിക ബജറ്റുള്ള രാജ്യങ്ങളെല്ലാം ഒരുമിച്ചു തങ്ങളുടെ ബജറ്റിന്റെ പത്തു ശതമാനം വീതം കുറയ്ക്കുവാൻ തീരുമാനിച്ചിട്ട്, അതിന്റെ ഒരു ഭാഗമെങ്കിലും അവികസിത രാഷ്ട്രങ്ങൾക്കു വികസന സഹായമായി നല്കുകയെന്നതാണ്. ഇതു സംബന്ധമായ ഒരു തീരുമാനം 1973 ഡിസംബർ ഏഴാം തീയതി ജനറൽ അസംബ്ലി എടുത്തതാണ്. നടപ്പിൽ വരുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. സെക്യൂരിറ്റി കൗൺസിൽ സ്ഥിരം അംഗങ്ങളായ അമേരിക്ക, റഷ്യ, ബ്രിട്ടൺ, ഫ്രാൻസ്, ചൈന എന്നിവരും മറ്റു താല്ക്കാലിക അംഗങ്ങളായ ആറു രാഷ്ട്രങ്ങളും, സൈനിക ബജറ്റിൽ മുമ്പോട്ട് നിൽക്കുന്ന മറ്റു രാഷ്ട്രങ്ങളും ഇതിൽ പങ്കെടുക്കണമെന്നായിരുന്നു നിർദ്ദേശം. ഇതു സംബന്ധിച്ച് ഒരു പ്രത്യേക പഠനക്കമ്മീഷൻ നിയമിക്കപ്പെടുകയും അവർ റിപ്പോർട്ട് സമർപ്പിക്കയും ചെയ്തു. പല പ്രായോഗിക നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്. പത്തു ശതമാനം സൈനികച്ചെലവു കുറച്ചിട്ട് അതിന്റെ പത്തിലൊന്ന്, അതായത് ആകെ ചെലവിന്റെ ഒരു ശതമാനം അവികസിത രാഷ്ട്രങ്ങൾക്കു വികസനസഹായമായി കൊടുക്കണമെന്നായിരുന്നു കമ്മീഷൻ നിർദ്ദേശം. നടപ്പിൽ വരാത്തതിന്റെ കാരണം രാഷ്ട്രീയം തന്നെ. സൈനിക ബജറ്റ് പത്തു ശതമാനം കുറച്ചു എന്നു തെളിയിക്കണമെങ്കിൽ ഓരോ രാജ്യത്തും പോയി സൈനിക ചെലവുകളുടെ ഇൻസ്പെക്ഷൻ നടത്തണമെന്നും അതു സുഭദ്രതയ്ക്കു ഹാനികരമാണെന്നുമാണു വൻകിട രാഷ്ടങ്ങളുടേയും അല്ലാത്തവരുടെയും ഭയം. വെരിഫിക്കേഷൻ പ്രശ്നം എന്ന പാറയിലാണ് ഈ നിർദ്ദേശക്കപ്പൽ ഉടഞ്ഞിട്ടുള്ളത്.

ഏതായാലും മുൻപോട്ടു നീങ്ങാനുള്ള പ്രധാന നടപടികൾ താഴെ പറയുന്നവയാണ്.

1. വെരിഫിക്കേഷൻ നടന്നാലും ഇല്ലെങ്കിലും ഓരോ രാഷ്ട്രവും അതിന്റെ സൈനിക ചെലവിന്റെ ഒരു ശതമാനം വീതം നിക്ഷേപിച്ച് ഒരു വികസന ഫണ്ടുണ്ടാക്കുക. പത്തു കൊല്ലം കൊണ്ടെങ്കിലും അതു ക്രമേണ പത്തു ശതമാനമായി വർദ്ധിപ്പിക്കുക. അങ്ങനെയുള്ള ഒരു കരാറിൽ എല്ലാ രാഷ്ട്രങ്ങളും ഒപ്പു വയ്ക്കുക.

2. പുതിയ കേന്ദ്രകായുധങ്ങൾ നിർമ്മിക്കുകയോ, പഴയവയുടെ രൂപവും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയോ അതിനാവശ്യമായ ഗവേഷണം നടത്തുകയോ ചെയ്യുകയില്ലെന്നുള്ള ഒരു കരാറിൽ എല്ലാ രാഷ്ട്രങ്ങളും ഒപ്പുവെയ്ക്കുക. മിലിട്ടറി ബജറ്റ് വർദ്ധിപ്പിക്കുകയില്ലെന്ന് ഉടമ്പടി ചെയ്യുക.

3. പത്തു വർഷം കൊണ്ടു പത്തു ശതമാനമെങ്കിലും കുറയ്ക്കുവാനുള്ള കരാറിനുപരിയായി, അതിനേക്കാൾ കൂടുതലായ സൈനികച്ചെലവു കുറവു നടപ്പാക്കുന്ന കാര്യത്തിൽ കുറെ രാഷ്ട്രങ്ങളെങ്കിലും മാതൃക കാണിക്കുക. കാനഡ ഇപ്പോൾ കേന്ദ്രകായുധങ്ങൾ നിർമിക്കുന്നതു വേണ്ടെന്നു വച്ചിരിക്കുന്നു. അതുപോലെ ഇന്ത്യയും വാക്കു കൊടുത്തിട്ടുണ്ട്. ഇനിയും മറ്റു പല രാഷ്ട്രങ്ങളും സ്വമേധയാ ഇങ്ങനെ തീരുമാനിക്കണം. സൈനികച്ചെലവു കാര്യമായി ചുരുക്കി മാതൃക കാണിക്കണം.

4) പുതിയ കേന്ദ്രകായുധങ്ങളും അവയുടെ വിക്ഷേപണോപകരണങ്ങളും ഉണ്ടാക്കുന്നതിനെയും ടെസ്റ്റ് ചെയ്യുന്നതിനെയും നിരോധിക്കുന്ന അന്താരാഷ്ട്ര നിയമമുണ്ടാക്കുകയും അതു നടപ്പിൽ വരുത്തുന്നതിനധികാരമുള്ള ഒരു അന്താരാഷ്ട്ര അധികാരകേന്ദ്രം സൃഷ്ടിക്കയും ചെയ്യണം.

5. ഇപ്പോൾ റഷ്യയും അമേരിക്കയും തമ്മിൽ നടക്കുന്ന സ്ട്രാറ്റജിക്ക് ആർമ്സ് ലിമിറ്റേഷൻ ടോക്ക്സ് (SALT-II) ഒരു പര്യവസാനത്തിലെത്തിച്ചിട്ട്, കേന്ദ്രകായുധങ്ങൾ പത്തു മുതൽ 50 ശതമാനം വരെ കുറയ്ക്കുവാനുള്ള ഒരു പുതിയ കരാറിൽ അമേരിക്കയും റഷ്യയും ഒപ്പു വെയ്ക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക.

6. യൂറോപ്പിലുള്ള പാശ്ചാത്യ പൗരസ്ത്യ ശക്തികളുടെ സായുധസേനകളിലെ പട്ടാളക്കാരുടെ എണ്ണം സാരമായി കുറയ്ക്കുന്നതിനു വേണ്ടിയുള്ള വിയന്നാ സംഭാഷണങ്ങൾ വിജയത്തിലെത്തിക്കുക.

7. കേന്ദ്രകായുധങ്ങളുള്ള എല്ലാ രാഷ്ട്രങ്ങളും തങ്ങൾ ആദ്യം അവയെ ആരുടെയെങ്കിലും നേരെ പ്രയോഗിക്കുകയില്ല എന്ന കരാറിൽ ഒപ്പിടുക (Renunciation of first use).

8. കേന്ദ്രകായുധങ്ങളില്ലാത്ത മേഖലകൾ സൃഷ്ടിക്കുക. ഉദാഹരണമായി ഇന്ത്യാ സമുദ്രം, സൈപ്രസ്, മദ്ധ്യപൗരസ്ത്യദേശം, ഓസ്ട്രേലിയ. ഈ മേഖലകളിലെ എല്ലാ രാജ്യങ്ങളുടേയും സുഭദ്രത ഐക്യരാഷ്ട്ര സംഘടനയും വൻകിട ശക്തികളും ഗാരന്റി ചെയ്യുക.

9. വിഷവാതകങ്ങൾ, രോഗാണുക്കൾ, ഒരു രാജ്യത്തിന്റെ കാലാവസ്ഥ മാറ്റുന്ന പ്രവർത്തനങ്ങൾ, ഇവ ഉപയോഗിച്ചു യുദ്ധം ചെയ്യുകയില്ലെന്നുള്ള ഉടമ്പടികളിൽ എല്ലാ രാഷ്ട്രങ്ങളും ഒപ്പുവയ്ക്കുക.

10. കേന്ദ്രകേതര യുദ്ധസാമഗ്രികളുടേയും സേനകളുടേയും ഗണ്യമായ ലഘൂകരണത്തിനുള്ള ഒരു സാർവലൗകിക പദ്ധതിയുണ്ടാക്കിയിട്ട് അതിൽ എല്ലാ രാഷ്ട്രങ്ങളും ഒപ്പുവച്ചു നടപ്പിൽ വരുത്തുക.

11. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങൾക്കും പുറത്തുനിന്നുള്ള ആക്രമണത്തിൽ നിന്നു സുഭദ്രത നല്കുന്നതിനുള്ള ഒരു ആഗോള അധികാരശക്തിയെ ഐക്യരാഷ്ട്ര സംഘടനയുടെ വ്യവസ്ഥിതിക്കകത്തു നിർമിച്ച് ബലപ്പെടുത്തുക.

12. യുദ്ധമില്ലാത്ത ലോകത്തെപ്പറ്റിയുള്ള ദർശനം പാഠപുസ്തകങ്ങളിലും വാർത്താവിനിമയ മാധ്യമങ്ങളിലും കൂടി ലോകത്തിൽ പ്രചരിപ്പിക്കുകയും രാഷ്ട്രങ്ങൾ തമ്മിൽ പരസ്പര വിശ്വാസവും ധാരണയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുകയും ചെയ്യുക. മത സംഘടനകളും മതേതര സംഘടനകളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ ജനങ്ങൾക്കു വേണ്ടുന്ന പ്രചോദനം നൽകണം.

ഇതൊക്കെ ഒരു ദിവാസ്വപ്നമല്ലേ? അല്ല, മനുഷ്യരാശിയുടെ ഒരത്യാവശ്യമാണ്. അക്കാര്യം മനുഷ്യവർഗ്ഗത്തിനു ബോദ്ധ്യമാകുമ്പോൾ അതിനുള്ള ഉപാധികളും ഉണ്ടാകും. ബോദ്ധ്യമാകാൻ അധികം താമസിച്ചാൽ മനുഷ്യവർഗ്ഗത്തെത്തന്നെ ചിലപ്പോൾ ഈ ഭൂമുഖത്തു കണ്ടില്ലെന്നും വരും.

*(മലയാള മനോരമ, 1978 ഓഗസ്റ്റ് 6)*



# 9

# മോസ്കോയിൽ ഒരു സമാധാന സമ്മേളനം

കഴിഞ്ഞ ഫെബ്രുവരിയിൽ മോസ്കോയിൽ വളരെ സുപ്രധാനമായ ഒരു സമ്മേളനം നടന്നു. ലോകത്തിലെ സമാധാന ശക്തികളുടെ ഒരു യോഗമായിരുന്നു അത്. സോവിയറ്റ് നേതാവ് ഗോർബ്ബച്ചേവ്, സുപ്രസിദ്ധ ആഖ്യായികാകാരൻ 83 വയസ്സുള്ള ഗ്രാഹാം ഗീൻ, യുദ്ധത്തിന് എതിരായുള്ള ഭിഷക്കുകളുടെ അമേരിക്കൻ അദ്ധ്യക്ഷൻ, പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഒരു അമേരിക്കൻ അണുഗവേഷകൻ, ലോകവ്യാപാര സമൂഹത്തിലെ പ്രധാന നേതാവായ ഒരു ഇറ്റലിക്കാരൻ, പശ്ചിമജർമ്മനിയിലെ മുൻ വിദേശകാര്യമന്ത്രി എ. ഗോൺബാർ തുടങ്ങിയവരൊക്കെ യോഗത്തിൽ സംബന്ധിച്ചിരുന്നു. അവരോടൊപ്പം മതസംബന്ധമായ സമാധാന ശക്തികളുടെ വക്താവായി ഞാനും സംസാരിച്ചു. യോഗത്തിനു മുമ്പ് അനൗപചാരികമായി മീഖായേൽ ഗോർബച്ചേവിനോട് രണ്ടു വാക്കു സംസാരിക്കുവാൻ എനിക്കവസരം കിട്ടി.

"ഡൽഹിയിൽ വന്നപ്പോൾ കണ്ടില്ലല്ലോ?" ഗോർബച്ചേവ് എന്നോട് ചോദിച്ചു.

"അന്ന് അങ്ങ് ഇന്ത്യയിലായിരുന്നപ്പോൾ ഞാൻ സോവിയറ്റ് യൂണിയനിലായിരുന്നു" ഞാൻ പറഞ്ഞു.

"ഇന്നു ഞാൻ ഡൽഹി പ്രഖ്യാപനത്തെക്കുറിച്ചാണു സംസാരിക്കുന്നത്" അദ്ദേഹം സൂചിപ്പിച്ചു.

ഗോർബച്ചേവിന്റെ പ്രൗഢഗംഭീരമായ ഒരു മണിക്കൂർ നേരത്തെ പ്രസംഗത്തിൽ ഡൽഹി ഡിക്ലറേഷന് വളരെ പ്രധാനമായ ഒരു സ്ഥാനമാണ് അദ്ദേഹം കൊടുത്തത്. ഇതിന്റെ ഒന്നാമത്തെ കാരണമായി അദ്ദേഹം തന്നെ പറഞ്ഞത് നമ്മുടെ ജനസംഖ്യയാണ്. ഇന്ത്യയിലെയും സോവിയറ്റ് യൂണിയനിലെയും ജനങ്ങൾ ഒന്നിച്ചു കൂടിയാൽ ഉദ്ദേശം 100 കോടി വരും. ലോകത്തിലുള്ള മനുഷ്യവർഗ്ഗത്തിന്റെ അഞ്ചിലൊന്നാണ് ഈ പറയുന്ന ജനതതി. ഇവരുടെ പ്രതിനിധിയായി സംസാരിക്കുകയെന്നുള്ളത് മഹത്തായ കാര്യമാണ്. മാത്രമല്ല സമാധാനത്തിന് വേണ്ടിയുള്ള മുൻ നീക്കത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതികൾക്കുള്ളതുപോലെ തന്നെ ഒരു സ്ഥാനം ചേരിചേരാ രാഷ്ട്രങ്ങൾക്കുമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. അതായത് സമാധാനം അല്ലെങ്കിൽ അണ്വായുധ നിർമ്മാർജ്ജനം

എന്നത് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയോ അണ്വായുധ രാഷ്ട്രങ്ങളുടേയോ മാത്രം ഒരു പ്രത്യേക ചുമതലയോ, ചിന്തയോ അല്ല. നമ്മെ എല്ലാം ഒരുപോലെ ബാധിക്കുന്ന ഒരു കാര്യമാണ്. ഇതിന്റെ കാരണം വഴിയെ പറയാം.

(ഗ്രേറ്റ് മാർച്ച്, 1987, ജൂലൈ)



# 10

# ബാക്റ്റീരിയയ്ക്കും പേറ്റന്റ്?

## അമേരിക്കൻ സുപ്രീംകോടതിയുടെ ഒരു സുപ്രധാന തീരുമാനം കോളിളക്കം സൃഷ്ടിക്കുന്നു

പുതിയ ബാക്റ്റീരിയ (രോഗാണുക്കൾ ഈ വർഗ്ഗത്തിൽപ്പെട്ടവയാണ്) ലാബററ്ററിയിൽ ഉണ്ടാക്കുന്ന കാര്യം ഇത്ര പെട്ടെന്ന് നടക്കുമെന്ന് ആരും വിചാരിച്ചിരുന്നില്ല. ക്രൂഡ്ഓയിൽ ഭക്ഷിക്കുന്ന ഒരു ബാക്റ്റീരിയം ഇതാ എട്ടു വർഷം മുമ്പ് ഒരു ശാസ്ത്രജ്ഞൻ സൃഷ്ടിച്ചു കഴിഞ്ഞു. അതിന്റെ പേറ്റന്റ് രജിസ്റ്റർ ചെയ്യാൻ അപേക്ഷിച്ചത് 1972-ലാണ്. അപേക്ഷിച്ച ശാസ്ത്രജ്ഞന്റെ പേര് ആനന്ദചക്രവർത്തിയെന്നാണെന്നതു കൊണ്ടു തന്നെ ഇന്ത്യനാണെന്നും, ബംഗാളിയാണെന്നും വ്യക്തമാണല്ലോ. പക്ഷേ അമേരിക്കയിലെ ജനറൽ ഇലക്ട്രിക്ക് കമ്പനിയുടെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്ററിനുവേണ്ടിയാണ് അദ്ദേഹം പേറ്റന്റിന് അപേക്ഷിച്ചത്.

ഇങ്ങനെയൊരു കാര്യം എന്തിനാണ് കോടതിയിൽ പോകുന്നത്? അമേരിക്കൻ നിയമം പറയുന്നത് “പുതിയതും പ്രയോജനപ്രദവുമായ ഏതെങ്കിലും സമ്പ്രദായമോ (Process), യന്ത്രമോ മാനുഫാക്ച്ചറോ, പദാർത്ഥത്തിന്റെ എന്തെങ്കിലും രചനയോ (Composition of Matter) അല്ലെങ്കിൽ ഇവയുടെ ഏതെങ്കിലും പുതിയതും പ്രയോജനകരവുമായ മെച്ചപ്പെടുത്തലോ കണ്ടുപിടിക്കുന്നയാൾക്ക് അതിനു പേറ്റന്റ് ലഭിയ്ക്കുന്നതിനവകാശമുണ്ട്” എന്നാണ്. അതായത് ആ കണ്ടുപിടുത്തം ഉപയോഗിയ്ക്കുന്ന ആളുകളിൽ നിന്ന് ഉപയോഗക്കൂലി വസൂലാക്കുന്നതിനും മറ്റാരെങ്കിലും അതുപോലെയുള്ളത് ഉണ്ടാക്കുന്നത് തടയാനുമുള്ള അവകാശം.

ക്രൂഡ്ഓയിൽ തിന്നുന്ന ബാക്റ്റീരിയ ഇക്കൂട്ടത്തിൽപ്പെടുകയില്ലെന്നും, കോൺഗ്രസ് നിയമമുണ്ടാക്കിയ സമയത്ത് ജീവജന്തുക്കളെ പുതുതായി ഉണ്ടാക്കുന്നതിനു സാധ്യതയുണ്ടായിരുന്നില്ലാ എന്നതുകൊണ്ടു ജീവജന്തുക്കൾക്ക് പേറ്റന്റ് നൽകുവാൻ നിയമം അനുവദിയ്ക്കുന്നില്ലാ എന്നും കോടതിയിൽ വാദിയ്ക്കുവാനാളുണ്ടായപ്പോഴാണ് പ്രശ്നം സങ്കീർണ്ണമായിത്തീർന്നത്.

1980 ജൂൺ 15-ാം തീയതി അമേരിക്കൻ സുപ്രീംകോടതിയുടെ ഫുൾ ബഞ്ച് വിധി നൽകി. അഞ്ചു ജഡ്ജിമാർ അനുകൂലവും നാലു ജഡ്ജിമാർ പ്രതികൂലവും. പ്രതികൂല ഭാഗത്തെ ജസ്റ്റീസ് വില്യം ബ്രെന്നൻ തന്റെ പ്രതിഷേധ ജഡ്ജ്മെന്റിൽ പറയുന്നത്, ഇങ്ങിനെ ജീവജാലങ്ങളെ

പുതിയതായി സൃഷ്ടിക്കുന്നതിന് പേറ്റന്റ് നൽകുന്നതുകൊണ്ട് വളരെ സങ്കീർണ്ണങ്ങളായ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുവെന്നാണ്. എന്നാൽ വിധിയെഴുതിയ ചീഫ് ജസ്റ്റീസ് വാറൻ സർഗരുടെ അഭിപ്രായത്തിൽ ബാക്റ്റീരിയ എന്നു പറയുന്നത് "മാനുഫാക്ച്വർ, കോമ്പസിഷൻ ഓഫ് മാറ്റർ" എന്ന് നിയമം പറയുന്ന വകുപ്പിൽപ്പെടുമെന്നും അതുകൊണ്ട് പേറ്റന്റിനവകാശമുണ്ടെന്നുമാണ്.

സ്നേഹഭോജിയായ ബാക്റ്റീരിയ ഇന്ന് വലിയ പ്രയോജനം ചെയ്യുന്ന ഒന്നാണ്. എണ്ണക്കപ്പലുകൾക്ക് കേടുവന്നിട്ട് എണ്ണയെല്ലാം സമുദ്രത്തിൽ പരക്കുമ്പോൾ പക്ഷികളും മീനും ലക്ഷക്കണക്കിന് ചത്തൊടുങ്ങുന്നു എന്നത് വലിയ പ്രശ്നം തന്നെയാണ്. ഇപ്പോൾ എണ്ണ വെള്ളത്തിൽ പോയാൽ ഈ ബാക്റ്റീരിയയെ കുറച്ചങ്ങു വിതറിയാൽ മതി. എണ്ണ ഭക്ഷിച്ച് അവർ തീർക്കും. അവരുടെ സംഖ്യയും വളരും. ഓയിൽക്കമ്പനിക്കാർ അനേക വർഷങ്ങളായി കോടിക്കണക്കിന് പണം ചെലവാക്കിയാണ് ഈ ബാക്റ്റീരിയയെ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 1972-ൽ ആനന്ദചക്രവർത്തി ഇവയെ സൃഷ്ടിച്ചെങ്കിലും ഇതുവരെ കാര്യം കോടതിയിലായതുകൊണ്ട് ഈ "മാനുഫാക്ച്വറി"ന്റെ മാനുഫാക്ച്വർ തുടങ്ങിയില്ലെന്നു മാത്രം.

ജൂൺ 15-നുണ്ടായ ഈ തീരുമാനം അമേരിക്കയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. പ്രധാനപ്പെട്ട മതനേതാക്കന്മാരെല്ലാവരും ഒരുമിച്ച് ഇതേപ്പറ്റി ഒരന്വേഷണം നടത്തണമെന്ന് ജൂൺ 20-നു പ്രസിഡന്റ് കാർട്ടറെ നേരിട്ടു കണ്ട് നിവേദനം നടത്തി.

എന്തിനാണ് റോമൻ കത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, പൗരസ്ത്യ ഓർത്തഡോക്സ്, യഹൂദ മതനേതാക്കന്മാരെല്ലാവരും ചേർന്ന് ഇത്ര വളരെ ബഹളം വയ്ക്കുന്നത്?

ജീനത്തിന്റെ ഘടന വ്യത്യാസപ്പെടുത്താനുള്ള സാധ്യത കൊണ്ടാണ് പുതിയ ബാക്റ്റീരിയകൾ മാത്രമല്ല നമ്മുടെ ഗ്രീൻ റവലൂഷന്നടിസ്ഥാനമായ പുതിയ വിത്തുകളും ഒക്കെ ഉണ്ടായത്. മതനേതാക്കന്മാരുടെ പ്രസ്താവനയിൽ പറയുന്നത്, ജീനരചനാ പരിവർത്തനം കൊണ്ട് "ദൈവം കളിയ്ക്കാനുള്ള" സാദ്ധ്യത മുമ്പെങ്ങുമില്ലാതിരുന്നതുപോലെ മനുഷ്യരാശിയ്ക്കു സംസിദ്ധമായിരിയ്ക്കുന്നു. പ്രയോജനകരമായ പല പുതിയ ജീവരൂപങ്ങളും സൃഷ്ടിയ്ക്കുവാൻ മനുഷ്യന് ഇന്ന് കഴിവുണ്ടെന്നത് വെറും പരമാർത്ഥം മാത്രമാണ്, ദിവാസ്വപ്നമൊന്നുമല്ല. പക്ഷേ, വളരെയധികം ദോഷം ചെയ്യുന്ന ജീവരൂപങ്ങളും സൃഷ്ടിച്ചുവിടാൻ നമുക്ക് കഴിഞ്ഞേക്കും. മനുഷ്യശരീരത്തിന് നിരോധനശക്തിയില്ലാത്ത ഒരു രോഗബീജം മനുഷ്യൻ അറിഞ്ഞുകൊണ്ട് തന്നെ സൃഷ്ടിക്കാനൊക്കുമെന്ന്

മാത്രമല്ല അങ്ങനെയുള്ള രോഗബീജങ്ങൾ ഒരു യുദ്ധസാമഗ്രിയായി ഉപയോഗിക്കുവാൻ വേണ്ടി വൻകിട ഗവൺമെന്റുകൾ സൃഷ്ടിച്ച് ശേഖരിച്ച് വെച്ചിട്ടുണ്ടെന്ന് ചിന്തിക്കുന്നതിനുപോൽബലകമായ തെളിവുകൾ ധാരാളമുണ്ട്. ചിലപ്പോൾ പ്രയോജനകരമെന്ന് കരുതി നാം സൃഷ്ടിക്കുന്ന ഒരു ബാക്റ്റീരിയ പിന്നീട് നാം ഉദ്ദേശിക്കാത്തരീതിയിലുള്ള ദോഷവും നാശവും വരുത്തിയെന്നും വന്നേക്കാം. ജീവജാലമായതുകൊണ്ട് ഒരിക്കൽ സൃഷ്ടിച്ചുവിട്ടാൽ അത് വർദ്ധിച്ചു പെരുകുകയേയുള്ളൂ. ഇല്ലാതാക്കാനൊത്തില്ലെന്ന് വരാം.

കുറെ കാലത്തേയ്ക്ക് നീണ്ടുനിൽക്കുന്ന ഒരു വിവാദമാണ് അമേരിക്കൻ സുപ്രീംകോടതിയുടെ ഈ തീരുമാനം സൃഷ്ടിച്ചുവിട്ടിരിക്കുന്നത്.



# 11

# സാഹിത്യവും സാമൂഹ്യമൂല്യങ്ങളും

1. Disclaimer. നേരിട്ടു വിഷയത്തിലേക്കു കടക്കുന്നില്ല.

2. a. സാഹിത്യ നിരീക്ഷണം, സാഹിത്യ വിമർശനം, Literary criticism. അതിന്റെ ഉദ്ദേശ്യമെന്ത്?

b. അതൊരു കലയോ ശാസ്ത്രമോ?

c. ഇന്ന് അതിന് ചില തത്വങ്ങളും നിയമങ്ങളും ആവിഷ്ക്കരിക്കാൻ നമുക്കൊക്കുമോ?

ടി. എസ്. എലിയട്ട് 1923-ൽ പറഞ്ഞു: "നിരീക്ഷണത്തിന് എന്തെങ്കിലും ഒരു ഉദ്ദേശ്യം മനസ്സിൽ കാണണം. സാമാന്യമായി പറഞ്ഞാൽ, അത് കലാസൃഷ്ടികളുടെ ആസ്വാദന പ്രകാശനവും കലാസ്വാദിന്റെ ക്രമീകരണവും (elucidation of works of cut and the correction of taste) ആണ്. നിരീക്ഷകൻ തന്റെ സ്വന്തം മുൻവിധികളും പ്രത്യേകതകളും ഒക്കെ കുറച്ചൊന്നു നിയന്ത്രിച്ചിട്ട്, ഒരു കലാസൃഷ്ടിയെപ്പറ്റി ശരിയായ വിധിയെഴുതുന്നതിൽ തന്റെ സഹപ്രവർത്തകരുമായി സഹകരിയ്ക്കണം. അതിന്ന് പകരം അയാൾ തന്റെ അഭിപ്രായം മറ്റുള്ളവരുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിയ്ക്കണമെന്ന നിർബന്ധത്തോടെ എങ്ങിനെയെങ്കിലും മറ്റു വിമർശകരെ വിമർശിയ്ക്കുന്നതിൽ കുറെ സ്വന്തം കിറുക്കുകളും പ്രത്യേകതകളും പ്രകാശിപ്പിയ്ക്കാനാണുദ്യമിയ്ക്കുന്നതെങ്കിൽ, നിരീക്ഷകവലയത്തിൽ നിന്നും അയാളെ പുറത്തിറക്കണം."

കലാസൃഷ്ടിയെപ്പറ്റി ന്യായമായ ഒരു വിധിയെഴുതുകയാണോ, അതോ ഒരു നിരീക്ഷകൻ എന്ന നിലയിൽ സ്വന്തം പ്രത്യേകതകൾക്ക് പ്രകാശനം നല്കുകയോ ഏതാണ് നിരീക്ഷകന്റെ ചുമതല? ഏതായാലും സ്വന്തം പ്രത്യേകതകളെ പ്രകാശിപ്പിക്കുന്നതിലും കുറച്ചെങ്കിലും യാഥാർത്ഥ്യ സാരൂപ്യം വേണമല്ലോ. അങ്ങിനെയെങ്കിൽ വിമർശകന്റെ വിധിയെഴുത്തിനെ നിയന്ത്രിയ്ക്കുന്ന നിയമങ്ങൾ വല്ലതുമുണ്ടോ എന്ന ചോദ്യം വീണ്ടും സംഗതമാകുന്നു.

എന്നാൽ മറിച്ചാണ് ഡി. എച്ച്. ലാറൻസിന്റെ അഭിപ്രായം.

"സാഹിത്യ നിരൂപണം, നിരൂപണവിധേയമാകുന്ന ഗ്രന്ഥം നിരൂപകനിൽ ഉണ്ടാക്കുന്ന വികാരത്തിന്റെ യുക്തിയുക്തമായ വിവരണം മാത്രമാണ്. നിരൂപണം ഒരു ശാസ്ത്രമാകാൻ സാദ്ധ്യമല്ല. കാരണം ഒന്നാമത്, അത് വളരെ ചെറിയ വ്യക്തിപരമായ ഒരു നിഷ്ഠയാണ്. രണ്ടാമത്

ശാസ്ത്രം നിരാകരിക്കുന്ന മൂല്യങ്ങളുമായാണ് അതിന്നു ബന്ധം. നിരൂപണത്തിന്റെ ഉരകല്ല് വികാരമാണ്, യുക്തിയല്ല. ഒരു കലാസൃഷ്ടിയെ നാം വിലയിരുത്തുന്നത് ആത്മാർത്ഥവും സജീവവുമായ നമ്മുടെ വികാരത്തിന്മേൽ അതുളവാക്കുന്ന പ്രഭാവത്തെ മാത്രം ആസ്പദമാക്കിയാണ്. മറ്റൊരടിസ്ഥാനത്തിലുമല്ല. ശൈലിയെന്നും രൂപമെന്നും ഒക്കെ പറഞ്ഞു ശാസ്ത്രമന്ന്യമായ വർഗ്ഗീകരണവും സസ്യശാസ്ത്രത്തിലെപ്പോലെ പുസ്തകങ്ങളെ തരംതിരിയ്ക്കാനുള്ള ഉദ്യമവും ഒക്കെ വെറും അപ്രസക്തതയുടെ ഉച്ചകോടിയാണ്, വെറും വിരസജല്പനമാണ്" (പേജ് 373).

എന്നാൽ ലാറൻസ് തന്നെയും സമ്മതിയ്ക്കും "കലയുടെ ചുമതല മനുഷ്യനും അവനെ ചുറ്റുന്ന പ്രപഞ്ചവും തമ്മിൽ ഈ സജീവ നിമിഷത്തിലുള്ള ബന്ധത്തെ അനാവരണം ചെയ്യുക"യെന്നുള്ളതാണ്" (Why the navel Matters) എന്ന് ഈ നിമിഷത്തിലെ ബന്ധം - ഇന്നലത്തെയോ നാളത്തെയോ ബന്ധമല്ല - ഈ സജീവ നിമിഷത്തിലെ ബന്ധം. മാറിക്കൊണ്ടിരിയ്ക്കുന്നവയാണീ ബന്ധങ്ങൾ. ആണിയടിച്ചുറപ്പിക്കാവുന്നവയല്ല.

മൂല്യങ്ങൾ എന്ന് പറയുന്നവയും ഏതാണ്ട് ഇതു പോലെയുള്ളതല്ലേ? ഇന്നിന്റെ മൂല്യങ്ങളും ഇന്നലെയുടെ മൂല്യങ്ങളും ഒന്നായിക്കൊള്ളണമെന്നില്ലല്ലോ? ഈ മൂല്യങ്ങൾ ആരാണ് ഇന്നത്തേയ്ക്ക് വേണ്ടി മാത്രമാണെങ്കിലും നിർവചിച്ചു തരുന്നത്?

കലയിൽ ധ്വനിയ്ക്കുന്ന മൂല്യങ്ങൾ മൂന്നു തരത്തിലാവാം - ഒന്ന് എന്റെ വ്യക്തിത്വത്തേയും, മാനുഷികതയേയും സ്വാതന്ത്ര്യത്തേയും ധ്വനിപ്പിയ്ക്കുന്നവ; രണ്ട്, സമൂഹത്തിന്റെ സ്വാതന്ത്ര്യത്തേയും മാനുഷികതയേയും പൊതു ലക്ഷ്യങ്ങളേയും, നീതിയേയും ധർമ്മത്തെയും ധ്വനിപ്പിയ്ക്കുന്നവ. മൂന്ന്, വ്യക്തിത്വത്തിന്റെയും സമൂഹത്തിന്റെയും ധാർമ്മികതയെ മറികടന്ന്, ഈ മൂർത്ത പ്രപഞ്ചത്തിന്റെ തന്നെ പ്രതിഭയെ അതിർകടന്ന് ആന്തരിക സത്തയുടെ അദ്ധ്യാത്മികാനുഭൂതിയാകുന്ന പരമപരാമൂല്യം. ഇതു മൂന്നും ഒരുമിച്ച് കണക്കിലെടുത്താലല്ലേ ഇന്നിന്റെയായാലും ഇന്നലെയുടെയായാലും നാളെയുടെയായാലും ആർഷഭാരതത്തിലെ മൂല്യസംവിധാനം സമതുലിതമാകയുള്ളു?

ഇത് മൂന്നും ഒരുമിച്ച് ധ്വനിപ്പിയ്ക്കാൻ സാധിയ്ക്കുന്ന സാഹിത്യം നമുക്കെത്രമാത്രമുണ്ട് മലയാളത്തിൽ? പണ്ട് ഭരതന്റെ നാട്യശാസ്ത്രത്തിൽ പറഞ്ഞതുപോലെ വേദവും ദർശനവുമൊക്കെ കുറേപ്പേർക്ക് മാത്രമേ പഠിയ്ക്കാനും പരിശീലിയ്ക്കാനുമൊക്കുകയുള്ളു. സമൂഹത്തിലെ തീരുമാനങ്ങൾ ചെയ്യുന്നതും, സാമൂഹ്യവികസനത്തിന്റെ ചുക്കാൻ പിടിയ്ക്കുന്നതും ഇന്ന് വേദശാസ്ത്രജ്ഞന്മാരോ ദർശകരോ അല്ല. സാധാരണ

ക്കാരാണ്. സാധാരണക്കാരനെ ഈശ്വരൻ അതിയായി സ്നേഹിയ്ക്കുന്നു എന്നുള്ളതിന്റെ ലക്ഷ്യം, ഒരു സരസൻ പറഞ്ഞതുപോലെ, വിരലിലെണ്ണാവുന്ന ദർശകന്മാരെയും വേദശാസ്ത്രജ്ഞന്മാരെയും മാത്രം സൃഷ്ടിച്ച ഈശ്വരൻ, സാധാരണക്കാരന്റെ സംഖ്യയിൽ യാതൊരു ലോപവും കാണിച്ചില്ല എന്നതു തന്നെ. ഈ സംഖ്യാബഹുലതയുള്ള സാധാരണക്കാരൻ സമൂഹത്തിന്റെ ചുക്കാൻ പിടിയ്ക്കാനെങ്ങിനെ സാധിക്കും? അവനെന്തടിസ്ഥാനത്തിലാണ് സാമൂഹ്യ തീരുമാനങ്ങളിലെത്തിച്ചേരുന്നത്? അവന്റെ അല്ലെങ്കിൽ അവളുടെ ധാർമ്മികബോധത്തെയും ജീവിതലക്ഷ്യ ചിന്തയേയുമൊക്കെ തട്ടിയുണർത്താനൊക്കുന്ന ഒരുപാധിയായി സാഹിത്യത്തെ കണക്കാക്കുകയാണെങ്കിൽ അതെങ്ങിനെയാണ് സാധിയ്ക്കുന്നതെന്ന ചോദ്യം പിന്നെയും അവശേഷിയ്ക്കും.


ഭരതൻ പറഞ്ഞതുപോലെ രസവും ധ്വനിയുമാണ് സാഹിത്യത്തിന്റെ ലക്ഷണമെന്ന് വെയ്ക്കൂ. രസം കൂടിയേ തീരൂ. അതാണ് കലാരൂപത്തിന്റെ പ്രത്യേകത. യുക്തിയും ദർശനവും പ്രയോഗിയ്ക്കുന്നവൻ രസത്തിന് പ്രാധാന്യം കൊടുക്കുന്നില്ല. എന്നാൽ വിരസമായത് കലയാകയില്ല. യുക്തി എപ്പോഴും വിരസമായിക്കൊള്ളണമെന്നില്ലെങ്കിലും പലപ്പോഴും അങ്ങിനെയാണ്. അത് സാധാരണക്കാരന്റെ പ്രജ്ഞാവലയത്തിനകത്തേയ്ക്ക് പ്രവേശിയ്ക്കുന്നില്ലെന്നതു കൊണ്ടാണല്ലോ സാഹിത്യത്തിന് അഞ്ചാം വേദമായി സ്ഥാനം ലഭിയ്ക്കുന്നത്.

പക്ഷേ രസം കൊണ്ട് മാത്രമായില്ല. ധ്വനിയും വേണം. യുക്തിയുപയോഗിയ്ക്കുന്ന ദർശകന് ധ്വനിയുടെയാവശ്യമില്ല. യാഥാർത്ഥ്യത്തെ അനാവരണം ചെയ്യുകയാണ് ദർശകൻ. എന്നാൽ സാഹിത്യകാരൻ യാഥാർത്ഥ്യത്തെ തിരശ്ശീല കൊണ്ട് മൂടിയിട്ട്, ആസ്വാദകനെ ക്ഷണിയ്ക്കുകയാണ്. വരൂ ഈ തിരശ്ശീലയ്ക്ക് പുറകിൽ എന്തെങ്കിലും ഉണ്ടോ എന്ന് കുറച്ച് ഭാവനയുപയോഗിച്ചൊന്നു ചിന്തിയ്ക്കൂ എന്ന്. ധ്വനിയെന്നു പറഞ്ഞാൽ സത്യത്തെ, മൂല്യത്തെ അർദ്ധാഛാദിതമായി അവതരിപ്പിയ്ക്കുകയെന്നല്ലേ അർത്ഥം.

പക്ഷേ, ഈ ധ്വനിയുടെ മറ കടക്കണമെങ്കിൽ യുക്തിപ്രഭാഷണം മനസ്സിലാക്കുന്നതിനാവശ്യമുള്ളത്രയില്ലെങ്കിലും കുറച്ചൊരു പരിശീലനമില്ലാതെ സാധിക്കുമോ? അങ്ങിനെ പരിശീലനമുള്ളവരുടെ സംഖ്യ, യുക്തിഗ്രന്ഥങ്ങൾ വായിക്കുന്നവരുടേതിനേക്കാൾ വലിയതാണെങ്കിലും എല്ലാവരേയും ഉൾക്കൊള്ളുന്നതാണോ?

ഇവിടെയാണ് literature of the elite + literature of the masses തമ്മിലുള്ള വടംവലി. ഇവിടെയാണ് ഡി. എച്ച്. ലോറൻസിന്റെ നിർവ്വചനം പ്രശ്നാത്മകമാകുന്നത്. രസം, ധ്വനി, പ്രാപ്യത മൂന്നും വേണം ഇന്നത്തെ നല്ല സാഹിത്യത്തിന്.

*(ഒരു പ്രഭാഷണത്തിനായി തയ്യാറാക്കിയ കുറിപ്പ്)*



# ഭാഗം 6

# പ്രഭാഷണങ്ങൾ

# 1

# നല്ല ഇടയൻ

ജനങ്ങൾക്കുവേണ്ടി സ്വയം സംസ്കരിക്കുന്ന, സ്വയം കഷ്ടപ്പെടുന്ന, സ്വയം ബുദ്ധിമുട്ടുകളനുഭവിക്കുന്ന, സത്യത്തിനുവേണ്ടി എതിർപ്പും ആക്ഷേപവും പരിഹാസവും സഹിക്കുന്ന ആളാണ് നല്ല ഇടയൻ.

കർത്താവ് പരീശന്മാരെക്കുറിച്ച് പറയുന്നു, നിങ്ങൾ പോകുന്നിടത്തൊക്കെ നിങ്ങൾക്ക് മുഖ്യാസനം വേണം, റബ്ബീ എന്നെല്ലാവരും വിളിക്കുന്നത് നിങ്ങൾക്കു കേൾക്കണം. ഇതൊക്കെയാണ് പരീശന്മാരുടെ കുറ്റങ്ങളായി കർത്താവ് പറയുന്നത്. ഇങ്ങനെയുള്ള കുറ്റങ്ങൾ ഇടയന്മാരിൽ കാണരുത്. അവർ മുഖ്യാസനങ്ങളെ ആഗ്രഹിക്കരുത്. അവനവൻ ഏറ്റവും വലിയ ആളാണെന്ന് പറഞ്ഞ് അഹങ്കരിക്കരുത്.

എല്ലാവർക്കുംവേണ്ടി സ്വയം പരിത്യജിക്കുന്ന, ലോകം നിന്ദിച്ചാലും കുഴപ്പമൊന്നുമില്ല, ലോകത്തിൽ വലിയ സ്റ്റാറ്റസ് ഒന്നും കിട്ടിയില്ലെങ്കിലും കുഴപ്പമൊന്നുമില്ല, സ്വന്തം ഇടവകയിലെ ആളുകൾക്കുവേണ്ടിയും, നമ്മുടെ സമൂഹത്തിലെ ജനങ്ങൾക്കുവേണ്ടിയും സ്വയം ബലികഴിക്കുന്ന, അൺപോപ്പുലർ കോസസിനുവേണ്ടി നീതിയുടെ ഭാഗത്തു നിന്നുകൊണ്ട് സമരം ചെയ്യുന്നവരായിട്ട് അച്ചന്മാർ തീരണം. അങ്ങനെ ചെയ്താൽ വലിയ കുഴപ്പമുണ്ടാകുമെന്ന് ഞാൻ പറയാതെതന്നെ അറിയാമല്ലോ.

നീതിയുടെ ഭാഗത്തുനിന്ന് തിന്മയ്ക്കെതിരായി സമരം ചെയ്യണം. ചെന്നായ എന്നു പറഞ്ഞാൽ നമ്മളെ കൊല്ലാൻ വരുന്നവരല്ല. നമ്മുടെ ആടുകളെ നശിപ്പിക്കാൻ വരുന്ന തിന്മകൾ ധാരാളമുണ്ട്. ആ തിന്മകൾക്കെതിരായിട്ട് സമരം ചെയ്യുമ്പോൾ നമുക്കും കേടു പറ്റും. സംശയമൊന്നുമില്ല. പക്ഷേ, ആ തിന്മകൾക്കെതിരായിട്ട് സമരം ചെയ്യുവാനും അതുപോലെ കുറെ ത്യാഗങ്ങൾ അനുഭവിക്കാനും നിങ്ങൾക്ക് അവസരമുണ്ടാകണം. ഇന്നത്തെ കാലത്ത് കേരളത്തിൽ മാത്രമല്ല, ലോകത്തിലൊട്ടാകെ തിന്മയ്ക്കു വലിയ ശക്തി ലഭിച്ചുകൊണ്ടിരിക്കുകയാണ്. തിന്മയുടെ അണ്യൂഷൽ ആയിട്ടുള്ള ഫോംസ് ആണ് നമ്മളിപ്പോൾ കാണുന്നത്. അതിൽ ഒന്നാണ് എയ്ഡ്സ് എന്നു പറയുന്നത്. മറ്റൊന്ന് മൈൻഡ്ലെസ് വയലൻസ്; അത് ഭയങ്കരമാണ്. അമേരിക്കയിൽ പ്രത്യേകിച്ചും കാണുന്നുണ്ട്. ഒരു സമയത്ത് ഒരു മനുഷ്യൻ, പെട്ടെന്നുള്ള ഉൾപ്രേരണ ഉണ്ടായിട്ട് തോക്കുമെടുത്ത് പുറത്തേക്കിറങ്ങിയിട്ട് കാണുന്നവരെയൊക്കെ വെടിവയ്ക്കുകയാണ്. ഒരു ഉദ്ദേശ്യവും ഇല്ല. അതാണ് മൈൻഡ്ലെസ് വയലൻസ്. ഏതോ ഒരു പൈശാചികശക്തി മനുഷ്യനിൽ പ്രവേശിച്ച് അവൻ

സാധാരണഗതിയിൽ ചെയ്യുകയില്ലാത്ത കാര്യങ്ങൾ പോലും ചെയ്യിച്ചു കൊണ്ടിരിക്കുകയാണ്.

മൂന്നാമത്, ഇപ്പോൾ പ്ലേഗ് പോലുള്ള ഒരു സാധനം വെസ്റ്റിൽ വരുന്നുണ്ട്. അതായത് പഴയ ബാക്ടീരിയകളെ പ്രതിരോധിക്കുവാൻ ആന്റിബയോട്ടിക്കുകൾ കൊടുത്തുകൊടുത്ത് ആ ബാക്ടീരിയകൾക്ക് ആന്റിബയോട്ടിക്കുകളെ റെസിസ്റ്റ് ചെയ്യാനുള്ള ശക്തി ഉണ്ടായിരിക്കുകയാണ്. അങ്ങനെ ശക്തിയുള്ള ധാരാളം ബാക്ടീരിയാകൾ ലോകത്തിലുണ്ട്. അമേരിക്കയിൽ 1993-ൽ 13500 ആളുകൾ മരിച്ചത് ഇങ്ങനെയുള്ള ബാക്ടീരിയാ കൊണ്ടാണ്. അതായത്, എന്ത് ആന്റിബയോട്ടിക്സ് കൊടുത്താലും ഏൽക്കുകയില്ലാത്ത ബാക്ടീരിയ. എന്തിന്റെ ബാക്ടീരിയയാണ്? ട്യൂബർകുലോസിസ്, മെനെഞ്ചൈറ്റിക്സ് പോലെയുള്ള രോഗങ്ങളുടെ ബാക്ടീരിയകളാണ്. ആന്റിബയോട്ടിക്സുകൊണ്ട് നമ്മളവയെ അതിജീവിച്ചു കഴിഞ്ഞു എന്ന് പറയുന്ന മരുന്നുകളാണ്. വലിയ പേടിയാണ് യുഎസിന്. ബാക്ടീരിയയ്ക്ക് എല്ലാം ഇതുപോലെയുള്ള റസിസ്റ്റന്റ് പവർ വന്നാൽ എയ്ഡ്സിന്റെ അനുഭവം തന്നെയാണ്. എയ്ഡ്സ് എന്നു പറഞ്ഞാൽ എന്താണ്? എമ്യൂ ഡെഫിഷൻസി ആണ്. ബാക്ടീരിയയെ ഫൈറ്റ് ചെയ്യുവാനുള്ള കഴിവ് ശരീരത്തിന് ഇല്ലാതാവുക എന്നു പറയുന്നതാണ് എയ്ഡ്സ്. ബാക്ടീരിയ വന്ന് നമ്മളെ അറ്റാക്ക് ചെയ്താൽ ആ ബാക്ടീരിയ കൊണ്ടുണ്ടാകുന്ന രോഗം റെസിസ്റ്റ് ചെയ്യാൻ സാധിക്കാതെ വരിക എന്നു പറഞ്ഞാൽ സാധാരണക്കാർക്കു വലിയ പേടിയുണ്ടാകുന്ന ഒരു കാര്യമാണ്.

അങ്ങനെ ആലോചിച്ചു നോക്കുമ്പോൾ ആർക്കെങ്കിലും എന്തെങ്കിലും ഒരു ആപത്ത് ഉണ്ടാകുന്ന സമയത്ത് അത് ദൈവശിക്ഷയാണെന്ന് പറയാൻ വലിയ മടിയാണ്. ഭൂകമ്പം ഉണ്ടായി, പ്ലേഗ് ഉണ്ടായി. അതൊക്കെ ദൈവശിക്ഷയാണെന്ന് പറയാൻ എനിക്ക് മടിയാണ്. കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ ശീലോഹോമിലെ ഗോപുരം വീണപ്പോൾ, അത് അവിടെയുള്ളവരോട് മാത്രം ദൈവം ചെയ്ത ശിക്ഷയാണോ? അല്ല, നിങ്ങളും അനുതപിച്ചില്ലെങ്കിൽ നിങ്ങൾക്കും അങ്ങനെ വരുമെന്ന് കാണിക്കാൻ വേണ്ടിയാണെന്നാണ് കർത്താവ് പഠിപ്പിച്ചത്. മറ്റു സ്ഥലങ്ങളിൽ ഇതുപോലെയുള്ള വയലൻസും ആന്റിബാക്ടീരിയയും പ്ലേഗും വർദ്ധിക്കുന്ന സമയത്ത് അവർക്കു ദൈവശിക്ഷയാണെന്നു പറയരുത്. മനുഷ്യരാശിയെ മുഴുവനും പഠിപ്പിക്കാൻ വേണ്ടിയാണ് ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ഉണ്ടാകുന്നത്.

ഇതുപോലെയുള്ള അനേക അനീതികൾ വരുന്ന കൂട്ടത്തിൽ ഒന്നാണ് അഴിമതി. എത്ര തുടച്ചുമാറ്റാൻ ശ്രമിച്ചിട്ടും സാധിക്കാത്ത അഴിമതി

നമ്മുടെ കേരളത്തിലും വന്നുകഴിഞ്ഞു. വടക്കേ ഇന്ത്യയിലൊക്കെ പണ്ടേ ഉണ്ടായിരുന്നു. ഇപ്പോൾ ഇവിടെയും സമഗ്രമായിട്ട് വ്യാപിച്ചു കഴിഞ്ഞു. ഇതിനെതിരായിട്ട് ആര് പിടിച്ചുനിൽക്കും? പ്രസക്തമായ ചോദ്യമാണിത്.

നിങ്ങളുടെ പ്രാദേശിക ഇടവകയെ അഴിമതിക്കെതിരെ എതിർത്തു നില്ക്കുവാൻ പ്രാപ്തമാക്കുക. അഴിമതി പൈശാചികമാണ്. അഴിമതി ക്രിസ്ത്യാനികളും അല്ലാത്തവരുമായ എല്ലാവരെയും നശിപ്പിക്കുന്ന ഒന്നായതുകൊണ്ട് അതിനെതിരായിട്ട് നിൽക്കാൻ നമുക്ക് സാധിക്കണം.

ഒരു നല്ല ഇടയന്റെ ചുമതല എന്നു പറയുന്നത് ചെന്നായ്ക്കൾ വരുമ്പോൾ ഓടിക്കളയാതെ, ധൈര്യമായിട്ട് നിൽക്കുക എന്നുള്ളതാണ്. അതിന്റെ ഇന്നത്തെ പ്രസക്തി ഇതാണ്. സമൂഹത്തിലെ തിന്മകളാകുന്ന ചെന്നായ്ക്കൾ ജനങ്ങളെ നശിപ്പിക്കുവാൻ വരുമ്പോൾ അവയ്ക്കെതിരായിട്ട് നില്ക്കണം. അതുമൂലം സ്ഥാനം പോയാലും, ചീത്തപ്പേരുണ്ടായാലും, ഗവണ്മെന്റ് എതിരായാലും സാരമില്ല, നിൽക്കാൻ നോക്കണം, ഓടരുത്. തിന്മ വരുമ്പോൾ ഭയപ്പെട്ട്, 'അയ്യോ, എന്നെ കൊള്ളുകയില്ല, ഞാനിതിനകത്തൊന്നും പെടാൻ പോകുന്നില്ല' എന്നു പറഞ്ഞ് നിൽക്കാതെ തിന്മകൾക്കെതിരായുള്ള സമരത്തിൽ മുമ്പോട്ടു നിൽക്കുന്ന ആളാണ് നല്ല ഇടയൻ. അങ്ങനെയുള്ള നിൽപ്പിൽ പലപ്പോഴും ക്ഷതമേറ്റെന്നു വരും, ചിലപ്പോൾ മരണം തന്നെ വന്നെന്നു വരും. എന്നാലും പിടിച്ചുനിൽക്കാൻ കഴിയുകയാണ് വേണ്ടത്.

ഡൽഹിയിൽ, നമ്മുടെ കോട്ടയം കലക്ടറായിരുന്ന അൽഫോൻസ് കണ്ണന്താനം പ്രതിനിധാനം ചെയ്തത് അത്ഭുതാവഹമായ പ്രവർത്തനം ആണ്. ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഇത്രയും ധൈര്യമായിട്ട് തന്റെ ഭാര്യയെയും അതുപോലെ കുറച്ച് ആളുകളെയും കൂട്ടിക്കൊണ്ട് അഴിമതിക്കെതിരായിട്ട് മുമ്പോട്ട് ചെന്ന് അടികൊള്ളുകയും ചെയ്തു. അദ്ദേഹത്തെയും ഭാര്യയെയും അളിയനെയും അടിച്ചു. ഇത് നമ്മൾ ക്രിസ്തീയ സഭകൾ ചെയ്യേണ്ടതായിരുന്നു. ഇതുപോലെ ധൈര്യമായിട്ട് തിന്മയെ അഭിമുഖീകരിക്കുകയും അതുമൂലം അടികൊള്ളുകയും ചെയ്യുക. അടിച്ചവനെയെല്ലാം തിരിച്ചടിക്കുക എന്നുള്ളതല്ല പ്രധാനമായ കാര്യം. ഈ ധീരോദാത്തമായ, തിന്മയ്ക്കെതിരായിട്ടുള്ള നിൽപ്പുമൂലം യഥാർത്ഥ ഇടയനായിത്തീർന്നു അൽഫോൻസ്. അൽഫോൻസിന് സാധാരണഗതിയിൽ കോടിക്കണക്കിന് രൂപാ ഉണ്ടാക്കാനുള്ള അവസരം ഉണ്ടായിരുന്നു. ആ കോടിക്കണക്കിന് രൂപ ഉണ്ടാക്കാനുള്ള അവസരത്തെ തള്ളിക്കളഞ്ഞ് സത്യത്തിനും നീതിക്കും വേണ്ടി അൽഫോൻസ് നിന്നു എന്നുള്ളതാണ് പ്രധാനം. കത്തോലിക്കാ സഭയിലെ അംഗമാണെങ്കിലും എനിക്ക് വളരെയധികം അഭിമാനമുണ്ട് അദ്ദേഹത്തിന്റെ കാര്യത്തിൽ. ഞാൻ അദ്ദേ

ഹത്തെ അന്നുതന്നെ വിളിച്ച് അഭിനന്ദിക്കുകയും ചെയ്തു. അൽഫോൻസ് വളരെ കഷ്ടപ്പെട്ടു, പ്രയാസപ്പെട്ടു എങ്കിലും ധൈര്യമായിട്ട് ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് പോകുന്നു.

നല്ല ഇടയന്റെ ഒരു പ്രധാനപ്പെട്ട കാര്യം നമ്മിൽ നിന്നു വരേണ്ടത് അങ്ങനെയാണ്. ചെന്നായ്ക്കൾക്കെതിരായിട്ട് ഇടവകയെ കൂടെനിർത്താനും അതിന്റെ മുമ്പിൽ അച്ചൻ തന്നെ നിൽക്കാനും സാധിക്കണമെന്ന് എനിക്ക് തോന്നുന്നു. അങ്ങനെ വരുമ്പോൾ നിങ്ങളീ കരിസ്മാറ്റിക്ക്കാരെപ്പറ്റിയൊന്നും വിഷമിക്കേണ്ടി വരികയില്ല. നിങ്ങളുടെ ജീവിതത്തിൽ ഈ പറയുന്ന കാര്യങ്ങൾ നടക്കുകയാണെങ്കിൽ സഭ വളർന്നുകൊള്ളും. സഭയ്ക്ക് പ്രശ്നങ്ങൾ ഉണ്ടാകും. എന്നാലും പ്രശ്നങ്ങൾ ഉണ്ടെങ്കിലും സഭ വളരും. സഭയ്ക്കകത്തുള്ള തിന്മകൾ കൂടി ചൂണ്ടിക്കാണിക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്. സഭയ്ക്കകത്തുള്ള അനീതി ചൂണ്ടിക്കാണിച്ചാൽ വള്ളം ഇളകും, മുങ്ങും എന്നൊക്കെ പേടിയുണ്ട് നമുക്ക്. പക്ഷേ, കുറച്ച് അങ്ങനെ ചെയ്യാതെ ഒക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇപ്പോൾ നമ്മുടെ സഭയിൽ വളരെയധികം തിന്മ വർദ്ധിച്ചു വരികയാണ്. ഞങ്ങളൊക്കെ അതിനകത്തുള്ളവരാണ്. മുകളിൽ മുതൽ താഴോട്ട് എല്ലാവരും ഈ പ്രശ്നത്തിൽപെട്ടു കിടക്കുകയാണ്. അതിൽ സാത്താൻ കയറുന്ന പ്രധാനമായ കാര്യം ദ്രവ്യാഗ്രഹമാണ്. അതാണ് ഏറ്റവും പ്രധാനമായ സാത്താന്റെ പ്രവർത്തനം. അതിലാണ് എല്ലാവരും താഴെ വീണുപോകുന്നത്. വലിയ തുക പണ്ട് കണ്ടിട്ടില്ലാതിരുന്നതുകൊണ്ട് നമ്മുടെ കയ്യിൽ കിട്ടുമ്പോൾ നമ്മുടെ ആന്തരികമായ ബലഹീനതകൊണ്ട് അതിൽ നമ്മൾ വീണുപോകും. അതുകൊണ്ട് അങ്ങനെ വലിയ തുകകൾ വരുമ്പോൾ വീണു പോകുകയില്ല എന്ന് പറയുന്ന ഒരു സംഘം ആളുകൾ സഭയ്ക്കകത്തുണ്ടാകണം. മുകളിലുണ്ടാവണം, താഴെയുമുണ്ടാവണം. അതു വന്നെങ്കിലേ നല്ല ഇടയത്വം സംസാദ്ധ്യമാവുകയുള്ളു എന്ന് എനിക്ക് വളരെ ഉറപ്പുണ്ട്. വളരെയധികം മനഃപ്രയാസത്തോടു കൂടിയാണ് ഇത് സംസാരിക്കുന്നത്. എനിക്ക് കൂടുതൽ സംസാരിക്കാൻ വയ്യ. ഇവിടെ ഇരിക്കുന്ന ചിലർക്കൊക്കെ അറിയാം, സഭയിൽ നടക്കുന്ന അഴിമതികൾ എത്രമാത്രമാണെന്ന്. ദ്രവ്യാഗ്രഹത്തെ മാത്രം ആസ്പദമാക്കിയുള്ള അഴിമതികളാണ് അതിൽ പ്രധാന ഭാഗം. അതിൽ സുന്നഹദോസിനകത്തുള്ളവർ വരെ ഉൾപ്പെട്ടുപോകുന്ന അവസ്ഥയാണ് കാണുന്നത്. അതിനെതിരായിട്ട് സഭ നല്ലതുപോലെ നിവർന്നു നിന്നെങ്കിലേ ഇത് അവസാനിക്കുകയുള്ളു. ഗവണ്മെന്റിലെ അഴിമതി പൊളിക്കാൻ നമ്മൾ പോകുമ്പോൾ തന്നെ നമ്മുടെ അകത്തുള്ള അഴിമതി കൂടെ ഇല്ലാതാക്കിത്തീർക്കണം. നമ്മുടെ സ്ഥാപനങ്ങളിലെ പണത്തിന് കണക്കുണ്ടാകണം, നമ്മുടെ മെത്രാപ്പോലീത്തന്മാർ പിരിക്കുന്ന

തുകകൾക്ക് കണക്കുണ്ടാവണം, സ്ഥാപനങ്ങൾ നടത്തുന്നവർ ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നുണ്ടെങ്കിൽ അതിനും കണക്കുണ്ടാവണം. വളരെ ആവശ്യമാണിത്. അങ്ങനെ ഒരു രീതി സഭയിൽ നടക്കുന്നില്ല എങ്കിൽ പിന്നെ നമുക്ക് പുറത്തുള്ള അഴിമതിയെ എങ്ങനെ അഭിമുഖീകരിക്കുവാൻ ഒക്കും? നാമും ഈ അഴിമതി നിറഞ്ഞ സമൂഹത്തിന്റെ കൂടെ ഒഴുകിപ്പോകുന്ന ഒരു സഭയായിട്ട് കാണുന്നത് വലിയ സങ്കടമാണ് എന്നു മാത്രമേ ഈ സമയത്ത് ഞാൻ പറയുന്നുള്ളു.

എന്റെ വാത്സല്യമുള്ളവരേ, നിങ്ങൾ ദൈനംദിന പ്രശ്നങ്ങളുമായിട്ട് എന്നേക്കാൾ കൂടുതലായിട്ട് ഇടപെടുന്നവരാണ്. നിങ്ങൾക്കാണ് കാര്യങ്ങൾ എന്നേക്കാൾ കൂടുതലായിട്ട് അറിയാവുന്നവർ. അതുകൊണ്ട് ഇതൊക്കെ മനസ്സിൽ വച്ചുകൊണ്ട് നല്ല ഇടയന്മാരായിത്തീരണം. ജനത്തെ വഴിനടത്തുകയും, ജനത്തെ സംരക്ഷിക്കുകയും ജനത്തെ തിന്മയുടെ ചെന്നായ്ക്കളിൽ നിന്ന് പോരാട്ടത്തോടുകൂടി സംരക്ഷിക്കുകയും ചെയ്യുന്ന നല്ല ഇടയന്മാരായി തീരണം നിങ്ങളോരോരുത്തരും.

*(1994-ൽ കോട്ടയം വൈദികസെമിനാരിയിൽ നടന്ന ഒരു പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ മെത്രാപ്പോലീത്താ നടത്തിയ പ്രഭാഷണം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*



# 2

# നല്ല ഇടയന്റെ മൂന്നു ഗുണങ്ങൾ

ഇന്ന് മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സുസ്മരണീയമായ ദിവസമാണ്. പ. കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമന് അനാരോഗ്യം മൂലം ചുമതലകൾ നിർവഹിക്കാൻ ബുദ്ധിമുട്ടായതിനെത്തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായ മാത്യൂസ് മാർ അത്താനാസ്യോസ് കിഴക്കിന്റെ കാതോലിക്കായായി അവരോധിക്കപ്പെടുകയാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായമാണ് ഇന്ന് ഏവൻഗേലിയോനിൽ വായിക്കുന്നത്. നല്ല ഇടയന്റെ മൂന്നു ലക്ഷണങ്ങൾ അവിടെ എടുത്തു പറയുന്നുണ്ട്.

ഒന്നാമത് നല്ലയിടയൻ വാതിലിലൂടെ കടക്കുന്നവനാകുന്നു. വാതിൽ കാവൽക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു. ആ വാതിലിലൂടെ അകത്തു കടക്കുന്ന ഇടയൻ ആടുകളെ പേർ ചൊല്ലി വിളിക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിയുന്നു. അവ ഇറങ്ങിച്ചെല്ലുന്നു. വേദഭാഗം നമ്മെ പഠിപ്പിക്കുന്നത് വാതിലിലൂടെ കടക്കുന്നവനാണ് നല്ല ഇടയൻ എന്നാണ്. പുറംവാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാകുന്നു. അവൻ തന്റെ ആടുകളെയും ആടുകൾ അവനെയും അറിയുന്നില്ല. അതിനാൽ ആടുകൾ അവനെ അനുസരിക്കുന്നില്ല.

രണ്ടാമത് നല്ല ഇടയൻ ആട്ടിൻപറ്റങ്ങളെ പച്ചയായ പുൽപ്പുറങ്ങളിലേക്ക് നയിക്കുന്നു. സഭാമക്കളാകുന്ന ആടുകൾക്ക് പ്രതിബന്ധങ്ങൾ തരണം ചെയ്ത് ആത്മീയമായ ആഹാരം ലഭ്യമാക്കുക എന്നത് നല്ല ഇടയന്റെ ചുമതലയാണ്.

മൂന്നാമത് നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു. കൂലിക്കാരനോ ചെന്നായ് വരുന്നതു കണ്ട് ഓടിക്കളയുന്നു. ചെന്നായ് ആട്ടിൻപറ്റത്തെ ഛിന്നഭിന്നമാക്കിക്കളയുന്നു.

സഭാപിതാവ് സഭാമക്കളെ സംബന്ധിച്ചിടത്തോളം നല്ല ഇടയനാണ്. നേരായ വാതിലിലൂടെ അകത്തു പ്രവേശിക്കുന്നയാളാണ് യഥാർത്ഥ പിതാവ്. അദ്ദേഹം നല്ലയിടയനാണ്. നേരായ മാർഗ്ഗത്തിലൂടെയല്ലാതെ സഭയുടെ നേതൃസ്ഥാനത്ത് വരുന്നയാൾ നല്ലയിടയനല്ല.

സഭാമക്കൾക്ക് നല്ല മേച്ചിൽസ്ഥലങ്ങൾ കണ്ടെത്താനുള്ള ചുമതല സഭാപിതാവിന്റേതാണ്. ലക്ഷക്കണക്കിനുള്ള സഭാമക്കൾക്കായി നല്ല മെത്രാന്മാരെ സഭയ്ക്കു നൽകാനുള്ള ചുമതല നേതാവിനാണ്. സഭാ

മക്കളെ ചെന്നായ്ക്കളിൽ നിന്ന് രക്ഷിക്കാനുള്ള ഉത്തരവാദിത്വവും സഭാതലവന്റേതു തന്നെ.

ഇന്ന് ചെന്നായ്ക്കൾ ധാരാളമായി ആട്ടിൻപറ്റത്തിലേക്ക് കയറിവരുന്ന കാലമാണ്. അതു കണ്ട് നല്ല ഇടയൻ ഓടിപ്പോവുകയില്ല. യുദ്ധം ചെയ്ത് ആടുകളെ രക്ഷിക്കും. നമുക്കിന്ന് നല്ലയിടയനെ ലഭിക്കുന്നു. സമർത്ഥനായ നല്ലയിടയനായി നിന്റെ ദാസനെ വാഴിക്കണമേ എന്നു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

*(27-10-1975 ന് പ. മാത്യൂസ് പ്രഥമൻ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ കോട്ടയം പഴയസെമിനാരിയിൽ ചെയ്ത പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ.)*



# 3

# നമ്മുടെ കാതുകളെ തുറക്കുക

നമ്മുടെ കർത്താവിന്റെ വചനം നമ്മുടെ കേൾവിക്കുറവ് മാറ്റി കാതുകളെ തുറക്കുമാറാകട്ടെ! പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ 'എഫഥാ.' ആമേൻ.

സംപൂജ്യനായ ആർച്ചുബിഷപ്പ് എച്ച്. ഇ. ഫ്രാൻസിസ്കസ് കാർഡിനൽ കൊനിഗിന്റെ സാന്നിദ്ധ്യത്തിൽ വിയന്നായിലെ ഈ കത്തീഡ്രൽ ദേവാലയത്തിൽ വച്ച്, ഇന്ത്യയിലെ തോമാശ്ലീഹായുടെ സഭയിൽ നിന്നുള്ള കർത്തൃദാസനായ എനിക്ക് കർത്താവിന്റെ വചനം പ്രസംഗിക്കുവാൻ അനുവദിച്ച ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ക്രിസ്തുവും പിതാവും ഒന്നായിരിക്കുന്നതുപോലെ നാം എല്ലാം ഒന്നായിത്തീരുവാനും ക്രിസ്തുവിൽ സന്തോഷിക്കുവാനും ആരാധിക്കുവാനും ആയി, 1500 വർഷങ്ങൾക്കുശേഷം നമ്മെ ഇവിടെ കൂട്ടിവരുത്തിയത് കർത്താവായ ക്രിസ്തു തന്നെയാണ്. അവന്റെ നാമം വാഴ്ത്തപ്പെടട്ടെ!

മാനവരാശി മുഴുവനും, എക്യുമെനിക്കൽ പ്രസ്ഥാനം പ്രത്യേകിച്ചും, അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെല്ലാം തരണം ചെയ്യുന്നതിന് ക്രിസ്തുവിൽ ആശ്രയിക്കയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഒന്നും എനിക്ക് കാണാൻ കഴിയുന്നില്ല.

## I

എവിടെയാണ് നമ്മുടെ സഭകൾ ഇന്ന്? ഒരുകാലത്ത് ആഫ്രിക്കയിലേയും ഏഷ്യയിലേയും വലിയ സഭകളായിരുന്ന അലക്സാണ്ട്രിയ, അന്ത്യോഖ്യാ, അർമേനിയ, എത്യോപ്യ, ഇന്ത്യ എന്നിവിടങ്ങളിലെ പുരാതന ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കേവലം നാമമാത്ര അവശിഷ്ടങ്ങളായിത്തീർന്നിരിക്കുന്നു. ഈ ഓരോ സഭയും അവരവരുടെ നിലയിൽ, ആന്തരിക വഴക്കുകളും ബാഹ്യ പീഡനങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നു. സർക്കാർ പിന്തുണ ലഭിക്കുന്നില്ല. ദൈവത്തിൽ ആശ്രയിക്കുന്നതിന് പൂർണ്ണസ്വാതന്ത്ര്യം ഉണ്ട്. ഞങ്ങൾക്ക് സമ്പത്തോ, ലൗകിക ശക്തിയോ ഇല്ല. എല്ലാവരുംകൂടി 25 മില്യൺ മാത്രം അംഗസംഖ്യയുള്ള ഞങ്ങൾക്ക് രാഷ്ട്രീയമായോ സാമ്പത്തികമായോ ശക്തിയില്ലെന്നു മാത്രമല്ല, ഞങ്ങളുടെ സഹോദരീ സഭയായ റോമൻ കത്തോലിക്കാസഭയുമായി താരതമ്യപ്പെടുത്തുമ്പോൾ, സഭകൾ തമ്മിൽ സമ്പർക്കം പുലർത്തുന്നതിനോ, കൂടിയാലോചിക്കുന്നതിനോ ഉള്ള സംവിധാനം പോലുമില്ല. എന്താ

യിരുന്നാലും, നമ്മുടെ കഴിവിലോ ശക്തിയിലോ മാത്രം ശരണംവെയ്ക്കാൻ കഴിയില്ല. 'തുറക്കപ്പെടട്ടെ' എന്നർത്ഥമുള്ള 'എഫഥാ' എന്ന ദൈവവചനം നമ്മുടെ കാതുകളെ തുറന്ന്, ദൈവവചനം നമ്മിൽക്കൂടെ കടന്നുവരുമ്പോൾ മാത്രമേ ക്രിസ്തുവിലുള്ള പൊതുപ്രത്യാശയിൽ നാം എത്തുകയുള്ളു. സൗഖ്യമാക്കുന്ന ദൈവവചനം നമ്മിലൂടെ കടന്നുവരാനായി നമുക്ക് അനുതപിക്കാം.

## II

നാം തമ്മിലുണ്ടായിരുന്ന അകൽച്ച നീക്കുംവിധം എക്യുമെനിസം വളർന്നുവരുന്നതിൽ നമുക്ക് പ്രത്യാശിക്കാം. സഭകൾ തമ്മിൽ പരസ്പര സന്ദർശനങ്ങൾ പലതു നടന്നു – പുസ്തകങ്ങളായും, സ്കോളർഷിപ്പായും പല സഹായങ്ങൾ റോമാ സഭയിൽ നിന്നും ലഭിച്ചു. നാം തമ്മിൽ തുറന്ന് സംസാരിക്കാവുന്ന ഒരു ഘട്ടത്തിലെത്തിയോ? എത്തിയെങ്കിൽ രണ്ടു കാര്യങ്ങളാണ് ഇനിയും ചെയ്യാനുള്ളത്: ഒന്നാമത്തേത്, ഏറ്റുപറച്ചിലും ക്ഷമാപണവുമാണ്. രണ്ടാമത്തേത്, പ്രത്യാശ നിറഞ്ഞ ഭാവിയിലേക്കുള്ള ധീരമായ ആസൂത്രണവും.

സഭകൾ തമ്മിലുള്ള ഏറ്റുപറച്ചിൽ പ്രയാസമുള്ളതാണ്. വ്യക്തിപരമായും സാന്ദർഭികമായും ചിലപ്പോഴൊക്കെ ചില സഭകൾ തമ്മിൽ, പ്രത്യേകിച്ചും റോമൻ കത്തോലിക്കാസഭയുമായി ഞങ്ങൾക്ക് ഒരു നിഷേധാത്മക സമീപനം എടുക്കേണ്ടി വന്നിട്ടുണ്ട്. ചരിത്രത്തിൽ നടന്ന അത്തരം കാര്യങ്ങൾ മറന്നുകളയുന്നതിനേക്കാൾ, ഏറ്റുപറഞ്ഞ് ക്ഷമിച്ച് മുന്നോട്ട് പോകുന്നതാണ് ഭാവിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നല്ലത്. ഉപബോധ മനസ്സിൽ നിന്നുപോലും കയ്പ്പും കുറ്റബോധവും മാറി സഹകരിച്ച് മുന്നോട്ടു പോകാൻ നമുക്ക് കഴിയണം.

പ്രത്യേകമായ ചില തത്വങ്ങൾ അടിസ്ഥാനമാക്കി ഭാവിയിലുള്ള എക്യുമെനിക്കൽ സഹകരണം മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് കഴിയണം. പ്രാദേശിക സാഹചര്യം അനുസരിച്ച് ഈ തത്വങ്ങൾക്ക് മാറ്റം വന്നേക്കാം. ഇത് എത്യോപ്യയിലും, അന്ത്യോഖ്യയിലും, ഈജിപ്തിലും, അർമേനിയയിലും, ഭാരതത്തിലുമെല്ലാം അതത് സഭയുടെ സാഹചര്യമനുസരിച്ച് വ്യത്യസ്തമായി പരിഗണിക്കേണ്ടി വരും.

എന്നിരുന്നാലും, ചില പൊതുവായ കാര്യങ്ങൾ എല്ലാ സഭകൾക്കുമുണ്ട്. 'സഭാമാറ്റം' (Proselytism) ആണ് ആദ്യമെ മനസ്സിൽ കടന്നുവരുന്നത് – റീത്തുപ്രസ്ഥാനത്തിന്റെ നിലയും, പങ്കും, ഭാവിയുമാണ് മറ്റ് ഒരു കാര്യം. റോമൻ കത്തോലിക്കാസഭയുടെ ഔദ്യോഗിക സമീപനത്തിന് വിപരീതമായ നിലപാടാണ് ഈ റീത്തുപ്രസ്ഥാനം (uniat churches)

കൈക്കൊള്ളുന്നത് എന്ന് തോന്നിപ്പോകുന്നു. ഭാവിയിലുള്ള നമ്മുടെ പരസ്പരബന്ധത്തിൽ റീത്തുപ്രസ്ഥാനത്തിന്റെ സഭാമാറ്റ പ്രേരണ അവസാനിപ്പിക്കുമെന്ന ഒരു ധാരണ ഉണ്ടാകുകയും, അങ്ങനെ വന്നാൽ, യൂണിയറ്റ് (റീത്തു) സഭകളുടെ ഭാവി എന്തായിരിക്കുമെന്നും നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഇവിടെ നടക്കുന്ന ചർച്ചകൾ എക്യുമെനിക്കൽ പാതയിലേയ്ക്ക് ഈ വിധം നയിക്കുമെന്ന് പ്രത്യാശിക്കുന്നു.

മാർപാപ്പായുടെ 'പ്രഥമസ്ഥാനീയത' (Primacy) സ്ഥാനത്തിലാണോ, അധികാര-ഭരണസീമയിലാണോ, എന്നതും, 'അപ്രമാദിത്വം' 'ഫിലിയോക്വേ' തുടങ്ങിയ വിശ്വാസകാര്യങ്ങളിലുള്ള വ്യത്യാസങ്ങളോടൊപ്പം, സഭ, ത്രിത്വം, പരിശുദ്ധാത്മാവ്, കൂദാശകൾ, ശുശ്രൂഷാസ്ഥാനികൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള നമ്മുടെ ധാരണയിൽ കൂടുതൽ യോജിപ്പ് കണ്ടെത്താൻ ശ്രമിക്കുകയും വേണം. പരിശുദ്ധാത്മവ്യാപാരം നിറഞ്ഞ സഭാശാസ്ത്രചിന്തയെപ്പറ്റിയുള്ള ചർച്ചകളാണ് റീത്തുപ്രസ്ഥാനം, സഭാമാറ്റം, പ്രഥമസ്ഥാനീയത, അപ്രമാദിത്വം, ഫിലിയോക്വേ തുടങ്ങിയ വിഷയങ്ങൾക്ക് പശ്ചാത്തലമാകേണ്ടത്.

## III

സഭയേയും പരിശുദ്ധാത്മാവിനേയും പറ്റിയുള്ള ചർച്ചകൾ മുന്നേറുന്നതോടെ, ഈ ഭൂതലത്തിൽ ജീവിക്കുന്ന മാനവരാശിയെ നാം വിസ്മരിക്കുവാൻ ഇടയാകരുത്. പാപം നിറഞ്ഞ മാനവവംശത്തിൽ, ആർത്തി നിറഞ്ഞ ഒരു സമൂഹം വളർന്നുവരുന്നതായിട്ടാണ് പടിഞ്ഞാറൻ സംസ്കാരത്തിലൂടെ കണ്ടുവരുന്നത്. ആരോഗ്യമുള്ള ഒരു ശിശു ഇതുവരെയും ജനിക്കുവാൻ ഇടയായിട്ടില്ല എന്നതാണ് ഞാനുൾപ്പെടെയുള്ള ചിലരെങ്കിലും കരുതുന്നത്.

ഇവിടെ ക്രിസ്തീയ സഭകൾക്ക് ഒരു വലിയ പങ്ക് നിർവഹിക്കാനുണ്ട്. ദൈവരാജ്യവും അതിന്റെ മൂല്യവുമെന്ന നിലയിൽ പരിസ്ഥിതി, ലോകനീതി, അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥിതി, സമാധാനവും നിരായുധീകരണവും എന്നീ വിഷയങ്ങൾക്കൂടി സഭകളായി പരിഗണനയ്ക്ക് എടുക്കുകയും സാമ്പത്തികവും സാമൂഹ്യവുമായ ഘടകങ്ങളെ സ്വാർത്ഥതയിൽ നിന്നും അത്യാഗ്രഹത്തിൽ നിന്നും മോചിപ്പിക്കുവാൻ കഴിയുമോ എന്ന് നോക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇത് സാധിച്ചെടുക്കുവാൻ നാം തീരുമാനിക്കുന്നു എങ്കിൽ, ഈവക കാര്യങ്ങളിൽ, വൈദികരേക്കാൾ കൂടുതൽ പ്രാവീണ്യം നേടിയ അയ്മേനികളുടെ സഹകരണവും സേവനവും നാം തേടേണ്ടിയിരിക്കുന്നു. നമ്മുടെ എക്യുമെനിക്കൽ ചർച്ചകളിലൊക്കെ അയ്മേനികളെയും പങ്കെടുപ്പിക്കാൻ സമയമായിട്ടുണ്ട്. വൈദികരും വേദശാസ്ത്രജ്ഞന്മാരും മാത്രമായാൽ സഭയാകുന്നില്ല. അയ്മേ

നികളുടെ പങ്കാളിത്തം മാനവരാശിയോടുള്ള സഭയുടെ വിശാലമായ സേവനത്തെപ്പറ്റിയുള്ള ചർച്ചയിൽ ഉണ്ടാകുമ്പോൾ സഭയുടെ പുതുക്കത്തിൽ ഒരു പുതിയ മാനം കണ്ടെത്താനാകും.

നമ്മുടെ കർത്താവായ ക്രിസ്തുവാണ് നമ്മെ ഇവിടെ കൂട്ടിവരുത്തിയിരിക്കുന്നത്. അവൻ തന്നെയാണ് വചനം സംസാരിക്കുന്നതും ജീവനെ ഉൽപാദിപ്പിക്കുന്നതും. കുരുടന്റെ കണ്ണു തുറക്കുന്നതും ചെകിടനെ കേൾക്കുമാറാക്കുന്നതും അവൻ തന്നെ. കുഷ്ഠരോഗിയെ ശുദ്ധനാക്കുന്നു. മുടന്തനെ നൃത്തം ചെയ്യിക്കുന്നു. അവന്റെ ശക്തിയേറിയ വചനം ഇന്ന് നമുക്ക് ജീവൻ നൽകുന്നു. അവന്റെ ശക്തിയും വചനവും നമ്മുടെ സഭകളെ സൗഖ്യമാക്കുകയും നമ്മെ ഐക്യത്തിലേയ്ക്ക് നയിക്കുകയും ചെയ്യട്ടെ - നമ്മുടെ നാഥൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതായ ഐക്യത്തിലേയ്ക്കു തന്നെ.

*(വിയന്നായിലെ സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ച് കാർഡിനൽ കൊനിഗ് നടത്തിയ ആരാധനാമദ്ധ്യേ 1976 സെപ്തംബർ 5 ഞായറാഴ്ച പ്രസംഗിച്ചത്. തർജമ: ഫാ. സി. സി. ചെറിയാൻ. വിയന്നാ സംഭാഷണങ്ങൾ, പ്രോഓറിയന്റെ, കോട്ടയം, 1993, പേജ് 67-69.)*



# 4

# കുരിശിന്റെ വഴി

ഈ വചനം വളരെ സുപ്രധാനമായ വചനമാണ്. ശിഷ്യന്മാർ ഇത് പല പ്രാവശ്യം കേട്ടിട്ടും അവർക്ക് മുഴുവനായിട്ട് മനസ്സിലായില്ല. കർത്താവിന്റെ ക്രൂശുമരണത്തിനു ശേഷമാണ് ഇതിന്റെ അർത്ഥം അവർക്ക് മനസ്സിലാവുന്നത്.

എന്തുകൊണ്ട് മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടണം, എന്തുകൊണ്ട് മനുഷ്യപുത്രൻ മരിക്കണം, എന്തുകൊണ്ട് മനുഷ്യപുത്രൻ വീണ്ടും ഉയിർത്തെഴുന്നേൽക്കണം. ഇതുകൊണ്ടെങ്ങനെയാണ് മനുഷ്യന്റെ രക്ഷ ഉണ്ടാകുന്നത് എന്നുള്ളതിനെക്കുറിച്ച് ശിഷ്യന്മാർക്ക് സംശയമുണ്ടായിരുന്നു. അവർ വിചാരിച്ചത്, കർത്താവ് തന്റെ പ്രാർത്ഥന മൂലം ഈ ലോകത്തിലുള്ള സകല തിന്മയെയും മാറ്റിയിട്ട് തന്റെ രാജ്യം സ്ഥാപിക്കുമെന്നും അങ്ങനെ എല്ലാവർക്കും സുഖമായിട്ട് ആ രാജ്യത്തിൽ വസിക്കാമെന്നുമായിരുന്നു.

ഇപ്പോൾ നമ്മുടെ മറ്റു മതങ്ങളിലുള്ള സഹോദരങ്ങൾ, ക്രിസ്തീയ വിശ്വാസത്തിന്റെ ഈ മർമ്മത്തെക്കുറിച്ച് അധികം ബോധവാന്മാരല്ല. കർത്താവ് മതപുരോഹിതന്മാരുടെ കൈയിൽ ഏല്പിക്കപ്പെട്ടുവെന്നും, അവർ തന്നെ വധിച്ചുവെന്നും, താൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റുവെന്നുമുള്ളതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ വലിയ മർമ്മം, പക്ഷേ പുറത്തുള്ളവർ പറയുന്നത്, ഇതൊക്കെ എന്തിനാ പറയുന്നത്, കർത്താവ് പഠിപ്പിച്ച എത്രയോ നല്ല കാര്യങ്ങളുണ്ടല്ലോ, അത് പറഞ്ഞാൽ പോരേ, എന്തിനാ മരിക്കുന്ന കാര്യം പറയുന്നത് എന്നാണ്.

അത് തന്നെയാണ് ശ്ലീഹന്മാരുടെ ചിന്തയിലും ഉണ്ടായിരുന്നത്. പക്ഷേ കർത്താവ് പറഞ്ഞു, അങ്ങനെ മരിക്കുന്നതു കൊണ്ടു മാത്രമേ ലോകത്തിനു രക്ഷ ഉണ്ടാകുകയുള്ളു. കുരിശിന്റെ മാർഗ്ഗത്തിൽ കൂടിയല്ലാതെ ലോകത്തിന് രക്ഷയില്ല. ഇപ്പോഴും നമ്മുടെ ചിന്ത ഈ കുരിശിന്റെ മാർഗത്തിൽ പോകാതെ സർക്കാരോ അല്ലെങ്കിൽ യുണൈറ്റഡ് നേഷൻസോ മറ്റാരെങ്കിലും നമ്മെ രക്ഷിക്കുമെന്നുള്ള തരത്തിലാണ്. അത്തരത്തിലാണ് നമ്മുടെ രാഷ്ട്രീയവും എല്ലാ കാര്യങ്ങളും പോകുന്നത്.

മനുഷ്യന്റെ പ്രവൃത്തി മൂലം മനുഷ്യസമൂഹത്തിന് രക്ഷയുണ്ടാകുമെന്നുള്ള ഒരു ധാരണയിലാണ് അധികം രാഷ്ട്രീയവും അധികം ചിന്തയും ഇന്നത്തെ സെക്കുലർ ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

ക്രിസ്ത്യാനികൾ പ്രത്യേകം ലോകത്തോട് പറയുന്നത് അങ്ങനെയല്ല. കുരിശിന്റെ മാർഗത്തിൽ കൂടി പോകുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. മറ്റുള്ളവർക്കുവേണ്ടി നമ്മുടെ തന്നെ ജീവനെ നാം ബലികഴിക്കണം. അതു മൂലമേ രക്ഷയുണ്ടാകൂ. അല്ലാതെ നാം പോയി കുറെ സാമൂഹ്യപരിഷ്ക്കാരങ്ങളും സാമ്പത്തിക പരിഷ്ക്കാരങ്ങളും വരുത്തി ലോകത്തെ അഥവാ സമൂഹത്തെ ഉയർത്തിയെടുക്കാമെന്നും സ്വാതന്ത്ര്യപ്പെടുത്താമെന്നുമുള്ള വ്യാമോഹം കർത്താവ് പഠിപ്പിച്ചില്ല. കർത്താവ് പഠിപ്പിച്ചത് കുരിശിന്റെ വഴിയാണ്. അതായത്, തന്റെ ശിഷ്യന്മാരായിട്ടുള്ളവർ തന്നെപ്പോലെ തന്നെ യാതൊരു അധികാരവും സ്ഥാനവും ഒന്നും കാംക്ഷിക്കാതെ തങ്ങളെത്തന്നെ ബലിയായിട്ട് ഒരുക്കിക്കൊണ്ട്, അവസാനം അധികംപേരും രക്തസാക്ഷി മരണം പ്രാപിച്ച് സഭയെ വളർത്തിയെടുക്കണമെന്നുള്ള ആ ഒരു കാര്യം ഇന്നും പലർക്കും മനസ്സിലാകുന്നില്ല. ഇന്നും പലർക്കും, നമ്മൾ ക്രിസ്ത്യാനികളായിരുന്നാൽ ദൈവത്തിൽ നിന്നും എന്തെല്ലാമോ പ്രത്യേക അനുഗ്രഹങ്ങൾ കിട്ടും, പൈസ ഉണ്ടാകും, ജോലി കിട്ടും അല്ലെങ്കിൽ അസുഖം മാറും എന്നുള്ള ചിന്തയാണുള്ളത്. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾക്കു വേണ്ടി മാത്രം ദൈവത്തെ സമീപിക്കുക എന്നുള്ളതാണ് നമ്മുടെ വിശ്വാസമായി തീർന്നിരിക്കുന്നത്.

അങ്ങനെയല്ല വാത്സല്യമുള്ളവരേ, നമ്മുടെ ജീവിതത്തെ ദൈവത്തിനായി ബലിയായി അർപ്പിക്കണം. നമ്മുടെ ജീവിതത്തെ ത്യാഗപൂർവ്വം ലോകത്തിനുവേണ്ടി, ലോകജനതയ്ക്കു വേണ്ടി ഒരുക്കുകയും ചെയ്യുമ്പോൾ അതുകൊണ്ട് രക്ഷയുണ്ടാകും എന്നല്ല, അതിൽകൂടി ദൈവം പ്രവർത്തിച്ചുകൊള്ളും. പക്ഷേ, ഉണ്ടാകുന്നത് അവസാനം മരണം ആയിരിക്കാം. എപ്പോഴും നമ്മൾ ചെയ്യേണ്ടത് സ്വയപരിത്യാഗം ആണ്. ക്രിസ്ത്യാനികളിൽ നിന്ന് കാണുവാൻ ലോകം പ്രതീക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ സ്വയപരിത്യാഗമാണ്. എല്ലാവരും അവനവന്റെ കാര്യം കാണുവാൻവേണ്ടി വെമ്പൽ കൊള്ളുന്നു. സ്വന്തം താല്പര്യങ്ങളെക്കുറിച്ച് ചിന്തിക്കാതെ മറ്റുള്ളവരോട് സമരം ചെയ്ത് എല്ലാം നേടിയെടുക്കാൻ ശ്രമിക്കാതെ, തങ്ങളെത്തന്നെ മറ്റുള്ളവർക്കുവേണ്ടി ബലിയായി ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ് കുരിശിന്റെ വഴി എന്ന് ഞാൻ നിങ്ങളുടെ സ്നേഹത്തെ പ്രത്യേകമായി ഓർപ്പിക്കുന്നത്. ഈ കുരിശിന്റെ വഴി നമ്മൾ ഒരിക്കലും മറന്നുപോകരുത്. പ്രത്യേകിച്ചും സ്ലീബായുടെ വലിയ പെരുന്നാളിന്റെ ഈ സമയത്ത്. കുരിശിന്റെ മാർഗ്ഗത്തെ നമ്മളുടെ ജീവിതത്തിലും പ്രാവർത്തികമാക്കുന്നത് എങ്ങനെ എന്ന് നാം കൂടുതൽ ചിന്തിക്കേണ്ടത് ആവശ്യമാണ്.

രണ്ടാമതിന്ന്, ശീമോൻ പത്രോസിനോട് സംഭാഷണം നടത്തിയ

തിന്റെ കാര്യമുണ്ട്. അതായത് ദേവാലയ നികുതി. യരുശലേം ദേവാലയത്തിന്റെ റീശിസ്സാ എന്നു പറഞ്ഞ് ഒരു നാണയം വീതം എല്ലാ യഹൂദന്മാരും (റോമാ ഗവർണർക്കു കൊടുക്കാനുള്ളതല്ല) ദേവാലയത്തിനു കൊടുക്കാൻ വേണ്ടിയുള്ള നികുതി പിരിവാണ്. അല്ലെങ്കിൽ റീശിസായാണ്. എല്ലാവർക്കും ഒരേ തുകയാണ്. അത് കൊടുക്കാൻ വേണ്ടി നികുതി പിരിവുകാർ കർത്താവിന്റെ അടുക്കൽ വന്നപ്പോൾ, കർത്താവ് ശീമോനെ വിളിച്ചു ചോദിച്ചു. 'ശീമോൻ, സാധാരണഗതിയിൽ രാജാക്കന്മാർ ഇങ്ങനെ കരവും നികുതിയുമൊക്കെ പിരിക്കുന്നത് സ്വന്തം മക്കളിൽ നിന്നാണോ, അന്യരിൽ നിന്നാണോ.' രാജാക്കന്മാർ അധികവും പിരിച്ചുകൊണ്ടിരുന്നത് അന്യന്മാരിൽ നിന്നാണ്. പൗരന്മാർ അല്ലാത്തവരിൽ നിന്നാണ്, പൗരന്മാർ ഒന്നും കൊടുക്കേണ്ട ആവശ്യമില്ല. അവർ സ്വതന്ത്രന്മാർ ആണ് എന്നുള്ളതായിരുന്നു. അപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ആളുകൾ മാത്രമേ കരം കൊടുക്കേണ്ട ആവശ്യമുള്ളു. പത്രോസിനോടു കർത്താവ് ചോദിച്ചു, ആരുടെ കൈയിൽ നിന്നാണ് ഈ കരം പിരിക്കുന്നത്? തങ്ങളുടെ മക്കളിൽ നിന്നല്ല. മറ്റുള്ളവരിൽ നിന്നുമാണ്. അപ്പോൾ പിന്നെ നമ്മൾ എന്തിനാ കരം കൊടുക്കുന്നത്, ദേവാലയ നികുതി കൊടുക്കുന്നത് എന്തിനാണ്? നമ്മൾ മക്കളല്ലേ? ദേവാലയത്തിന്റെ മക്കൾ അല്ലേ. ദേവാലയത്തിന്റെ കരം വേണമെങ്കിൽ അത് യഹൂദന്മാർ എല്ലാം കൂടി ഇട്ടാൽ പോരെ? എന്നാലും സാരമില്ല, എല്ലാവരും കൊടുക്കുന്നു. ആ കൂട്ടത്തിൽ നമുക്കും കൊടുക്കാം എന്നു പറഞ്ഞ്, നമ്മുടെ കർത്താവായ യേശുമശിഹാ തന്നെ പത്രോസിനോട് നിർദ്ദേശം കൊടുത്തു. 'നീ പോയി മീൻ പിടിക്കൂ. ആ പിടിക്കുന്ന മീനിന്റെ വായിൽ ഒരു നാണയം കാണും. അത് നികുതിയായിട്ട് നീ കൊടുത്തേക്കൂ' എന്ന് കർത്താവ് പറഞ്ഞു.

ഇവിടെയും വാത്സല്യമുള്ളവരേ, നാം കാണുന്ന പ്രധാന തത്വം, കർത്താവ് എല്ലാവിധത്തിലും മനുഷ്യരുമായി താദാത്മ്യം പ്രാപിച്ചു. മറ്റുള്ള മനുഷ്യർ ചെയ്യുന്നതുപോലെയൊക്കെ ചെയ്തു. ദേവാലയ നികുതി പോലും കൊടുക്കുകയില്ല എന്ന് പറഞ്ഞ് ബഹളം വച്ചില്ല. അതുപോലും കൊടുത്തു. എന്തിനുവേണ്ടി? യഹൂദ മക്കൾ കൊടുക്കുന്ന എല്ലാ കാര്യങ്ങളും സ്വയമായി സ്വീകരിച്ച് അവരോട് പരിപൂർണ്ണമായി താദാത്മ്യം പ്രാപിക്കുവാനാണ് താൻ ആഗ്രഹിച്ചത്. അല്ലാതെ താൻ ദൈവപുത്രനാണ്, അതുകൊണ്ട് ദേവാലയ നികുതി കൊടുക്കുകയില്ല എന്ന് കർത്താവ് പറഞ്ഞില്ല. കർത്താവ് കരം കൊടുക്കുക തന്നെ ചെയ്തു.

എന്റെ വാത്സല്യമുള്ളവരേ, ഇതിൽ നിന്നു നാം പ്രധാനമായിട്ടു മനസ്സിലാക്കാനുള്ളത് കർത്താവ് തന്നെത്തന്നെ സ്വയം താഴ്ത്തി നമ്മെപ്പോലെ ആയിത്തീർന്നു. നമ്മുടെ എല്ലാ ബലഹീനതകളും സാദ്ധ്യതകളും സ്വയം സ്വീകരിച്ചു നമുക്കുവേണ്ടി ജീവിക്കുകയും നമുക്കുവേണ്ടി മരിക്കുകയും

ചെയ്തുവെന്നുള്ളതാണ് ഏറ്റവും പ്രധാനമായ കാര്യം. ദേവാലയ നികുതി നീതീകരിക്കാവുന്നതാണോ അല്ലയോ എന്നുള്ളതല്ല പ്രധാനമായിട്ടുള്ളത്. കർത്താവ് എല്ലാ മനുഷ്യരും പ്രവർത്തിക്കുന്നതുപോലെ താനും കൊടുക്കണമെന്നു തീരുമാനിക്കുകയും എല്ലാ മനുഷ്യരെയും പോലെ തന്നെത്തന്നെ താഴ്ത്തി നമ്മോട് ഒന്നാകുകയും ചെയ്തു.

എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ക്രിസ്തീയ വിശ്വാസികൾ, ഞങ്ങൾ നിങ്ങളേക്കാൾ ഉയർന്നവരാണെന്നൊന്നും പറയാതെ, നമ്മളെത്തന്നെ സ്വയം താഴ്ത്തി മറ്റുള്ളവരുടെ ദാസന്മാരും ദാസികളുമായി സ്നേഹപൂർവ്വം സേവനം ചെയ്യുന്ന ഒരു സഭ ഉണ്ടാകുമ്പോളാണ് സുവിശേഷത്തിന് വിശ്വാസ്യത ഉണ്ടാകുന്നത്. ഇപ്പോൾ നമ്മൾ പറയുന്ന സുവിശേഷം ആരും കേൾക്കുന്നില്ല. അതിന്റെ കാരണം, ആ സുവിശേഷം പ്രഖ്യാപിക്കുന്ന സഭയ്ക്ക് അതിന്റെ ഗുണങ്ങൾ ഒന്നും കാണുന്നില്ല എന്നുള്ളതാണ്. സത്യസന്ധത, ത്യാഗശീലം, സ്വഭാവ പരിഷ്ക്കരണം ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ സഭയിൽ ഉണ്ടാവുകയും സഭ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് ഒരുക്കികൊടുക്കുന്നവരായി ജീവിച്ച് കുരിശിന്റെ വഴിയിൽ ചരിക്കുകയും വേണം. കർത്താവായ യേശു മശിഹാ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നുള്ള സുവിശേഷം ലോകം വിശ്വസിക്കാനിടവരണമെങ്കിൽ ആ സുവിശേഷം ആ കുരിശിന്റെ വഴിയുടെ ഫലങ്ങൾ നമ്മളുടെ ജീവിതത്തിൽ കാണണം. നമ്മളുടെ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ കാണണം. നമ്മുടെ മനോഭാവത്തിൽ കാണണം. അങ്ങനെ ദൈവത്തിന്റെ കുരിശിന്റെ വഴിയിൽ നടക്കുന്ന ഒരു സത്യസഭയായി തീരുവാൻ ദൈവംതമ്പുരാൻ നമ്മളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*(വി. കുർബാനമദ്ധ്യേ നടത്തിയ ഒരു പ്രസംഗം.)*

# 5

# പൗരസ്ത്യ പാരമ്പര്യം ഉയർത്തിക്കൊണ്ടുവരിക

പ. ബാവാ തിരുമേനി, അഭിവന്ദ്യ പൗവ്വത്തിൽ തിരുമേനി, മറ്റു പിതാക്കന്മാരെ, സഭാംഗങ്ങളെ,

നിങ്ങൾ ഇവിടെ സഹൃദയത്തോടെ പറഞ്ഞിട്ടുള്ള എല്ലാ നല്ല കാര്യങ്ങൾക്കും വേണ്ടപോലെ പ്രതിസ്പന്ദിക്കുവാനുള്ള സാഹചര്യം എനിക്കില്ല. പൗവ്വത്തിൽ പിതാവും പ. ബാവാതിരുമേനിയും പറഞ്ഞിട്ടുള്ള വാക്കുകൾക്ക് ഞാൻ കൃതജ്ഞതയോടെ നന്ദി പറയുന്നു.

തരകൻ സാർ എന്റെ ആശയങ്ങളെ മലയാളത്തിൽ അവതരിപ്പിച്ച് കേരളത്തിൽ പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിന്റെ ശ്രമങ്ങൾ എത്രമാത്രം വ്യക്തികളിൽ എത്തിയിട്ടുണ്ട് എന്നതിനെക്കുറിച്ച് ഞാൻ പലപ്പോഴും സംശയിക്കാറുണ്ട്. കാരണം, അദ്ദേഹത്തിന് ആ ചിന്തകൾ വളരെയധികം കാര്യമായി തോന്നിയെങ്കിലും അതിനെ ലഭിച്ച മറ്റാരെങ്കിലും അതിൽ പ്രധാനമായി ശ്രദ്ധ ചെലുത്തുന്നുണ്ടോ എന്നുള്ള സംശയം എനിക്ക് പലപ്പോഴും വരുന്നുണ്ട്. ഞാൻ കൂടുതൽ സമയം കോട്ടയത്ത് ചിലവഴിക്കണമെന്ന് നിങ്ങൾ പറയും. ചിലവഴിക്കുന്ന സമയത്ത് എന്റെ ചിന്ത മനസ്സിലാക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടോ? പഠിക്കണമെന്നുള്ള ആഗ്രഹം വളരെ ചുരുക്കം പേർക്കേ ഉള്ളൂ. ആസായ ആഗ്രഹം പഠിക്കണമെന്നല്ല. അതാണ് നമ്മുടെ പ്രധാനമായ പ്രശ്നം. യഥാർത്ഥത്തിൽ അറിയുവാനുള്ള ആകാംക്ഷയുള്ള ആളുകൾ വളരെ ചുരുക്കമേയുള്ളു. തരകൻ സാറിന് ആ ആകാംക്ഷയുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം പല കാര്യങ്ങൾ മനസ്സിലാക്കി. അതുപോലെ എന്റെ ആദ്യത്തെ അദ്ധ്യയനകാലത്ത് എന്റെ ശിഷ്യന്മാരായിരുന്ന കെ. എം. ജോർജച്ചനെപ്പോലെയുള്ള കുറെപ്പേർ കുറെ കാര്യങ്ങളെല്ലാം മനസ്സിലാക്കിയെന്നല്ലാതെ അതിൽ കൂടുതലായിട്ട് എന്തെങ്കിലും പഠിപ്പിക്കുമ്പോൾ കേട്ടിരിക്കുന്നവർക്ക് മനസ്സിലാകുന്നുവെന്ന് തോന്നുന്നില്ല. എം.റ്റി. എച്ചിനും മറ്റും ഞാൻ ക്ലാസ്സെടുക്കുന്നുണ്ട്. പഠിക്കുന്ന കുട്ടികൾക്ക് ഞാൻ പറയുന്നത് എന്തെങ്കിലും മനസ്സിലാകുന്നുണ്ടോയെന്ന കാര്യം എനിക്ക് വളരെ സംശയമാണ്.

എന്റെ ചിന്തകൾ മനസ്സിലാക്കി പ്രതികരിക്കുവാൻ സാധിക്കുന്ന ഒരു ഗ്രൂപ്പുണ്ടെങ്കിൽ തീർച്ചയായും അവിടെ ഞാൻ സമയം ചിലവാക്കും. അതി

ല്ലാത്തതാണ് സമയം ചിലവാക്കാൻ സാധിക്കാത്ത പ്രധാനപ്പെട്ട പ്രശ്നം. ഞാൻ ഒരു കാര്യം കൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഈ സെമിനാരി എന്റെ കുടുംബമാണ്. 1967-ൽ ഞാൻ ഇവിടെ വരുമ്പോൾ (ജനീവയിലെ W.C.C. സ്റ്റാഫിൽ ജോലി ചെയ്യുന്ന കാലത്താണ് അത് വേണ്ടായെന്ന് വച്ച് ഇവിടെ വന്ന് തുടങ്ങിയത്) ബഹുമാനപ്പെട്ട അഭിവന്ദ്യ തെയോഫി ലോസ് തിരുമേനി എന്നെ ചാർജ് ഏല്പിച്ചു. ചാർജ് ഏല്പിച്ച സമയത്ത് ബാലൻസിൽ നീക്കിയിരുപ്പ് ഒന്നുമില്ലായിരുന്നു എന്നു മാത്രമല്ല അടു ത്തയാഴ്ച ഇവിടെയുള്ള കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള അരി പോലും ഇല്ലായിരുന്നു. അതുകൊണ്ട് ഞാൻ പ്രിൻസിപ്പലായ ശേഷം ആദ്യം ചെയ്തത് പി. സി. ഏബ്രഹാമിനെയും ഉപ്പൂട്ടിൽ കുഞ്ഞച്ചനെയും കെ. എം. മാത്യുവിനെയും പോലെയുള്ള കുറെ ആളുകളുടെ വീടുക ളിൽ പോയി അരി മേടിച്ചുകൊണ്ട് വരുകയായിരുന്നു. ഇവർ മൂന്നുപേരും ധാരാളമായി തന്നതുകൊണ്ടാണ് അടുത്തയാഴ്ച ഇവിടുത്തെ കുഞ്ഞു ങ്ങൾ ഭക്ഷണം കഴിച്ചത്. ആ നിലയിൽ നിന്ന് സെമിനാരി വളരെയധികം വളർന്നു കഴിഞ്ഞുവെന്നത് ദൈവത്തിന്റെ കരുണകൊണ്ട് മാത്രമാണ്. പക്ഷേ, എനിക്ക് ഈ സെമിനാരിയെപ്പറ്റി ഒരു വീക്ഷണമുണ്ടായിരുന്നു. ആ വീക്ഷണം നടപ്പിൽ വരുത്തുവാൻ ഞാൻ വളരെയധികം ശ്രമിച്ചു. അതായത് ഒരു അദ്ധ്യയന ആലയമായിട്ട് ഇതിനെ ഞാൻ കണ്ടു. ഇതിനെ ഞാനൊരു കമ്മ്യൂണിറ്റിയാക്കിത്തീർത്തു. വിദ്യാർത്ഥികളും അദ്ധ്യാപ കരും ഒറ്റ കുടുംബമായി പരിപൂർണ്ണമായി പരസ്പരം തുറന്ന മനസ്സോടു കൂടി പരസ്പരം പറയാനുള്ളതെല്ലാം തുറന്നു പറഞ്ഞ്, എന്നെ വിമർശി ക്കേണ്ടവർ എന്നെ വിമർശിച്ച്, പരസ്പരം തെറ്റുകൾ ഉണ്ടെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞ് ക്ഷമിച്ച് വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരു കുടുംബമായി കഴിഞ്ഞുപോന്നു. ഈ രീതിയിലാണ് സെമിനാരി യുടെ അടിസ്ഥാനം വളർത്തിക്കൊണ്ടു വന്നത്. 1967 മുതൽ 1972 വരെ യുള്ള കാലഘട്ടത്തിൽ അതായിരുന്നു ഈ സെമിനാരിയുടെ ഘടന. ഒരു single community. ഒരു വഴക്കും ഇവിടെ ഉണ്ടായിരുന്നില്ല. അദ്ധ്യാപകർ തമ്മിലും അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികൾ തമ്മിലും വഴക്കുണ്ടായിരുന്നില്ല. ഉണ്ടാവുകയാണെങ്കിൽ ഞാൻ തന്നെ പോയി രണ്ടു വശവും കേട്ട് ഏതെങ്കിലുംവിധത്തിൽ അത് രമ്യപ്പെടുത്തി ഒരു single community യായി ആരാധനയിലും പ്രാർത്ഥനയിലും ഉറ്റിരി ക്കുന്ന ഒരു community യായി ഇതിനെ വളർത്തിയെടുത്തു.

പക്ഷേ, അതിനുശേഷം 1972 മുതൽ നമ്മുടെ സഭയിൽ അനേക പ്രശ്ന ങ്ങൾ, കലഹങ്ങൾ വരുവാൻ തുടങ്ങി. ആ കലഹങ്ങളുടെ ഫലമായി ഇതിനകത്തും കലഹങ്ങൾ വന്നു. നമ്മുടെയാ community ക്ക് destruction വന്നപ്പോഴാണ് സെമിനാരിയുടെ ശക്തമായ ഒരു ആദ്ധ്യാത്മിക അടി

ത്തറ മുഴുവൻ നശിച്ചു പോയത്. അത് വീണ്ടും തിരികെ കൊണ്ടുവന്നാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. സാധിക്കുമെന്ന് വിശ്വസിക്കുന്നു.

എനിക്ക് ഒരു കാര്യം നിങ്ങളോട് പറയുവാനുണ്ട്. സഭയിലെ ഭരണപരമായ മറ്റെല്ലാ ചുമതലകളിൽ നിന്നും വിടർത്തിയിട്ട് സെമിനാരിയുടെ കാര്യത്തിൽ മാത്രം വ്യാപൃതനായി കുറച്ചുകാലം മാറിനിൽക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ആ വിധത്തിൽ മറ്റെല്ലാ ചുമതലകളിൽ നിന്നും എന്നെ വിടർത്തുവാനുള്ള അപേക്ഷ പ. ബാവാ മുമ്പാകെ ഞാൻ ഇന്നോ നാളെയോ സമർപ്പിക്കുന്നതാണ്. സെമിനാരിയിൽ തന്നെ കൂടുതൽ സമയം ചെലവാക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ, ചെലവഴിക്കുന്ന സമയത്ത് എനിക്ക് പഠിപ്പിക്കാനും മറ്റുള്ളവരോട് സമ്പർക്കം ചെയ്യുവാനുമുള്ള സാഹചര്യമാണ് ആവശ്യം. ഒന്നാമത്, പഠിക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ ഉണ്ടാകണം; അദ്ധ്യാപകർ ഉണ്ടാകണം. അങ്ങനെ വരുമ്പോൾ ഈ സെമിനാരിയിൽ നിന്ന് മുഖ്യ പ്രതിഭകൾ ഉണ്ടാകും. എന്റെ വളരെ വലിയ ഒരു ആഗ്രഹം ഇവിടെ പ. ബാവാതിരുമേനി അറിയുവാൻ വേണ്ടി പറയുന്നുവെന്നേയുള്ളു. 70 വയസ്സ് എന്നു പറയുന്നത് ഞാൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. അതിനൊക്കെ വളരെ മുമ്പേ കടന്നുപോകാമെന്നായിരുന്നു വിചാരിച്ചിരുന്നത്. ഏതായാലും കടന്നുപോകുമ്പോൾ ഇവിടെ ഒരു ആറടി മണ്ണ് ഈ സെമിനാരിയിൽ കിട്ടിയാൽ കൊള്ളാം എന്ന് വലിയ ആഗ്രഹമുണ്ട്.

പ. പൗവ്വത്തിൽ പിതാവ് ഉള്ള സമയത്ത് ഒരു കാര്യം കൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ഈ വൈദികസെമിനാരിയിൽ പൗരസ്ത്യ സഭയുടെ പാരമ്പര്യം വളർത്തിയെടുത്താൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പൗരസ്ത്യസഭയുടെ പാരമ്പര്യം എന്നു പറയുന്നത് മറ്റു സഭകളെ അവഗണിച്ചുകൊണ്ട് ഉള്ളതല്ല. എന്നെ സംബന്ധിച്ചിടത്തോളം നമ്മുടെ സഭയിൽ നാലു പാരമ്പര്യങ്ങളാണ് പ്രധാനമായിട്ട് ഉള്ളത്. ഒന്ന് നവീകരണസഭയുടെയും യൂറോപ്പിന്റെയും പാരമ്പര്യം. അതിൽ നിന്നാണ് protestentism ഉം മറ്റുമൊക്കെ വളർന്നു വന്നത്. രണ്ടാമത് ബൈസന്റിയൻ പാരമ്പര്യം എന്നു പറയുന്നത് ഗ്രീക്കുകാരുടെ രാജത്വത്തിനകത്തുണ്ടായ ഒരു പാരമ്പര്യമാണ്. ഇത് രണ്ടുമല്ല പൗരസ്ത്യ പാരമ്പര്യം എന്നുള്ളതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത്. മൂന്നാമത് ആഫ്രിക്കക്കാരും ഏഷ്യാക്കാരുമായിട്ടുള്ള പിതാക്കന്മാരുടെ പാരമ്പര്യം. ഈ പിതാക്കന്മാർ, കർത്താവായ യേശുമിശിഹാ മനുഷ്യാവതാരം ചെയ്തതിന്റെ അർത്ഥമെന്താണെന്ന് മനസ്സിലാക്കാൻ വളരെ ഗഹനമായി തപസ്സ് ചെയ്തിരുന്നു പഠിച്ചു. അങ്ങനെ പഠിച്ചതിന്റെ ഫലമായിട്ട് എഴുതിയിട്ടുള്ള വലിയ കാര്യങ്ങൾ പാശ്ചാത്യ പാരമ്പര്യത്തിന് ഇപ്പോഴും അറിഞ്ഞുകൂടാ. അറിഞ്ഞുകൂടെന്ന് മാത്രമല്ല, അറിയാനുള്ള താല്പര്യം പോലും

ഇല്ല. അതെഴുതിയാൽ അവർ പ്രസിദ്ധീകരിക്കുകയില്ല; അതാണ് പരമാർത്ഥം. എന്റെ അനുഭവമതാണ്. പൗരസ്ത്യ പാരമ്പര്യത്തെപ്പറ്റി ഗഹനമായ പുസ്തകങ്ങൾ എഴുതിക്കഴിയുമ്പോൾ പാശ്ചാത്യർ പ്രസിദ്ധീകരിക്കുകയില്ല. ഇപ്പോൾ പ്രകാശനം ചെയ്ത 'ഹ്യൂമൻ ഗോഡ്' എന്ന ഗ്രന്ഥം രണ്ടു പാശ്ചാത്യ പ്രസാധകർ നിരാകരിച്ചു കഴിഞ്ഞതാണ്. എന്തുകൊണ്ട്? പാശ്ചാത്യ പാരമ്പര്യത്തെ വിമർശിക്കുന്നതായതുകൊണ്ട്, അതിനകത്തുള്ള തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നതായതുകൊണ്ട്. അതാണതിന്റെ കാരണം. എന്നാൽ പൗരസ്ത്യ സിറിയൻ പാരമ്പര്യം, ഈ പാരമ്പര്യങ്ങളെയെല്ലാം കൂട്ടിപ്പിടിപ്പിയ്ക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തെ ഒരു പുതിയ ദർശനത്തിൽകൂടി കാണുവാൻ നമുക്ക് സാധിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അതു സാധിക്കുമെന്നാണെന്റെ വിശ്വാസം. നമുക്ക് സാംസ്കാരികമായ, ബുദ്ധിപരമായ പാശ്ചാത്യ സംസ്കാരത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടുവാൻ കഴിയും. എന്നു പറഞ്ഞാൽ നമ്മുടെ ബൗദ്ധിക പരിശീലനം മുഴുവൻ പാശ്ചാത്യം ആണ്. അതിനകത്ത് വച്ചുംകൊണ്ട് ഈ പാരമ്പര്യം നിർമ്മിക്കുവാൻ ഒക്കുകയില്ല. ഈ പാശ്ചാത്യ ബൗദ്ധിക ടെൻഷനെ ക്രിട്ടിസൈസ് ചെയ്യുവാൻ സാധിക്കാതെ പൗരസ്ത്യ പാരമ്പര്യം നിർമ്മിക്കുവാൻ ഒക്കുകയില്ല.

വളരെ പ്രധാനമായ ഒരു പോയിന്റ് ആണ് ഞാൻ പറയുന്നത്. പൗവ്വത്തിൽ പിതാവിന് ഞാൻ പറയുന്നതെന്താണ് എന്ന് മനസ്സിലാകും. പാശ്ചാത്യ ചിന്താഗതിയ്ക്ക് അകത്തിരുന്നുകൊണ്ട് പൗരസ്ത്യ പാരമ്പര്യം വീണ്ടും കരുപ്പിടിപ്പിക്കുവാൻ അവർ സമ്മതിക്കുകയില്ല.

ഏഷ്യൻ ആഫ്രിക്കൻ പിതാക്കന്മാർ പാശ്ചാത്യ പാരമ്പര്യത്തോടും ഗ്രീക്ക് പാരമ്പര്യത്തോടും സമരം ചെയ്തുകൊണ്ടാണ് അവരുടെ പാരമ്പര്യം വളർത്തിയെടുത്തത്. ഇന്നും അതേ സമരം നാം നടത്തേണ്ടിയിരിക്കുന്നു.

ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്കിന്ന് വളരെ മനഃപ്രയാസമുണ്ടാകുന്ന ഒരു കാര്യം നമ്മുടെ സഭകൾ എല്ലാംതന്നെ (എന്റെ സഭ പ്രധാനമായിട്ടും, അതുപോലെ തന്നെ കത്തോലിക്കാ സഭയും മാർത്തോമ്മാ സഭയും, സി.എസ്.ഐ. സഭയും എല്ലാം) ഉൾക്കൊണ്ടിരിക്കുന്ന ഒരു അപകടകരമായ മാർഗ്ഗം സഭയ്ക്കകത്ത് രാഷ്ട്രീയ രംഗത്തെ അനുകരിക്കുക എന്നുള്ള പരമാർത്ഥമാണ്. അധികാരത്തിനും ശക്തിക്കും വേണ്ടിയുള്ള ഇടിയും വഴക്കും. ഈ പ്രവണത വർദ്ധിച്ചുകൊണ്ടിരുന്നാൽ നമുക്കു സകല ശക്തിയും കഴിവും പോകും. കഴിഞ്ഞ കുറച്ച് കാലമായിട്ട് നമുക്ക് പണ സംബന്ധമായിട്ടും സ്ഥാപനങ്ങൾ സംബന്ധമായിട്ടും കുറെ പുരോഗതി ഉണ്ടായിട്ടുണ്ട്. അത് ഗൾഫിന്റേതും ഇവിടുത്തെ വരുമാനം വർദ്ധിച്ചതിന്റെയും ഫലമായിട്ട് ഉണ്ടായി

ട്ടുള്ളതാണ്. നമുക്ക് പുരോഗതി ഉണ്ടാകണമെങ്കിൽ അതിനാവശ്യമായ ശക്തി, പ്രാർത്ഥനയുടെ ശക്തി, തപസ്സിന്റെ ശക്തി സഭയിൽ ധാരാള മായി വളർന്നു വരണം. എന്റെ ഇപ്പോഴത്തെ വലിയൊരു പരിശ്രമം അതാണ്. എല്ലാ മതങ്ങളിലും ഈശ്വര ആരാധനയിൽ, ആത്മശിക്ഷണ ത്തിൽ, തപസ്യയിൽ പ്രാർത്ഥനയുടെ ശക്തി വളർന്ന് മതങ്ങളിൽ നിന്ന് മനുഷ്യനെ പുതുതാക്കാനുള്ള ഒരു പുതിയ ശക്തി രൂപവൽക്കരിക്കണം എന്നുള്ള ആഗ്രഹമാണ് എനിക്കുള്ളത്. അതിന് നമ്മുടെ ഇപ്പോഴത്തെ രാഷ്ട്രീയ പിടികളും വലികളുമെല്ലാം മാറ്റിവച്ചിട്ട് ആദ്ധ്യാത്മിക ശക്തി, യഥാർത്ഥമായ ആത്മശിക്ഷണത്തോടു കൂടിയുണ്ടാകുന്ന താപസശക്തി വളർത്തിയെടുക്കുവാൻ നമുക്ക് സാധിക്കുന്നതായിരിക്കും നമ്മെക്കൊണ്ട് സാധിക്കുന്ന ഏറ്റവും വലിയ കാര്യം എന്നുള്ള എളിയ അഭിപ്രായം നിങ്ങ ളുടെ മുമ്പിൽ അവതരിപ്പിച്ചുവെന്നുള്ളതേ ഉള്ളൂ. ഇവിടെ ഗാനങ്ങൾ മൂലവും കവിത മൂലവും പ്രസംഗങ്ങൾ മൂലവും പ്രബന്ധങ്ങൾ മൂലവും എന്നോട് സ്നേഹം അറിയിച്ചിട്ടുള്ള എല്ലാവരോടും ഒരിക്കൽ കൂടെ നന്ദി പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകളെ ചുരുക്കുന്നു.

*(പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സപ്തതി സമ്മേളനവും മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ ഉദ്ഘാടനവും, 15-9-1992. മാർ ഗ്രീഗോറിയോസിന്റെ മറുപടി പ്രസംഗം.)*



# 6

# പത്മഭൂഷൻ കെ. എം. ചെറിയാൻ

പത്മഭൂഷൻ കെ. എം. ചെറിയാൻ ഒരു ശുദ്ധഗതിക്കാരനെന്നു തെറ്റിധരിപ്പിക്കുന്ന മുഖാവരണത്തിനുള്ളിൽ, ഘോരമായി പ്രകമ്പനം കൊള്ളുന്ന മനസ്സും ആത്മാവും ഒളിച്ചുവച്ചിരുന്നു. പിതാവു മാമ്മൻ മാപ്പിളയും അദ്ദേഹവും തമ്മിൽ അവരുടെ അറുപതു കഴിഞ്ഞ പ്രായത്തിൽ ആരുടെയും ശ്രദ്ധപിടിച്ചു പറ്റുന്ന രൂപസാമ്യം ഉണ്ടായിരുന്നെങ്കിലും, മാമ്മൻ മാപ്പിള തന്നോടു സമ്പർക്കത്തിൽ വരുന്നവരുടെ ഹൃദയത്തിലും മനസ്സിലും ചിലപ്പോൾ ഉളവാക്കാറുണ്ടായിരുന്നതുപോലെയുള്ള ആദരപ്രയുക്തമായ ഭയം അദ്ദേഹം ജനിപ്പിച്ചിട്ടില്ല.

പ്രശാന്തമായ ബാഹ്യപ്രകൃതി കണ്ട് അദ്ദേഹത്തെക്കൊണ്ടു മുതലെടുക്കാമെന്നു വിശ്വസിച്ചു ചിലരെങ്കിലും സ്വയം വഞ്ചിതരായിത്തീർന്നിരിക്കണം. അനുഭവം കൊണ്ടു മാത്രമേ അവർക്കു യാഥാർത്ഥ്യം ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുള്ളു. കാരണം കെ. എം. ചെറിയാനെ ആർക്കും കബളിപ്പിക്കുവാനും മുതലെടുക്കുവാനും കഴിയുമായിരുന്നില്ല. തങ്ങളുടെ ഏതിഷ്ടവും സാധിച്ചുകൊടുക്കുവാൻ സന്നദ്ധനാണെന്നു തോന്നിപ്പിക്കുന്ന വാത്സല്യം തന്റെ പേരക്കിടാങ്ങളോടു പ്രകടിപ്പിക്കാറുണ്ടായിരുന്നെങ്കിലും അവർക്കുപോലും അദ്ദേഹത്തെ ചൂഷണം ചെയ്യുക എളുപ്പമായിരുന്നില്ല.

പലപ്പോഴും അദ്ദേഹം തെറ്റുധരിക്കപ്പെട്ടിട്ടുണ്ട്. 1970 ദശകത്തിന്റെ ആരംഭത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ വഴക്കു പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം പ്രത്യേകിച്ചും തെറ്റുധരിക്കപ്പെടാനിടയായി എന്നത് എനിക്കു നേരിട്ടറിയാവുന്ന വസ്തുതയാണ്. സഭയെ ഒറ്റിക്കൊടുത്തു എന്നു പോലും അദ്ദേഹത്തിന്റെ പേരിൽ കുറ്റമാരോപിക്കുവാൻ ആളുകൾ തയ്യാറായി. അന്നൊരിക്കൽ അദ്ദേഹത്തിന്റെ പൗത്രി മേരി (ഏഴു വയസ്സേ അവൾക്കു പ്രായമുണ്ടായിരുന്നുള്ളു) എന്നോടു ചോദിച്ച ചോദ്യം ഞാൻ ഒരിക്കലും മറക്കുകയില്ല. അവൾ ചോദിക്കുകയാണ്: "അച്ചാ, അവർ വല്യപ്പച്ചനെ 'യൂദാ' എന്നു വിളിക്കുന്നത് എന്തിനാണ്?" ഒരു കാതോലിക്കാ ദിനാഘോഷത്തിൽ പങ്കെടുത്ത ഒരു കൂട്ടം ആളുകൾ മലയാള മനോരമയുടെ മുമ്പിൽ വച്ച് 'യൂദാ', 'ഒറ്റുകാരൻ' എന്നീ വാക്കുകൾ വിളിച്ചു പറയുക പോലും ചെയ്തു. കെ. എം. ചെറിയാൻ കാതോലിക്കോസിനെതിരായി പാത്രിയർക്കീസിനെ അനുകൂലിച്ചിരുന്നു എന്നു കരുതുന്നവർ ഇന്നുമുണ്ട്.

ഇന്ത്യയിലെ സഭാജീവിതത്തിലോ സഭാഭരണത്തിലോ, ഇടപെടാൻ

സിറിയൻ പാത്രിയർക്കീസിന് എന്തെങ്കിലും അധികാരമുണ്ടായിരിക്കണമെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നില്ല. പ്രത്യുത, അടുത്ത കാലത്തു പാത്രിയർക്കീസു ചെയ്തതുപോലെ വിദ്വേഷപരമായും കാനോനു വിരുദ്ധമായുമുള്ള കാര്യങ്ങൾ ചെയ്യാതിരിക്കത്തക്കവിധം പാത്രിയർക്കീസിനെ കഴിയുന്നത്ര ന്യായാനുസൃതമായ സംതൃപ്തിക്കു വിധേയനാക്കിത്തീർക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥമായ ആഗ്രഹം. കോലഞ്ചേരിയിൽ വച്ചു കെ. എം. ചെറിയാൻ അന്ത്യശ്വാസം വലിക്കുമ്പോൾ ഏതാണ്ട് അതേ സമയത്തു ഞാൻ ഡമാസ്ക്കസിൽ പാത്രിയർക്കീസുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. കെ. എം. ചെറിയാൻ രോഗശയ്യയിൽ കിടക്കുകയാണെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞപ്പോൾ ഇന്ത്യക്കാരനായ ഈ അയ്മേനിയോടുള്ള ആദരസൂചകമായി പാത്രിയർക്കീസ് എഴുന്നേറ്റു നിന്നു. ഇത്ര ആഴമേറിയ ആദരം മറ്റുള്ളവരുടെ ഹൃദയത്തിലേക്കു കടത്തിവിട്ടിരുന്നതുകൊണ്ടാണ് മറ്റുള്ളവരുടെ പ്രതികൂലമായ മനോഭാവത്തെ തന്റെ അഭിപ്രായഗതിയിലേക്കു തിരിക്കുവാനും എല്ലാവരുടെയും നന്മയ്ക്കുവേണ്ടി പലതും ചെയ്യാൻ പലപ്പോഴും അദ്ദേഹത്തിനു കഴിഞ്ഞത്. മലങ്കരസഭയിലെ തർക്കത്തിൽ അദ്ദേഹം ചെയ്ത അനുരഞ്ജന ശ്രമം വിഫലമായിപ്പോയി എന്ന വസ്തുത വിസ്മരിക്കുന്നില്ല. ദൃഢനിശ്ചയത്തോടും ശുദ്ധമനസ്ക്കതയോടും കൂടി ആയുഷ്ക്കാലം മുഴുവൻ അദ്ദേഹം നൂറു നൂറു  കാര്യങ്ങൾക്കു വേണ്ടി വലിയവരോടും ചെറിയവരോടും വാദിച്ചിട്ടുണ്ട്. അദ്ദേഹം അന്തരിച്ചപ്പോൾ അദ്ദേഹത്തിന് അർപ്പിക്കപ്പെട്ട ആദരാഞ്ജലികളുടെ ആധിക്യവും വൈവിധ്യവും അദ്ദേഹത്തിന്റെ ജന്മസാഫല്യത്തിന്റെ അളവു കുറിക്കുന്നവയായിരുന്നു. ആശയപരമായി ബദ്ധവിരോധികളായിരുന്നവർപോലും അദ്ദേഹത്തിന്റെ മരണശയ്യയ്ക്കരികിലെത്തി ആദരം പ്രകടിപ്പിച്ചു. സ്വന്തം താത്പര്യങ്ങൾക്കു വേണ്ടിയല്ല അദ്ദേഹം സമരം ചെയ്തതെന്നും, പ്രത്യുത, താൻ മനസ്സിലാക്കിയിട്ടുള്ളപ്രകാരം ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാനും വളർത്തിക്കൊണ്ടു വരാനുമായിരുന്നുവെന്നും അവർക്കും അറിയാമായിരുന്നു.

ഓരോ ദിവസവും കേരളത്തിലെ ജനങ്ങളോട് എന്താണു പറയേണ്ടതെന്നായിരുന്നു തന്റെ ഏറ്റവും വലിയ ഉൽകണ്ഠ എന്ന് ഒരിക്കൽ അദ്ദേഹം എന്നോടു പറയുകയുണ്ടായി. കുറഞ്ഞപക്ഷം അഞ്ചു ലക്ഷം ആളുകൾ ഓരോ ദിവസവും മനോരമ വായിക്കുന്നുണ്ടെന്ന് അദ്ദേഹം കണക്കാക്കിയിരുന്നു. മുഖപ്രസംഗങ്ങൾ വഴി മാത്രമല്ല വാർത്തകൾ തെരഞ്ഞെടുക്കുന്നതിലും അതിന്റെ പ്രാധാന്യമനുസരിച്ച് പ്രസിദ്ധീകരിക്കുന്നതിലും കൂടിയും അനുവാചകരുടെ ചിന്താഗതിക്കും മനോഭാവത്തിനും അഭിലാഷങ്ങൾക്കും അദ്ദേഹം രൂപം നൽകിയിരുന്നു. ഈ വലിയ ഉത്തരവാദിത്വം തന്നെ ഗ്രസിക്കുന്നതായി പലപ്പോഴും അദ്ദേഹത്തിനു തോന്നു

കയും ചിലപ്പോൾ അത് അദ്ദേഹത്തെ അസ്വസ്ഥനാക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രത്യക്ഷമായ പ്രശാന്തതയുടെ പിന്നിലുള്ള യഥാർഥ രഹസ്യം അത്യഗാധമായ ഈശ്വരവിശ്വാസമായിരുന്നു. അതു പലപ്പോഴും എനിക്ക് ഉത്തേജനം നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വാസം രൂഢമൂലമാകുന്നതിനു നിദാനമായിത്തീർന്ന പല ഘടകങ്ങളുണ്ട്. മദ്രാസ് ക്രിസ്ത്യൻ കോളജുമായും അവിടെ സേനമനുഷ്ഠിച്ചിട്ടുള്ള പ്രശസ്തരായ ചില ക്രൈസ്തവ നേതാക്കളുമായും അദ്ദേഹത്തിനുണ്ടായിരുന്ന നേരിട്ടുള്ള ബന്ധം, പിതൃസഹോദരനും പുണ്യശ്ലോകനുമായ കെ. സി. ചാക്കോയുടെ പാവനമായ ജീവിതത്തിന്റെ സ്വാധീനം, അത്ര വളരെ പ്രകീർത്തിക്കപ്പെട്ടിട്ടില്ലാത്ത പുണ്യശീലയായ വന്ദ്യ മാതാവിൽ നിന്നു ലഭിച്ച പരിശീലനം മുതലായവ അവയിലുൾപ്പെടുന്നു. എന്നാൽ അദ്ദേഹത്തിന്റെ ദൈവാശ്രയം ശുദ്ധീകരിക്കപ്പെടുകയും അതിന്റെ മാറ്റു വർധിക്കുകയും ചെയ്തതു പീഡാനുഭവങ്ങളുടെ മൂശയിൽ വെന്തുരുകിയതുകൊണ്ടാണ്.

ബാങ്കിന്റെയും അതോടൊപ്പം സ്വകുടുംബത്തിന്റെയും തകർച്ച നിശ്ചയമായും അദ്ദേഹത്തിന്റെ വിശ്വാസത്തിന് അഭിമുഖീകരിക്കേണ്ടി വന്ന ഏറ്റവും വലിയ അഗ്നിപരീക്ഷണമായിരുന്നു. അതേസമയം തന്നെ സ്വപത്നിയുടെയും പുത്രിയുടെയും രോഗം മൂലമുള്ള വിഷമതയും അദ്ദേഹത്തിനു സഹിക്കേണ്ടി വന്നു. അക്കാലത്താണ് അദ്ദേഹം സർവ്വാതിശായിയായ വിശ്വാസം വളർത്തിയെടുത്തത്. കേരളത്തിനും മനോരമയ്ക്കും, എം.ആർ.എഫിനും, സ്വകുടുംബത്തിനും തന്റെ സഹോദരന്മാർക്കും സഭയ്ക്കും നേരിടേണ്ടി വന്ന പ്രതിസന്ധികളിൽ അവയെ എല്ലാം അതതു കാലത്തു ചെറുത്തുനില്ക്കാൻ കരുത്തേകിയത് അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസമാണ്.

സാധാരണ മനുഷ്യരെ പീഡിപ്പിക്കാറുള്ള രണ്ട് അടിസ്ഥാന ഭീതികളെ അതിജീവിക്കുന്ന ഘട്ടത്തിൽ താൻ എത്തിച്ചേർന്നിരിക്കുന്നു എന്ന് ഒരിക്കൽ അദ്ദേഹം എന്നോടു പറയുകയുണ്ടായി. ദാരിദ്ര്യഭീതിയെയും മരണഭീതിയെയും ഉദ്ദേശിച്ചാണ് അദ്ദേഹം പറഞ്ഞത്. മനോരമയും, എം.ആർ.എഫും തകർച്ചയെ അഭിമുഖീകരിച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും; അദ്ദേഹം അധീരനാകുകയോ ചകിതനാകുകയോ ചെയ്തില്ല. കഷ്ടതയുടെ ചൂളയിൽ അദ്ദേഹത്തിന്റെ വിശ്വാസം ശുദ്ധീകരിക്കപ്പെട്ടിരുന്നതുകൊണ്ടു മാത്രമല്ല; തന്റെ കുടുംബത്തിന്റെ സർവസ്വവുമെന്നല്ല തന്റെ ജീവൻ പോലും നഷ്ടപ്പെടാനുള്ള സാധ്യതയോടു മനസാ സ്വയം പൊരുത്തപ്പെടുത്തിയിരുന്നതുകൊണ്ടു കൂടിയാണ് അദ്ദേഹം ധീരചിത്തനായി നിലകൊണ്ടത്.

കെ. എം. ചെറിയാൻ അന്തരിക്കുന്നതിനു തൊട്ടുമുമ്പുള്ള ദിവസങ്ങ

ളിൽ അദ്ദേഹവുമായി സുദീർഘ സംഭാഷണങ്ങൾ നടത്താനുള്ള ഭാഗ്യം എനിക്കു സംഗതിവശാൽ ലഭിച്ചു. ഞാനും ഒരു രോഗിയായി കോലഞ്ചേരിയിൽ അദ്ദേഹത്തിന്റെ പുത്രൻ ഡോ. കെ. സി. മാമ്മന്റെ വസതിയിൽ അഭയം തേടിയിരിക്കുകയായിരുന്നു. കരൾ സംബന്ധമായ ഒരു രോഗത്തിന്റെ ചികിത്സയ്ക്കാണു ഞാൻ അവിടെ എത്തിയിരുന്നത്. ഹൃദ്രോഗബാധിതനായി അദ്ദേഹം കിടപ്പിലായതു ഞാൻ അവിടെ ഉള്ളപ്പോഴായിരുന്നു. ഞാൻ അവിടെനിന്നു പോയി രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഞാൻ ഒഴിഞ്ഞുകൊടുത്ത അതേ കട്ടിലിൽ തന്നെ കിടന്ന് അദ്ദേഹം അന്തരിക്കുകയാണുണ്ടായത്. ഞങ്ങൾക്കിരുവർക്കും ഒരു സ്വകാര്യ ആശുപത്രി പോലെ ആയിരുന്നു ആ വീട്. ഞങ്ങൾ ദീർഘനേരം സംഭാഷണം നടത്താറുണ്ടായിരുന്നു. ഒരിക്കൽ ഞങ്ങളുടെ സംഭാഷണം മരണത്തെപ്പറ്റിയായി – മരണത്തിന്റെ അർഥം എന്താണെന്നുള്ളതിനെക്കുറിച്ച്. ഒരു കൊച്ചുകുട്ടിയുടെ ഉത്സാഹപ്രകർഷത്തോടു കൂടി അപ്പോൾ അദ്ദേഹം പറയുകയാണ്: "ഓ, മരണം എത്ര ഉത്തേജകമായ ഒന്നാണ്! മരിക്കുന്നതിനുവേണ്ടി ഞാൻ മരണത്തെ സമീപിക്കുന്നു. എനിക്കു വളരെയധികം ജിജ്ഞാസയുണ്ട്. ഈ യവനികയ്ക്ക് അപ്പുറത്തുള്ളത് എന്താണെന്ന് എനിക്കറിയണം. നിശ്ചയമായും രോമാഞ്ചം കൊള്ളിക്കുന്ന ഒന്നായിരിക്കണം മരണം. കുറഞ്ഞപക്ഷം, നിത്യേന നമുക്കു നേരിടേണ്ടി വരുന്ന നൂറു നൂറു തലവേദനകളും പ്രകോപനങ്ങളും അവിടെ ഉണ്ടായിരിക്കുകയില്ല. സജീവവും ഉന്മേഷപ്രദവുമായ ഏതോ ഒരവസ്ഥയിലേക്കു കടക്കുന്ന വാതിലാണു മരണം. ആ വാതിലിനു പിന്നിൽ ക്രിസ്തു നിൽക്കുന്നുണ്ട്. മരണത്തിൽ കൂടി നാം ജീവനിലേക്കു പ്രവേശിക്കണം."

മരണത്തിലൂടെ ജീവനിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നവനും അനുകമ്പയോടും സ്നേഹത്തോടും കൂടി നമ്മെ നോക്കിക്കൊണ്ടിരിക്കുന്നവനുമായ ഒരു വിശിഷ്ട വ്യക്തിക്ക് ഈ സ്മാരക പ്രസംഗങ്ങളിൽ കൂടി നാം ആദരോപചാരം അർപ്പിക്കുകയാണ്. അദ്ദേഹം കടന്നുപോയ മാർഗത്തിലൂടെ – സ്വഭാവശുദ്ധിയുടെയും നിസ്വാർഥ ജനസേവനത്തിന്റേയും സർവോപരി ദൈവത്തിലുള്ള ആഴമേറിയതും സമൃദ്ധവുമായ വിശ്വാസത്തിന്റെയും മാർഗത്തിലൂടെ – സഞ്ചരിക്കുവാൻ നമ്മിൽ വളരെ വളരെയാളുകൾക്കു കഴിവുണ്ടാകട്ടെ.

*(കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ വച്ചു 1975 ഒക്ടോബർ 10–ാം തീയതി നടന്ന കെ. എം. ചെറിയാൻ സ്മാരക പ്രസംഗപരമ്പര ഉദ്ഘാടനം ചെയ്തുകൊണ്ട് ഇംഗ്ലീഷിൽ ചെയ്ത പ്രസംഗത്തിന്റെ മലയാള പരിഭാഷ.)*

# 7

# നാഗരികതയും പാശ്ചാത്യ പ്രബുദ്ധതയും

പാശ്ചാത്യ പ്രബുദ്ധതയെപ്പറ്റി എന്തിന് നമ്മൾ ചിന്തിക്കണം എന്നൊരു സംശയം നിങ്ങളുടെയൊക്കെ മനസ്സിൽ തോന്നും. എന്നെ സംബന്ധിച്ച്, ഞാനൊരു അഞ്ചാറു വർഷമേ ആയുള്ളു ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയിട്ട്. അതിനുള്ള ഏക കാരണം നമ്മുടെ എല്ലാ പ്രശ്നങ്ങളുടെയും മർമ്മം ഇതാണ് എന്ന് എനിക്ക് ബോധ്യം വന്നതാണ്. ഇന്ന് നാം ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ചിന്താരീതിയുടെയും പ്രവർത്തനരീതിയുടെയും പുറകിൽ കിടക്കുന്നത് പാശ്ചാത്യ പ്രബുദ്ധതയാണെന്ന് എനിക്ക് ബോധ്യം വന്നിരിക്കുന്നതുകൊണ്ടാണ് ഈ വിഷയത്തിന് ഞാൻ വളരെ പ്രാധാന്യം കൊടുക്കുകയും രണ്ട് പുസ്തകങ്ങൾ ഇതുവരെയായി അതേക്കുറിച്ച് എഴുതുകയും ചെയ്തിട്ടുള്ളത്.

ദീപക് ചോപ്രാ എന്നു പറയുന്ന ഒരു ഇൻഡ്യൻ ഡോക്ടർ അമേരിക്കയിൽ എഴുതി പ്രസിദ്ധീകരിച്ചിട്ട്, ന്യൂയോർക്ക് ടൈംസിന്റെ ബെസ്റ്റ് സെല്ലർ ലിസ്റ്റിലെ നമ്പർവൺ ആയിട്ട് വന്നിരിക്കുന്ന ഒരു ഗ്രന്ഥമാണ് "The Ageless Body Timeless Mind." ദീപക് ചോപ്രാ ബോസ്റ്റണിൽ ഒരു ആശുപത്രി, മഹർഷി മഹേഷ് യോഗി ആയൂർവേദ ആശുപത്രി എന്ന പേരിൽ തുടങ്ങി അവസാനം മഹർഷിയുടെ ചിന്താരീതിയുമായി തെറ്റി, സ്വതന്ത്രമായിട്ട് കാലിഫോർണിയായിൽ ജോലി ചെയ്യുകയാണ്. ഇപ്പോൾ ഇദ്ദേഹത്തിന്റെ ഈ പുസ്തകത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ അമേരിക്കൻ ഫെഡറൽ ഡ്രഗ്സ് ഏജൻസിയുടെ കൺസൾട്ടന്റായിട്ട് ഇദ്ദേഹത്തെ നിയമിച്ചിരിക്കുകയാണ്. അത്രയ്ക്ക് നമ്മുടെ ഇന്ത്യാക്കാരിൽ പുറത്തുപോയി പേരുണ്ടാക്കിയിട്ടുള്ള ഒരാളാണ്. അദ്ദേഹം പറയുന്നു, നമ്മുടെ സുഖക്കേടുകളുടെയെല്ലാം പ്രധാന കാരണം മനസ്സാണ്, ശരീരമല്ല. നമ്മുടെ മനസ്സിൽ വന്നിരിക്കുന്ന ചിന്തകൾ മൂലമാണ് നമുക്ക് രോഗം ഉണ്ടാവുന്നത്. അങ്ങനെ നമുക്ക് ഉണ്ടാവുന്ന ചിന്തകൾ – അബദ്ധചിന്തകൾ – അവയാണ് നമുക്ക് അസ്വസ്ഥത ഉണ്ടാക്കുന്നത്. പത്തു കാര്യങ്ങളാണ് ഈ അബദ്ധചിന്തകൾ എന്ന് അദ്ദേഹം പറയുന്നു. ഇത് പത്തുമാണ് പാശ്ചാത്യ പ്രബുദ്ധതയുടെ അടിസ്ഥാനം. അദ്ദേഹം ഈ സുഖക്കേടുണ്ടാക്കുന്നതെന്ന് പറയുന്ന അബദ്ധങ്ങൾ, നമ്മുടെ എല്ലാവരുടെയും ചിന്തയുടെ അടിസ്ഥാനവും അതു തന്നെയാണ്. ഈ അടിസ്ഥാനം

മാറാതെ നമുക്ക് രോഗം ശാന്തിയാവുകയില്ല, സമൂഹം ശരിയാവുകയി ല്ല, വ്യക്തിക്കും സുഖം വരികയില്ല എന്നാണ് എനിക്ക് തോന്നുന്നത്. അ തുകൊണ്ട് അത്ര വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണിത്.

നമ്മുടെ ലോകാവലോകനത്തിലുള്ള പത്ത് കാര്യങ്ങളെ ദീപക് ചോപ്രാ എടുത്തു പറയുന്നു. ഒന്നാമത്തേത്, നമ്മുടെ മനസ്സിനെ അപേ ക്ഷിയ്ക്കാതെ സ്വതന്ത്രമായി ഒരു വസ്തുനിഷ്ഠ ലോകം ഉണ്ട്. ആ വസ്തുനിഷ്ഠ ലോകത്തിന്റെ ഒരു ഭാഗമാണ് എന്റെ ശരീരവും. അതാ യത് ഞാനതിനെ കാണുന്നുണ്ടോ എന്നുള്ളതിനെ അപേക്ഷിയ്ക്കാതെ അതിൽ തന്നെ സ്വതന്ത്രമായി നിലകൊള്ളുന്ന വസ്തുനിഷ്ഠമായ ഒരു ഒബ്ജക്ടീവ് റിയാലിറ്റി ഉണ്ട്. ആ റിയാലിറ്റിയുടെ ഒരു ഭാഗമാണ് എന്റെ ശരീരം എന്നുള്ള ചിന്ത പരമാബദ്ധമാണ് എന്നാണ് അദ്ദേഹം തെളിയി ക്കുവാൻ പോകുന്നത്. രണ്ടാമത്തെ അബദ്ധചിന്തയായി അദ്ദേഹം പറ യുന്നത് ഈ ശരീരം എന്നു പറയുന്നത് പദാർത്ഥശകലങ്ങൾ മൂലം പര സ്പരം ഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സാധനമാണ്. മൂന്നാമത്തേത്, മനസ്സും ശരീരവും രണ്ട് കാര്യങ്ങളാണ്, അവ തമ്മിൽ കാര്യമായ ബന്ധമൊന്നു മില്ല. അവയെ രണ്ടിനെയും വേറെ വേറെ വിധത്തിൽ ട്രീറ്റ് ചെയ്യണം. നാലാമത്തേത്, ആദ്യമുണ്ടായത് പദാർത്ഥമാണ്. പദാർത്ഥത്തിൽ നിന്ന് ഉണ്ടായിട്ടുള്ള മറ്റൊന്നാണ് ബോധം എന്നു പറയുന്നത്. ബോധമല്ല ആദ്യം ഉണ്ടായത്. ആദ്യമുണ്ടായത് പദാർത്ഥമാണ്. പദാർത്ഥത്തിൽ നിന്നും ഉത്ഭ വിച്ചിട്ടുള്ള മറ്റൊന്നാണ് ബോധം എന്നു പറയുന്നത്. അഞ്ചാമത്തേത്, മനുഷ്യന്റെ ബോധത്തെ ബയോകെമിസ്ട്രി കൊണ്ട് മനസ്സിലാക്കാൻ സാധിക്കും. ബയോകെമിസ്ട്രി എന്നു പറയുന്നത് ഓർഗാനിക് കെമി സ്ട്രിയുടെ ഒരു ഭാഗമാണ്. ആ ബയോകെമിസ്ട്രി കൊണ്ട് നമുക്ക് മന സ്സിലാക്കാവുന്നതേയുള്ളു ഈ മനുഷ്യബോധം എന്നു പറഞ്ഞാൽ എന്താ ണെന്ന്. ആറാമത്തേത്, വ്യക്തികൾ എന്ന നിലയിൽ നാം പരസ്പരം വ്യതിരിക്തരാണ്, വ്യത്യസ്തരാണ്, മാറി നില്ക്കുന്നവരാണ് എന്നുള്ള താണ്. Independant of each other, we are individuals. ഏഴാമത്, നാം ലോകത്തെ ദർശിക്കുന്ന പ്രക്രിയ സ്വയചലിതമാണ്. നമ്മുടെ ജ്ഞാന പ്രക്രിയ സ്വയചലിതമാണ്. അതായത് സബ്ജക്ടും ഓബ്ജക്ടും തമ്മിൽ അടുത്തു വരുമ്പോൾ ഓട്ടോമാറ്റിക്കലി നോളഡ്ജ് ഹാപ്പൻസ്. ഈ വിജ്ഞാനം വസ്തുവിനെ അത് ഉള്ളതുപോലെ കാണിക്കുന്നൊന്നുമില്ല. അതായത് Knowing process is not a creative process is an automatic process. അതിൽ സബ്ജക്ടും ഓബ്ജക്ടും കൂടി ഒരുമിച്ച് വരുമ്പോൾ Subject gets a acurate picture of object. ഇത് നമ്മുടെ ഇപ്പോഴത്തെ സംസ്ക്കാരത്തിന്റെ അബദ്ധജഡിലമായ ചിന്തകളിൽ ഒന്നാണ്. എട്ടാമ ത്തേത്, പേഴ്സണാലിറ്റി, ഈഗോ, ബോഡി ഇത്രയും ഒരുമിച്ചു കൂടി

യാൽ മനുഷ്യൻ എന്ന പ്രതിഭാസമാകും എന്നാണ് നമ്മുടെ ചിന്ത. നമുക്ക് അസ്ഥി മാംസങ്ങളുള്ള ഒരു പഞ്ചരം. ആ പഞ്ചരത്തിന്റെ അകത്ത് കുറെ ബോധങ്ങളും കുറെ ചിന്തകളും അടങ്ങിയിരിക്കുന്നു എന്നുള്ള ഒരു ചിന്ത. സമയം എന്നു പറയുന്നത് ഒരു absolute (നിരപേക്ഷം) ആണ്. അതിന്റെ തടവുകാരാണ് നമ്മൾ. അതിൽ നിന്ന് ഒരാൾക്കും രക്ഷപ്പെടുവാൻ സാദ്ധ്യ മല്ല എന്നുള്ളതാണ് ഒമ്പതാമത്തെ അബദ്ധവിശ്വാസം. പത്താമത്തേത്, Suffering. ദുഃഖവും ദുരിതവും ഈ ജീവിതത്തിന്റെ ഒരു അവിഭാജ്യഘട കമാണ്. അത് യാഥാർത്ഥ്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് നമുക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. രോഗം വരുന്നു, രോഗത്തിന്റെ പിറകെ മരണം വരുന്നു. ഇതെല്ലാം നോർമൽ ആണ്. അബ്നോർമൽ ആയിട്ട് ഒന്നുമില്ല.

ഈ പത്ത് ആശയങ്ങളെ ദീപക് ചോപ്രാ എടുത്തു കാണിച്ചിട്ട് ഈ ആശയങ്ങൾ ഉള്ളിടത്തോളം കാലം നമുക്കിതുപോലെയുള്ള രോഗങ്ങൾ ഒക്കെ ഉണ്ടായിക്കൊണ്ടിരിക്കും എന്നാണ് പറയുന്നത്. ഈ പത്ത് ആശ യങ്ങളും പാശ്ചാത്യപ്രബുദ്ധതയുടെ ഭാഗങ്ങളാണ്. ഞാൻ പാശ്ചാത്യ പ്രബുദ്ധത എന്നു പറയുന്ന ആ യാഥാർത്ഥ്യത്തിന്റെ ഭാഗങ്ങളാണ്.

### എന്താണീ പാശ്ചാത്യ പ്രബുദ്ധത?

പ്രബുദ്ധത എന്നത് ഇന്ത്യൻ വാക്കാണ്. 'ബുദ്ധ' എന്നാൽ Enlightened അഥവാ പ്രബുദ്ധൻ എന്നാണ് അർത്ഥം. സംബോധി ഉണ്ടായവൻ, അന്തർദ്ദീപനമുണ്ടായവൻ എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ബുദ്ധമതത്തിലെ ഒരു പ്രധാന ആശയമാണ് അന്തർദ്ദീപനം എന്നു പറ യുന്നത്. സകല പ്രശ്നങ്ങളെയും പരിഹരിക്കുന്നത് ഈ അന്തർദ്ദീപന മുണ്ടാകുമ്പോഴാണ്; സംയഗ് സംബോധി ഉണ്ടാകുമ്പോഴാണ്. സംബോധി എന്നു പറഞ്ഞാൽ 'നല്ല ബോധം." സംയഗ് എന്നു പറ ഞ്ഞാൽ 'ചേരുന്നത്.' നന്നായി ചേരുന്നത്, നല്ലതുപോലെ യുക്തമായി ചേരുന്ന ഒരു നല്ല ബോധം. അതിനാണ് നമ്മൾ ഇവിടെ എൻലൈ റ്റൻമെന്റ് എന്ന പേരു കൊടുത്തത്. ബുദ്ധൻ തന്നെ കൊടുത്ത പേരാണ്. ബുദ്ധ എന്ന പദത്തിന്റെ അർത്ഥമതാണ്. ബോധി എന്നു പറയുന്നതി ന്റെയും അർത്ഥം എൻലൈറ്റൻമെന്റ് എന്നാണ്.

പാശ്ചാത്യബോധി എന്നു പറയാതെ പാശ്ചാത്യ പ്രബുദ്ധത എന്നു ഞാൻ വിശേഷിപ്പിക്കുന്നത് ഇതൊരു പ്രത്യേക സാഹചര്യത്തിൽ യൂറോ പ്പിൽ ഉണ്ടായ ഒരു പ്രത്യേക കാര്യമാണ് എന്നതുകൊണ്ടാണ്.

എന്റെ പുസ്തകത്തിൽ ഞാൻ പാശ്ചാത്യ പ്രബുദ്ധതയ്ക്ക് ഒരു നിർവ ചനം കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത്, "18-ാം ശതാബ്ദത്തിന്റെ

മദ്ധ്യത്തോടുകൂടെ യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും പിന്നീട് അമേരിക്കയിലും പടർന്നു പിടിച്ച ആദ്ധ്യാത്മികവും ബോധപരവുമായ ഒരു സാംക്രമിക രോഗമാണ് യൂറോപ്യൻ എൻലൈറ്റൻമെന്റ്" എന്നാണ്. കാരണം ഇതൊരു പടർന്നുപിടിക്കുന്ന രോഗം പോലെയായിരുന്നു. പെട്ടെന്ന് ഇത് പൊട്ടിപ്പുറപ്പെട്ടു.

*(കോട്ടയം സോഫിയാ സെന്ററിൽ നടത്തിയ ഒരു പ്രഭാഷണത്തിന്റെ തുടക്കം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*



# 8

# ശ്രീ. കെ. പി. എസ്. മേനോന് ആദരാഞ്ജലി

നയതന്ത്രവിദഗ്ദ്ധൻ, പ്രാസംഗികൻ, എഴുത്തുകാരൻ, സുഹൃത്ത്, തത്വ ചിന്തകൻ, മനുഷ്യരാശിയെ സ്നേഹിക്കുന്നയാൾ – എന്നിങ്ങനെ അനേകം ഭാഗങ്ങളുള്ള ഒരു മനുഷ്യനായിരുന്നു കെ. പി. എസ്. മേനോൻ.

അധികംപേരും അദ്ദേഹത്തെ അറിയുക ഒരു പ്രാസംഗികൻ എന്ന നിലയിലാണ് – അദ്ദേഹത്തിന്റെ ഗദ്യശൈലി മനോഹരവും, അദ്ദേഹം പറയുന്നതെന്തോ അതു വാചാലവുമായിരുന്നു. അദ്ദേഹത്തിന്റെ തന തായ അന്തസ്സ് ആ വാക്കുകളിലൂടെ വെട്ടിത്തിളങ്ങുമായിരുന്നു; വ്യക്ത തയും ലാളിത്യവും ചേർന്ന് അഴകു വഴിഞ്ഞൊഴുകുന്നതും, യാതൊരു പകയും കൂടാതെ തന്റെ വാക്ചാതുര്യവും വിനീതമായ പെരുമാറ്റവും പ്രകടമാക്കുന്നതുമായിരിക്കും ആ വാക്കുകൾ; എല്ലാ മനുഷ്യജീവിക ളോടും സ്നേഹം നിറഞ്ഞതും ആരോടും വിദ്വേഷമില്ലാത്തതുമായിരിക്കും ആ വാക്കുകൾ.

ഗംഭീരോജ്ജ്വലനായ ഒരു നയതന്ത്ര പ്രതിനിധിയായിരുന്നു അദ്ദേഹം – സൗമ്യനും സരസനും മനുഷ്യസ്നേഹിയും; എന്നാൽ ആർക്കും അദ്ദേ ഹത്തെ പറ്റിക്കാൻ കഴിയുമായിരുന്നില്ല. താൻ പോയിടങ്ങളിലെല്ലാം അദ്ദേഹം, താൻ ആരുടെ സമർഹനായ പ്രതിനിധിയായിരുന്നുവോ, ആ ഇന്ത്യൻ ജനങ്ങളുടെ അന്തസ്സും ആഭിജാത്യവും അറിയിച്ചുകൊടുത്തു. ദൃഢതയെ ആകർഷകത്വവുമായും, നർമ്മബോധത്തെ കാര്യമാത്രപ്രസ ക്തയുമായും, ഉപചാരത്തെ അന്തസ്സുമായും കൂട്ടിയിണക്കിയിരുന്നു അദ്ദേഹം.

കെ. പി. എസ്സുമായുള്ള എന്റെ കൂട്ടുകെട്ട് മുഖ്യമായും ഇന്ത്യാ – സോവിയറ്റു സാംസ്കാരിക സംഘത്തിന്റെ പ്രവർത്തനത്തിലായിരുന്നു. അങ്ങനെ ഞാൻ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ആ പ്രഗത്ഭയായ സഹനയതന്ത്ര പ്രതിനിധി അനുജിയേയും (ശ്രീമതി കെ. പി. എസ്. മേനോൻ) പ്രിയപ്പെട്ട വ്യക്തിഗത സുഹൃത്തുക്കളെന്ന നിലയിൽ അടു ത്തറിയാനിടയായി.

ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ ഭദ്രതയെ സംബന്ധിച്ചിട ത്തോളം മാത്രമല്ല, പ്രത്യുത, മനുഷ്യരാശിയുടെയാകെ ഭാവിക്ഷേമത്തെ

സംബന്ധിച്ചിടത്തോളവും, സോവിയറ്റു യൂണിയനിലെ ജനതകളുമായുള്ള നമ്മുടെ സൗഹൃദത്തിന്റെ അർത്ഥപ്രാധാന്യം കെ. പി. എസ്. ഗ്രഹിച്ചിരുന്നു. വേറെയും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുണ്ട് – ഒന്ന് വളരെയേറെ ജനസംഖ്യയുള്ളതും, മറ്റുള്ളവ താരതമ്യേന കുറച്ചുമാത്രം ജനസംഖ്യയുള്ളവയും. എന്നാൽ, ലോകത്തിലെ ജനതകളുടെ താൽപര്യങ്ങളെ കാത്തുരക്ഷിക്കുന്ന കരുത്തുറ്റ ഒരു രാഷ്ട്രമെന്ന നിലയിലും, സോഷ്യലിസത്തിന്റെ അജയ്യമായ ഒരു നെടുംകോട്ട എന്ന നിലയിലും എല്ലായിടത്തും പുരോഗമനപരമായ ആശയങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പുരസ്കർത്താവെന്ന നിലയിലും മറ്റൊരു രാഷ്ട്രത്തിനും സ്വയം പടുത്തുയർത്താൻ കഴിഞ്ഞിട്ടില്ല. ബ്രിട്ടനുമായോ അമേരിക്കയുമായോ ഉള്ള സൗഹൃദങ്ങളിൽ നിന്നും വ്യത്യസ്തമായി, സോവിയറ്റു യൂണിയനുമായുള്ള സൗഹൃദം, സോഷ്യലിസത്തോടുള്ള പ്രതിബദ്ധതയും, നമ്മുടെ നാട്ടിലേയും എല്ലാ നാടുകളിലേയും ജനങ്ങളുടെ താൽപര്യങ്ങളോടുള്ള താദാത്മ്യവും വിവക്ഷിക്കുന്നുണ്ട്. ഇന്ത്യൻ-സോവിയറ്റു ജനതകൾ തമ്മിലുള്ള ഈ സൗഹൃദത്തെ, സമസ്ത മനുഷ്യരാശിക്കും വേണ്ടി സമാധാനപൂർണ്ണവും സമ്പൽസമൃദ്ധവുമായ ഒരു ഭാവി പടുത്തുയർത്തുന്നതിനുവേണ്ട സുദൃഢമായ ഒരടിത്തറയായി കെ. പി. എസ്. കണ്ടു.

അത്തരത്തിലുള്ള ഒരു മനുഷ്യന്റെ – സുഹൃത്തും തത്വചിന്തകനും മനുഷ്യരാശിയെ സ്നേഹിക്കുന്ന ആളുമായ ഒരു മനുഷ്യന്റെ – സ്മരണയ്ക്കു ഞാൻ എന്റെ എളിയ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

(1984)

## 9

# ഭഗവദ്ഗീതയും ഭീകരമനുഷ്യനും

ഭഗവദ്ഗീതയെപ്പോലെ അത്യുദാത്തമായ ഒരു ആദ്ധ്യാത്മിക ഗ്രന്ഥ ത്തിന് രൂപംകൊടുത്ത ഈ മണ്ണിൽ പരസ്പരം ഭീഷണിപ്പെടുത്തുകയും മനുഷ്യനെ മനസ്സാക്ഷിയില്ലാതെ കൊല്ലുകയും ചെയ്യുന്ന ഭീകര പ്രവർത്ത നങ്ങൾ എങ്ങനെ ഉടലെടുക്കുന്നു.

ധർമ്മയുദ്ധത്തിന്റെ പേരിൽ കുരുക്ഷേത്രം വീണ്ടും സൃഷ്ടിക്കുന്ന മതഭ്രാന്തിനെ ആദ്ധ്യാത്മികമായി നേരിട്ടു വെല്ലുവാൻ കഴിയുന്ന മറ്റൊരു ആദ്ധ്യാത്മികത നമ്മുടെ നാട്ടിലിന്ന് ഉരുത്തിരിയാത്തതെന്തുകൊണ്ട്.

സ്വജനങ്ങളെ വധിച്ച് ഖൽസയുടെയൊ, ഇസ്ലാമിന്റേയോ സനാതന ധർമ്മത്തിന്റേയോ ക്രൈസ്തവ ധർമ്മത്തിന്റെയോ അന്തസ്സു പാലിക്കേ ണ്ടുന്ന ആവശ്യം ഭാരതീയർക്കുണ്ടോ.


ധർമ്മക്ഷേത്ര, കുരുക്ഷേത്ര മുളവടിയുമായി മുന്നോട്ടിറങ്ങുന്ന മുറി ക്കാൽ കുപ്പായക്കാർ ഏതു ശത്രുവിനോടുള്ള ധർമ്മയുദ്ധത്തിനാണ് തയ്യാർ എടുക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്.

സഞ്ജയൻ തന്റെ സാരഥിയോട് ധർമ്മക്ഷേത്ര കുരുക്ഷേത്രേ ചോദിച്ച ചോദ്യത്തിന് ഇന്നും ജനാർദ്ദനന്റെ മറുപടി അന്നു നല്കിയതു തന്നെയോ? “സ്വന്ത ബന്ധുക്കളായ ധൃതരാഷ്ട്ര പുത്രന്മാരെ കൊന്നൊ ടുക്കി സുഖിക്കാൻ ഞങ്ങൾക്കെങ്ങനെ സാധിക്കും മാധവാ” എന്ന ചോദ്യ ത്തിന് ശ്രീഭഗവാന്റെ തിരുവരുൾ, അന്നത്തെപ്പോലെ ഇന്നും. ഈ സംശയം ഒരു അനാര്യമായ കശ്മല വിഭ്രമം മാത്രമാണെന്നോ? ദേഹം അന്തമുള്ളതും ആത്മൻ അനന്തവുമായതുകൊണ്ട് ദേഹനാശം നിസം ശയം ചെയ്തുകൊള്ളൂ, ഭാരത എന്നാണോ ഇന്നും ഭാരതീയരോട് ഭഗ വാൻ അരുൾ ചെയ്യുന്നത്? ഹതനായാൽ സ്വർഗ്ഗം പ്രാപിക്കും. ജിതനെ ങ്കിൽ ലോകം ഭരിക്കും, അതുകൊണ്ട് കുന്തിപുത്രാ യുദ്ധസന്നദ്ധനായി എഴുന്നേല്ക്കു എന്നതാണോ ഇന്നും ഭാരതത്തിന് ഗീത നല്കുന്ന സന്ദേശം?

അധർമ്മത്തിനെതിരെയുള്ള സാക്ഷാൽ ധർമ്മ യുദ്ധത്തിന് ഹൈന്ദ വരും, ക്രൈസ്തവരും, മുസ്ലീങ്ങളും മതവിരോധികളും ഒരുമിച്ച് നിന്ന് പടയാടേണ്ടുന്ന കാലമല്ലേ ഇത്? കൈക്കൂലിയും പൊതുധനമോഷണവും ചൂഷണവും ഏഷണിയും വഞ്ചനയും വ്യാജവും വർഗ്ഗീയതയും ലജ്ജ യില്ലാതെ നടമാടുന്ന ഈ നാട്ടിൽ സർവ്വമതങ്ങളുമൊന്നൊരുമിച്ച് ഇവ യ്ക്കെതിരെ ധർമ്മയുദ്ധത്തിനിറങ്ങുകയല്ലേ ഇന്നാവശ്യം.

ഗീതായജ്ഞവും, കൊറാൻ പഠനവും ക്രൈസ്തവ വേദാഭ്യസനവും ഒരുമിച്ച് നടത്തുന്ന വേദികൾ സൃഷ്ടിക്കുകയല്ലേ നമുക്കിന്നാവശ്യം? പ്രബുദ്ധ കേരളമല്ലേ മഹാത്മജി കാണിച്ചുതന്ന സർവ്വധർമ്മ നിരതയുടെ പാതയിലേക്ക് ഭാരതത്തിന് വഴികാണിച്ചു കൊടുക്കേണ്ടത്? സംയുക്ത ധർമ്മാഭ്യസനത്തിനും രാഷ്ട്രീയത്തിലും സാമ്പത്തിക വ്യവസ്ഥിതിയിലും വ്യക്തിജീവിതത്തിലും നാശം വിതയ്ക്കുന്ന അസാന്മാർഗ്ഗികതയ്ക്കെതിരായുള്ള ധർമ്മയുദ്ധത്തിലും മതനേതാക്കളായ നമുക്ക് സഹകരിച്ചുകൂടെ. ഭഗവദ്ഗീതയുടെയും വിശുദ്ധ കൊറാന്റെയും, ക്രൈസ്തവ വേദത്തിന്റെയും ഒരുമിച്ചുള്ള ധാർമ്മികശക്തി കൊണ്ട് ഭീകരതയേയും വർഗ്ഗീയതയേയും മനുഷ്യ മനസ്സിൽ നിന്ന് ഉന്മൂലനം ചെയ്യാനുള്ള ഒരു സംയുക്ത സംരംഭത്തിന് ഇപ്പോൾ നടക്കുന്ന ഗീതായജ്ഞം വഴിതെളിക്കട്ടെ.





# ഭാഗം 7

# അഭിമുഖം

1

# ക്രിസ്ത്യാനികൾ ക്രിസ്തുവിൽ നിന്ന് അകലുന്നു

❑ ക്രിസ്തുവിന്റെ ആദർശങ്ങൾ സമൂഹമദ്ധ്യേ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ക്രൈസ്തവ സഭകൾക്ക് എന്ത് പങ്കു വഹിക്കാൻ കഴിയുന്നുണ്ട്?

♦ ക്രൈസ്തവസഭയുടെ ഇന്നത്തെ സാഹചര്യങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ ഞാൻ ചിലപ്പോൾ പറയാറുള്ള ഒരു കാര്യമാണ്, മറ്റ് ഏതെങ്കിലും ഒരു സംഘടന ഇത്രയധികം തെറ്റുകൾ ചെയ്തിട്ടുണ്ട് എങ്കിൽ പണ്ടേ ഇല്ലാതായി പോകുമായിരുന്നു എന്നുള്ളത്. 2000 വർഷമായിട്ടും ഈ സഭ നിലനിൽക്കുന്നുവെന്നുള്ളത് അതിന്റെ മിടുക്കല്ല, ദൈവം ആ സഭയെ കാത്തുസംരക്ഷിക്കുന്നു എന്നു മാത്രമേ അതിനർത്ഥമുള്ളു എന്ന് ഞാൻ പലപ്പോഴും പറയാറുണ്ട്. അത് മറ്റു മതങ്ങൾക്കും പറയാൻ സാധിക്കും. അവരുമൊക്കെ വളരെയധികം അബദ്ധങ്ങൾ ചെയ്തിട്ടും അവ ഇന്നും നിലനിൽക്കുന്നുവെന്നുള്ളത് ഒരു അത്ഭുതം തന്നെയാണ്. ക്രൈസ്തവസഭയെ സംബന്ധിച്ച് പൊതുവായിട്ട് എന്തെങ്കിലുമൊന്ന് പറയുവാൻ പ്രയാസമുണ്ട്. സഭയ്ക്കകത്ത് പല വിഭാഗങ്ങൾ ഉണ്ട്. ഓരോ വിഭാഗങ്ങൾക്കകത്തും വേറെ പല ഗ്രൂപ്പുകൾ ഉണ്ട്. അവയുടെയെല്ലാം പ്രവർത്തനങ്ങൾക്ക് വ്യത്യാസങ്ങൾ ഉണ്ട്. ക്രിസ്തീയ സഭയെപ്പറ്റി പറയുകയാണെങ്കിൽ, എപ്പോഴും എടുത്തുകാണിക്കാവുന്നത് മദർ തെരേസയെപ്പോലെ ഒരാൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട് എന്നുള്ളതാണ്. എന്നാൽ അതേസമയത്ത് ക്രിസ്തുവിന്റെ ശിഷ്യന്മാരേക്കാൾ കൂടുതലായിട്ട് ക്രിസ്തുവിന്റെ സന്ദേശം ജീവിതത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ളത് മഹാത്മാഗാന്ധിയെപ്പോലുള്ളവരാണ് എന്നത് ഞങ്ങൾ സമ്മതിക്കുന്ന കാര്യമാണ്. അതുകൊണ്ട് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിനെ അനുസരിക്കുന്നതിൽ ആഴമായ വൈകല്യങ്ങളും പരാജയങ്ങളും വന്നിട്ടുണ്ട്; ഇപ്പോഴും വരുന്നുണ്ട് എന്നുള്ളത് എനിക്ക് പൂർണ്ണ ബോധ്യമാണ്. മതനേതാക്കന്മാർ മതസ്ഥാപകരിൽ നിന്നും വളരെ അകന്നുപോയിരിക്കുന്നു എന്നുള്ളത് ഒരു ദാരുണമായ യാഥാർത്ഥ്യമാണ്.

അത് ഹൈന്ദവ ധർമ്മത്തിലായാലും ബുദ്ധമതത്തിലായാലും ഇസ്ലാമിലായാലുമൊക്കെ സ്ഥാപകതത്വങ്ങളിൽ നിന്ന് വേർപെട്ട് ഈ ലോകത്തിന്റെ അധികാരവും ശക്തിയും പണവുമൊക്കെ കാംക്ഷിക്കുന്ന നേതാ

ക്കന്മാർ ഉണ്ടാകുമ്പോഴാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. സാധാരണജനങ്ങളെ എടുക്കുമ്പോൾ എല്ലാ മതങ്ങളിലും അവർ കൂടുതൽ ആത്മാർത്ഥതയോടുകൂടെ ആ സ്ഥാപകന്റെ തത്വങ്ങൾ അനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കുന്നുണ്ട്.

കഴിഞ്ഞ ഒരു ദിവസം നിത്യചൈതന്യ യതിയുമായിട്ട് മദ്രാസിൽ വെച്ച് സംഭാഷണം നടത്തുന്ന സമയത്ത് അദ്ദേഹം പറഞ്ഞു, “ഞാനീയിടെ ഒരു വേദപുസ്തകം കണ്ടു. ആ വേദപുസ്തകത്തിൽ യേശു സംസാരിച്ച വചനങ്ങൾ എല്ലാം ചുമന്ന മഷിയിലാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. അപ്പോൾ ഞാൻ ആലോചിച്ചു, ആ ചുമന്ന മഷിയിൽ പ്രിന്റ് ചെയ്തിട്ടുള്ളത് മാത്രം എടുത്ത് ഒരു പുസ്തകമാക്കിയാൽ എത്രയോ ഗംഭീരമാകുമായിരുന്നു എന്ന്.” അതിന് മറുപടിയായിട്ട് ഞാൻ പറഞ്ഞു, “ഞങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്തു പറഞ്ഞതു മാത്രമല്ല, ക്രിസ്തു പ്രവർത്തിച്ചതും അതുപോലെ പ്രാധാന്യമുള്ളതാണ്. ആ പ്രവർത്തിച്ചതെല്ലാം കറുത്ത മഷിയിലാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ക്രിസ്തുവിന്റെ വചനങ്ങളെ മാത്രം കേട്ട് ക്രിസ്തുവിന്റെ ഉപദേശം ഇന്നതാണെന്നു മാത്രം പറയുന്ന ഒരു രീതി ശരിയാവുകയില്ല.” ക്രിസ്തുമതം എന്നാൽ എന്താണ് എന്നുള്ളതിന് ക്രിസ്തുമതത്തിനു പുറത്തുള്ളവർ കൊടുക്കുന്ന സമാധാനം ക്രിസ്തുവിന്റെ ഉപദേശങ്ങളെ സംബന്ധിച്ചു മാത്രമാണ്. എന്നാൽ ക്രിസ്തുമതത്തിന് അകത്തുള്ളവർ ക്രിസ്തുമതത്തെക്കുറിച്ച് പറയുന്നത് അതിൽനിന്നു വ്യത്യസ്തമാണ്. ക്രിസ്തുവിന്റെ ജീവിതംകൊണ്ട് ക്രിസ്തു എന്താണ് ചെയ്തത് എന്നുള്ളത്, ക്രിസ്തുവിന്റെ ഉപദേശംപോലെ തന്നെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ട് ക്രിസ്തു ആരാണെന്നുള്ളതിനെക്കുറിച്ചുള്ള ഒരു ബോധ്യം ക്രിസ്തുമതത്തിന്റെ ഒരു പ്രധാന ഭാഗമായിട്ട് ക്രിസ്ത്യാനികൾ കരുതുന്നുണ്ട്. എന്നാൽ ക്രിസ്തുവിന്റെ ആദർശങ്ങളെ പ്രാവർത്തികമാക്കുക എന്നു പറയുന്ന കാര്യത്തിൽ ക്രിസ്ത്യാനികൾ പൊതുവെ പരാജയപ്പെട്ടു എന്നുള്ളതിന് യാതൊരു സംശയവും ഇല്ല.

❑ തിരുമേനി ഇപ്പോൾ പറഞ്ഞതിൽ നിന്നു തന്നെ പ്രശ്നം നമുക്ക് കൂടുതൽ വെളിവാകുകയാണ് ചെയ്യുന്നത്. അതായത് ക്രിസ്തുവിന്റെ ജീവിതത്തെ അവഗണിച്ചുകൊണ്ട് ക്രിസ്തുവിന്റെ വാക്കുകളിൽ മാത്രം പരിമിതപ്പെട്ടു ക്രിസ്തുവിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിൽ അപകടമുണ്ട്. ഇന്നത്തെ ലോകം നേരിടുന്ന പ്രതിസന്ധിയും ഇതാണ്. ക്രൈസ്തവസഭകളുൾക്കൊള്ളുന്ന സന്ദേശം വളരെ വിലപ്പെട്ടതാണ്. പക്ഷേ, ക്രൈസ്തവസഭകളുടെ പ്രവർത്തനങ്ങൾ പലപ്പോഴും ക്രിസ്തു അനുഭവത്തിന് സുവിശേഷപരമായി അനുഭവപ്പെടുന്നില്ല. ഇതുതന്നെയാണ് പ്രതിസന്ധി എന്ന് എനിക്ക് തോന്നുന്നു.

♦ അവർ പറയുന്നതും അവരുടെ ജീവിതവും തമ്മിൽ ഒരു താരതമ്യം കാണുന്നില്ല എന്ന് നമ്മുടെ മുൻ പ്രസിഡണ്ടായിരുന്ന ശ്രീ. രാധാകൃഷ്ണൻ വളരെ വ്യക്തമായിട്ട് ചുരുക്കിപ്പറഞ്ഞു: 'Christians are ordinary people making extraordinary claims.' ഇതാണ് നമ്മുടെ പ്രധാനമായ പരാജയം. ക്രിസ്ത്യാനികൾ പ്രസംഗിക്കുന്നതിൽ വളരെയധികം പ്രമുഖന്മാരാണ്. ഇവാഞ്ചലിക്കൽ, മിഷൻ എന്നൊക്കെ പറഞ്ഞ്, സുവിശേഷം പ്രഖ്യാപിച്ചുകൊണ്ട് നടക്കുന്നുണ്ടെങ്കിലും സുവിശേഷത്തിൽ ജീവിക്കുന്ന കാര്യത്തിൽ പരാജയം വരുന്നുവെന്നുള്ളതാണ് എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു കാര്യം. അതുകൊണ്ട് പരസ്യം കുറച്ച് കുറച്ചിട്ട് ക്വാളിറ്റി, നന്നാക്കിയാൽ കുറച്ചുകൂടി ഭേദമായിരിക്കും എന്നുള്ള ഒരു അഭിപ്രായമാണ് എനിക്കുള്ളത്.

ക്രിസ്ത്യാനികൾ ക്രിസ്തീയജീവിതം അവർ മനസ്സിലാക്കിയിട്ടുള്ളതുപോലെ ജീവിക്കുകയാണെങ്കിൽ അതെപ്പറ്റി പിന്നീട് പ്രൊപ്പഗാണ്ട ഉണ്ടാക്കേണ്ടി വരികയില്ല. മനുഷ്യർ അത് നല്ലതാണെങ്കിൽ അടുത്തുവരും, അല്ലെങ്കിൽ അതിനെ തള്ളും എന്നുള്ളതാണ് പരമാർത്ഥം. പക്ഷേ നമ്മൾ കാണാതെ, പബ്ലിസിറ്റി കൂടാതെ, ക്രിസ്തുവിനെ അനുകരിച്ച് ത്യാഗപൂർവ്വമായ സേവനം അനുഷ്ഠിക്കുന്ന ക്രിസ്ത്യാനികൾ എല്ലായിടത്തുമുണ്ട്. ഇന്ത്യയിലുമുണ്ട്, മറ്റ് രാജ്യങ്ങളിലുമുണ്ട്. ക്രിസ്തീയ സമൂഹത്തെക്കുറിച്ച് പൊതുവെ പറയുമ്പോൾ, വലുതായിട്ടൊന്നും കാണാനില്ല എന്നുള്ള കാര്യം പരമാർത്ഥമാണ്.

❑ ക്രൈസ്തവസഭകളിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടാകാറുള്ള പരിവർത്തന സംരംഭങ്ങളെക്കുറിച്ച് തിരുമേനി പറഞ്ഞത് നന്നായി. പക്ഷേ, പൊതുവെ നോക്കുമ്പോൾ ഇത്തരം പരിവർത്തനങ്ങൾ വരുത്തിയത് ആരാണ്? മദർ തെരേസ അടക്കമുള്ള ഒറ്റപ്പെട്ട വ്യക്തികൾ സാഹസികമായി പ്രവർത്തിച്ചപ്പോഴാണ് ക്രൈസ്തവസഭകളിൽ പരിവർത്തന തരംഗങ്ങൾ ഉണ്ടായത്. ഫാ. ഡാമിയൻ, അസ്സീസി... എല്ലാം ഈ ഗണത്തിൽ പെട്ടവരാണ്. ക്രൈസ്തവമായ ഭാഷയിൽ പറഞ്ഞാൽ പ്രവാചകത്വത്തോടുകൂടി പെരുമാറിയവരാണ്. ക്രിസ്തു, യഹൂദചരിത്രത്തിൽ എങ്ങനെ പ്രവാചകനായി പ്രവർത്തിച്ചുവോ അതുപോലെ ഒരുതരം കലാപത്തിലൂടെ അവർ വ്യതിയാനം വരുത്തുകയല്ലേ ചെയ്തത്?

♦ അധികാരത്തിനും നേതൃത്വത്തിനുമുള്ള വടംവലി എല്ലാ വ്യവസ്ഥാപിത മതങ്ങളിലും ഉണ്ട്. ക്രിസ്തു വരുന്ന സമയത്ത് അന്നത്തെ യഹൂദ മതത്തിലെ പ്രധാന പ്രശ്നം ഇതു തന്നെയായിരുന്നു. അതുകൊണ്ടാണ് മനുഷ്യപുത്രൻ സേവിക്കപ്പെടുവാനല്ല, സേവിക്കുവാൻ വേണ്ടിയാണ് വന്നിട്ടുള്ളതെന്നുള്ള തത്വം ക്രിസ്തു പഠിപ്പിച്ചത്. എന്നാൽ ഇന്നത്തെ കാലത്ത് ഈ പ്രവാചകത്വം തന്നെ കാണിക്കുന്ന ആളുകളെ

വളരെ ചുരുക്കമായിട്ടേ കാണാൻ സാധിക്കുന്നുള്ളു എന്നുള്ളത് വളരെ ദാരുണമായ ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തുവിന്റെ ദൗത്യം തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ വേണ്ടി ജീവിതത്തെ ബലിയായി അർപ്പിക്കുന്ന ആളുകൾ ഉണ്ടെങ്കിൽ അവർ പലരും പബ്ലിസിറ്റി കാംക്ഷിക്കുന്നവരല്ല. അവർ ശാന്തമായിട്ട് ഒരു മൂലയിൽ, അവർക്ക് അറിയാവുന്നതുപോലെ ദൈവഹിതം അനുവർത്തിച്ചുകൊണ്ട് ജീവിക്കുന്നവരാണ്. അങ്ങനെ ഒരുപാട് ആളുകളുണ്ട് സഭയിൽ എന്നുള്ളത് ഒരു പരമാർത്ഥമാണ്.

❑ പാശ്ചാത്യ, പൗരസ്ത്യ ചിന്തകൾ താരതമ്യപ്പെടുത്തി കാര്യങ്ങളെ വിലയിരുത്തുന്ന ഒരു സമീപനമാണ് തിരുമേനിയുടെ പുസ്തകങ്ങളിലൊക്കെ കാണാൻ കഴിയുന്നത്. അതുകൊണ്ട് ചോദിക്കുകയാണ്, ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ക്രൈസ്തവസഭകളുടെ പ്രശ്നത്തിലും പാശ്ചാത്യ സമീപനത്തിലും പൗരസ്ത്യ സമീപനത്തിലും തമ്മിൽ സാരമായ അന്തരം ഇല്ലേ?

♦ ഉണ്ട്. തീർച്ചയായിട്ടും. പാശ്ചാത്യ സമീപനത്തിൽ ഈയടുത്ത കാലത്ത് നമ്മൾ കാണുന്ന ഒരു സംഗതി, എല്ലാവരെയും ക്രിസ്ത്യാനികളാക്കാനുള്ള ഒരു ശ്രമമാണ്. എല്ലാവരും വിശ്വസിച്ച് ക്രിസ്ത്യാനികളായിത്തീർന്നാൽ അതോടുകൂടി ലോകത്തിന്റെ പ്രശ്നം തീർന്നു എന്നുള്ള ചിന്ത. അതല്ല പൗരസ്ത്യ സമീപനത്തിൽ. ചെറിയ ഒരു ഗ്രൂപ്പ് ആയിരുന്നാലും അവരിൽ ആത്മാർത്ഥമായ ക്രിസ്തീയ ജീവിതം കാണുക എന്നുള്ളതാണ് കുറെക്കൂടെ പ്രാധാന്യമുള്ളത് എന്നാണ് അവരുടെ ചിന്ത. രണ്ടാമത്, പാശ്ചാത്യർക്ക് സോഷ്യൽ ആക്ഷനിലാണ് വളരെയധികം വിശ്വാസമുള്ളത്. പൗരസ്ത്യർക്ക് ആരാധനാജീവിതമാണ് പ്രധാനം. എല്ലാവരുംകൂടി ദൈവത്തെ ഹൃദയപൂർവ്വം ആരാധിക്കുക. സമൂഹത്തിന് (ക്രിസ്തീയ സഭയിൽ മാത്രമല്ല) പരിവർത്തനം ഉണ്ടാവുന്നത് യഥാർത്ഥമായ ആരാധനയിൽ കൂടിയാണ് എന്നുള്ള പൗരസ്ത്യചിന്ത പാശ്ചാത്യരിൽ അധികം കാണുന്നില്ല. അവിടെ സോഷ്യൽ ആക്ഷനും മിഷനുമാണ് കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്.

കമ്മ്യൂണിറ്റിയുടെ ലൈഫിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നുണ്ട് പൗരസ്ത്യ ജീവിതത്തിൽ. പാശ്ചാത്യരുടെ ചിന്ത ഓരോ സമയത്തും ഓരോ വിധത്തിലായി മാറിക്കൊണ്ടിരുന്നിട്ടുണ്ട്. അവരുടെ സംസ്കാരം മാറുന്നതനുസരിച്ച് ക്രിസ്ത്യാനിറ്റിയുടെ രൂപവും മാറിക്കൊണ്ടിരിക്കും. ഇന്ന് നിലവിലുള്ള ലിബറൽ ക്രിസ്ത്യാനിറ്റി എന്നു പറയുന്നതിന് ഒരു ഇരുനൂറു വർഷത്തെ പഴക്കമേയുള്ളു. പുതിയ ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പശ്ചാത്തലത്തിൽ അവർ ഉണ്ടാക്കിയിട്ടുള്ള ഒരു

ക്രിസ്ത്യാനിറ്റിയാണത്. അതിൽ വേദശാസ്ത്രത്തിനും ആരാധനയ്ക്കും വലിയ പ്രാധാന്യം കൊടുക്കുന്നില്ല. അതിനു മുമ്പ് അവർക്കും വേദശാസ്ത്രത്തിനും ആരാധനയ്ക്കും പ്രാധാന്യം കൊടുക്കുന്ന രീതി ഉണ്ടായിരുന്നു. ലിബറൽ ക്രിസ്ത്യാനിറ്റിയുടെ പ്രത്യേക സ്വാധീനംകൊണ്ട് അത് നഷ്ടപ്പെട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്.

❑ തിരുമേനി ഇവിടെ സൂചിപ്പിക്കുന്ന പ്രശ്നം കുറച്ച് വിശദീകരണം ആവശ്യമുള്ളതാണെന്ന് തോന്നുന്നു. അതായത്, സമൂഹജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നതും ആ സമൂഹത്തിലൂടെ ജീവിക്കുന്ന ക്രൈസ്തവികത ലക്ഷ്യമാക്കുകയും ചെയ്യുന്ന പൗരസ്ത്യ സമീപനം. ആ പൗരസ്ത്യ സമീപനം ഏറെക്കുറെ പാശ്ചാത്യീകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളത് പൗരസ്ത്യസഭകളുടെ നിർഭാഗ്യം അല്ലേ?

♦ നമ്മുടെ സംസ്കാരം പാശ്ചാത്യവൽക്കരിക്കപ്പെടുമ്പോൾ, സഭയുടെ ജീവിതരീതികൾ, സാമൂഹ്യരീതികൾ, സാമൂഹ്യമൂല്യങ്ങൾ ഒക്കെ പാശ്ചാത്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതായത്, പാശ്ചാത്യ സംസ്കാരത്തിന്റെ 200 വർഷങ്ങളായിട്ടുള്ള പ്രധാനപ്പെട്ട വാല്യൂസ് എന്നു പറയുന്നത് പണമാണ്. അതിലേക്കു നമ്മളും വീണുപോയിരിക്കുന്നതു മൂലം നമ്മുടെ ക്രിസ്തീയതയ്ക്കും വളരെയധികം ബലം കുറഞ്ഞിട്ടുണ്ട് എന്നതിന് യാതൊരു സംശയവുമില്ല. നേരെമറിച്ച് മഹാത്മാഗാന്ധിയെപ്പോലുള്ള ഒരാൾ ക്രിസ്ത്യാനിയായിട്ട് മാമോദീസാ മുങ്ങി സഭയിൽ ചേരാതെതന്നെ ക്രിസ്തുവിന്റെ ജീവിതത്തിലെ പല തത്വങ്ങളും യഥാർത്ഥത്തിൽ അനുഭവിച്ചു എന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. ഗാന്ധി ഒരിക്കലും ഈ പാശ്ചാത്യ സംസ്കാരത്തിന് മുഴുവൻ അടിമയായിത്തീർന്നിട്ടില്ല. അതേപ്പറ്റി അദ്ദേഹം നല്ലതുപോലെ പഠിച്ചിട്ടുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന് സ്വന്തമായ ചില വാല്യൂസ് ഉണ്ടായിരുന്നു.

മറ്റ് മതങ്ങളുടെ ഉത്തമതത്വങ്ങളെ ഒന്നായിട്ട് പിടിച്ച് അതനുസരിച്ച് തന്റെ ജീവിതം കരുപ്പിടിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതുപോലെ ക്രിസ്ത്യാനികൾക്ക് സാധിക്കുന്നില്ല എന്നുള്ളതാണ്. യൂണിവേഴ്സലായിട്ട് എല്ലാ മനുഷ്യരെയും സ്നേഹിക്കുന്ന ഒരു ക്രിസ്ത്യാനിറ്റി ഇവിടെ ഇപ്പോൾ കാണുന്നില്ല. ക്രിസ്തു ക്രിസ്ത്യാനികളുടെ ഒരു മുതൽ (പ്രോപ്പർട്ടി) ആണെന്ന് ചിന്തിക്കുന്നു എന്നുള്ളതാണ് ഇന്നത്തെ വലിയ പരാജയം. നേരെമറിച്ച് ക്രിസ്തു ലോകത്തിനു മുഴുവൻ വേണ്ടി ജീവിച്ചു, മരിച്ചു എന്നുള്ളത് നമ്മൾ ക്രിസ്ത്യാനികൾ മറന്നുപോയിട്ട് ദൈവത്തിനു ക്രിസ്ത്യാനികളെപ്പറ്റി മാത്രമേ ചിന്തയുള്ളു എന്ന വിചാരത്തിൽ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതാണ് ഇവിടെ വലിയ പരാജയം.

❑ പാശ്ചാത്യ, പൗരസ്ത്യ സമീപനങ്ങൾ താരതമ്യപ്പെടുത്തിക്കൊ

ണ്ടുതന്നെ ഒരു കാര്യം കൂടി ചോദിച്ചുകൊള്ളട്ടെ. പാശ്ചാത്യസഭയിൽ രാഷ്ട്രീയത്തിന്റെ തോളിലേറിയാണ് സഭ പെട്ടെന്ന് വളർന്നത്. പൗരസ്ത്യനാടുകളിലെ അനുഭവം വ്യത്യസ്തമാണ്. ഇവിടെ അടിസ്ഥാന സമൂഹങ്ങളായിട്ടാണ്, സമൂഹത്തിന്റെ ജീവിതത്തിലൂടെ പ്രകാശിതമാകുന്ന ക്രൈസ്തവികതയായിട്ടാണ് ക്രൈസ്തവസഭകൾ വളർന്നത്. ചരിത്രത്തിൽ ഉണ്ടായ ദുര്യോഗം കൊണ്ട്, കോളനീകരണത്തിന്റെ ഭാഗമായി മിഷനറിമാർ കടന്നു വരികയും കേരളത്തിലേത് അടക്കമുള്ള ക്രൈസ്തവസഭകളെ പാശ്ചാത്യവൽക്കരിക്കുകയും ചെയ്തു. ഈ പാശ്ചാത്യവൽക്കരണത്തിന്റെ ഫലമായി സാമൂഹ്യജീവിതത്തിൽ നിന്നു വ്യതിചലിച്ച് ക്രൈസ്തവ ജീവിതം ഒരു അധികാരശ്രേണിയായി രൂപാന്തരപ്പെട്ടു എന്ന് ആരോപിച്ചാൽ തിരുമേനിയുടെ പ്രതികരണം എന്തായിരിക്കും?

♦ മതനേതാക്കന്മാർ അവരുടെ മതസംവിധാനത്തെ സംഘടിപ്പിച്ചിരിക്കുന്നത് പൊളിറ്റിക്കൽ ഓർഗനൈസേഷന്റെ സ്വാധീനം കൊണ്ടാണ്. അതായത് ലൗകികമായിട്ടുള്ള സെറ്റപ്പിനെയാണ് അനുകരിച്ചിട്ടുള്ളത്. നേരെമറിച്ച് സ്വയം ബലിയർപ്പിച്ച്, അധികാരമില്ലാതെ, സ്നേഹം കൊണ്ടു മാത്രം നയിക്കുന്ന ഒരു രീതി നമുക്ക് ഏറെക്കുറെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തീരെയില്ലെന്നു ഞാൻ പറയുകയില്ല. ക്രിസ്തു ഒരിക്കലും അധികാരം ഉപയോഗിച്ചില്ല. തന്റെ സ്നേഹംകൊണ്ട് മനുഷ്യരെ പരിവർത്തനം ചെയ്യിച്ചു. അതുപോലെയുള്ള സ്നേഹാധിഷ്ഠിതമായ ഒരു സമീപനം ക്രിസ്ത്യാനികളിൽ നിന്ന് ലോകത്തോടു മുഴുവൻ ഉണ്ടാകണം. ക്രിസ്ത്യാനികൾ തമ്മിൽ തമ്മിൽ സ്നേഹിച്ചാൽ പോരാ, ലോകത്തെ മുഴുവൻ സ്നേഹിക്കുകയും ലോകത്തെ മുഴുവൻ ത്യാഗപൂർവ്വകമായിട്ട് സേവിക്കുകയും ചെയ്യുന്ന ഒരു ക്രിസ്ത്യാനിറ്റി ഉണ്ടാകുമ്പോഴേ അതിന് വിലയുണ്ടാവുകയുള്ളു എന്നാണ് എന്റെ ബോധ്യം.

❑ സഭകളെക്കുറിച്ചും രാഷ്ട്രീയ പാർട്ടികളെക്കുറിച്ചും പറയുമ്പോൾ ഉപയോഗിക്കാവുന്ന ഒരു ഉപമയുണ്ട്. അവരെല്ലാവരും പ്രത്യയശാസ്ത്രം, ആദർശം ഉപയോഗിക്കുന്നത് കുട പോലെയാണ്. കുട മഴ വരുമ്പോൾ ആവശ്യമുണ്ട്. വെയിലുള്ളപ്പോൾ ആവശ്യമുണ്ട്. അല്ലാത്തപ്പോഴെല്ലാം കുട കൊണ്ടുപോയി മൂലയ്ക്കു വെയ്ക്കും. അതുപോലെ ക്രൈസ്തവ സഭകളും രാഷ്ട്രീയപാർട്ടികളും അവരുടെ പ്രത്യയശാസ്ത്രം മറകുടയായി ഉപയോഗിച്ച് മതത്തെ കൈകാര്യം ചെയ്യുന്നു, രാഷ്ട്രീയത്തെ കൈകാര്യം ചെയ്യുന്നു. ആ സ്വാധീനത്തിൽനിന്നു പുറത്തുകടക്കാൻ ഒരു പക്ഷേ ക്രിസ്തു ശ്രമിക്കുന്നുണ്ടാവും. ആ ശ്രമത്തിന് ആക്കം കൂട്ടാൻ അങ്ങ് തന്നെ സൂചിപ്പിച്ചതുപോലെ സഭകൾക്ക് കഴിയുന്നില്ല. വ്യക്തികൾക്ക് എങ്കിലും കഴിയേണ്ടതല്ലേ?

♦ വ്യക്തികൾക്ക് കഴിയേണ്ടതാണ്. അങ്ങനെയുള്ള വ്യക്തിസമൂഹങ്ങൾ അവിടെയും ഇവിടെയുമെല്ലാം ഉള്ളത് ഒരുമിച്ച് പരസ്പരം ഒരു ബന്ധമുണ്ടാകണം. പക്ഷേ, അവരെ സംഘടനയാക്കി കഴിഞ്ഞാൽ പഴയ പ്രശ്നങ്ങളൊക്കെ പിന്നെയും വരും. ലിബറേഷൻ തിയോളജി എന്നോ അത്, ഇത് എന്നൊക്കെ പറഞ്ഞ് ഒരു സംഘടന പോലെ വന്നാൽ കുറെ തത്വങ്ങൾ അവരെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോഴത്തേക്കും അധികാരത്തിന്റെ വടംവലികൾ വരും. പല പ്രയാസങ്ങൾ ഉണ്ടായിത്തീരും. ഇപ്പോഴത്തെ ഈ ചെറിയ ഗ്രൂപ്പ്സ് അതാത് സ്ഥലങ്ങളിൽ അവിടെ അവരുടെ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോയി, അവരെ Individuals എന്നു പറയാൻ പാടില്ല, ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്ന കൂട്ടം എന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. അതിനെ ഓർഗനൈസ്ഡ് ചർച്ച് പലപ്പോഴും ഭയത്തോടുകൂടെ വീക്ഷിക്കുകയും ചിലപ്പോഴൊക്കെ ഒടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. അത് ചെയ്യാതെ മുമ്പോട്ടു പോകുവാൻ സാധിക്കണം. മതനേതൃത്വത്തിനു തന്നെ ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകേണ്ട ആവശ്യമുണ്ട്. അവർ പറയുന്നതുപോലെ എല്ലാം നടക്കണമെന്നു നിർബന്ധമില്ല. സാധാരണജനങ്ങൾക്കും ദൈവത്തോട് അടുത്ത സാമീപ്യമുണ്ട്. അവർക്ക് ദൈവഹിതം എന്താണെന്നു മനസ്സിലാക്കി തങ്ങളുടെ ജീവിതത്തിൽ അതിനെ പ്രാവർത്തികമാക്കുവാനുള്ള ഒരു അവകാശം ഉണ്ട് എന്നല്ലാതെ എല്ലാവരും മതനേതാവ് പറയുന്നതുപോലെ കേട്ടുകൊള്ളണമെന്നു വിചാരിക്കുന്നത് തെറ്റായ ഒരു ചിന്താഗതിയാണെന്നാണ് എനിക്ക് തോന്നുന്നത്.

❑ തിരുമേനി ഇവിടെ സൂചിപ്പിച്ചത് കേട്ടപ്പോൾ വളരെ സന്തോഷമുണ്ട്. കാരണം, ക്രൈസ്തവസഭകൾക്ക് ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ കാര്യത്തിൽ വൈവിധ്യപൂർവ്വമായ സമീപനം ആകാം എന്ന് മതനേതാക്കന്മാർ ഒക്കെ സമ്മതിക്കും. പക്ഷേ ഓരോ സഭയ്ക്കുള്ളിലും ഈ വൈവിധ്യത്തിന്റെ പ്രശ്നം നിലനിൽക്കുകയാണ്. ഇത് അച്ചടക്ക പ്രശ്നമായി മാറുകയാണ്. അതുകൊണ്ടാണ് ഞാൻ ആദ്യം സൂചിപ്പിച്ചത്, ക്രൈസ്തവ സഭകൾ ഇന്ന് നേരിടുന്ന പ്രതിസന്ധി അധികാരത്തിന്റെ പ്രശ്നമാണ്. അധികാരമാണ് മനുഷ്യനെ ഏറ്റവും ദുഷിപ്പിച്ചത്. അധികാരം നിലനിർത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായി സഭകൾ കൂടുതൽ ജീർണ്ണിക്കുന്നു എന്നൊരവസ്ഥയുണ്ട് എന്ന് ഞാൻ സൂചിപ്പിക്കുന്നത്, തിരുമേനി അക്കാര്യം പറഞ്ഞില്ല എന്നതുകൊണ്ടാണ്?

♦ അധികാരം, പ്രോപ്പർട്ടി ഈ രണ്ടു കാര്യങ്ങളാണ് സഭാനേതാക്കന്മാർ ഇപ്പോൾ അധികവും ചിന്തിക്കുന്നത്. ക്രൈസ്തവസഭയിലൊട്ടാകെ തന്നെയുള്ള വഴക്ക് വെറും അധികാരത്തെയും പ്രോപ്പർട്ടിയെയും കുറിച്ചുള്ളതാണ്. മതപരമായ യാതൊരു കാര്യങ്ങളും അതിൽ അടങ്ങിയി

ട്ടില്ല. ഇപ്പോൾ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും തമ്മിലുള്ള കേസുകളും വഴക്കുകളുമൊക്കെ യഥാർത്ഥത്തിൽ മതപരമായിട്ടൊന്നും ഇല്ല. അധികാരത്തിന്റെയും പ്രോപ്പർട്ടിയുടെയും കാര്യത്തിലേ ഉള്ളൂ.

പരിഹരിക്കാൻ സാധിക്കുന്നതുതന്നെ അധികാരത്തിന്റെയും പ്രോപ്പർട്ടിയുടെയും പ്രശ്നമായതുകൊണ്ടാണ്. എന്നാൽ സ്നേഹത്തിന്റെ ആത്മാവ് നമ്മളിൽ ഉണ്ടായിരുന്നാൽ ഈ പ്രശ്നങ്ങളൊന്നും ഉണ്ടാവുകയില്ല. സ്നേഹത്തിന്റെ പരാജയത്തിൽ നിന്നാണ് അധികാരത്തിനും പ്രോപ്പർട്ടിക്കുമെല്ലാം പ്രധാന സ്ഥാനം വന്നുകൊണ്ടിരിക്കുന്നതെന്നാണ് എന്റെ വിചാരം. സ്നേഹമാണ് ഇന്ന് ലോകം കാണുവാൻ ആഗ്രഹിക്കുന്നത്. ലോകത്തിനു പുതിയൊരു പ്രസംഗം കേൾക്കാൻ ഇഷ്ടമില്ല, പക്ഷേ, യഥാർത്ഥ നല്ല ജീവിതം എന്താണെന്ന് കാണിച്ചുകൊടുക്കുന്ന ഒരു സമൂഹം, ഒരു ഗ്രൂപ്പ് – അതാണ് ലോകം പ്രതീക്ഷിക്കുന്നത്. അതായത് എന്റെ അഭിപ്രായത്തിൽ ആദ്ധ്യാത്മികമായി വളരെയധികം ശക്തികളുള്ള നേതാക്കന്മാരേക്കാൾ കൂടുതലായിട്ട് ക്രിസ്തുവിന്റെ സന്ദേശം അതുപോലെ തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഒരു ഗ്രൂപ്പിനെ കണ്ടാൽ ജനങ്ങൾക്കു വലിയ ചാരിതാർത്ഥ്യം ഉണ്ടാകും. അങ്ങനെയൊരു ഗ്രൂപ്പിനെ കാണുവാൻ വേണ്ടിയാണ് ലോകം കാത്തിരിക്കുന്നത്. അങ്ങനെ ലോകത്തിൽ അധികമൊന്നും കാണാൻ സാധിക്കുന്നില്ല. കാരണം, അത് മതനേതാക്കന്മാരിൽ നിന്നു വരികയില്ല. നേതാക്കന്മാർക്ക് ചില പ്രത്യേക താൽപര്യങ്ങളാണ്. അവരുടെ അധികാരം സംരക്ഷിക്കണം, പ്രോപ്പർട്ടിയേൽ അവർക്ക് കൈ വേണം. പ്രോപ്പർട്ടിയില്ലെങ്കിൽ അവർക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല.

ആദിമകാലം മുതൽ സഭയ്ക്ക് പ്രോപ്പർട്ടിയുണ്ടെങ്കിൽ അത് മെത്രാന്മാരൊന്നുമല്ല കൈകാര്യം ചെയ്തിരുന്നത്; ഡീക്കൻസ് ആരെങ്കിലുമാണ് കൈകാര്യം ചെയ്യുന്നത്. മെത്രാന്മാരുടെ പ്രധാനമായ ചുമതല ആദ്ധ്യാത്മികമായി പ്രാർത്ഥനയിലും സ്നേഹജീവിതത്തിലും തങ്ങളെത്തന്നെ ജനങ്ങൾക്കായിട്ട് കൊടുക്കുക എന്നുള്ളതായിരുന്നു. ഇന്ന് അങ്ങനെയല്ല. ഇന്ന് പ്രോപ്പർട്ടിയുടെയും അധികാരത്തിന്റെയും ചരടുകൾ എന്റെ കൈയിൽ ഉണ്ടെങ്കിലേ ജനങ്ങൾ എന്നെ അനുസരിക്കുകയുള്ളു എന്ന ഭയം നേതാക്കന്മാർക്കു തന്നെ വന്നിരിക്കുകയാണ്.

❑ ഇന്നത്തെ ക്രൈസ്തവസഭയുടെ പ്രവർത്തനത്തെക്കുറിച്ച് ഒരു കാര്യം പ്രത്യേകമായിട്ട് ചോദിക്കുകയാണ്. ഇന്ന് മിഷനറി പാരമ്പര്യത്തിൽ നിന്ന് സ്ഥാപനങ്ങൾ മാറിപ്പോയിരിക്കുന്നു. നമ്മുടെ സ്ഥാപനങ്ങൾ ഇന്ന് സ്വാർത്ഥപൂരണത്തിനുവേണ്ടിയും വളർച്ചയ്ക്കുവേണ്ടിയും

നാം ഉപയോഗിക്കുകയാണ്. ഉദാഹരണത്തിന് സ്കൂളുകൾ സ്ഥാപിക്കുന്നത് നിരാലംബർക്ക് വിദ്യാഭ്യാസം എത്തിച്ചുകൊടുക്കുവാനല്ല, നമുക്ക് സ്വന്തമായി ചില സ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ വേണ്ടിയാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ സ്ഥാപനങ്ങൾ കൂടുതൽ കൂടുതലായി ഉണ്ടാക്കുന്നതിനും അതിനുവേണ്ടി അദ്ധ്യാപകരിൽ നിന്നു കോഴ പിരിക്കാനും ലേലം നടത്താനുമൊന്നും നമുക്ക് മടിയുണ്ടാകുന്നില്ല. ഇത്തരം ഒരു ഉപഭോഗസംസ്കാരത്തിന് ക്രൈസ്തവസഭകൾ തന്നെ അടിമപ്പെട്ടിരിക്കുകയല്ലേ?

♦ നിലവിലുള്ള സംസ്കാരത്തിന് എതിരായി, ലോകത്തിന്റെ വഴികളിൽ നിന്നു വ്യത്യസ്തമായിട്ടുള്ള ഒരു ജീവിതരീതി ആവിഷ്ക്കരിക്കുവാൻ, അത് തുടർന്നൊരു ഐസലേറ്റഡ് ഗ്രൂപ്പായാൽ പോരാ, അതിനകത്തൊരു പ്രൊഡക്ഷൻ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം തന്നെ ഉണ്ടായെങ്കിലേ ഒക്കുകയുള്ളു. ഇക്കണോമിക് സിസ്റ്റവുമായിട്ട് കണക്ട് ചെയ്യാതെ വെറും മിഷനറി പ്രവർത്തനങ്ങൾ ആയിരുന്നാൽ തന്നെ അത് ശരിയായിട്ട് നടക്കുകയില്ല എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതായത് നമ്മുടെ ഇപ്പോഴത്തെ സ്കൂളുകൾ എല്ലാം പണമുണ്ടാക്കുവാൻവേണ്ടിയും പൊളിറ്റിക്കൽ പവർ കിട്ടാൻ വേണ്ടിയും ഡമോൺസ്ട്രേറ്റീവ് പവർ കിട്ടാൻവേണ്ടിയുമുള്ള സ്ഥാപനങ്ങളായിത്തീർന്നുപോയി. ആശുപത്രികളെ സംബന്ധിച്ചും ഏറെക്കുറെ അതു തന്നെയാണ് പറയുന്നത്. മാത്രമല്ല ഇപ്പോൾ വാണിജ്യവൽക്കരണം വന്നിട്ട് സ്വതന്ത്ര കോളജുകളും, സ്വാശ്രയ കോളജുകളും മറ്റുമൊക്കെ സ്ഥാപിക്കാനുള്ള തീരുമാനം ഗവണ്മെന്റ് തന്നെ മുൻകൈയെടുത്ത് നടത്തുന്ന സമയത്ത് ഈ വാണിജ്യവൽക്കരണം മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. അത് കൺസ്യൂമറിസത്തിന്റെ ഒരു ഭാഗമാണ്. അതിൽനിന്നു പുറകോട്ടു മാറിയിട്ട് ഒരു നല്ല ഉദ്ദേശ്യവും പദ്ധതിയുമുള്ള ഒരു പ്രസ്ഥാനം ആരംഭിക്കുവാൻ ക്രിസ്ത്യാനികളെക്കൊണ്ട് ഇതുവരെ സാധിച്ചിട്ടില്ല. കാരണം, അവരും ഈ സിസ്റ്റത്തിന്റെ ബനിഫിഷറീസ് ആയിരിക്കുന്നിടത്തോളം കാലം അതിൽനിന്നു വ്യത്യസ്തമായ ഒരു സിസ്റ്റത്തിനു വേണ്ടി അവർ അവരുടെ ജീവിതങ്ങളെ ബലി കഴിക്കുകയില്ല.

കമ്മ്യൂണിസ്റ്റുകാർ പോലും അവരുടെ കുഞ്ഞുങ്ങളെ അമേരിക്കയിൽ വിട്ടു പഠിപ്പിക്കണമെന്നാണ് പറയുന്നത്. എല്ലാവരും സ്വയകേന്ദ്രീകൃതമായി പോകുന്നു. അതിൽനിന്ന് വ്യത്യസ്തമായിട്ട് ക്രിസ്ത്യാനികൾക്കൊന്നും കാണിക്കാൻ സാധിക്കുന്നില്ല. മറ്റ് മതങ്ങളിൽ ഉണ്ടോ എന്ന് എനിക്കറിയാൻ പാടില്ല.

❑ ഇവിടെ വളരെ സംഗതമായ ഒരു കാര്യമുണ്ട്. അതായത് രാഷ്ട്രീയ

പ്രക്രിയയിൽ നിന്നും പൂർണ്ണമായി അകന്നുനിന്നുകൊണ്ട് ധ്യാനാത്മകമായി മനുഷ്യവിമോചനം സ്ഥാപിക്കുവാൻ, മനുഷ്യന്റെ രക്ഷ സ്ഥാപിക്കുവാൻ നിവൃത്തിയില്ല എന്ന് തിരുമേനി തന്നെ പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. ആ ആശയം ഉൾക്കൊണ്ടുകൊണ്ട് ഞാൻ ചോദിക്കുകയാണ്. നമ്മുടെ ക്രൈസ്തവ വിദ്യാലയങ്ങൾ, പഠനത്തിലും മാർക്കിലും റാങ്കിലുമൊക്കെ മുന്നിട്ടു നിൽക്കുന്ന സ്ഥാപനങ്ങൾ രാഷ്ട്രീയത്തെ അതിന്റെ മതിലുകൾക്ക് പുറത്തേക്കു തള്ളുകയാണ്. യാതൊരുവിധത്തിലുള്ള രാഷ്ട്രീയ പ്രബുദ്ധതയും പാടില്ല എന്നുള്ള ഒരു നിർബന്ധം ഒരുതരത്തിൽ കൃത്രിമമായ യന്ത്രമനുഷ്യരെ സൃഷ്ടിക്കാനുള്ള പരിശ്രമമല്ലേ?

♦ ചരിത്രത്തിൽ Separation of Politics and Religion എന്നുള്ളത് ഒരിടത്തും ഇതുവരെ സാധിച്ചിട്ടില്ല. അമേരിക്കയിലും സാധിക്കുന്നില്ല, യൂറോപ്പിലും സാധിക്കുന്നില്ല. പിന്നെ നമ്മൾ വെറുതെ തത്വത്തിൽ ഇങ്ങനെയൊക്കെ പറഞ്ഞുകൊണ്ടു നടക്കാമെന്നല്ലാതെ പ്രത്യേകിച്ച് ഒരു കാര്യവും ഇല്ല. Separation അല്ല right relationship between Politics and Religion ആണ് വേണ്ടത്.

ഇന്നുള്ള നമ്മുടെ ക്രിസ്തീയ മതഅംഗങ്ങൾ ഏതെങ്കിലുമൊരു പർട്ടിക്കൽ പൊളിറ്റിക്കൽ പാർട്ടിയെ സപ്പോർട്ട് ചെയ്തതുകൊണ്ടു മാത്രം അത് നടക്കുകയില്ല എന്നുള്ള ഭയം എനിക്ക് ഉണ്ട്. ഒരു കാലത്ത് എനിക്ക് ഇടതുപക്ഷ പാർട്ടികളെപ്പറ്റി കുറച്ചുകൂടി നിസ്വാർത്ഥതയുള്ളവർ എന്നൊരു വിചാരം ഉണ്ടായിരുന്നു. ഇപ്പോൾ അതും കുറഞ്ഞുപോയി. അവരുടെ ഇടയിലും ഈ സംസ്കാരം തന്നെ കയറിയിട്ട് അങ്ങോട്ടുമിങ്ങോട്ടുമുള്ള വടംവലികളും, ഞാനാണ് വലുത്, നീയാണ് വലുത് എന്നുള്ള സമരങ്ങളുമൊക്കെയായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് ഏതെങ്കിലും പർട്ടിക്കുലർ പൊളിറ്റിക്കൽ പാർട്ടിയെ സപ്പോർട്ട് ചെയ്യുന്നതുകൊണ്ടു മാത്രം നമ്മളുടെ പ്രശ്നങ്ങൾ തീരുകയില്ല. പക്ഷേ, ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു ഭാഗമായിട്ട് മനുഷ്യരാശിക്കു മുഴുവൻ ഉത്കർഷമുണ്ടാക്കുന്ന ഒരു സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി കണ്ടുപിടിക്കുവാൻ വേണ്ടി ക്രിസ്ത്യാനികളും മറ്റുള്ളവരോടു സഹകരിച്ചു പ്രവർത്തിക്കണം. അല്ലാതെ ക്രിസ്ത്യാനികൾ മാത്രമായിട്ട് ഒരു പൊളിറ്റിക്കൽ സിസ്റ്റമുണ്ടാക്കുവാൻ സാധിക്കുകയില്ല. ഉണ്ടാക്കിയാലും അതിനെപ്പറ്റി സംശയമായിരിക്കും. ക്രിസ്ത്യാനികളും അക്രൈസ്തവരും ഒരുമിച്ച് മനുഷ്യന്റെ ഉത്ക്കർഷത്തിന് ഉതകുന്ന സാമൂഹിക വ്യവസ്ഥിതിയും വേണം, അതുപോലെ ഒരു എഡ്യുക്കേഷൻ സിസ്റ്റവും വേണം. നമ്മളുടെ ഇപ്പോഴത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ കൂടിയാണ് ഈ ആശയങ്ങൾ മനുഷ്യരുടെ മനസ്സിൽ വന്നുകൂടുന്നത്. അതിൽനിന്നു വ്യത്യസ്തമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം കൂടി ഉണ്ടായെങ്കിലേ സാധിക്കൂ എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

❑ ക്രൈസ്തവസഭയിലെ മെത്രാന്മാർ ഒന്നിച്ചുകൂടി പല തീരുമാനങ്ങൾ എടുക്കുകയും അഭിപ്രായപ്രകടനങ്ങൾ നടത്തുകയും ചെയ്യാറുണ്ട്. പക്ഷേ, തിരുമേനിയോ, മറ്റ് അതുപോലെയുള്ള ഒറ്റപ്പെട്ട പിതാക്കന്മാരോ നൽകുന്നതുപോലെയുള്ള പുരോഗമനപരമായ വീക്ഷണങ്ങൾ ഈ സംഘാത പ്രവർത്തനത്തിൽ കാണാറില്ല. ഈ ദുരനുഭവത്തിന്റെ കാരണമെന്താണ് എന്ന് പറയാമോ?

♦ എന്റെ സഭയുടെ മെത്രാന്മാരുടെ സംഘമാകുന്ന എപ്പിസ്കോപ്പൽ സുന്നഹദോസിൽ ഇതുപോലെയുള്ള പല ആശയങ്ങളും പലപ്പോഴും പ്രകടിപ്പിച്ചപ്പോഴൊക്കെ, അതൊക്കെ അങ്ങ് ജനീവായിലോ മറ്റോ പറഞ്ഞാൽ മതി, ഇവിടെ കേരളത്തിൽ അതൊന്നും വേണ്ട എന്നുള്ള അഭിപ്രായമാണ് എന്റെ സഹബിഷപ്പന്മാരിൽ നിന്നും പലപ്പോഴും എനിക്ക് ഉണ്ടായിട്ടുള്ളത്. ആദർശങ്ങളൊക്കെ പറഞ്ഞാൽ കാര്യം നടക്കുകയില്ല. തിരുമേനിക്ക് സ്വന്തമായിട്ട് സ്കൂൾ ഇല്ലാത്തതുകൊണ്ടാണ് അദ്ധ്യാപകന്മാരെ നിയമിക്കുന്നതിന് ഒന്നും വാങ്ങിക്കരുതെന്ന് പറയുന്നത്. സ്കൂൾ ഉണ്ടെങ്കിൽ അങ്ങനെ പറയത്തില്ല. എന്നൊരു പ്രതികരണമാണ് പലപ്പോഴും അവരിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. വളരെ നിരാശാജനകമാണ്. കത്തോലിക്കാ സഭയിലായാലും ബിഷപ്പ് കോൺഫ്രൻസിനകത്ത് പുരോഗതിയുള്ള ആശയങ്ങൾ അധികം പുറത്തോട്ടു വരുന്നില്ല. കത്തോലിക്കാ സഭയിൽ തന്നെ പുരോഹിതന്മാരും മെത്രാന്മാരും രണ്ടു വഴിക്കാണ് പോകുന്നതെന്നുപോലും സംശയം വരത്തക്കവിധത്തിലുള്ള കാര്യങ്ങളാണ് നടക്കുന്നത്. അങ്ങനെ സഭയ്ക്കകത്ത് കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള നേതൃത്വം നൽകാൻ മെത്രാന്മാർക്ക് സാധിക്കാതിരിക്കുന്നത് അവർ അധികാരത്തെയും സ്ഥാനത്തെയും പേടിക്കുന്നതുകൊണ്ടാണെന്നാണ് എനിക്കു തോന്നുന്നത്.

*(ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുമായി ഡോ. സ്കറിയാ സഖറിയാ നടത്തിയ അഭിമുഖം. കേരളത്തിലെ ആദ്യത്തെ സ്വകാര്യ ചാനലായ ഏഷ്യാനെറ്റിൽ 1996-ൽ സംപ്രേഷണം ചെയ്തത്. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*